# കേരളസർക്കാർ
# ധനസഹായപദ്ധതികൾ

ഇൻഫർമേഷൻ – പബ്ലിക് റിലേഷൻസ് വകുപ്പ്
കേരളസർക്കാർ

**ഇൻഫർമേഷൻ – പബ്ലിക് റിലേഷൻസ് വകുപ്പ്**
കേരള സർക്കാർ

ചീഫ് എഡിറ്റർ
**റ്റി. വി. സുഭാഷ്, ഐ എ എസ്**
ഡയറക്ടർ, ഐ. & പി. ആർ. ഡി.

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**പി. വിനോദ്**
അഡീഷണൽ ഡയറക്ടർ, ഐ. & പി. ആർ. ഡി.

ഡെപ്യൂട്ടി ചീഫ് എഡിറ്റർ
**കെ. പി. സരിത**
ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിക്കേഷൻസ്)

എഡിറ്റർ
**മനോജ് കെ. പുതിയവിള**
ഇൻഫർമേഷൻ ഓഫീസർ (റിസർച്ച് & റഫറൻസ്)

പങ്കാളിത്തം
**പ്രിയങ്ക, കെ. കെ.**
**നിഥിൻ ഇമ്മാനുവേൽ**
**കിരൺ ശങ്കർ**
**റൂബൻ എം. പോൾ**
**നിവേദിത കർത്താ**

കവർ ഫോട്ടോ കടപ്പാട്: മുഖ്യമന്ത്രിയുടെ വെബ്സൈറ്റ്

പുറംചട്ട രൂപകല്പന
**വി. എസ്. പ്രകാശ്**

വിതരണം
**സുനിൽ ഹസൻ**
ഇൻഫർമേഷൻ ഓഫീസർ (സർക്കുലേഷൻ & ഡിസ്ട്രിബ്യൂഷൻ)

അച്ചടി: സെന്റ് ജോസഫ്സ് പ്രസ്, തിരുവനന്തപുരം

സമാഹരണവും ക്രോഡീകരണവും: റിസർച്ച് & റഫറൻസ് വിഭാഗം, ഐ. & പി. ആർ. ഡി., കേരള സർക്കാർ
അച്ചടിയും പ്രസിദ്ധീകരണവും: ഡയറക്ടർ, ഐ . & പി. ആർ. ഡി., ഏപ്രിൽ 2018

പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നത് (സൗജന്യവിതരണം).
കോപ്പികൾ: 5,000

ഉള്ളടക്കം 2018 മാർച്ച് 31 വരെയുള്ള വിവരങ്ങൾ



സഹോദരീസഹോദന്മാരേ,

ക്ഷേമരംഗത്തു സർക്കാർ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ നിങ്ങൾക്കെല്ലാം അറിവുള്ളതാണല്ലോ. ഒട്ടേറെ ക്ഷേമപദ്ധതികൾ പുതുതായി കൊണ്ടുവരികയും നിലവിലുണ്ടായിരുന്ന പല പദ്ധതികളും വിപുലീകരിക്കുകയും പരിഷ്കരിക്കുകയും ആനുകൂല്യങ്ങൾ ഗണ്യമായി ഉയർത്തുകയുമൊക്കെ ചെയ്യുകയുണ്ടായി. ചില പദ്ധതികളുടെ ഗുണഫലം കൂടുതൽ പേർക്കു ലഭ്യമാക്കാനായി ആനുകൂല്യങ്ങൾ കിട്ടാനുള്ള അർഹതാമാനദണ്ഡങ്ങൾ ഉദാരമാക്കുകയും വരുമാനപരിധി ഉയർത്തുകയും ഒക്കെ ചെയ്തിട്ടുമുണ്ട്.

പുതിയ ക്ഷേമനടപടികൾ കൊണ്ടുവരികയും ഉള്ളവ വിപുലപ്പെടുത്തുകയും ചെയ്യുന്ന നടപടി സർക്കാർ തുടരുകയാണ്. ക്ഷേമപ്പെൻഷനുകളും മറ്റും എല്ലാക്കൊല്ലവും വർദ്ധിപ്പിക്കുക, അത് അതതുമാസംതന്നെ അവരവരുടെ വീടുകളിൽ നേരിട്ട് എത്തിക്കുക എന്നിങ്ങനെയുള്ള ജനസൗഹൃദനടപടികളും സംസ്ഥാനത്തു നടപ്പാക്കി നാം രാജ്യത്തിനാകെ മാതൃക കാട്ടിയിരിക്കുകയുമാണ്.

വയോജനങ്ങൾ, ഭിന്നശേഷികൾ ഉള്ളവർ, മാറാരോഗങ്ങളും മാരകരോഗങ്ങളും പിടിപെട്ടവർ, പട്ടിക-പിന്നാക്കവിഭാഗങ്ങൾ, വ്യത്യസ്തലൈംഗികപദവികളിലുള്ളവർ, സ്ത്രീകൾ, അവരിൽത്തന്നെ പലവിധപരാധീനതകളോ അവശതകളൊ അനുഭവിക്കുന്നവർ, കുട്ടികൾ, എൻഡോസൾഫാൻ പോലുള്ള ദുരന്തങ്ങളുടെ ഇരകൾ, വിവിധതൊഴിലാളിവിഭാഗങ്ങൾ, ഇതരസംസ്ഥാനത്തൊഴിലാളികൾ, പ്രവാസികൾ, വിമുക്തഭടർ എന്നു തുടങ്ങി പ്രത്യേകപരിഗണന വേണ്ട ഒട്ടെല്ലാ ജനവിഭാഗങ്ങൾക്കും സവിശേഷശ്രദ്ധ നൽകിയുള്ള പരിഷ്കാരങ്ങളുമായാണ സർക്കാർ മുന്നോട്ടു പോകുന്നത്. വ്യത്യസ്തലൈംഗികപദവികളിലുള്ളവർക്ക് ആദ്യമായി ജോലിസംവരണം ഏർപ്പെടുത്തിയത് ആഗോളതലത്തിൽത്തന്നെ മാദ്ധ്യമശ്രദ്ധ നേടുകയുണ്ടായല്ലോ.

കേവലം ക്ഷേമനടപടികൾക്കപ്പുറം, കോഴിവളർത്തലും മീൻ വളർത്തലും പാലുല്പാദനവും മുതൽ കൃഷിയും സൂക്ഷ്മ-ചെറുകിടസംരംഭങ്ങളും വരെയുള്ള വിവിധ ഉല്പാദനപ്രവർത്തനങ്ങൾക്കും സ്വയംതൊഴിലിനും വീടിനും ശൗചാലയത്തിനും ഒക്കെയുള്ള ധനസഹായങ്ങളും പ്രോത്സാഹനങ്ങളും എല്ലാം സർക്കാർ നൽകുന്നുണ്ട്. അവയുടെയെല്ലാം വിവരങ്ങളും ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അതേസമയം, ഇത്തരം ക്ഷേമസഹായങ്ങളുടെ ഗുണഫലം പരമാവധി ജനങ്ങളിലേക്ക് എത്തിയാലേ ഇതെല്ലാംകൊണ്ടു നാം ഉദ്ദേശിക്കുന്ന സാമൂഹികക്ഷേമവും പുരോഗതിയും ഉണ്ടാകൂ. അതിൽ പ്രാദേശികസർക്കാരുകളിലെ ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ, സാമൂഹിക സംഘടനകളിലെ പ്രാദേശികപ്രവർത്തകരും നേതാക്കളും, സന്നദ്ധസംഘടനകൾ, കുടുംബശ്രീയിലെയും മറ്റും പ്രവർത്തകർ, വിവിധ വകുപ്പുകളിൽ പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന സർക്കാർജീവനക്കാർ, അങ്കണവാടിപ്രവർത്തകർ തുടങ്ങിയവർക്കെല്ലാം വലിയ പങ്കു വഹിക്കാനാകും. അതിന് അത്തരം പൊതുപ്രവർത്തകരിലേക്കെല്ലാം സർക്കാരിന്റെ വിവിധ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ എത്തിക്കേണ്ടതുണ്ട്. ആ ഉദ്ദേശ്യത്തോടെ തയ്യാറാക്കിയതാണ് 'സർക്കാരിന്റെ ധനസഹായപദ്ധതികൾ' എന്ന ഈ പുസ്തകം.

ഇതു പ്രയോജനപ്പെടുത്തി സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കാനും പരമാവധിപേരെ ഇവയുടെ ഗുണഭോക്താക്കളാക്കാനും എല്ലാവരും മുൻകൈ എടുക്കണം. അതു നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. അപ്രകാരമുള്ള പങ്കാളിത്തം എല്ലാവരിലുംനിന്ന് ഉണ്ടാകുമെന്നു പ്രത്യാശിക്കുന്നു. നമുക്ക് ഒരുമിച്ചു മുന്നേറാം. സർക്കാർ ഒപ്പമുണ്ട്.

സ്നേഹാഭിവാദനത്തോടെ,



പിണറായി വിജയൻ

27–11–2017

മുഖ്യമന്ത്രി



# അവതാരിക

സർക്കാരിന്റെ ധനസഹായപദ്ധതികൾ എന്ന ഈ പുസ്തകം സന്തോഷപൂർവ്വം അവതരിപ്പിക്കുന്നു. ഇത് ജനങ്ങൾക്കിടയിൽ പ്രവത്തിക്കുന്ന പൊതുപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും സേവനത്തിനു സഹായകമാകുന്ന ഒരു കൈപ്പുസ്തകം എന്ന നിലയിലാണു തയ്യാറാക്കിയിട്ടുള്ളത്. ഒരു പദ്ധതിക്ക് അപേക്ഷിക്കാനുള്ള അർഹതയും അപേക്ഷിക്കേണ്ട രീതിയും വേണ്ട രേഖകളും ഒക്കെ സംബന്ധിച്ച സമഗ്രമായ വിവരം കഴിവതും ഏകരൂപമായ മാതൃകയിൽ സമാഹരിച്ചുചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. അതുപോലെതന്നെ പരമാവധി ഉപഭോക്തൃസൗഹൃദം ആകുമാറ് വകുപ്പ് അടിസ്ഥാനത്തിലുള്ള ഉള്ളടക്കവിവരണവും പുസ്തകത്തിന്റെ ഒടുവിൽ പദ്ധതികളുടെ അകാരാദിക്രമത്തിലുള്ള പദസൂചികയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇവ രണ്ടും ഉപയോഗിച്ച് ഒരു പദ്ധതി ഏതു താളിൽ എന്നു കണ്ടെത്താൻ എളുപ്പമാണ്.

ഈ പുസ്തകത്തിന്റെ പ്രസാധനത്തിലൂടെ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണരംഗത്ത് ഒരു പുതിയ ചുവടു വയ്ക്കുകൂടിയാണ് – ഇ-പബ്ലിക്കേഷൻ രംഗത്തേക്കു കടക്കുന്നു. നിലവിൽ വകുപ്പിന്റെ പുസ്തകങ്ങളുടെയും മാസികകളുടെയും സാധാരണ പിഡിഎഫ് വെബ്സൈറ്റിൽ നൽകുന്നുണ്ട്. എന്നാൽ, ഈ പുസ്തകം ഇന്ററാക്റ്റീവ് പിഡിഎഫ്, ഹൈപ്പർ ടെക്സ്റ്റ് ലിങ്കോടുകൂടിയ ഇ-ബുക്ക്, എക്സ്. എം. എൽ., എച്ച്. റ്റി. എം. എൽ., ചെറിയ ഫയൽ രൂപമായ ദേയ്സാ വൂ (DejaVu) എന്നിങ്ങനെ ഇന്നുള്ള എല്ലാ ഇലക്ട്രോണിക് രൂപങ്ങളിലും പ്രസിദ്ധീകരിക്കുകയാണ്. ഇവ വെബ്സൈറ്റിൽ ലഭ്യമാക്കുകയും സമൂഹമാദ്ധ്യമങ്ങളിലൂടെ പരമാവധി ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുകയാണ്.


ഇ-ബുക്കിലും ഇന്ററാക്റ്റീവ് പിഡിഎഫിലും ഉള്ളടക്കത്താളിലും പദസൂചികയിലും നിന്ന് ഒറ്റ ക്ലിക്കിൽ അതതുപദ്ധതി സംബന്ധിച്ച താളിലേക്കു പോകാം. ഇ-ബുക്കിൽ പുസ്തകത്തിലെന്നപോലെ അടയാളപ്പെടുത്താനും ഹൈലൈറ്റ് ചെയ്യാനും ആവശ്യമായ വിവരങ്ങൾ കോപ്പി ചെയ്ത് പേസ്റ്റ് ചെയ്ത് ഉപയോഗിക്കാനും മറ്റുള്ളവർക്ക് അയയ്ക്കാനും ഒക്കെ കഴിയും. പദ്ധതിയുടെ പേരും മറ്റും ടൈപ്പ് ചെയ്തു സേർച്ച് ചെയ്യാനും ഇ-ബുക്കിലും പിഡിഎഫിലും സൗകര്യവുമുണ്ട്. ഇലക്ട്രോണിക് പ്രസിദ്ധീകരണത്തിൽ വിവിധ പദ്ധതികളുടെ അപേക്ഷാഫോമിന്റെ ലിങ്കുകൾ ചേർത്തിട്ടുണ്ട്. അവയിൽ ക്ലിക് ചെയ്താൽ ആ

ഫോം കാണാം. ആ ഫോം ഡൗൺലോഡ് ചെയ്ത പ്രിന്റ് എടുത്തു പൂരിപ്പിച്ച് അപേക്ഷ അയയ്ക്കാം. ചില ലിങ്കുകളിൽ ഓൺലൈനായി അപേക്ഷ അയയ്ക്കാനുള്ള സൗകര്യവുമുണ്ട്. ഈ പുസ്തകം യൂണിക്കോഡിൽ തയ്യാറാക്കിയതിനാൽ ശ്രവണവൈകല്യമുള്ളവർക്ക് പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ശബ്ദമാക്കിമാറ്റി കേൾക്കാനും കഴിയും. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഇലക്ട്രോണിക് പതിപ്പുകൾ കാലാകാലം പരിഷ്കരിക്കാനും അവസരമുണ്ട്.

മറ്റൊരു പ്രധാനകാര്യം, പകർപ്പവകാശനിയമം ബാധകമായ സർഗ്ഗരചനകളും മറ്റും ഒഴികെയുള്ള സർക്കാർവിവരങ്ങളും പ്രസിദ്ധീകരണങ്ങളും സ്വതന്ത്രപകർപ്പവകാശനിയമമായ ക്രിയേറ്റീവ് കോമൺസ് ലൈസൻസ് പ്രകാരം പ്രസിദ്ധീകരിച്ചുതുടങ്ങുന്നു എന്നതാണ്. അതുപ്രകാരമാണ് ഈ പുസ്തകവും ഇലക്ട്രോണിക് പതിപ്പുകളും പ്രസിദ്ധീകരിക്കുന്നത്. സർക്കാർവിവരങ്ങൾ സ്വതന്ത്രലൈസൻസിൽ പൊതുസമൂഹത്തിനു ലഭ്യമാക്കണമെന്നത് ഏറെക്കാലമായി വൈജ്ഞാനിക, വിവരപരിപാലന, ഐറ്റി രംഗങ്ങളിലൊക്കെ പ്രവർത്തിക്കുന്നവർ ആവശ്യപ്പെട്ടുവരികയായിരുന്നു. ആ മാറ്റത്തിനുകൂടി തുടക്കം കുറിക്കുകയാണിവിടെ.

ആധുനികസാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താനുള്ള സാങ്കേതികസഹായം നൽകുകയും അതിനുതകുന്ന വിധത്തിൽ ടെക് (TEX) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പുസ്തകം രൂപകല്പനചെയ്യുകയും ചെയ്തത് സായാഹ്ന ഫൗണ്ടേഷൻ എന്ന സന്നദ്ധസംഘടനയാണ്. സൗജന്യമായി ഇതെല്ലാം ചെയ്തുതന്ന സായാഹ്നയോടുള്ള നന്ദി രേഖപ്പെടുത്തുന്നു. പുസ്തകത്തിനു വേണ്ട വിവരങ്ങൾ ലഭ്യമാക്കിയ വകുപ്പുമേധാവികൾക്കും നന്ദി പ്രകാശിപ്പിക്കുന്നു.

ഈ സാദ്ധ്യതകളെല്ലാം ഉപയോഗപ്പെടുത്തി ഈ പുസ്തകത്തിൽ വിവരിക്കുന്ന വിവിധ ധനസഹായപദ്ധതികളുടെ വിവരങ്ങൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കാനും പരമാവധിപ്പേർക്കു പ്രയോജനപെടുമാറ് ഇത് ഉപയോഗിക്കാനും എല്ലാവരും ഉത്സാഹിക്കുമെന്നു പ്രതീക്ഷിക്കുന്നു. പരിഷ്കരിച്ച പതിപ്പുകൾ കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കുന്ന അഭിപ്രായനിർദ്ദേശങ്ങൾ സാദരം ക്ഷണിക്കുന്നു. സേവനങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കാനുള്ള സർക്കാരിന്റെ സവിശേഷതാല്പര്യത്തിന്റെ ഭാഗമായി പുറത്തിറക്കുന്ന ഈ പുസ്തകം സസന്തോഷം സമർപ്പിക്കുന്നു.



 റ്റി. വി. സുഭാഷ്, ഐ. എ. എസ്.
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

# ഉള്ളടക്കം


1 ആരോഗ്യവകുപ്പ് . . . 1
1.1 ജനനി ശിശു സുരക്ഷാകാര്യക്രമം (JSSK) (അമ്മയും കുഞ്ഞും പദ്ധതി) . . . 1
1.2 ജനനിസുരക്ഷ യോജന (ജെ. എസ്. വൈ.) . . . 2
1.3 ആരോഗ്യകിരണം പദ്ധതി . . . 2
1.4 രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം (RBSK) . . . 3
1.5 ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC) . . . 5
1.6 ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളുടെ വിശദാംശങ്ങൾ . . . 6
1.7 സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ . . . 7

2 എൻ.സി.സി. വകുപ്പ് . . . 12
2.1 കേഡറ്റുകൾക്കുള്ള സ്കോളർഷിപ്പ് . . . 12

3 കയർവകുപ്പ് . . . 14
3.1 സംരംഭകർക്ക മാർജിൻ മണി വായ്പ . . . 14
3.2 കയർ വ്യവസായത്തിൽ യന്ത്രവത്ക്കരണം . . . 14
3.3 ഉൽപ്പാദനവും വിപണന പ്രചോദനവും . . . 15
3.4 കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വില്പനയ്ക്കുള്ള വിപണിവികസനസഹായം . . . 15
3.5 കയർ മേഖലയിലെ ക്ലസ്റ്റർ വികസനപദ്ധതി . . . 16
3.6 കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം . . . 16
3.7 പലവിധ ധനസഹായം . . . 16
3.8 കയർത്തൊഴിലാളി പെൻഷൻ . . . 17

4 കായിക-യുവജനകാര്യ വകുപ്പ് . . . 18
4.1 കായികോപകരണങ്ങൾ വാങ്ങാനും ...ധനസഹായം . . . 18

5 കൈത്തറിയും ടെക്സ്റ്റൈൽസും . . . 21
5.1 ഡൈഹൗസ് നവീകരണഗ്രാന്റ് . . . 21
5.2 ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും . . . 22
5.3 വ്യക്തിഗതനെയ്ത്തുകാർക്കുള്ള ഗ്രാന്റ് . . . 23
5.4 വർക്ക്ഷെഡ് നവീകരണഗ്രാന്റ് . . . 24
5.5 പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണപദ്ധതി . . . 25

6 കൃഷിവകുപ്പ് . . . 27
6.1 നെൽക്കൃഷിപ്പദ്ധതികൾ . . . 27
6.2 പച്ചക്കറി വികസന പദ്ധതി . . . 28
6.3 തെങ്ങുകൃഷിപദ്ധതികൾ . . . 31
6.4 സുഗന്ധവ്യഞ്ജനവിളകളുടെ വികസനത്തിനുള്ള പദ്ധതികൾ . . . 33
6.5 ജൈവകൃഷിയും ഉത്തമകാർഷികമുറകളും (ജി.എ.പി.) . . . 34
6.6 മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും . . . 35
6.7 കാർഷികവിജ്ഞാനവ്യാപനം . . . 35
6.8 കേന്ദ്രാവിഷ്കൃത പദ്ധതികൾ . . . 36
6.9 കാർഷികോല്പന്ന സംസ്കരണം . . . 37
6.10 സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ . . . 37
6.11 വിള വിസ്തൃതി വ്യാപനം . . . 38
6.12 വിപണികളുടെ അടിസ്ഥാനസൗകര്യവികസനം . . . 39
6.13 ഇതരസേവനങ്ങൾ . . . 40
6.14 മറ്റു പദ്ധതികൾ . . . 40
6.15 കൃഷിവകുപ്പിന്റെ കീഴിലുള്ള ഏജൻസികൾ / പൊതുമേഖലാസ്ഥാപനങ്ങൾ . . . 41
6.16 കേരോത്പാദകസംഘങ്ങൾ . . . 44
6.17 തെങ്ങു പുനർനടീൽ . . . 45
6.18 തെങ്ങുകളുടെ ചങ്ങാതിക്കൂട്ടം . . . 45

7 ക്ഷീരവികസന വകുപ്പ് . . . 46
7.1 ക്ഷീരവികസന പദ്ധതികൾ . . . 46
7.2 തീറ്റപ്പുൽക്കൃഷിവ്യാപനം . . . 49
7.3 ഗ്രാമീണ വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ . . . 51
7.4 കാലിത്തീറ്റധനസഹായം . . . 54
7.5 ക്ഷീരസഹകരണസംഘങ്ങളുടെ നവീകരണം . . . 54
7.6 പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ . . . 54
7.7 കേന്ദ്രാവിഷ്കൃതപദ്ധതികൾ . . . 55
7.8 മിൽമ . . . 55

8 തദ്ദേശസ്വയംഭരണവകുപ്പ് . . . 56
8.1 പി. എം. എ. വൈ. (ഗ്രാമീൺ) . . . 56
8.2 പി. എം. എ. വൈ. (നഗരം) . . . 56
8.3 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി . . . 58
8.4 അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി . . . 58
8.5 വാർദ്ധക്യകാലപെൻഷൻ (ഐ. ജി. എൻ. ഒ. പി.) . . . 59
8.6 വിധവകൾക്കും വിവാഹമോചിതർക്കുമുള്ള പെൻഷൻ . . . 61
8.7 വികലാംഗപെൻഷൻ . . . 62
8.8 കർഷകത്തൊഴിലാളി പെൻഷൻ . . . 64
8.9 അമ്പതു് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ . . . 65
8.10 തൊഴിൽരഹിതവേതനം . . . 66
8.11 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം . . . 67
8.12 കുടുംബശ്രീ . . . 69
8.13 ദേശീയ നഗര ഉപജീവന മിഷൻ (എൻയുഎൽഎം) . . . 78
8.14 ശുചിത്വമിഷൻ . . . 80

9 തൊഴിലും നൈപുണ്യവും വകുപ്പ് . . . 81

9.1 അസംഘടിത മേഖലയിലെ വിരമിച്ച തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി . . . . . 81
9.2 മരംകയറ്റത്തൊഴിലാളി അവശതാപെൻഷൻ പദ്ധതി . . . . . . . . . . . . . . . . . . 81
9.3 മരംകയറ്റത്തൊഴിലാളി ക്ഷേമപദ്ധതി . . . . . . . . . . . . . . . . . . . . . . 82
9.4 എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസപദ്ധതി . . . . . . . . . . . . . . . . . 82
9.5 അസംഘടിത സ്ത്രീത്തൊഴിലാളി പ്രസവാനുകൂല്യപദ്ധതി . . . . . . . . . . . . . . . 83
9.6 പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ സാമ്പത്തികസഹായപദ്ധതി . . . . . . . 83
9.7 അസംഘടിതമേഖലയിലെ ദിവസവേതനക്കാരുടെ ആശ്വാസക്ഷേമപദ്ധതി . . . . . . . 84
9.8 ആവാസ്–ഇൻഷുറൻസ് പദ്ധതി . . . . . . . . . . . . . . . . . . . . . . . . . . 84
9.9 വേതനസുരക്ഷാപദ്ധതി . . . . . . . . . . . . . . . . . . . . . . . . . . . . 84
9.10 തൊഴിൽവകുപ്പിനുകീഴിലുള്ള ബോർഡുകൾ നടപ്പാക്കുന്ന പദ്ധതികൾ . . . . . . . . . 85
9.11 കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധിബോർഡ് . . . . . . . . . . . . . . . . . 86
9.12 കേരള കർഷകത്തൊഴിലാളി ക്ഷേമനിധിബോർഡ് . . . . . . . . . . . . . . . . . . 86
9.13 കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . 87
9.14 കേരള ബീഡി–സിഗാർ തൊഴിലാളി ക്ഷേമനിധിബോർഡ് . . . . . . . . . . . . . . . 87
9.15 കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . . . . . . . 88
9.16 കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസക്ഷേമനിധി ബോർഡ് . . . . . . . . . . . . . 90
9.17 കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . . . . . . . 90
9.18 കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . . . . . . . . . 91
9.19 കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . . . . . . . . 93
9.20 കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . . . . . . . . . . . . 93
9.21 കേരള മോട്ടോർത്തൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . . . . . . . . 95
9.22 കേരള കള്ളുചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . . . . . . 95
9.23 കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . . . . . . . . 96
9.24 കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് . . . . . . . . . . . . . . 97
9.25 കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് . 99
9.26 കേരള അസംഘടിതത്തൊഴിലാളി സാമൂഹികസുരക്ഷാ ബോർഡ് . . . . . . . . . . . 100
9.27 കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് 100
9.28 കേരള ഓട്ടോറിക്ഷാത്തൊഴിലാളി ക്ഷേമനിധി പദ്ധതി . . . . . . . . . . . . . . . . 101
9.29 കേരള ഓട്ടോമൊബൈൽ തൊഴിലാളിക്ഷേമപദ്ധതി . . . . . . . . . . . . . . . . . . 101
9.30 കേരള ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി . . . . . . . . . . . . . . . . . . . . . . 102
9.31 കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി . . . . . . . . . . . . 102
9.32 കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമനിധി പദ്ധതി . . . . . . . . . . . . . . . . . . 103
9.33 രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന . . . . . . . . . . . . . . . . . . . . . . . . 104
9.34 ആം ആദ്മി ബീമാ യോജന . . . . . . . . . . . . . . . . . . . . . . . . . . . 104
9.35 സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി . . . . . . . . . . . . . . . . . . . . . . 104
9.36 ഭവനം ഫൗണ്ടേഷൻ ഓഫ് കേരള . . . . . . . . . . . . . . . . . . . . . . . . . 105
9.37 അപ്നാ ഘർ പദ്ധതി . . . . . . . . . . . . . . . . . . . . . . . . . . . . . . 105
9.38 ജനനി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 105
9.39 തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി . . . . . . . . . . . . . . . . . . . . . 105

10 നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് . . . . . . . . . . . . . . . . . . . . . . . 106
10.1 കെസ്റു 99 . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 106
10.2 മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് . . . . . . . . . . . . . . . . . 106
10.3 ശരണ്യ സ്വയംതൊഴിൽ പദ്ധതി . . . . . . . . . . . . . . . . . . . . . . . . . 107
10.4 തൊഴിൽരഹിതവേതനം . . . . . . . . . . . . . . . . . . . . . . . . . . . . . 109
10.5 കൈവല്യ പദ്ധതി . . . . . . . . . . . . . . . . . . . . . . . . . . . . . . 109
10.6 വൊക്കേഷണൽ & കരിയർ ഗൈഡൻസ് . . . . . . . . . . . . . . . . . . . . . . 109

10.7 കപ്പാസിറ്റി ബിൽഡിംഗ് . . . 109
10.8 മത്സരപ്പരീക്ഷാ പരിശീലനം . . . 109
10.9 പലിശരഹിത സ്വയംതൊഴിൽ വായ്പാപദ്ധതി . . . 110
10.10 നവജീവൻ . . . 110

11 ന്യൂനപക്ഷക്ഷേമവകുപ്പ് . . . 111
11.1 ഇമ്പിച്ചിബാവ ഭവനനിർമ്മാണപദ്ധതി . . . 111
11.2 സൗജന്യ വ്യക്തിത്വവികസന-കരിയർ ഗൈഡൻസ് പരിശീലനം . . . 111
11.3 സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് . . . 112
11.4 ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് . . . 112
11.5 സ്വകാര്യ ഐ.റ്റി.ഐ. ഫീ റീഇംബേഴ്സ്മെന്റ് സ്കീം . . . 113
11.6 അക്കൗണ്ടൻസി കോഴ്സുകൾക്കുള്ള സ്കോളർഷിപ്പ് . . . 113
11.7 സിവിൽ സർവ്വീസ് പരീക്ഷ കോച്ചിംഗ് കോഴ്സ് ഫീസ്/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് 114
11.8 ഉറുദു ഒന്നാം ഭാഷ ക്യാഷ് അവാർഡ് . . . 114
11.9 കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയും പെൻഷൻ പദ്ധതിയും . . . 114
11.10 പെൻഷൻ പദ്ധതി . . . 115
11.11 വിവാഹധനസഹായം . . . 115
11.12 മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ക്യാഷ് അവാർഡ് . . . 116
11.13 സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ . . . 116
11.14 സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ . . . 116
11.15 ന്യൂനപക്ഷക്ഷേമത്തിനുള്ള അനുബന്ധ സ്കോളർഷിപ്പുകൾ . . . 117
11.16 ന്യൂനപക്ഷ യുവജനതയ്ക്കുള്ള സൗജന്യപരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും . . . 118

12 പട്ടികജാതിവികസനവകുപ്പ് . . . 123
12.1 നഴ്സറി സ്കൂളുകൾ . . . 123
12.2 പ്രീമെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസ് വരെ) . . . 123
12.3 വൃത്തിഹീനത്തൊഴിൽ ചെയ്യുന്നവരുടെ മക്കൾക്കുള്ള ധനസഹായം . . . 124
12.4 അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് . . . 124
12.5 ബോർഡിങ് സ്കൂളിൽ പഠിക്കാനുള്ള സൗകര്യം . . . 125
12.6 ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് . . . 125
12.7 മോഡൽ റസിഡൻഷ്യൽ സ്കൂൾ . . . 125
12.8 പ്രീ മെട്രിക് ഹോസ്റ്റലുകൾ . . . 125
12.9 സബ്സിഡൈസ്ഡ് ഹോസ്റ്റൽ . . . 126
12.10 ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ . . . 126
12.11 പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസിനു ശേഷം) . . . 126
12.12 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ . . . 127
12.13 അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം . . . 127
12.14 പ്രത്യേക പ്രോത്സാഹനസമ്മാനം . . . 127
12.15 റാങ്കുജേതാക്കൾക്കു സ്വർണ്ണമെഡൽ . . . 128
12.16 ക്ഷേത്രപ്രവേശനവിളംബരസ്മാരക സ്കോളർഷിപ്പ് . . . 128
12.17 മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപ്പരീക്ഷയ്ക്കു പ്രത്യേകപരിശീലനം . . . 128
12.18 സ്വാശ്രയ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം . . . 128
12.19 എൻജിനീയറിങ്, മെഡിക്കൽ പ്രാഥമികപ്രവേശനച്ചെലവിനു ഗ്രാന്റ് . . . 129
12.20 പ്രൈമറി എഡ്യൂക്കേഷൻ എയിഡ് . . . 129
12.21 ലാപ്ടോപ് വാങ്ങാൻ ധനസഹായം . . . 129
12.22 സ്റ്റെതസ്കോപ് വിതരണം . . . 129
12.23 കലാവിദ്യാർത്ഥികൾക്കു സഹായം . . . 129

12.24 ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് . . . 130
12.25 ഈവനിങ് കോഴ്സ് പഠിക്കുന്നവർക്കു ധനസഹായം . . . 130
12.26 വിദൂരവിദ്യാഭ്യാസത്തിനുള്ള സഹായം . . . 130
12.27 സംസ്ഥാനത്തിനുപുറത്തു പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം . . . 130
12.28 ഇൻഡ്യയ്ക്കു വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം . . . 130
12.29 പാരലൽ കോളെജ് പഠനത്തിനുള്ള ധനസഹായം . . . 130
12.30 ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ. ടി. ഐ കൾ) . . . 131
12.31 കമ്മ്യൂണിറ്റി കോളെജ്, പാലക്കാട് . . . 131
12.32 പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ . . . 132
12.33 ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി . . . 132
12.34 പാരാമെഡിക്കൽ സ്ഥാപനങ്ങൾ . . . 132
12.35 സെന്റർ ഓഫ് എക്സലൻസ്, കോഴിക്കോട് . . . 132
12.36 മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്ക്, പാലക്കാട് . . . 132
12.37 ബുക്ക് ബാങ്ക് പദ്ധതി . . . 133
12.38 പഠനയാത്ര പര്യടനപരിപാടി . . . 133
12.39 പാലക്കാട് മെഡിക്കൽ കോളെജ് . . . 133
12.40 സ്വയംതൊഴിൽ പദ്ധതി . . . 133
12.41 വക്കീലുമാർക്കു ധനസഹായം . . . 134
12.42 സാങ്കേതികവിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ് . . . 134
12.43 ടൂൾ കിറ്റ് . . . 134
12.44 പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളൽ . . . 134
12.45 സ്വയംപര്യാപ്തഗ്രാമങ്ങൾ . . . 135
12.46 വിവാഹധനസഹായം . . . 136
12.47 മിശ്രവിവാഹിതർക്കു ധനസഹായം . . . 136
12.48 ഭൂരഹിതപുനരധിവാസപദ്ധതി . . . 136
12.49 ഭവനനിർമ്മാണധനസഹായം . . . 137
12.50 ദുർബലവിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസപദ്ധതി . . . 137
12.51 ടോയ്‌ലറ്റ് നിർമ്മാണം . . . 137
12.52 പട്ടികജാതിവികസനമന്ത്രിയുടെ ദുരിതാശ്വാസനിധി . . . 138
12.53 ഉദ്യോഗാർത്ഥികൾക്കു യാത്രാബത്ത . . . 138
12.54 സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം . . . 138
12.55 ഭവനപുനരുദ്ധാരണത്തിനും മുറി നിർമ്മിക്കാനും ധനസഹായം . . . 138
12.56 വിജ്ഞാൻവാടി . . . 139
12.57 ഹോമിയോ ഹെൽത്ത് സെന്റർ . . . 139
12.58 വിദേശത്തു തൊഴിൽ നേടാൻ സാമ്പത്തികസഹായം . . . 139
12.59 ഉല്പന്നപ്രദർശനവിപണനമേള (ഗദ്ദിക) . . . 139
12.60 സർഗോത്സവം . . . 140
12.61 ഡോ.ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ് . . . 140
12.62 സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കാൻ ധനസഹായം . . . 140
12.63 പടവുകൾ മാസിക . . . 140
12.64 സാഹിത്യശില്പശാല . . . 140
12.65 അംബേദ്കർ ജയന്തി, അയ്യങ്കാളി ജയന്തി . . . 141
12.66 അംബേദ്കർ ഭവൻ . . . 141
12.67 അയ്യൻകാളി ഭവൻ . . . 141

13 പട്ടികവർഗ്ഗവികസനവകുപ്പ് . . . 143
13.1 വിദ്യാഭ്യാസപദ്ധതികൾ . . . 143

13.2 ആരോഗ്യം . . . . . . . . . . 149
13.3 സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതികൾ . . . . . . . . . . 150

14 പിന്നാക്കവിഭാഗവികസനവകുപ്പ് . . . . . . . . . . 156
14.1 ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് . . . . . . . . . . 156
14.2 ഒ.ഇ.സി. പ്രീമെട്രിക് സ്കോളർഷിപ്പ് . . . . . . . . . . 156
14.3 ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് . . . . . . . . . . 157
14.4 ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം . . . . . . . . . . 157
14.5 ഓവർസീസ് സ്കോളർഷിപ്പ് . . . . . . . . . . 158
14.6 അഡ്വക്കേറ്റ് ഗ്രാന്റ് . . . . . . . . . . 158
14.7 എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം . . . . . . . . . . 159
14.8 ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽപരിശീലനം . . . . . . . . . . 160
14.9 വിശ്വകർമ്മജർക്കുള്ള പെൻഷൻ . . . . . . . . . . 160
14.10 പരമ്പരാഗത മൺപാത്രനിർമ്മാണത്തൊഴിലാളികൾക്കുള്ള ധനസഹായം . . . . . . . . . . 160
14.11 പരമ്പരാഗതകരകൗശലപ്പണിക്കാർക്ക ...ടൂൾകിറ്റിനുമുള്ള ധനസഹായം . . . . . . . . . . 161
14.12 പരമ്പരാഗത ബാർബർത്തൊഴിലാളികൾക്കുള്ള ധനസഹായം . . . . . . . . . . 161

15 പൊതുവിദ്യാഭ്യാസവകുപ്പ് . . . . . . . . . . 164
15.1 സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി . . . . . . . . . . 164
15.2 മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ... . . . . . . . . . . 164
15.3 ന്യൂനപക്ഷവിഭാഗങ്ങളിലെ ...സ്കോളർഷിപ്പ് . . . . . . . . . . 165
15.4 ലോവർ സെക്കൻഡറി സ്കോളർഷിപ്പ് (എൽ.എസ്. എസ്) . . . . . . . . . . 165
15.5 അപ്പർ സെക്കന്ററി സ്കോളർഷിപ്പ് (യു.എസ്.എസ്) . . . . . . . . . . 165
15.6 നാഷണൽ സ്കോളർഷിപ്പ് . . . . . . . . . . 166
15.7 സൈനികസ്കൂൾ സ്കോളർഷിപ്പ് . . . . . . . . . . 166
15.8 ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ് . . . . . . . . . . 166
15.9 ഇൻസെന്റീവ് റ്റു ഗേൾസ് ഫോർ സെക്കൻഡറി എജ്യൂക്കേഷൻ . . . . . . . . . . 167
15.10 നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് . . . . . . . . . . 167
15.11 സ്കീം ഫോർ പ്രൊവൈഡിങ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ . . . . . . . . . . 168
15.12 ഉച്ചഭക്ഷണ പരിപാടിയും പാൽ, മുട്ട വിതരണവും . . . . . . . . . . 168
15.13 കലകളിൽ ശോഭിക്കുന്ന കുട്ടികൾക്കുള്ള ധനസഹായപദ്ധതി . . . . . . . . . . 169
15.14 സംസ്കൃത സ്കോളർഷിപ്പ് . . . . . . . . . . 169
15.15 സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി . . . . . . . . . . 169
15.16 1–8 ക്ലാസ്സുകളിലെ പ്രത്യേകപരിഗണന വേണ്ട കുട്ടികൾക്കുള്ള സാമ്പത്തികസഹായം . . 170
15.17 ഇൻസ്പെയർ അവാർഡ് . . . . . . . . . . 170
15.18 ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം . . . . . . . . . . 171
15.19 സംസ്ഥാന സ്കൂൾ കലോത്സവം . . . . . . . . . . 171
15.20 സോണൽ ഗയിംസ് . . . . . . . . . . 171
15.21 സംസ്ഥാന സ്കൂൾ ഗയിംസ് ചാമ്പ്യൻഷിപ്പ് . . . . . . . . . . 172
15.22 സംസ്ഥാന സ്കൂൾ അക്വാട്ടിക് ചാമ്പ്യൻഷിപ്പ് . . . . . . . . . . 172
15.23 ദേശീയ മൽസരങ്ങൾ . . . . . . . . . . 172
15.24 ദേശീയ അദ്ധ്യാപകക്ഷേമഫൗണ്ടേഷൻ . . . . . . . . . . 172
15.25 പൊതുസഹായപദ്ധതി . . . . . . . . . . 173
15.26 പ്രത്യേക ധനസഹായപദ്ധതി . . . . . . . . . . 173
15.27 സ്കോളർഷിപ്പ് . . . . . . . . . . 173
15.28 ഹെർമിറ്റേജ് . . . . . . . . . . 173
15.29 പൊതുവിദ്യാഭ്യാസവകുപ്പ്: ഫോൺ നമ്പരുകൾ . . . . . . . . . . 173

15.30 ഡി.ഇ.ഒ ഓഫീസുകളുടെ ഫോൺ നമ്പർ . . . 174
15.31 അനുബന്ധ ഓഫീസുകളുടെ വിലാസങ്ങളും ഫോൺ നമ്പരുകളും . . . 175

16 പ്രവാസികാര്യവകുപ്പ് (നോർക്ക – NORKA) . . . 177
16.1 സാന്ത്വന പദ്ധതി . . . 177
16.2 കാരുണ്യം പദ്ധതി . . . 178
16.3 ചെയർമാൻ ഫണ്ട് . . . 178
16.4 നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) . . . 179

17 ഭാഗ്യക്കുറിവകുപ്പ് . . . 181
17.1 കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാധനസഹായപദ്ധതി . . . 181
17.2 കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധിബോർഡ് 183

18 മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് . . . 188
18.1 നബാർഡ് സഹായത്തോടെ മണ്ണ്-ജലസംരക്ഷണപദ്ധതി (ആർ.ഐ.ഡി.എഫ്.) . . . 188
18.2 ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതാ പ്രദേശങ്ങൾ സംരക്ഷിക്കാൻ പദ്ധതി . . . 189
18.3 ശുദ്ധജലസംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണ്-ജലസംരക്ഷണം . . . 189
18.4 കാന്തല്ലൂർ, വട്ടവട ...അടിസ്ഥാനസൗകര്യവികസനപദ്ധതി . . . 189
18.5 ദേശീയ സുസ്ഥിരകാർഷിക മിഷൻ . . . 190
18.6 രാഷ്ട്രീയ കൃഷിവികാസ് യോജന (ആർ.കെ.വി.വൈ) . . . 190
18.7 നീർത്തടാധിഷ്ഠിതവികസനത്തിൽ പരിശീലനം . . . 190
18.8 വ്യക്തിഗതമണ്ണുസംരക്ഷണപ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ . . . 191

19 മത്സ്യബന്ധനവകുപ്പ് . . . 192
19.1 മത്സ്യത്തൊഴിലാളി ഭവനനിർമ്മാണപദ്ധതി . . . 192
19.2 മത്സ്യതൊഴിലാളിക്കു ഭൂമി വാങ്ങി വീടു വയ്ക്കാനുള്ള പദ്ധതി . . . 195
19.3 ഭൂരഹിതമത്സ്യത്തൊഴിലാളികൾക്കു കെട്ടിടസമുച്ചയം നിർമ്മിച്ചു നല്കുന്ന പദ്ധതി . . . 197
19.4 മത്സ്യത്തൊഴിലാളി ഭവനപുനരുദ്ധാരണപദ്ധതി . . . 200
19.5 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ് . . . 202
19.6 വിദ്യാതീരം . . . 202
19.7 ബാങ്കിംഗ് പരീക്ഷാപരിശീലനം . . . 203
19.8 സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം . . . 204
19.9 മെഡിക്കൽ എൻട്രൻസ് . . . 205
19.10 മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നതവിദ്യാഭ്യാസം നല്കുന്ന പദ്ധതി . 207
19.11 അപേക്ഷ നൽകേണ്ട കേന്ദ്രങ്ങൾ . . . 208
19.12 മത്സ്യബോർഡ് നേരിട്ടു നടപ്പാക്കുന്ന പദ്ധതികൾ . . . 209
19.13 ആകസ്മികമരണത്തിന് ആശ്രിതർക്കു ധനസഹായം . . . 210
19.14 പെൺമക്കളുടെ വിവാഹത്തിനു ധനസഹായം . . . 211
19.15 മത്സ്യത്തൊഴിലാളിയുടെ ആശ്രിതരുടെ മരണാനന്തരച്ചെലവുകൾക്കു ധനസഹായം . . . 212
19.16 വാർദ്ധക്യകാലപെൻഷൻ പദ്ധതി . . . 213
19.17 അപകടംമൂലം ഉണ്ടാകുന്ന താൽക്കാലികാവശതയ്ക്കു് ആശ്വാസധനസഹായം . . . 214
19.18 മത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം . . . 215
19.19 എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ് . . 216
19.20 കുടുംബസംവിധാനപദ്ധതിക്കുള്ള ധനസഹായം . . . 217
19.21 മാരകരോഗചികിത്സാപദ്ധതി . . . 217
19.22 ചെയർമാൻസ് റിലീഫ് ഫണ്ട് . . . 219
19.23 പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായപദ്ധതി . . . 220

19.24 ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി . . . 220
19.25 മത്സ്യത്തൊഴിലാളികളുടെ വിധവകൾക്കു പെൻഷൻ . . . 221
19.26 കായികവിനോദമത്സരവിജയികൾക്കു പ്രോത്സാഹനപദ്ധതി . . . 222
19.27 ആംആദ്മി ബീമയോജന . . . 223
19.28 അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ . . . 224
19.29 അനുബന്ധമത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം . . . 225
19.30 പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായം . . . 225
19.31 എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ് . . . 226
19.32 മാരകരോഗചികിൽസാധനസഹായം . . . 226
19.33 അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹധനസഹായം . . . 227
19.34 കുടുംബസംവിധാനത്തിനു ധനസഹായം . . . 228
19.35 ഉന്നതവിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി . . . 228
19.36 മത്സ്യസുരക്ഷാപദ്ധതി . . . 228
19.37 തണൽ: പ്രത്യേകപദ്ധതി . . . 228

20 മുന്നാക്കസമുദായക്ഷേമ കോർപ്പറേഷൻ (സമുന്നതി) . . . 229
20.1 വിദ്യാസമുന്നതി . . . 229
20.2 നൈപുണ്യസമുന്നതി . . . 231
20.3 സംരംഭകത്വ നൈപുണ്യവികസന പരിശീലന പരിപാടി . . . 232
20.4 അഗ്രഹാരങ്ങളുടെയും പരമ്പരാഗതവീടുകളുടെയും പുനരുദ്ധാരണവും നവീകരണവും . . . 233

21 മൃഗസംരക്ഷണവകുപ്പ് . . . 234
21.1 ഗോവർദ്ധിനി — കന്നുകുട്ടിപരിപാലനപദ്ധതി . . . 234
21.2 സ്കൂൾ പൗൾട്രി ക്ലബ് . . . 234
21.3 കറവയന്ത്രവിതരണപദ്ധതി . . . 235
21.4 ടർക്കിക്കോഴിവളർത്തൽ പദ്ധതി . . . 235
21.5 താറാവുവളർത്തൽ പദ്ധതി . . . 235
21.6 ആടുവളർത്തൽ പദ്ധതി . . . 235
21.7 നഗരപ്രദേശങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ പദ്ധതി . . . 235
21.8 ഗോസമൃദ്ധി — സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി . . . 236
21.9 കർഷകർക്കു നഷ്ടപരിഹാരം . . . 236
21.10 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ . . . 236
21.11 ജില്ലാ മൃഗസംരക്ഷണ ഓഫീസുകൾ . . . 237
21.12 കേരളസംസ്ഥാന പൗൾട്രിവികസന കോർപ്പറേഷൻ (കെപ്കോ) . . . 238

22 വനം വകുപ്പ് . . . 239
22.1 വന്യജീവിയാക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം. . . . 239
22.2 കാവുകൾക്കുള്ള ധനസഹായ പദ്ധതി . . . 240
22.3 സ്വകാര്യവനവത്ക്കരണം . . . 241
22.4 കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുള്ള ധനസഹായപദ്ധതി . . . 241

23 വിനോദസഞ്ചാരവകുപ്പ് . . . 244
23.1 ഗൃഹസ്ഥലി പൈതൃകസംരക്ഷണപദ്ധതി . . . 244

24 വ്യവസായം, കരകൗശലം . . . 245
24.1 കരകൗശലവിദഗ്ധരുടെ വാർദ്ധക്യകാലപെൻഷൻ . . . 245
24.2 ആഷ പദ്ധതി (Assisted Scheme for Handicrafts Artisans — ASHA) . . . 245

24.3 കെ.എസ്.എസ്.ഐ.എ. ഗ്രാന്റ് ഇൻ എയ്ഡ് . . . 246
24.4 സംരംഭകത്വവികസന ക്ലബ്ബുകൾ . . . 246
24.5 ഓണ്ട്രപ്രണർ സപ്പോർട്ട് സ്കീം . . . 247
24.6 സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായങ്ങൾ . . . 247

25 വ്യാപാരീക്ഷേമബോർഡ് . . . 249
25.1 മരണാനന്തര ആനുകൂല്യം . . . 249
25.2 എക്സ്ഗ്രേഷ്യാ ക്ലെയിമുകൾ . . . 249
25.3 പെൻഷൻ . . . 250

26 സഹകരണവകുപ്പ് . . . 251
26.1 അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി . . . 251
26.2 നെൽക്കർഷകർക്കുള്ള പലിശരഹിതവായ്പ . . . 251
26.3 ഉത്തേജന പലിശയിളവ് പദ്ധതി . . . 252
26.4 കേരള സ്റ്റേറ്റ് എംപ്ലോയീസ് പെൻഷൻ ബോർഡ് . . . 252
26.5 കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് . . . 252
26.6 കേരള സഹകരണ വികസന ക്ഷേമനിധിബോർഡ് . . . 253
26.7 റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യങ്ങൾ . . . 253
26.8 കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് . . . 254

27 സാമൂഹികനീതിവകുപ്പ് . . . 255
27.1 ആശ്വാസകിരണം പദ്ധതി . . . 255
27.2 ക്യാൻസർ സുരക്ഷ . . . 256
27.3 താലോലം . . . 257
27.4 ശ്രുതിതരംഗം — കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി . . . 259
27.5 സ്നേഹപൂർവ്വം പദ്ധതി . . . 259
27.6 സ്നേഹസ്പർശം . . . 260
27.7 വയോമിത്രം പദ്ധതി . . . 261
27.8 വിശപ്പുരഹിതനഗരം (ഹംഗർഫ്രീ സിറ്റി) പദ്ധതി . . . 262
27.9 വൈകല്യനിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ... . . . 263
27.10 അംഗപരിമിതർക്കുള്ള വിവാഹധനസഹായം . . . 263
27.11 എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസപദ്ധതികൾ . . . 264
27.12 സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ് . . . 264
27.13 സമാശ്വാസം പദ്ധതി I . . . 265
27.14 സമാശ്വാസം പദ്ധതി II . . . 265
27.15 സമാശ്വാസം പദ്ധതി III . . . 266
27.16 സമാശ്വാസം പദ്ധതി IV . . . 266
27.17 കാരുണ്യ ഡെപ്പോസിറ്റ് സ്കീം . . . 267
27.18 വി-കെയർ (WE-CARE) . . . 268
27.19 ‘സ്ത്രീശക്തി’ വികസന സുരക്ഷാ പദ്ധതി . . . 268
27.20 സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായം . . . 269
27.21 വൃദ്ധജനങ്ങൾക്കുള്ള പദ്ധതികൾ . . . 269
27.22 മറ്റുവിഭാഗങ്ങൾക്കുള്ള പദ്ധതികൾ . . . 270

28 സാംസ്കാരികവകുപ്പ് . . . 274
28.1 സംസ്ഥാന കലാകാരപെൻഷൻ . . . 274
28.2 മൺമറഞ്ഞ പ്രമുഖകലാകാരരുടെ അനന്തരാവകാശികൾക്കുള്ള വാർഷികപെൻഷൻ . . . 274

28.3 നിർധനരായ കലാകാരർക്കുള്ള അടിയന്തരചികിത്സാധനസഹായം . . . . . . . . . . . . 275
28.4 സാംസ്കാരികസ്ഥാപനത്തിൽനിന്നു വിരമിച്ചവർക്കുള്ള പെൻഷൻ . . . . . . . . . . . . 275
28.5 സ്മാരകങ്ങൾക്കുള്ള വാർഷികധനസഹായം . . . . . . . . . . . . . . . . . . . . 275
28.6 കലാസാംസ്കാരികസ്ഥാപനങ്ങൾക്കുള്ള ധനസഹായം . . . . . . . . . . . . . . . . 275

29 സിവിൽ സപ്ലൈസ് വകുപ്പ് . . . . . . . . . . . . . . . . . . . . . . . . . . . . . . 277
29.1 റേഷൻകടവഴിയുള്ള സാധനങ്ങളുടെ പ്രതിമാസ വിതരണത്തോത് . . . . . . . . . . . 277
29.2 താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖേന ലഭിക്കുന്ന സേവനങ്ങൾ . . . . . . . . . . . . . 278
29.3 റേഷൻ വ്യാപാരികൾക്കു ക്ഷേമനിധി . . . . . . . . . . . . . . . . . . . . . . . 278

30 സൈനികക്ഷേമവകുപ്പ് . . . . . . . . . . . . . . . . . . . . . . . . . . . . . . 281
30.1 വിമുക്തഭടരുടെ ക്ഷേമ, പുനരധിവാസ പദ്ധതികൾ . . . . . . . . . . . . . . . . . 281
30.2 സൈനികരുടെ ധീരതയും വിശിഷ്ടസേവനവും കണക്കിലെടുത്തുള്ള പദ്ധതികൾ . . . . . 282
30.3 സംസ്ഥാനസർക്കാർ നൽകുന്ന സാമ്പത്തികസഹായങ്ങൾ . . . . . . . . . . . . . . . 282
30.4 സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ട് . . . . . . . . . . . . . . . . . . . . . . . . 283
30.5 അമാൽഗമേറ്റഡ് ഫണ്ട് . . . . . . . . . . . . . . . . . . . . . . . . . . . . . 286
30.6 കേന്ദ്രീയ സൈനിക ബോർഡിന്റെ സാമ്പത്തിക സഹായങ്ങൾ . . . . . . . . . . . . . 288
30.7 രക്ഷാമന്ത്രിയുടെ ഡിസ്ക്രീഷനറി ഫണ്ടിൽനിന്നുള്ള സഹായങ്ങൾ . . . . . . . . . . . 288
30.8 പ്രകൃതി ക്ഷോഭത്തിൽ വീടു നശിച്ചാൽ ധനസഹായം . . . . . . . . . . . . . . . . 289
30.9 Details Of Zila Sainik Offices . . . . . . . . . . . . . . . . . . . . . . . . 291
30.10 Sainik Centers (Rest Houses) In Kerala . . . . . . . . . . . . . . . . . . . 292

31 റവന്യൂവകുപ്പ് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 294
31.1 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി . . . . . . . . . . . . . . . . . . . . . . . 294
31.2 ദേശീയകുടുംബക്ഷേമപദ്ധതി (National Family Benefit Scheme NFBS) . . . . . . . . 295
31.3 വാഹനാപകടത്തിൽ പെടുന്നവർക്കുള്ള ധനസഹായം . . . . . . . . . . . . . . . . 296
31.4 ക്ഷയരോഗികൾക്കുള്ള ധനസഹായം . . . . . . . . . . . . . . . . . . . . . . . 296
31.5 കുഷ്ഠരോഗികൾക്കുള്ള ധനസഹായം . . . . . . . . . . . . . . . . . . . . . . . 297
31.6 ക്യാൻസർരോഗികൾക്കുള്ള ധനസഹായം . . . . . . . . . . . . . . . . . . . . . 298
31.7 അവശകലാകാരർക്കുള്ള പെൻഷൻ . . . . . . . . . . . . . . . . . . . . . . . . 299
31.8 സർക്കസ് കലാകാരർക്കുള്ള പെൻഷൻ . . . . . . . . . . . . . . . . . . . . . . 300
31.9 സ്വാതന്ത്ര്യസമരസേനാനികളുടെ മരണാനന്തരച്ചടങ്ങുകൾക്കുള്ള സഹായം . . . . . . . 300

32 സർക്കാരിന്റെ അപേക്ഷാഫോമുകൾക്കുള്ള വെബ്സൈറ്റ് ലിങ്കുകൾ . . . . . . . . . . . . 301
32.1 തദ്ദേശഭരണവകുപ്പുവഴിയുള്ള ചില പെൻഷനുകളുടെ അപേക്ഷാഫോം ഉള്ള ലിങ്കുകൾ . . . 301
32.2 ചില വകുപ്പുകളിലേക്കും പദ്ധതികളിലേക്കും ഈ സൈറ്റിൽനിന്നുള്ള ലിങ്കുകൾ . . . . . . 302

പോലീസ് ഫോൺ നമ്പരുകൾ . . . . . . . . . . . . . . . . . . . . . . . . . . . . 304
1 വനിതാ ഹെൽപ്‌ലൈൻ നമ്പരുകൾ . . . . . . . . . . . . . . . . . . . . . . . . 304
2 പൊലീസ് വനിതാസെൽ നമ്പരുകൾ . . . . . . . . . . . . . . . . . . . . . . . 305

സൂചിക . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 307

# — 1 —

# ആരോഗ്യവകുപ്പ്

## 1.1 ജനനി ശിശു സുരക്ഷാകാര്യക്രമം (JSSK) (അമ്മയും കുഞ്ഞും പദ്ധതി)

അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിനായുള്ള സൗജന്യചികിത്സാപദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി. സർക്കാരാശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികളും 30 ദിവസം വരെയുള്ള നവജാതശിശുക്കളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിവഴിയുള്ള സേവനങ്ങൾ അമ്മയുടെയും കുഞ്ഞിന്റെയും അവകാശമായി പരിഗണിക്കുന്നു.

**ഗർഭിണികൾക്കുള്ള അവകാശങ്ങൾ**

1. സൗജന്യപ്രസവചികിത്സ, സൗജന്യസിസേറിയൻ
2. സൗജന്യ പരിശോധനകൾ, മരുന്നുകൾ
3. സൗജന്യ താമസവും ഭക്ഷണവും – സാധാരണപ്രസവത്തിന് മൂന്നു ദിവസം, സിസേറിയന് ഏഴുദിവസം (പേവാർഡ് ഉപയോഗിച്ചാൽ വാടക ഇതിൽ പെടുന്നില്ല)
4. സൗജന്യരക്തദാനം
5. പ്രസവത്തിനായി ആശുപത്രിയിലേക്കും പ്രസവാനന്തരം വീട്ടിലേക്കും റഫർ ചെയ്യുമ്പോഴും സൗജന്യയാത്രാസൗകര്യം.
6. എല്ലാ ആശുപത്രിച്ചെലവുകളും (ഒ. പി. ടിക്കറ്റ് ചാർജ് ഉൾപ്പെടെ) സൗജന്യം.
7. പ്രസവാനന്തരം 42 ദിവസം വരെ ചികിത്സാച്ചെലവു സൗജന്യം

**ജനിച്ച് 30 ദിവസം വരെ നവജാതശിശുക്കൾക്കുള്ള അവകാശങ്ങൾ**

1. സൗജന്യ മരുന്നും മറ്റു പരിശോധന, ചികിത്സാ സൗകര്യങ്ങളും
2. വീട്ടിൽനിന്ന് ആശുപത്രിയിലേക്കും റഫർ ചെയ്യുമ്പോൾ മറ്റ് ആശുപത്രിയിലേക്കും തിരിച്ച് വീട്ടിലേക്കും സൗജന്യയാത്ര

**കൂടുതൽ വിവരങ്ങൾക്ക്:**

സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (എൻ എച്ച് എം)
ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ്,
ജനറൽ ആശുപത്രി ജംഗ്ഷൻ, തിരുവനന്തപുരം
ഫോൺ: 0471-2301181, 9946105484

## 1.2 ജനനിസുരക്ഷ യോജന (ജെ. എസ്. വൈ.)

ആശുപത്രിയിൽ നടക്കുന്ന പ്രസവങ്ങൾ പ്രോത്സാഹിപ്പിച്ച് മാതൃമരണവും ശിശുമരണവും കുറയ്ക്കാനുള്ള പദ്ധതിയാണ് ജനനിസുരക്ഷായോജന (ജെ. എസ്. വൈ.).

ബി. പി. എൽ. കുടുംബങ്ങളിലെ 19 വയസ്സിനു മുകളിലുള്ള ഗർഭിണികളാണ് ഇതിന്റെ ഗുണഭോക്താക്കൾ.

ഇവരെക്കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എല്ലാ ഗർഭിണികൾക്കും ബി. പി. എൽ. സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽപ്പോലും ഈ സേവനം ലഭ്യമാണ്.

സർക്കാരാശുപത്രികളിലെയും പ്രത്യേക അംഗീകാരം നൽകിയ സ്വകാര്യ ആരോഗ്യസ്ഥാപനങ്ങളിലെയും പ്രസവങ്ങൾക്കാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്.

സർക്കാരാശുപത്രികളിൽ ആശുപത്രിസൂപ്രണ്ടിൽനിന്നോ ചാർജ്ജ് മെഡിക്കൽ ഓഫീസറിൽനിന്നോ ചെക്ക് കൈപ്പറ്റണം.

അംഗീകൃത സ്വകാര്യ ആശുപത്രിയുടെ കാര്യത്തിൽ വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക്) എന്നിവ ഹാജരാക്കി സാമൂഹികാരോഗ്യകേന്ദ്രത്തിലെ കോ ഓർഡിനേറ്ററിൽനിന്ന് ചെക്ക് കൈപ്പറ്റാം.

നഗരങ്ങളിൽ നടക്കുന്ന പ്രസവങ്ങൾക്ക് 600 രൂപവച്ചും ഗ്രാമങ്ങളിൽ നടക്കുന്ന പ്രസവങ്ങൾക്ക് 700 രൂപവച്ചും ഈ പദ്ധതിപ്രകാരം ധനസഹായം നൽകുന്നു.

ഇതുകൂടാതെ സാമ്പത്തികനില പരിഗണിക്കാതെ പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന എല്ലാ അമ്മമാർക്കും 500 രൂപ വീട്ടിൽവച്ചുള്ള പ്രസവങ്ങൾക്കും നൽകുന്നു.

## 1.3 ആരോഗ്യകിരണം പദ്ധതി

പതിനെട്ടുവയസ്സിൽ താഴെയുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യകിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുന്ന മുപ്പത് രോഗങ്ങൾക്കു പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാസഹായം ലഭിക്കുന്നതാണ്. എ. പി. എൽ. / ബി. പി. എൽ. വ്യത്യാസമില്ലാതെ എല്ലാവരും[1] ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

---

[1] ആദായനികുതിദായകർക്കും സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവിനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നാണ പദ്ധതിയ്ക്കുള്ള തുക വകയിരുത്തുന്നത്. ഈ പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാരാശുപത്രികകളിൽ നിന്നു സൗജന്യമായി ലഭിക്കുന്നതാണ്. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തിരഞ്ഞെടുത്ത കടകളിൽ നിന്നും തികച്ചും സൗജന്യമായി ലഭിക്കുന്നതാണ്.

ആരോഗ്യ കിരണം പദ്ധതിയിലൂടെ ഇതുവരെയായി 1,95,00,000 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

## 1.4 രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം (RBSK)

വിദ്യാലയ ആരോഗ്യപദ്ധതിയുടെ വിപുലീകരിച്ച രൂപമാണ് രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം. 18 വയസ്സിന് താഴെയുള്ള കുട്ടികളിൽ സാധാരണയായി കണ്ടുവരുന്ന 30 ആരോഗ്യപ്രശ്നങ്ങളെ കാലേക്കൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ധ പരിശോധനയും തുടക്കത്തിൽ തന്നെയുള്ള ചികിത്സയും പരിചരണവും നൽകുന്നതിനുള്ള നൂതനമായ പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. നവജാത ശിശുക്കളിൽ ജൻമനാൽ ഉണ്ടാകുന്ന ജനനവൈകല്യങ്ങൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ ഇതിന്റെ ഭാഗമാണ്. ആരോഗ്യപ്രശ്നത്തിന്റെ സ്വഭാവമനുസരിച്ച് പൊതുജനാരോഗ്യ കേന്ദ്രങ്ങളിലേക്കും ജില്ലാതല ആശുപത്രികളിൽ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളിലേയ്ക്കും അസുഖത്തിന്റെ സ്ഥിരീകരണത്തിനും തുടർചികിത്സയ്ക്കുമായി റെഫർ ചെയ്യുന്നു. ഈ കേന്ദ്രങ്ങളിൽനിന്ന് ആവശ്യമെങ്കിൽ വിദഗ്ധചികിത്സാകേന്ദ്രങ്ങളിലേക്കും റെഫർ ചെയ്യുന്നു.

**ആർ. ബി. എസ്. കെ. മാർഗ്ഗനിർദ്ദേശപ്രകാരം സൗജന്യചികിത്സയും തുടർനടപടികളും ലഭിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ**

**ജനനവൈകല്യങ്ങൾ (Defects at Birth)**

1. ന്യൂറൽ ട്യൂബ് ഡിഫക്ട് (Neural Tube Defect)
2. ഡൗൺ സിൻഡ്രോം (Down Syndrome)
3. മുറിച്ചുണ്ട് (Cleft lip)
4. അണ്ണാക്കിലെ വിടവുകൾ (Palate / Cleft Palate alone)
5. കാല്പാദവൈകല്യങ്ങൾ – Talipes (Club foot)
6. അരക്കെട്ടിനുണ്ടാകുന്ന വികാസവൈകല്യം (Developmental Pysplasia of the Hip)
7. ജന്മനാ ഉള്ള തിമിരം (Congenital Cataract)
8. ജന്മനാ ഉള്ള കേൾവിക്കുറവ് (Congenital Deafness)
9. ജന്മനാ ഉള്ള ഹൃദ്രോഗം (Congenital Heart Diseases)

10. Retinopathy of Prec maturity (മാസം തികയാതെ പ്രസവിക്കുന്നതുകൊണ്ട് കണ്ണിലെ റെറ്റിനയ്ക്കുണ്ടാകുന്ന തകരാറുകൾ)

**ന്യൂനതകൾ (Deficiencies)**

1. വിളർച്ചയും ഗുരുതരമായ അനീമിയയും
2. വൈറ്റമിൻ എ-യുടെ കുറവ് (Bitot Spot)
3. വൈറ്റമിൻ ഡി-യുടെ കുറവ് (Rickets)
4. ഗുരുതരമായ പോഷകാഹാരക്കുറവ്
5. തൊണ്ടവീക്കം (Goiter)

**ശൈശവരോഗങ്ങൾ (Childhood Diseases)**

1. ത്വഗ്രോഗങ്ങൾ (Scabies, Fungal Infection and Eczema)
2. ചെവിക്കുള്ളിലെ അണുബാധ (Otitis Media)
3. റുമാറ്റിക്ക് ഹൃദ്രോഗം (Rhumatic Heart Disease)
4. പല്ലിലെ പോട് (Dental caries)
5. ജന്നിരോഗങ്ങൾ (Convulsive Disorders)

**വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും (Developmental delays and Disabilities)**

1. കാഴ്ചക്കുറവ്
2. കേൾവിക്കുറവ്
3. ചലനവൈകല്യങ്ങൾ { Neuro-Motor impairment; Motor delay }
4. ബുദ്ധിപരമായ വികാസത്തിലുള്ള കാലതാമസം (Cognitive Delay)
5. ഭാഷാപരമായ വികാസത്തിലുള്ള കാലതാമസം (Language Delay)
6. ഓട്ടിസം (Autism)
7. പഠനവൈകല്യം (Learning Disorder)
8. എ.ഡി.എച്ച്.ഡി (Attention Deficit Hyperactivity Disorder)
9. Congenital Hypothyroidism, Sickle Cell Anaemia, Beta Thalassemia (ബീറ്റാ തലസീമിയ) (Optional)

സർക്കാർമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾവഴിയും മെഡിക്കൽ കോളേജുകളും ശ്രീചിത്ര അടക്കമുള്ള ആശുപത്രികളും വഴിയും ഇത്തരത്തിൽ കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധ ചികിത്സാസേവനങ്ങൾ തികച്ചും സൗജന്യമാക്കി. നവജാതശിശുക്കളിൽ ജൻമനാ ഉണ്ടാകുന്ന ജനിതകരോഗങ്ങൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്.

നവജാതശിശുക്കളെ ഡോക്ടർമാരും അനുബന്ധ ആരോഗ്യപ്രവർത്തകരും പൊതു ജനാരോഗ്യകേന്ദ്രങ്ങളിലും ആറ് ആഴ്ചവരെ പ്രായമായ കുഞ്ഞുങ്ങളെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (JPHN), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (JHI) മുതലായവർ വീടുകളിൽ വന്നും ആറ് ആഴ്ച മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ സ്കൂൾ ഹെൽത്ത് നഴ്സമാർ അങ്കണവാടിയിൽവച്ചും സ്കൂളിൽവച്ചും പരിശോധിക്കുന്നു. ആരോഗ്യപ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിവിധ ആരോഗ്യകേന്ദ്രങ്ങളിലേയ്ക്കും ആവശ്യമെങ്കിൽ അവിടെ നിന്നും വിദഗ്ദചികിത്സ ലഭ്യമാകുന്ന കേന്ദ്രങ്ങളിലേയ്ക്കും റഫർ ചെയ്യുന്നു.

ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന, വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളും വൈകല്യങ്ങളുമുള്ള, ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകാനും ജില്ലാതല ആശുപത്രിയിൽ പ്രവർത്തിക്കുന്ന നൂതനമായ സ്ഥാപനമാണ് ഡി.ഐ.ഇ.സി (1/ജില്ലയിൽ ഒന്നുവീതം).

## 1.5 ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC)

കുട്ടികളുടെ വളർച്ചയും വികാസവുമായി സംബന്ധിക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും വൈകല്യങ്ങളെയും കാലേകൂട്ടി തിരിച്ചറിയാനും ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കാനുമായി എല്ലാ ജില്ലയിലും ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നൂതന സംവിധാനമാണ് ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി). സ്പെഷ്യലിസ്റ്റുകളായ ശിശുരോഗവിദഗ്ദ്ധർ, ഡെന്റൽ സർജൻ, ഫിസിയോതെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഒപ്റ്റോമെട്രിസ്റ്റ്, ഡെന്റൽ ഹൈജിനിസ്റ്റ് തുടങ്ങിയ വിദഗ്ദ്ധരായ ജീവനക്കാരെ ഓരോ ഡി.ഇ.ഐ.സി. യിലും നിയമിച്ചിട്ടുണ്ട്.

ആശുപത്രിയിൽനിന്നു റഫർ ചെയ്ത കുഞ്ഞുങ്ങൾക്കു ഡി.ഇ.ഐ.സി. യിൽനിന്നു വേണ്ട ചികിത്സ നൽകി പരിചരിക്കുന്നു. ഈ കുഞ്ഞുങ്ങളെ തുടർനിരീക്ഷണം നടത്തുന്നു. ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് റെഫർ ചെയ്യുന്നു.

**സേവനങ്ങൾ**

1. ജനനം മുതൽ 18 വയസ്സുവരെയുള്ള, വൈകല്യങ്ങളുള്ള കുട്ടികളെ ഈ സ്ഥാപനങ്ങളിലേക്കു റെഫർ ചെയ്യുമ്പോൾ വിദഗ്ദ്ധപീഡിയാട്രീഷ്യനും മെഡിക്കൽ ഓഫീസറും സമഗ്രമായ പരിശോധന നടത്തുന്നു. തുടർന്ന് ആവശ്യാനുസരണം സ്ഥാപനത്തിലെ വിദഗ്ദ്ധരുടെ സമീപത്തേക്കു ചികിത്സയ്ക്കായി അയയ്ക്കുന്നു.
2. കേൾവിക്കുറവുള്ള കുഞ്ഞുങ്ങൾക്ക് ഓഡിയോളജിസ്റ്റിന്റെയും സ്പെഷ്യൽ എഡ്യൂക്കേറ്ററുടെയും സേവനം ലഭ്യമാക്കുന്നു. ഈ കുട്ടികൾക്ക് ആഴ്ചതോറുമോ മാസംതോറുമോ തുടർചികിത്സ വേണ്ടിവരും. ഈ ചികിത്സ എല്ലാംതന്നെ പരിപൂർണ്ണമായി സൗജന്യമാണ്.
3. ജന്മനാ കാല്പാദം ഉള്ളിലേക്കു വളഞ്ഞിരിക്കുന്ന അവസ്ഥ (Talipes) ഉള്ള കുഞ്ഞുങ്ങൾക്ക് ഓർത്തോസിസ് ലഭ്യമാക്കുന്നു. ഇതിനായി ആശുപത്രിയിൽത്തന്നെ

പ്രവർത്തിച്ചുവരുന്ന പി.എം.ആർ. ഡിപ്പാർട്ട്മെന്റിന്റെ സഹായം ലഭ്യമാണ്. സെറിബ്രൽ പാൽസി, മോട്ടോർ ന്യൂറോൺ ഡിസോഡേഴ്സ് തുടങ്ങിയ വൈകല്യങ്ങൾക്ക സ്ഥാപനത്തിലെ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാണ്.

4. കേൾവിക്കുറവും കാഴ്ചക്കുറവുമുള്ള കുട്ടികൾക്ക വേണ്ട നിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ കണ്ണടയും ശ്രവണസഹായിയും ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഡി.ഐ.ഇ.സി.യിൽ ഒപ്റ്റോമെട്രിസ്റ്റ്, ഓഡിയോളജിസ്റ്റ് എന്നിവർക്കാണ് ഈ പ്രവർത്തനങ്ങളുടെ ചുമതല.

5. ഡി.ഐ.ഇ.സി.യിൽ വളർച്ചയും വികാസവുമായി ബന്ധപ്പെട്ട പ്രശ്നമുള്ള കുട്ടികൾക്ക് തുടർചികിത്സ അത്യന്താപേക്ഷിതമാണ്. ഒരു കുഞ്ഞ് ഈ തുടർചികിത്സയ്ക്കായി മാസംതോറുമോ ആഴ്ചതോറുമോ സ്ഥാപനത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെയോ സ്പീച്ച് തെറാപ്പിസ്റ്റിന്റെയോ ഫിസിയോതെറാപ്പിസ്റ്റിന്റെയോ അടുക്കൽ വരണം. സ്വകാര്യസ്ഥാപനങ്ങളിൽ വലിയ ചെലവുവരുന്ന ഇത്തരം ചികിത്സകൾ ഡി.ഐ.ഇ.സി.യിൽ തികച്ചും സൗജന്യമായാണ് ചെയ്തുവരുന്നത് എന്നതാണ് ഇതിന്റെ സവിശേഷത.

## 1.6 ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളുടെ വിശദാംശങ്ങൾ

| ക്രമ നം. | ജില്ല | സ്ഥാപനത്തിന്റെ പേര് | വിലാസം | ഫോൺ നമ്പർ | ഇ-മെയിൽ (ഔദ്യോഗികം) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | ജനറൽ ആശുപത്രി | തിരുവനന്തപുരം | 9745018855 | deictvm@gmail.com |
| 2 | കൊല്ലം | ഗവ. വിക്ടോറിയ ആശുപത്രി | കൊല്ലം | 8589082525 | deickollam@gmail.com |
| 3 | പത്തനംതിട്ട | താലൂക്കാശുപത്രി, തിരുവല്ല | തിരുവല്ല, 689101 | 9946107321 | deicpta@gmail.com |
| 4 | ആലപ്പുഴ | ജനറൽ ആശുപത്രി | ഇരുമ്പുപാലം, ആലപ്പുഴ | 9846413850 | deicalpy@gmail.com |
| 5 | കോട്ടയം | ജനറൽ ആശുപത്രി | കോട്ടയം 686001 | 9446239673 | deicmktym@gmail.com |
| 6 | ഇടുക്കി | ജില്ലാ ആശുപത്രി | ചെറുതോണി, ഇടുക്കി | 9946102621 | deicidukki@gmail.com |
| 7 | എറണാകുളം | ജനറൽ ആശുപത്രി | കൊച്ചി, എറണാകുളം | 9645728757 | ekmdeic@gmail.com |

(തുടരും)

| ക്രമ നം. | ജില്ല | സ്ഥാപനത്തിന്റെ പേര് | വിലാസം | ഫോൺ നമ്പർ | ഇ-മെയിൽ (ഔദ്യോഗികം) |
|---|---|---|---|---|---|
| 8 | തൃശ്ശൂർ | ജില്ലാ ആശുപത്രി | പഴയ ജില്ലാ ആശുപത്രി വളപ്പ്, സ്വരാജ് റൗണ്ട് ഈസ്റ്റ്, തൃശ്ശൂർ 680001 | 9946170998 | deictsr@gmail.com |
| 9 | പാലക്കാട് | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി | പാലക്കാട് | 9946105581 | deicmlpm@gmail.com |
| 10 | മലപ്പുറം | താലൂക്കാശുപത്രി, തിരൂരങ്ങാടി | തിരൂരങ്ങാടി | 8589009577 | deicpkd@gmail.com |
| 11 | കോഴിക്കോട് | ജനറൽ ആശുപത്രി | ബീച്ചിന് എതിർവശം, കോഴിക്കോട് | 9995777007 | deickkd@gmail.com |
| 12 | വയനാട് | ജനറൽ ആശുപത്രി | ബിൽഡിങ് നമ്പർ: 204(2), കൈനാട്ടി, കല്പറ്റ വടക്ക് 673122 | 8574558984 | deicwayanad2014@gmail.com |
| 13 | കണ്ണൂർ | ജില്ലാ ആശുപത്രി | കണ്ണൂർ 670017 | 7560862025 | deic.knr@gmail.com |
| 14 | കാസർകോട് | ജില്ലാ ആശുപത്രി | ബല്ല പി.ഒ., ചെമ്മട്ടവയൽ, കാഞ്ഞങ്ങാട് | 9946900792 | deicksd@gmail.com |

## 1.7 സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ

മാരകമായ രോഗങ്ങൾ കാരണം വിഷമിക്കുന്ന പാവപ്പെട്ട രോഗികളെ സാമ്പത്തികമായി സഹായിക്കുകയാണ് സൊസൈറ്റിയുടെ ലക്ഷ്യം.

### അർഹത

രോഗിയുടെ കുടുംബവാർഷികവരുമാനം മൂന്നുലക്ഷം രൂപയിൽത്താഴെ ആയിരിക്കണം.

### ആനുകൂല്യം

സൊസൈറ്റി മുഖാന്തരമുള്ള ചികിത്സാധനസഹായം 50,000 രൂപ വരെ. ഒരു രോഗിക്ക് ഒരുതവണമാത്രമേ ധനസഹായം അനുവദിക്കൂ.

മറ്റേതെങ്കിലും സർക്കാരാനുകൂല്യം (CHIS/CHIS PLUS etc.) ലഭ്യമായിട്ടുണ്ടെങ്കിൽ ചികിത്സയ്ക്ക് ആ തുകയെക്കാൾ അധികം വന്ന ചെലവ് 50,000 രൂപവരെ അനുവദിക്കാം.

**വേണ്ട രേഖ**

രോഗിയുടെ പക്കൽനിന്ന ചെലവുവന്നതായി ചികിത്സിക്കുന്ന ഡോക്ടർ നൽകുന്ന വ്യക്തമായ സാക്ഷ്യപത്രം.

### ഈ പദ്ധതിയിലൂടെ ചികിത്സാധനസഹായം നൽകുന്നതിന് അംഗീകരിച്ചിട്ടുള്ള ചികിത്സകളും ശസ്ത്രക്രിയകളും

1. മസ്തിഷ്കശസ്ത്രക്രിയ
2. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ
3. വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ
4. കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ
5. പേസ്മേക്കർ സ്ഥാപിക്കൽ
6. ആഞ്ജിയോ പ്ലാസ്റ്റി
7. കാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ)
8. ഡയാലിസിസ്
9. ട്യൂമർ റിമൂവൽ
10. അസ്ഥിസംബന്ധമായ ശസ്ത്രക്രിയകൾ, റിസക്ഷനും പ്രൊസ്തസിസും, ലംബാർ തൊറാസിക്ക് വെർട്ടിബ്രൽ അസ്ഥികളിലെ ട്യൂമർ, കാൽമുട്ടു മാറ്റിവെയ്ക്കൽ
11. സിക്കിൾ സെൽ അനീമിയ
12. ഗില്ലൻബാരി സിൻഡ്രോം
13. ഇടുപ്പെല്ല് മാറ്റിവെക്കൽ ശസ്ത്രക്രിയ (ഹിപ്പ് റീപ്ലേസ്മെന്റ് സർജ്ജറി)
14. ഗർഭപാത്രം നീക്കംചെയ്യുന്ന ശസ്ത്രക്രിയ (ഹിസ്റ്ററക്ടമി)
15. വന്ധ്യതാചികിത്സ
16. കടുത്ത കരൾ രോഗങ്ങൾ
17. പക്ഷാഘാതം (അംഗീകൃത ആയുർവേദ ഗവ. ആശുപത്രികളിൽ നിന്നുള്ള ചികിത്സയ്ക്ക് മാത്രം)

### ഈ പദ്ധതിയിലൂടെ ചികിത്സാധനസഹായം നൽകുന്നതിന് അംഗീകരിച്ചിട്ടുള്ള ആശുപത്രികളുടെ പട്ടിക

1. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം
2. റിജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
3. ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രി, തിരുവനന്തപുരം
4. ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രി, ആലപ്പുഴ

5. ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രി, തൃശ്ശൂർ
6. ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രി, കോട്ടയം
7. ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രി, കോഴിക്കോട്
8. ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രി, കളമശ്ശേരി, കൊച്ചി
9. ഇ.എം.എസ്.മെമ്മോറിയൽ സഹകരണ ആശുപത്രി, പാണമ്പ്രി, പെരിന്തൽമണ്ണ, മലപ്പുറം
10. സഹകരണ ഹൃദയാലയ മെഡിക്കൽ കോളെജ് ആശുപത്രി, പരിയാരം, കണ്ണൂർ
11. മലബാർ കാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ
12. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം
13. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്
14. ജനറൽ ആശുപത്രി, എറണാകുളം
15. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം.
16. ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രി, മലപ്പുറം
17. ഗവൺമെന്റ് മെഡിക്കൽ കോളെജ് ആശുപത്രി, ഇടുക്കി
18. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം
19. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കൊല്ലം
20. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ
21. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, എറണാകുളം
22. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട്
23. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്
24. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കണ്ണൂർ
25. ജനറൽ ആശുപത്രി, തിരുവനന്തപുരം
26. ജനറൽ ആശുപത്രി, പത്തനംതിട്ട
27. ജനറൽ ആശുപത്രി, അടൂർ, പത്തനംതിട്ട
28. ജനറൽ ആശുപത്രി, ആലപ്പുഴ
29. ജനറൽ ആശുപത്രി, കോട്ടയം
30. പാണക്കാട് സെയ്ത് മുഹമ്മദാലി ശിഹാബ് തങ്ങൾ സ്മാരക ജനറൽ ആശുപത്രി, മലപ്പുറം
31. ജനറൽ ആശുപത്രി, കോഴിക്കോട്
32. ജനറൽ ആശുപത്രി, കൽപ്പറ്റ, വയനാട്
33. ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ
34. ജനറൽ ആശുപത്രി, കാസർഗോഡ്

35. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം
36. ജില്ലാ ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം
37. ജില്ലാ ആശുപത്രി, കൊല്ലം
38. ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട
39. ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ
40. ജില്ലാ ആശുപത്രി, കോട്ടയം
41. ജില്ലാ ആശുപത്രി, ആലുവ, എറണാകുളം
42. ജില്ലാ ആശുപത്രി, പൈനാവ്, ഇടുക്കി
43. ജില്ലാ ആശുപത്രി, തൃശ്ശൂർ
44. ജില്ലാ ആശുപത്രി, പാലക്കാട്
45. ജില്ലാ ആശുപത്രി, തിരൂർ
46. ജില്ലാ ആശുപത്രി, വടകര, കോഴിക്കോട്
47. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്
48. ജില്ലാ ആശുപത്രി, കണ്ണൂർ
49. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ്

**ചികിത്സാധനസഹായത്തിൽ പക്ഷാഘാത (stroke) ചികിത്സയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ള 17 ആയുർവേദചികിത്സാസ്ഥാപനങ്ങൾ**

1. ആയുർവേദ മെഡിക്കൽ കോളെജ് ആശുപത്രി, തിരുവനന്തപുരം
2. ആയുർവേദ മെഡിക്കൽ കോളെജ് ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം
3. ആയുർവേദ മെഡിക്കൽ കോളെജ് ആശുപത്രി, കണ്ണൂർ
4. ജില്ലാ ആയുർവേദ ആശുപത്രി, തിരുവനന്തപുരം
5. ജില്ലാ ആയുർവേദ ആശുപത്രി, കൊല്ലം
6. ജില്ലാ ആയുർവേദ ആശുപത്രി, ആലപ്പുഴ
7. ജില്ലാ ആയുർവേദ ആശുപത്രി, പത്തനംതിട്ട
8. ജില്ലാ ആയുർവേദ ആശുപത്രി, കോട്ടയം
9. ജില്ലാ ആയുർവേദ ആശുപത്രി, ഇടുക്കി
10. ജില്ലാ ആയുർവേദ ആശുപത്രി, എറണാകുളം
11. ജില്ലാ ആയുർവേദ ആശുപത്രി, തൃശ്ശൂർ
12. ജില്ലാ ആയുർവേദ ആശുപത്രി, മലപ്പുറം
13. ജില്ലാ ആയുർവേദ ആശുപത്രി, പാലക്കാട്
14. ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്
15. ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ

16. ജില്ലാ ആയുർവേദ ആശുപത്രി, വയനാട്
17. ജില്ലാ ആയുർവേദ ആശുപത്രി, കാസർഗോഡ്

**അപേക്ഷാഫോം**

www.dhs.kerala.gov.in എന്ന വെബ്സൈറ്റിൽ SMAP എന്ന ലിങ്കിൽ.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ**

1. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന വരുമാനസർട്ടിഫിക്കറ്റ്.
2. രോഗിയുടെ വോട്ടേഴ്സ് ഐഡന്റിറ്റി കാർഡിന്റെയോ ആധാർ കാർഡിന്റെയോ പകർപ്പ്.

**നടപടിക്രമം**

ചികിത്സാധനസഹായത്തിന് അർഹതയുള്ള വ്യക്തിയെ ആ വിവരം കത്തുമുഖേന അറിയിച്ച് മുൻകൂറായി രസീത് വാങ്ങി ധനസഹായത്തുക ബാങ്ക് അക്കൗണ്ടിലൂടെ മാറാവുന്ന ചെക്കായി (A/c payee) രജിസ്റ്റേർഡ് തപാലിൽ രോഗിക്ക് അയച്ചുകൊടുക്കുന്നു.

**അപേക്ഷ നൽകിയശേഷം രോഗി മരിച്ചാൽ അനന്തരാവകാശിക്കു ധനസഹായം ലഭിക്കാനുള്ള നടപടി**

ഇതിന് സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറിക്ക് മരിച്ചയാളുടെ അനന്തരാവകാശി വെള്ളക്കടലാസിൽ അപേക്ഷ നൽകണം.

**ഒപ്പം ചേർക്കേണ്ട രേഖകൾ**

1. രോഗിയുടെ മരണസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. തഹസീൽദാർ നൽകുന്ന നിയമാനുസൃത അനന്തരാവകാശസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**അപേക്ഷ അയക്കേണ്ട വിലാസം**

മെമ്പർ സെക്രട്ടറി
സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ
ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, (ജനറൽ ആശുപത്രിക്കു സമീപം)
തിരുവനന്തപുരം 695035

ഫോൺ: 0471-2519257 (ഉച്ച കഴിഞ്ഞ് രണ്ടു മണിമുതൽ അഞ്ചു മണിവരെ)

## കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാസഹായപദ്ധതി

വിവരങ്ങൾ ലോട്ടറിവകുപ്പിന്റെ അദ്ധ്യായത്തിൽ.

# — 2 —

# എൻ.സി.സി. വകുപ്പ്

## 2.1 കേഡറ്റുകൾക്കുള്ള സ്കോളർഷിപ്പ്

വിദ്യാഭ്യാസമേഖലയിൽ ഉത്കൃഷ്ടസേവനം കാഴ്ചവയ്ക്കുന്ന യോഗ്യരായ 500 കേഡറ്റുകൾക്ക് 5000 രൂപ വരെ സ്കോളർഷിപ്പ് നൽകി വരുന്നു. ഓരോ ഗ്രൂപ്പിലും സർവ്വോത്തമ കേഡറ്റുകൾക്ക് 3000 രൂപയും രണ്ടാമത്തെ സർവ്വോത്തമ കേഡറ്റുകൾക്ക് 2000 രൂപയും പുരസ്കാരമായി നൽകുന്നു.

### എൻ.സി.സി. കേഡറ്റുകൾക്കു സംസ്ഥാനസർക്കാർ നൽകിവരുന്ന സാമ്പത്തികാനുകൂല്യങ്ങൾ

1. ന്യൂഡൽഹിയിൽ റിപ്പബ്ലിക്ദിനപരേഡിൽ പങ്കെടുക്കുന്ന എല്ലാ കേഡറ്റുകൾക്കും 1000 രൂപവീതം നൽകുന്നു.
2. ന്യൂഡൽഹിയിൽ റിപ്പബ്ലിക് ഗാർഡ് ഓഫ് ഓണറിനു പങ്കെടുക്കുന്ന ഓരോ കുട്ടിക്കും 500 രൂപ വീതം നൽകുന്നു.
3. കേന്ദ്രീകൃതമായി സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് 500 രൂപയും രണ്ടാം സ്ഥാനം നേടുന്ന കുട്ടിക്ക് 250 രൂപയും മൂന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് 100 രൂപയും നൽകുന്നു.
4. പർവ്വതാരോഹണത്തിൽ പങ്കെടുക്കുന്നവർക്ക് 500 രൂപയും കൊടുമുടി കീഴടക്കുന്നവർക്ക് അധികമായി 1000 രൂപയും നൽകുന്നു.
5. പാരച്യൂട്ട് ട്രെയിനിങ്ങിന് ഓരോ ചാട്ടത്തിനും 100 രൂപയും കൂടാതെ 500 രൂപ വിലമതിക്കുന്ന സ്മരണികയും നൽകുന്നു.
6. യൂണിറ്റ് തലത്തിൽ ഒരു സീനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു സീനിയർ വിങ് പെൺകുട്ടിക്കും 100 രൂപ പ്രതിമാസം ഒരു വർഷത്തേക്കു നൽകുന്നു. ഒരു ജൂനിയർ

ഡിവിഷൻ ആൺകുട്ടിക്കും ഒരു ജൂനിയർ വിങ് പെൺകുട്ടിക്കും 50 രൂപ വീതം പ്രതിമാസം ഒരു വർഷത്തേക്കു നൽകുന്നു.

7. ഗ്രൂപ്പ് തലത്തിൽ ഒരു സീനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു സീനിയർ വിങ് പെൺകുട്ടിക്കും 200 രൂപ വീതം പ്രതിമാസം ഒരു വർഷത്തേക്കു നൽകുന്നു. ഒരു ജൂനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു ജൂനിയർ വിങ് പെൺകുട്ടിക്കും മാസം 100 രൂപ വീതം ഒരു വർഷത്തേക്കു നൽകുന്നു.

**ആസ്ഥാനവിലാസം**

എൻ.സി.സി. ഡയറക്ടറേറ്റ്
(കേരളം, ലക്ഷദ്വീപ്)
സംസ്ഥാനവിഭാഗം,
തിരുവനന്തപുരം.

ഫോൺ: 0471-2721278

# — 3 —

# കയർവകുപ്പ്

## 3.1 സംരംഭകർക്കു മാർജിൻ മണി വായ്പ

**ലഭിക്കുന്ന സഹായം/സേവനം:** കയർ മേഖലയിലെ ചെറുകിടവ്യവസായസംരംഭകർക്ക് വ്യവസായ യൂണിറ്റുകളുടെ വിപുലീകരണം/വൈവിദ്ധ്യവത്ക്കരണം/ആധുനികീകരണം തുടങ്ങിയവയ്ക്ക് നിശ്ചിതമാനദണ്ഡങ്ങൾ പ്രകാരം ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പയ്ക്ക് 50% വരെ മാർജിൻ മണി വായ്പാസഹായം നൽകുന്നു.

**അർഹതാ മാനദണ്ഡം:** 25/07/2002 ലെ ജി.ഒ. (എംഎസ്) നം. 76/2002/ഐഡി നമ്പർ ഉത്തരവു പ്രകാരമാണ് ധനസഹായം നൽകുത്. വിശദാംശങ്ങളും ഉത്തരവും അപേക്ഷയുടെ മാതൃകയും: http://coir.kerala.gov.in/docs/orders/go_76.pdf

**അപേക്ഷിക്കേണ്ട വിധം:** പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ കയർ ഇൻസ്പെക്ടർ മുഖേന

**അപേക്ഷിക്കേണ്ട വിലാസം:** ബന്ധപ്പെട്ട സ്ഥലത്തെ കയർ ഇൻസ്പെക്ടർ ഓഫീസ്

**സമയപരിധി:** സാമ്പത്തിക വർഷം

**പ്രത്യേക ഫോം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരം:** 25/07/2002 ലെ ജി.ഒ. (എംഎസ്) നം. 76/2002/ഐഡി നമ്പർ ഉത്തരവിന്റെ അനുബന്ധം 3

**നടപ്പാക്കുന്നത്:** പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ മുഖേന

## 3.2 കയർ വ്യവസായത്തിൽ യന്ത്രവത്ക്കരണം

**ലഭിക്കുന്ന സഹായം:** ഡി. എഫ്. മില്ലുകൾ സ്ഥാപിക്കൽ. സ്വയംസഹായസംഘങ്ങൾക്ക് 75 ശതമാനവും വ്യക്തികൾക്ക് 50 ശതമാനവും സബ്സിഡി

**അർഹതാമാനദണ്ഡം:** പ്രോജക്ട് അനുസരിച്ച്

**അപേക്ഷിക്കേണ്ട വിധം/വിലാസം:** കയർ ഇൻസ്പെക്ടർ മുഖാന്തരം

**സമയപരിധി:** സാമ്പത്തിക വർഷം

**ഫോം സംബന്ധിച്ച വിവരം:** പ്രോജക്ട് അനുസരിച്ച്

**നടപ്പാക്കുന്നത്:** പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ അപേക്ഷയുടെ മാതൃക: http://www.coir.kerala.gov.in/docs/pdf/application_for_financial_assistance.pdf

## 3.3 ഉൽപ്പാദനവും വിപണന പ്രചോദനവും

**ലഭിക്കുന്ന സഹായം:** പ്രാഥമിക കയർ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിച്ച കയർ, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ, ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് വിൽക്കുന്ന തുകയുടെ 10% തുക ഉൽപ്പാദനപ്രചോദനമായി അനുവദിക്കുന്നു.

**അർഹതാ മാനദണ്ഡം:** പ്രാഥമിക കയർ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിച്ച കയർ, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ, ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് വിൽക്കുന്ന തുകയുടെ 10% തുക ഉൽപ്പാദന വിപണന പ്രചോദനമായി അനുവദിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം:** കയർ ഇൻസ്പെക്ടർ മുഖേന

**അപേക്ഷിക്കേണ്ട വിലാസം:** ബന്ധപ്പെട്ട സ്ഥലത്തെ കയർ ഇൻസ്പെക്ടർ ഓഫീസ്

**സമയപരിധി:** സാമ്പത്തിക വർഷം

**ഫോം:** ജി.ഒ. (എംഎസ്) നം. 153/2009/ഐഡി തീയതി 23/11/2009 അനുബന്ധം (എ) ഉത്തരവ്: http://www.coir.kerala.gov.in/docs/orders/go_153.pdf

**നടപ്പാക്കുന്നത്:** പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ

## 3.4 കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ വില്പനയ്ക്കുള്ള വിപണിവികസനസഹായം

**ലഭിക്കുന്ന സഹായം:** കയർഫെഡ്, കയർകോർപ്പറേഷൻ, ഫോമിൽ മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവ പൊതുവിപണിയിൽ വിൽക്കുന്ന കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും കഴിഞ്ഞ മൂന്നുവർഷത്തെ വിൽപ്പന തുകയുടെ ശരാശരിയുടെ 10% തുക (എം. ഡി. എ.) ധനസഹായമായി അനുവദിക്കുന്നു.

**അർഹതാ മാനദണ്ഡം:** കയർഫെഡ്, കയർകോർപ്പറേഷൻ, ഫോമിൽ മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവ പൊതുവിപണിയിൽ വിൽക്കുന്ന കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും കഴിഞ്ഞ മൂന്നുവർഷത്തെ വിൽപ്പന തുകയുടെ ശരാശരിയുടെ 10% തുക (എം. ഡി. എ.) ധനസഹായമായി അനുവദിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം:** കയർ ഇൻസ്പെക്ടർ മുഖേന

**അപേക്ഷിക്കേണ്ട വിലാസം:** ബന്ധപ്പെട്ട സ്ഥലത്തെ കയർ ഇൻസ്പെക്ടർ ഓഫീസ്

**സമയപരിധി:** സാമ്പത്തിക വർഷം

**ഫോം:** ജി.ഒ. (എംഎസ്) നം. 68/2003/ഐഡി തീയതി 12/06/2003 അനുബന്ധം 3 http://coir.kerala.gov.in/docs/orders/go_3.pdf

**ഉത്തരവ്:** http://www.coir.kerala.gov.in/docs/orders/go_68.pdf

**നടപ്പാക്കുന്നത്:** പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ

## 3.5 കയർ മേഖലയിലെ ക്ലസ്റ്റർ വികസനപദ്ധതി

**ലഭിക്കുന്ന സഹായം:** പരമ്പരാഗത വ്യവസായ പുനരുജ്ജീവന പദ്ധതി പ്രകാരം കയർ സംഘങ്ങളുടെ ക്ലസ്റ്ററിന്റെ വികസനത്തിനു സഹായം നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം:** പ്രോജക്ട് ഓഫീസർ മുഖേന

**അപേക്ഷിക്കേണ്ട വിലാസം:** ബന്ധപ്പെട്ട സ്ഥലത്തെ പ്രോജക്ട് ഓഫീസ്

**സമയപരിധി:** സാമ്പത്തിക വർഷം

**നടപ്പാക്കുന്നതു:** പ്രോജക്ട് ഓഫീസുകൾ ഓഫീസുകൾ

## 3.6 കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം

**ലഭിക്കുന്ന സഹായം:** കയർ മേഖലയിലെ സഹകരണസംഘങ്ങളുടെ ഓഹരി മൂലധനം ശക്തിപ്പെടുത്തുന്നതിന് ധനസഹായം നൽകുന്നു.

**അർഹതാ മാനദണ്ഡം:** അംഗീകൃത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം:** പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ കയർ ഇൻസ്പെക്ടർ മുഖേന

**അപേക്ഷിക്കേണ്ട വിലാസം:** ബന്ധപ്പെട്ട സ്ഥലത്തെ കയർ ഇൻസ്പെക്ടർ ഓഫീസ്

**സമയപരിധി:** സാമ്പത്തിക വർഷം

**ഫോം:** ജി.ഒ. (എംഎസ് ) നം. 105/2009/ഐഡി തീയതി 26/08/2009 അനുബന്ധം എ

**ഉത്തരവ്:** http://www.coir.kerala.gov.in/docs/orders/go_105.pdf

**ഭേദഗതി:** http://coir.kerala.gov.in/docs/orders/go_12.pdf

**നടപ്പാക്കുന്നത്:** 10 പ്രൊജക്ട് ഓഫീസിന്റെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ

## 3.7 വിപണനം, പരസ്യപ്രചാരണം, വ്യാപാരപ്രവർത്തനങ്ങൾ, ഷോറൂമുകൾ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള ധനസഹായം

**ലഭിക്കുന്ന സഹായം:** കയർമേഖലയിലെ പരസ്യപ്രചാരണങ്ങൾ, വ്യാപാരമേളകൾ, സെമിനാർ എന്നിവ നടത്തുന്നതിന് സഹകരണസംഘങ്ങൾക്കും, കയർമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ധനസഹായം നൽകുന്നു.

**അർഹതാമാനദണ്ഡം:** ജി.ഒ. (എംഎസ്) നം. 135/99/ഐഡി തീയതി 22/09/1999 പ്രകാരം

**അപേക്ഷിക്കേണ്ട വിധം/വിലാസം:** പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ അതതുസ്ഥലത്തെ കയർ ഇൻസ്പെക്ടർ മുഖേന

**സമയപരിധി:** സാമ്പത്തിക വർഷം

**ഫോം:** ജി.ഒ. (എംഎസ്) നം. 135/99/ഐഡി തീയതി 22/09/1999 അനുബന്ധം 1 http://www.coir.kerala.gov.in/docs/orders/go_135.pdf

**ഭേദഗതി:** http://www.coir.kerala.gov.in/docs/orders/go_32.pdf

**അപേക്ഷ:** http://www.coir.kerala.gov.in/docs/pdf/application_publicity_propaganda-.pdf

**നടപ്പാക്കുന്നത്:** പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ

കയർ സഹകരണസംഘങ്ങളിലെ 60 തികഞ്ഞ അംഗങ്ങൾക്ക ത്രിഫ്റ്റ്, ഷെയർ, അംഗങ്ങൾക്കുള്ള ഗ്രാറ്റുവിറ്റി

**അപേക്ഷാഫോം:** http://www.coir.kerala.gov.in/docs/pdf/form2.pdf

**വകുപ്പാസ്ഥാനം:**

കയർ വികസന ഡയറക്ടർ,
കയർ ഭവൻ, പാളയം, നന്ദാവനം,
തിരുവനന്തപുരം 695033
ഫോൺ: 0471-2322046
ഫാക്സ്: 0471-2330370
ഇ-മെയിൽ: coirdirector@yahoo.com

## 3.8 കയർത്തൊഴിലാളി പെൻഷൻ

**ലഭിക്കുന്ന സഹായം/സേവനം:** കേരള കയർത്തൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗങ്ങളായ വിരമിച്ച തൊഴിലാളികൾക്ക പെൻഷൻ

**അർഹതാ മാനദണ്ഡം:** ക്ഷേമനിധിബോർഡ് അംഗത്വം

**അപേക്ഷിക്കേണ്ട വിധം:** ക്ഷേമനിധിബോർഡിന്റെ ഓഫീസുകൾ മുഖാന്തിരം

**അപേക്ഷിക്കേണ്ട വിലാസം:** ക്ഷേമനിധിബോർഡിന്റെ ഓഫീസുകൾ മുഖാന്തിരം

**വിലാസം:**

കേരള കയർത്തൊഴിലാളി ക്ഷേമനിധിബോർഡ്,
ആലപ്പുഴ 688001
ഫോൺ നം: 04772-251577
വെബ്സൈറ്റ്: www.keralacoirwwfb.org
ഇ-മെയിൽ വിലാസം: cekcwwfb@gmail.com

# — 4 —

# കായിക-യുവജനകാര്യ വകുപ്പ്

## 4.1 കായികോപകരണങ്ങൾ വാങ്ങാനും മത്സരങ്ങൾ സംഘടിപ്പിക്കാനും കോച്ചിങ് ക്യാമ്പിൽ പങ്കെടുക്കാനും ധനസഹായം

**ലഭിക്കുന്ന സഹായം:** നിശ്ചിത മാനദണ്ഡപ്രകാരം നിശ്ചയിക്കുന്ന ധനസഹായം

**അർഹതാമാനദണ്ഡം:** 15-06-13-ലെ സ.ഉ.(കൈ) നം.09/13/കാ.യു.വ. പ്രകാരം നിശ്ചയിച്ചിട്ടുള്ളത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

**അപേക്ഷിക്കേണ്ട വിധം:** കായിക, യുവജന കാര്യാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന നിശ്ചിത അപേക്ഷാഫോമിലാണ് അപേക്ഷിക്കേണ്ടത് അപേക്ഷാഫോം: http://www.sportskerala.org/application/

**അപേക്ഷിക്കേണ്ട വിലാസം:** ഡയറക്ടർ, കായിക യുവജന കാര്യാലയം, വെള്ളയമ്പലം, തിരുവനന്തപുരം 695033

**സമയപരിധി:** എല്ലാ സാമ്പത്തികവർഷവും ജൂലായ് 31നകം

### ധനസഹായം അനുവദിക്കുന്ന ആവശ്യങ്ങൾ

1. സംസ്ഥാനത്തു കായികവികസനവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്കും സംഘടനകൾക്കും സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും കായികോപകരണങ്ങൾ വാങ്ങാനും ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങാനും
2. ദേശീയനിലവാരം പുലർത്തുന്ന കായികതാരങ്ങൾക്കു ടൂർണമെന്റുകളിൽ പങ്കെടുക്കാനും കായികോപകരണങ്ങൾ വാങ്ങാനും കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കാനും.
3. ടൂർണമെന്റുകൾ നടത്താനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായിക അസോസിയേഷനുകൾക്കു ധനസഹായം. മറ്റു സ്രോതസ്സുകളിൽനിന്നു സർക്കാർധനസഹായം ലഭ്യമായ ടൂർണമെന്റുകൾക്ക് ഇതു ലഭിക്കില്ല.

4. അംഗീകൃത കായിക അസോസിയേഷനുകൾക്കു ട്രെയിനിങ്, കോച്ചിങ്, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാൻ.
5. വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കായികവികസനത്തിനായി ട്രെയിനിങ്, കോച്ചിങ്, ക്യാമ്പ് സംഘടിപ്പിക്കാൻ.
6. സർക്കാരോഫീസുകളിലെ ഉദ്യോഗസ്ഥരുടെ റിക്രിയേഷൻ ക്ലബ്ബുകൾക്കും സംഘടനകൾക്കും കായികപരിപാടികൾ സംഘടിപ്പിക്കാൻ

**മാനദണ്ഡങ്ങൾ**

1. ജില്ലാതല, സംസ്ഥാനതല, ദേശിയതല മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾ ആയിരിക്കണം.
2. ഗ്രാമീണമേഖലയിലെ സ്പോർട്സ് വികസനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സംഘടനകൾക്കും ക്ലബ്ബുകൾക്കും മുൻഗണന.
3. ധനസഹായത്തിനായി അപേക്ഷിക്കുന്ന സംഘടനകളും ക്ലബ്ബുകളും തൻവർഷത്തിൽ കായികവുമായി ബന്ധപ്പെട്ട ഒരു പ്രോഗ്രാമെങ്കിലും നടത്തിയിരിക്കണം. അതിന്റെ രേഖ അപേക്ഷയോടൊപ്പം വേണം.
4. ക്ലബ്ബുകളും സന്നദ്ധസംഘടനകളും ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ തലേവർഷംവരെ പുതുക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കണം.
5. കായിക അസോസിയേഷനുകൾ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ, നെഹ്റു യുവകേന്ദ്ര എന്നിവയിലേതിലെങ്കിലും അഫിലിയേറ്റ് ചെയ്ത സംഘടനകൾക്കു മുൻഗണന.
6. ധനസഹായത്തിനുള്ള അപേക്ഷകളിൽ വ്യക്തമായ എസ്റ്റിമേറ്റുകൾ രേഖപ്പെടുത്തണം. ഇതുസംബന്ധിച്ച ലഭിക്കുന്ന അപേക്ഷകളിൽ കേരള സ്പോർട്സ് കൗൺസിൽ മുഖേനയോ സർക്കാരിന്റെ മറ്റു സ്ഥാപനങ്ങളിൽനിന്നോ ഇതേ ആവശ്യത്തിനു തുക അനുവദിച്ചിട്ടില്ല എന്ന സത്യപ്രസ്താവന അപേക്ഷയോടൊപ്പം നൽകേണ്ടതും ഇക്കാര്യം ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.
7. ദേശിയ, സംസ്ഥാന സിവിൽ സർവീസ് മത്സരങ്ങളിൽ പങ്കെടുക്കാനായി സർക്കാർ ജീവനക്കാർക്കു പരിശീലനം നൽകാൻ സംസ്ഥാനസർക്കാരോഫീസുകളിലെ റിക്രിയേഷൻ, സ്പോർട്സ് ക്ലബ്ബുകൾ അതതു വകുപ്പദ്ധ്യക്ഷരുടെ ശുപാർശയോടെ നൽകുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കൂ. വ്യക്തികളോ സംഘടനകളോ നേരിട്ടു നൽകുന്നവ പരിഗണിക്കില്ല.
8. സാമ്പത്തികസഹായം ലഭ്യമായാൽ തുക വിനിയോഗിച്ചതു സംബന്ധിച്ച വിനിയോഗസർട്ടിഫിക്കറ്റ് മൂന്നുമാസത്തിനകം നൽകണം.
9. മുകളിൽ പറഞ്ഞ നിബന്ധനകൾ മറച്ചുവച്ച് ക്ലബ്ബുകൾ ധനസഹായം കൈപ്പറ്റുകയോ ധനസഹായം അതിന്റെ ആവശ്യത്തിന് ഉപയോഗിക്കാതിരിക്കുകയോ ചെയ്തതായി

കണ്ടാൽ തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കും. അത്തരം ക്ലബ്ബുകളെ കരിമ്പട്ടികയിൽ പെടുത്തുകയും തുടർധനസഹായം നിഷേധിക്കുകയും ചെയ്യും.

10. സാമ്പത്തികസഹായത്തിനു വ്യക്തി നേരിട്ടു നൽകുന്ന അപേക്ഷ പരിഗണിക്കില്ല. ജനപ്രതിനിധികൾ, സ്കൂൾ മേധാവികൾ, ബന്ധപ്പെട്ട കായിക അസോസിയേഷൻ, സ്പോർട്സ് കൗൺസിൽ എന്നിവയിൽ ഒന്നിന്റെ ശുപാർശയോടുകൂടി ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കൂ.
11. ഒരുതവണ ധനസഹായം അനുവദിച്ച ക്ലബ്ബുകൾക്ക് അതേ ആവശ്യത്തിനു തൊട്ടടുത്തവർഷം ധനസഹായം നൽകില്ല.
12. സംഘടനകളോ വ്യക്തികളോ ധനസഹായത്തിനായി നൽകുന്ന അപേക്ഷയോടൊപ്പം, മുൻപ് ഏതെങ്കിലും ആവശ്യത്തിനു ധനസഹായം കായിക യുവജനകാര്യ ഡയറക്ടറേറ്റിൽനിന്നു കൈപറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ വിനിയോഗസർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കണം.
13. ഒരു വ്യക്തിക്കോ ക്ലബ്ബിനോ സംഘടനയ്ക്കോ ഒരു സാമ്പത്തികവർഷം ഒന്നിലധികം ആവശ്യങ്ങൾക്കായി ധനസഹായം അനുവദിക്കില്ല.
14. സ്പോർട്സ് കൗൺസിൽ അംഗീകാരം ഇല്ലാത്ത കായികമേളകൾ, ആയോധനകലകളുടെ ടൂർണമെന്റുകൾ, പ്രദർശനങ്ങൾ, മറ്റു കലാരൂപങ്ങളുടെ പ്രദർശനങ്ങൾ എന്നിവയ്ക്കു ധനസഹായം അനുവദിക്കില്ല.
15. അപേക്ഷ നൽകുന്ന എല്ലാ സർക്കാരിതരസ്ഥാപനങ്ങളും സ്പോർട്സ് കൗൺസിലിന്റെ ശുപാർശയോടുകൂടിയ അപേക്ഷകളാണു നൽകേണ്ടത്. സ്പോർട്സ് കൗൺസിലിന്റെ ശുപാർശയില്ലാത്ത സർക്കാരിതരസ്ഥാപനങ്ങളുടെ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കില്ല.

**വകുപ്പാസ്ഥാനം:**

കായിക യുവജനകാര്യ ഡയറക്ടറേറ്റ്,
ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം,
വെള്ളയമ്പലം, തിരുവനന്തപുരം 695033

ഫോൺ: 0471-2327271, 0471-2326644
ഫാക്സ്: 0471-2327271
ഇ-മെയിൽ: dsyagok@gmail.com

# — 5 —

# കൈത്തറിയും ടെക്സ്റ്റൈൽസും

## 5.1 ഡൈഹൗസ് നവീകരണഗ്രാന്റ്

**ലഭിക്കുന്ന സഹായം:** ഒരു പിഎച്ച്ഡബ്ല്യുസിഎസ് സംഘത്തിനു പരമാവധി മൂന്നു ലക്ഷം രൂപ

**അർഹതാമാനദണ്ഡം:**

എ) സംഘത്തിന് സ്വന്തമായി ഡൈഹൗസ് ഉണ്ടായിരിക്കണം

ബി) സംഘത്തിൽ മുൻവർഷം 100 ദിവസമെങ്കിലും ജോലി ചെയ്ത പതിനഞ്ചോ അതിലധികമോ നെയ്ത്തുകാർ വേണം.

സി) എംജിബിബിവൈ & സിററിഎഫ് പദ്ധതികളിൽ നെയ്ത്തുകാർ അംഗങ്ങളായിരിക്കണം.

ഡി) സംഘം ഹാൻഡ്‌ലൂം മാർക്ക് രജിസ്ട്രേഷൻ നേടിയിരിക്കണം.

ഇ) ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഹാൻഡ്‌ലൂം മാർക്കിനായി അപേക്ഷിച്ചിരിക്കണം.

എഫ്) നെയ്ത്തുകാരുടെ വിവരങ്ങൾ (തിരിച്ചറിയൽ നമ്പർ ഉൾപ്പെടെ) ബന്ധപ്പെട്ട വെബ്സൈററിൽ അപ്‌ലോഡ് ചെയ്തിരിക്കണം.

ജി) നിലവിൽ അസംസ്കൃതവസ്തുക്കൾ വാങ്ങി ഡൈയിംഗ് പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്ന സംഘമായിരിക്കണം.

**അപേക്ഷിക്കേണ്ട വിധം:** സംഘം സെക്രട്ടറി നിശ്ചിത മാതൃകയിലുള്ള അപേക്ഷയും അനുബന്ധരേഖകളും ബന്ധപ്പെട്ട ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർക്കു നൽകണം. അർഹതയുള്ള അപേക്ഷ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ശുപാർശ ചെയ്ത് കൈത്തറിവസ്ത്ര ഡയറക്ടർക്ക് അയയ്ക്കും.

**സമയപരിധി:** ഇല്ല.

**അപേക്ഷാഫോം:** വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാണ്.

**നടപ്പാക്കുന്ന ഓഫീസ്:** ജില്ലാവ്യവസായകേന്ദ്രങ്ങൾ

## 5.2 മൂല്യവർദ്ധിതവും അധികമൂല്യവർദ്ധിതവുമായ ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും (ഗ്രാന്റ്)

**ലഭിക്കുന്ന സഹായം:**

1. കൈത്തറി സഹായസംഘത്തിനു യന്ത്രസാമഗ്രികൾക്കു പരമാവധി മൂന്നു ലക്ഷം രൂപ.
2. സ്വയംസഹായകസംഘത്തിനു പരമാവധി 5 ലക്ഷം രൂപ.
3. ക്ലസ്റ്റർ കൺസോർഷ്യത്തിനു പരമാവധി 15 ലക്ഷം രൂപ.
4. സ്വയംസംരംഭകർക്കു പരമാവധി 2 ലക്ഷം രൂപ.

**ഡിസൈൻ ഡെവലപ്മെന്റ്:**

1. പരമാവധി മൂന്നുലക്ഷം രൂപ/സംഘം & സ്വയംസഹായകസംഘങ്ങൾ
2. പരമാവധി 6 ലക്ഷം രൂപ/ക്ലസ്റ്റർ കൺസോർഷ്യം

**സ്കിൽ ഡെവലപ്മെന്റ്:**

1) ട്രെയിനി അലവൻസ് – പരമാവധി 250 രൂപ ദിവസം/ട്രെയിനി
2) ട്രെയിനർ ഫീസ് – പരമാവധി 1000 രൂപ/ട്രെയിനി
3) അസംസ്കൃത വസ്തുക്കൾ, പവർ ചാർജ്ജ്, സ്റ്റേഷനറി – 1000 രൂപ/ട്രെയിനി

**അർഹതാമാനദണ്ഡം**

**എ) സംഘം:**

1. സ്വന്തമായുള്ള വർക്ക്ഷെഡോ 15 വർഷത്തേക്കു വാടകയ്ക്കെടുത്ത വർക്ക്ഷെഡോ ഉണ്ടായിരിക്കണം.
2. കഴിഞ്ഞ വർഷം സംഘത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും ജോലി ചെയ്ത 15-ലധികം നെയത്തുകാർ വേണം.
3. എംജിബിബിവൈ സിററിഎഫ് പദ്ധതികളിൽ നെയ്ത്തുകാർ എൻറോൾ ചെയ്തിരിക്കണം.
4. സംഘത്തിന് ഹാൻഡ്ലൂം മാർക്ക് രജിസ്ട്രേഷൻ ഉണ്ടായിരിക്കണം; ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ഹാൻഡ്ലൂം മാർക്ക് ബാധകമായിരിക്കണം.
5. നെയ്ത്തുകാരുടെ വിവരങ്ങൾ ബന്ധപ്പെട്ട വെബ്സൈററിൽ അപ്ലോഡ് ചെയ്തിരിക്കണം.

6. നാഷണൽ ഹാൻഡ്‌ലൂം ഡെവലപ്പ്മെന്റ് കോർപറേഷനിലോ അംഗീകൃത യാൺ ബാങ്കിലോ നിന്ന് അസംസ്കൃത വസ്തുക്കൾ വാങ്ങണം.

**ബി) ക്ലസ്റ്റർ:**

1. കഴിഞ്ഞ വർഷം 120 ദിവസം ചുരുങ്ങിയത് 250 നെയ്ത്തുകാരോ തറികളോ സ്ഥിരമായി പ്രവർത്തിച്ചിരിക്കണം.
2. എംജിബിബിവൈ & സിററിഎഫ് പദ്ധതികളിൽ നെയ്ത്തുകാർ എൻറോൾഡ് ചെയ്തിരിക്കണം.
3. സംഘത്തിന് ഹാൻഡ്‌ലൂം മാർക്ക് രജിസ്ട്രേഷൻ ഉണ്ടായിരിക്കണം; ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ഹാൻഡ്‌ലൂം മാർക്ക് ബാധകമായിരിക്കണം.
4. നെയ്ത്തുകാരുടെ വിവരങ്ങൾ ബന്ധപ്പെട്ട വെബ്സൈററിൽ അപ്പ്‌ലോഡ് ചെയ്തിരിക്കണം.

**സി) സ്വയംസഹായകക്കൂട്ടങ്ങൾ:**

1. കഴിഞ്ഞവർഷം 120 ദിവസം ചുരുങ്ങിയത് 15 നെയ്ത്തുകാരോ തറികളോ സ്ഥിരമായി പ്രവർത്തിച്ചിരിക്കണം.
2. നെയ്ത്തുകാർ എംജിബിബവൈ പദ്ധതിയിൽ അംഗങ്ങളായിരിക്കണം.
3. ഹാൻഡ്‌ലൂം മാർക്ക് രജിസ്ട്രേഷൻ ഉണ്ടായിരിക്കണം; ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ഹാൻഡ്‌ലൂം മാർക്ക് ബാധകമായിരിക്കണം.
4. സ്വയംതൊഴിൽ ചെയ്യുന്ന ആൾക്ക് സ്വന്തമായി 10 തറി ഉണ്ടായിരിക്കണം
5. വ്യക്തിഗതനെയ്ത്തുകാർക്കു സ്വന്തമായി തറി ഉള്ളവരും ഉപജീവനത്തിനു നെയ്ത്തിനെ ആശ്രയിക്കുന്നവരും ആയിരിക്കണം.

**അപേക്ഷിക്കേണ്ട വിധം:** സംഘം സെക്രട്ടറി അപേക്ഷയും അനുബന്ധരേഖകളും ജില്ലാ വ്യവസായ കേന്ദ്രത്തിൽ ജനറൽ മാനേജർക്കു നൽകണം. അർഹതയുള്ള അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശുപാർശ ചെയ്ത് കൈത്തറിവസ്ത്രഡയറക്ടർക്കു നൽകും.

**സമയപരിധി:** ഇല്ല

**അപേക്ഷാഫോം:** വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാണ്.

**നടപ്പാക്കുന്നത്:** ജില്ലാവ്യവസായകേന്ദ്രങ്ങൾ

## 5.3 വീടിനോടനുബന്ധിച്ചുള്ള/വ്യക്തിഗത വർക്ക് ഷെഡ് നവീകരിക്കാൻ വ്യക്തിഗതനെയ്ത്തുകാർക്കുള്ള ഗ്രാന്റ്

**ലഭിക്കുന്ന സഹായം:** നെയ്ത്തുകാർക്ക് 20,000 രൂപ

**അർഹത മാനദണ്ഡം:**

1. സ്വന്തമായി തറി വേണം; നെയ്ത്ത് ഉപജീവനമാർഗ്ഗമായിരിക്കണം.
2. എംജിബിബിവൈ പദ്ധതിയിൽ അംഗത്വം സ്വീകരിച്ചിരിക്കണം.
3. അംഗീകൃത കൈത്തറി നെയ്ത്ത് സഹകരണസംഘത്തിലെ അംഗമായിരിക്കണം.

**അപേക്ഷിക്കേണ്ട വിധം:** സംഘം സെക്രട്ടറി അപേക്ഷയും അനുബന്ധരേഖകളും ജില്ലാ വ്യവസായകേന്ദ്രത്തിൽ ജനറൽ മാനേജർക്കു നൽകണം. അർഹതയുള്ള അപേക്ഷ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ശുപാർശ ചെയ്ത് കൈത്തറിവസ്ത്രഡയറക്ടർക്കു നൽകും.

**സമയപരിധി:** ഇല്ല

**പ്രത്യേക ഫോം:** ഇല്ല

**നടപ്പാക്കുന്നത്:** ജില്ലാവ്യവസായകേന്ദ്രങ്ങൾ

## 5.4 വർക്ക്ഷെഡ് നവീകരണഗ്രാന്റ്

**ലഭിക്കുന്ന സഹായം:** സംഘത്തിന് 4,00,000 രൂപ

**അർഹതാമാനദണ്ഡം:**

1. സംഘത്തിനു സ്വന്തമായോ 15 വർഷത്തേക്കു വാടകയ്ക്കെടുത്തതോ ആയ വർക്ക്ഷെഡ് ഉണ്ടായിരിക്കണം
2. മുൻവർഷം സംഘത്തിൽ 200 ദിവസമെങ്കിലും ജോലി ചെയ്ത 15 ലധികം നെയ്ത്തുകാർ വേണം.
3. എംജിബിബിവൈ & സിററിഎഫ് പദ്ധതികളിൽ നെയ്ത്തുകാർ അംഗങ്ങളായിരിക്കണം.
4. സംഘത്തിന് ഹാൻഡ്‌ലൂം മാർക്ക് രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
5. നെയ്ത്തുകാരുടെ വിവരങ്ങൾ ബന്ധപ്പെട്ട വെബ്സൈററിൽ അപ്‌ലോഡ് ചെയ്തിരിക്കണം.
6. ഉല്പന്നങ്ങൾക്ക് ഹാൻഡ്‌ലൂം മാർക്ക് ലഭിക്കാൻ അപേക്ഷിച്ചിരിക്കണം.
7. പുനരുദ്ധാരണപദ്ധതിയിൽ വർക്ക്ഷെഡ്നവീകരണധനസഹായം ലഭിച്ച സംഘങ്ങൾക്ക് അഞ്ചുവർഷത്തിനുശേഷമേ ഈ പദ്ധതിയിൽ ധനസഹായം ലഭിക്കൂ.
8. നാഷണൽ ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപറേഷനിലോ അംഗീകൃത യാൺ ബാങ്കിലോനിന്ന് അസംസ്കൃതവസ്തുക്കൾ വാങ്ങണം.
9. എൽഎസ്ജിഡി-യിൽ സംഘം സെക്രട്ടറിയുടെ പേരിൽ കെട്ടിടനികുതി അടച്ചതിന്റെ രേഖ.

**അപേക്ഷിക്കേണ്ട വിധം:** സംഘം സെക്രട്ടറി അപേക്ഷയും അനുബന്ധരേഖകളും ജില്ലാ വ്യവസായകേന്ദ്രത്തിൽ ജനറൽ മാനേജർക്കു നൽകണം. അർഹതയുള്ള അപേക്ഷ

ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർ ശുപാർശ ചെയ്ത് കൈത്തറിവസ്ത്ര ഡയറക്ടർക്ക നൽകും.

**സമയപരിധി:** ഇല്ല.

**അപേക്ഷാഫോം:** വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാണ്.

**നടപ്പാക്കുന്നത്:** ജില്ലാവ്യവസായകേന്ദ്രങ്ങൾ

## 5.5 പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണപദ്ധതി

**ലഭിക്കുന്ന സഹായം:**

1. പ്രവർത്തന മൂലധനം പരമാവധി 5 ലക്ഷം രൂപ (ഒരു തറിക്ക് 10,000 രൂപ പ്രകാരം)
2. ഇഎസ്ഐ/ഇപിഎഫ് കുടിശ്ശിക തീർക്കാൻ പരമാവധി അഞ്ചുലക്ഷം രൂപ.
3. കെട്ടിടനവീകരണത്തിന് / വിപുലീകരണത്തിന് പരമാവധി മൂന്നുലക്ഷം രൂപ.
4. ഉല്പന്നവൈവിദ്ധ്യവൽക്കരണം പരമാവധി ഒരുലക്ഷം രൂപ.

**അർഹതാമാനദണ്ഡം:**

1. മുൻ അക്കൗണ്ടിംഗ് വർഷത്തിൽ ധനനഷ്ടം ഉണ്ടായിരിക്കുകയും നടപ്പുവർഷത്തിൽ നഷ്ടം തുടരുകയുമാണെങ്കിലും അതായത് മൊത്തം ആസ്തിയുടെ ഏതാണ്ട് 50 ശതമാനം അല്ലെങ്കിൽ അതിൽ കൂടുതലുള്ള നഷ്ടം കണക്കാക്കുമ്പോൾ നഷ്ടമാണ് കാണിക്കുന്നതെങ്കിൽ
2. കാലാവധി കഴിഞ്ഞ ഇപിഎഫ്/ഇഎസ്ഐ/ബാങ്ക് ക്യാഷ് ക്രെഡിറ്റ് കുടിശ്ശിക ഉണ്ടെങ്കിൽ
3. പത്തുതറികൾ അല്ലെങ്കിൽ മൊത്തം തറികളുടെ 10 ശതമാനം തറികൾ ഏതാണോ കുറഞ്ഞത് അത് സംഘത്തിൽ പ്രവർത്തിക്കുന്നതായിരിക്കണം

**അപേക്ഷിക്കേണ്ട വിധം:** സംഘം സെക്രട്ടറി നിശ്ചിത മാതൃകയിലുള്ള അപേക്ഷയും അനുബന്ധരേഖകളും, ജില്ലാ വ്യവസായകേന്ദ്രത്തിൽ ജനറൽ മാനേജർ നൽകണം. അർഹതയുള്ള അപേക്ഷ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ശുപാർശ ചെയ്ത് കൈത്തറിവസ്ത്ര ഡയറക്ടർക്ക നൽകും.

**സമയപരിധി:** ഇല്ല.

**അപേക്ഷാഫോം:** വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാണ്.

**നടപ്പാക്കുന്നത്:** ജില്ലാ വ്യവസായകേന്ദ്രങ്ങൾ

**ബാലരാമപുരം കൈത്തറി ഇൻക്യുബേഷൻ (സംരംഭകത്വപരിശീലനം):**

http://www.handloom.kerala.gov.in/images/pdf2016/handloom_incubator_application_form_29-1-16.pdf

**ഉച്ചക്കട യന്ത്രത്തറി ഇൻക്യുബേഷൻ (സംരംഭകത്വപരിശീലനം):**

http://www.handloom.kerala.gov.in/images/pdf2016/power_loom_incubator_application_form-29-1-16.pdf

**വിവിധപദ്ധതികളുടെ വിശദവിവരങ്ങൾ:**

http://www.handloom.kerala.gov.in/index.php/schemes/handloom-industry

**ആസ്ഥാനവിലാസം:**

ഡയറക്ടർ,
കൈത്തറി–ടെക്സ്റ്റൈൽസ് വകുപ്പ്,
വികാസ് ഭവൻ നാലാം നില,
വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം 695033
ഫോൺ: 0471-2303427
ഫാക്സ്: 0471-2304191
ഇ-മെയിൽ: handloomdirector@gmail.com
വെബ്സൈറ്റ്: http://www.handloom.kerala.gov.in/

# 6

# കൃഷിവകുപ്പ്

കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് അതതു കൃഷിഭവനിൽ അപേക്ഷിക്കണം. ഗുണഭോക്താക്കൾ ചെറുകിട, നാമമാത്ര കർഷകരായിരിക്കണം.

## 6.1 നെൽകൃഷിപദ്ധതികൾ

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| ഗ്രൂപ്പ് ഫാമിംഗ് | 1500 രൂപ/ ഹെക്ടർ | ചെറുകിട, നാമമാത്ര കർഷകർ |
| കരനെൽകൃഷി | 13600 രൂപ /ഹെക്ടർ | ചെറുകിട, നാമമാത്ര കർഷകർ |
| എ) തരിശുഭൂമിയിൽ കൃഷി | | |
| ഒന്നാംവർഷം | 25000 രൂപ/ ഹെക്ടർ | ചെറുകിട, നാമമാത്ര കർഷകർ |
| രണ്ടാംവർഷം | 5800 രൂപ/ ഹെക്ടർ | ചെറുകിട, നാമമാത്ര കർഷകർ |
| മൂന്നാംവർഷം | 3750 രൂപ/ ഹെക്ടർ | ചെറുകിട, നാമമാത്ര കർഷകർ |
| ബി) ഭൂവുടമസ്ഥ പ്രോത്സാഹനം | | |
| ഒന്നാംവർഷം | 5000 രൂപ/ ഏക്കർ | ഭൂകൃഷിയുടമസ്ഥ് |
| രണ്ടാംവർഷം | 1200 രൂപ/ ഏക്കർ | ഭൂകൃഷിയുടമസ്ഥ് |

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| മൂന്നാംവർഷം | 750 രൂപ/ ഏക്കർ | ഭൂക്കൃഷിയുടമയ്ക്ക് |
| പാടശേഖരങ്ങൾക്കുള്ള പ്രവർത്തനസഹായം | 360 രൂപ/ ഹെക്ടർ | പാടശേഖരസമിതികൾക്ക് |
| ഒരുപൂനിലങ്ങളിൽ ഇരുപ്പൂ കൃഷി | 10000 രൂപ/ ഹെക്ടർ | ചെറുകിട, നാമമാത്ര കർഷകർ |
| സവിശേഷ നെല്ലിനങ്ങളുടെ കൃഷി | 10000 രൂപ/ ഹെക്ടർ | ചെറുകിട, നാമമാത്ര കർഷകർ |
| ബ്ലോക്കുതലത്തിൽ അടിസ്ഥാനസൗകര്യ വികസനം | പാടശേഖരങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ | ബ്ലോക്കിലെ രണ്ടോ അതിലധികമോ പാടശേഖരങ്ങൾക്കു പ്രയോജനം ലഭിക്കുന്ന അടിസ്ഥാന സൗകര്യവികസനപ്രോജക്ടുകൾ ബ്ലോക്കുപഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ |
| ഉല്പാദന ബോണസ് | 400 രൂപ/ ഏക്കർ/ സീസൺ | |

## 6.2 പച്ചക്കറി വികസന പദ്ധതി

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കുടുംബങ്ങൾ എന്നിവർക്കു പച്ചക്കറിവിത്തുവിതരണം | 10 രൂപയുടെ പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നല്കുന്നു | കൃഷിഭവനം പത്രമാദ്ധ്യമങ്ങളും മുഖേന |
| മട്ടുപ്പാവിലെ പച്ചക്കറി കൃഷി പോട്ടിങ് മിശ്രിതം നിറച്ച 25 ഗ്രോബാഗുകളും പച്ചക്കറിത്തൈകളും അടങ്ങുന്ന യൂണിറ്റ് | 2000 രൂപയുടെ ഗ്രോബാഗ് യൂണിറ്റ് 75% സബ്സിഡി നിരക്കിൽ, യൂണിറ്റ് ഒന്നിന് 500 രൂപ വിലയ്ക്ക് | നഗരപ്രദേശവാസികൾക്ക് |

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| മട്ടുപ്പാവിലെ പച്ചക്കറി കൃഷിക്കു പുനരുദ്ധാരണ ച്ചെലവ് | വിത്ത്, തൈകൾ, വളം എന്നിവ സൗജന്യമായി നല്കുന്നു | മുൻകാലങ്ങളിലെ പദ്ധതിഗുണഭോക്താക്കൾക്ക് |
| വിദ്യാലയങ്ങളുടെ വളപ്പുകളിൽ പച്ചക്കറിക്കൃഷി | പ്രവർത്തനച്ചെലവ് ഉൾപ്പെടെ 5000 രൂപ ധനസഹായം | തെരഞ്ഞെടുത്ത വിദ്യാലയങ്ങൾക്ക് |
| വിദ്യാലയങ്ങളിൽ പമ്പ്സെറ്റ്/ കിണർ | ഒരു യൂണിറ്റിന് 10,000 രൂപ | ജലസേചനസൗകര്യം ലഭ്യമല്ലാത്ത വിദ്യാലയങ്ങൾക്ക് ആവശ്യം കണക്കിലെടുത്തുമാത്രം |
| സ്ഥാപനങ്ങളിലെ പച്ചക്കറിക്കൃഷി | കുറഞ്ഞത് 50 സെന്റ് കൃഷി ചെയ്യാൻ പ്രോജക്ട് അടിസ്ഥാനത്തിൽ 2 ലക്ഷം രൂപ വരെ ധനസഹായം, അതിൽ കുറഞ്ഞ വിസ്തൃതിയുള്ള കൃഷിക്ക് ആനുപാതികമായ ധനസഹായം | സ്ഥലസൗകര്യമുള്ള സർക്കാർ, സർക്കാരിതര, സ്വകാര്യ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും. അറ്റകുറ്റപ്പണികൾ വിദ്യാലയത്തിന്റെ ചുമതലയിൽ. ധനസഹായം പച്ചക്കറിക്കൃഷി ചെയ്യാൻ നിർബ്ബന്ധമായും ഉപയോഗിക്കണം. |
| ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറിക്കൃഷി | ഹെക്ടറിന് 15,000 രൂപ ധനസഹായം. 5 ഹെക്ടർ കൃഷി ചെയ്യുന്ന ഒരു ക്ലസ്റ്ററിന് 75,000 രൂപ വരെ | ധനസഹായം വ്യാവസായികാടിസ്ഥാനത്തിൽ 5 ഹെക്ടർ പച്ചക്കറി ചെയ്യുന്ന കർഷകരുടെ ക്ലസ്റ്ററുകൾക്ക് ഒരു തവണ ധനസഹായം ലഭിക്കുന്ന ക്ലസ്റ്ററുകൾ സീസണുകളിൽ തുടർന്നും സ്വന്തമായി പച്ചക്കറി കൃഷി ചെയ്യാൻ സന്നദ്ധമായിരിക്കണം. |
| ഹരിത ഫണ്ട് | ഒരു ക്ലസ്റ്ററിന് 2000 രൂപ ധനസഹായം | തെരഞ്ഞെടുത്ത ക്ലസ്റ്ററുകൾക്ക് |
| പമ്പ്സെറ്റ് | 50% സബ്സിഡി നിരക്കിൽ പരമാവധി 10,000 രൂപയുടെ ധനസഹായം (1.5 HP പമ്പ് സെറ്റുകൾക്ക്) | |

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| പച്ചക്കറി ക്ലസ്റ്ററുകൾക്കും പൊതു ഉപയോഗത്തിനു നൽകാൻ സന്നദ്ധ ക്ലസ്റ്റർ അംഗ ങ്ങൾക്കും | ബ്ലോക്ക്, ജില്ലാതല കമ്മിറ്റികളുടെ അംഗീകാര ത്തോടെ 1HP പമ്പ് സെറ്റിനും ആനുകൂല്യങ്ങൾക്കും. | |
| സസ്യസംരക്ഷണ ഉപകരണങ്ങൾ | 50% നിരക്കിൽ പരമാവധി 1500 രൂപ ധനസഹായം | |
| അവാർഡ്: മികച്ച സ്കൂൾ, വിദ്യാർത്ഥി, അദ്ധ്യാപകർ, സ്ഥാപനമേധാവി, സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർക്ക്. | ഒന്നും രണ്ടും മൂന്നും സ്ഥാന ങ്ങൾക്കു സംസ്ഥാനതലത്തിൽ 50,000, 25,000, 15,000-ഉം ജില്ലാതലത്തിൽ 15,000, 7500, 5000– രൂപ നിരക്കിലും സ്കൂളുകൾക്ക് സംസ്ഥാനതലത്തിൽ 75,000, 50,000, 25,000 രൂപ നിരക്കിലും ക്യാഷ് അവാർഡ്. | |
| തരിശുനിരത്തിൽ പച്ചക്കറിക്കൃഷി | ഹെക്ടറിനു 30,000 രൂപ ധനസഹായം (കർഷകർക്ക് 25,000 രൂപ, ഭൂവുടമയ്ക്ക് 5000 രൂപ) | കുറഞ്ഞത് 3 വർഷം തരിശായി കിടന്ന സ്ഥലം |
| സ്റ്റാഗേർഡ് ക്ലസ്റ്റർ | ഹെക്ടറിന് 15000 രൂപ ധനസഹായം | വ്യക്തികളായോ ഗ്രൂപ്പ് അടിസ്ഥാനത്തിലോ കൃഷി ചെയ്യാം. കുറഞ്ഞത് 25 സെന്റ് കൃഷി ചെയ്യണം. |
| ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനു നഴ്സറികൾ സ്ഥാപിക്കൽ | 500 ച. മീറ്റർ വിസ്തൃതിയുള്ള ഹൈ-ടെക് നഴ്സറികൾക്ക് 50,000 രൂപ ആനുകൂല്യം. റിവോൾവിങ് ഫണ്ടായി 2 ലക്ഷം രൂപ. | ജില്ലാതലകമ്മിറ്റിയാണ് സെലക്ഷൻ നടത്തുന്നത്. |
| ‘ ’ ഗ്രേഡ് ക്ലസ്റ്ററുകൾക്കു വികസനസഹായം | 6.30 ലക്ഷം രൂപവീതം. കഴിഞ്ഞ വർഷങ്ങളിൽ തുടങ്ങിയ ക്ലസ്റ്ററുകൾക്ക് ഒരുലക്ഷം രൂപ വീതം റിവോൾവിങ് ഫണ്ട് അനുവദിക്കും. | ക്ലസ്റ്ററിന്റെ മുൻവർഷ പ്രവർത്തനങ്ങൾ അടിസ്ഥാന മാക്കി ഗ്രേഡിങ് നടത്തും. |

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ (പച്ചക്കറി ക്ലസ്റ്ററുകളുടെ ഫെഡറേഷനുകൾ) | പുതിയ ബ്ലോക്കുതല ഫെഡറേറ്റഡ് ഓര്ഗനൈ സേഷനുകൾ രൂപവത് ക്കരിക്കാൻ പത്തുലക്ഷം രൂപവീതം ധനസഹായം. മൂല്യവർദ്ധന, വിപണനം എന്നിവയ്ക്ക് | പ്രോജക്റ്റ് അടിസ്ഥാന ത്തിലാണു സഹായം. |
| മഴമറകൾ സ്ഥാപിക്കാൻ | 50,000 രൂപ ധന സഹായം (100 സ്ക്വയർ മീറ്റർ) | ആകെ ചെലവിന്റെ 75% സഹായം. |
| വളപ്രയോഗത്തോടുകൂടിയ സൂക്ഷ്മജലസേചനം | 50 സെന്റിന് 30,000 രൂപ ധനസഹായം | തുറന്ന സ്ഥലത്തെ കൃഷിക്ക്. |

## 6.3 തെങ്ങുകൃഷിപദ്ധതികൾ

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| കേരഗ്രാമം | | |
| എ) സംയോജിത തെങ്ങു കൃഷി പരിപാലന മുറകളായ തടം തുറക്കൽ, കളനിയ ന്ത്രണം, പുതയിടൽ, തൊണ്ട ടുക്കൽ, കുമ്മായവസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, | 50% സബ്സിഡി. പരമാവധി 25,000 രൂപ/ ഹെക്ടർ | കേരഗ്രാമത്തിന്റെ യൂണിറ്റ് വിസ്തൃതി 250 ഹെക്ടറാണ്. ഒരുമിച്ച് ഒരു ക്ലസ്റ്ററായാണ് 250 ഹെക്ടറിൽ കേരഗ്രാമം നടപ്പാക്കുന്നത്. അടുത്തടുത്ത പഞ്ചായത്തുപ്രദേശങ്ങളും ഉൾപ്പെടണം. |
| ജീവാണുവളം, സസ്യസംരക്ഷണോപാധികൾ, ഇടവിളക്കൃഷി, രോഗബാധിതമായി ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ നടുക എന്നീ ഘടകങ്ങൾക്കു മൊത്തമായി | | |
| ബി) തെങ്ങുകയറ്റയന്ത്രങ്ങൾ | 50% സബ്സിഡി. പരമാവധി 2000 രൂപ/ യന്ത്രം | ഒരു കേരഗ്രാമത്തിനു പരമാവധി 60 എണ്ണം |
| സി) ജലസേചനസൗകര്യം വർദ്ധിപ്പിക്കൽ (കിണർ, പമ്പ്സെറ്റ്) | 50% സബ്സിഡി. പരമാവധി 25,000 രൂപ/ ഹെക്ടർ. യൂണിറ്റ് ഒന്നിന് പരമാവധി 10,000 രൂപ | ഒരു കേരഗ്രാമത്തിനു പരമാവധി 21 ഹെക്ടർ. വ്യക്തിഗതഗുണഭോക്താവിനു കുറഞ്ഞത് 50 സെന്റ് തെങ്ങുകൃഷി. |

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| ഡി) ജൈവവളയൂണിറ്റ് സ്ഥാപിക്കൽ (7.2 m x 1.2 m x 0.6 m) | 10,000 രൂപ/ യൂണിറ്റ് | ഒരു കേരഗ്രാമത്തിനു പരമാവധി എട്ടെണ്ണം |
| ഇ) തെങ്ങിൻതൈനഴ്സറികൾ സ്ഥാപിക്കൽ (25 സെന്റ് – 6250 തൈകൾ) | 25% സബ്സിഡി. പരമാവധി 50,000 രൂപ/ യൂണിറ്റ് | ഒരു കേരഗ്രാമത്തിനു പരമാവധി ഒരെണ്ണം |
| എഫ്) പഞ്ചായത്തുതല കേരസമിതി – പ്രോജക്ട് അടിസ്ഥാനത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് | അഞ്ചുലക്ഷം രൂപ/ കേരഗ്രാമം | 250 ഹെക്ടർ ഭൂവിസ്തൃതിയുള്ള കേരഗ്രാമ ങ്ങൾക്ക് |
| കേരസമൃദ്ധി | | |
| എ) മാതൃവൃക്ഷം കണ്ടെത്തി മാർക്ക് ചെയ്യൽ | കേരസമിതികൾക്ക് രണ്ടുരൂപ/ തെങ്ങ് | കൂടുതൽ കായ്ഫലമുള്ളതും രോഗ, കീട പ്ര തിരോധശേഷിയുള്ളതുമായ മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നു. |
| ബി) കുറിയയിനം വിത്തുതേ ങ്ങ സംഭരണം | കർഷകർക്ക് 45 രൂപ/ വിത്തുതേങ്ങ | തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽനിന്നുള്ള വിത്തുതേങ്ങ സംഭരിക്കുന്നു. |
| സി) സങ്കരയിനം വിത്തുതേ ങ്ങ സംഭരണം | കർഷകർക്ക് 50 രൂപ/ വിത്തുതേങ്ങ | കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വ ത്തിൽ നടത്തുന്ന ഹൈബ്രിഡൈസേഷന് വഴി ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള വിത്തു തേങ്ങ സംഭരിക്കുന്നു. |
| ഡി) നെടിയയിനം തെങ്ങിന് പൂങ്കുലയ്ക്കുള്ള ധനസഹായം | 100 രൂപ/ പൂങ്കുല | തെങ്ങിന് പൂക്കുലയിൽ ഹൈബ്രിഡൈസേ ഷന് നടത്തുന്നതിനുള്ള ആനുകൂല്യം |
| ഇ) നെടിയയിനം വിത്തുതേ ങ്ങ സംഭരണം | 45 രൂപ/ വിത്തുതേങ്ങ | കൂടുതൽ കായ്ഫലമുള്ളതും രോഗ, കീട പ്രതിരോധശേഷിയുള്ളതുമായ തെരഞ്ഞെടു ത്ത മാതൃവൃക്ഷങ്ങളിൽനിന്ന് |
| പ്രദർശനത്തോട്ടം (കുറിയ യിനം/ സങ്കരയിനം) | 38,830 രൂപ/ യൂണിറ്റ് | 50 സെന്റ് ഭൂവിസ്തൃതിയുള്ളതാണ് ഒരു പ്രദർ ശനത്തോട്ടം. തെങ്ങിൻതൈകൾ, കൃഷിവ കുപ്പുഫാമുകൾ/ കേന്ദ്ര തോട്ടവിളഗവേഷണ കേന്ദ്രങ്ങൾ / കാർഷികസർവ്വകലാശാല എന്നിവയിൽനിന്നു ലഭ്യമാക്കും. |

## 6.4 സുഗന്ധവ്യഞ്ജനവിളകളുടെ വികസനത്തിനുള്ള പദ്ധതികൾ

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| വികേന്ദ്രീകൃത കുരുമുളകുനഴ്സറികൾ | 30,000 രൂപ/ നഴ്സറി | സ്വയംസഹായസംഘങ്ങൾ, വനിതാഗ്രൂപ്പുകൾ, യുവാക്കളുടെ ഗ്രൂപ്പുകൾ എന്നിവർക്ക്. വർഷത്തിൽ കുറഞ്ഞത് വേരുപിടിപ്പിച്ച 50,000 കുരുമുളകുതൈകൾ ഉല്പാദിപ്പിക്കണം. |
| കുരുമുളകുതോട്ടങ്ങളുടെ പുനരുദ്ധാരണം | 10,000 രൂപ/ ഹെക്ടർ | ഉല്പാദനക്ഷമത കുറഞ്ഞ തോട്ടങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യം |
| പുതിയ കുരുമുളകുതോട്ടങ്ങൾ സ്ഥാപിക്കാൻ (വിസ്തീർണ്ണ വ്യാപനം) | 20,000 രൂപ/ ഹെക്ടർ (50% സബ്സിഡി) | ഉല്പാദനക്ഷമത കൂടിയ ഇനങ്ങൾ. ഭൂവിസ്തൃതിക്കനുസരിച്ച് ആനുകൂല്യം. |
| വിസ്തീർണ്ണവ്യാപനം – ഇഞ്ചി, മഞ്ഞൾ | 12,500 രൂപ/ ഹെക്ടർ (50% സബ്സിഡി) | ഉല്പാദനക്ഷമത കൂടിയ ഇനങ്ങൾ കൃഷി ചെയ്യുന്നു. വിസ്തൃതിക്കനുസരിച്ച് ആനുകൂല്യം. നടീൽവസ്തു, സംയോജിതവളപ്രയോഗം, സംയോജിതരോഗകീടനിയന്ത്രണം എന്നിവയ്ക്കാണ് ആനുകൂല്യം |
| വിസ്തീർണ്ണവ്യാപനം – ജാതി, ഗ്രാമ്പൂ | 20,000 രൂപ/ ഹെക്ടർ (50% സബ്സിഡി) | ഉല്പാദനക്ഷമത കൂടിയ ഇനങ്ങൾ കൃഷി ചെയ്യുന്നു. ഭൂവിസ്തൃതിക്കനുസരിച്ച് ആനുകൂല്യം. നടീൽവസ്തു, സംയോജിതവളപ്രയോഗം, സംയോജിതരോഗകീടനിയന്ത്രണം എന്നിവയ്ക്കാണ് ആനുകൂല്യം |
| കർഷകരുടെ കൃഷിയിടങ്ങളിലെ ജൈവനിയന്ത്രണോപാധികളുടെ (ട്രൈക്കോഡർമ, മൈക്കോറൈസ മുതലായവ) ഉല്പാദനയൂണിറ്റുകൾ | 20,000 രൂപ/ യൂണിറ്റ്. ഇടുക്കിജില്ലയിൽ മാത്രം. | |
| കർഷകർ കണ്ടെത്തിയ തനതിനങ്ങൾ ഉപയോഗിച്ചുള്ള പ്രദർശനത്തോട്ടം | 25 സെന്റ് പ്രദർശനത്തോട്ടത്തിനു 10,000 രൂപ | പ്രദേശികമായി ലഭ്യമായ ഗുണനിലവാരമുള്ള, ഉല്പാദനക്ഷമത കൂടിയ ഇനങ്ങൾ. ഇടുക്കി ജില്ലയിൽ മാത്രം. |
| മണ്ണിന്റെ അമ്ലത്വം ക്രമീകരണത്തിനുള്ള കുമ്മായവസ്തുക്കൾക്കു സഹായം | 5400 രൂപ/ ഹെക്ടർ | മണ്ണുപരിശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ. ഇടുക്കിജില്ലയിൽ മാത്രം. |

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| സൂക്ഷ്മമൂലകങ്ങൾക്കും സെക്കൻഡറി മൂലകങ്ങൾക്കും ധനസഹായം | 500 രൂപ/ ഹെക്ടർ | മണ്ണുപരിശോധനാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ. ഇടുക്കിജില്ലയിൽ മാത്രം. |
| സംയോജിത കീടരോഗനിയന്ത്രണം | 10,000 രൂപ/ ഹെക്ടർ | ജൈവ രോഗകീടനിയന്ത്രണോപാധികൾക്ക കൂടുതൽ പ്രാധാന്യം നല്കുന്നു. ഇടുക്കിജില്ലയിൽ മാത്രം. |

## 6.5 ജൈവകൃഷിയും ഉത്തമകാർഷികമുറകളും (ജി.എ.പി.)

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| കാസർഗോഡ് ജില്ലയിൽ വി.എഫ്.പി.സി.കെ. മുഖേന നടപ്പാക്കുന്ന പി.ജി.എസ്. സർട്ടിഫിക്കേഷൻ (കൃഷിക്കും സർട്ടിഫിക്കേഷനും ഉൾപ്പെടെ) | 6000 രൂപ/ ഹെക്ടർ | (ജൈവ കൃഷിക്ക് ഹെക്ടറിന് 3000 രൂപ, സർട്ടിഫിക്കേഷന് ഹെക്ടറിന് 3000 രൂപ) |
| ക്ലസ്റ്റർ മുഖാന്തരം ജൈവ കൃഷി | 75,000 രൂപ/ ക്ലസ്റ്റർ | 25 ഹെക്ടർ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി ചെയ്യണം |
| ഇക്കോഷോപ്പുകളുടെ രൂപവത്ക്കരണം | 2 ലക്ഷം രൂപ/ ഇക്കോഷോപ്പ് | ജൈവകൃഷി ചെയ്യുന്ന കർഷകഗ്രൂപ്പുകൾ. ഒരുലക്ഷം രൂപ അടിസ്ഥാനസൗകര്യം ഒരുക്കാനും ഒരുലക്ഷം രൂപ റിവോൾവിങ് ഫണ്ടും നല്കുന്നു. |
| ജൈവോല്പന്നങ്ങളുടെ പാക്കിങ്, ബ്രാൻഡിങ്, നേരിട്ടുള്ള വില്പനയ്ക്കായി ക്ലസ്റ്ററുകൾക്ക് നല്കുന്നത് | മൂന്നുലക്ഷം രൂപ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | ജി.എ.പി. സർട്ടിഫിക്കേഷനുള്ള കർഷകഗ്രൂപ്പുകൾ. കേരള ഓർഗാനിക് എന്ന ലേബലിൽ ജൈവോല്പന്നങ്ങൾ വിൽക്കാം. |

## 6.6 മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| സൂക്ഷ്മമൂലകങ്ങൾക്കും സെക്കൻഡറി മൂലകങ്ങൾക്കുമുള്ള ധനസഹായം | 500 രൂപ/ ഹെക്ടർ | മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ |
| മണ്ണിന്റെ അമ്ലത്വം ഏകീകരിക്കാനുള്ള മണ്ണുപരിപോഷണവസ്തുക്കൾക്കുള്ള ധനസഹായം | 5400 രൂപ/ ഹെക്ടർ | മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ |
| പ്രദർശനത്തോട്ടങ്ങൾ | നെല്ല് – 6000 രൂപ/ യൂണിറ്റ്, മരച്ചീനി – 4800 രൂപ/ യൂണിറ്റ്, വാഴ/ പച്ചക്കറി – 12000 രൂപ/ യൂണിറ്റ് | 30 സെന്റ് ഒരുയൂണിറ്റ്. മണ്ണ് പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ മൂലകങ്ങൾ ഉപയോഗിക്കണം |

## 6.7 കാർഷികവിജ്ഞാനവ്യാപനം

### ആത്മ–കേന്ദ്രപദ്ധതി

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാ മാനദണ്ഡം |
|---|---|---|
| പരിശീലനം | | |
| സംസ്ഥാനത്തിനു പുറത്തുള്ള പരിശീലനം | 1250 രൂപ/ കർഷകൻ/ ദിവസം (യാത്രാച്ചെലവ്, ഭക്ഷണം, താമസസൗകര്യം, മറ്റു പരിശീലനച്ചെലവുകൾ ഉൾപ്പെടെ) | |
| സംസ്ഥാനത്തിനകത്തുള്ള പരിശീലനം | 1000 രൂപ/ കർഷകൻ/ ദിവസം. (യാത്രാച്ചെലവ്, ഭക്ഷണം, താമസസൗകര്യം, മറ്റു പരിശീലനച്ചെലവുകൾ ഉൾപ്പെടെ) | |
| ജില്ലയ്ക്കകത്തുള്ള പരിശീലനം | 400 രൂപ റസിഡൻഷ്യൽ പരിശീലനത്തിന്; 250 രൂപ നോൺ–റസിഡൻഷ്യൽ പരിശീലനത്തിന് | |
| പഠനയാത്രകൾ | | |
| സംസ്ഥാനത്തിനു പുറത്തുള്ള പഠനയാത്രകൾ | 800 രൂപ പ്രതിദിനം ഒരു കർഷകനു ചെലവാക്കാം; പരമാവധി 7 ദിവസം | |

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാ മാനദണ്ഡം |
|---|---|---|
| സംസ്ഥാനത്തിനകത്തുള്ള പഠന യാത്രകൾ | 400 രൂപ പ്രതിദിനം ഒരു കർഷകനുചെലവഴി ക്കാം; | (ഭക്ഷണം, യാത്ര, താമസസൗക ര്യം) പരമാവധി അഞ്ചുദിവസം |
| ജില്ലയ്ക്കകത്തുള്ള പഠനയാത്രകൾ | 300 രൂപ പ്രതിദിനം ഒരു കർഷകനു ചെലവഴി ക്കാം; പരമാവധി 3 ദിവസം | |
| കൃഷിയനുബന്ധമേഖലകളിലെ പ്രദർശനത്തോട്ടങ്ങൾ | 0.4 ഹെക്ടർ സ്ഥലത്തെ പ്രദർശനത്തോട്ടത്തിന് 4000 രൂപ പ്രകാരം ധനസഹായം. | |
| ഫാം സ്കൂളുകൾ | ഒരു ഫാം സ്കൂളിന്റെ പ്രവർത്തനച്ചെലവുകൾ ക്കായി 29,414 രൂപ | |
| സംയോജിത കൃഷി സമ്പ്രദായ മോഡലുകൾ | 3 മുതൽ 10 വരെ സെന്റ് - 10,000 രൂപ | കൃഷിയോടൊപ്പം കാർഷികാനുബ ന്ധമേഖലകളായ മൃഗസംരക്ഷണം, ഡയറി, മത്സ്യ കൃഷി, തേനീച്ച കൃഷി എന്നിവകൂടി ഉൾപ്പെടുത്തണം. |
| | 20 സെന്റ് - 20,000 രൂപ | |
| | 30 സെന്റ് - 30,000 രൂപ | |
| | 40 സെന്റ് - 40,000 രൂപ | |
| | 50 സെന്റിനും അതിനു മുകളിലും - 50,000 രൂപ | |

## 6.8 കേന്ദ്രാവിഷ്കൃത പദ്ധതികൾ

### സബ്മിഷൻ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ

| ഘടകം | ധനസഹായം (നിരക്ക്) |
|---|---|
| ട്രാക്ടർ, ടില്ലർ, നടീൽ – വിത്തുവിത യന്ത്രങ്ങൾ, ബ്രഷ് കട്ടർ, കുഴിയെടു ക്കൽ യന്ത്രം, ഫ്രൂട്ട് പ്ലക്കർ, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ഉപകരണങ്ങൾ, ചാഫ് കട്ടർ തുടങ്ങിയ യന്ത്രോപകരണങ്ങൾ | 35% മുതൽ 50% വരെ സബ്സിഡി |

## 6.9 കാർഷികോല്പന്ന സംസ്കരണം

| ഘടകം | ധനസഹായം (നിരക്ക്) |
|---|---|
| വിളവെടുപ്പനന്തരയൂണിറ്റുകൾ, മിനി റൈസ് മിൽ, ഡീഹൈഡ്രേഷൻ യൂണിറ്റ്, പാക്കിംഗ് മെഷീൻ | 50% സബ്സിഡി. |
| 2 HP വരെയുള്ള സോളാർ പമ്പുകൾക്ക് | 50,000 രൂപ സബ്സിഡി. |
| 2മുതൽ 5 വരെ HP യുള്ള സോളാർ പമ്പുകൾക്ക് | 43,200 രൂപ സബ്സിഡി. |

## 6.10 സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ

### നഴ്സറികൾ

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| ഹൈ-ടെക് നഴ്സറികൾ സ്ഥാപിക്കൽ (പ്രോജക്ട് അടിസ്ഥാനത്തിൽ) | 40% സബ്സിസി. പരമാവധി 10 ലക്ഷം രൂപ | ദീർഘകാലഫലവൃക്ഷവിളകൾ, വൃക്ഷസുഗന്ധവിളകൾ, തോട്ടവിളകൾ എന്നിവയുടെ 50,000 തൈയെങ്കിലും ഒരുവർഷം ഉല്പാദിപ്പിക്കണം. |
| ചെറുകിടനഴ്സറികൾ സ്ഥാപിക്കൽ (പ്രോജക്ട് അടിസ്ഥാനത്തിൽ) | 50% സബ്സിഡി. പരമാവധി 7.5 ലക്ഷം രൂപ | ദീർഘകാലഫലവൃക്ഷവിളകൾ, വൃക്ഷസുഗന്ധവിളകൾ, തോട്ടവിളകൾ എന്നിവയുടെ 25,000 തൈയെങ്കിലും ഒരുവർഷം ഉല്പാദിപ്പിക്കണം. |
| നഴ്സറികളുടെ അടിസ്ഥാന സൗകര്യവികസനം (പ്രോജക്ട് അടിസ്ഥാനത്തിൽ) | പരമാവധി 10 ലക്ഷം രൂപ. ഒരു ഹെക്ടറിന് 2.5 ലക്ഷം രൂപ നിരക്കിൽ പരമാവധി 4 ഹെക്ടർ | പൊതുമേഖലയ്ക്ക് 100% -വും സ്വകാര്യമേഖലയ്ക്ക് 50% -വും ധനസഹായം നൽകും. |

## 6.11 വിള വിസ്തൃതി വ്യാപനം

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| വാഴക്കൃഷി (സൂക്ഷ്മജലസേചനസംവിധാനത്തോടെ) | ഹെക്ടറൊന്നിന് 60,000 രൂപ | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| വാഴക്കൃഷി (സൂക്ഷ്മജലസേചനസംവിധാനമില്ലാതെ) | ഹെക്ടറൊന്നിന് 26,250 രൂപ | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| ടിഷ്യൂക്കൾച്ചർ വാഴ (സൂക്ഷ്മജലസേചനസംവിധാനത്തോടെ) | ഹെക്ടറൊന്നിന് 90,000 രൂപ | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| ടിഷ്യൂക്കൾച്ചർ വാഴ (സൂക്ഷ്മജലസേചനസംവിധാനമില്ലാതെ) | ഹെക്ടറൊന്നിന് 37,500 രൂപ | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| കൈതച്ചക്ക (സൂക്ഷ്മജലസേചനസംവിധാനത്തോടെ) | ഹെക്ടറൊന്നിന് 90,000 രൂപ | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| കൈതച്ചക്ക (സൂക്ഷ്മജലസേചനസംവിധാനമില്ലാതെ) | ഹെക്ടറൊന്നിന് 26,250 രൂപ | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| പപ്പായ (സൂക്ഷ്മജലസേചനസംവിധാനത്തോടെ) | ഹെക്ടറൊന്നിന് 60,000 രൂപ | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| പപ്പായ (സൂക്ഷ്മജലസേചനസംവിധാനമില്ലാതെ) | ഹെക്ടറൊന്നിന് 22,500 രൂപ | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| പുഷ്പക്കൃഷി | | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| വെട്ടുപൂക്കളുടെ കൃഷിവ്യാപനം | ഹെക്ടറൊന്നിന് 40,000 | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| ലൂസ് പൂക്കളുടെ കൃഷിക്ക് | ഹെക്ടറൊന്നിന് 16,000 | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| സുഗന്ധവിള കൃഷി | | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| ഇഞ്ചി, മഞ്ഞൾ | ഹെക്ടറൊന്നിന് 12,000 | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| ജാതി കൃഷി | ഹെക്ടറൊന്നിന് 20,000 | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| കശുമാവ്, കൊക്കോ (സൂക്ഷ്മജല സേചനസംവിധാനത്തോടെ) | ഹെക്ടറൊന്നിന് 24,000 | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |
| കശുമാവ്, കൊക്കോ (സൂക്ഷ്മജല സേചനസംവിധാനമില്ലാതെ) | ഹെക്ടറൊന്നിന് 12,000 | 40% സബ്സിഡി നിരക്കിൽ ചെറുകിട, നാമമാത്ര കർഷകർക്ക്. |

### സംസ്കരണവും വിപണനവും

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാ മാനദണ്ഡം |
|---|---|---|
| പാക്ക് ഹൗസ് | പ്രോജക്ട് അടിസ്ഥാനത്തിൽ. 50% വരെ സബ്സിഡി. രണ്ടുലക്ഷം രൂപ വരെ | 9 മീറ്റർ x 6 മീറ്റർ വിസ്തൃതിയുള്ള പാക്ക് ഹൗസ് |
| പ്രീകൂളിംഗ് യൂണിറ്റുകൾ | 50% സമതലപ്രദേശങ്ങളിൽ പരമാവധി 8.75 ലക്ഷം രൂപ. മലയോര പ്രദേശങ്ങൾ 12.5 ലക്ഷം രൂപ | ആറു മെട്രിക് ടൺ സംഭരണശേഷിയുള്ള കൂളിംഗ് യൂണിറ്റുകൾ |

## 6.12 വിപണികളുടെ അടിസ്ഥാനസൗകര്യവികസനം

| ഘടകം | ധനസഹായം (നിരക്ക്) | അർഹതാമാനദണ്ഡം |
|---|---|---|
| ഗ്രാമീണവിപണികൾ | പ്രോജക്ട് അടിസ്ഥാനത്തിൽ സമതലപ്രദേശങ്ങളിൽ പരമാവധി 10 ലക്ഷം രൂപ; മലയോര പ്രദേശങ്ങളിൽ പരമാവധി 13.75 ലക്ഷം രൂപ | പ്രോജക്ട് അടിസ്ഥാനത്തിൽ സമതലപ്രദേശങ്ങളിൽ 40%; മലയോര പ്രദേശങ്ങളിൽ 55% |
| ചില്ലറവിപണികൾ | സമതലപ്രദേശങ്ങളിൽ 5.25 ലക്ഷം രൂപ; മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപ | പ്രോജക്ട് അടിസ്ഥാനത്തിൽ സമതലപ്രദേശങ്ങളിൽ 35%; മലയോര പ്രദേശങ്ങളിൽ 50% |

## 6.13 ഇതരസേവനങ്ങൾ

| ഇനം | ധനസഹായം (നിരക്ക്) |
|---|---|
| ഇനം | ധനസഹായം |
| മണ്ണ് പരിശോധന (കൃഷിഭവൻ മുഖേന) | സൗജന്യം |
| മണ്ണ് പരിശോധന (കർഷകർ നേരിട്ട്) | 38 രൂപ/സാമ്പിൾ സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെ 150 രൂപ |
| മണ്ണ് പരിശോധന (സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാല) | സൗജന്യം |
| കാർഷികയന്ത്രങ്ങൾ | കുറഞ്ഞ തദ്ദേശ നിരക്കുകൾ |
| കേരളകർഷകൻ | മാസിക അംഗത്വം 100 രൂപ/ വർഷം |
| വിത്ത് ഗുണമേന്മ പരിശോധന | സൗജന്യം |
| മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിന് | പ്രോജക്ടിന്റെ 30% പരമാവധി 10 ലക്ഷം രൂപ |
| ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ<br>വലിപ്പം<br>1 M3<br>2 M3-6 M3 | സബ്സിഡി<br>ജനറൽ SC/ST<br>5500 രൂപ 7000 രൂപ<br>9000 രൂപ 1000 രൂപ |

## 6.14 മറ്റു പദ്ധതികൾ

### കാർഷികവൈദ്യുതി സൗജന്യം

നെൽക്കൃഷിക്കു പരിധിയില്ലാതെയും മറ്റുവിളകൾക്ക് രണ്ടുഹെക്റ്റർ വരെയും കൃഷിക്കാവശ്യമായ കാർഷികവൈദ്യുതി സൗജന്യമായി കൃഷിവകുപ്പു നൽകുന്നു.

### കാർഷികവായ്പ

വാണിജ്യബാങ്കുകൾ, പ്രാദേശികഗ്രാമവികസനബാങ്കുകൾ, സഹകരണവായ്പാസ്ഥാപനങ്ങൾ എന്നിവയുടെ ബൃഹത്തായ ശൃംഖലവഴി കർഷകർക്ക് ഉല്പാദനവായ്പ, കിസാൻ ക്രെഡിറ്റ് കാർഡ്, മുതൽമുടക്കുവായ്പ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

**കൃഷിമന്ത്രി വിളിപ്പുറത്ത്**

എല്ലാമാസവും ആദ്യബുധനാഴ്ച വൈകുന്നേരം 5.30 മുതൽ 6.30 വരെ കർഷകർക്കു കൃഷിമന്ത്രിയുമായി ഫോൺവഴിയും നവസാമൂഹികമാധ്യമങ്ങൾ വഴിയും സംവദിക്കാം.

- ഇതിനായി ബന്ധപ്പെടേണ്ട സൗജന്യ നമ്പർ: 1800-425-1661
- വെബ് പോർട്ടൽ: www.krishi.info
- വാട്ട്സാപ്പ് നം: 9447051661
- ഫേസ് ബുക്ക് ഐ.ഡി.: fb.com/krishi.info2015

**മൊബൈൽഫോൺ സന്ദേശങ്ങൾ**

കൃഷിഭവനിൽ രജിസ്റ്റർ ചെയ്തവർക്ക് പദ്ധതികളുടെ വിവരങ്ങൾ, ശാസ്ത്രീയപരിചരണമുറകൾ, നൂതനശാസ്ത്രസാങ്കേതികവിദ്യകൾ തുടങ്ങിയവയുടെ സന്ദേശങ്ങൾ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും മൊബൈൽ ഫോൺ വഴി ലഭ്യമാക്കുന്നു.

**കിസാൻ കോൾസെന്റർ**

1800-425-1661 എന്ന സൗജന്യനമ്പറിൽ ഫോൺവഴി കർഷകക്ഷേമപദ്ധതികൾ, സാങ്കേതികവിവരങ്ങൾ, നടീൽവസ്തുക്കളുടെ ലഭ്യത, വളപ്രയോഗങ്ങൾ, രോഗസംരക്ഷണരീതികൾ മുതലായവയെക്കുറിച്ച് വിശദാംശങ്ങൾ ലഭിക്കും.

**കാർഷിക ഇൻഷ്വറൻസ്**

**പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന വിളനഷ്ടത്തിൽനിന്നു സംരക്ഷണം:** നാലുതരം സ്കീമുകളാണു നിലവിലുള്ളത് – സംസ്ഥാന വിള ഇൻഷ്വറൻസ്, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്, കേരവൃക്ഷ ഇൻഷുറൻസ്, പ്രധാനമന്ത്രി ഫസൽ ബീമായോജന.

**കർഷകപെൻഷൻ**

60 വയസ് പൂർത്തിയായ എല്ലാ ചെറുകിട, നാമമാത്ര കർഷകർക്കും പ്രതിമാസം 1000 രൂപ നിരക്കിൽ കൃഷിഭവൻവഴി പെൻഷൻ നൽകുന്നു.

## 6.15 കൃഷിവകുപ്പിന്റെ കീഴിലുള്ള ഏജൻസികൾ/ പൊതുമേഖലാസ്ഥാപനങ്ങൾ

വി.എഫ്.പി.സി.കെ (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, കേരള)

### കർഷകർക്കുവേണ്ടി കർഷകരുടെ വിപണി

വി.എഫ്.പി.സി.കെ.യുടെ ആഭിമുഖ്യത്തിൽ കർഷകർക്കുവേണ്ടി കർഷകർ നടത്തുന്ന കർഷകരുടെ വിപണികളാണ് കർഷകസ്വാശ്രയവിപണികൾ. അംഗങ്ങളായ കർഷകർ അവരുടെ ഉത്പന്നങ്ങൾ ഒരിടത്തു സംഭരിക്കുകയും ഇടനിലക്കാരില്ലാതെ മൊത്തകച്ചവടക്കാർക്കു വിൽക്കുകയും ചെയ്യുന്നു. ഇതിലൂടെ മെച്ചപ്പെട്ട വില കർഷകർക്കു ലഭിക്കുന്നു. വിപണിക്കാവശ്യമായ ത്രാസുകൾ, ഫർണിച്ചറുകൾ, അക്കൗണ്ട് ബുക്കുകൾ, ഫോൺ, പ്ലാസ്റ്റിക് ക്രേറ്റുകൾ എന്നിവയെല്ലാം കൗൺസിൽ നൽകുന്നു. മട്ടുപ്പാവുകളിലെയും തൊടികളിലെയും ജൈവപച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നു. വിപണിഭാരവാഹികളുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ പരിശീലനങ്ങളും നൽകിവരുന്നു.

വിലാസം:<br>
വി.എഫ്.പി.സി.കെ.,<br>
മൈത്രി ഭവൻ,<br>
ദൂരദർശൻ കേന്ദ്രത്തിനു സമീപം,<br>
കാക്കനാട്, കൊച്ചി.

### കേരളസംസ്ഥാന വിത്തുവികസനഅതോറിറ്റി

നെല്ല്, പച്ചക്കറി ഇനങ്ങളായ വെണ്ട, ചീര, പയർ, മുളക്, കുമ്പളം, പാവൽ, പടവലം, മത്തൻ തുടങ്ങിയവയുടെ ഗുണമേൻമയുള്ള വിത്തുകൾ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു വരുന്നു. വിത്തുൽപാദനപദ്ധതിപ്രകാരം രജിസ്റ്റേർഡ് കർഷകർ മുഖേന നേരിട്ടുള്ള മേൽനോട്ടത്തിൽ ഗുണേൻമയുള്ള വിത്തുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. പ്രധാനമായും കൃഷിഭവൻ മുഖേനയാണു വിതരണം.

കേരളകാർഷികസർവകലാശാലയുടെ നെല്ല്, പച്ചക്കറി ബ്രീഡർ വിത്തിനങ്ങൾ കർഷകർക്കും പാടശേഖരസമിതികൾക്കും സൗജന്യമായി നൽകുന്നു.

പദ്ധതിയിൽ പങ്കാളികൾ ആകാൻ 25 രൂപയുടെ ചെലാൻ 0401-00-800-84 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് കൃഷിഭവനിൽ അപേക്ഷ നൽകണം.

പാടശേഖരസമിതികൾ 510 രൂപയും വ്യക്തികൾ 110 രൂപയും സംസ്ഥാന വിത്തുവികസന അതോറിറ്റിയിൽ അടച്ച് അംഗത്വം എടുക്കണം.

ഒരു ഹെക്ടറിന് 80 കിലോഗ്രാം തോതിൽ അടിസ്ഥാനവിത്ത് സൗജന്യമായി നൽകും.

കിലോഗ്രാമിന് 25 രൂപ നിരക്കിൽ 30 കി.ഗ്രാം ബാഗുകളിലാക്കി കൃഷിക്കാർക്ക് നേരിട്ട് എത്തിച്ചുകൊടുക്കും.

കർഷകർക്ക് വിത്ത് സ്വന്തമായി ഉൽപാദിപ്പിക്കാനും ഉപയോഗിക്കാനും പരിശീലനം നൽകുന്നു.

### വീട്ടുവളപ്പിൽ പച്ചക്കറിക്കൃഷിപ്രോത്സാഹനം

കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾക്ക് പച്ചക്കറി വിത്തുകൾ 50% സബ്സിഡിനിരക്കിൽ വിതരണം ചെയ്യുന്നു. സമഗ്രപച്ചക്കറി വികസന പദ്ധതിക്കാവശ്യമായ പച്ചക്കറി വിത്തുകളും സീഡ് അതോറിറ്റി വിതരണം ചെയ്യുന്നു.

കാസർകോഡ്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ എല്ലാ മുൻസിപ്പാലിറ്റികളിലും തൃശ്ശൂർ കോർപ്പറേഷനിലും ഗ്രോബാഗുകളിൽ പച്ചക്കറിതൈകൾ നട്ടു നൽകി വരുന്നു.

വിലാസം:
കേരളസംസ്ഥാന വിത്തുവികസന അതോറിറ്റി
അയ്യന്തോൾ, തൃശ്ശൂർ-3

ഫോൺ: 0487-2390510

## എസ്.എഫ്.എ.സി (സ്മോൾ ഫാർമേഴ്സ് അഗ്രി. ബിസിനസ് കൺസോർഷ്യം)

കൃഷിയധിഷ്ഠിത വ്യാപാര, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ആവശ്യമായ പരിശീലനവും ധനസഹായവും സാങ്കേതികപിന്തുണയും നൽകുന്നു.

കാർഷികോത്പന്നങ്ങളുടെ ഉത്പാദനം, മൂല്യവർദ്ധന ലക്ഷ്യമാക്കിയുള്ള സംസ്കരണം, ഉത്പന്നവൈവിധ്യവത്കരണം, വിപണനം തുടങ്ങിയവ ഉൾക്കൊള്ളിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് എസ്.എഫ്.എ.സി സംരംഭമൂലധനം നൽകുന്നു.

കർഷകർ, കർഷകകൂട്ടായ്മകൾ, ഉത്പാദനസംഘങ്ങൾ, കാർഷികസംരംഭകർ, സ്വയംസഹായസംഘങ്ങൾ, കാർഷികകയറ്റുമതിമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കാർഷികബിരുദധാരികൾ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർസ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങൾക്കു ഗുണഭോക്താക്കളാകാം.

മൈക്രോസംരംഭങ്ങൾക്കുള്ള ധനസഹായം: പ്രോജക്ട് അടിസ്ഥാനത്തിൽ 50% പരമാവധി 10 ലക്ഷം രൂപ

സ്മോൾ & മീഡിയം സംരംഭങ്ങൾക്കുള്ള ധനസഹായം: പ്രോജക്ട് അടിസ്ഥാനത്തിൽ 50% പരമാവധി 50 ലക്ഷം രൂപ

വിലാസം
മാനേജിംഗ് ഡയറക്ടർ
എസ്.എഫ്.എ.സി,
ഒന്നാം നില, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്,
അഗ്രിക്കൾച്ചറൽ അർബൻ & ഹോൾസെയിൽ മാർക്കറ്റ്, ആനയറ,
വെൺപാലവട്ടം പി.ഒ., തിരുവനന്തപുരം.

## ഔഷധസസ്യമിഷൻ

ഔഷധസസ്യങ്ങളുടെ കൃഷി വ്യാപിപ്പിക്കാൻ തെരഞ്ഞെടുത്ത 23 ഔഷധസസ്യങ്ങൾക്കു മിഷൻ ധനസഹായം നൽകുന്നു.

വൃക്ഷങ്ങൾക്ക് മൂന്നു വർഷത്തേക്ക് 65:20:15 എന്ന അനുപാതത്തിലും ദ്വിവാർഷിക വിളകൾക്ക് 75:25 എന്ന അനുപാതത്തിലും വാർഷികവിളകൾക്ക് ആദ്യവർഷം 100 ശതമാനവുമാണു സബ്സിഡി നൽകുന്നത്.

അപേക്ഷകൾ ദേശീയ ഔഷധസസ്യമിഷന്റെ ആസ്ഥാനത്തോ ജില്ലാ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ(ഹോർട്ടിക്കൾച്ചർ)ക്കോ നൽകണം.

### നാളികേരവികസനബോർഡ്

**നഴ്സറി സ്ഥാപിക്കാൻ സഹായം:** സ്വകാര്യമേഖലയിൽ നഴ്സറി സ്ഥാപിക്കാൻ 25 ശതമാനം ധനസഹായം പരമാവധി രണ്ടുലക്ഷം രൂപ. ചുരുങ്ങിയത് 25 സെന്റ് സ്ഥലത്ത് 6250 തെങ്ങിൻതൈ ഉത്പാദിപ്പിക്കാൻ 50,000 രൂപ. ഒരു ഏക്കറിൽ 25,000 തൈ ഉത്പാദിപ്പിക്കാൻ രണ്ടുലക്ഷം രൂപ. വ്യക്തികൾക്കു മാതൃവൃക്ഷങ്ങളിൽനിന്നുള്ള തെങ്ങിൻതൈ വിത്തുതോട്ടം സ്ഥാപിക്കാൻ - ആറുലക്ഷം രൂപ.

**പുതുകൃഷി സഹായം:** ചുരുങ്ങിയത് 25 സെന്റ് സ്ഥലമോ 10 തൈയോ (പരമാവധി നാലു ഹെക്ടർ) ഹെക്ടറിന് 8000 രൂപ നിരക്കിൽ രണ്ടു തുല്യവാർഷികഗഡുക്കളായി സഹായം നൽകും.

**ജൈവവളയൂണിറ്റിനു സഹായം:** ചെലവിന്റെ 50 ശതമാനം - പരമാവധി 20,000 രൂപ - ധനസഹായം നൽകും.

**കൊപ്രാസംസ്കരണം:** മികച്ച കൊപ്ര ഉണ്ടാക്കാൻ ഡ്രയർ സ്ഥാപിക്കാൻ വിലയുടെ 25 ശതമാനം - പരമാവധി 10,000 രൂപ - നൽകും.

**സംസ്കരണയൂണിറ്റിനു സഹായം:** നാളികേര ടെക്നോളജി മിഷനു കീഴിൽ സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കാനും നവീകരിക്കാനും ധനസഹായം. സംസ്കരണയൂണിറ്റു സ്ഥാപിക്കാൻ സഹായധനമായി പദ്ധതിച്ചെലവിന്റെ 25% നിരക്കിൽ 50 ലക്ഷത്തിൽ കവിയാത്ത തുക സഹായം. സംസ്കരണയൂണിറ്റ് സ്ഥാപിക്കാൻ സംരംഭകർ പദ്ധതിച്ചെലവിന്റെ 40 ശതമാനമെങ്കിലും ബാങ്ക് വായ്പയായി എടുത്തിരിക്കണം. ഈ പദ്ധതിവഴി ആനുകൂല്യം ലഭിക്കാൻ സംരംഭകർ തുടങ്ങാനുദ്ദേശിക്കുന്ന കേരവ്യവസായസംരംഭത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സഹകരണബാങ്കുകളോ ദേശസാൽകൃതബാങ്കുകളോ മുഖേന ബാങ്കിന്റെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് സഹിതം ബോർഡിൽ നൽകണം. മൂല്യവർദ്ധിതനാളികേരോത്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകൾക്കു ധനസഹായം നൽകും. വിപണി വികസനത്തിനായി പദ്ധതിച്ചെലവിന്റെ 50 ശതമാനം നിരക്കിൽ വ്യക്തികൾക്കു 10 ലക്ഷം രൂപയും സഹകരണസ്ഥാപനങ്ങൾക്കു പദ്ധതിച്ചെലവിന്റെ 100 ശതമാനം നിരക്കിൽ 25 ലക്ഷം രൂപയും പരമാവധി ധനസഹായം നൽകുന്നു.

## 6.16 കേരോത്പാദകസംഘങ്ങൾ

കൃഷിയിൽ ശാസ്ത്രീയരീതികൾ അവലംബിച്ച് ഉത്പാദനം മെച്ചപ്പെടുത്തുന്നതോടൊപ്പം നാളികേരസംഭരണം, സംസ്കരണം, വിപണനം എന്നീ തലങ്ങളിൽ ഫലവത്തായ പങ്കുവഹിക്കുകയാണു ലക്ഷ്യം. കായ്ക്കുന്ന 10 തെങ്ങെങ്കിലും സ്വന്തമായുള്ള കർഷകർക്ക് ഇതിൽ അംഗമാകാം. ശരാശരി 4000-5000 തെങ്ങെങ്കിലും ഓരോ സി.പി.എസി ന്റെയും പ്രവർത്തനപരിധിയിൽ ഉണ്ടാവണം. സംഘം നാളികേരവികസനബോർഡിൽ രജിസ്റ്റർ

ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസായ 200 രൂപ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റിനൊപ്പം നിശ്ചിത അപേക്ഷാഫോമിൽ നൽകണം.

## 6.17 തെങ്ങു പുനർനടീൽ

നാളികേരവികസനബോർഡും സംസ്ഥാനകൃഷിവകുപ്പും സംയുക്തമായി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ നടപ്പാക്കുന്നു. രോഗവും പ്രായാധിക്യവുമുള്ള തെങ്ങുകൾ മുറിച്ചുമാറ്റാൻ ഹെക്ടറൊന്നിനു പരമാവധി 13,000 രൂപയും പുനരുദ്ധാരണത്തിന് ഹെക്ടറിനു 15,000 രൂപയും രണ്ടുവർഷത്തേക്കു പുനർനടീലിനു തൈ ഒന്നിന് 20 രൂപയും നൽകും.

## 6.18 തെങ്ങുകളുടെ ചങ്ങാതിക്കൂട്ടം

യന്ത്രമുപയോഗിച്ച് തെങ്ങുകയറാൻ സന്നദ്ധരായ യുവതീയുവാക്കളെ പരിശീലിപ്പിക്കുന്ന നൂതനപദ്ധതി. ഇതുവഴി തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കപ്പെടുന്നു. ഒരു ഫോൺ വിളിയിൽ ഇവരുടെ സേവനം കർഷകർക്കു ലഭ്യമാക്കുന്നു.

വിലാസം:
നാളികേരവികസനബോർഡ്
കേരഭവൻ, SRVHS റോഡ്, കൊച്ചി - 682011
ഫോൺ: 04842377266, 2377267

കൃഷിവകുപ്പ് ആസ്ഥാനം:
ഡയറക്ടർ,
കൃഷിവകുപ്പ്, വികാസ്ഭവൻ,
തിരുവനന്തപുരം 695033

ഫോൺ: 0471-2304480, 230474

# — 7 —

# ക്ഷീരവികസന വകുപ്പ്

## 7.1 മിൽക്ക് ഷെഡ് വികസന പദ്ധതി, മിൽക്ക് സോൺ രൂപീകരണപദ്ധത, ക്ഷീരഗ്രാമം പദ്ധതി

ലഭിക്കുന്ന സഹായം, സേവനങ്ങൾ.

**കറവപ്പശുവിനെ വാങ്ങാൻ ധനസഹായം**

കറവപ്പശുവിനെയോ എരുമയെയോ വാങ്ങാൻ ക്ഷീരകർഷകർക്കുള്ള ധനസഹായ പദ്ധതി. ഒരു പശു, രണ്ടു പശു, അഞ്ചു പശു, പത്തു പശു വീതമുള്ള ഡെയറി ഫാമുകൾ ആരംഭിക്കാൻ യഥാക്രമം 32,000, 64,000, 1,75,000, 3,50,000, രൂപ നിരക്കിൽ ധനസഹായം ലഭിക്കുന്നു.

**കിടാരിവളർത്തൽ യൂണിറ്റുകൾക്കുള്ള ധനസഹായം**

5, 10 വീതമുള്ള കിടാരികളുടെ യൂണിറ്റുകൾ ആരംഭിക്കാൻ യഥാക്രമം 90,500, 1,81,200 രൂപ നിരക്കിൽ ധനസഹായം ലഭിക്കുന്നു.

**കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം**

കറവയന്ത്രത്തിന്റെ വിലയുടെ 50 ശതമാനം അഥവാ പരമാവധി 25,000 രൂപ ധനസഹായം ലഭിക്കും.

**കാലിത്തൊഴുത്ത് നിർമ്മാണം, പുനരുദ്ധാരണം**

പുതിയ കാലിത്തൊഴുത്ത് നിർമ്മിക്കാനും പഴയവ പുതുക്കിപ്പണിയാനും ആകെ ചെലവഴിക്കുന്ന തുകയുടെ 50% അഥവാ പരമാവധി 50,000 രൂപ ധനസഹായം.

### ഡെയറി ഫാം ആധുനികീകരിക്കാൻ ധനസഹായം

ഈ പദ്ധതിപ്രകാരം ഡെയറി ഫാം ആധുനികീകരിക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിലേക്ക് അവശ്യാധിഷ്ഠിതധനസഹായം നൽകുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഒന്നോ അതിലധികമോ ഇനങ്ങൾക്ക് അപേക്ഷിക്കാം. ചെലവാകുന്ന തുകയുടെ 50% അഥവാ പരമാവധി 50,000 രൂപയാണ് ധനസഹായം. മിൽക്ക് ക്യാൻ, റബ്ബർ മാറ്റ്, ഓട്ടോമാറ്റിക് വാട്ടർ ബൗൾ, ജനറേറ്റർ, സ്പ്രിംഗ്ളർ, മോട്ടോർ പമ്പ്, സ്ലറി പമ്പ്, സോളാർ വാട്ടർ ഹീറ്റർ, ഫാൻ, കുഴൽക്കിണർ, വാട്ടർ ടാങ്ക് മുതലായവ ലിസ്റ്റിൽപ്പെടുന്നു.

1. വുമൺ ക്യാറ്റിൽ കെയർ വർക്കർ — വകുപ്പിലെ 162 ബ്ലോക്കുകളിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ മിൽക്ക് ഷെഡ് വികസന പദ്ധതി നടത്തിപ്പിനെ സഹായിക്കാൻ ഓരോ വുമൺ ക്യാറ്റിൽ കെയർ വർക്കറിനെ നിയമിക്കുന്നു. പ്രതിമാസം 3,600 രൂപ ഇൻസെന്റീവ് നൽകും.
2. ഡെയറി സോൺ — സംസ്ഥാനത്തെ 50 ക്ഷീരവികസന യൂണിറ്റുകൾ തെരഞ്ഞെടുത്ത് പ്രത്യേക ഡെയറിവികസനപദ്ധതികൾ നടപ്പിലാക്കുന്നു.
3. ക്ഷീരഗ്രാമം പദ്ധതി -- സംസ്ഥാനത്തെ അഞ്ചു പഞ്ചായത്തുകളിൽ പ്രത്യേക ക്ഷീരവികസനപദ്ധതികൾ നടപ്പിലാക്കുന്നു.
4. ഗോകുലം ഡെയറി യൂണിറ്റ് -- അഞ്ചു പശുക്കൾ അടങ്ങിയ ആധുനികസൗകര്യങ്ങളോടുകൂടിയ ഡെയറി ഫാം സ്ഥാപിക്കുന്നതിന് ഡെയറി സോൺ, ക്ഷീരഗ്രാമം പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന പദ്ധതി. 1,80,000 രൂപയാണ് സബ്സിഡിയായി നൽകുന്നത്.
5. കറപ്പശുക്കൾക്ക് അന്തരീക്ഷസമ്മർദ്ദം കുറയ്ക്കുന്നതിനുള്ള ധനസഹായപദ്ധതി (ഡെയറി സോൺ/ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടത്) — അഞ്ചോ അതിലധികമോ പശുക്കളെ വളർത്തുന്ന പുരോഗമനകർഷകർക്ക് ഡെയറി ഫാമിൽ അന്തരീക്ഷസമ്മർദ്ദം കുറയ്ക്കാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ ധനസഹായം നൽകുന്നു. ചെലവാകുന്ന തുകയുടെ 50% അഥവാ പരമാവധി 25,000 രൂപയാണ് ധനസഹായം.
6. ധാതുലവണമിശ്രിതം വിതരണപദ്ധതി -- ക്ഷീരസംഘങ്ങൾ മുഖേന ഒരു കി.ഗ്രാം വീതം ധാതുലവണമിശ്രിതം 75% സബ്സിഡിയോടെ വിതരണം ചെയ്യുന്നു. ഡെയറി സോൺ/ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെട്ട ക്ഷീരകർഷകർക്കാണ് ഇതു ലഭിക്കുന്നത്.
7. സൈലേജ് നിർമ്മാണത്തിനുള്ള ധനസഹായപദ്ധതി -- ഡെയറി സോൺ/ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ടാങ്ക് സൈലോ നിർമ്മിക്കാൻ 12,000 രൂപ സബ്സിഡിയോടുകൂടി പദ്ധതി നടപ്പിലാക്കുന്നു.
8. വെർമി കമ്പോസ്റ്റ് പദ്ധതി -- ഡെയറി സോൺ/ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വെർമി കമ്പോസ്റ്റ് ചെയ്യുന്നതിനായി 19,500 രൂപ ധനസഹായം നൽകുന്നു.

**അർഹതാമാനദണ്ഡം:**

1 **കറവപ്പശുക്കളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് (1/2/5/10 പശുയൂണിറ്റുകൾ) കിടാരി വളർത്തൽ യൂണിറ്റുകൾ/ഗോകുലം ഡെയറി യൂണിറ്റ്:**

(i) പുതിയതായി ഫാം തുടങ്ങുന്ന കർഷകർക്കും സംരംഭകർക്കും പരിഗണന.
(ii) ഗോധനം പദ്ധതി പ്രകാരം തനതുവർഗ്ഗ (നാടൻ)പശുക്കളേയും വാങ്ങാം.
(iii) അയൽസംസ്ഥാനങ്ങളിൽനിന്ന് ആയിരിക്കണം പശുക്കളെ/ എരുമകളെ/ കിടാരികളെ വാങ്ങേണ്ടത്
(iv) ഗുണഭോക്തൃവിഹിതം ബാങ്ക് ലോൺ മുഖേനയോ സ്വന്തമായോ കണ്ടെത്താം.
(v) വകുപ്പ് തയ്യാറാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും പ്രോജക്ട് റിപ്പോർട്ടിനും വിധേയമായാണ് പദ്ധതി നടപ്പിലാക്കുന്നത്.
(vi) അഞ്ചു പശു/ കിടാരി യൂണിറ്റുകൾക്ക് 25സെന്റിൽ കുറയാത്ത സ്ഥലത്ത് തീറ്റപ്പുൽക്കൃഷി അനിവാര്യം. പത്തു പശു/ കിടാരി യൂണിറ്റുകൾക്ക് 50 സെന്റ് സ്ഥലത്തെങ്കിലും പുൽക്കൃഷി അനിവാര്യം.
(vii) തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ 150 രൂപ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം.

2 **കറവയന്ത്രം/ഡെയറി ഫാമുകളുടെ ആധുനികീകരണം/ കറവപ്പശുക്കൾക്ക് അന്തരീക്ഷ സമ്മർദ്ദം കുറയ്ക്കുന്നതിനായുള്ള ധനസഹായപദ്ധതി:** 5-ൽ കൂടുതൽ ഉരുക്കളെ വളർത്തുന്ന കർഷകർക്ക് മുൻഗണന. രജിസ്ട്രേഷൻ ഫീസ് 150 രൂപ അടയ്ക്കണം.

3 **കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം:** തൊഴുത്തിന്റെ അംഗീകരിച്ച പ്ലാൻ (അംഗീകൃത ലൈസൻസ് ഉള്ള സിവിൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത്), എസ്റ്റിമേറ്റ് എന്നിവ അപേക്ഷയോടൊപ്പം നൽകണം. തൊഴുത്ത് നിർമ്മാണത്തിന്റെ അനുബന്ധപണികൾ പഞ്ചായത്തുതല തൊഴിലുറപ്പുപദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ചെയ്യാം.

4 **വുമൺ ക്യാറ്റിൽ കെയർ വർക്കർ:** ക്ഷീരസംഘങ്ങളിലെ അംഗങ്ങളായ/ ക്ഷീരകർഷകവനിതകൾക്കു മുൻഗണന. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിയമനനിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും. പദ്ധതിപ്രകാരം അംഗീകാരം ലഭിക്കുന്ന ഇൻസെന്റീവ് തുകയാണ് ലഭിക്കുക.

5 **സൈലേജ് നിർമ്മാണം/വെർമി കമ്പോസ്റ്റ് പദ്ധതി:** അഞ്ചോ അതിലധികമോ പശുക്കളെ വളർത്തുന്നവർക്കു മുൻഗണന, വകുപ്പിന്റെ പദ്ധതിമാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായിരിക്കും. രജിസ്ട്രേഷൻ ഫീസ് 150 രൂപ.

**അപേക്ഷിക്കേണ്ട വിധം:** നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷ തയ്യാറാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം അതതു ബ്ലോക്കിലുള്ള ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ/ ക്ഷീരസംഘം മുഖേന നൽകണം. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോം ബ്ലോക്കുതലത്തിലുള്ള ക്ഷീരവികസന യൂണിറ്റ് ഓഫീസ്/ ജില്ലാ ക്ഷീരവികസന ഓഫീസ്/ ക്ഷീരവികസന വകുപ്പിന്റെ വെബ്സൈറ്റ് എന്നിവയിൽ നിന്ന് ലഭിക്കും.

**അപേക്ഷിക്കേണ്ട വിലാസം:** അതതു ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസ

നയൂണിറ്റ് ഓഫീസ്.

**സമയപരിധി:** അപേക്ഷ സ്വീകരിക്കുന്ന തീയതി പത്രങ്ങളോ റേഡിയോയോ വഴിയും ക്ഷീരസഹകരണസംഘങ്ങളിലും പ്രസിദ്ധപ്പെടുത്തും.

**നടപ്പാക്കുന്നത സ്ഥാപനത്തിന്റെ വിവരം:** ബ്ലോക്കുതലത്തിലുള്ള ക്ഷീരവികസന യൂണിറ്റ് ഓഫീസുകളുടെ മേൽവിലാസവും ഫോൺ നമ്പരും അനുബന്ധമായി കൊടുക്കുന്നു.

**വെബ്സൈറ്റ്:** http://www.keraladairy.gov.in

## 7.2 തീറ്റപ്പുൽക്കൃഷിവ്യാപനം

### ലഭിക്കുന്ന സഹായം/സേവനം

1. 20 സെന്റിൽ കൂടുതലും 20 സെന്റിൽ കുറവും തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിനുള്ള ധനസഹായം

   20 സെന്റിലധികം കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 20,000 രൂപ സബ്സിഡി ലഭിക്കും (സെന്റ് ഒന്നിന് 50 രൂപാക്രമത്തിൽ സബ്സിഡിയും സൗജന്യമായി തീറ്റപ്പുൽക്കടകയും). 20 സെന്റിൽത്താഴെ കൃഷി ചെയ്യുന്നവർക്ക് നടീൽവസ്തുക്കൾ മാത്രം സൗജന്യമായി നൽകുന്നു.
2. ക്ഷീരസഹകരണസംഘങ്ങളുടെ പരിധിയിൽ പശുപരിപാലനത്തിൽ താല്പര്യമുള്ള വനിതകളെ ഉൾപ്പെടുത്തി വനിതാഗ്രൂപ്പുകളാക്കി (ഗോപാലികാഗ്രൂപ്പ്) തീറ്റപ്പുൽക്കൃഷിയും അതിന്റെ വിതരണവും നടപ്പിലാക്കുന്നു. യൂണിറ്റ് ഒന്നിന് ചെലവിന്റെ 75% അഥവാ പരമാവധി 75,000 രൂപ ധനസഹായം നൽകുന്നു.
3. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശോ ഉപയോഗശൂന്യമോ ആയ ഭൂമി കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി നടപ്പിലാക്കുന്നു. ഹെക്ടർ ഒന്നിന് 93,092 രൂപ ധനസഹായം നൽകുന്നു.
4. ഹ്രസ്വകാലവിളകളായ ചോളം, വൻപയർ, മണിച്ചോളം എന്നിവ കൃഷിചെയ്യാൻ അവയുടെ വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നു.
5. പുൽവെട്ട് യന്ത്രം - ചാഫ് കട്ടർ വാങ്ങാൻ വിലയുടെ 50% (പരമാവധി 10,000 രൂപ) ധനസഹായമായി നൽകുന്നു.
6. തീറ്റപ്പുൽക്കൃഷിത്തോട്ടങ്ങളിൽ ജലസേചനസൗകര്യം ഒരുക്കുക്കാൻ ധനസഹായം നൽകുന്നു. ചെലവാകുന്ന തുകയുടെ 50% അഥവാ പരമാവധി 10,000 രൂപ ധനസഹായം.
7. ഒരു ഏക്കറിൽക്കൂടുതൽ തീറ്റപ്പുൽക്കൃഷി ചെയ്യുന്ന തോട്ടങ്ങളിൽ ജലസേചനസൗകര്യം ഒരുക്കാനുള്ള ധനസഹായപദ്ധതി. ചെലവാകുന്ന തുകയുടെ 50% അഥവാ പരമാവധി 25,000 രൂപ ലഭിക്കുന്നു.
8. അസോളക്കൃഷിക്കുള്ള ധനസഹായം - അസോള കൃഷിക്ക് യൂണിറ്റൊന്നിന് 475 രൂപ

വിലവരുന്ന, കൃഷിയ്ക്കാവശ്യമായ സാധനങ്ങളടങ്ങിയ കിറ്റും കൃഷിച്ചെലവിനായി 125 രൂപയും നൽകുന്നു.

9. കാലിത്തീറ്റ വൃക്ഷവിളകൾ - കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന സുബാബുൾ, അഗത്തി മുതലായ വൃക്ഷങ്ങളുടെ തൈകൾ സൗജന്യമായി നൽകുന്നു.
10. തീറ്റപ്പുൽ/അസോള നേഴ്സറി – തീറ്റപ്പുൽക്കൃഷി ചെയ്യാനാവശ്യമായ പുൽക്കടകളും അസോളവിത്തും ഉദ്പാദിപ്പിച്ച് കർഷകർക്കു വിതരണം ചെയ്യാനായി നേഴ്സറികൾ സ്ഥാപിക്കുന്നതിന് 90,000 രൂപ ധനസഹായം നൽകുന്നു.
11. ഹൈഡ്രോപോണിക് തീറ്റപ്പുൽക്കൃഷി – തീറ്റപ്പുല്ലുല്പാദനത്തിനു ചെലവുകുറഞ്ഞ ഹൈഡ്രോപോണിക് മെഷീനുകൾ സ്ഥാപിക്കുന്നതിന് 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്ക് യഥാക്രമം 80,000, 1,13,000, 1,45,000 രൂപ എന്ന ക്രമത്തിൽ ധനസഹായം അനുവദിക്കുന്നു.

**അർഹതാമാനദണ്ഡം**

1 **ദീർഘകാലതീറ്റപ്പുൽക്കൃഷി/ഹ്രസ്വകാലതീറ്റപ്പുൽകൃഷി/അസോള കൃഷി:** ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്കു മുൻഗണന. സ്വന്തം ഭൂമിയിലോ പാട്ടത്തിനെടുത്ത ഭൂമിയിലോ കൃഷി ചെയ്യാം. തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾ സെന്റൊന്നിന് 9 രൂപ ക്രമത്തിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. (20 സെന്റിനു മുകളിലുള്ള തീറ്റപ്പുൽകൃഷിയ്ക്ക്) അസോള കൃഷിക്കു ഗുണഭോക്താക്കൾ 75 രൂപവീതം രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം.

2 **ജലസേചനസൗകര്യം:** 50 സെന്റിൽ കൂടുതൽ തീറ്റപ്പുൽ കൃഷിചെയ്യുന്ന കർഷകർക്കു മുൻഗണന. രജിസ്ട്രേഷൻ ഫീസ് 150 രൂപ

3 **ചാഫ് കട്ടർ/പുൽവെട്ട് യന്ത്രം:** 50 സെന്റിൽ കൂടുതൽ കൃഷി ചെയ്യുന്നവർക്കു മുൻഗണന. രജിസ്ട്രേഷൻ ഫീസ് 150 രൂപ.

4 **ചെലവു കുറഞ്ഞ ഹൈഡ്രോപോണിക് കൃഷി:** പുരോഗമനകർഷകർക്കും ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കും മുൻഗണന. പത്തു സെന്റിലെങ്കിലും തീറ്റപ്പുൽ കൃഷി ചെയ്യുന്നവരായിരിക്കണം.

5 **അസോള/തീറ്റപ്പുൽക്കൃഷി നേഴ്സറി:** പുരോഗമനകർഷകർക്കും സ്വന്തം ഭൂമിയുള്ളവർക്കും മുൻഗണന. സ്വന്തം ഭൂമിയിലോ പാട്ടത്തിനെടുത്ത ഭൂമിയിലോ കൃഷിചെയ്യാം. രജിസ്ട്രേഷൻ ഫീസ് 150 രൂപ.

6 **തരിശുഭൂമിയിലെ തീറ്റപ്പുൽക്കൃഷി:** ഗുണഭോക്താവ് കുറഞ്ഞത് ഒരുഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യണം. കുറഞ്ഞത് ഒരു യൂണിറ്റിന് ഒരേക്കർ സ്ഥലം ആവശ്യമാണ്. അടുത്തുള്ള ക്ഷീരസംഘവുമായി ചേർന്നാണു പദ്ധതി നടപ്പിലാക്കേണ്ടത്. സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയാണു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പദ്ധതി ബാങ്ക് വായ്പയുമായി ബന്ധപ്പെട്ടാണ് നടപ്പിലാക്കുന്നത്. വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും പ്രോജക്ട് റിപ്പോർട്ടിനും വിധേയമായിട്ടായിരിക്കും പദ്ധതി

നടപ്പിലാക്കുന്നത്.

7 **വനിത/സ്വയംസഹായ ഗ്രൂപ്പുകൾ മുഖേനയുള്ള തീറ്റപ്പുൽക്കൃഷിയും വിതരണം:** ക്ഷീരസംഘത്തിന്റെ പരിധിയിൽപ്പെട്ട സ്വയംസഹായ ഗ്രൂപ്പുകൾക്കും പത്തുപേരടങ്ങിയ വനിതാഗ്രൂപ്പുകൾക്കും അപേക്ഷിക്കാം. കുറഞ്ഞത് ഒരേക്കർ സ്ഥലത്ത് കൃഷി ചെയ്യണം. സ്വന്തം ഭൂമിയിലോ പാട്ടത്തിനെടുത്ത ഭൂമിയിലോ കൃഷി ചെയ്യാം. രജിസ്ട്രേഷൻ ഫീസ് 150 രൂപ.

**അപേക്ഷിക്കേണ്ട വിധം:** നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ തയ്യാറാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം അതതു ബ്ലോക്കിലുള്ള ക്ഷീരവികസനയൂണിറ്റ് ഓഫീസിൽ/ ക്ഷീരസംഘങ്ങൾ മുഖേന നൽകണം. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോം ബ്ലോക്കുതലത്തിലുള്ള ക്ഷീരവികസന യൂണിറ്റ് ഓഫീസ്/ ജില്ലാ ക്ഷീരവികസന ഓഫീസ്/ ക്ഷീരവികസനവകുപ്പിന്റെ വെബ്സൈറ്റ് എന്നിവയിൽ നിന്നു ലഭിക്കും.

**അപേക്ഷിക്കേണ്ട വിലാസം:** അതതു ബ്ലോക്കു പ്രദേശത്തു പ്രവർത്തിക്കുന്ന ക്ഷീരവികസനയൂണിറ്റ് ഓഫീസ്

**സമയപരിധി:** അപേക്ഷ സ്വീകരിക്കുന്ന തീയതി പത്രങ്ങളും റേഡിയോയും വഴിയും ക്ഷീരസഹകരണസംഘങ്ങളിലും പ്രസിദ്ധപ്പെടുത്തും.

**നടപ്പാക്കുന്ന സ്ഥാപനത്തിന്റെ വിവരം:** ബ്ലോക്കുതലത്തിലുള്ള ക്ഷീരവികസനയൂണിറ്റ് ഓഫീസുകളുടെ മേൽവിലാസവും ഫോൺ നമ്പരും അനുബന്ധമായി കൊടുക്കുന്നു.

**വെബ്സൈറ്റ്:** http://www.keraladairy.gov.in

## 7.3 ഗ്രാമീണ വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ

### ലഭിക്കുന്ന സഹായം/സേവനങ്ങൾ

ക്ഷീരകർഷകർക്കും സംരംഭകർക്കും ആവശ്യമായ പരിശീലനങ്ങൾ വകുപ്പിന്റെ ക്ഷീരപരിശീലനകേന്ദ്രങ്ങൾ മുഖേന നൽകുന്നു. തിരുവനന്തപുരം, ഓച്ചിറ (കൊല്ലം), കോട്ടയം, ആലത്തൂർ (പാലക്കാട്), കോഴിക്കോട് എന്നിവിടങ്ങളിലായി അഞ്ചു പരിശീലനകേന്ദ്രങ്ങളും അടൂർ അമ്മകണ്ടകരയിൽ ഒരു സാറ്റലൈറ്റ് പരിശീലനകേന്ദ്രവും ക്ഷീരവികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

### പ്രധാന പരിശീലനപരിപാടികൾ

| ക്രമ നം. | പരിശീലന പരിപാടി | പരിശീലന ദിനങ്ങൾ |
|---|---|---|
| 1 | കർഷകർക്കു ശാസ്ത്രീയപശുപരിപാലനം | 6 ദിവസം |
| 2 | തീറ്റപ്പുൽക്കൃഷിപരിശീലനം | 2 ദിവസം |

| | | |
|---|---|---|
| 3 | ശുദ്ധമായ പാലുല്പാദനം | 2 ദിവസം |
| 4 | പാലുല്പന്ന നിർമ്മാണപരിശീലനം | 10 ദിവസം |
| 5 | ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്കുള്ള പരിശീലന പരിപാടി | 2 ദിവസം |
| 6 | ക്ഷീരസംഘം സെക്രട്ടറിമാർക്കുള്ള പരിശീലനം | 3 ദിവസം |
| 7 | ക്ഷീരസംഘം ലാബ് അസിസ്റ്റന്റുമാർക്കുള്ള പരിശീലനം | 3 ദിവസം |
| 8 | വൊക്കേഷണൽ ഹയർ സെൻഡറി വിദ്യാർത്ഥികൾക്കും ഈ രംഗത്തെ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്കുമുള്ള പരിശീലനം | 10 മുതൽ 30 ദിവസം വരെ (ആവശ്യാർത്ഥം) |
| 9 | വകുപ്പുദ്യോഗസ്ഥർക്കുള്ള വിവിധ പരിശീലനം | 2—5 ദിവസം വരെ |

- കർഷകർക്കു പരിശീലനങ്ങൾക്കായി ക്ഷീരപരിശീലനകേന്ദ്രങ്ങളിൽ നേരിട്ടു ബന്ധപ്പെട്ടോ അടുത്തുള്ള ക്ഷീരസംഘം/ ക്ഷീരവികസന യൂണിറ്റ് മുഖേനയോ പേരു രജിസ്റ്റർ ചെയ്യാം.
- പരിശീലനത്തിൽ പങ്കെടുക്കുന്ന ക്ഷീരകർഷകർക്കു ഭക്ഷണവും അർഹമായ ദിനബത്ത/ യാത്രാബത്തയും നൽകുന്നു.
- പരിശീലനാർത്ഥികൾ പാലുല്പന്നനിർമ്മാണപരിശീലനത്തിന് 115 രൂപയും മറ്റു പരിശീലനപരിപാടികൾക്ക് 10 രൂപവീതവും രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം.

**ക്ഷീരപരിശീലനകേന്ദ്രങ്ങളുടെ ഫോൺ നമ്പരുകൾ, ഇ-മെയിൽ വിലാസം:**

| ക്ഷീരപരിശീലനകേന്ദ്രം | ഫോൺ നമ്പർ | ഇ-മെയിൽ വിലാസം |
|---|---|---|
| തിരുവനന്തപുരം | 0471-2440911 | principaldtctvm@gmail.com |
| ഓച്ചിറ/കൊല്ലം | 0476-2698550 | dtcoachira@gmail.com |
| കോട്ടയം | 0481-2302223 | dtcktm@gmail.com |
| ആലത്തൂർ (പാലക്കാട്) | 0492-2226040 | dtcalathur@gmail.com |
| കോഴിക്കോട് | 0495-2414579 | dtcdairyclt@gmail.com |

1. കർഷകസമ്പർക്കപരിപാടി

2. ഗുണനിലവാരബോധവൽക്കരണപരിപാടി
3. ക്ഷീരസംഗമങ്ങൾ (ബ്ലോക്ക്/ജില്ല/സംസ്ഥാനതലം) — ക്ഷീരകർഷകപാർലമെന്റ്, കന്നുകാലിപ്രദർശനം, സെമിനാറുകൾ, ഡെയറി എക്സ്പോ എന്നിവ സംസ്ഥാനതലത്തിലും ബ്ലോക്ക്/ജില്ലാതലത്തിൽ എക്സിബിഷനുകൾ, സെമിനാറുകൾ, കന്നുകാലിപ്രദർശനമത്സരം, മികച്ച കർഷകരെ ആദരിക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.
4. ക്ഷീരസഹകാരി അവാർഡുകൾ — സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പാൽ ക്ഷീരസംഘത്തിൽ അളന്ന കർഷകന് ഒരുലക്ഷം രൂപയും കൂടാതെ മൂന്നു മേഖലകളിലുമായി ജനറൽ, വനിത, എസ്. സി/എസ്. റ്റി വിഭാഗത്തിൽ ഏറ്റവും കൂടുതൽ പാൽ അളന്നവർക്ക് 50,000 രൂപ വീതവും ജില്ലാതലത്തിൽ ജനറൽ വനിത, എസ്. സി/എസ്. റ്റി വിഭാഗത്തിൽ ഏറ്റവും കൂടുതൽ പാൽ അളന്നവർക്ക് 20,000 രൂപ വീതവും അവാർഡ് നൽകുന്നു.
5. സ്കൂൾ ഡെയറി ക്ലബ്ബുകൾ — സ്കൂൾക്കുട്ടികളെ ക്ഷീരമേഖലയുടെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനും ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി സ്കൂൾ ഡെയറി ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. 53 സ്കൂൾ ഡെയറി ക്ലബ്ബുകൾ നിലവിലുണ്ട്. തൻവർഷം 25,000 രൂപ ധനസഹായത്തോടുകൂടി 10 ഡെയറി ക്ലബ്ബുകൾകൂടി സംസ്ഥാനത്ത് സ്ഥാപിക്കുന്നു.
6. കണ്ടിജൻസി ഫണ്ട് — പ്രകൃതിദുരന്തം, പെട്ടെന്നുള്ള അസുഖം, അപകടം, അകിടുവീക്കം, കുളമ്പുരോഗം എന്നിവമൂലം കന്നുകാലികളെ നഷ്ടപ്പെടുന്ന കർഷകർക്ക ധനസഹായമായി 10,000 രൂപ അനുവദിക്കും. പോസ്റ്റുമോർട്ടം റിപ്പോർട്ട്, ഫോട്ടോ എന്നിവ സഹിതം ക്ഷീരവികസനയൂണിറ്റിൽ നിർദ്ദിഷ്ടമാതൃകയിൽ പൂരിപ്പിച്ച അപേക്ഷ നൽകണം.
7. സമഗ്ര ഇൻഷുറൻസ് പദ്ധതി — കേരളത്തിലെ കാലികളെയും കാലിയുടമകളെയും ഉൾപ്പെടുത്തിയിട്ടുള്ള സമഗ്ര ഇൻഷുറൻസ് പദ്ധതി 2017-18 വർഷം വകുപ്പ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. 25 ലക്ഷം രൂപയാണ് ഈയിനത്തിൽ വകയിരുത്തിയിരിക്കുന്നത്. ഈ മേഖലയിലെ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടായിരിക്കും പദ്ധതിപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.
8. ഡെയറിസംരംഭകർക്കുള്ള 20 പശു ഡെയറി യൂണിറ്റ് –– യുവാക്കൾ/എൻ. ആർ. ഐ. കർഷകർക്കായി 20 പശു യൂണിറ്റ് (ഹൈടെക് ഡെയറി യൂണിറ്റ്) സ്ഥാപിക്കാൻ ധനസഹായം നൽകുന്നു.
9. ക്ഷീരകർഷകർക്കുള്ള പഠനയാത്ര — സംസ്ഥാനത്തെ തെരഞ്ഞെടുത്ത മാതൃകാക്ഷീരകർഷകർക്ക് രാജ്യത്തെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും റിസർച്ച് സ്റ്റേഷനുകളും ഡെയറി ഫാമുകളും സന്ദർശിക്കുന്നതിനും ഈ മേഖലയിലെ വിവിധവശങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനുമായി 30 കർഷകർക്ക് അഖിലേന്ത്യാപഠനയാത്രയ്ക്ക് 2017-18 വർഷത്തിൽ അവസരം ഉണ്ടായിരിക്കും.

## 7.4 കാലിത്തീറ്റധനസഹായം

- ക്ഷീരസഹകരണസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർക്കു പാലിന്റെ അളവനുസരിച്ച് ലിറ്ററിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റയുടെ വിലയിൽ സബ്സിഡി കർഷകരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു.
- അപേക്ഷാഫോറവും അനുബന്ധരേഖകളും സംഘത്തിൽ പാൽ നൽകിയ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ക്ഷീരസഹകരണസംഘങ്ങൾമുഖേന ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ സമർപ്പിക്കണം.

## 7.5 ക്ഷീരസഹകരണസംഘങ്ങളുടെ നവീകരണം

- സംസ്ഥാനത്തു പ്രവർത്തിക്കുന്ന 3,673 ക്ഷീരസഹകരണസംഘങ്ങളുടെ നവീകരണത്തിലൂടെ സംഘങ്ങളിലെ പാൽസംഭരണം ശുചിയായും പരിശോധന സുതാര്യമായും നടത്തുകവഴി കർഷകർക്ക് സ്ഥിരമായി വിപണിയും ന്യായമായ വിലയും ഉറപ്പുവരുത്തുന്നു.
- ഉപഭോക്താക്കൾക്കു ശുദ്ധവും സുരക്ഷിതവുമായ പാൽ ലഭ്യമാക്കുന്നു
- ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കാൻ ആവശ്യമായ പരിശീലനം ക്ഷീരസംഘം ഭാരവാഹികൾക്കും ജീവനക്കാർക്കും നൽകിവരുന്നു.
- ഇതിനുപുറമേ ഭക്ഷ്യസുരക്ഷാനിയമം അനുശാസിക്കുന്ന തയ്യാറെടുപ്പുകൾ സംഘതലത്തിൽ നടത്താൻ ആവശ്യമായ ധനസഹായവും വകുപ്പുമുഖേന നൽകുന്നു.
- ക്ഷീരസംഘങ്ങളുടെ പാൽസംഭരണ-വിതരണശൃംഖല ശക്തിപ്പെടുത്താൻ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിനും വകുപ്പ് ധനസഹായം നൽകുന്നു.

## 7.6 പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ

- പാലിന്റെ ഗുണനിലവാരത്തിന് അനുസൃതമായി കർഷകർക്കു പാൽവില കിട്ടുന്നതിനും അതോടൊപ്പം പൊതുവിപണിയിൽ ഗുണനിലവാരമുള്ള പാലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പ്രവർത്തനങ്ങളാണ് വകുപ്പു ചെയ്തുകൊണ്ടിരിക്കുന്നത്.
- 14 ജില്ലാആസ്ഥാനങ്ങളിൽ പാലിന്റെ എല്ലാവിധ രാസപരിശോധനകളും നടത്തുന്നതിനുള്ള ആധുനിക ഉപകരണങ്ങളോടെയുള്ള ജില്ലാലബോറട്ടറികൾ നിലവിലുണ്ട്.
- ഇതോടൊപ്പം ആലത്തൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ അത്യാധുനിക സൗകര്യത്തോടുകൂടി രണ്ട് സ്റ്റേറ്റ് ഡെയറി ലാബുകളും ഉണ്ട്.
- എൻ. എ. ബി. എൽ. അക്രെഡിറ്റേഷനോടുകൂടിയ തിരുവനന്തപുരത്തെ സ്റ്റേറ്റ് ലാബ്, തെക്കേയിന്ത്യയിലെതന്നെ ഏറ്റവും മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഈ ലാബിൽ പാലിന്റെ സാധാരണ രാസപരിശോധനകൾക്കു പുറമേ പാലിൽ കണ്ടേക്കാവുന്ന കീടനാശിനികൾ, ഘനലോഹങ്ങൾ എന്നിവ കണ്ടെത്തുന്നതിന് ആവശ്യമായ ആധുനികോപകരണങ്ങളായ HPLC, MS എന്നിവയും സ്ഥാ

പിച്ചിട്ടുണ്ട്. പാൽ/പാലുല്പന്നങ്ങൾ/വെള്ളം/കാലിത്തീറ്റ എന്നിവയുടെ ന്യൂറോളം ഘടകങ്ങൾ പരിശോധിക്കാൻ സ്റ്റേറ്റ് ലാബ് സജ്ജമാണ്.

**ഡെയറി ലാബ് – ഫോൺ:** 0471-240074

**ഇ-മെയിൽ വിലാസം:** statedairylaboratory@gmail.com

- പാലിന്റെ അണുപരമായ നിലവാരം തിട്ടപ്പെടുത്താൻ ആവശ്യമായ സൗകര്യങ്ങൾ തിരുവനന്തപുരത്തെ സ്റ്റേറ്റ് ലാബ്, ആലത്തൂർ, ജില്ലാ ലാബുകളായ കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലും ലഭ്യമാണ്.
- എല്ലാ ജില്ലാ ലാബുകളിലും സംഘങ്ങളിലെ ഉപകരണങ്ങൾ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള കാലിബ്രേഷൻ ചെയ്തുകൊടുക്കുന്നുണ്ട്.
- പൊതുജനങ്ങൾക്ക് എല്ലാ ജില്ലാലാബുകളിലും മാർക്കറ്റ് സാമ്പിളുകൾ സൗജന്യമായി പരിശോധനയ്ക്കു നൽകാം.

## 7.7 കേന്ദ്രാവിഷ്കൃതപദ്ധതികൾ

കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളായ RKVY, NMPS, SIQ & CMP, IDDP എന്നിവയിലൂടെയും പതിമൂന്നാം ധനകാര്യക്കമ്മിഷൻ അനുവദിച്ച തുടങ്ങിയവയിലൂടെയും കർഷകർക്കു വിവിധ ധനസഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം 695004
ഫോൺ: 2445749, 2445799
ഇ-മെയിൽ: dairyddgen@gmail.com

## 7.8 മിൽമ

മിൽമ എന്ന അപരനാമത്തിൽ പ്രസിദ്ധമായ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (KCMMF) 1980 ഏപ്രിലിലാണ് സ്ഥാപിതമായത്. ഇതിന്റെ ഹെഡ് ഓഫീസ് തിരുവനന്തപുരം ജില്ലയിലെ പട്ടത്താണ്. 5,200 ഓളം റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ ഉള്ള മിൽമയ്ക്ക് ശക്തി പകരുന്നത് അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന 2,700 ക്ഷീരസഹകരണ സൊസൈറ്റികളും അതുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന എട്ടര ലക്ഷത്തോളം ക്ഷീരകർഷകരുമാണ്.

**വിലാസം:**

ഹെഡ് ഓഫീസ്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക്,
മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ),
മിൽമ ഭവൻ, പട്ടം പാലസ് പി. ഒ,
തിരുവനന്തപുരം 695004
ഫോൺ: 0471-2355981-85
www.milma.com

# 8

# തദ്ദേശസ്വയംഭരണവകുപ്പ്

## 8.1 പി. എം. എ. വൈ. (ഗ്രാമീൺ)

ഗ്രാമപ്രദേശങ്ങളിലെ വീടില്ലാത്ത എല്ലാവർക്കും വീടു നൽകുന്ന പദ്ധതി. കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ 60:40 അനുപാതത്തിൽ ചേർത്ത് 1,20,000 രൂപ. കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി പൊതുവിഭാഗത്തിന് 2 ലക്ഷവും എസ്. സി. വിഭാഗത്തിന് 3 ലക്ഷവും പട്ടികവർഗ്ഗക്കാർക്ക് 3.5 ലക്ഷവും രൂപ വീതം നൽകുന്നു. ധനസഹായത്തിനു പുറമേ മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധതൊഴിലും ഗുണഭോക്താക്കൾക്കു നൽകുന്നു. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു വായ്പയെടുക്കാനുള്ള സഹായവും നൽകും. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാനസൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവമാലിന്യസംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജനസാദ്ധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് 60 ചതു. മീറ്ററോ അതിൽ കൂടുതലോ തറവിസ്തീർണ്ണം ഉണ്ടായിരിക്കണം. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**അർഹത**

2011 ലെ സാമൂഹിക, സാമ്പത്തിക, ജാതി സെൻസസ് പട്ടിക പ്രകാരം വീടില്ലാത്തവർക്കാണ് അർഹത.

## 8.2 പി. എം. എ. വൈ. (നഗരം)

നഗരപ്രദേശത്തെ ഭവനരഹിതർക്ക് 2022-ഓടെ ഭവനം എന്ന ലക്ഷ്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ നഗരസഭകൾ മുഖേന നടപ്പാക്കുന്ന പദ്ധതി.

മൂന്ന ഘട്ടങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. ചേരിപുനഃരുദ്ധാരണം, പലിശ സബ്സിഡിയോടു കൂടിയ ഭവനവായ്പ, അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ്പ്, ഗുണഭോക്താക്കൾക്ക ധനസഹായം നൽകി ഗുണഭോക്താക്കൾ വീടു നിർമ്മിക്കുക എന്നീ നാലു ഘടകങ്ങളിലൂടെ നടപ്പാക്കുന്നു. കേരളത്തിൽഇപ്പോൾ രണ്ടു ഘടകങ്ങളാണ നടപ്പിലാക്കുന്നത്

## എ) പലിശ സബ്സിഡിയോടുകൂടിയ ഭവനവായ്പ

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും താണ വരുമാനവിഭാഗത്തിൽപ്പെട്ടവർക്കും വീടു വാങ്ങാനോ നിർമ്മിക്കാനോ പുനരുദ്ധാരണത്തിനോ ഭവനവായ്പ അനുവദിക്കും. ആറുലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 6.5% പലിശസബ്സിഡി ലഭിക്കും.

## ബി) ഗുണഭോക്തൃകേന്ദ്രിത ഭവനനിർമ്മാണം, പുനഃരുദ്ധാരണം

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും താണ വരുമാനവിഭാഗത്തിൽപ്പെട്ടവർക്കും വീടു നിർമ്മിക്കാനും വിപുലീകരിക്കാനും ധനസഹായം ലഭിക്കും. മൂന്ന ലക്ഷം രൂപയാണ് വീടുനിർമ്മാണത്തിനു ലഭിക്കുന്നത്.

### അർഹത

1. കുറഞ്ഞത് മൂന്ന വർഷമായി നഗരപ്രദേശത്തു താമസിക്കുന്ന കുടുംബങ്ങൾ
2. രാജ്യത്ത് ഒരിടത്തും കുടുംബത്തിനു സ്വന്തമായി വീട് ഉണ്ടായിരിക്കരുത്
3. മൂന്ന ലക്ഷം രൂപയിൽത്താഴെ വാർഷികവരുമാനമുള്ളവരാണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്.
4. കുറഞ്ഞ വരുമാനഗ്രൂപ്പിൽ 3 ലക്ഷം മുതൽ 6 ലക്ഷം വരെ രൂപ വരുമാനമുള്ളവർ ഉൾപ്പെടുന്നു.
5. 3 ലക്ഷംരൂപ ഒരു വീടിന്റെ നിർമ്മാണത്തിന്. ഇതിൽ 1.50 ലക്ഷംരൂപ കേന്ദ്രവിഹിതം, 50,000 രൂപ സംസ്ഥാനവിഹിതം, 50,000 രൂപ നഗരസഭാവിഹിതം 50,000 രൂപ ഗുണഭോക്തൃവിഹിതം
6. തറവിസ്തീർണം 30 ച. മീറ്റർ മുതൽ 60 ച. മീറ്റർ (642 ചതുരശ്രയടി) വരെ ഉള്ളതായിരിക്കണം.
7. സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ, തിരിച്ചറിയൽരേഖ, ബാങ്ക് അക്കൗണ്ട്, ഗുണഭോക്തൃകുടുംബം വീടു വയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തു നിൽക്കുന്ന ഫോട്ടോ തുടങ്ങിയവ ഗുണഭോക്താവ് ഹാജരാക്കണം.
8. പലിശസബ്സിഡിയോടുകൂടിയ ഭവനവായ്പയ്ക്ക് എല്ലാ ദേശസാൽകൃത / ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും ലോൺ ലഭിക്കുന്നു.
9. ആറുലക്ഷം രൂപ വായ്പയെടുക്കുന്ന ഗുണഭോക്താവിന് പ്രതിമാസതിരിച്ചടവ് 6200-ൽ നിന്ന് 3800 രൂപയായി മാറുന്നു എന്നതാണ പദ്ധതിയുടെ സവിശേഷത (ചെറിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം.)

## 8.3 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

- ഗ്രാമീണകുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം അഭിവൃദ്ധിപ്പെടുത്താൻ അവിദഗ്ധകായികതൊഴിൽ ചെയ്യാൻ താല്പര്യമുള്ള കുടുംബങ്ങൾക്കു പ്രതിവർഷം 100 ദിവസത്തെ തൊഴിൽനൽകുന്നു.
- ജോലി ചെയ്യുന്ന ഒരാളിന് ഒരു ദിവസം 258 രൂപ വേതനം ലഭിക്കും.
- തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം. അല്ലെങ്കിൽ, തൊഴിലില്ലായ്മാവേതനം അനുവദിക്കും. തൊഴിലില്ലായ്മാവേതനത്തിന്റെ നിരക്ക് ആദ്യത്തെ ഒരു മാസം വേതനത്തിന്റെ 25 ശതമാനവും രണ്ടാമത്തെ മാസം മുതൽ വേതനത്തിന്റെ 50 ശതമാനവും ആയിരിക്കും.

**അർഹത:**

- പഞ്ചായത്തിൽ സ്ഥിരതാമസക്കാരായ ഏതു കുടുംബത്തിനും ഗ്രാമപ്പഞ്ചായത്തിൽ പേരു രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ നൽകാം. അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും.
- തൊഴിൽ കാർഡിൽ പേരുള്ള 18 വയസ്സ് പൂർത്തീകരിച്ച ഒരാൾക്കു ജോലി ആവശ്യപ്പെടാം. കുറഞ്ഞത് തുടർച്ചയായി 14 ദിവസത്തെ തൊഴിലിനാണ് അപേക്ഷ നൽകേണ്ടത്.
- ജോലിസമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ.

മഹാത്മാ ഗാന്ധി എൻ. ആർ. ഇ. ജി. എ. സ്റ്റേറ്റ് മിഷൻ,
സ്വരാജ് ഭവൻ, അഞ്ചാം നില, നന്തൻകോട്, കവടിയാർപി. ഒ.,
തിരുവനന്തപുരം 695003
ഫോൺ: 0471-2313385, 1800 425 1004 (ടോൾ ഫ്രീ)
ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in

## 8.4 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്ത് കായികാദ്ധ്വാനത്തിനു തയ്യാറുള്ളവർക്കു തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതി.
- നഗരസഭയിൽ താമസക്കാരായ, അവിദഗ്ധകായികാദ്ധ്വാനം ചെയ്യാൻ തയ്യാറുള്ള, പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് ഒരു സാമ്പത്തികവർഷം കുറഞ്ഞത് 100 ദിവസം തൊഴിൽ നൽകുകയാണു ലക്ഷ്യം.
- ലഭിക്കുന്ന വേതനം പ്രതിദിനം 258 രൂപ

**അർഹത**

- നഗരപ്രദേശങ്ങളിലെ ഓരോ കുടുംബത്തിലെയും അവിദഗ്ധകായികാദ്ധ്വാനം ആവശ്യമുള്ള, തൊഴിലെടുക്കാൻ സന്നദ്ധരായ, പ്രായപൂർത്തിയായ ഏതൊരംഗത്തിനും തൊഴിൽ ലഭിക്കാൻ അർഹതയുണ്ട്.
- തൊഴിലാളികൾക്കു തൊഴിൽ ആവശ്യപ്പെടാനുള്ള നിയമപരമായ പ്രമാണമായി അഞ്ചു വർഷം പ്രാബല്യമുള്ള തൊഴിൽ കാർഡ് നഗരസഭകൾ വഴി ഇവർക്കു ലഭ്യമാക്കുന്നു.
- ജോലിസമയം രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ
- തൊഴിൽ കാർഡ് ലഭിച്ച ഒരാൾ തൊഴിലിനു വേണ്ടി നഗരസഭയിൽ അപേക്ഷ നൽകിയാൽ 15 ദിവസത്തിനകം തൊഴിൽ ലഭ്യമായില്ലെങ്കിൽ തൊഴിലില്ലായ്മാവേതനം ലഭിക്കാനുള്ള അവകാശം.

**അപേക്ഷിക്കാനുള്ള നടപടിക്രമം**

- മതിയായ രേഖകൾ സഹിതം നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷ നഗരസഭാ സെക്രട്ടറിക്കു നൽകണം.
- അപേക്ഷകൾ പരിശോധിച്ച് ഉചിതമായ അന്വേഷണനടപടികൾ പൂർത്തിയാക്കി ഓരോ കുടുംബത്തിനും 15 ദിവസത്തിനകം തൊഴിൽ കാർഡ് നൽകുന്നു.
- നഗരസഭകളുമായി ബന്ധപ്പെട്ട് ഈ പദ്ധതി പ്രയോജനപ്പെടുത്താം.

## 8.5 വാർദ്ധക്യകാലപെൻഷൻ (ഐ. ജി. എൻ. ഒ. പി.)

**ലഭിക്കുന്ന ആനുകൂല്യം:** 1100 രൂപ

**അപേക്ഷ നൽകേണ്ടത്:** നഗരസഭ/ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിക്ക്

**ഹാജരാക്കേണ്ട രേഖകൾ:**

- നിശ്ചിത ഫോമിലുള്ള അപേക്ഷയുടെ രണ്ടു പ്രതി
- പ്രായം തെളിയിക്കാൻ സ്കൂൾരേഖകളോ പള്ളിരേഖകളോ ജനന സർട്ടിഫിക്കറ്റോ തെരഞ്ഞെടുപ്പു കമ്മിഷന്റെ തിരിച്ചറിയൽ കാർഡോ. ഇവ ലഭ്യമല്ലെങ്കിൽ മാത്രം സർക്കാർ സർവീസിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാം.
- സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്/ മേൽവിലാസം കാണിക്കുന്ന മറ്റ് എന്തെങ്കിലും രേഖയുടെ പകർപ്പ്)
- തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ ആധാർ കാർഡ്/ ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ).
- വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

**അർഹതാമാനദണ്ഡം:**

- കുടുംബവാർഷികവരുമാനപരിധി 1,00,000 രൂപ
- 60 വയസ്സ് പൂർത്തീകരിച്ചവർ.
- കേരളസംസ്ഥാനത്ത് മൂന്നു വർഷമെങ്കിലും സ്ഥിരമായി താമസിക്കുന്നവർ (ജി. ഒ. (പി.) 47/95/സാ. ക്ഷേ. വ. തീയതി 13.12.95)

**അന്വേഷണോദ്യോഗസ്ഥർ:** വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/റവന്യൂ ഇൻസ്പെക്ടർ (നഗരസഭ)

**തീരുമാനം എടുക്കുന്നത്:** പഞ്ചായത്ത്/നഗരസഭ ഭരണസമിതി

**അപ്പീലധികാരി:** പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യവകുപ്പ് ഡയറക്ടർ

**കുറിപ്പ്**

1. അപേക്ഷ നൽകുന്ന തീയതിമുതൽ പെൻഷന് അർഹതയുണ്ടായിരിക്കും.
2. പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിലും അവരുടെ സംരക്ഷണം ഇല്ലെങ്കിൽ പെൻഷനു പരിഗണിക്കും.
3. കോൺട്രിബ്യൂഷൻ അടച്ച വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നു പെൻഷൻ കൈപ്പറ്റുന്നവർക്കും ഹോണറേറിയം കൈപ്പറ്റുന്ന അങ്കണവാടി ജീവനക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, ഗ്രാന്റ് ലഭിക്കുന്ന അനാഥ/അഗതി/വൃദ്ധമന്ദിരങ്ങൾ/ക്ഷേമസ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികൾ, വികലാംഗ പെൻഷൻ കൈപ്പറ്റുന്നവർ എന്നിവർക്ക് അർഹമായ മാനദണ്ഡങ്ങൾക്കു വിധേയമായി ഏതെങ്കിലും ഒരു സാമൂഹിക പെൻഷനു കൂടി അർഹതയുണ്ട്. (ജി. ഒ. (എം. എസ്.) നമ്പർ9/2016 സാ. നീ. വ. തീയതി 30.01.2016, ജി. ഒ. (എം. എസ്.) 324/2016/ഫിൻ തീയതി 15.08.2016)
4. പെൻഷൻ കൈപ്പറ്റുന്ന ആൾ മരിച്ചാൽ കുടിശ്ശിക അനന്തരാവകാശികൾക്കു നൽകും.
5. 75 വയസ്സ് പൂർത്തിയായവർക്ക് കൂടിയനിരക്കിൽ പെൻഷൻ അനുവദിക്കും. (ജി. ഒ. (എം. എസ്.) നം 24/16/സാനീവ. തീയതി 01.03.2016)
6. പെൻഷൻ അനുവദിക്കുന്ന അനുപാതം

| വയസ്സ് | കേന്ദ്ര വിഹിതം | കേരളസർക്കാർ വിഹിതം | ആകെ |
|---|---|---|---|
| 60 മുതൽ 75 വരെ വയസ്സുള്ളവർക്ക് | 300 | 800 | 1100 |
| 75 വയസ്സു വരെ ഉള്ളവർക്ക് | 200 | 900 | 1100 |

| വയസ്സ് | കേന്ദ്ര വിഹിതം | കേരളസർക്കാർ വിഹിതം | ആകെ |
|---|---|---|---|
| 75 മുതൽ 80 വരെ വയസ്സുള്ളവർക്ക് | 200 | 1400 | 1600 |
| 80 വയസ്സിനു മുകളിലുള്ളവർക്ക് | 500 | 1100 | 1600 |

## 8.6 വിധവകൾക്കും വിവാഹമോചിതർക്കുമുള്ള പെൻഷൻ

(ഐ. ജി. എൻ. ഡബ്യൂ. പി. എസ്)

**ലഭിക്കുന്ന ആനുകൂല്യം:** 1100 രൂപ

**അപേക്ഷ നൽകേണ്ടത്:** ഗ്രാമപ്പഞ്ചായത്ത്/ നഗരസഭ സെക്രട്ടറിക്ക്

**ഹാജരാക്കേണ്ട രേഖകൾ:**

1. നിശ്ചിത ഫോമിലുള്ള അപേക്ഷയുടെ രണ്ടു പ്രതി
2. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റോ വിവാഹമോചിതയാണെങ്കിൽ വിവാഹമോചനം നേടിയതിന്റെ രേഖയോ വില്ലേജ് ഓഫീസറിൽനിന്നുള്ള സർട്ടിഫിക്കറ്റോ.
3. അപേക്ഷ നൽകുന്ന സമയത്ത് അപേക്ഷക രണ്ടു വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്നു തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡ്/ മേൽവിലാസം തെളിയിക്കുന്ന മറ്റു രേഖയുടെ പകർപ്പുകൾ)
4. തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ ആധാർ കാർഡ്/ ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ)
5. വരുമാനം തെളിയിക്കാൻ വില്ലേജ് ഓഫീസറിൽനിന്നുള്ള സർട്ടിഫിക്കറ്റ്

**വരുമാനപരിധി:** കുടുംബവാർഷികവരുമാനം 1,00,000 രൂപ

**അന്വേഷണോദ്യോഗസ്ഥർ:** ഐ. സി. ഡി. എസ്. സൂപ്പർവൈസർ

**തീരുമാനം എടുക്കുന്നത്:** പഞ്ചായത്ത്/ നഗരസഭ ഭരണസമിതി

**അപ്പീലധികാരി:** കളക്ടർ

**കുറിപ്പ്**

1. ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർക്കും പെൻഷന് അപേക്ഷിക്കാം. അതു തെളിയിക്കുന്ന രേഖ ഹാജരാക്കണം.
2. 20 വയസ്സിൽകൂടുതൽപ്രായമുള്ള ആൺമക്കൾ ഉള്ളവർക്കും പെൻഷൻ ലഭിക്കാം.
3. കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിൽ തുടർച്ചയായി സ്ഥിരതാമസക്കാർ ആയിരിക്കണം.

4. കോൺട്രിബ്യൂഷൻ അടച്ച് വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നു പെൻഷൻ കൈപ്പറ്റുന്നവർ, ഹോണറേറിയം കൈപ്പറ്റുന്ന അങ്കണവാടി ജീവനക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, ഗ്രാന്റ് ലഭിക്കുന്ന അനാഥ/ അഗതി/ വൃദ്ധമന്ദിരങ്ങൾ/ ക്ഷേമസ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികൾ, വികലാംഗ പെൻഷൻ കൈപ്പറ്റുന്നവർ എന്നിവർക്ക് അർഹമായ മാനദണ്ഡങ്ങൾക്കു വിധേയമായി ഏതെങ്കിലും ഒരു സാമൂഹിക പെൻഷനു കൂടി അർഹതയുണ്ട്. (ജി. ഒ. (എം. എസ്.) 9/2016 സാ. നീ. വ. തീയതി 30.01.2016 ജി. ഒ. (എം. എസ്.) 324/2016/ഫിൻ തീയതി 15.08.2016)
5. പുനർവിവാഹം നടത്തിയിട്ടില്ല എന്നതിനു സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതി.
6. പെൻഷൻ കൈപ്പറ്റുന്ന ആൾ മരിച്ചാൽകുടിശ്ശിക അനന്തരാവകാശികൾക്കു ലഭിക്കും.
7. അപേക്ഷ നൽകുന്ന തീയതിമുതൽ പെൻഷന് അർഹതയുണ്ടായിരിക്കും.

**പെൻഷൻ അനുവദിക്കുന്ന അനുപാതം**

| വയസ്സ് | കേന്ദ്ര വിഹിതം | കേരളസർക്കാർ വിഹിതം | ആകെ |
|---|---|---|---|
| 40 മുതൽ75 വരെ വയസ്സുള്ളവർക്ക് | 300 | 800 | 1100 |
| 75 മുതൽ80 വരെ വയസ്സുള്ളവർക്ക് | 300 | 1300 | 1600 |
| 80 വയസ്സിനു മുകളിലുള്ളവർക്ക് | 500 | 1100 | 1600 |

## 8.7 വികലാംഗപെൻഷൻ

(അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ)

**ലഭിക്കുന്ന ആനുകൂല്യം:** 1100 രൂപ

**അപേക്ഷ നൽകേണ്ടത്:** ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറിക്ക്

**ഹാജരാക്കേണ്ട രേഖകൾ:**

- നിശ്ചിത ഫോമിലുള്ള അപേക്ഷയുടെ രണ്ടു പ്രതി.
- പ്രായപരിധി ഇല്ല.
- സ്ഥിരതാമസം തെളിയിക്കുന്ന ഒരു രേഖ (റേഷൻ കാർഡ്/ മേൽവിലാസം കാണിക്കുന്ന മറ്റു രേഖയുടെ പകർപ്പ്).

- അംഗപരിമിതി തെളിയിക്കുന്ന രേഖ.
- വരുമാനം തെളിയിക്കാൻ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

**അർഹതാമാനദണ്ഡം:**

1. കുടുംബവാർഷികവരുമാനം: 1,00,000 രൂപ
2. ശാരീരിക, മാനസിക വൈകല്യങ്ങൾ:
    - അസ്ഥിവൈകല്യം — ചുരുങ്ങിയത് 40%
    - അന്ധർ — ലെൻസ് ഉപയോഗിച്ചും കാഴ്ചശക്തി 6/60 അഥവാ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്
    - ബധിരർ — കേഴ്വിശേഷി 90 ഡെസിബെലിൽ കുറഞ്ഞത്
    - മാനസികവൈകല്യം — ഐ. ക്യു. 50-ൽ താഴെ

**അന്വേഷണോദ്യോഗസ്ഥർ:** ഹെൽത്ത് ഇൻസ്പെക്ടർ
**തീരുമാനം എടുക്കുന്നത്:** ഗ്രാമപ്പഞ്ചായത്ത്/ നഗരസഭ ഭരണസമിതി
**അപ്പീലധികാരി:** കളക്ടർ

**കുറിപ്പ്**

1. കഴിഞ്ഞ രണ്ടു വർഷമായി കേരളത്തിൽ തുടർച്ചയായി സ്ഥിരതാമസമായിരിക്കണം.
2. സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷൻ വരുമാനമായി കണക്കാക്കില്ല.
3. അംഗപരിമിതി 80%-ൽ അധികമുള്ളവർക്ക് ഉയർന്ന നിരക്കിലുള്ള പെൻഷന് അർഹതയുണ്ട്.
4. സാമൂഹികസുരക്ഷാ മിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്നവരോട് അംഗപരിമിതി തെളിയിക്കാൻ മറ്റു രേഖ ആവശ്യപ്പെടില്ല.
5. അപേക്ഷ നൽകിയ തീയതിമുതൽ പെൻഷന് അർഹതയുണ്ടായിരിക്കും.
6. കോൺട്രിബ്യൂഷൻ അടച്ച് വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നു പെൻഷൻ കൈപ്പറ്റുന്നവർ, ഹോണറേറിയം കൈപ്പറ്റുന്ന അങ്കണവാടി ജീവനക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, ഗ്രാന്റ് ലഭിക്കുന്ന അനാഥ/ അഗതി/ വൃദ്ധമന്ദിരങ്ങൾ/ ക്ഷേമസ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികൾ, വികലാംഗപെൻഷൻ കൈപ്പറ്റുന്നവർ എന്നിവർക്ക് അർഹമായ മാനദണ്ഡങ്ങൾക്കു വിധേയമായി ഏതെങ്കിലും ഒരു സാമൂഹിക പെൻഷനു കൂടി അർഹതയുണ്ട്. (ജി. ഒ. (എം. എസ്.) 9/2016 സാ. നീ. വ. തീയതി 30.01.2016 ജി. ഒ. (എം. എസ്.) 324/2016/ഫിൻ തീയതി 15.08.2016).
7. പെൻഷൻ കൈപ്പറ്റുന്ന ആൾ മരിച്ചാൽ കുടിശ്ശിക അനന്തരാവകാശികൾക്കു ലഭിക്കും

## 8.8 കർഷകത്തൊഴിലാളി പെൻഷൻ

**ലഭിക്കുന്ന ആനുകൂല്യം:** 1100 രൂപ

**അപേക്ഷ നൽകേണ്ടത്:** ഗ്രാമപ്പഞ്ചായത്ത്/ നഗരസഭ സെക്രട്ടറിക്ക്

**ഹാജരാക്കേണ്ട രേഖകൾ:**

- നിശ്ചിത ഫോമിലുള്ള അപേക്ഷ
- കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽസാക്ഷ്യപത്രം
- പ്രായം തെളിയിക്കാൻ സ്കൂൾ രേഖകളോ പള്ളിരേഖകളോ ജനന സർട്ടിഫിക്കറ്റോ തെരഞ്ഞെടുപ്പു കമ്മിഷന്റെ തിരിച്ചറിയൽ കാർഡോ വേണം. ഇവ ലഭ്യമല്ലെങ്കിൽ മാത്രം സർക്കാർ സർവീസിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാം.
- ഗ്രാമപ്പഞ്ചായത്തിൽ സ്ഥിരതാമസമെന്നു തെളിയിക്കുന്ന രേഖ
- വില്ലേജ് ഓഫിസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്

**അർഹതാമാനദണ്ഡം:**

1. കുടുംബവാർഷികവരുമാനം: ഒരു ലക്ഷം രൂപയിൽ കവിയരുത്
2. 60 വയസ്സ് പൂർത്തിയായിരിക്കണം
3. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം
4. അപേക്ഷിക്കുന്നതിനു തൊട്ടുമുമ്പ് തുടർച്ചയായി 10 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്നു തെളിയിക്കുന്ന രേഖ.

**അന്വേഷണോദ്യോഗസ്ഥർ:** കൃഷി അസിസ്റ്റന്റ്.

**തീരുമാനം എടുക്കുന്നത്:** ഗ്രാമപഞ്ചായത്ത്/ നഗരസഭ ഭരണസമിതി.

**അപ്പീലധികാരി:** കളക്ടർ.

**റിവിഷൻ അതോറിറ്റി:** സർക്കാർ.

**കുറിപ്പ്**

- അന്വേഷണറിപ്പോർട്ടിൽ അപേക്ഷകരുടെ പേര്, വയസ്, കുടുംബവരുമാനം, കുട്ടികളുടെ വിവരങ്ങൾ, ഭാര്യ/ ഭർത്താവിന്റെ വിവരങ്ങൾ, ഭൂവുടമയുടെ പേര് എന്നിവ ഉണ്ടായിരിക്കണം.
- രണ്ടു പ്രാവശ്യം തുടർച്ചയായി തുക കൈപ്പറ്റാതിരുന്നാൽ പെൻഷൻ റദ്ദാകും.
- അപേക്ഷ ലഭിച്ച് അടുത്ത മാസം മുതൽ പെൻഷന് അർഹതയുണ്ട്.
- തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് ഈ പെൻഷന് അർഹതയില്ല.
- വൃദ്ധർക്കോ രോഗബാധിതർക്കോ വേണ്ടി നടത്തുന്ന സ്ഥാപനത്തിന്റെ സംരക്ഷണത്തിൽകഴിയുന്നവർക്ക് ഈ പെൻഷന് അർഹതയില്ല.

- പെൻഷണർ മരിച്ചാൽമരണം നടന്നതുവരെയുള്ള മാസത്തെ കുടിശ്ശിക അവകാശി കൾക്കു ലഭിക്കും.

## 8.9 അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ

**ലഭിക്കുന്ന ആനുകൂല്യം:** 1100 രൂപ

**അപേക്ഷ നൽകേണ്ടത്:** ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറിക്ക്

**ഹാജരാക്കേണ്ട രേഖകൾ:**

1. നിശ്ചിത ഫോമിലുള്ള അപേക്ഷ (2 പകർപ്പ്)
2. വരുമാനവും പ്രായവും അവിവാഹിതയാണെന്നും തെളിയിക്കുന്ന വില്ലേജ് ഓഫീസ റുടെ സർട്ടിഫിക്കറ്റ്
3. തിരിച്ചറിയൽരേഖ

**അർഹതാമാനദണ്ഡം:**

1. കുടുംബവാർഷികവരുമാനം - ഒരുലക്ഷം രൂപയിൽ കവിയരുത്
2. 50 വയസ്സ് പൂർത്തിയായിരിക്കണം
3. കേരളസംസ്ഥാനത്ത് സ്ഥിരതാമസക്കാരി ആയിരിക്കണം.

**അന്വേഷണോദ്യോഗസ്ഥർ:** ഐ.സി.ഡി.എസ്. സൂപ്പർവൈസർ

**തീരുമാനം എടുക്കുന്നത്:** ഗ്രാമപ്പഞ്ചായത്ത്/ നഗരസഭ ഭരണസമിതി

**അപ്പീൽഅധികാരി:** കളക്ടർ

**കുറിപ്പ്**

1. അവിവാഹിതരായ അമ്മമാർക്കും അപേക്ഷിക്കാം.
2. അപേക്ഷ നൽകുന്ന തീയതിമുതൽ പെൻഷന് അർഹതയുണ്ട്.
3. രണ്ടുവർഷം ഇടവേളയിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ഐഡന്റിറ്റി കാർഡ് സഹിതം നേരിട്ട് ഹാജരാകുകയോ വേണം.
4. ഗുണഭോക്താവ് മരണമടയുന്നപക്ഷം അനന്തരാവകാശികൾക്കു പെൻഷൻ കുടി ശ്ശിക ലഭിക്കും.
5. കോൺട്രിബ്യൂഷൻ അടച്ച് വിവിധ ക്ഷേമനിധിബോർഡുകളിൽനിന്നു പെൻഷൻ കൈപ്പറ്റുന്നവർ, ഹോണറേറിയം കൈപ്പറ്റുന്ന അങ്കണവാടിജീവനക്കാർ, തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, ഗ്രാന്റ് ലഭിക്കുന്ന അനാഥ/ അഗതി/ വൃദ്ധമന്ദിരങ്ങൾ/ ക്ഷേമസ്ഥാപനങ്ങൾ എന്നിവയിലെ അന്തേ വാസികൾ, വികലാംഗപെൻഷൻ കൈപ്പറ്റുന്നവർ എന്നിവർക്ക് അർഹമായ മാനദ ണ്ഡങ്ങൾക്കു വിധേയമായി ഏതെങ്കിലും ഒരു സാമൂഹികപെൻഷനുകൂടി അർഹത യുണ്ട്. (ജി.ഒ. (എം.എസ്.) 9/2016 സാ.നീ.വ. തീയതി 30.01.2016 ജി.ഒ. (എം.എസ്.) 324/2016/ഫിൻ തീയതി 15.08.2016)

## 8.10 തൊഴിൽരഹിതവേതനം

**ലഭിക്കുന്ന ആനുകൂല്യം:** പ്രതിമാസം 120 രൂപ

**അപേക്ഷ നൽകേണ്ടത്:** ഗ്രാമപ്പഞ്ചായത്ത്/ നഗരസഭ സെക്രട്ടറിക്ക്

**ഹാജരാക്കേണ്ട രേഖകൾ:**

1. നിശ്ചിത ഫോമിലുള്ള അപേക്ഷ (2 പകർപ്പ്)
2. എസ്.എസ്.എൽ.സി. ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്
4. പഞ്ചായത്ത്/ നഗരസഭാപ്രദേശത്ത് സ്ഥിരതാമസം സംബന്ധിച്ച രേഖ.
5. ഫോട്ടോ പതിച്ച തിരിച്ചറിയൽരേഖ
6. വികലാംഗസർട്ടിഫിക്കറ്റ് (ബാധകമായവർക്ക മാത്രം)
7. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് - പകർപ്പ് (പരിശോധനയ്ക്ക് ഒറിജിനൽ ഹാജരാക്കണം)

**അർഹതാമാനദണ്ഡം:**

- എസ്.എസ്.എൽ.സി പാസ്സായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗ/ വികലാംഗ വിഭാഗക്കാരെ സ്കൂളിൽ പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഹാജരായാലും പരിഗണിക്കാം.
- കുടുംബവാർഷികവരുമാനം 12,000 രൂപയിലും വ്യക്തിഗതവരുമാനം പ്രതിമാസം 100 രൂപയിലും അധികമാകരുത്
- പ്രായം 18 നും 35 നും ഇടയിൽ
- വികലാംഗർക്ക്/ പട്ടികജാതിക്കാർക്ക്/ പട്ടികവർഗ്ഗക്കാർക്ക് 18 വയസ്സിനുശേഷം തുടർച്ചയായി 2 വർഷവും മറ്റുള്ളവർക്ക് 3 വർഷവും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സീനിയോറിറ്റി വേണം.
- യഥാസമയം പുതുക്കാത്തതിനാൽരജിസ്ട്രേഷൻ റദ്ദായാൽ പുനർരജിസ്ട്രേഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം.

**അന്വേഷണോദ്യോഗസ്ഥർ:** ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി/ റവന്യൂ ഇൻസ്പെക്ടർ

**തീരുമാനം എടുക്കുന്നത്:** ഗ്രാമപഞ്ചായത്ത്/ നഗരസഭ ഭരണസമിതി

**അപ്പീലധികാരി:** കളക്ടർ

**റിവിഷൻ:** സർക്കാർ

**കുറിപ്പ്**

1. തൊഴിലുറപ്പുപദ്ധതിയിൽതൊഴിൽ ലഭിച്ചവർക്ക വരുമാനപരിധി കൂടുന്ന സംഗതികളിൽതൊഴിലില്ലായ്മാവേതനത്തിന് അർഹതയില്ല
2. തുടർച്ചയായി രണ്ടുതവണ വേതനം കൈപ്പറ്റാതിരുന്നാൽ വേതനം റദ്ദാകും. എന്നാൽ

കളക്ടർക്ക് അപേക്ഷ നൽകി അതു കൺഡോൺ ചെയ്യാവുന്നതും വേതനം പുനഃസ്ഥാപിക്കാവുന്നതുമാണ്.

3. ഒരു തദ്ദേശഭരണപ്രദേശത്തു നിന്നു താമസം മാറ്റുമ്പോൾ പുതുതായി താമസിക്കുന്ന തദ്ദേശഭരണസ്ഥാപനത്തിൽ ഒരു മാസത്തിനകം പുതിയ അപേക്ഷ നൽകണം. അപേക്ഷ തീർപ്പാക്കുന്നതു വരെ മുൻ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നു തന്നെ വേതനം വാങ്ങണം.
4. സംസ്ഥാനത്ത് സ്ഥിരതാമസക്കാരല്ലാതാകുമ്പോഴോ വരുമാനം പരിധിയിൽ കവിയുമ്പോഴോ വേതനത്തിനുള്ള അർഹത നഷ്ടപ്പെടും.
5. വരുമാനം നിശ്ചിത പരിധിയിൽ കവിയുമ്പോൾ ആ വിവരം ഗുണഭോക്താവ് തദ്ദേശഭരണസ്ഥാപനത്തെ അറിയിക്കണം.
6. അപേക്ഷ ലഭിച്ച് അടുത്തമാസം മുതലാണ് വേതനത്തിന് അർഹത.

## 8.11 സാധുവിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം

**ലഭിക്കുന്ന ആനുകൂല്യം:** 30,000 രൂപ

**അപേക്ഷ നൽകേണ്ടത്:** ഗ്രാമപ്പഞ്ചായത്ത്/ നഗരസഭ സെക്രട്ടറിക്ക്

**ഹാജരാക്കേണ്ട രേഖകൾ:**

- നിശ്ചിത ഫോമിലുള്ള അപേക്ഷ (2 പകർപ്പ്)
- അപേക്ഷക വിധവയാണെന്നു തെളിയിക്കുന്ന രേഖ (ബാധകമായ സംഗതികളിൽ)
- വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനനസർട്ടിഫിക്കറ്റ്
- വിവാഹം നിശ്ചയിച്ചതു സംബന്ധിച്ച വെള്ളക്കടലാസിൽ എഴുതിയ/ അച്ചടിച്ച പ്രതിശ്രുതവരന്റെ സത്യവാങ്മൂലം
- വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ മൂന്നു വർഷമായി സ്ഥിരതാമസക്കാരിയാണെന്ന രേഖ
- വിവാഹത്തിന് ഒരുമാസം മുമ്പ് അപേക്ഷിക്കാത്തപക്ഷം പരമാവധി ഒരുവർഷം വരെയുള്ള കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ

**അർഹതാമാനദണ്ഡം:**

1. വിവാഹദിവസം പെൺകുട്ടിക്ക് 18 വയസ്സ് കഴിഞ്ഞിരിക്കണം.
2. കുടുംബവാർഷികവരുമാനം 20,000 രൂപ
3. വിവാഹിതയാകുന്ന പെൺകുട്ടി മൂന്നു വർഷം കേരളത്തിൽ സ്ഥിരതാമസക്കാരി ആയിരിക്കണം
4. സ്വർണം ഉൾപ്പെടെയുള്ള ആകെ സമ്പത്ത് 50,000 രൂപയിൽ കവിയരുത് (ജി.ഒ. (എം.എസ്) 76 / 2012 സ.നി.വ., തീയതി 26.12.2012)

**അന്വേഷണോദ്യോഗസ്ഥർ:** ഐ.സി.ഡി.എസ് സൂപ്പർവൈസർ

**അപ്പീൽഅധികാരി:** കളക്ടർ

**കുറിപ്പ്**

- വിവാഹിതയാകുന്ന പെൺകുട്ടിയുടെ അമ്മ ജീവിച്ചിരിപ്പില്ലെങ്കിൽ വിവാഹം നടത്തിക്കൊടുക്കുന്ന ആൾക്കോ പെൺകുട്ടിക്കു സ്വയമോ അപേക്ഷിക്കാം. അഗതിമന്ദിരങ്ങളിൽ ഉള്ള പെൺകുട്ടികൾക്കും അപേക്ഷിക്കാം.
- വിവാഹം കഴിഞ്ഞ തീയതി മുതൽ ഒരു വർഷം വരെയുള്ള കാലതാമസം ജില്ലാ സാമൂഹികനീതി ഓഫീസർക്കു മാപ്പാക്കാം.
- ഭർത്താവിന്റെ മരണം സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്തു പ്രസിഡന്റിന്റെ സർട്ടിഫിക്കറ്റായാലും മതി
- വിവാഹത്തിനുമുമ്പു തുക കൈപ്പറ്റിയ സംഗതികളിൽ വിവാഹം കഴിഞ്ഞതിന്റെ രേഖ ഒരു മാസത്തിനകം ഹാജരാക്കണം.
- പ്രായപൂർത്തിയായ ആൺമക്കളുള്ള കുടുംബത്തിലെ വിധവകളുടെ പെൺമക്കൾക്കും ധനസഹായത്തിന് അർഹതയുണ്ട്.
- മൂന്നുവർഷമോ അതിലധികമോ കാലയളവ് വിവാഹമോചിതയായി കഴിയുന്ന സ്ത്രീകളുടെ പെൺമക്കളുടെ വിവാഹത്തിനും ധനസഹായം അനുവദിക്കാം.
- ഭർത്താവ് ഉപേക്ഷിച്ചവരുടെ പെൺമക്കൾക്കും ഭർത്താവിനെ കാണാതായി ഏഴു വർഷം കഴിഞ്ഞവരുടെ മക്കൾക്കും വിവാഹധനസഹായം നൽകാം.
- അവിവാഹിതരായ സ്ത്രീകളുടെ മക്കൾക്കും വിവാഹധനസഹായം നൽകാം.

**തദ്ദേശഭരണവകുപ്പിന്റെ വെബ്സൈറ്റ്:** https://lsgkerala.gov.in

**പഞ്ചായത്തുഡയറക്റ്ററുടെ വിലാസം:**

പഞ്ചായത്ത് ഡയറക്റ്റർ,
പബ്ലിക് ഓഫീസ് മന്ദിരം,
മ്യൂസിയം പി.ഒ.,
തിരുവനന്തപുരം.

ഫോൺ: 0471-2321054, 2323286
ഫാക്സ്: 0471-2321350, 2321280
ഇ-മെയിൽ: directorofpanchayat@gmail.com, director.dp@lsgkerala.in,
വെബ്സൈറ്റ്: http://dop.lsgkerala.gov.in/

**നഗരകാര്യഡയറക്റ്ററുടെ വിലാസം:**

നഗരകാര്യ ഡയറക്റ്റർ,
സ്വരാജ് ഭവൻ, നന്തൻകോട്,
തിരുവനന്തപുരം 695003

ഫോൺ: 0471-2318896, 0471-2312886

ഫാക്സ്: 0471-2325708
ഇ-മെയിൽ: duatvpm@gmail.com
വെബ്സൈറ്റ്: http://urbanaffairskerala.org

## 8.12 കുടുംബശ്രീ

### കുടുംബശ്രീ സമ്പാദ്യ-വായ്പാപദ്ധതി

#### മാച്ചിങ് ഗ്രാന്റ്

പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിഞ്ഞതും നബാർഡിന്റെ എസ്.എച്ച്.ജി ഗ്രേഡിംഗ് നടപടികൾ മുഖേന ഗ്രേഡിംഗ് പാസായി ലിങ്കേജ് വായ്പ ലഭിച്ചതുമായ അയൽക്കൂട്ടങ്ങൾക്കാണ് മാച്ചിംഗ് ഗ്രാന്റ് ലഭിക്കുന്നത്. ഒരു അയൽക്കൂട്ടത്തിന് 5,000 രൂപ വരെ മാച്ചിംഗ് ഗ്രാന്റ് തുകയായി നൽകി വരുന്നു.

#### പലിശസബ്സിഡി

അയൽക്കൂട്ടങ്ങൾക്ക് 4% പലിശ നിരക്കിൽ ബാങ്കുവായ്പ ലഭ്യമാക്കുന്ന പുതിയ പലിശ സബ്സിഡി സ്കീം കഴിഞ്ഞ വർഷം മുതൽ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 50 കോടിയോളം രൂപ നീക്കിവച്ചിട്ടുണ്ട്. മൂന്നു ലക്ഷം രൂപവരെ ലിങ്കേജ് വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കും.

#### കമ്മ്യൂണിറ്റി ഫണ്ട്

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ അയൽക്കൂട്ടാംഗങ്ങളുടെ സാമ്പത്തികോന്നമനവും ദാരിദ്ര്യനിർമ്മാർജ്ജനവും ലക്ഷ്യമാക്കി വിവിധതരം ഫണ്ടുകൾ നൽകിവരുന്നു.

#### റിവോൾവിംഗ് ഫണ്ട്

ഗ്രാമപ്രദേശങ്ങളിലെ സി.ഡി.എസ്സുകളിലെ മൂന്നുമാസം പൂർത്തീകരിച്ച, നബാർഡ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന അയൽക്കൂട്ടത്തിന് 15,000 രൂപ റിവോൾവിംഗ് ഫണ്ടായി ലഭ്യമാക്കുന്നു. റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതുവഴി അയൽക്കൂട്ടങ്ങളുടെ മൊത്തം സമ്പാദ്യം വർദ്ധിക്കുകയും അങ്ങനെ കൂടുതൽ തുക ആന്തരികവായ്പയായി അംഗങ്ങൾക്കു വിതരണം ചെയ്യാൻ അയൽക്കൂട്ടത്തിനു കഴിയുകയും ചെയ്യുന്നു.

#### കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്

സിഡിഎസ്സിനെ സ്വയംപര്യാപ്തമാക്കുന്നതിനും അയൽക്കൂട്ടാംഗങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനാവശ്യമായ മുതൽമുടക്കു ലഭ്യമാക്കുന്നതിനുമാണ് ഈ ഫണ്ടു നൽകിവരുന്നത്. നിലവിൽ ഒരു സിഡിഎസ്സിന് 5 ലക്ഷം രൂപവരെ നൽകുകയും മൈക്രോ ക്രെഡിറ്റ് പ്ലാൻ അനുസരിച്ച് ഒരോ അയൽക്കൂട്ടത്തിനും പരമാവധി 50,000 രൂപ വായ്പ ലഭ്യമാക്കുന്നതുമാണ്. ഈ വായ്പയ്ക്ക് പരമാവധി 6% പലിശ സിഡിഎസ്സിന് അയൽക്കൂട്ടങ്ങളിൽനിന്ന് ഈടാക്കാം.

**വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്**

അയൽക്കൂട്ടങ്ങൾ നേരിടേണ്ടിവരുന്ന ആകസ്മികപ്രശ്നങ്ങൾ, അസുഖം, അപകടം, പ്രകൃതി ദുരന്തം, പട്ടിണി തുടങ്ങിയവയ്ക്കുള്ള അടിയന്തരസഹായം എന്ന നിലയ്ക്ക് എഡിഎസ് മുഖാന്തിരം നൽകിവരുന്ന ഫണ്ടാണ് വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്. ഒരു അയൽക്കൂട്ടത്തിന് 15,000 രൂപ നൽകാവുന്നതാണ്. വി.ആർ.എഫ് തുക ജില്ലാമിഷൻ ഗഡുക്കളായി എഡിഎസ് ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകിവരുന്നു.

**മൈക്രോ സംരംഭങ്ങൾ**

സ്ത്രീകളുടെ സാമ്പത്തികശാക്തീകരണം ലക്ഷ്യമിട്ട് വ്യത്യസ്ത ഉപജീവനോപാധികൾ കുടുംബശ്രീ മിഷൻ നടപ്പിലാക്കിവരുന്നുണ്ട്. തങ്ങളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സംഘക്കൃഷി, തൊഴിലുറപ്പുപദ്ധതി, വൈദഗ്ധ്യപരിശീലനവും പ്ലേയ്സ്മെന്റും തുടങ്ങിയുള്ള ഉപജീവനമാർഗ്ഗങ്ങളാണ് കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കുവേണ്ടി പ്രോത്സാഹിപ്പിക്കുന്നത്. ഇതിൽ സ്വയംതൊഴിൽ സംരംഭങ്ങൾ കുടുംബശ്രീവനിതകളോ കുടുംബാംഗങ്ങളോ തങ്ങളുടെ സംരംഭകത്വവാസനയും തൊഴിൽപരിജ്ഞാനത്തിനും അനുസരിച്ച് ആന്തരികവായ്പയിലൂടെയോ ലിങ്കേജ് വായ്പയിലൂടെയോ കുടുംബശ്രീപദ്ധതികളായ ആർഎംഇ, യുഎംഇ, യുവശ്രീ എന്നിവ പ്രകാരമോ ആരംഭിക്കുന്നുണ്ട്.

സംരംഭം തുടങ്ങാൻ താല്പര്യപ്പെടുന്ന വ്യക്തികൾക്കും തങ്ങളുടെ നിലവിലുള്ള തൊഴിൽ മേഖല വിപുലപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്കും അവരുടെ വ്യത്യസ്ത ആവശ്യങ്ങൾ പരിഗണിച്ച് പരിശീലനം, സാമ്പത്തികസഹായം, വിപണനസംവിധാനം, ഹാൻഹോൾഡിംഗ് സപ്പോർട്ട് എന്നിവ കുടുംബശ്രീ മിഷൻ നൽകിവരുന്നു.

**വിവിധയിനം സൂക്ഷ്മസംരംഭപദ്ധതികൾ**

**എ) ഗ്രാമീണ ചെറുകിട സൂക്ഷ്മ സംരംഭപദ്ധതി (ആർ.എം.ഇ):** 55 വയസ്സിനു താഴെയുള്ള സ്ത്രീകൾ വ്യക്തിഗതമായോ സംഘം ചേർന്നോ ആരംഭിക്കുന്ന സംരംഭങ്ങളാണ് ഗ്രാമീണ ചെറുകിട സൂക്ഷ്മ സംരംഭപദ്ധതി (ആർ.എം.ഇ.). ഈ പദ്ധതിയിൽ ഉൾപ്പെടുന്ന അംഗങ്ങൾക്ക് വിദ്യഭ്യാസയോഗ്യത പ്രത്യേകമായി പരാമർശിക്കുന്നില്ല. എന്നാൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നേരിട്ട് അംഗത്വമുള്ളവർ ആയിരിക്കണം.

**ബി) യുവശ്രീ പദ്ധതി:** അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് 50,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. സ്ത്രീകൾ മാത്രമോ, പുരുഷന്മാർ മാത്രമോ, പുരുഷന്മാരും സ്ത്രീകളും ചേർന്നോ യൂണിറ്റുകൾ ആരംഭിക്കാം. പുരുഷന്മാർ നേരിട്ട് അയൽക്കൂട്ടത്തിൽ ഇല്ലെങ്കിലും അവരുടെ കുടുംബാംഗങ്ങൾ അയൽക്കൂട്ടത്തിൽ ഉണ്ടായിരിക്കണം.

**സി) യുഎംഇ:** നഗരപ്രദേശങ്ങളിലെ കുടുംബശ്രീവനിതകൾക്കായുള്ള സംരംഭകപദ്ധതിയാണിത്.

### കുടുംബശ്രീയിൽനിന്നുള്ള സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ

#### സബ്സിഡി

**വ്യക്തിഗത സംരംഭങ്ങൾ:** പ്രൊജക്റ്റ് ചെലവിന്റെ മുപ്പതുശതമാനം — പരമാവധി 7500 രൂപ.

**ഗ്രൂപ്പ് സംരംഭങ്ങൾ:** പ്രൊജക്റ്റ് ചെലവിന്റെ 50 ശതമാനം, ഒരു വ്യക്തിക്കു പരമാവധി 10,000 രൂപ.

#### നിബന്ധനകൾ

സംരംഭകർ ഒരു അയൽക്കൂട്ടത്തിലേതുതന്നെ ആകണമെന്നില്ല. അതതു ഗ്രാമപ്പഞ്ചായത്തിനു കീഴിലുള്ള ഏതെങ്കിലും അയൽക്കൂട്ടത്തിലെ അംഗങ്ങളോ അവരുമായി അടുത്ത ബന്ധമുള്ളവരോ (ഭർത്താവ്, സഹോദരൻ, മകൻ, മകൾ, സഹോദരി തുടങ്ങിയവർ) ആയിരിക്കണം. സംരംഭം തുടങ്ങാൻ താത്പര്യമുള്ളവർ ഒരു അയൽക്കൂട്ടത്തിൽ ഉണ്ടായിക്കൊള്ളണമെന്നില്ല. ഉദാഹരണമായി, അഞ്ചു വിവിധ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെട്ടവരായിരിക്കും ഒരു ഗ്രൂപ്പ് സംരംഭം ആരംഭിക്കുന്നത്.

#### ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്

പ്രതിസന്ധി നേരിടുന്ന സൂക്ഷ്മസംരംഭകർക്ക് പലിശരഹിത ഹ്രസ്വകാല വായ്പ പ്രദാനം ചെയ്യുകയാണ് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിലൂടെ പൊതുവിൽ ലക്ഷ്യമിടുന്നത്. നിലവിലുള്ള സൂക്ഷ്മസംരംഭങ്ങളുടെ പ്രവർത്തനം പ്രതിസന്ധി നേരിടുന്ന ഘട്ടങ്ങളിൽ വ്യവസ്ഥകൾക്കു വിധേയമായി ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ലഭിക്കാൻ അർഹത ഉണ്ടായിരിക്കും. സംരംഭകർക്ക് ഉപഭോക്താക്കളിൽനിന്നു തിരിച്ചുകിട്ടേണ്ട തുക, അല്ലെങ്കിൽ അവർക്കു നഷ്ടമായ തുക, 3,00,000 രൂപ എന്ന പരിധിക്കു വിധേയമായി, ഈ പദ്ധതിയിൻകീഴിൽ അനുവദിക്കാം.

#### രണ്ടാംഘട്ട ധനസഹായം

കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മസംരംഭവികസനപദ്ധതി (ആർ.എം.ഇ) പ്രകാരമോ യുവശ്രീപദ്ധതി പ്രകാരമോ ആരംഭിച്ച ഗ്രൂപ്പ് സംരംഭങ്ങൾ പഞ്ചായത്തിന്റെ പദ്ധതിവിഹിതം, പ്രത്യേക കേന്ദ്രസഹായം, എസ്.ജെ.എസ്.ആർ.വൈ തുടങ്ങിയ ഗവൺമെന്റിന്റെ ഏതെങ്കിലും പദ്ധതിപ്രകാരം ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും ഗ്രൂപ്പ് അംഗങ്ങൾ എല്ലാം കുടുംബശ്രീ അംഗങ്ങളായിട്ടുള്ളതുമായ സംരംഭങ്ങൾക്ക് വ്യവസ്ഥകൾക്കു വിധേയമായി രണ്ടാംഘട്ടധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. സംരംഭങ്ങൾ വിപുലപ്പെടുത്താനും നഷ്ടത്തിലായ സംരംഭങ്ങൾക്കു പകരം പുതിയ മേഖലകൾ ആരംഭിക്കുന്നതിനും രണ്ടാംഘട്ടധനസഹായം ലഭ്യമാക്കാം.

രണ്ടാംഘട്ട ധനസഹായത്തിനായി തയ്യാറാക്കുന്ന പ്രോജക്റ്റ് തുകയുടെ 40% (ഒരു കുടുംബത്തിന് 35,000 രൂപ, ആകെ 3,50,000 രൂപ എന്നീ പരിധികൾക്കു വിധേയമായി) ഈ പദ്ധതിയിൻകീഴിൽ സബ്സിഡിയായി നല്കാവുന്നതാണ്. ഇതിനുപുറമെ വേണ്ടിവരുന്ന തുക ബാങ്കുവായ്പ, ഗുണഭോക്തൃവിഹിതം മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തണം.

**ടെക്നോളജി ഫണ്ട്**

വിജയകരമായി പ്രവർത്തിച്ചുവരുന്ന സൂക്ഷ്മസംരംഭങ്ങൾക്ക്/ സംരംഭകക്കൂട്ടായ്മകൾക്ക് അവരുടെ പ്രവർത്തനം ഗുണപരമായും അളവുപരമായും മെച്ചപ്പെടുത്തുന്നതിന് ഉപയുക്തമാക്കുന്ന ആധുനിക സാങ്കേതികവിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധോപകരണങ്ങളും സ്വായത്തമാക്കുന്നതിനുള്ള അധിക ധനസഹായമായാണ് ടെക്നോളജി ഫണ്ട്. ഒരു കുടുംബത്തിന് 30,000 രൂപ എന്ന കണക്കിൽ പരമാവധി മൂന്നുലക്ഷം രൂപവരെ ടെക്നോളജി ഫണ്ടു ലഭ്യമാകും.

**ഇന്നവേഷൻ ഫണ്ട്**

നൂതനമായ സംരംഭാശയങ്ങളുടെ അടിസ്ഥാനത്തിൽ ആരംഭിക്കുന്ന സൂക്ഷ്മസംരംഭങ്ങൾക്കും തങ്ങളുടെ അടിസ്ഥാനസൗകര്യം, യന്ത്രസാമഗ്രികൾ, പ്രവർത്തനരീതി, പ്രവർത്തനമണ്ഡലം എന്നീ മേഖലകളിൽ നൂതനമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്ന നിലവിലുള്ള സൂക്ഷ്മസംരംഭങ്ങൾക്കും തൻമൂലമുണ്ടാകുന്ന ക്ലേശങ്ങൾ പരിഹരിക്കാൻ സഹായകമാകുന്ന തരത്തിൽ ധനസഹായം നൽകാനാണ് ഇന്നവേഷൻ ഫണ്ട്. ആകെ പ്രോജക്റ്റുതുകയുടെ 40% (ഒരു കുടുംബത്തിന് 25,000 രൂപ, ആകെ 2,50,000 രൂപ എന്നീ പരിധികൾക്കു വിധേയമായി) ഇന്നവേഷൻ ഫണ്ട് അനുവദിക്കാം.

**റിവോൾവിംഗ് ഫണ്ട്**

സംരംഭം തുടങ്ങി ആറു മാസം പിന്നിട്ടവർക്ക് പ്രൊജക്റ്റ്ചെലവിന്റെ 15 ശതമാനം (പരമാവധി 35000 രൂപ) റിവോൾവിംഗ് ഫണ്ടായി ജില്ലാമിഷനിൽ നിന്ന് അനുവദിക്കും.

ബാങ്ക് വായപ മുഖേന ആരംഭിച്ച സംരംഭങ്ങൾക്കാണ് ഈ ഫണ്ടു ലഭിക്കുക. വ്യക്തിഗതസംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ലഭിക്കില്ല.

**മൃഗസംരക്ഷണ മേഖല**

കുടുംബശ്രീ റൂറൽ മൈക്രോ എന്റർപ്രൈസസ് (RME) സംരംഭങ്ങളിൽ ഭൂരിപക്ഷം വരുന്ന കുടുംബശ്രീ അംഗങ്ങളും താൽപ്പര്യം പ്രകടിപ്പിക്കുന്നതും ഏറ്റെടുത്ത് നടത്തിവരുന്നതും സ്ത്രീപക്ഷ-സ്ത്രീസൗഹൃദ പ്രവർത്തനങ്ങളായ മൃഗസംരക്ഷണമേഖലാ സംരംഭങ്ങളാണ്.

ഇപ്പോൾ എല്ലാ ജില്ലയിലും കുടുംബശ്രീ ജില്ലാ മിഷനുകൾ വഴി സി ഡി എസ് തലത്തിൽ ഒരു ഗ്രൂപ്പിൽ 5 അംഗങ്ങളടങ്ങുന്ന ജെഎൽജി രൂപവത്ക്കരിച്ച് ഗ്രൂപ്പ് സംരംഭങ്ങളായി മൃഗസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്തു വരുന്നു. ആടു വളർത്തൽ പദ്ധതി ഒരു ഗുണഭോക്താവിന് 4 ആട്ടിൻകുട്ടി വീതം ചുരുങ്ങിയത് 5 യൂണിറ്റുകൾ എന്ന രീതിയിലും ക്ഷീരസാഗരം പദ്ധതി ഒരു ഗുണഭോക്താവിന് 2 കറവപ്പശു വീതം ചുരുങ്ങിയത് രണ്ടു ഗ്രൂപ്പുകൾ എന്ന രീതിയിലുമാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികൾക്കും ബാങ്ക് വായ്പ, ഗുണഭോക്തൃവിഹിതം എന്നിവയ്ക്കൊപ്പം കുടുംബശ്രീ മിഷൻ ധനസഹായവും ലഭിക്കും.

സംശുദ്ധമായ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനവും സ്വയംപര്യാപ്തിയും കുടുംബശ്രീ അംഗങ്ങൾക്ക് അധികവരുമാനവും മുൻനിർത്തി നിലവിലുള്ള രണ്ടു പദ്ധതികൾക്കൊപ്പം വരുംവർഷങ്ങളിൽ മാംസോത്പാദനപദ്ധതി മുഖേന പോത്തുകുട്ടി/

മുരിക്കുട്ടി/ പന്നി പരിപാലനം, അടുക്കളത്തോട്ടം, മുട്ടക്കോഴി പരിപാലനം, താറാവുവളർത്തൽ എന്നിവയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കായി നടപ്പിലാക്കുന്ന മൃഗസംരക്ഷണമേഖലാ പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ പദ്ധതിത്തുകയുടെ 35% സബ്സിഡിയായി അനുവദിക്കുന്നു. അഞ്ചുപേരടങ്ങുന്ന ഒരു ഗ്രൂപ്പിന് ആടുഗ്രാമം പദ്ധതിയിൽ 50,000 രൂപയും ക്ഷീരസാഗരം പദ്ധതിയിൽ 2,18,750 രൂപയും പോത്തുകുട്ടിവളർത്തൽ (മാംസസുരക്ഷ) പദ്ധതിയുടെ ഭാഗമായി 50,000 രൂപയും അടുക്കളത്തോട്ടം, മുട്ടക്കോഴിവളർത്തൽ പദ്ധതിയുടെ ഭാഗമായി 25,000 രൂപയും സബ്സിഡി നൽകുന്നുണ്ട്. സമഗ്രമൃഗസംരക്ഷണപദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് അയൽക്കൂട്ടങ്ങൾ വഴി തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

### സാമൂഹികശാക്തീകരണം

ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള മുഖ്യോപാധികളിൽ ഒന്നാണ് സാമൂഹികശാക്തീകരണമേഖല. പ്രധാനമായും കുടുംബശ്രീ ഇപ്പോൾ ഇടപ്പെട്ടുവരുന്ന സാമൂഹികശാക്തീകരണപ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

### ആശ്രയ

സ്വന്തം അവകാശങ്ങൾക്കു വേണ്ടിയോ ആനുകൂല്യങ്ങൾക്കു വേണ്ടിയോ ശബ്ദം ഉയർത്താൻ കഴിയാത്ത, അതിനുള്ള കഴിവോ അധികാരമോ ഇല്ലാത്ത, സമൂഹവ്യവസ്ഥയുടെ പിന്നാമ്പുറങ്ങളിൽ ജീവിക്കുന്ന നിർദ്ധനരിൽ നിർദ്ധനരായ വിഭാഗമാണ് അഗതികൾ. ഇവർക്കു കിടപ്പാടമുണ്ടാകില്ല; പാർപ്പിടത്തിനാവശ്യമായ ഭൂമി ഉണ്ടാകില്ല; താമസസ്ഥലത്തിനു സമീപം ശുദ്ധജലം ലഭ്യമായിരിക്കില്ല; സാനിറ്ററി കക്കൂസ് ഉണ്ടാവില്ല; ഒരുനേരം പോലും മതിയായ ആഹാരം കഴിക്കാനുള്ള വകയില്ല; തീരാവ്യാധികൾ പിടിപ്പെട്ടിരിക്കാം; അകാലത്തിലുണ്ടായ വൈധവ്യം മൂലം കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കാൻ നിർബ്ബന്ധിതയായിരിക്കാം; അവിവാഹിതരായ അമ്മയും ഭർത്താവ് ഉപേക്ഷിച്ച സ്ത്രീയും ഈ വിഭാഗത്തിൽ ഉൾപ്പെടാം; ശാരീരിക, മാനസിക വൈകല്യങ്ങൾ ഉള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങളും വിവാഹപ്രായം കഴിഞ്ഞും അവിവാഹിതരായി തുടരുന്ന സ്ത്രീകളും സാമ്പത്തിക, ഭൗതിക പരാധീനതകൾ അനുഭവിക്കുന്നവരാണെങ്കിൽ അഗതികളായിരിക്കാം. ചുരുക്കത്തിൽ, ദരിദ്രരിൽ ദരിദ്രരാണ് അഗതികൾ. അശരണത്വവും നിരാലംബത്വവുമാണ് പ്രധാന മുഖമുദ്രകൾ. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് യഥാർത്ഥത്തിൽ ഒഴിവാക്കപ്പെട്ട ഈ വിഭാഗത്തെ കണ്ടെത്താനും പുനരധിവസിപ്പിക്കാനുമുള്ള പദ്ധതിയാണ് ആശ്രയ.

തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതികുടുംബങ്ങൾക്കുവേണ്ടി പ്രത്യേക പ്രോജക്ട് ആശ്രയ എന്ന പേരിൽ ഉണ്ടായിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ നിരാശ്രയരും ആലംബഹീനരുമായ അഗതികുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് 2002-03 സാമ്പത്തികവർഷം മുതൽ ഈ പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു.

**ആശ്രയ പ്രകാരം നല്കാവുന്ന സേവനങ്ങൾ**

**അതിജീവനാവശ്യങ്ങൾ:** ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, പെൻഷൻ, വിദ്യാഭ്യാസം.

**അടിസ്ഥാനസൗകര്യാവശ്യങ്ങൾ:** ഭൂമി, വീട്, കുടിവെള്ളം, ശുചിത്വസംവിധാനം മുതലായവ

**വികസനാവശ്യങ്ങൾ:** തൊഴിൽ, വൈദഗ്ദ്ധ്യപരിശീലനം തുടങ്ങിയവ

**മാനസികാവശ്യങ്ങൾ:** സമൂഹത്തിലെ ഇതരവിഭാഗങ്ങൾക്കൊപ്പം ഇടപഴകാൻ ആത്മബലം നല്കുന്ന സാമൂഹികപിന്തുണ.

**പ്രത്യേക പ്രോജക്ടുകൾ**

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ഒറ്റപ്പെടുത്തലുകൾ നേരിടുന്നവർക്കും വേണ്ടിയുള്ള പ്രോജക്ടുകളും ആശ്രയ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താം.

കുടുംബശ്രീ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കുടുംബശ്രീ അയൽക്കൂട്ടവും തങ്ങളുടെ പരിസരത്തുള്ള അഗതികളെ കണ്ടെത്തണം. തികച്ചും യാന്ത്രികമായി പേരു ചേർക്കലല്ല, മറിച്ച് തികച്ചും അഗതികളെന്നു വിവക്ഷിക്കാവുന്നവരെ മാത്രമേ ഇതിൽ ഉൽപ്പെടുത്താവൂ. ഇവർ അയൽക്കൂട്ടങ്ങളിൽ അംഗമായിരിക്കണമെന്നില്ല.

അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരുടെ ലിസ്റ്റ് ഏരിയ ഡവലപ്മെന്റ് സൊസൈറ്റിക്കു ലഭ്യമാക്കണം. സി.ഡി.എസ്സിന്റെ സാമൂഹികവികസന ഉപസമിതി ഏരിയ ഡവലപ്മെന്റ് സൊസൈറ്റിയിൽനിന്നു ലഭിക്കുന്ന ലിസ്റ്റ് വിശദമായ പരിശോധിച്ച് ദാരിദ്ര്യനിർമ്മാർജ്ജന വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കൊപ്പം ഓരോ അഗതികുടുംബവും സന്ദർശിക്കണം. കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ആവശ്യമെന്നു കണ്ടാൽ നടത്തണം. ഓരോ ടീമും സന്ദർശിക്കുന്ന അഗതികുടുംബത്തിന്റെ ഒരു രൂപരേഖ തയ്യാറാക്കണം. ഇതിന് ആവശ്യമായ ഫോറം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ലഭ്യമാക്കും. ഈ കുടുംബങ്ങളുടെ പട്ടിക ഗ്രാമസഭയിൽ/വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്ലാൻ ഫണ്ടിലോ ഇതര സർക്കാർ വകുപ്പുകളുടെ പരിപാടിയിലോ ഉൾപ്പെടുത്താൻ കഴിയാത്തവിധം ആവശ്യങ്ങൾ കണ്ടെത്തുകയാണെങ്കിൽ അവ പരിഹരിക്കാൻ മനുഷ്യസ്നേഹികളായ വ്യക്തികളിൽനിന്നോ സന്നദ്ധസംഘടനകളിൽനിന്നോ പ്രായോജകരെ (സ്പോൺസർ) കണ്ടെത്തേണ്ടതാണ്. തദ്ദേശഭരണസ്ഥാപനം അംഗീകരിച്ച അഗതിപുനരധിവാസപദ്ധതി ഡി.പി.സിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണം.

അഗതികുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ വാർഡ് അടിസ്ഥാനത്തിൽ മത്സരബുദ്ധിയോടെ എണ്ണം കൂട്ടിക്കാണിക്കുന്നതിനുള്ള പ്രവണത ആദ്യമേ ഒഴിവാക്കണം. സാധാരണ പരിതസ്ഥിതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ മൊത്തം കുടുംബങ്ങളിൽ 2 ശതമാനത്തിലധികം ഈ വിഭാഗത്തിൽ ഉണ്ടാവാനിടയില്ല. അതിൽ കൂടുതൽ ഉണ്ടെങ്കിൽ അതിനിടയാക്കിയ പ്രത്യേക സാഹചര്യം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വിശദീകരിക്കേണ്ടതാണ്.

അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്കുവേണ്ടി തദ്ദേശഭരണസ്ഥാ

പനം തയ്യാറാക്കുന്ന പ്രോജക്ടുകളാണ് അംഗീകാരത്തിനായി കുടുംബശ്രീ മിഷനിൽ ലഭ്യമാക്കുന്നത്. ഈ പ്രോജക്ടുകൾ സർക്കാരിന്റെ അംഗീകാരം ലഭിച്ചശേഷം നടപ്പാക്കാനായി തദ്ദേശഭരണസ്ഥാപനങ്ങൾക്കു നൽകുന്നു. പഞ്ചായത്ത്, സാമൂഹികക്ഷേമം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ കൂടാതെ സന്നദ്ധസംഘടനകളുടേയും പൊതുജനങ്ങളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്.

#### സംഘക്കൃഷി

തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, കുടുംബശ്രീ, സി.ഡി.എസ്, ത്രിതല സന്നദ്ധസംഘടനാ സംവിധാനത്തിന്റെ ആഭിമുഖ്യത്തിൽ കൃഷിയോഗ്യമായ പൊതുതരിശുകളും ഉപേക്ഷിച്ച നിലയിലുള്ള മറ്റു സ്വകാര്യതരിശുകളും തിട്ടപ്പെടുത്തുകയാണ് ആദ്യനടപടി. ഇത്തരം തരിശുകൾ കൃഷിക്കായി ഏറ്റെടുക്കാൻ തയ്യാറാകുന്ന ചെറിയ വനിതാകൃഷിസംഘങ്ങൾ (ജെ.എൽ.ജി) രൂപവത്ക്കരിക്കലാണ് അടുത്ത നടപടി. ഈ ചെറു കൃഷിസംഘങ്ങൾക്കു കൃഷിസ്ഥലം പാട്ടക്കരാർ വ്യവസ്ഥയിലോ സൗജന്യമായോ ലഭ്യമാക്കുന്നതിന് അവശ്യം വേണ്ട ഇടപെടൽപ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസമിതികൾ ഏറ്റെടുക്കുന്നുണ്ട്. ഇപ്രകാരം കൃഷിക്കായി ഏറ്റെടുക്കപ്പെടുന്ന തരിശുകൾ വളരെ കാലമായി ഉപേക്ഷിച്ച നിലയിൽ ആയിരുന്നതുകൊണ്ട് കൃഷിക്ക് ഉപയുക്തമാക്കി മാറ്റുന്നതിനുള്ള മണ്ണ്-ജല സംരക്ഷണത്തിനും ജലനിർഗമനത്തിനുമുള്ള പരിരക്ഷാപ്രവർത്തനങ്ങൾ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയുമായി സംയോജിപ്പിച്ച് നേടുന്നുമുണ്ട്.

ജെ.എൽ.ജിക്ക് ആവശ്യമായ പരിശീലനങ്ങളും നടീൽ വസ്തുക്കൾ, വളം, കീടനാശിനികൾ എന്നിവയുടെ തെരഞ്ഞെടുപ്പും ഉപയോഗക്രമങ്ങളും പോലുള്ള കാര്യങ്ങൾ കൃഷിവകുപ്പും കൃഷിഭവനുകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കാനും ശ്രദ്ധിക്കുന്നു.

ജെ.എൽ.ജി ഗ്രൂപ്പുകൾ കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്യുന്നതിനുസരിച്ച് ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി വായ്പാസബ്സിഡി സ്കീമിൽ ഉൾപ്പെടുത്തി കേവലം ഒരു ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന സംവിധാനം നിലവിലുണ്ട്. കൂടാതെ ഏരിയാ ഇൻസെന്റീവും ഉല്പാദന ഇൻസെന്റീവും കുടുംബശ്രീ ലഭ്യമാക്കിവരുന്നു. ഇതിന്റെ ഫലമായി ഇക്കഴിഞ്ഞ വർഷം 25,062 ഹെക്ടർ സ്ഥലത്ത് തരിശുഭൂമിയിൽ കൃഷി ഇറക്കാനും വിളവെടുക്കാനും സംഘക്കൃഷിഗ്രൂപ്പുകൾക്കു കഴിഞ്ഞു.

നിലവിൽ കുടുംബശ്രീയിൽ 63,000 സംഘക്കൃഷിഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു. സംഘക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ രണ്ടു വിധത്തിലുള്ള ധനസഹായം നൽകിവരുന്നു.

#### പലിശസബ്സിഡി

കാർഷികാവശ്യത്തിനായി ബാങ്കിൽനിന്നു ലഭിക്കുന്ന വായ്പയുടെ പലിശ കുറയ്ക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം രൂപ വരെ വായ്പയെടുക്കുന്ന ഗ്രൂപ്പുകൾക്ക് 5% പലിശയിളവ് കുടുംബശ്രീ നൽകിവരുന്നു.

**കാർഷിക ഇൻസെന്റീവ്**

കൃഷിയുടെ വ്യാപ്തിയും കൃഷി ചെയ്യുന്ന വിളയും അനുസരിച്ച് കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് നിശ്ചിതതുക എല്ലാവർഷവും കാർഷിക ഇൻസെന്റീവായി നൽകുന്നു. അതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 8.3: വിവിധx വിളകൾക്കു കുടുംബശ്രീ നൽകുന്ന വിസ്തൃതിബോണസും ഉത്പാദന ബോണസും (നിരക്ക്)

| ക്ര. നം. | വിള | ഹെക്ടർ ഒന്നിന് ഉല്പാദന-ച്ചെലവ് (രൂപ) | ഇൻസെന്റീവ് (രൂപയിൽ) | | | | ആകെ | |
|---|---|---|---|---|---|---|---|---|
| | | | വിസ്തൃതി | | ഉല്പാദനം | | | |
| | | | സ്വന്തം | പാട്ടം | സ്വന്തം | പാട്ടം | സ്വന്തം | പാട്ടം |
| 1 | നെല്ല് | 30000 | 3000 | 4500 | 3000 | 3000 | 6000 | 7500 |
| 2 | സുഗന്ധനെല്ല് (ജൈവകൃഷി) | 45000 | 4500 | 6750 | 4500 | 4500 | 9000 | 11250 |
| 3 | മരച്ചീനി | 50000 | 3000 | 4500 | 3000 | 3000 | 6000 | 7500 |
| 4 | പന്തൽ പച്ചക്കറികൾ (പാവയ്ക്ക, പയർ, ചുരയ്ക്ക, കോവൽ മുതലായവ) | 92500 | 5550 | 8325 | 5550 | 5550 | 11100 | 13875 |
| 5 | പന്തൽ വേണ്ടാത്ത പച്ചക്കറികൾ (വെണ്ടയ്ക്ക, ചീര, വഴുതന മുതലായവ) | 77500 | 4650 | 6975 | 4650 | 4650 | 9300 | 11625 |
| 6 | ശീതകാല പച്ചക്കറികൾ | 62500 | 3750 | 5625 | 3750 | 3750 | 7500 | 9375 |
| 7 | നേന്ത്രവാഴ (2500 എണ്ണം) | 135000 | 8100 | 12150 | 8100 | 8100 | 16200 | 20250 |
| 8 | വാഴ, പൂവൻ, ഞാലിപ്പൂവൻ, പാളയൻകോടൻ (2000 എണ്ണം) | 100000 | 6000 | 9000 | 6000 | 6000 | 12000 | 15000 |
| 9 | ചെങ്കദളി (2000 എണ്ണം) | 130000 | 7800 | 11700 | 7800 | 7800 | 15600 | 19500 |
| 10 | പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ | 50000 | 3000 | 4500 | 3000 | 3000 | 6000 | 7500 |

(തുടരും...)

പട്ടിക 8.3: വിവിധ വിളകൾക്കു കുടുംബശ്രീ നൽകുന്ന വിസ്തൃതിബോണസും ഉത്പാദന ബോണസും (നിരക്ക്) (തുടർച്ച)

| ക്ര. നം. | വിള | ഹെക്ടർ ഒന്നിന് ഉല്പാദനച്ചെലവ് (രൂപ) | ഇൻസെന്റീവ് (രൂപയിൽ) വിസ്തൃതി സ്വന്തം | പാട്ടം | ഉല്പാദനം സ്വന്തം | പാട്ടം | ആകെ സ്വന്തം | പാട്ടം |
|---|---|---|---|---|---|---|---|---|
| 11 | കൈതച്ചക്ക (20,000 തൈകൾ) | 140000 | 8400 | 12600 | 8400 | 8400 | 16800 | 21000 |
| 12 | ഇഞ്ചി, മഞ്ഞൾ | 75000 | 4500 | 6750 | 4500 | 4500 | 9000 | 11250 |
| 13 | കൂവ | 50000 | 3000 | 4500 | 3000 | 3000 | 6000 | 7500 |
| 14 | ചേന, ചേമ്പ്, കാച്ചിൽ | 75000 | 4500 | 6750 | 4500 | 4500 | 9000 | 11250 |
| 15 | മധുരകിഴങ്ങ്, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ | 65000 | 3900 | 5850 | 3900 | 3900 | 7800 | 9750 |
| 16 | കച്ചോലം | 60000 | 3600 | 5400 | 3600 | 3600 | 7200 | 9000 |
| 17 | ഔഷധസസ്യങ്ങൾ (വാർഷികവിള) | | | | | | | |
| a | ബ്രഹ്മി | 40000 | 2400 | 3600 | 2400 | 2400 | 4800 | 6000 |
| b | ചിറ്റരത്ത | 82500 | 4950 | 7425 | 4950 | 4950 | 9900 | 12375 |
| c | കോളിയസ് | 43000 | 2580 | 3870 | 2580 | 2580 | 5160 | 6450 |
| d | കറ്റാർവാഴ | 42500 | 2550 | 3825 | 2550 | 2550 | 5100 | 6375 |
| e | തിപ്പലി | 62500 | 3750 | 5625 | 3750 | 3750 | 7500 | 9375 |
| t | തുളസി | 30000 | 1800 | 2700 | 1800 | 1800 | 3600 | 4500 |
| g | ശതാവരി | 62500 | 3750 | 5625 | 3750 | 3750 | 7500 | 9375 |
| 18 | ഔഷധസസ്യങ്ങൾ (ബഹുവർഷവിള) | | | | | | | |
| a | പട്ട | 77500 | 4650 | 6975 | 4650 | 4650 | 9300 | 11625 |
| b | ഇഞ്ചിപ്പുല്ല് | 50000 | 3000 | 4500 | 3000 | 3000 | 6000 | 7500 |
| c | ആടലോടകം | 100000 | 6000 | 9000 | 6000 | 6000 | 12000 | 15000 |
| d | കിരിയാത്ത് | 35000 | 2100 | 3150 | 2100 | 2100 | 4200 | 5250 |
| e | | | | | | | | |
| f | പുത്തരിച്ചുണ്ട | 30000 | 1800 | 2700 | 1800 | 1800 | 3600 | 4500 |

(തുടരും...)

പട്ടിക 8.3: വിവിധ വിളകൾക്കു കുടുംബശ്രീ നൽകുന്ന വിസ്തൃതിബോണസും ഉത്പാദന ബോണസും (നിരക്ക്) (തുടർച്ച)

| ക്ര. നം. | വിള | ഹെക്ടർ ഒന്നിന് ഉല്പാദന-ച്ചെലവ് (രൂപ) | ഇൻസെന്റീവ് (രൂപയിൽ) | | | | ആകെ | |
|---|---|---|---|---|---|---|---|---|
| | | | വിസ്തൃതി | | ഉല്പാദനം | | | |
| | | | സ്വന്തം | പാട്ടം | സ്വന്തം | പാട്ടം | സ്വന്തം | പാട്ടം |
| 18 | നീലയമരി | 50000 | 3000 | 4500 | 3000 | 3000 | 6000 | 7500 |
| 19 | തീറ്റപ്പുല്ല് | 38000 | 2280 | 3420 | 2280 | 2280 | 4560 | 5700 |
| 20 | വെറ്റില | | | | | | | |
| | 3 സെന്റിന് | 4000 | 240 | 360 | 240 | 240 | 480 | 600 |
| | 5 സെന്റിന് | 6500 | 390 | 585 | 390 | 390 | 780 | 975 |
| | 10 സെന്റിന് | 10000 | 600 | 900 | 600 | 600 | 1200 | 1500 |
| 21 | മൾബറി | 75000 | 4500 | 6750 | 4500 | 4500 | 9000 | 11250 |

## 8.13 ദേശീയ നഗര ഉപജീവന മിഷൻ (എൻയുഎൽഎം)

നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുംവേണ്ടി കേന്ദ്ര പാർപ്പിട, നഗരദാരിദ്ര്യനിർമ്മാർജ്ജന മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ. എസ്ജെ എസ്ആർവൈയുടെ തുടർപദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിലാണ് കേരളത്തിൽ നടപ്പിലാക്കിവരുന്നത്.

എൻയുഎൽഎം പദ്ധതിഗുണഭോക്താക്കൾ നഗരദരിദ്രരാണ്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ, തൊഴിൽരഹിതരായ യുവതീയുവാക്കൾ, നഗരത്തിലെ ഭവനരഹിതർ, തെരുവുകച്ചവടക്കാർ തുടങ്ങി നഗരദരിദ്രരിലെ എല്ലാ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ പദ്ധതി അഭിസംബോധന ചെയ്യുന്നു. 50,000 രൂപയിൽ താഴെ വാർഷികവരുമാനമുള്ളവർ എൻയുഎൽഎം ദ്ധതിയുടെ ഗുണഭോക്താക്കളാണ്.

### പദ്ധതിയിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

- അയൽക്കൂട്ടം രൂപവത്ക്കരിക്കാൻ 10,000 രൂപ സഹായം
- അയൽക്കൂട്ടം പ്രവർത്തനക്ഷമമാക്കാൻ 8,000 രൂപ സഹായം
- പ്രവർത്തനം ആരംഭിച്ച് ആറുമാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം റിവോൾവിംഗ് ഫണ്ട്.
- എഡിഎസ്സുകൾക്ക് 50,000 രൂപ റിവോൾവിംഗ് ഫണ്ട്.

ഈ തുക അയൽക്കൂട്ടങ്ങളുടെ/ എഡിഎസ്സുകളുടെ മൊത്തം സമ്പാദ്യം വർദ്ധിപ്പിക്കാനും പരസ്പരവായ്പയായി ലഭ്യമാക്കാനും ഉപയോഗിക്കാം.

### പദ്ധതിയുടെ പ്രധാനഘടകങ്ങൾ

### സ്വയംതൊഴിൽ പദ്ധതി (Self Employment Programme — SEP)

നഗരദരിദ്രർക്ക് വരുമാനദായകപ്രവർത്തനം എന്ന നിലയിൽ സ്വയംതൊഴിൽ ആരംഭിക്കാൻ ആവശ്യമായ സഹായം ലഭ്യമാക്കുന്നതാണ് ഈ പദ്ധതിഘടകം. വ്യക്തിയായോ ഗ്രൂപ്പായോ സംരംഭങ്ങൾ ആരംഭിക്കാം. ഇവർക്ക് ആവശ്യമായ സംരംഭകത്വപരിശീലനം (ഇഡിപി), വൈദഗ്ധ്യപരിശീലനം എന്നിവ അക്രെഡിറ്റഡ് ഏജൻസികളുടെ സഹായത്തോടെ ലഭ്യമാക്കി, സംരംഭങ്ങൾ ആരംഭിക്കാനുള്ള വൈദഗ്ധ്യം ലഭ്യമാക്കുന്നതാണ്.

നഗരപ്രദേശങ്ങൾക്ക് അനുയോജ്യവും വിജയസാദ്ധ്യത ഉള്ളതുമായ സംരംഭങ്ങൾ കണ്ടെത്തുന്നതിനുള്ള സഹായവും ലഭ്യമാക്കും. വ്യക്തിഗതസംരംഭങ്ങൾക്ക് മൂലധനമായി രണ്ടു ലക്ഷം രൂപവരെയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പത്തു ലക്ഷം രൂപവരെയും വായ്പ ലഭ്യമാക്കും. സൂക്ഷ്മസംരംഭത്തിന്റെ ആസ്തികൾക്കു പുറമെ മറ്റൊരു ജാമ്യവും ബാങ്ക് വായ്പയ്ക്കായി നൽകേണ്ടതില്ല. നിലവിൽ ബാങ്കുകളിലെ സമകാലീന വാർഷികപലിശനിരക്കും ഏഴു ശതമാനം വാർഷികനിരക്കും തമ്മിലുള്ള വ്യത്യാസമാണ് പലിശ സബ്സിഡിയായി നൽകുന്നത്.

#### ലിങ്കേജ് വായ്പ

അയൽക്കൂട്ടങ്ങൾക്ക് നാലു ശതമാനം പലിശനിരക്കിൽ നിക്ഷേപത്തിന്റെ നാലിരട്ടിവരെ വായ്പ നൽകുന്നു. നഗരങ്ങളിലെ പാവപ്പെട്ടവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി അയൽക്കൂട്ടങ്ങളുടെ ബാങ്കു വായ്പകളുടെ പലിശ ദേശീയ നഗര ഉപജീവന മിഷൻ സബ്സിഡി ആയി നൽകും. നഗരങ്ങളിലെ പാവപ്പെട്ടവരുടെ സ്വയംസഹായസംഘങ്ങൾ/ അയൽക്കൂട്ടങ്ങൾ കൈപ്പറ്റുന്ന എല്ലാ ബാങ്കുവായ്പകൾക്കും പലിശ സബ്സിഡി ബാധകമാണ്. ബാങ്കുകളിൽ അതതുകാലത്തു നിലവിലുള്ള വാർഷികപലിശനിരക്കും ഏഴു ശതമാനം വാർഷികനിരക്കും തമ്മിലുള്ള വ്യത്യാസമാണ് സബ്സിഡിയായി നൽകുക. കൂടാതെ വായ്പ കൃത്യസമയത്തു തിരിച്ചടയ്ക്കുന്ന എല്ലാ വനിതാസ്വയംസഹായ സംഘങ്ങൾക്കും മൂന്നു ശതമാനം പലിശകിഴിവു ലഭിക്കും.

#### കുടുംബശ്രീ ആസ്ഥാനം

കുടുംബശ്രീ സ്റ്റേറ്റ് മിഷൻ,
രണ്ടാം നില, ട്രിഡ റീഹാബിലിറ്റേഷൻ ബിൽഡിങ്,
മെഡിക്കൽ കോളെജ് പി.ഒ.,
തിരുവനന്തപുരം 695011.
ഫോൺ: 91-471-2554714, 2554715, 2554716
ഇ-മെയിൽ: info@kudumbashree.org, kudumbashree1@gmail.com
വെബ്സൈറ്റ്: www.kudumbashree.org

## 8.14 ശുചിത്വമിഷൻ

### പദ്ധതികൾ

തുറസ്സായ സ്ഥലത്തെ മലവിസർജ്ജനം ഒഴിവാക്കി ഗ്രാമങ്ങളെ വൃത്തിയും വെടിപ്പുമുള്ളതു മാക്കി ഗ്രാമീണജനതയുടെ ജീവിതഗുണമേന്മ മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

- ഇനിയും സുരക്ഷിതമായ കക്കൂസില്ലാത്ത കുടുംബങ്ങൾക്കു ഗാർഹിക കക്കൂസ് നിർമ്മിക്കാൻ ഒരു കക്കൂസിന് 15,400 രൂപ നിരക്കിൽ സാമ്പത്തികസഹായം നൽകുന്നു.
- വ്യക്തിഗതകക്കൂസു പണിയാൻ സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ പൊതുശുചിത്വ സമുച്ചയങ്ങൾ പണിയാൻ രണ്ടു ലക്ഷം രൂപ അനുവദിക്കുന്നു.
- ഗ്രാമ-നഗരപ്രദേശങ്ങളിൽ ഗാർഹികതലത്തിലും പൊതുവായുമുള്ള ഖര-ദ്രവമാലിന്യ പരിപാലനസംവിധാനങ്ങൾ സൃഷ്ടിക്കാൻ സഹായം.
- കമ്പോസ്റ്റിംഗ് ഉപാധികൾക്കും ബയോഗ്യാസ് പ്ലാന്റിനും സബ്സിഡി. (പൊതുവിഭാഗത്തിന് 50%, പട്ടികജാതിവിഭാഗത്തിന് 75%)
- സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയും സംസ്ഥാനാവിഷ്കൃതപദ്ധതികളും നടപ്പിലാക്കുന്നു.

### ശുചിത്വമിഷൻ ആസ്ഥാനം

സ്വരാജ് ഭവൻ, ബേസ് മെന്റ് ഫ്ളോർ (-1),
നന്തൻകോട്, കവടിയാർ പി.ഒ.,
തിരുവനന്തപുരം 695003

ഫോൺ: 0471-2316730, 2319831,
ഫാക്സ്: 0471-2312730,
ഇമെയിൽ: sanitationkerala@gmail.com

### ഗ്രാമവികസനകമ്മിഷണറുടെ ആസ്ഥാനം

ഗ്രാമവികസനകമ്മിഷണറേറ്റ്,
സ്വരാജ് ഭവൻ, ബേസ്മെന്റ് ഫ്ളോർ (-1),
നന്തൻകോട്, കവടിയാർ പി.ഒ.,
തിരുവനന്തപുരം 695003

ഫോൺ: 0471-2314526,
ഇമെയിൽ: crdkerala@gmail.com

— 9 —

# തൊഴിലും നൈപുണ്യവും വകുപ്പ്

## 9.1 അസംഘടിത മേഖലയിലെ വിരമിച്ച തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി (Kerala Unorganised Retired Workers Pension Scheme)

നിലത്തെഴുത്താശാൻ, ആശാട്ടി തുടങ്ങി വിവിധ അസംഘടിതമേഖലകളിലുള്ളവർക്കു പെൻഷൻ നൽകാനുള്ള പദ്ധതി.

**ലഭിക്കുന്ന ധനസഹായം:** പ്രതിമാസപെൻഷൻ — 1100 രൂപ

**അർഹത:** 2008 ആഗസ്റ്റിൽ നിലവിൽവന്ന കേരള കൈത്തൊഴിലാളി, വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽനിന്ന് 60 വയസു പൂർത്തീകരിച്ച് റിട്ടയർ ചെയ്തവരോ പത്തു വർഷം അംഗത്വകാലാവധിയുള്ളവരോ ആയ അംഗങ്ങൾക്ക് ഈ സ്കീം പ്രകാരമുള്ള പെൻഷന് അർഹതയുണ്ട്.

**നടപടിക്രമം:** പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരും റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റിയവരുമായ തൊഴിലാളികളുടെ പട്ടിക കേരള കൈത്തൊഴിലാളി, വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽനിന്ന് ലേബർ കമ്മിഷണറേറ്റ് മുഖാന്തരം അതതു ജില്ലാ ലേബർ ഓഫീസർമാർക്ക് അയച്ചുകൊടുക്കും.

**അപേക്ഷിക്കേണ്ടവിധം:** തൊഴിലാളി ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലാ ലേബർ ഓഫീസർക്കു നൽകണം. അർഹർക്ക് ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കും.

## 9.2 മരംകയറ്റത്തൊഴിലാളി അവശതാപെൻഷൻ പദ്ധതി (Tree Climbers Disability Pension Scheme)

**ലഭിക്കുന്ന സഹായം:** 1,000 രൂപ പ്രതിമാസ പെൻഷൻ.

**അർഹത:** മരംകയറ്റത്തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരത്തിൽനിന്നു വീണ് അപകടം പറ്റുകയും 1980-ലെ കേരള മരംകയറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റുകയും ചെയ്ത തൊഴിലാളി/മരംകയറ്റത്തിനിടെ അപകടത്തിൽ മരിച്ച മരംകയറ്റത്തൊഴിലാളിയുടെ നിയമപ്രകാരമുള്ള ഭാര്യ/മരംകയറ്റത്തൊഴിലാളി അവിവാഹിതനാണെങ്കിൽ തൊഴിലാളിയുടെ അമ്മ എന്നിവർ ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹരാണ്. ആനുകൂല്യം കൈപ്പറ്റുന്ന തൊഴിലാളി മരിക്കുതോടെ പെൻഷൻവിതരണം നിർത്തലാക്കും. ഈ ആൾക്ക് അർഹതപ്പെട്ട കുടിശ്ശിക നിയമപ്രകാരമുള്ള അവകാശികൾ ലഭിക്കും.

**അപേക്ഷിക്കേണ്ട വിധം:** 1980-ലെ മരംകയറ്റത്തൊഴിലാളി ക്ഷേമപദ്ധതിയിൽനിന്ന് ആനുകൂല്യം കൈപ്പറ്റിയ തൊഴിലാളിക്ക് പെൻഷൻ ലഭിക്കാൻ ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർക്ക് അപേക്ഷ നൽകാം.

## 9.3 മരംകയറ്റത്തൊഴിലാളി ക്ഷേമപദ്ധതി (Tree Climbers' Welfare Scheme)

മരംകയറ്റത്തൊഴിലാളീ ധനസഹായ പദ്ധതി 1980-ൽ നിലവിൽ വന്നു. തൊഴിലാളി എന്നതിന് ചെത്തുന്നതിനൊഴികെ കൂലിക്കോ പ്രതിഫലത്തിനോ വേണ്ടി ആ തൊഴിലിൽ ഏർപ്പെടുന്ന വ്യക്തി എന്നർത്ഥം.

**ലഭിക്കുന്ന സഹായം:** സ്ഥായിയായ അവശത അനുഭവിക്കുന്ന തൊഴിലാളിക്ക് — 5,0000 രൂപ ധനസഹായമായി ലഭിക്കുന്നു. മരിക്കുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് — 1,00,000 രൂപ ധനസഹായമായി നൽകുന്നു.

**അർഹതാമാനദണ്ഡം:** മരംകയറ്റത്തൊഴിലിൽ ഏർപ്പെട്ടിരിക്കെ അപകടംമൂലം മരണമോ സ്ഥായിയായ അവശതയോ സംഭവിച്ചാൽ ആ തൊഴിലാളിക്ക് ഈ ധനസഹായത്തിന് അർഹതയുണ്ട്.

**നടപടിക്രമം:** അത്യാഹിതം സംഭവിച്ച ദിവസംമുതൽ അല്ലെങ്കിൽ തൊഴിലാളിയുടെ മരണദിനംമുതൽ 90 ദിവസത്തിനകം മതിയായ രേഖകൾ സഹിതം നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലയിലെ ലേബർ ഓഫീസർക്കു നൽകണം.

അവശതയാണെങ്കിൽ തൊഴിലാളിയും മാരകമായ അപകടമോ മരണമോ ആണു സംഭവിച്ചതെങ്കിൽ ആശ്രിതരുമാണ് അപേക്ഷിക്കേണ്ടത്.

## 9.4 എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസപദ്ധതി (Estate Workers' Distress Relief Fund)

സംസ്ഥാനത്തെ തോട്ടങ്ങളിൽ പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം, പകർച്ചവ്യാധി, കഠിനമായ ദാരിദ്ര്യം എന്നിവമൂലം കഷ്ടത അനുഭവിക്കുന്ന തൊഴിലാളികൾക്കു ദുരിതാശ്വാസം എത്തിക്കാനുള്ള പദ്ധതി.

**ലഭിക്കുന്ന ധനസഹായം:** 25,000 രൂപ (ഒറ്റത്തവണ)

**അർഹതാമാനദണ്ഡം:** തൊഴിലാളി മരണമടഞ്ഞ് മൂന്നുമാസത്തിനകം നിയമാനുസൃതമുള്ള അവകാശി ധനസഹായത്തിനുള്ള അപേക്ഷ ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന് നൽകിയിരിക്കണം. എന്നാൽ നിശ്ചിതസമയപരിധിക്കുശേഷമുള്ള അപേക്ഷകളിൽ കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള അപേക്ഷ നൽകണം.

## 9.5 അസംഘടിത സ്ത്രീത്തൊഴിലാളി പ്രസവാനുകൂല്യപദ്ധതി (Maternity Allowance to Workers in Unorganised Sector)

നിലവിൽ കേരളത്തിലെ ക്ഷേമനിധിബോർഡുകൾ പ്രസവാനുകൂല്യം നൽകുന്നത് സ്ത്രീത്തൊഴിലാളികളുടെ ശമ്പളം നിലനിർത്തിക്കൊണ്ടാണ്. എന്നാൽ 500 മുതൽ 3,000 വരെ രൂപ വ്യത്യസ്തതോതിലാണ് വിവിധ ക്ഷേമനിധിബോർഡുകൾ/പദ്ധതികൾ ഈ സഹായം നൽകുന്നത്. ക്ഷേമനിധിബോർഡുകൾ/ പദ്ധതികൾ നൽകുന്ന പ്രസവാനുകൂല്യങ്ങൾക്ക് ഏകീകൃതസ്വഭാവം കൊണ്ടുവരുന്നതിനും പ്രസവാനുകൂല്യമായി അർഹതപ്പെട്ട കുറഞ്ഞ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**ലഭിക്കുന്ന സഹായം:** തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി അവർ ജോലി ചെയ്യുന്ന വിഭാഗത്തിലെ നിശ്ചയിക്കപ്പെട്ട മൂന്നുമാസത്തെ മിനിമം വേതനമോ 15,000 രൂപയോ ഏതാണോ കുറവ് അതു നൽകും.

**അർഹത:** തുടർച്ചയായി രണ്ടുവർഷം അംഗമായിരിക്കുന്ന തൊഴിലാളികൾക്കു മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളൂ. തൊഴിലാളികൾക്ക് രണ്ടുപ്രസവത്തിനുമാത്രമേ ആനുകൂല്യം അനുവദിക്കൂ.

**നടപടിക്രമം:** പ്രസവാനുകൂല്യമായി ബോർഡ്/പദ്ധതി അനുവദിക്കുന്ന തുക കിഴിച്ചു ശേഷിക്കുന്ന തുക ബോർഡുകൾക്ക് അനുവദിക്കും.

**അപേക്ഷിക്കേണ്ട വിധം:** ആനുകൂല്യം ലഭിക്കാൻ തൊഴിലാളികൾ അംഗമായിട്ടുള്ള ബോർഡിൽ/പദ്ധതിയിൽ അപേക്ഷ നൽകണം.

## 9.6 പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ സാമ്പത്തികസഹായപദ്ധതി (Income Support Scheme for Workers in the Traditional Sector)

പരമ്പരാഗതമേഖലയിലെ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള, 25,000 രൂപയിൽത്താഴെ വാർഷികവരുമാനമുള്ള തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതി. മത്സ്യത്തൊഴിലാളികൾ, ഖാദി, കയർ, മത്സ്യസംസ്കരണം, കൈത്തറി, ബീഡി, കുട്ട, പായനെയ്ത്ത് തൊഴിലാളികൾ തുടങ്ങിയവരാണ് ഈ പദ്ധതിയിലുൾപ്പെടുന്നത്.

**ലഭിക്കുന്ന ധനസഹായം:** പ്രതിവർഷം 1250 രൂപ

**നടപടിക്രമം:** തൊഴിൽവകുപ്പ് മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം കയർ, കൈത്തറി, ഫിഷറീസ്, വ്യവസായ — വാണിജ്യ വകുപ്പ്, ഖാദി തുടങ്ങിയ വകുപ്പുകളി

ലൂടെയും ഈറ്റ — കാട്ടുവള്ളി, ബീഡി, സിഗാർ, കൈത്തറി എന്നീ ബോർഡുകളിലൂടെയും ധനസഹായത്തുക തൊഴിലാളികൾക്ക് ലഭ്യമാക്കിവരുന്നു.

**അപേക്ഷിക്കേണ്ട വിധം:** ധനസഹായത്തിന് അർഹരായവർ അതത് വകുപ്പുകളുമായി ബന്ധപ്പെടണം.

## 9.7 അസംഘടിതമേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസക്ഷേമപദ്ധതി (Unorganised Daily waged Workers' Distress Relief Scheme)

അസംഘടിതമേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്കു ധനസഹായം നൽകുന്ന പദ്ധതി. 2008-ൽ പ്രാബല്യത്തിൽ വന്നു.

**ലഭിക്കുന്ന ആനുകൂല്യം:** 2,000 രൂപ (ഒറ്റത്തവണ)

**അർഹത:** മാറാരോഗങ്ങളാൽ (ക്യാൻസർ, ഹൃദ്രോഗം, ടിബി, ട്യൂമർ) കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് 2,000 രൂപവീതം ഒറ്റത്തവണസഹായധനം അനുവദിക്കുന്നു.

**നടപടിക്രമം:** മതിയായ രേഖകൾ സഹിതമുള്ള നിർദ്ദിഷ്ട അപേക്ഷ ജില്ലാ ലേബർ ഓഫീസർക്കു നൽകണം. അന്വേഷണം നടത്തി അർഹരായവർക്കു ജില്ലാ ലേബർ ഓഫീസർ തുക അനുവദിക്കും.

## 9.8 ആവാസ്–ഇൻഷുറൻസ് പദ്ധതി (AWAZ–Insurance Scheme)

ഇതരസംസ്ഥാനത്തൊഴിലാളികളുടെ ആരോഗ്യപരിപാലനം, തിരിച്ചറിയൽ കാർഡ് വിതരണം, വിവരശേഖരണം, രജിസ്ട്രേഷൻ, എന്നിവ ഉറപ്പാക്കാനായി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു ഇൻഷുറൻസ് പദ്ധതി (ആവാസ്) നടപ്പാക്കാൻ 27/10/2016-ൽ 1325/2016/തൊഴിൽ നമ്പരിൽ ഉത്തരവായി. ഈ ഉത്തരവു ഭേദഗതിവരുത്തി 02/03/2017-ൽ പുറപ്പെടുവിച്ച (സ.ഉ.(സാധാ) 274/17/തൊഴിൽ) ഉത്തരവിൽ ഇതരസംസ്ഥാനത്തൊഴിലാളികൾക്കായി രണ്ടു ലക്ഷം രൂപയുടെ അപകട ഇൻഷുറൻസുകൂടി ഉൾപ്പെടുത്തി. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടെ ഇൻഷുറൻസ് പദ്ധതി മുഖേന ഇതരസംസ്ഥാനത്തൊഴിലാളികളുടെ ആരോഗ്യസുരക്ഷിതത്വം ഉറപ്പുവരുത്താനും വ്യക്തിവിവരശേഖരണം തയ്യാറാക്കാനും അതിൻപ്രകാരം തിരിച്ചറിയൽ ക്കാർഡ് വിതരണം ചെയ്യാനും കഴിയും.

## 9.9 വേതനസുരക്ഷാപദ്ധതി (Wage Protection System)

അസംഘടിതമേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്കു വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യമേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതനസുരക്ഷാപദ്ധതി (ഇ-പേയ്മെന്റ്) പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ വിജയകരമായി തൊഴിൽവകുപ്പ് പൂർത്തിയാക്കിയതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ

ജില്ലയിലും വേതനസുരക്ഷാപദ്ധതി ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതു വഴി തൊഴിലാളികൾക്കു ബാങ്ക് മുഖേന വേതനം ലഭിക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്കു യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനും തൊഴിലാളികൾക്കു വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈനായി ലഭ്യമാക്കാനും കഴിയുന്നു.

ആസ്ഥാനവിലാസം

ലേബർ കമ്മിഷണർ,
ലേബർ കമ്മിഷണറേറ്റ്,
തൊഴിൽഭവൻ, വികാസ്ഭവൻ പി.ഒ.,
തിരുവനന്തപുരം 695033

ഫോൺ നമ്പർ: 0471 2783900
e — mail: lc.lc@kerala.gov.in, lbrcommissioner@gmail.com വെബ്സൈറ്റ് : www.lc.kerala.gov.in

## 9.10 തൊഴിൽവകുപ്പിനുകീഴിലുള്ള ബോർഡുകൾ നടപ്പാക്കുന്ന പദ്ധതികൾ

വകുപ്പിനുകീഴിലുള്ള 16 ബോർഡുകൾവഴി 21 പദ്ധതികൾ നടപ്പാക്കിവരുന്നു.

1. കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധിബോർഡ്
2. കേരള കർഷകത്തൊഴിലാളി ക്ഷേമനിധിബോർഡ്
3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധിബോർഡ്
4. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധിബോർഡ്.
5. കേരള കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധിബോർഡ്
6. കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധിബോർഡ്
7. കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധിബോർഡ്
8. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധിബോർഡ്
9. കേരള ആഭരണത്തൊഴിലാളി ക്ഷേമനിധിബോർഡ്
10. കേരള തൊഴിലാളി ക്ഷേമനിധിബോർഡ്
11. കേരള മോട്ടോർത്തൊഴിലാളി ക്ഷേമനിധിബോർഡ്
12. കേരള കള്ളുചെത്തുതൊഴിലാളി ക്ഷേമനിധിബോർഡ്
13. കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധിബോർഡ്
14. കേരള ചെറുകിടതോട്ടംതൊഴിലാളി ക്ഷേമനിധിബോർഡ്
15. കേരള പീടികത്തൊഴിലാളി ക്ഷേമനിധിബോർഡ്
16. കേരള അസംഘടിത തൊഴിലാളി സാമൂഹികസുരക്ഷാബോർഡ്

## 9.11 കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധിബോർഡ് (Kerala Abkari Workers Welfare Fund Board)

വിദേശമദ്യവ്യവസായരംഗത്തുള്ള തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ അംഗമാകാം.

### ആനുകൂല്യങ്ങൾ

**പെൻഷൻ:** പ്രതിമാസം 1100 രൂപ. മൂന്നുവർഷത്തിൽ കുറയാത്ത അംഗത്വമുള്ള തൊഴിലാളിക്ക് 60 വയസ്സ് പൂർത്തിയാകുന്നമുറയ്ക്ക് പെൻഷന് അർഹതയുണ്ട്.

**ഗ്രാറ്റുവിറ്റി:** ഓരോവർഷത്തെ സർവ്വീസിനും ശരാശരി പ്രതിമാസശമ്പളത്തിന്റെ 50% വരുന്ന തുക. പരമാവധി 20 മാസത്തെ ശമ്പളമെന്ന നിജപ്പെടുത്തിയിട്ടുണ്ട്.

**പി.എഫ്:** തൊഴിലാളിയുടെ അക്കൗണ്ടിൽ വരുന്ന അംശദായത്തിന്റെ പത്തുശതമാനവും തൊഴിലുടമയുടെ വിഹിതത്തിന്റെ എട്ടുശതമാനവും റിട്ടയർമെന്റ് സമയത്ത് പി.എഫ് ആനുകൂല്യമായി നൽകുന്നു.

**എക്സ്ഗ്രേഷ്യ:** മരിച്ച അംഗത്തിന്റെ അവകാശിക്ക് 10,000 രൂപ എക്സ്ഗ്രേഷ്യയായി നൽകുന്നു.

**ചികിത്സാധനസഹായം:** അംഗത്തിന്റെ പി.എഫ്. അക്കൗണ്ടിൽ നിന്നു തിരിച്ചടയ്ക്കേണ്ടതല്ലാത്ത ചികിത്സാധനസഹായം നൽകുന്നു.

**വിവാഹധനസഹായം:** അംഗത്തിന്റെ മകളുടെ വിവാഹാവശ്യത്തിന് അംഗത്തിന്റെ പി.എഫ്. അക്കൗണ്ടിൽനിന്നു 2,000 രൂപ തിരിച്ചടയ്ക്കേണ്ടാത്ത അഡ്വാൻസായി നൽകാൻ വ്യവസ്ഥയുണ്ട്.

**ഭവനവായ്പ:** തൊഴിലാളിയുടെ 12 മാസത്തെ ശമ്പളത്തിനു തുല്യമായ തുക, അല്ലെങ്കിൽ തൊഴിലാളിവിഹിതം അതിലേതാണോ കുറവ് ഈ തുക പി.എഫ് അക്കൗണ്ടിൽനിന്നു നൽകാൻ വ്യവസ്ഥയുണ്ട്.

**ശവസംസ്കാരച്ചെലവ്:** അംഗത്തിന്റെ മരണത്തിൽ 1,000 രൂപ ശവസംസ്കാരച്ചെലവിനായി നൽകാൻ വ്യവസ്ഥയുണ്ട്.

**സ്കോളർഷിപ്:** അംഗങ്ങളുടെ മക്കൾക്കു സ്കോളർഷിപ്പായി 600 രൂപ മുതൽ 1200 രൂപ വരെ നൽകുന്നു.

## 9.12 കേരള കർഷകത്തൊഴിലാളി ക്ഷേമനിധിബോർഡ് (Kerala Agriculture Workers Welfare Fund Board)

കൃഷിയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഇതിൽ അംഗമാകാം.

### ആനുകൂല്യങ്ങൾ

**അധിവർഷാനുകൂല്യം:** 40 വർഷത്തേക്കു തുടർച്ചയായി അംശദായം അടയ്ക്കുന്ന അംഗത്തിനു പ്രതിവർഷം 625 രൂപ നിരക്കിൽ പരമാവധി 25,000 രൂപയും അതിൽക്കുറവു

വർഷങ്ങളിൽ അംഗമായിട്ടുള്ളവർക്കു സർവ്വീസിന്റെ അടിസ്ഥാനത്തിലും കാലാവധി തീരുന്നമുറയ്ക്കുള്ള ആനുകൂല്യം (Retirement Benefit) ലഭിക്കുന്നു.

**സ്കോളർഷിപ്:** അംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സി.ക്ക് ഉയർന്ന മാർക്കു നേടുന്ന കുട്ടികൾക്ക് ജില്ലാതലത്തിൽ സ്കോളർഷിപ്പ് നൽകുന്നു.

**മെഡിക്കൽ ബെനിഫിറ്റ്:** അംഗത്തിനു ചികിത്സാധനസഹായമായി അഞ്ചുവർഷത്തിലൊരിക്കൽ 2500 രൂപ വരെ നൽകാൻ വ്യവസ്ഥയുണ്ട്.

**വിവാഹധനസഹായം:** ഒരു വനിതാംഗത്തിനോ ഏതെങ്കിലും അംഗത്തിന്റെ പെൺമക്കൾക്കോ വിവാഹധനസഹായമായി 2,000 രൂപവീതം നൽകാൻ വ്യവസ്ഥയുണ്ട്.

**പ്രസവാനുകൂല്യം:** ഒരു വനിതാംഗത്തിനു കേന്ദ്രസർക്കാരിന്റെ സഹായത്തോടെ 15,000 രൂപ.

**മരണാനന്തരധനസഹായം:** 2,000 രൂപ വരെ

## 9.13 കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Bamboo, Kattuvally and Pandanus Leaf Workers Welfare Fund Board)

ഈറ്റ, കാട്ടുവള്ളി, തഴ വ്യവസായരംഗത്തെ തൊഴിലാളികൾക്ക് ഇതിൽ അംഗമാകാം.

### ആനുകൂല്യങ്ങൾ

**പെൻഷൻ:** 60 വയസ്സു തികയുകയോ അവശതമൂലം ജോലി ചെയ്യാൻ കഴിയാതെവരുകയോ ചെയ്യുന്ന തൊഴിലാളിക്കു പെൻഷനാനുകൂലം പ്രതിമാസം 1100 രൂപ നൽകിവരുന്നു.

**പ്രസവാനുകൂല്യം:** വനിതാംഗങ്ങൾക്കു 15,000 രൂപ.

**വിവാഹധനസഹായം:** രണ്ടു വർഷത്തെ അംഗത്വ കാലാവധി പൂർത്തിയാക്കിയ അംഗത്തിന് 3,000 രൂപ വിവാഹധനസഹായമായി നൽകിവരുന്നു.

**അപകടധനസഹായം:** അപകടം മൂലം മരിച്ച അംഗത്തിന്റെ ആശ്രിതർക്കു 1,0000 രൂപ

**ചികിത്സാധനസഹായം:** 10,000 രൂപ ആർ.എസ്.ബി.വൈ — ൽനിന്ന്.

## 9.14 കേരള ബീഡി–സിഗാർ തൊഴിലാളി ക്ഷേമനിധിബോർഡ് (Kerala Beedi & Cigar Workers Welfare Fund Board)

ബീഡി & സിഗാർ രംഗത്തു പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികൾക്കും അംഗമാകാം.

### ആനുകൂല്യങ്ങൾ

**പ്രതിമാസപെൻഷൻ:** 58- വയസ്സിൽ സർവ്വീസിൽനിന്നു പിരിയുന്ന ഒരാൾക്കു മൂന്നു വർഷത്തെ തുടർച്ചയായ അംഗത്വമുള്ളപക്ഷം 1100 രൂപവീതം.

**എക്സ്ഗ്രേഷ്യ:** അംഗത്തിനു സ്ഥിരമായ അവശതമൂലം ജോലി ചെയ്യാൻ കഴിയാതെവ രികയോ അംഗം മരിക്കുകയോ ആണെങ്കിൽ അവകാശിക്ക് 1,0000 രൂപ എക്സ്ഗ്രേഷ്യ ആയി നൽകിവരുന്നു.

**വിവാഹധനസഹായം:** രണ്ടുവർഷത്തെ അംഗത്വകാലാവധി പൂർത്തിയാക്കിയ വനിതാം ഗത്തിനു 2,000 രൂപ. കൂടാതെ അംഗത്തിന്റെ പെൺമക്കളുടെ വിവാഹച്ചെലവുകൾക്കായി 2,000 രൂപ നൽകുന്നു.

**അവശതാപെൻഷൻ:** ഏതെങ്കിലും അംഗം അസുഖംമൂലം പൂർണ്ണമായോ സ്ഥിരമായോ അവശതയിലായാൽ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാന ത്തിൽ മരണംവരെ പ്രതിമാസം 500 രൂപ പെൻഷനായി നൽകും.

**അവശതാധനസഹായം:** അംഗം അസുഖംമൂലം പൂർണ്ണമായോ സ്ഥിരമായോ അവശത യിലായാൽ 1,0000 രൂപ.

**പ്രസവാനുകൂല്യം:** വനിതാംഗങ്ങൾക്കു 15,000 രൂപ. രണ്ടുപ്രാവശ്യംവരെ മാത്രം.

## 9.15 കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Building & Other Construction Workers Welfare Fund Board)

നിർമ്മാണമേഖലയിൽ പണിയെടുക്കുന്ന എല്ലാവിഭാഗം തൊഴിലാളികൾക്കും ഇതിൽ അംഗമാകാം.

### അംഗത്വമാനദണ്ഡങ്ങൾ

18 വയസു തികഞ്ഞവരും 60 വയസു പൂർത്തിയാകാത്തവരും ആയിരിക്കണം.

തൊട്ടു മുമ്പുള്ള 12 മാസത്തിൽ 90 ദിവസമെങ്കിലും കെട്ടിടനിർമ്മാണത്തിലോ മറ്റു നിർമ്മാണപ്രവർത്തനങ്ങളിലോ ഏർപ്പെട്ടിട്ടുള്ള തൊഴിലാളിയും മറ്റ് ക്ഷേമനിധികളിൽ അംഗമല്ലാത്ത ആളുമാകണം.

**ഫോം നമ്പർ:** 26-ൽ അപേക്ഷ നൽകണം.

അംഗത്വത്തിന് അർഹരായവർ രജിസ്ട്രേഷൻ ഫീസായി 25 രൂപയും ആദ്യമൂന്നുമാ സത്തെ വരിസംഖ്യയായി 60 രൂപയും ഉൾപ്പെടെ 85 രൂപ അടയ്ക്കണം.

### ആനുകൂല്യങ്ങൾ

**പെൻഷൻ:** ഒരുവർഷമെങ്കിലും അംഗത്വകാലാവധി പൂർത്തിയാക്കിയ അംഗങ്ങൾക്ക് 60 വയസു തികയുന്നമുറയ്ക്കു പെൻഷൻ നൽകിവരുന്നു. പെൻഷൻ 1100 രൂപയാണ്.

**കുടുംബപെൻഷൻ:** അംഗം മരിച്ചാൽ അവകാശിക്ക് (ഭർത്താവ്/ഭാര്യ) 300 രൂപ പെൻഷൻ.

**ഇൻവാലിഡ് പെൻഷൻ/അവശതാപെൻഷൻ:** അപകടംമൂലമോ അസുഖംമൂലമോ സ്ഥിര മായി ജോലി ചെയ്യാൻ കഴിയാതാകുന്ന അംഗത്തിനു മെഡിക്കൽ ബോർഡിന്റെ സർട്ടി

ഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 600 രൂപ അവശതാപെൻഷൻ നൽകു ന്നു. ഒപ്പം എക്സ്ഗ്രേഷ്യ ധനസഹായമായി അവശതയുടെ ശതമാനത്തിന്റെ അടിസ്ഥാന ത്തിൽ 5,000 രൂപ വരെ ധനസഹായം ലഭിക്കും.

**മരണാനന്തരധനസഹായം:** അംഗം മരിച്ചാൽ അവകാശിക്ക് 25,000 രൂപ. ജോലിസ്ഥ ലത്തുവച്ച് അപകടം മൂലം മരിക്കുകയാണെങ്കിൽ അവകാശിക്കു 3,00,000 രൂപ. ജോലി സ്ഥലത്തുവച്ചുള്ള അപകടംമൂലം സ്ഥിരമായി അവശത സംഭവിക്കുകയാണെങ്കിൽ അംഗ ത്തിനു നഷ്ടപരിഹാരമായി 1,00,000 രൂപ.

**സാന്ത്വനധനസഹായം:** മരിക്കുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് പ്രതിമാസം 400 രൂപ നിരക്കിൽ.

**ശവസംസ്കാരത്തിനു ധനസഹായം:** അംഗമോ പെൻഷണറോ മരിച്ചാൽ ശവസംസ്കാര ച്ചെലവിനായി അവകാശിക്ക് 2,000 രൂപ.

**വിവാഹധനസഹായം:** ഒരു വർഷത്തെ അംഗത്വമുള്ളയാൾക്കു സ്വന്തം വിവാഹത്തിനും മൂന്നു വർഷത്തെ അംഗത്വമുള്ളയാളുടെ രണ്ടു മക്കളുടെ വിവാഹത്തിനും 1,0000 രൂപ.

**പ്രസവധനസഹായം:** കുറഞ്ഞത് ഒരുവർഷത്തെ അംഗത്വമുള്ള വനിതാംഗങ്ങൾക്കു 15,000 രൂപ. ഈ ആനുകൂല്യം രണ്ടുപ്രാവശ്യം മാത്രം.

**ചികിത്സാധനസഹായം:** ഒരുവർഷം തികച്ച അംഗം അസുഖംമൂലമോ അപകടംമൂലമോ ആശുപത്രിയിൽ ചികിത്സയ്ക്കു വിധേയമായാൽ അഞ്ചുദിവസത്തേക്കു കുറഞ്ഞത് 400 രൂപ യും കൂടിയത് 5,000 രൂപയും.

**അപകടചികിത്സ:** 750 രൂപ മുതൽ 20,000 രൂപ വരെ.

**മാരകരോഗചികിത്സാധനസഹായം:** ക്യാൻസർ, കിഡ്നിത്തകരാർ തുടങ്ങിയ ഗുരുതര മായ രോഗങ്ങൾക്ക് 50,000 രൂപ.

കണ്ണുസംബന്ധമായ രോഗങ്ങൾമൂലം സർക്കാരാശുപത്രി, ബോർഡംഗീകൃത സ്വകാ ര്യാശുപത്രി എന്നിവയിൽ ശസ്ത്രക്രിയയ്ക്കു വിധേയമാകുന്ന അംഗത്തിന് മെഡിക്കൽ സർട്ടി ഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2,000 രൂപ.

ചിക്കൻപോക്സ്, പാമ്പുകടി, പേവിഷബാധ എന്നിവയെത്തുടർന്നു ചികിത്സയിൽ കഴിയുന്ന അംഗങ്ങൾക്കു സർക്കാരാശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടി സ്ഥാനത്തിൽ 2,000 രൂപ.

**ഭവനനിർമ്മാണവായ്പ:** അഞ്ചുവർഷം പൂർത്തിയാക്കിയ അംഗത്തിനു 15 വർഷത്തെ കാലാവധി മിച്ചമുള്ള പക്ഷം 50,000 രൂപ തുച്ഛമായ പലിശയ്ക്ക്.

**ക്യാഷ് അവാർഡ്:** അംഗങ്ങളുടെ കുട്ടികളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ജില്ലാ തലത്തിൽ ഏറ്റവും കൂടുതൽ മാർക്കു നേടുന്ന 3 ആൺകുട്ടികൾക്കും 3 പെൺകുട്ടികൾക്കും 2500 രൂപ, 2,000 രൂപ, 1500 രൂപ നിരക്കിൽ എല്ലാ വർഷവും സ്കോളർഷിപ്പ്.

**എൻട്രൻസ് കോച്ചിങ് ധനസഹായം:** മൂന്നുവർഷം സർവ്വീസ് പൂർത്തിയാക്കിയ അംഗ ങ്ങളുടെ മക്കൾക്കു പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനപ്പരീക്ഷയ്ക്കു കോച്ചിങിനായി 5,000 രൂപ.

**റീഫണ്ട്:** അംഗത്വ കാലയളവിൽ അടയ്ക്കുന്ന അംശദായം 60 വയസ്സിനു ശേഷമോ മരണാനന്തരമോ മറ്റേതെങ്കിലും തൊഴിൽ കിട്ടി പോയശേഷമോ തിരികെനൽകും.

## 9.16 കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസക്ഷേമനിധിബോർഡ് (Kerala Cashew Workers Relief and Welfare Fund Board)

കശുവണ്ടിവ്യവസായരംഗത്തെ തൊഴിലാളികൾക്ക് അംഗമാകാം.

### ആനുകൂല്യങ്ങൾ

**പെൻഷൻ:** 60 വയസു തികയുന്ന അംഗങ്ങൾക്ക് 1100 രൂപ.

**എക്സ്ഗ്രേഷ്യ:** അംഗങ്ങൾ അപകടംമൂലം മരിക്കുകയോ ജോലി ചെയ്യാനാകാത്ത വിധം സ്ഥിരമായ അവശതയോ അസുഖമോ ബാധിക്കുകയോ ചെയ്താൽ 2500 രൂപ എക്സ്ഗ്രേഷ്യ ധനസഹായം.

**ശവസംസ്കാരത്തിനു ധനസഹായം:** അംഗം മരിച്ചാൽ 2,000 രൂപയും ഒരു പെൻഷണർ മരിച്ചാൽ 1,000 രൂപയും അവകാശിക്ക്.

**പ്രസവാനുകൂല്യം:** ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാത്ത വനിതാംഗങ്ങൾക്കു 15,000 രൂപ. മൂന്നുപ്രാവശ്യംവരെ മാത്രം.

**ക്യാഷ് അവാർഡ്/സ്കോളർഷിപ്:** ഉന്നതവിദ്യാഭ്യാസത്തിനു തെരഞ്ഞെടുക്കുന്ന കോഴ്സുകൾക്ക് അനുസൃതമായി 2,000 രൂപ വരെ സ്കോളർഷിപ്പ്.

**വിധവയുടെ പെൺമക്കളുടെ വിവാഹത്തിനു സാമ്പത്തികസഹായം:** വിധവയുടെയോ/വിഭ്യാര്യന്റെയോ പെൺമക്കളുടെ വിവാഹത്തിന് 1,000 രൂപ വീതം. രണ്ടു പ്രാവശ്യം വരെ മാത്രം.

**അക്കൗണ്ട് തുക അനന്തരാവകാശിക്ക്:** അംഗമോ പെൻഷണറോ മരിച്ചാൽ ആ തൊഴിലാളിയുടെ അക്കൗണ്ടിലുള്ള തുക അവകാശിക്കു തിരികെ നൽകും. പെൻഷണർ ആണെങ്കിൽ അയാൾ നിധിയിലേക്ക് അടച്ച തുകയ്ക്കു തുല്യമായ തുകയാണു തിരികെ നൽകുക.

## 9.17 കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Handloom Workers Relief and Welfare Fund Board)

കൈത്തറി മേഖലയിലെ എല്ലാ തൊഴിലാളികൾക്കും അംഗമാകാം.

### ആനുകൂല്യങ്ങൾ

**പ്രതിമാസപെൻഷൻ:** 60 വയസു പൂർത്തിയായ അംഗത്തിനു പ്രതിമാസം 1100 രൂപ.

**എക്സ്ഗ്രേഷ്യ:** അംഗം അപകടംമൂലം മരിച്ചാൽ അവകാശിക്കും അവശത അനുഭവിക്കുകയാണെങ്കിൽ അംഗത്തിനും 5,000 രൂപ വരെ എക്സ്ഗ്രേഷ്യ ധനസഹായം.

**മരണാനന്തരധനസഹായം:** അംഗം മരിച്ചാൽ അവകാശിക്ക് 5,000 രൂപ.

**അനന്തരാവകാശിക്ക തുക തിരികെ ലഭിക്കും:** അംഗം മരിച്ചാൽ ഇദ്ദേഹം അംശദായമായി അടച്ച തുക, കുറഞ്ഞത് 1,000 രൂപ, അവകാശിക്ക തിരികെ ലഭിക്കും.

**വിദ്യാഭ്യാസഗ്രാന്റ്:** അംഗങ്ങളുടെ മക്കൾക്ക ഹൈസ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിനായി 400 രൂപ മുതൽ 3,000 രൂപ വരെ ഗ്രാന്റായി നൽകുന്നു.

**സ്വർണ്ണമെഡലും ക്യാഷ് അവാർഡും:** അംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സി.ക്ക സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക വാങ്ങുന്ന കുട്ടിക്ക സ്വർണ്ണമെഡലും രണ്ടാം സ്ഥാനത്തിന് 1,000 രൂപ ക്യാഷ് അവാർഡും.

**വിവാഹധനസഹായം:** വനിതാംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹത്തിനു 2,000 രൂപ.

**പ്രസവാനുകൂല്യം:** വനിതാംഗത്തിനു പ്രസവാനുകൂല്യമായി 15,000 രൂപ വരെ.

## 9.18 കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Headload Workers Welfare Fund Board)

കയറ്റിറക്കുമേഖലയിലുള്ള എല്ലാ തൊഴിലാളികൾക്കും അംഗമാകാം.

### ആനുകൂല്യങ്ങൾ

**ബോണസ്:** വിഷു, ഓണം എന്നിവയോടനുബന്ധിച്ച് ഓരോ അംഗത്തിനും വേതനത്തിന്റെ 12% ബോണസ് നൽകുന്നു.

**ഹോളിഡേ അലവൻസ്:** ഒരു കലൻഡർവർഷത്തിൽ ശരാശരി ദിവസശമ്പളത്തിന്റെ നിരക്കിൽ ഒൻപതു ദിവസത്തെ ഹോളിഡേ അലവൻസ് ലഭിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ വായ്പ:** അംഗങ്ങളുടെ മക്കൾക്ക് 25,000 രൂപ വരെ.

**ചികിത്സാധനസഹായം:** ഒരു തൊഴിലാളിക്ക രണ്ടോ അതിലധികമോ ദിവസം അംഗീകൃത ആശുപത്രിയിൽ ചികിത്സയ്ക്കു വിധേയരാകേണ്ടിവന്നാൽ ആധികാരികരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി 15,000 രൂപ വാർഷികചികിത്സാധനസഹായമായി നൽകാൻ വ്യവസ്ഥയുണ്ട്. അംഗത്തിന്റെ ഭാര്യയോ 18 വയസ്സിൽ താഴെയുള്ള കുട്ടികളോ ആശ്രിതരായ മാതാപിതാക്കളോ ആണെങ്കിൽ ഈ തുക വർഷം 3,000 രൂപ ആയിരിക്കും.

**സ്കോളർഷിപ്:** സ്കൂൾതലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ പഠിക്കുന്ന മക്കൾക്ക് ഒരു വർഷം 250 രൂപ മുതൽ 4,000 രൂപ വരെ.

**വിദ്യാഭ്യാസധനസഹായം:** അംഗീകൃതസ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുള്ള തൊഴിലാളിക്ക് സ്കൂൾ തുറക്കുന്ന സമയത്ത് 1,000 രൂപ നൽകുന്നു.

**ദുരിതാശ്വാസം:** അംഗം രോഗം ബാധിച്ച ചികിത്സയിലാവുകയും 24 മണിക്കൂറിലധികം വിശ്രമം വേണ്ടിവരികയും ചെയ്യുന്ന പക്ഷം രണ്ടുമാസത്തേക്ക പ്രതിദിനം 60 രൂപ നിരക്കിലും തുടർന്നുള്ള രണ്ടു മാസത്തേക്ക ചികിത്സ ആവശ്യമെങ്കിൽ ആ നിരക്കിന്റെ 50

ശതമാനമോ പരമാവധി 5400 രൂപയോ ധനസഹായം. കൂടാതെ ആശ്രിതർ ആരെങ്കിലും മരിച്ചാൽ 1,000 രൂപ ധനസഹായമായി നൽകും.

**വിവാഹവായ്പ:** അംഗത്തിന്റെയോ അംഗത്തിന്റെ പെൺമക്കളുടെയോ വിവാഹത്തിന് 10,000 രൂപയോ അംഗത്തിന്റെ ശരാശരി മാസവരുമാനത്തിന്റെ മൂന്നുമടങ്ങോ ഏതാണോ കുറവ് അത് പലിശരഹിതവായ്പയായി നൽകുന്നു. ഈ തുക വിവാഹശേഷം 20 മാസത്തവണകളെയായി തിരിച്ചടയ്ക്കണം. കൂടാതെ, വിവാഹധനസഹായമായി 50,000 രൂപ തുച്ഛമായ പലിശ നിരക്കിൽ വായ്പയായും നൽകുന്നു.

**ചികിത്സാചെലവ്:** ജോലിയിലിരിക്കുമ്പോൾ അപകടം സംഭവിച്ചാൽ മുഴുവൻ ചികിത്സാചെലവും നഷ്ടപരിഹാരവും നൽകുന്നു.

**തുടർചികിത്സാഗ്രാന്റ്:** കാൻസർ, കിഡ്നി, ഹൃദ്രോഗം തുടങ്ങിയവയുടെ ചികിത്സയ്ക്ക് 50,000 രൂപ വരെ.

**മരണാനന്തരധനസഹായം:** അംഗം മരിച്ചാൽ ശവസംസ്കാരച്ചെലവുകൾക്കായി 3,000 രൂപ ആശ്രിതർക്ക്.

**ഭവനവായ്പ:** ഭവനനിർമ്മാണത്തിന് ആറുലക്ഷം രൂപയും മെയിന്റനൻസിനു മൂന്നുലക്ഷം രൂപയും വായ്പാസൗകര്യം.

**ഉത്സവഅഡ്വാൻസ്:** എല്ലാ അംഗങ്ങൾക്കും വർഷത്തിലൊരിക്കൽ 20,000 രൂപ വരെ. ഈ തുക 10 മാസത്തവണകളായി തിരികെ അടയ്ക്കണം.

**അവശതാപെൻഷൻ:** അംഗം അസുഖംമൂലം പൂർണ്ണമായോ സ്ഥിരമായോ അവശതയിലായാൽ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മരണംവരെ പ്രതിമാസപെൻഷനായി 400 രൂപ നൽകും.

**ഗ്രാറ്റുവിറ്റി:** അംഗത്തിന്റെ റിട്ടയർമെന്റ്, മരണം, അവശത എന്നിവ സംഭവിക്കുമ്പോൾ അയാളുടെ മൊത്തവേതനത്തിന്റെ 11 % ഗ്രാറ്റുവിറ്റിയായി നൽകുന്നു.

**സ്പെഷ്യൽ റിട്ടയർമെന്റ് ധനസഹായം:** അംഗം വർഷത്തിൽ കുറഞ്ഞത് 180 ദിവസം ജോലി ചെയ്യുകയും എന്നാൽ സൂപ്പർ ആനുവേഷൻ സമയത്തു ടെർമിനൽ ബെനിഫിറ്റ് 25,000 രൂപയിൽ കുറവായിരിക്കുകയും ചെയ്താൽ കുറവായ തുക സ്പെഷ്യൽ സൂപ്പർ ആനുവേഷൻ അസിസ്റ്റൻസായി നൽകുന്നു.

**പ്രത്യേക മരണാനന്തരധനസഹായം:** അംഗത്തിനു സ്വാഭാവികമരണം സംഭവിച്ചാൽ ആശ്രിതർക്ക് 50,000 രൂപയും ജോലിയിൽ ഏർപ്പെട്ടിരിക്കെ മരിക്കുകയാണെങ്കിൽ 50,000 രൂപയും ധനസഹായമായി നൽകും.

**മരണാനന്തര ആശ്വാസധനസഹായം:** തൊഴിലാളി മരിക്കുന്ന തീയതിമുതൽ മൂന്നുമാസത്തേക്ക് ആശ്രിതർക്കു പരമാവധി 7500 രൂപ.

**പെൻഷൻ:** (പുതുക്കിയ ടെർമിനൽ ബെനിഫിറ്റ്) — 60 വയസിൽ സർവ്വീസിൽനിന്നു പിരിയുന്ന അംഗത്തിന് ആറുവർഷത്തെ സർവ്വീസുണ്ടെങ്കിൽ മിനിമം പെൻഷന് അർഹതയുണ്ട്. അപ്രകാരം ലഭിക്കുന്ന തുക സർവ്വീസിന്റെ ദൈർഘ്യം അനുസരിച്ച് പ്രതിമാസം

1100 രൂപ മുതൽ 11,000 രൂപ വരെ ആയിരിക്കും. ഫാമിലി പെൻഷൻ 550 രൂപ മുതൽ 5500 രൂപ വരെ ലഭിക്കും.

**കുടുംബാസൂത്രണധനസഹായം:** കുടുംബാസൂത്രണശസ്ത്രക്രിയ ചെയ്യുന്ന അംഗത്തിനും ഭാര്യക്കും 5,000 രൂപ വീതം.

**പ്രകൃതിക്ഷോഭദുരിതാശ്വാസപദ്ധതി:** അംഗത്തിനു പ്രകൃതിക്ഷോഭംമൂലം വീട്ടു പൂർണ്ണമായും നഷ്ടപ്പെട്ടാൽ 20,000 രൂപ വരെ ധനസഹായം.

**വിവിധോദ്ദേശ്യവായ്പ:** അംഗങ്ങൾക്ക് 8% പലിശനിരക്കിൽ 1,00,000 രൂപ വരെ വിവിധ ആവശ്യങ്ങൾക്കായി വായ്പ ലഭിക്കും.

**വിശ്രമകേന്ദ്രനിർമ്മാണസഹായം:** 15,000 രൂപ വരെ

## 9.19 കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Jewellery Workers Welfare Fund Board)

സ്വർണ്ണം, വെള്ളി, മുത്ത്, പവിഴം മുതലായവ ഉപയോഗിച്ച് ആഭരണം, രൂപം എന്നിവ നിർമ്മിക്കുന്ന തൊഴിലാളികൾക്ക് ഇതിൽ അംഗമാകാം. കേരള ആഭരണത്തൊഴിലാളി സെസും (10 ലക്ഷം രൂപയിൽ വാർഷികവിറ്റുവരവുള്ള സ്ഥാപനങ്ങളിൽ ആകെ വിറ്റുവരവിന്റെ 0.25%) തൊഴിലാളിയുടെ അംശദായവും സർക്കാർ ഗ്രാന്റുമാണ് ബോർഡിന്റെ വരുമാനമാർഗം.

### ആനുകൂല്യങ്ങൾ

**പെൻഷൻ:** തുടർച്ചയായി അഞ്ചുവർഷം ക്ഷേമപദ്ധതിയിൽ അംഗത്വമുള്ള 60 വയസായവർക്ക് പ്രതിമാസം 1100 രൂപ. പെൻഷൻതുകയുടെ 50 ശതമാനം കുടുംബപെൻഷനായി ലഭിക്കും.

**പ്രസവാനുകൂല്യം:** 15,000 രൂപ നൽകുന്നു.

**വിവാഹധനസഹായം:** 3,000 രൂപ നൽകുന്നു.

**ചികിത്സാധനസഹായം:** 25,000 രൂപ വരെ.

**മരണാനന്തരധനസഹായം:** സ്കീമിൽ ചേർന്ന് അംശദായമടയ്ക്കുന്ന തൊഴിലാളികൾക്ക് 10,000 രൂപ.

**സ്കോളർഷിപ്പ്:** തൊഴിലാളികളുടെ മക്കൾക്ക് കോഴ്സുകളുടെ അടിസ്ഥാനത്തിൽ 500 രൂപ മുതൽ 2,000 രൂപ വരെ.

## 9.20 കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Labour Welfare Fund Board)

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽനിന്നു ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ 2 (ജി) വകുപ്പിൽ വരുന്ന

തൊഴിലാളികൾ, പ്ലാന്റേഷൻ ലേബർ നിയമത്തിലെ 2 (എഫ്) വകുപ്പിൽ വരുന്ന തൊഴിലാളികൾ, 1960-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമത്തിൽ 20-ലധികം തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവർക്ക് അംഗമാകാം.

**ആനുകൂല്യങ്ങൾ**

**അനുകമ്പാപൂർണമായ ദുരിതാശ്വാസം (Compassionate Relief Fund):** ജോലിയിലിരിക്കെ മരിച്ച അംഗങ്ങളുടെ ആശ്രിതർക്ക് 2,500 രൂപ ഉടനടി ധനസഹായം.

**ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ധനസഹായം:** എട്ടുമുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു പ്രതിവർഷം 300 രൂപ വരെ.

**ഉന്നതവിദ്യാഭ്യാസധനസഹായം:** പ്ലസ്‌വൺ മുതൽ ഡിഗ്രിതലത്തിലും പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിലുമുള്ള പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിവിധ കോഴ്സുകൾക്ക് 400 രൂപ മുതൽ 1800 രൂപ വരെ.

**ലൈബ്രറികൾക്കു ധനസഹായം:** ക്ഷേമനിധി വരിക്കാരോ തൊഴിലാളിയൂണിയനുകളോ നടത്തുന്ന, അംഗങ്ങൾ ഉപയോഗിക്കുന്ന ലൈബ്രറികളിൽ പുസ്തകം വാങ്ങാൻ 5,000 രൂപ വരെ.

**വ്യാവസായികപരിശീലനം:** 230 വിദ്യാർത്ഥികൾക്ക് 12 ഗവൺമെന്റ് ഐ.ടി.ഐ.കളിലായി 13 വിവിധട്രേഡുകളിൽ ട്രെയിനിങ് നൽകുന്നു. അവർക്കു പ്രതിമാസം 150 രൂപ സ്റ്റൈപ്പന്റ് നൽകുന്നു.

**അത്യാസന്നനിലയിലുള്ള രോഗികൾക്കു സാമ്പത്തികസഹായം:** അത്യാസന്നനിലയിലുള്ള രോഗികൾക്കും ഓപ്പറേഷൻ കഴിഞ്ഞവർക്കും 10,000 രൂപ വരെ. ക്യാൻസർ, കിഡ്നി തകരാർ, കുഷ്ഠം തുടങ്ങിയ ഗുരുതരമായ രോഗങ്ങൾക്ക് 20,000 രൂപ ധനസഹായം.

**ടൂർ സബ്സിഡി:** അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തേക്കടി/കുമിളി സന്ദർശിക്കാനും കുമിളിയിലെ ഹോളിഡേ ഹോമിൽ താമസിക്കാനും ടൂർ സബ്സിഡി ലഭിക്കും.

**വിവാഹധനസഹായം:** 1,000 രൂപ.

**മരണാനന്തരധനസഹായം:** ജോലിയിലിരിക്കെ മരിക്കുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 2500 രൂപ.

**അംഗവൈകല്യമുള്ള തൊഴിലാളികൾക്കു ധനസഹായം:** അംഗവൈകല്യമുള്ള അംഗത്തിനു കൃത്രിമക്കാൽ/ക്രച്ചസ് എന്നിവ വാങ്ങാൻ 5,000 രൂപ വരെ.

**അംഗങ്ങളുടെ മക്കൾക്കു കമ്പ്യൂട്ടർ ട്രെയിനിങ് പ്രോഗ്രാം:** അംഗങ്ങളുടെ കുട്ടികൾക്ക് 50% ഫീസ് നിരക്കിൽ കമ്പ്യൂട്ടർ ട്രെയിനിങ് നൽകുന്നു. എസ്.സി/എസ്.ടി വിഭാഗത്തിനു 100% ഫീസ് ആനുകൂല്യം.

**അന്ധ, ബധിര, മൂക, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുള്ള തൊഴിലാളിക്കു പ്രത്യേക ധനസഹായം:** അംഗം റിട്ടയർ ചെയ്യുന്ന തീയതിവരെ പ്രതിമാസം 100 രൂപ.

## 9.21 കേരള മോട്ടോർത്തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Motor Transport Workers Welfare Fund Board)

വാഹനയുടമകൾ രജിസ്ട്രേഷൻ സമയത്തു ഹാജരാക്കുന്ന ഫോം 3 — ലെ ലിസ്റ്റിലുള്ള തൊഴിലാളികൾക്ക് അംഗമാകാം.

### ആനുകൂല്യങ്ങൾ

**പെൻഷൻ:** 1100 രൂപ

**അവശതാപെൻഷൻ:** 1,000 രൂപ

**സ്വാഭാവികമരണാനന്തരധനസഹായം:** 50,000 രൂപ

**അപകടമരണാനന്തരധനസഹായം:** 1,50,000 രൂപ

**ചികിത്സാധനസഹായം:** കുറഞ്ഞത് രണ്ടുവർഷത്തെ അംഗത്വമുള്ളവർക്ക് 50,000 രൂപ.

**വിവാഹധനസഹായം:** 20,000 രൂപ വീതം അംഗത്തിന്റെ രണ്ടു പെൺമക്കൾക്ക്.

**പ്രസവാനുകൂല്യം:** 15,000 രൂപ വീതം ലഭിക്കുന്നു.

**റീഫണ്ട്:** 60 വയസ്സിനുശേഷം തൊഴിലാളിയുടെ അംശദായവും തൊഴിലുടമയുടെ അംശദായവും സർക്കാർഗ്രാന്റും പലിശസഹിതം അംഗത്തിനു ലഭിക്കുന്നു.

**സ്കോളർഷിപ്പ്:** അംഗങ്ങളുടെ മക്കളിൽ സ്കൂൾതലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ പഠിക്കുന്നവർക്ക് കോഴ്സുകൾക്കനുസരിച്ച് പ്രതിവർഷം 500 രൂപ മുതൽ 7500 രൂപ വരെ.

**പ്രോവിഡന്റ് ഫണ്ട്:** അംഗം പ്രൊവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്ന മുഴുവൻ തുകയും കാലകാലം ഗവൺമെന്റ് നിശ്ചയിക്കുന്ന പലിശനിരക്കിൽ കൂട്ടുപലിശ അടിസ്ഥാനത്തിൽ റിട്ടയർമെന്റ് സമയത്തു തിരികെ നൽകുന്നു.

**ഗ്രാറ്റുവിറ്റി:** പൂർത്തിയാക്കിയ ഓരോ വർഷത്തിനും 15 ദിവസത്തെ ശമ്പളം (അവസാനം വാങ്ങിയ ശമ്പളം) എന്ന നിരക്കിൽ ഗ്രാറ്റുവിറ്റി നൽകുന്നു.

**തിരിച്ചടയ്ക്കേണ്ടാത്ത ലോൺ:** അംഗം പ്രൊവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ച തുക തിരിച്ചടയ്ക്കേണ്ടാത്ത വായ്പയായി വീടു പണിയാൻ നൽകാൻ വ്യവസ്ഥയുണ്ട്.

## 9.22 കേരള കള്ളുചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Toddy Workers Welfare Fund Board)

കള്ളുചെത്തുതൊഴിൽ സ്വീകരിച്ചിട്ടുള്ള തൊഴിലാളികൾക്ക് അംഗമാകാം.

### ആനുകൂല്യങ്ങൾ

**പെൻഷൻ:** 1100 രൂപ

**പ്രോവിഡന്റ് ഫണ്ട്:** അംഗം പ്രൊവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്ന തുക പലിശയോടുകൂടി റിട്ടയർമെന്റ് സമയത്തു തിരികെനൽകുന്നു. ചികിത്സാവിഭാഗം, വിദ്യാഭ്യാസം, ഭവനനിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കു പ്രൊവിഡന്റ് ഫണ്ടിൽനിന്നു വായ്പ നൽകുന്നു.

**ചികിത്സാസഹായം:** ക്യാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾക്ക് 15,000 രൂപ.

**ഇൻഷുറൻസ് ആനുകൂല്യം:** തൊഴിലാളി മരിച്ചാലോ പൂർണ്ണമായ അംഗവൈകല്യം വന്നാലോ അഞ്ചുലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യത്തിനു 2.5 ലക്ഷം രൂപയും ചികിത്സയ്ക്കായി 50,000 രൂപയും നൽകുന്നു.

**അവശതാധനസഹായം:** മരത്തിൽനിന്നുള്ള വീഴ്ചമൂലം സ്ഥിരമായും പൂർണ്ണമായും അവശതയിലാകുന്ന അംഗങ്ങൾക്കു സാമ്പത്തികസഹായമായി പ്രതിമാസം 300 രൂപ.

**സ്കോളർഷിപ്പും ക്യാഷ് അവാർഡുകളും:** കള്ളുചെത്തുതൊഴിലാളികളുടെ മക്കളിൽ ഗവൺമെന്റ് സ്കൂളുകളിലോ ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിലോ പഠിക്കുന്നവർക്ക് 750 രൂപ മുതൽ 5,600 രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്നു.

**ക്യാഷ് അവാർഡും സ്വർണ മെഡലും:** അംഗങ്ങളുടെ മക്കളോ ആശ്രിതരോ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടിയാൽ അവർക്കു സ്വർണമെഡലും ജില്ലാതലത്തിൽ ഉയർന്ന മാർക്കു വാങ്ങിയാൽ ക്യാഷ് അവാർഡും നൽകുന്നു.

**മരണാനന്തരധനസഹായം:** സർവ്വീസിലിരിക്കെ മരിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് 5,000 രൂപയും പെൻഷണറുടെ ആശ്രിതർക്ക് 3,000 രൂപയും.

## 9.23 കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Tailoring Workers Welfare Fund Board)

തയ്യൽത്തൊഴിലാളികൾക്കും തയ്യൽ സ്വയംതൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്കും അംഗമാകാം.

### ആനുകൂല്യങ്ങൾ

**അവശതാപെൻഷൻ:** 60 വയസു തികഞ്ഞ, ജോലി ചെയ്യാൻ കഴിയാതെ അവശതയിലാകുന്ന അംഗത്തിനു പ്രതിമാസം 1,000 രൂപ. മൂന്നു വർഷത്തെയെങ്കിലും സ്ഥിരാംഗത്വം നിർബ്ബന്ധം.

**റിട്ടയർമെന്റ് പെൻഷൻ:** മൂന്നു വർഷത്തെയെങ്കിലും അംഗത്വമുള്ളവർക്ക് 60 വയസു പൂർത്തിയായാൽ സർവീസ് ദൈർഘ്യം അനുസരിച്ച് 1100 രൂപ പെൻഷൻ നൽകുന്നു.

**പ്രസവാനുകൂല്യം:** ഒരു വർഷമെങ്കിലും തുടർച്ചയായ അംഗത്വമുള്ള വനിതാംഗത്തിനു രണ്ടുപ്രാവശ്യംമാത്രം പ്രസവത്തിന് 15,000 രൂപ വീതം.

**മരണാനന്തരധനസഹായം:** അംഗം മരിച്ചാൽ കുടുംബാംഗങ്ങൾക്ക് 25,000 രൂപ വരെ. മരണാനന്തരച്ചടങ്ങുകൾക്ക് 1,000 രൂപയും നൽകുന്നു.

**ചികിത്സാധനസഹായം:** 1,000 രൂപ മുതൽ 5,000 രൂപ വരെ.

**വിവാഹധനസഹായം:** പുരുഷന്മാർക്ക് 1,000 രൂപയും സ്ത്രീകൾക്ക് 2,000 രൂപയും.

**ക്യാഷ് അവാർഡ്:** അംഗങ്ങളുടെ മക്കളിൽ 10-ാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ ലഭിക്കുന്നവർക്ക് 1,000 രൂപ ക്യാഷ് അവാർഡ്.

**സ്കോളർഷിപ്:** 11-ാം ക്ലാസുമുതൽ പ്രൊഫഷണൽ കോഴ്സുകൾവരെ പഠിക്കുന്ന വിദ്യാർഥികൾക്ക പ്രതിവർഷം 1,000 രൂപ മുതൽ 5,000 രൂപ വരെ.

**ടെർമിനൽ റീഫണ്ട്:** റിട്ടയർ ചെയ്യുന്ന അംഗങ്ങൾക്ക് അവരുടെ അംശദായവും ബോർഡിന്റെ വിഹിതവും ചേർത്തുള്ള തുക ടെർമിനൽ റീഫണ്ടായി നൽകുന്നു. (പരമാവധി 6,0000 രൂപ)

## 9.24 കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Small Scale Plantation Workers Welfare Fund Board)

പ്ലാന്റേഷൻ ലേബർ ആക്ടിനു കീഴിൽ വരാത്ത ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അംഗമാകാം.

### ആനുകൂല്യങ്ങൾ

**പെൻഷൻ:** പദ്ധതി പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ചെറുകിടതോട്ടംതൊഴിലാളിയായി ജോലി ചെയ്തുവന്നതും പദ്ധതി പ്രാബല്യത്തിൽവന്ന മാസംമുതൽ അംശദായമടച്ചതും മൊത്തം 10 വർഷക്കാലം ജോലി ചെയ്ത് 60 വയസ്സ് പൂർത്തിയായി ജോലിയിൽനിന്നു വിരമിച്ചതുമായ അംഗത്തിനു പ്രതിമാസം 1100 രൂപ പെൻഷന് അർഹതയുണ്ട്. പെൻഷനുവേണ്ടി ജോലിയിൽനിന്നു പിരിഞ്ഞു മൂന്നുമാസത്തിനകം പദ്ധതി അനുശാസിക്കുന്ന വിധത്തിൽ അപേക്ഷിക്കണം.

**അവശതാപെൻഷൻ:** രോഗം മൂലമോ അപകടം മൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരികാവശത സംഭവിച്ച് രണ്ടുവർഷത്തിൽക്കൂടുതൽ ഒരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന അംഗത്തിന് പൂർണ്ണ അവശത തുടരുന്നപക്ഷം അങ്ങനെ രണ്ടുവർഷം കഴിയുന്ന മാസത്തിന്റെ, തൊട്ടടുത്ത മാസംമുതൽ പ്രതിമാസം 1,000 രൂപ അവശതാ പെൻഷന് അർഹത ഉണ്ട്. മേൽപ്പറഞ്ഞ വസ്തുത തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം പദ്ധതി അനുശാസിക്കുന്ന പ്രകാരമുള്ള അപേക്ഷയോടൊപ്പം നൽകണം.

**കുടുംബപെൻഷൻ:** ഈ പദ്ധതി പ്രാബല്യത്തിൽ വരുന്നതിനു മുമ്പോ ശേഷമോ 15 വർഷമെങ്കിലും ചെറുകിടതോട്ടം തൊഴിലാളി ആയിരിക്കുന്നതും തുടർച്ചയായ മൂന്നു വർഷത്തിൽ കുറയാതെ അംശദായം അടച്ചുവരുന്നതുമായ അംഗത്തിന് ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കും. പെൻഷൻ ലഭിക്കുന്ന അംഗമോ പെൻഷന് അർഹതപ്പെട്ട അംഗമോ മരിച്ചാൽ ആ അംഗത്തിന്റെ കുടുംബത്തിലെ നിയമാനുസൃതമായ അവകാശിക്കു കുടുംബപ്പെൻഷന് അർഹതയുണ്ട്.

കുടുബപ്പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് അർഹത നഷ്ടപ്പെട്ടാൽ കുടുംബത്തിലെ അർഹതയുള്ള അടുത്തയാൾക്കു പെൻഷൻ ലഭിക്കും. ഭാര്യയോ ഭർത്താവോ പുനർവിവാഹിതരായാലും പെൺമക്കൾ വിവാഹിതരായാലും ആൺമക്കൾ 21 വയസ്സ് പൂർത്തിയായാലും പെൻഷനുള്ള അർഹത നഷ്ടപ്പെടും.

പദ്ധതി അനുശാസിക്കുന്ന പ്രകാരം, അപേക്ഷയോടൊപ്പം ജനന — മരണ രജിസ്ട്രാർ നൽകിയ മരണ സർട്ടിഫിക്കറ്റ്, അപേക്ഷകനു മരിച്ച തൊഴിലാളിയുമായുള്ള ബന്ധു

ത്വം തെളിയിക്കാൻ റവന്യൂ അധികാരിയുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

**പ്രസവാനുകൂല്യം:** ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ സ്ത്രീയംഗത്തിനു 15,000 രൂപ. ഗർഭം അലസലിന് അംഗത്തിന് 1,000 രൂപ. പ്രസവാനുകൂല്യത്തിനു ജനന — മരണരജിസ്ട്രാരിൽനിന്നു കുട്ടിയുടെ ജനനസർട്ടിഫിക്കറ്റും ഗർഭം അലസൽ ആനുകൂല്യത്തിന് അസിസ്റ്റന്റ് സർജന്റെ പദവിയിൽ കുറയാത്ത സർക്കാർഡോക്ടർ നൽകിയ സർട്ടിക്കറ്റും പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കണം.

**വിവാഹാനുകൂല്യം:** മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും സ്ത്രീയംഗങ്ങൾക്കും വിവാഹച്ചെലവിനായി 3,000 രൂപ നിധിയിൽനിന്നു നൽകും. ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്നവർ വിവാഹം നിശ്ചയിച്ചു എന്നോ വിവാഹം നടന്നു എന്നോ തെളിയിക്കാൻ സ്ഥലത്തെ തദ്ദേശസ്വയംഭരണസെക്രട്ടറി, പ്രസിഡന്റ്, ചെയർമാൻ, മേയർ, എം.എൽ.എ., എം.പി., ഗസറ്റഡ് ഓഫീസർ എന്നിവരിൽ നിന്നോ വിവാഹം രജിസ്റ്റർ ചെയ്യാൻ അധികാരമുള്ള സ്ഥാപനത്തിൽ നിന്നോ ലഭിച്ച സാക്ഷ്യപത്രം ഹാജരാക്കണം.

ഈ ആനുകൂല്യത്തിന് വിവാഹം നിശ്ചയിച്ചുകഴിഞ്ഞ് ഉടനെയോ വിവാഹം കഴിഞ്ഞ് 60 ദിവസങ്ങൾക്കുള്ളിലോ അപേക്ഷിക്കണം.

അംഗത്തിനു രണ്ടു തവണയിൽ കൂടുതൽ ഈ ആനുകൂല്യത്തിന് അർഹതയില്ല. അച്ഛനും അമ്മയും വിവാഹിതയാകുന്ന മകളും ക്ഷേമനിധിയിൽ അംഗങ്ങളാണെങ്കിൽ ഒരാൾക്കു മാത്രമാണ് ആനുകൂല്യത്തിന് അർഹത.

**ചികിത്സാധനസഹായം:** മൂന്നുവർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗത്തിനും കുടുംബാംഗങ്ങൾക്കും സർക്കാരാശുപത്രിയിൽ കിടത്തിച്ചികിത്സയ്ക്ക് അംഗത്വകാലയളവിൽ ഒരു പ്രാവശ്യം പരമാവധി 10,000 രൂപ ലഭിക്കും. ഈ ആനുകൂല്യത്തിനായി അപേക്ഷയോടൊപ്പം സർക്കാർ ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ, ചികിത്സാരേഖകൾ, ചികിത്സ നടത്തിയെന്നു തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കണം.

**മരണാനന്തരധനസഹായം:** മരിക്കുന്ന അംഗത്തിന്റെ ആശ്രിതർക്ക് അംഗത്വകാലയളവിന് ആനുപാതികമായി 500 രൂപ മുതൽ 1500 രൂപ വരെ. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ജനന-മരണ രജിസ്ട്രാർ നൽകുന്ന മരണസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അംഗത്തിന്റെ അവകാശികൾ ആരൊക്കെ എന്നു തെളിയിക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ സെക്രട്ടറിയോ വില്ലേജ് ഓഫീസറോ തഹസിൽദാരോ നൽകിയ സർട്ടിഫിക്കറ്റും ഹാജരാക്കണം.

അംഗങ്ങളുടെ മക്കൾക്ക് 2,000 രൂപ വരെ വിദ്യാഭ്യാസസ്കോളർഷിപ്പ്.

ആക്ടിലും പദ്ധതിയിലും പ്രതിപാദിച്ചിട്ടുള്ള പ്രകാരം അംശദായം കുടിശ്ശികയില്ലാതെ അടച്ച് അംഗത്വം നിലനിർത്തിയ അംഗങ്ങൾക്കേ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹത ഉള്ളൂ.

## 9.25 കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Shops & Commercial Establishment Workers Welfare Fund Board)

ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലെയും എല്ലാ തൊഴിലാളിക്കും അംഗമാകാം.

### ആനുകൂല്യങ്ങൾ

**പെൻഷൻ:** സ്ഥിരമായ ശാരീരികാവശത മൂലം രണ്ടുവർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ 60 വയസു തികയുകയോ ചെയ്തിട്ടുള്ളതും ഈ ആക്ട് പ്രകാരമുള്ള ക്ഷേമപദ്ധതിയിൽ പത്തു വർഷമെങ്കിലും തുടർച്ചയായി അംശദായം അടയ്ക്കുതുമായ അംഗത്തിന് പെൻഷൻ നൽകാനും 15 വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച അംഗം മരിച്ച പോയാൽ കുടുംബപെൻഷൻ നൽകാനും വ്യവസ്ഥയുണ്ട്. 1100 രൂപയാണ് പെൻഷൻ.

**വിവാഹധനസഹായം:** മൂന്നുവർഷം തുടർച്ചയായി സർവ്വീസുള്ള ഒരു വനിതാംഗത്തിനോ അംഗത്തിന്റെ പെൺമക്കൾക്കോ 5,000 രൂപ വരെ.

**പ്രസവാനുകൂല്യം:** ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും ഇ. എസ്. ഐ. പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ സ്ത്രീത്തൊഴിലാളികൾക്കു പ്രസവത്തിനു 12 ആഴ്ചയും മാസം തികയാതെയുള്ള പ്രസവം, ഗർഭം അലസൽ, നിയമപ്രകാരമുള്ള ഗർഭഛിദ്രം, എന്നിവയ്ക്ക് ആറാഴ്ച വീതവും പ്രസവകാലവേതനം നൽകാം. പ്രസവാനുകൂല്യമായി പരമാവധി രണ്ടു തവണ 15,000 രൂപവീതം ലഭിക്കുന്നു.

**ശവസംസ്കാരച്ചെലവ്:** അംഗമോ അംഗത്തിന്റെ കുടുംബത്തിലെ ആരെങ്കിലുമോ മരിച്ചാൽ 1,000 രൂപ നൽകും.

**മരണാനന്തരധനസഹായം:** മൂന്നു വർഷം സർവീസ് പൂർത്തിയാക്കിയ അംഗത്തിന് 5,000 രൂപ മുതൽ അംഗത്വകാലാവധി അനുസരിച്ച് 20,000 രൂപ വരെ.

**മരണാനന്തരച്ചെലവ്:** മൂന്നു വർഷം സർവീസ് പൂർത്തിയാക്കിയ അംഗത്തിന്റെ കുടുംബാംഗങ്ങൾക്ക് 1,000 രൂപ.

**ചികിത്സാധനസഹായം:** മൂന്നു വർഷം സർവ്വീസ് പൂർത്തിയാകുന്ന അംഗത്തിനും അവരുടെ കുടുംബത്തിലെ അംഗത്തിനും സർക്കാരാശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്കു 10,000 രൂപ വരെ.

**വിദ്യാഭ്യാസാനുകൂല്യം:** ഒരു വർഷമെങ്കിലും അംശദായമടച്ച അംഗത്തിന്റെ മക്കൾക്ക് എസ്.എസ്.എൽ.സി. മുതൽ പ്രൊഫഷണൽ ഗ്രാജ്വേറ്റ് കോഴ്സുകൾ വരെ മെരിറ്റ് അടിസ്ഥാനത്തിൽ 750 രൂപ മുതൽ 6,000 രൂപ വരെ.

## 9.26 കേരള അസംഘടിതത്തൊഴിലാളി സാമൂഹികസുരക്ഷാ ബോർഡ് (Kerala Unorganised Social Security Board)

കേരള കൈത്തൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമനിധിപദ്ധതി, കേരള അലക്കുതൊഴിലാളിക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, കേരള ഗാർഹിക തൊഴിലാളിക്ഷേമപദ്ധതി, കേരള പാചകത്തൊഴിലാളിക്ഷേമപദ്ധതി, കേരള ക്ഷേത്രജീവനക്കാരുടെ ക്ഷേമപദ്ധതി എന്നീ പദ്ധതികൾ ഈ ബോർഡിൽ ലയിപ്പിച്ചിട്ടുണ്ട്.

സ്വയംതൊഴിൽ ചെയ്യുന്ന, മറ്റു ക്ഷേമപദ്ധതികളിൽ അംഗമല്ലാത്ത, 14 വയസ് പൂർത്തിയാകുകയും 59 വയസ് പൂർത്തിയാകാതിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ അംഗമാകാം.

### ആനുകൂല്യങ്ങൾ

**റിട്ടയർമെന്റ് ആനുകൂല്യം:** അംഗങ്ങൾക്ക് 60 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി ആനുകൂല്യം നൽകുന്നു.

**വാർദ്ധക്യപെൻഷൻ:** ഏറ്റവും കുറഞ്ഞത് 1100 രൂപ.

**കുടുംബപെൻഷൻ:** പത്തുവർഷം അംശദായം അടച്ച പെൻഷന് അർഹരായ അംഗം മരണമടഞ്ഞാൽ ആശ്രിതർക്കു പ്രതിമാസം 300 രൂപ.

**അവശതാപെൻഷൻ:** തുടർച്ചയായി അഞ്ചുവർഷം അംശദായം അടച്ച അംഗത്തിനു ജോലി ചെയ്യാൻ കഴിയാത്തവിധത്തിൽ അവശത സംഭവിച്ചാൽ പ്രതിമാസം 500 രൂപ നിരക്കിൽ.

**ചികിത്സാധനസഹായം:** ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുന്നു.

**വിദ്യാഭ്യാസധനസഹായം:** ആം ആദ്മി ബീമാ യോജന പ്രകാരം 750 രൂപ മുതൽ 2500 രൂപ വരെ.

**പ്രസവാനുകൂല്യം:** 15,000 രൂപ.

**വിവാഹധനസഹായം:** തുടർച്ചയായി ഒരുവർഷം അംശദായം അടച്ച വനിതാംഗത്തിന്റെയോ അംഗത്തിന്റെ രണ്ടുപെൺമക്കളുടെയോ വിവാഹത്തിന് 5,000 രൂപ.

**മരണാനന്തരധനസഹായവും അപകടാനുകൂല്യവും:** അംഗങ്ങൾക്ക് ആം ആദ്മി ബീമാ യോജനയിലെ വ്യവസ്ഥകൾക്കു വിധേയമായി ധനസഹായം നൽകുന്നു.

**മരണാനന്തരച്ചെലവുകൾ:** 1,000 രൂപ നിധിയിൽനിന്നു നൽകുന്നു.

## 9.27 കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്

വിവരങ്ങൾ ലോട്ടറിവകുപ്പിന്റെ അദ്ധ്യായത്തിൽ.

## 9.28 കേരള ഓട്ടോറിക്ഷാത്തൊഴിലാളി ക്ഷേമനിധി പദ്ധതി (Kerala Auto Rickshaw Workers Welfare Fund Scheme)

### ആനുകൂല്യങ്ങൾ

**റിട്ടയർമെന്റ് ആനുകൂല്യം:** അംഗത്തിന്റെ റിട്ടയർമെന്റ് പ്രായം 50 വയസാണ്. ഒരാൾ 30 വർഷമെങ്കിലും സ്കീമിൽ അംഗമായി തുടർന്നാൽ റിട്ടയർമെന്റ് ആനുകൂല്യമായി 1,45,264 രൂപ ലഭിക്കും. മുപ്പതുവർഷത്തിൽക്കുറവു സർവ്വീസുള്ള അംഗത്തിനു സേവനത്തിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കും.

**ചികിത്സാധനസഹായം:** പത്തുദിവസത്തിൽ കുറയാതെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്ക് അപേക്ഷകൻ നാളതുവരെ അടച്ച അംശദായത്തിന്റെ 50% തുക നൽകുന്നു. ഒരുമാസത്തിൽക്കുറയാതെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്ക് അപേക്ഷകൻ നാളതുവരെ അടച്ച അംശദായത്തിന്റെ 70% തുകയോ 2500 രൂപയോ ഏതാണോ കുറവ് അത് അനുവദിക്കുന്നു. കാൻസർ, ക്ഷയം, പരാലിസിസ്, കൊറോണറി അർട്ടറി ബൈപാസ്, ഓപ്പൺ ഹാർട്ട് സർജറി, വാൽവ് മാറ്റിവയ്ക്കൽ, പേസ്മേക്കർ ഘടിപ്പിക്കൽ, വൃക്ക മാറ്റിവയ്ക്കൽ, വൃക്ക സംബന്ധമായ അസുഖങ്ങൾ, വാസ്കുലർ ഗ്രാഫ്റ്റ് സർജറി, കാൽമുട്ടുശസ്ത്രക്രിയ തുടങ്ങിയവയ്ക്ക് 10,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

**പ്രസവചികിത്സാസഹായം:** അപേക്ഷക നാളതുവരെ അടച്ച അംശദായത്തിന്റെ 60% തുകയോ 1,000 രൂപയോ ഏതാണോ കുറവ് അത്.

**മരണാനന്തരധനസഹായം:** അംഗം മരിച്ചാൽ ആശ്രിതർക്ക് റിട്ടയർമെന്റ് ആനുകൂല്യത്തോടൊപ്പം 25,000 രൂപ.

**ഓട്ടോറിക്ഷ വാങ്ങുന്നതിനു മുൻകൂർ തുക:** അംഗത്തിന്റെ അംശദായത്തിന്റെ 75% തുക അഡ്വാൻസായി നൽകും.

**വിദ്യാഭ്യാസസ്കോളർഷിപ്:** അംഗങ്ങളുടെ മക്കളിൽ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് 300 രൂപ, 400 രൂപ, 500 രൂപ എന്ന നിരക്കിൽ.

**മറ്റാനുകൂല്യങ്ങൾ:** കാലാകാലങ്ങളിൽ ക്ഷേമനിധിയുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

എ. വീടു വയ്ക്കാൻ വസ്തു വാങ്ങാനുള്ള മുൻകൂർതുക.

ബി. പെൺമക്കളുടെ വിവാഹാവശ്യത്തിനു മുൻകൂർതുക

സി. ഭവനനിർമാണത്തിനുള്ള മുൻകൂർതുക

## 9.29 കേരള ഓട്ടോമൊബൈൽ തൊഴിലാളിക്ഷേമപദ്ധതി (Kerala Automobile Workers Welfare Scheme)

ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് രംഗത്ത് ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഈ സ്കീമിൽ അംഗമാകാം.

### ആനുകൂല്യങ്ങൾ

**റിട്ടയർമെന്റ് ആനുകൂല്യം:** സേവനത്തിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കും.

**മരണാനന്തരധനസഹായം:** അംഗം മരിച്ചാൽ ആശ്രിതർക്ക് 5,000 രൂപ.

**ചികിത്സാധനസഹായം:** മാരകരോഗങ്ങൾക്ക് 10,000 രൂപയും മറ്റ് അസുഖങ്ങൾക്ക് 5,000 രൂപ നിരക്കിലും.

## 9.30 കേരള ചുമട്ടുതൊഴിലാളി (അറ്റാച്ച്ഡ് വിഭാഗം) ക്ഷേമപദ്ധതി [Kerala Headload Workers (Attached) Welfare Scheme]

അറ്റാച്ച്ഡ് വിഭാഗം ചുമട്ടുതൊഴിലാളികൾക്ക് അംഗമാകാം.

### ആനുകൂല്യങ്ങൾ

**വിദ്യാഭ്യാസധനസഹായം:** അംഗങ്ങളുടെ മക്കൾക്ക് എസ്.എസ്.എൽ.സി.ക്ക് 100 രൂപ, പ്ലസ് ടു — 200 രൂപ, ഡിഗ്രി — 300 രൂപ, പ്രൊഫഷണൽ കോഴ്സുകൾക്ക് 1,000 രൂപ (പ്രതിവർഷം) എന്ന നിരക്കിൽ.

**മരണാനന്തരധനസഹായം:** അംഗം മരിച്ചാൽ ആശ്രിതർക്ക് 10,000 രൂപ.

**ചികിത്സാധനസഹായം:** 300 രൂപ

**വിവാഹധനസഹായം:** 1,000 രൂപ

**അവശതാഗ്രാന്റ്:** 5,000 രൂപ

**അവശതാപെൻഷൻ:** 100 രൂപ (60 വയസുവരെ)

**കുടുംബപെൻഷൻ:** 60 രൂപ (7 വർഷം)

**മരണാനന്തരച്ചടങ്ങുകൾ:** 500 രൂപ

## 9.31 കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി [Kerala Headload Workers (Scattered) Welfare Scheme]

സ്കാറ്റേർഡ് വിഭാഗം ചുമട്ടുതൊഴിലാളികൾക്ക് അംഗമാകാം.

### ആനുകൂല്യങ്ങൾ

**വിദ്യാഭ്യാസധനസഹായം:** അംഗങ്ങളുടെ മക്കൾക്ക് എസ്.എസ്.എൽ.സി.ക്ക് 200 രൂപ, പ്ലസ് ടു — 200 രൂപ, ഡിഗ്രി — 300 രൂപ, പ്രൊഫഷണൽ കോഴ്സുകൾക്ക് 1,000 രൂപ (പ്രതിവർഷം) എന്ന നിരക്കിൽ.

**മരണാനന്തരധനസഹായം:** അംഗം മരിച്ചാൽ ആശ്രിതർക്ക് 10,000 രൂപ മുതൽ 50,000 രൂപ വരെ.

**ചികിത്സാധനസഹായം:** 1,000 രൂപ (പ്രതിവർഷം)

**വിവാഹധനസഹായം:** 1,500 രൂപ

**ആശ്രിതമരണം:** 500 രൂപ

**അവശതാഗ്രാന്റ്:** 5,000 രൂപ മുതൽ 12,500 രൂപ വരെ

**അവശതാപെൻഷൻ:** 1,000 രൂപ വരെ

**കുടുംബപെൻഷൻ:** 1,000 രൂപ

**സൂപ്പർ ആനുവേഷൻ പെൻഷൻ:** 1,000 രൂപ

**അവശതാധനസഹായം:** 5,000 രൂപ

## 9.32 കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമനിധി പദ്ധതി (Kerala Migrant Labour workers welfare Fund Scheme)

കേരളത്തിനു പുറത്ത് ഇന്ത്യയിലെവിടെയും ജനിച്ചുവളർന്നവരും തൊഴിലാവശ്യാർത്ഥം സംസ്ഥാനത്ത് താമസിച്ച് സ്വന്തം നിലയിലോ കരാറുകാരുടെ കീഴിലോ തൊഴിൽ ചെയ്യുന്നവരുമായ 18-60 വയസ്സിന് ഇടയിലുള്ള തൊഴിലാളികൾക്ക് അംഗമായി തിരിച്ചറിയൽ കാർഡ് നേടാം.

ഈ വിഭാഗം തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന ഒരു തൊഴിലുടമയും കരാറുകാരും തന്റെ കീഴിൽ ജോലി ചെയ്യുന്നവർ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. തൊഴിലാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധനാ ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ നൽകണം. രജിസ്ട്രേഷൻ പുതുക്കൽ ഫീസ് പ്രതി വർഷം 30 രൂപയാണ്.

നിർമ്മാണത്തൊഴിലാളി ക്ഷേമനിധിബോർഡ് മുഖേനയാണു പദ്ധതി നടപ്പിലാക്കുന്നത്.

### ആനുകൂല്യങ്ങൾ

**അപകടാശ്വാസധനസഹായം:** 25,000 രൂപ

**ചികിത്സാധനസഹായം:** 25,000 രൂപ

**ടെർമിനൽ ബെനിഫിറ്റ്:** 10,000 രൂപ മുതൽ 25,000 രൂപ വരെ

**അംഗത്തിന്റെ മക്കൾക്കു വിദ്യാഭ്യാസഗ്രാന്റ്:** 1,000 രൂപ മുതൽ 3,000 രൂപ വരെ

**മരണാനന്തരയാനുകൂല്യം:** സാധാരണ മരണത്തിന് 10,000 രൂപയും അപകടമരണത്തിന് 50,000 രൂപയും.

**മൃതദേഹം നാട്ടിലെത്തിക്കാൻ:** 5,000 രൂപ മുതൽ 15,000 രൂപ വരെ.

## 9.33 രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (Rashtriya Swasthya Bima Yojana)

കേന്ദ്ര പ്ലാനിംഗ് കമ്മിഷൻ നിർണ്ണയിച്ചിട്ടുള്ള സംസ്ഥാനത്തെ ബിപിഎൽ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ച് ആരംഭിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണിത്. തൊഴിലാളി, ഭാര്യ/ഭർത്താവ്, കുട്ടികൾ ആശ്രിതരായ രക്ഷാകർത്താക്കൾ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ചിയാക് (CHIAK) ആണ് ആർ.എസ്.ബി.വൈ യുടെ നോഡൽ ഏജൻസി. രജിസ്ട്രേഷൻ അക്ഷയ കേന്ദ്രങ്ങൾ വഴി നടത്താം.

അഞ്ചംഗങ്ങളുള്ള കുടുംബത്തിനു വാർഷികചികിത്സാഇൻഷ്വറൻസ്പരിരക്ഷ 30,000 രൂപ വരെ.

## 9.34 ആം ആദ്മി ബീമാ യോജന (Aam Aadmi Bima Yojana)

കേന്ദ്ര — സംസ്ഥാനസർക്കാരുകളുടെ പങ്കാളിത്തത്തോടെ ഗ്രാമീണമേഖലയിലെ ഭൂരഹിതകുടുംബങ്ങൾക്കുവേണ്ടി ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതി. ഈ പദ്ധതിപ്രകാരം സംഘടിതമേഖലയിൽ ജോലിയില്ലാത്ത കുടുംബനാഥനെയോ കുടുംബത്തിലെ വരുമാനമുള്ള ഒരു വ്യക്തിയെയോ ഇൻഷ്വർ ചെയ്യുന്നു. ചിയാക് (CHIAK) ആണ് നോഡൽ ഏജൻസി. ചിയാക് പരസ്യം പ്രസിദ്ധീകരിക്കുമ്പോൾ ബന്ധപ്പെട്ട അക്ഷയ കേന്ദ്രത്തിൽ അപേക്ഷ നൽകിയാൽ മതി.

പ്രീമിയം 200 രൂപ.

**ആനുകൂല്യങ്ങൾ**

**സ്വാഭാവികമരണം:** 30,000 രൂപ

**അപകടമരണം:** 75,000 രൂപ

**അപകടംമൂലം ഉണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യം:** 75,000 രൂപ

**അപകടംമൂലം ഉണ്ടാകുന്ന അംഗവൈകല്യം:** 35,000 രൂപ

**ഒരു കുടുംബത്തിലെ രണ്ടുകുട്ടികൾക്കു സ്കോളർഷിപ്:** പ്രതിമാസം 200 രൂപ (ഒരു കുട്ടിക്ക് 100 രൂപ)

## 9.35 സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (Comprehensive Health Insurance Scheme)

ആർഎസ്ബിവൈ പദ്ധതിയിൽ ഉൾപ്പെടാത്തവരാണ് ഈ പദ്ധതിയിൽ വരുന്നത്. ആസൂത്രണക്കമ്മിഷന്റെ പട്ടികയിൽ ഉൾപ്പെടാത്ത, എന്നാൽ സംസ്ഥാനസർക്കാരിന്റെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുന്നവരും ആസൂത്രണക്കമ്മിഷന്റെ പട്ടികയിലും സംസ്ഥാനസർക്കാരിന്റെ പട്ടികയിലും ഉൾപ്പെടാത്ത എ.പി.എൽ. കുടുംബങ്ങളുമാണു ഗുണഭോക്താക്കൾ. ചിയാക് (CHIAK) ആണ് പദ്ധതിനിർവ്വഹണയേജൻസി.

**ആനുകൂല്യങ്ങൾ**

മാരകരോഗങ്ങൾ പിടിപെടുന്നവർക്ക് 70,000 രൂപ അധികചികിത്സ സൗജന്യം.

2017 മുതൽ ആർ.എസ്.ബി.വൈ പദ്ധതിയിൽ അംഗമായിട്ടുള്ള കുടുംബത്തിലെ മുഴുവൻ മുതിർന്നപൗരർക്കും 30,000 രൂപ ചികിത്സാസൗകര്യം.

## 9.36 ഭവനം ഫൗണ്ടേഷൻ ഓഫ് കേരള

കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു കുറഞ്ഞ നിരക്കിൽ നിലവാരമുള്ള പാർപ്പിട സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനതൊഴിൽവകുപ്പിനു കീഴിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന കമ്പനിയാണു ഭവനം ഫൗണ്ടേഷൻ ഓഫ് കേരള. തദ്ദേശീയരും ഇതര സംസ്ഥാനക്കാരുമായ തൊഴിലാളികൾക്കായി മൂന്നു വ്യത്യസ്ത പദ്ധതികൾ ഭവനം ഫൗണ്ടേഷൻ നടപ്പിലാക്കിവരുന്നു.

## 9.37 അപ്നാ ഘർ പദ്ധതി

കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾക്കു വൃത്തിയുള്ളതും സുരക്ഷിതവുമായ പാർപ്പിടം പ്രതിമാസവാടക ഈടാക്കി നൽകുന്ന പദ്ധതി. പാലക്കാട് കഞ്ചിക്കോടുള്ള കിൻഫ്ര പാർക്കിൽ നടപ്പിലാക്കിയ അപ്നാഘർ പദ്ധതിയിൽ 768 ഇതര സംസ്ഥാനത്തൊഴിലാളികൾക്കു മെച്ചപ്പെട്ട താമസസൗകര്യം ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നു.

## 9.38 ജനനി

കേരളത്തിലെ അസംഘടിതമേഖലയിലെ വരുമാനം കുറഞ്ഞ തൊഴിലാളികൾക്കു സ്വന്തം അപ്പാർട്ട്മെന്റ് താങ്ങാവുന്ന വിലയ്ക്കു നൽകുന്ന പദ്ധതി. ഗുണഭോക്താക്കളെ മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം അസംഘടിതമേഖലയിലെ വരുമാനം കുറഞ്ഞ തൊഴിലാളികളിൽനിന്നു തിരഞ്ഞെടുക്കും.

പദ്ധതിയിലെ അടിമാലി (ഇടുക്കി) സ്കീമിൽ രണ്ടു കിടപ്പുമുറിയുള്ള 216 അപ്പാർട്ട്മെന്റുകളും പോഞ്ഞാശ്ശേരി (എറണാകുളം) സ്കീമിൽ രണ്ടു കിടപ്പുമുറിയുള്ള 296 അപ്പാർട്ട്മെന്റുകളും ഉണ്ട്. അടിമാലി പദ്ധതി പൂർത്തീകരിച്ചു. പോഞ്ഞാശ്ശേരി പദ്ധതിയുടെ നിർമ്മാണം നടക്കുന്നു.

## 9.39 തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി

കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് അവരുടെ തൊഴിൽസ്ഥലത്തുതന്നെ സ്വന്തമായി വീടോ അപ്പാർട്ട്മെന്റോ നിർമ്മിച്ചു നൽകുന്ന പദ്ധതി. സ്വന്തമായി കുറഞ്ഞത് മൂന്നുസെന്റ് ഭൂമിയുള്ളവർക്കു വീടും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് അപ്പാർട്ട്മെന്റു മാതൃകയിലുള്ള വീടും നിർമ്മിച്ചു നൽനാണ് ഉദ്ദേശിക്കുന്നത്. ഭവനം ഫൗണ്ടേഷൻ കേരളയാണു നിർവ്വഹണ ഏജൻസി.

# — 10 —

# നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ്

## 10.1 കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺഎംപ്ലോയ്ഡ് കെസ്റു 99 (KESRU 99)

കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും വാർഷികകുടുംബവരുമാനം 1,00,000 രൂപയിൽ താഴെയുള്ളതും 21-നും 50-നും ഇടയ്ക്ക് പ്രായമുള്ളതുമായ ഏതൊരാൾക്കും ഈ പദ്ധതിയിൽ അപേക്ഷിക്കാം. 25 വയസ്സ് കഴിഞ്ഞ, സാങ്കേതികപരിജ്ഞാനമുള്ളവർക്കും (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, നാഷണൽ അപ്രന്റീസ് സർട്ടിഫിക്കറ്റ്) ബിരുദധാരികളായ വനിതകൾക്കും മുൻഗണന.

ഈ പദ്ധതിയിൽ നൽകുന്ന പ്രോജക്ടുകൾക്ക് ധനകാര്യസ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന തുകയുടെ 20% (പരമാവധി 20,000 രൂപ) സബ്സിഡി നൽകുന്നു. പരമാവധി വായ്പത്തുക 1,00,000 (ഒരു ലക്ഷം) രൂപയാണ്. ഈ പദ്ധതി പ്രകാരം സ്വയം തൊഴിലിനു ധനസഹായം ലഭിക്കാനുള്ള അപേക്ഷ എല്ലാ പ്രവൃത്തിദിവസവും അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നു വാങ്ങാം.

## 10.2 മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്

29-10-2007 ലെ ജി.ഒ.(പി)143/07/തൊഴിൽ നമ്പർ സർക്കാരുത്തരവിലൂടെയാണ് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ് പദ്ധതി എന്ന സ്വയംതൊഴിൽപദ്ധതി നിലവിൽവന്നത്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുവേണ്ടി വകുപ്പു നടത്തുന്ന വിവിധോദ്ദേശ്യ സേവനകേന്ദ്രങ്ങളും അവയുടെ കീഴിൽ തൊഴിൽരഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർ ആയിരിക്കണം അപേക്ഷകർ. എംപ്ലോയ്

മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവൃത്തി കാര്യക്ഷമതാ പരിശീലനം ലഭിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാം. എന്നാൽ ഇത്തരക്കാർ ആകെ ഗുണഭോക്താക്കളിൽ 10 ശതമാനത്തിൽ കൂടാൻ പാടില്ല.

വാർഷികകുടുംബവരുമാനം 1,00,000 രൂപയിൽ കവിയരുത്. (കുടുംബവരുമാനം എന്നുദ്ദേശിക്കുന്നത് ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻ കാർഡിൽ പേരുള്ള അംഗങ്ങളുടെ ആകെ വരുമാനമാണ്). 21 നും 40 നും ഇടയിൽ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. മറ്റു പിന്നാക്കജാതിക്കാർക്കു മൂന്നുവർഷവും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അഞ്ചുവർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവു ലഭിക്കും.

ഒരു ജോബ് ക്ലബ്ബിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും അംഗങ്ങളാകാം. എന്നാൽ ഹോംനേഴ്സ്, ഹോംമെയ്ഡ് എന്നീ ക്ലബ്ബുകളിൽ വനിതകൾ മാത്രമേ അപേക്ഷിക്കാവൂ.

പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽരഹിതവേതനം വാങ്ങുന്നവർക്കും മുൻഗണന ഉണ്ട്. കൂടാതെ, സംസ്ഥാന വ്യാവസായപരിശീലനവകുപ്പ് പരമ്പരാഗതതൊഴിലാളികൾക്കു നൽകുന്ന 'പ്രവൃത്തി കാര്യക്ഷമതാ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളവർക്കും സംസ്ഥാന ഐ.റ്റി.ഐ., ഐ.റ്റി.സി, പോളിടെക്നിക് എന്നിവയിൽ ഏതിലെങ്കിലുംനിന്നു വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവർക്കും ജനശിക്ഷൺ സൻസ്ഥാൻ, റൂഡ് സെറ്റ് എന്നിവിടങ്ങളിൽനിന്നു തൊഴിൽപരിശീലനം നേടിയവർക്കും ബിരുദധാരികളായ വനിതകൾക്കും മുൻഗണന.

എല്ലാ പ്രവൃത്തിദിവസവും പദ്ധതികളുടെ അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്കു ശേഷം ജില്ലാക്കമ്മിറ്റിക്കു നൽകും. അപേക്ഷകർ അനുയോജ്യരാണോ, പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ ജില്ലാക്കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ച അപേക്ഷകൾ ധനകാര്യസ്ഥാപനങ്ങളിലേക്കു ശുപാർശ ചെയ്യുന്നു. ഒരു ക്ലബ്ബിനു 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. ഓരോ ക്ലബ്ബിനും വായ്പത്തുകയുടെ 25% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ വായ്പത്തുകയുടെ 10% ഓരോ അംഗവും തങ്ങളുടെ വിഹിതമായി ആദ്യംതന്നെ നിക്ഷേപിക്കണം.

## 10.3 ശരണ്യ സ്വയംതൊഴിൽ പദ്ധതി

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം സ്ത്രീകൾക്കായി 2010-11 സാമ്പത്തികവർഷം ആരംഭിച്ച പുതിയ സ്വയംതൊഴിൽ പദ്ധതി. ഒരു വ്യക്തിക്ക് 50,000 രൂപ വരെ പലിശരഹിതവായ്പ അനുവദിക്കുന്നു. വായ്പത്തുകയുടെ 50%, പരമാവധി 25,000 രൂപ, സബ്സിഡിയായും അനുവദിക്കും. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ ഒരുലക്ഷം രൂപവരെ വായ്പ അനുവദിക്കാം. 50,000 രൂപയ്ക്കു മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കും.

കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും വാർഷികകുടുംബവരുമാനം രണ്ടുലക്ഷം രൂപയിൽ കവിയാത്തതും 18 നും 55 നും ഇടയിൽ പ്രായമുള്ളതുമായ (അവിവാഹിതകൾക്കു 30 വയസ്സ് പൂർത്തിയാകണം) മേല്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതിപ്രകാരം സ്വയംതൊഴിൽവായ്പയ്ക്ക് അപേക്ഷിക്കാം. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് ഉള്ളവർക്കും ബിരുദധാരികൾക്കും മുൻഗണന ഉണ്ട്.

ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നവർക്ക് തുടർന്നു തൊഴിൽരഹിതവേതനം ലഭിക്കില്ല. പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിനു വായ്പ ലഭിക്കാനുള്ള അപേക്ഷ പൂരിപ്പിച്ച് രേഖകൾ സഹിതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നൽകണം. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നു പ്രാഥമികപരിശോധനയ്ക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പദ്ധതിക്കായി കളക്ടർ ചെയർമാനായ ജില്ലാക്കമ്മിറ്റിയിൽ വയ്ക്കുകയും ജില്ലാക്കമ്മിറ്റി ഉദ്യോഗാർത്ഥിയെ കൂടിക്കാഴ്ചയ്ക്കു വിളിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നു.

ജില്ലാക്കമ്മിറ്റി അപേക്ഷ പാസാക്കിയവർക്കു സ്വയംതൊഴിൽ ചെയ്യാൻ വേണ്ട സംരംഭവികസനപരിശീലനം റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഐഒബികൾ (RSETI) വഴി നൽകിയ ശേഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വായ്പ അനുവദിക്കുന്നു. വായ്പാതിരിച്ചടവ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ ബന്ധപ്പെട്ട ൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നടത്താം.

28/01/2016-ലെ സ.ഉ(പി)നം.18/2016/തൊഴിൽ ഉത്തരവുപ്രകാരം ശരണ്യ പദ്ധതിയുടെ സർക്കാരുത്തരവിൽ ചുവടെ പറയുന്ന ഭേദഗതി വന്നിട്ടുണ്ട്.

1. ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കൻമാരുള്ള അശരണരും തൊഴിൽരഹിതരുമായ വനിതകളെയും വികലാംഗരായ വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
2. കുടുംബവാർഷികവരുമാനം ഒരുലക്ഷത്തിൽനിന്നു രണ്ടുലക്ഷം രൂപയായി ഉയർത്തി.
3. ശരണ്യ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നവർക്ക് ജോലി ലഭിച്ചാലും അവർ ആരംഭിച്ച സംരംഭവും തിരിച്ചടവും നല്ലരീതിയിൽ നടത്തിക്കൊണ്ടുപോകാമെന്ന ഉറപ്പിൽ അവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള താൽക്കാലിക ജോലികൾക്കു പരിഗണിക്കാം.
4. നല്ലരീതിയിൽ സംരംഭം നടത്തിക്കൊണ്ടുപോകുകയും ആദ്യവായ്പയുടെ 50% എങ്കിലും തിരിച്ചടയ്ക്കുകയും ചെയ്തവർക്കു സംരംഭം വിപുലീകരിക്കാൻ ജില്ലാതലകമ്മിറ്റിയുടെ ശുപാർശപ്രകാരം ആദ്യ വായ്പത്തുകയുടെ 80%-ത്തിൽ കുറയാത്ത തുക ഒരിക്കൽ മാത്രം തുടർവായ്പയായി കുറഞ്ഞ പലിശനിരക്കിൽ അനുവദിക്കാം.
5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നൽകുന്ന ശരണ്യ സ്വയംതൊഴിൽ പദ്ധതിയാനുകൂല്യത്തിന് ഭർത്താവ് ഉപേക്ഷിക്കുകയോ ഭർത്താവിനെ കാണാതാകുകയോ

ചെയ്ത സ്ത്രീകൾക്കു വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് പരിഗണിക്കാം.

## 10.4 തൊഴിൽരഹിതവേതനം

തദ്ദേശഭരണവകുപ്പ് എന്ന അദ്ധ്യായത്തിൽ ഇതേ ശിർഷകം കാണുക

## 10.5 കൈവല്യ പദ്ധതി

ഭിന്നശേഷി വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൈപിടിച്ചുയർത്താൻ കേരളസർക്കാർ എംപ്ലോയ്മെന്റ് വകുപ്പുമുഖേന നടപ്പാക്കിയ നവീനപദ്ധതി. ഭിന്നശേഷിക്കാരായ തൊഴിലന്വേഷകർക്കു സാമ്പത്തികസഹായവും പരിശീലനവും നൽകി ശക്തിപ്പെടുത്താനുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി. ഈ പദ്ധതിയിൽ തുല്യ പ്രാധാന്യമുള്ള നാലു ഘടകങ്ങളുണ്ട്: (1) വൊക്കേഷണൽ & കരിയർ ഗൈഡൻസ്, (2) കപ്പാസിറ്റി ബിൽഡിംഗ്, (3) മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനപരിപാടി, (4) പലിശരഹിത സ്വയംതൊഴിൽ വായ്പാപദ്ധതി. ഇവയിൽ ഒന്നോ ഒന്നിലധികം ഘടകങ്ങൾ സമന്വയിപ്പിച്ചോ വരുമാനദായകമായ തൊഴിൽ കണ്ടെത്തി സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

## 10.6 വൊക്കേഷണൽ & കരിയർ ഗൈഡൻസ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും സ്കൂൾ, കോളെജ് വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാദ്ധ്യതകളെയും ലഭിക്കുന്ന ആനുകൂല്യങ്ങളെയും സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ നൽകുന്നു. ഇതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരുടെ ഭിന്നശേഷിയുടെ സ്വഭാവം, യോഗ്യത, അഭിരുചി, താൽപ്പര്യം, കഴിവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കും.

## 10.7 കപ്പാസിറ്റി ബിൽഡിംഗ്

ഉദ്യോഗാർത്ഥികൾക്കു സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സംരംഭകത്വവികസനപരിശീലനം എന്നിവ ഈ രംഗത്തു പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലൂമായി ബന്ധപ്പെട്ടു നൽകുന്നു.

## 10.8 മത്സരപ്പരീക്ഷാ പരിശീലനം (Training for Competitive Exams)

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് അറിയിക്കുന്ന ഒഴിവുകളിലേക്ക് അപേക്ഷ നൽകുന്നതു മുതൽ ലക്ഷ്യത്തിലെത്തുന്നതുവരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കാനും മത്സരപ്പരീക്ഷകൾക്കു പ്രാപ്തരാക്കാനും ആവശ്യമായ തുടർ പരിശീലനം നൽകാനും ഉദ്ദേശിക്കുന്നു.

## 10.9 പലിശരഹിത സ്വയംതൊഴിൽ വായ്പാപദ്ധതി (No Interest Self Employment Loan Scheme)

സ്വയംതൊഴിൽ സംരംഭങ്ങൾക്കായി 50,000 രൂപ വരെ പലിശരഹിതവായ്പ നൽകുന്നു. വ്യക്തിഗതസംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിലും പ്രായോഗികമാകുകയാണെങ്കിൽ സംയുക്തസംരംഭവും അനുവദിക്കും. സ്വയംതൊഴിൽ സംരംഭത്തിനു വായ്പ ലഭിച്ചാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾക്കു വീണ്ടും പരിഗണിക്കും. എന്നാൽ തൊഴിൽരഹിതവേതനം ലഭിക്കില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഭിന്നശേഷിക്കാർക്കും എല്ലാ പ്രവൃത്തിദിവസവും ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഹാജരായി സ്വയംതൊഴിൽവായ്പയ്ക്ക് അപേക്ഷിക്കാം.

വായ്പത്തുകയുടെ 50%, പരമാവധി 25,000 രൂപ, സബ്സിഡി ആയി അനുവദിക്കുന്നു. ആവശ്യമെങ്കിൽ 1,00,000 രൂപവരെ വായ്പ അനുവദിക്കും.

കുടുംബവാർഷികവരുമാനം രണ്ടുലക്ഷംരൂപയിൽ കവിയരുത്. അപേക്ഷിക്കുന്ന ദിവസം പ്രായം 21 നും 55 നും ഇടയിൽ ആയിരിക്കണം.

സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യം ഉള്ളപക്ഷം അടുത്ത ഒരു ബന്ധുവിനെ (അമ്മ/അച്ഛൻ/ഭർത്താവ്/ഭാര്യ/മകൻ/മകൾ) കൂടി ഉൾപ്പെടുത്തി വായ്പ അനുവദിക്കും.

## 10.10 നവജീവൻ

സംസ്ഥാന സർക്കാരിന്റെ വയോജനനയത്തിന്റെ ഭാഗമായി മുതിർന്ന പൗരർക്കു ജീവനോപാധി പ്രദാനം ചെയ്തു സാമ്പത്തികസാശ്രയത്വം ഉറപ്പുവരുത്താൻ വിഭാവനം ചെയ്ത നവീനപദ്ധതി. മുതിർന്ന പൗരരുടെ പരിചയസമ്പത്തും അറിവും പ്രയോജനപ്പെടുത്താനും സഹായകരമായ പദ്ധതിയാണിത്.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 വയസുള്ള മുതിർന്ന പൗരർക്കു സ്വയം തൊഴിൽ പദ്ധതി എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തരം നടപ്പാക്കും.

**ആസ്ഥാന വിലാസം:**

ഡയറക്ടർ,
എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്,
തൊഴിൽഭവൻ, ആറാം നില, വികാസ്ഭവൻ പി.ഒ,
തിരുവനന്തപുരം 695033

ഫോൺ: 0471 2301249, ഫാക്സ്: 04712306246
ഇ-മെയിൽ: deker.emp.lbr@kerala.gov.in
വെബ്സൈറ്റ്: www.employmentkerala.gov.in

# — 11 —

# ന്യൂനപക്ഷക്ഷേമവകുപ്പ്

## 11.1 ഇമ്പിച്ചിബാവ ഭവനനിർമ്മാണപദ്ധതി

ന്യൂനപക്ഷമതവിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും ഭവനനിർമ്മാണത്തിനു ധനസഹായം നൽകുന്ന പദ്ധതി.

ഒരു വീടിന് രണ്ടരലക്ഷം രൂപവീതമാണ് ധനസഹായം. ഇത് തിരിച്ചടയ്ക്കേണ്ട.

അപേക്ഷകയുടെ സ്വന്തം പേരിൽ ബാദ്ധ്യതകളില്ലാത്ത, ചുരുങ്ങിയത് രണ്ടുസെന്റ് സ്ഥലം (പരമാവധി 25 സെന്റ്) ഉള്ള, സർക്കാരിൽനിന്നോ സമാനയേജൻസികളിൽനിന്നോ മുമ്പ് വീടുനിർമ്മാണത്തിനു ധനസഹായം ലഭിച്ചിട്ടില്ലാത്തവരെയാണു പരിഗണിക്കുന്നത്.

കുടുംബത്തിലെ ഏകവരുമാനദായക ആയിരിക്കണം അപേക്ഷക.

ബി.പി.എൽ കുടുംബങ്ങൾ, വിധവകളോ അവരുടെ മക്കളോ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺമക്കൾ മാത്രമുള്ള വിധവകൾ എന്നിവർക്കു മുൻഗണന.

തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ 80% മുസ്ലീം വിഭാഗത്തിലും 20% ക്രിസ്ത്യൻ വിഭാഗത്തിലും പെടണം.

കളക്ടറേറ്റിലെ ന്യൂനപക്ഷസെല്ലിൽ അപേക്ഷ സമർപ്പിക്കണം.

## 11.2 സൗജന്യ വ്യക്തിത്വവികസന-കരിയർ ഗൈഡൻസ് പരിശീലനം (പാസ്‌വേഡ്)

വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കാനും ഭാവിയിൽ ഉചിതമായ ഉപരിപഠനമേഖലകൾ കണ്ടെത്താനും ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ.

എസ്.എസ്.എൽ.സി, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കൻഡറി തുടങ്ങിയ കോഴ്സുകൾക്കു പഠിക്കുന്ന, ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന, വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ മുഖ്യഗുണഭോക്താക്കൾ.

ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കു മുൻഗണന. 30% സീറ്റുകൾ പെൺകുട്ടികൾക്കും 20% സീറ്റുകൾ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്നവർക്കും സംവരണം ചെയ്തിരിക്കുന്നു.

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം.

കഴിഞ്ഞ അദ്ധ്യയനവർഷത്തെ വാർഷികപ്പരീക്ഷയിൽ കുറഞ്ഞത് 60% മാർക്ക് വിദ്യാർത്ഥി നേടിയിരിക്കണം. ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്ക് യോഗ്യതാമാനദണ്ഡമായി പരിഗണിക്കും.

ഒരു ക്യാമ്പിൽ പരമാവധി 100 വിദ്യാർത്ഥികൾക്കാണ് അവസരം. ഓരോ ജില്ലയിലും 10 ക്യാമ്പുകൾ വരെ സംഘടിപ്പിക്കും. കരിയർ ഗൈഡൻസ്, വ്യക്തിത്വവികസനം, നേതൃപാടവം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരായ പരിശീലകർ ക്യാമ്പിനു നേതൃത്വം നൽകും.

## 11.3 സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷവിഭാഗങ്ങളിലെ, പ്രത്യേകിച്ച് മുസ്ലീം സമുദായത്തിലെ, പെൺകുട്ടികൾക്ക് വിദ്യാഭ്യാസപുരോഗതി ലക്ഷ്യംവച്ച് സംസ്ഥാനസർക്കാർ നടപ്പാക്കിവരുന്ന പദ്ധതിയാണിത്.

ബിരുദത്തിനു പഠിക്കുന്ന 3000 വിദ്യാർത്ഥിനികൾക്ക് 5,000 രൂപവീതവും, ബിരുദാനന്തരബിരുദത്തിനു പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 6000 രൂപവീതവും പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 7,000 രൂപവീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് 2000 പേർക്ക് 13,000 രൂപവീതവും പ്രതിവർഷം നൽകുന്നു.

20% സ്കോളർഷിപ്പ് ലത്തീൻ/പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കു മാറ്റിവെച്ചിരിക്കുന്നു.

വകുപ്പിന്റെ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷിക്കേണ്ടത്.

## 11.4 ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷവിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)

എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവയ്ക്ക് എല്ലാ വിഷയത്തിനും എ+ ഗ്രേഡ് നേടിയവർക്കും ബിരുദത്തിന് 80% മാർക്കു നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75% മാർക്കു നേടിയവർക്കും നൽകുന്ന സ്കോളർഷിപ്പ് അവാർഡ്.

എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് 10,000 രൂപയും ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 15,000 രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ്.

ബി.പി.എൽ വിദ്യാർത്ഥികൾക്കു മുൻഗണന. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാനപരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.

ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ ആറുലക്ഷം രൂപ വരുമാനപരിധിയിലുള്ള, ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന, മറ്റു വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും.

വകുപ്പിന്റെ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ആയാണ് അപേക്ഷിക്കേണ്ടത്.

## 11.5 സ്വകാര്യ ഐ.റ്റി.ഐ-ൽ പഠിക്കുന്നവർക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം

സർക്കാരംഗീകൃത സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് അടച്ച ഫീസ് തിരിച്ചുനൽകുന്ന പദ്ധതി.

രണ്ടു വർഷ കോഴ്സിന് 20,000 രൂപയും ഒരു വർഷ കോഴ്സിനു 10,000 രൂപയുമാണു സാമ്പത്തികസഹായം നൽകുന്നത്.

ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികൾക്കും അവരുടെ അഭാവത്തിൽ ആറു ലക്ഷം രൂപ വരുമാനപരിധിയിലുള്ള, ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന മറ്റു വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും.

മുസ്ലീം–മറ്റു ന്യൂനപക്ഷവിഭാഗങ്ങൾക്ക് 80:20 എന്ന അനുപാതത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. കൂടാതെ, 10-ശതമാനം തുക പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാനപരിധിയുടെയും അടിസ്ഥാനത്തിലാണ്.

വകുപ്പിന്റെ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.

## 11.6 അക്കൗണ്ടൻസി കോഴ്സുകൾക്കുള്ള സ്കോളർഷിപ്

1. ചാർട്ടേർഡ് അക്കൗണ്ടൻസി/കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
2. സി.എ, ഐ.സി.ഡബ്ല്യൂ, എ.സി.എസ് കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി.

ഫൗണ്ടേഷൻ/കോമൺ പ്രൊഫിഷൻസി ടെസ്റ്റിന് പഠിക്കുന്നവർക്കും ഇന്റർമീഡിയേറ്റ്/എക്സിക്യൂട്ടീവ് ഫൈനൽ/പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്നവർക്കും 15,000 രൂപവീതമാണു സ്കോളർഷിപ്പ്.

മുസ്ലീങ്ങൾക്കും മറ്റു ന്യൂനപക്ഷവിഭാഗങ്ങൾക്കും 80:20 എന്ന അനുപാതത്തിലാണ സ്കോളർഷിപ്പ് അനുവദിക്കുന്നത്. കൂടാതെ, 30 ശതമാനം തുക പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാനപരിധിയുടെയും അടിസ്ഥാനത്തിലാണ്.

ബി.പി.എൽ.വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരുടെ അഭാവത്തിൽ മാത്രം ആറുലക്ഷം രൂപ വരുമാനപരിധിയിൽപ്പെടുന്നവരെയും പരിഗണിക്കും.

വകുപ്പിന്റെ www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.

## 11.7 അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക് കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി

ന്യൂനപക്ഷമതവിഭാഗങ്ങളിലെ നോൺ-ക്രീമിലിയർ പരിധിയിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിനു മുൻഗണന.

ഒരു ഉദ്യോഗാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000 രൂപയും ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000 രൂപയും പരമാവധി നൽകും.

ഒരു സാമ്പത്തികവർഷം 200 ഉദ്യോഗാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും.

## 11.8 ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്

ഒരു വിദ്യാർത്ഥിക്ക് 1000 രൂപ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു.

## 11.9 കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയും പെൻഷൻ പദ്ധതിയും

സംസ്ഥാനത്ത് മദ്രസാദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയും പുരോഗതിയും ലക്ഷ്യംവച്ചു നിരവധി പദ്ധതികളും പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാർ 2011-ൽ ആരംഭിച്ച മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ നിലവിൽ പതിമൂവായിരത്തിലധികം മദ്രസ്സാദ്ധ്യാപകർ അംഗങ്ങളാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നോ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നോ പെൻഷൻ ലഭിക്കാൻ അർഹത ഇല്ലാത്തവരും 20-65 വയസ്സിനിടയിലുള്ളവരും മദ്രസ്സാദ്ധ്യാപകജോലിയിൽ വ്യാപൃതരായിരിക്കുന്നവരും ആയവർക്കാണ് ക്ഷേമനിധിയിൽ അംഗത്വം.

വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷനുകൾ, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ അപേക്ഷാഫോം ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷ, മൂന്ന് പാസ്പോർട്ട്സൈസ് ഫോട്ടോ, വയസ്സ് തെളിയിക്കുന്ന പാസ്പോർട്ടിന്റെയോ സ്കൂൾസർട്ടിഫിക്കറ്റിന്റെയോ ശരിപ്പകർപ്പ് എന്നിവസഹിതം ക്ഷേമനിധിയുടെ ആസ്ഥാന ഓഫീസിലേക്ക് അയയ്ക്കണം.

വിലാസം: മാനേജർ, കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ്, പുതിയറ, കോഴിക്കോട് 673004. ഫോൺ: 04952720577

## 11.10 പെൻഷൻ പദ്ധതി

അഞ്ചു വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് ക്ഷേമനിധിയംഗത്വം നിലനിർത്തിയ 65 വയസ്സ് പൂർത്തിയായ മദ്രസ്സാദ്ധ്യാപകർക്ക് ചുരുങ്ങിയ പെൻഷൻ 800 രൂപ.

അഞ്ചുവർഷത്തിൽ കുറയാത്തകാലം അംശദായമടച്ച് ക്ഷേമനിധിയംഗത്വം നിലനിർത്തിയതും മദ്രസ്സാദ്ധ്യാപകപ്രവൃത്തിയിൽനിന്നു സ്വയം വിരമിച്ചതുമായ അംഗത്തിനു മിനിമം പെൻഷന് അർഹത.

പെൻഷന് അർഹതയുള്ള ക്ഷേമനിധിയംഗത്തിന് പെൻഷനുപകരം നിശ്ചിതതുക കൈപ്പറ്റാനുള്ള അവസരം/മിനിമം പെൻഷൻ ലഭിക്കാൻ ആവശ്യമായ തുക നിലനിർത്തി ബാക്കിത്തുക (പരമാവധി 50%) കൈപ്പറ്റാനുള്ള അവസരം.

## 11.11 വിവാഹധനസഹായം

സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പിനു കീഴിലുള്ള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ രണ്ടു വർഷം അംഗത്വകാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസാദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും അവരുടെ പെൺമക്കളുടെ വിവാഹത്തിനും 10,000 രൂപ വിവാഹധനസഹായം.

വിവാഹത്തീയതിക്ക് ഒരുമാസം മുമ്പുമുതൽ അപേക്ഷ നൽകാം. വിവാഹം കഴിഞ്ഞ് പരമാവധി മൂന്നുമാസത്തിനകം അപേക്ഷ നൽകിയിരിക്കണം.

അപേക്ഷയോടൊപ്പം ക്ഷേമനിധി അംഗത്വകാർഡ്, പോസ്റ്റ് ഓഫീസ്, വിവാഹക്ഷണപത്രം/വിവാഹസർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, വിവാഹിതയുടെ വയസ്സ് തെളിയിക്കുന്ന മതിയായ രേഖ എന്നിവയുടെ പകർപ്പ് ഉണ്ടായിരിക്കണം.

പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം മുകളിലുള്ള വിലാസത്തിൽ അയയ്ക്കണം. അപേക്ഷാഫാറം ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, മദ്രസാദ്ധ്യാപക ക്ഷേമനിധി ഓഫീസ്, കളക്ടറേറ്റുകളിലെ ന്യൂനപക്ഷക്ഷേമ സെക്ഷൻ, മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം എന്നിവിടങ്ങളിൽ ലഭ്യമാണ്.

## 11.12 മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചവർക്ക് ക്യാഷ് അവാർഡ്

2000 രൂപവീതമാണ ക്യാഷ് അവാർഡ്.

## 11.13 സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ

ന്യൂനപക്ഷജനവിഭാഗത്തിന്റെ ഭരണഘടനാപരമായ പരിരക്ഷ ഉറപ്പുവരുത്താനം കാലാകാലങ്ങളിൽ ന്യൂനപക്ഷങ്ങളുടെ വിവിധ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താനം ന്യായമായ പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം കാണാനം ദേശീയ ന്യൂനപക്ഷ കമ്മിഷന്റെ മാതൃകയിൽ 2013 മുതൽ സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ രൂപവത്ക്കരിച്ച പ്രവർത്തിച്ച വരുന്നു.

ഓഫീസ്: മംഗലം ലെയ്ൻ,
ജവാഹർ നഗർ, ശാസ്തമംഗലം,
തിരുവനന്തപുരം.

ഫോൺ: 0471-2318122, 2315122, 2319122

## 11.14 സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ

സ്വയംതൊഴിൽ കണ്ടെത്താനുള്ള പദ്ധതിക്ക് 6% നിരക്കിൽ പരമാവധി 10 ലക്ഷം രൂപയും വിദ്യാഭ്യാസാവശ്യത്തിന് 3% നിരക്കിൽ പരമാവധി 7.5 ലക്ഷം രൂപയും കുട്ടികളുടെ വിദ്യാഭ്യാസത്തിന രക്ഷിതാക്കൾക്ക് (പേരന്റ് പ്ലസ് വിദ്യാഭ്യാസവായ്പ) 7% നിരക്കിൽ പരമാവധി 5 ലക്ഷം രൂപയും ബിസിനസ്സ് ഡെവലപ്മെന്റ് സ്കീമിന് 7% നിരക്കിൽ പരമാവധി 3 ലക്ഷം രൂപയും വിദേശത്തു തൊഴിൽ കിട്ടി പോകുന്നവർക്ക് വീസാവായ്പ ഇനത്തിൽ (ടിക്കറ്റ് നിരക്ക് + വീസ നിരക്ക്) 5% നിരക്കിൽ പരമാവധി 2 ലക്ഷം രൂപയും പ്രവാസികൾക്കു സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 5% നിരക്കിൽ പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചവരുന്നു. ഇതിനുപുറമെ, ഉദ്യോഗസ്ഥർക്കു വിവിധോദ്ദേശ്യവായ്പ ഇനത്തിൽ 2.5 ലക്ഷം രൂപവരെ 7% നിരക്കിലും അതിനു മുകളിലാണെങ്കിൽ 9% നിരക്കിലും പരമാവധി 3 ലക്ഷം രൂപയും നൽകിവരുന്നു.

കൂടാതെ 40 വയസ്സിനു മുകളിലുള്ള മദ്രസ്സാദ്ധ്യാപകക്ഷേമനിധിയംഗങ്ങൾക്കു നിലവിലുള്ള വീടു പുതുക്കിപ്പണിയാൻ 2.5 ലക്ഷം രൂപവരെ പലിശരഹിതവായ്പയായി നൽകിവരുന്നു. നിലവിലെ വീട് വാസയോഗ്യമല്ലെന്ന് അതതു തദ്ദേശസ്വയംഭരണസ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ തുക അനുവദിക്കുന്നത്.

കോഴിക്കോട് ചക്കോരത്തുകുളത്ത് മുഖ്യ ഓഫീസും എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ മേഖലാ ഓഫീസുകളും പ്രവർത്തിക്കുന്നു

**അപേക്ഷിക്കേണ്ട വിലാസം:**

മാനേജിംഗ് ഡയറക്ടർ,
ന്യൂനപക്ഷവികസന ധനകാര്യകോർപ്പറേഷൻ,
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിങ്,
ചക്കോരത്തുകുളം, വെസ്റ്റ് ഹിൽ, നടക്കാവ്,
കോഴിക്കോട് 5.

ഫോൺ: 0495-2769366, 2369366

## 11.15 ന്യൂനപക്ഷക്ഷേമത്തിനു വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്ന അനുബന്ധ സ്കോളർഷിപ്പുകൾ

**പ്രി-മെട്രിക് സ്കോളർഷിപ്പ്**

കേരളത്തിലെ വിദ്യാലയങ്ങളിൽ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂന പക്ഷസമുദായങ്ങളിൽപ്പെട്ട, സാമ്പത്തികപിന്നാക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥി കൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകിവരുന്നു.

www.education.kerala.gov.in അല്ലെങ്കിൽ www.scholarship.itschool.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.

സർക്കാർ/എയ്ഡഡ്/സർക്കാരംഗീകൃത അൺ എയ്ഡഡ്/അഫിലിയേഷനുള്ള സി.ബി.എസ്.സി/ഐ.സി.എസ്.സി സ്കൂളുകളിൽ പഠിക്കുന്ന നിർധനരായ, വാർഷികവ രുമാനം ഒരുലക്ഷം രൂപയ്ക്കുതാഴെ വരുന്ന, മുൻ അദ്ധ്യയനവർഷങ്ങളിൽ 50%-ൽ കൂടുതൽ മാർക്കു വാങ്ങിയ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിവരുന്നത്.

ഒരു കുടുംബത്തിൽനിന്നു പരമാവധി രണ്ടു വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭി ക്കും.

30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

ഫോൺ: 0471-2328438

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

11-ാം ക്ലാസ് മുതൽ പി.എച്ച്.ഡി വരെ പഠിക്കുന്ന, ന്യൂനപക്ഷസമുദായത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.

പഠനത്തിൽ മികവു പുലർത്തുന്ന, ന്യൂനപക്ഷസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, വിദ്യാർത്ഥികൾക്കുള്ള പദ്ധതി.

കഴിഞ്ഞവർഷത്തെ വാർഷികപരീക്ഷയിൽ ചുരുങ്ങിയത് 50% മാർക്ക് നേടിയവർ ക്കുമാത്രം അപേക്ഷിക്കാം. വരുമാനപരിധി 2.5 ലക്ഷം രൂപ.

30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇവരുടെ അഭാവത്തിൽ ആൺകുട്ടികളെയും പരിഗണിക്കും.

ഒരു കുടുംബത്തിൽനിന്നു പരമാവധി രണ്ടു വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കും.

www.scholarship.itschool.gov.in എന്ന നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.

ഫോൺ: 0471-2306580, 9446096580

### മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്

ന്യൂനപക്ഷസമുദായത്തിൽനിന്നുള്ള ബിരുദ, ബിരുദാനന്തരബിരുദ, സാങ്കേതിക - പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്നവർക്ക് അപേക്ഷിക്കാം.

യോഗ്യതാപരീക്ഷയ്ക്ക് ചുരുങ്ങിയത് 50% മാർക്കു ലഭിച്ചിരിക്കണം.

വരുമാനപരിധി: 6 ലക്ഷം രൂപ

www.momascholarship.nic.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്.

ഫോൺ: 0471-2561214, 2561411

## 11.16 ന്യൂനപക്ഷ യുവജനതയ്ക്കുള്ള സൗജന്യപരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും

കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മിഷൻ, ബാങ്കിംഗ് സർവ്വീസ് കമ്മിഷൻ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സരപ്പരീക്ഷകൾ, വിവിധ കോഴ്സുകൾക്കായുള്ള എൻട്രൻസ് പരീക്ഷകൾ എന്നിവയ്ക്കുള്ള സൗജന്യപരിശീലനമാണ് ഈ കേന്ദ്രങ്ങൾവഴി മുഖ്യമായും നൽകിവരുന്നത്.

14 ജില്ലകളിലായി 16 പരിശീലനകേന്ദ്രങ്ങളും 20 ഉപകേന്ദ്രങ്ങളും ഉണ്ട്.

### പ്രത്യേകതകൾ

നിലവിലെ കോഴ്സുകൾക്കു പുറമെ, കേന്ദ്ര-സംസ്ഥാന സർക്കാരേജൻസികൾ പുറപ്പെടുവിക്കുന്ന വിജ്ഞാപനപ്രകാരം ജോലിക്ക് അപേക്ഷിച്ചിട്ടുള്ള 30 മുതൽ 40 വരെയുള്ള ഉദ്യോഗാർത്ഥികൾ പരിശീലനം ആവശ്യപ്പെടുന്നപക്ഷം നിശ്ചിത കാലത്തേക്ക് ക്ലാസ്സുകൾ നൽകുന്നു.

### മുഖ്യകേന്ദ്രങ്ങൾ

**സി.സി.എം.വൈ, തിരുവനന്തപുരം:**

പ്രിൻസിപ്പൽ
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
സമസ്താലയം,
എസ്.എസ്. കോവിൽ റോഡ്,
മേലേതമ്പാനൂർ, തിരുവനന്തപുരം 695001
04712337376

**സി.സി.എം.വൈ, കൊല്ലം:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
ഇടക്കുളങ്ങര, കരുനാഗപ്പള്ളി,
കൊല്ലം 690523
04762664217

**സി.സി.എം.വൈ, പത്തനംതിട്ട:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
തൈക്കാവ് സ്കൂൾ, പേട്ട, പത്തനംതിട്ട
04682238188

**സി.സി.എം.വൈ, ആലപ്പുഴ:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
എം.ഇ.എസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ കോമ്പൗണ്ട്,
പുന്നപ്ര പി.ഒ, ആലപ്പുഴ
04772287869

**സി.സി.എം.വൈ, കോട്ടയം:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
നൈനാർപള്ളി ഷോപ്പിംഗ് കോംപ്ലക്സ്, ഒന്നാം നില,
കാഞ്ഞിരപ്പള്ളി, കോട്ടയം 686507
04828202069

**സി.സി.എം.വൈ, ഇടുക്കി:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
ദാഇ-എ-മില്ലത്ത് കോളേജ് ബിൽഡിംഗ്, കാരിക്കോട്,
തൊടുപുഴ ഈസ്റ്റ്, ഇടുക്കി 685585
04862209817

**സി.സി.എം.വൈ, എറണാകുളം:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
കരീം എസ്റ്റേറ്റ്, ബാങ്ക് ജങ്ഷൻ,
ടെമ്പിൾ റോഡ്, ആലുവ, എറണാകുളം 683101
04842621897

**സി.സി.എം.വൈ, തൃശ്ശൂർ:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
ചേരമാൻ ജുമാമസ്ജിദ്, ചേരമാൻ മാലിക് നഗർ,
കൊടുങ്ങല്ലൂർ.പി.ഒ., തൃശ്ശൂർ 680664
04802804859

**സി.സി.എം.വൈ, പാലക്കാട്:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
പള്ളിപ്പുറം പോസ്റ്റ്, പാലക്കാട് 678006
04912506321

**സി.സി.എം.വൈ, മലപ്പുറം:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
എ.ആർ.നഗർ പി.ഒ, വേങ്ങര, കൊളപ്പുറം,
മലപ്പുറം 676305
04942468176

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
മാസ് കൊമേഴ്സ്യൽ സെന്റർ, തൃക്കാവ്,
പൊന്നാനി പി.ഒ, മലപ്പുറം 679577
04942667388

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
പെരിന്തൽമണ്ണ പി.ഒ, മലപ്പുറം 679322
04933220164

**സി.സി.എം.വൈ, കോഴിക്കോട്:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
പുതിയറ, കോഴിക്കോട് 673004
04952724610

**സി.സി.എം.വൈ, വയനാട്:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
പഴയ ബസ്സ് സ്റ്റാൻഡ് കെട്ടിടം, കൽപ്പറ്റ,

വയനാട് 673121
04936202228

**സി.സി.എം.വൈ, കണ്ണൂർ:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവ. വി.എച്ച്.എസ്-
കാമ്പസ്, പയ്യന്നൂർ, കണ്ണൂർ 670307
04985209677

**സി.സി.എം.വൈ, കാസർഗോഡ്:**

പ്രിൻസിപ്പൽ,
കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്,
ബസ് സ്റ്റാൻഡ് ടെർമിനൽ, ചെർക്കള,
ചെങ്കള പോസ്റ്റ്, കാസറഗോഡ് 671541
04994281142

## ഉപകേന്ദ്രങ്ങൾ

### തിരുവനന്തപുരം

1. മുസ്ലീം ജമാഅത്ത് സംയുക്തസമിതി, പൂവച്ചൽ മേഖല, പൂവച്ചൽ പി.ഒ, തിരുവനന്തപുരം.
2. കടുവയിൽ തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ്, കടുവയിൽ, തോട്ടക്കാട് പി.ഒ, തിരുവനന്തപുരം.

### കോട്ടയം

3. മുസ്ലീം സർവ്വീസ് സൊസൈററി, എം എസ് എസ് കൾച്ചറൽ സെന്റർ, കങ്ങഴ പി ഒ, കോട്ടയം
4. ഇത്തിഹാദു സുബ്ഹാനൽ, മുജാഹിദീൻ, ഇസ്ലാഹി സെന്റർ, എംഇഎസ് ജംഗ്ഷൻ, ഈരാറ്റുപേട്ട

### ഇടുക്കി

5. മുസ്ലീം യൂത്ത് മൂവ്മെന്റ് ചാരിറ്റബിൾ ട്രസ്റ്റ്, അടിമാലി, ഇടുക്കി.

### എറണാകുളം

6. ഇസ്ലാമിക് വെൽഫെയർ ഫോറം, എടവനക്കാട് പി.ഒ, എറണാകുളം
7. നാഷണൽ സ്കൂൾ, ഇഖ്ബാൽ സ്ക്വയർ, മേപ്രത്ത്പടി, വെങ്ങോല, പെരുമ്പാവൂർ,എറണാകുളം
8. കാഞ്ഞിരമറ്റം മുസ്ലീം ജമാഅത്ത് കമ്മിറ്റി, കാഞ്ഞിരമറ്റം പി.ഒ, എറണാകുളം.

**തൃശ്ശൂർ**

9. കേച്ചേരി തണൽ ചാരിറ്റബിൾ ട്രസ്റ്റ്, തൃശ്ശൂർ

**പാലക്കാട്**

10. മണ്ണാർക്കാട് മുസ്ലീം ഓർഫനേജ് കമ്മിറ്റി, നാഗത്ത് നഗർ, നെല്ലിപ്പുഴ, പാലക്കാട്
11. അൽഹുദാ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ഓങ്ങല്ലൂർ പി.ഒ, പട്ടാമ്പി.

**മലപ്പുറം**

12. സഫാ അക്കാദമി ഓഫ് സിവിൽ സർവ്വീസ്, പൂക്കാട്ടിരി, എടയൂർ, വളാഞ്ചേരി, മലപ്പുറം
13. മഅ ്ദിൻ അക്കാദമി, സ്വലാത്ത് നഗർ, മേൽമുറി പിഒ, മലപ്പുറം
14. ജാമിയ നദവിയ എടവണ്ണ, സാലാ നഗർ, എടവണ്ണ, മലപ്പുറം.
15. ദാറുൽ നജാത്ത് ഓർഫനേജ്, കരുവാരക്കുണ്ട്, മലപ്പുറം
16. പാണക്കാട് സയ്യിദ് മുഹമ്മദ് അലി ഷിഹാബ് തങ്ങൾ സ്മാരക നഗരസഭ ലൈബ്രറി, മലപ്പുറം.

**കോഴിക്കോട്**

17. മുബാറക്ക് അറബിക് കോളെജ്, പൂണൂർ, ഉണ്ണിക്കുളം പി ഒ, കോഴിക്കോട്
18. ട്രാക്ക് ഓർഫനേജ്, മുക്കം, കോഴിക്കോട്

**കണ്ണൂർ**

19. എളയാവൂർ മനാറുൽ ഹുദാ മുസ്ലീം ജമാഅത്ത് കമ്മിറ്റി, വാരം പി.ഒ, കണ്ണൂർ
20. സർ സയ്യദ് ഹയർ സെക്കൻഡറി സ്കൂൾ, കരിമ്പം പി ഒ, തളിപ്പറമ്പ്.

ന്യൂനപക്ഷക്ഷേമ വകുപ്പ്
വികാസ് ഭവൻ, നാലാംനില,
തിരുവനന്തപുരം 695033

# — 12 —

# പട്ടികജാതിവികസനവകുപ്പ്

പട്ടികജാതിവികസനവകുപ്പിന്റെ പ്രധാനമേഖല വിദ്യാഭ്യാസപുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസപുരോഗതിയിലൂടെ മാത്രമേ ഒരു സമൂഹം ശാശ്വതമായി വളരുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസപദ്ധതികൾ നടപ്പിലാക്കിവരുന്നത്.

## 12.1 നഴ്സറി സ്കൂളുകൾ

പട്ടികജാതിക്കോളനികളിലും സങ്കേതങ്ങളിലുമായി സംസ്ഥാനത്തൊട്ടാകെ 88 നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തിവരുന്നു. പ്രതിദിന ഫീഡിങ് ചാർജ്ജും യൂണിഫോമും പഠനസാമഗ്രികളും നൽകുന്നു. എൽ.കെ.ജി, യു.കെ.ജി സമ്പ്രദായം. ഓരോ കുട്ടിക്കും 30 രൂപ പ്രതിദിന ഫീഡിങ് ചാർജ്, 600 രൂപ യൂണിഫോമിന്, 190 രൂപ ലംപ്സം ഗ്രാന്റ് എന്നിവ നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്കു പ്രവേശനം കിട്ടും. ഇതിൽ പൊതുവിഭാഗത്തിൽനിന്ന് 25% വരെ കുട്ടികൾക്കു പ്രവേശനം നൽകുന്നുണ്ട്.

## 12.2 പ്രീമെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസ് വരെ)

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാരംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖേന ലംപ്സം ഗ്രാന്റ് നൽകുന്നു.

**ലംപ്സംഗ്രാന്റ് നിരക്ക്:**

നഴ്സറി സ്കൂൾ (വകുപ്പിന്റെ നഴ്സറി സ്കൂളുകൾ മാത്രം) — 190 രൂപ
1 മുതൽ 4 വരെ — 320 രൂപ
5 മുതൽ 7 വരെ — 630 രൂപ
8 മുതൽ 10 വരെ — 940 രൂപ

ഒരു വർഷം തോറ്റവർക്കു പകുതിത്തുക. ലംപ്സം ഗ്രാന്റിൽ 2017-18-ൽ വരുത്തിയതുപോലെ 25 ശതമാനം വർദ്ധന 2018-19-ലെ സംസ്ഥാനബജറ്റിലും പ്രഖ്യാപിച്ചിട്ടുണ്ട്.

**സ്റ്റൈപന്റ്:** വേടൻ, വേട്ടുവ, നായാടി അരുന്ധതിയാർ/ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കു പ്രതിമാസസ്റ്റൈപന്റ് നൽകുന്നു.

**നിരക്ക്:**

1 മുതൽ 4 വരെ — 30 രൂപ

5 മുതൽ 7 വരെ — 60 രൂപ

8 മുതൽ 10 വരെ — 190 രൂപ

9, 10 ക്ലാസ്സുകൾക്കുള്ള പ്രിമെട്രിക് സ്കോളർഷിപ്പ് (കേന്ദ്രസഹായപദ്ധതി)

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു പ്രതിമാസസ്റ്റൈപ്പൻഡും ഗ്രാന്റും നൽകുന്ന പദ്ധതി

**നിരക്കുകൾ:**

ഹോസ്റ്റലേഴ്സ് ഡേ സ്കോളർ

സ്കോളർഷിപ്പ് (പ്രതിമാസം) 350 150

ബുക്ക് ഗ്രാന്റ് 1,000 750

## 12.3 വൃത്തിഹീനത്തൊഴിൽ ചെയ്യുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്രസഹായപദ്ധതി)

**ജാതി, മത പരിഗണന കൂടാതെ നൽകുന്ന ഈ ആനുകൂല്യത്തിന്റെ നിരക്ക്:**

**പ്രതിമാസ സ്റ്റൈപന്റ്:** ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ 110 രൂപ

**അഡ്ഹോക്ക് ഗ്രാന്റ്:** ഡേ സ്കോളേഴ്സിന് 750 രൂപ; ഹോസ്റ്റൽ അന്തേവാസികൾക്ക് 1,000 രൂപ.

ഈ ആനുകൂല്യം ലഭിക്കാൻ വില്ലേജോഫീസറിൽനിന്നോ അതതു ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ സെക്രട്ടറിമാരിൽനിന്നോ ഉള്ള സർട്ടിഫിക്കറ്റ് സഹിതം സ്കൂൾമേധാവികൾ വഴി അപേക്ഷ നൽകണം.

## 12.4 അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്

അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ പത്താംക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് റീ ഇംബേഴ്സ് ചെയ്തു നൽകുന്നു.

**നിരക്ക്:**

എൽ.പി, യു.പി ഫീസ് — 1,000/രൂപ

സ്പെഷ്യൽ ഫീസ് — 333/- രൂപ

എച്ച്. എസ്. ഫീസ് — 1500/രൂപ

സ്പെഷ്യൽ ഫീസ് — 500 രൂപ

വിദ്യാർത്ഥികളുടെ ക്ലാസ്സ് തിരിച്ചുള്ള പട്ടികജാതി/മറ്റർഹ വിഭാഗവിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി. ഇ. ഒ/എ. ഇ ഒ മേലൊപ്പോടെ ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസിൽ നൽകണം. ഒരു അദ്ധ്യയനവർഷത്തെ തുക അടുത്ത വർഷം റീ-ഇംബേഴ്സ് ചെയ്തു നൽകും.

## 12.5 ബോർഡിങ് സ്കൂളിൽ പഠിക്കാനുള്ള സൗകര്യം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നതനിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിങ് സ്കൂളുകളിൽ താമസിച്ച് പഠിക്കാൻ അഞ്ചാം ക്ലാസ് മുതൽ സൗകര്യം. നാലാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാപ്പഞ്ചായത്ത് സെക്രട്ടറി/മുൻസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകുക. രക്ഷിതാക്കളുടെ വാർഷികവരുമാനപരിധി 1,00,000 രൂപ.

## 12.6 ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

മികച്ച വിദ്യാർത്ഥികൾക്ക് 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പത്താംക്ലാസ് വരെ പ്രതിവർഷം 4,500 രൂപ സ്കോളർഷിപ്പ്. അപേക്ഷകൾ ജൂൺമാസത്തിൽ ജില്ലാ പട്ടികജാതിവികസന ഓഫീസർമാർക്കു നൽകുക. ജാതി, വരുമാന സർട്ടിഫിക്കറ്റുകളും ഗ്രേഡ് സർട്ടിഫിക്കറ്റുകളും നിർബന്ധം. അപേക്ഷകരുടെ രക്ഷിതാക്കളുടെ വാർഷികവരുമാനപരിധി 1,00,000 രൂപ. 12,000 രൂപയിൽ താഴെ വാർഷികവരുമാനമുള്ളവരുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങാൻ 2,000 രൂപ അധികമായി ഒറ്റത്തവണ നൽകുന്നു. വിദ്യാർത്ഥികൾക്കു പോഷകാഹാരം ലഭ്യമാക്കാനായി പ്രതിമാസം 100 രൂപ പ്രകാരം 10 മാസത്തേക്ക് 1,000 രൂപ നൽകുന്നു.

## 12.7 മോഡൽ റസിഡൻഷ്യൽ സ്കൂൾ

അഞ്ചാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനായി വകുപ്പിനു കീഴിൽ ഒൻപതു മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. നാലാം ക്ലാസ് വിദ്യാർത്ഥികളെ സംസ്ഥാനാടിസ്ഥാനത്തിൽ മത്സരപ്പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇതു സംബന്ധിച്ച അറിയിപ്പു നൽകും. ജാതി, വരുമാനം, നിലവിൽ പഠിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം എന്നിവസഹിതം അപേക്ഷിക്കുക. രക്ഷിതാക്കളുടെ വാർഷികവരുമാനപരിധി രൂപ: 1,00,000

## 12.8 പ്രീ മെട്രിക് ഹോസ്റ്റലുകൾ

ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്കു കൈമാറിയ 87 ഹോസ്റ്റലുകൾ (പട്ടിക വെബ്സൈറ്റിലുണ്ട്. ലിങ്ക്: http://www.scdd.kerala.gov.in/index.php/hostels). രണ്ടു സെറ്റ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസ

പോക്കറ്റ് മണി 130 രൂപ, അവധിദിവസങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാപ്പടി എന്നീ ആനുകൂല്യങ്ങൾ നൽകുന്നു. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2,000 രൂപ വീതം ചെലവഴിക്കുന്നു. അഞ്ചാം ക്ലാസ് മുതൽ അഡ്മിഷൻ.

തെരെഞ്ഞെടുക്കപ്പെടേണ്ടവർ ജാതി, വരുമാനം, സ്കൂൾ വാർഷികപ്പരീക്ഷയുടെ ഗ്രേഡ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ബ്ലോക്ക് പഞ്ചായത്ത്/ മുൻസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിക്കോ പട്ടികജാതിവികസന ഓഫീസർക്കോ മേയ് മാസത്തിൽ അപേക്ഷ നൽകണം.

## 12.9 സബ്സിഡൈസ്ഡ് ഹോസ്റ്റൽ

സന്നദ്ധസംഘടനകൾ നടത്തുന്ന ആറു ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് 1,000 രൂപ പ്രതിമാസ ബോർഡിങ് ഗ്രാന്റും 500 രൂപ യൂണിഫോം അലവൻസും നൽകുന്നു.

## 12.10 ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം

കായികമേഖലയിൽ മികവു പുലർത്തുന്നവർക്ക് അഞ്ചാം ക്ലാസ് മുതൽ പ്രത്യേകപരിശീലനം നൽകുന്നു. മേഖലാതല സെലക്ഷൻ ട്രയൽസിലൂടെ തെരഞ്ഞെടുക്കുന്നു. ഒരു ക്ലാസ്സിൽ 30 വിദ്യാർഥികൾക്കു പ്രവേശനം. പന്ത്രണ്ടാം ക്ലാസുവരെ സ്റ്റേറ്റ് സിലബസിൽ പഠനം. ഓരോ കുട്ടിക്കും പ്രതിദിനം 130 രൂപ മെസ് ചാർജ്ജ് ഇനത്തിൽ ചെലവഴിക്കുന്നു.

## 12.11 പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസിനു ശേഷം)

**ലംപ്സം ഗ്രാന്റും സ്റ്റൈപന്റും**

പ്ലസ് വൺ മുതൽ പഠനം നടത്തുവർക്ക് പ്രതിമാസം 500 രൂപ സ്റ്റൈപന്റ് നൽകുന്നു. എട്ടു കി.മീ.-ൽ കൂടുതൽ യാത്രചെയ്തു വരുന്നവർക്ക് സ്റ്റൈപന്റ് 600 രൂപയാണ്.

**ലംപ്സം ഗ്രാന്റ് നിരക്ക്:**

പ്ലസ് ടു, വി.എച്ച്.എസ്.ഇ. 1130 രൂപ

ഡിഗ്രി, തത്തുല്യകോഴ്സുകൾ 1190രൂപ

പി. ജി, തത്തുല്യകോഴ്സുകൾ 1570 രൂപ. ലംപ്സം ഗ്രാന്റിൽ 2017-18-ൽ വരുത്തിയതുപോലെ 25 ശതമാനം വർദ്ധന 2018-19-ലെ സംസ്ഥാനബജറ്റിലും പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രൊഫഷണൽ കോഴ്സുകൾ 440 മുതൽ 3,130 രൂപ വരെ (കോഴ്സ് അനുസരിച്ച്)

**സ്റ്റൈപന്റ് നിരക്ക്:**

**എട്ടു കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക്:** 630 രൂപ

**എട്ടു കിലോമീറ്ററിൽക്കൂടുതൽ യാത്രചെയ്തു വരുന്നവർക്ക്:** 750 രൂപ

നിലവിൽ ഈ ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എ.ടി.എമ്മുകൾ വഴി ഇ-ഗ്രാന്റ്സ് എന്ന പേരിൽ വിതരണംചെയ്യുന്നു. അപേക്ഷകൾ വിദ്യാഭ്യാസവർഷാ

രംഭത്തിൽ (അക്ഷയ കേന്ദ്രങ്ങൾ മുഖേന) ഓൺ ലൈൻ ആയി സ്ഥാപനമേധാവിക്കു നൽകണം.

തുടർന്ന് അവയുടെ ഒറിജിനൽ സ്ഥാപനമേധാവി ജില്ലാ പട്ടികജാതിവികസന ഓഫീസർക്കു നൽകണം. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസയോഗ്യത തെളിയിക്കാനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതമാണ് അപേക്ഷ സ്ഥാപനമേധാവി ജില്ലാ ഓഫീസർക്കു നൽകേണ്ടത്.

## 12.12 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്നവർക്ക് 17 ഹോസ്റ്റലുകൾ വകുപ്പു നേരിട്ടു നടത്തുന്നു. (പട്ടിക വെബ്സൈറ്റിലുണ്ട്. ലിങ്ക്: http://www.scdd.kerala.gov.in/index.php/hostels). അന്തേവാസികൾക്കു ഭക്ഷണത്തിനായി പ്രതിമാസം ഒരാൾക്ക് 2,300 രൂപ ചെലവഴിക്കുന്നു. കൂടാതെ ഓണം, ക്രിസ്മസ് അവധിക്കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിനു യാത്രാബത്തയും നൽകുന്നു. പോക്കറ്റ് മണിയായി 190 രൂപ നൽകുന്നു. ഹോസ്റ്റലിൽ കായികവിനോദങ്ങൾക്കുള്ള സൗകര്യം, ലൈബ്രറി എന്നിവ ലഭ്യമാണ്. സർക്കാർ കോളെജ്, ഹോസ്റ്റലുകൾ, അംഗീകൃത എയ്ഡഡ് കോളെജ് ഹോസ്റ്റലുകൾ, സ്വാശ്രയ കോളെജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നു.

## 12.13 അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം

ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിങ് ഗ്രാന്റായി പ്രതിമാസം 1,500 രൂപ നൽകുന്നു.

## 12.14 പ്രത്യേക പ്രോത്സാഹനസമ്മാനം

വിവിധ വാർഷികപ്പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു.

**നിരക്ക്:**

കോഴ്സ് ഫസ്റ്റ് ക്ലാസ്/ഗ്രേഡ് ഡിസ്റ്റിങ്ഷൻ/ഗ്രേഡ്

എസ്.എസ്.എൽ.സി 1,500 2,500

പ്ലസ് ടു, റ്റി.റ്റി.സി, ഡിപ്ലോമ 2,500 5,000

ഡിഗ്രി 3,500 7,500

പി.ജി മറ്റ് പ്രൊഫഷണൽ കോഴ്സുകൾ 5,000 10,000

ജാതിസർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവസഹിതം ജില്ലാ പട്ടികജാതിവികസന ഓഫീസർക്ക് അപേക്ഷ നൽകണം.

## 12.15 റാങ്കുജേതാക്കൾക്കു സ്വർണ്ണമെഡൽ

മെഡിക്കൽ/ എൻജിനീയറിങ് പ്രവേശനപ്പരീക്ഷയിൽ ആദ്യറാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണനാണയം സമ്മാനമായി നൽകുന്നു.

പ്ലസ് ടു, എസ്.എസ്.എൽ.സി പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ പ്ലസ് ഗ്രേഡ് നേടുന്ന പട്ടികജാതിവിദ്യാർത്ഥികൾക്ക് അരപ്പവൻ സ്വർണ്ണനാണയം നൽകി അനുമോദിക്കുന്നു.

## 12.16 ക്ഷേത്രപ്രവേശനവിളംബരസ്മാരക സ്കോളർഷിപ്പ്

1936-ലെ ക്ഷേത്രപ്രവേശനവിളംബരത്തിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് തുകയുടെ പലിശയും സർക്കാർഗ്രാന്റും ചേർത്ത് ഡിഗ്രി, പി.ജി, എൽ.എൽ.ബി, മെഡിക്കൽ, എൻജിനീയറിങ് പഠനം നടത്തുന്ന കുട്ടികൾക്കു സ്കോളർഷിപ്പ് നൽകുന്നു. ജാതി, വരുമാനം, മാർക്കുലിസ്റ്റുകളുടെ പകർപ്പ് എന്നിവസഹിതം പട്ടികജാതിവികസനവകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകണം.

## 12.17 മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപരീക്ഷയ്ക്കു പ്രത്യേകപരിശീലനം

എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിനുന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപ്പരീക്ഷകൾക്കു ദീർഘകാല കോച്ചിംഗിന് 20,000 രൂപവരെ ധനസഹായം നൽകുന്നു. കോച്ചിംഗ് നടത്തുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണു ധനസഹായം. വിദ്യാർത്ഥികൾക്കു നിലവാരമുള്ള, ഇഷ്ടമുള്ള സ്ഥാപനം തെരെഞ്ഞെടുക്കാം. രക്ഷിതാക്കളുടെ വാർഷികവരുമാനപരിധി 4.5 ലക്ഷം രൂപ. അപേക്ഷ ജില്ലാ പട്ടികജാതിവികസന ഓഫീസർമാർക്കു നൽകണം. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവസഹിതം അപേക്ഷിക്കുക.

## 12.18 സ്വാശ്രയ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ, സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെരിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു. അപേക്ഷ ഓൺ ലൈനായി അക്ഷയകേന്ദ്രങ്ങൾ വഴി അയയ്ക്കുക. ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവസഹിതം ഒറിജിനൽ അപേക്ഷ സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതിവികസന ഓഫീസർമാർക്കു നൽകണം. ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സായി ബാങ്ക് മുഖേന നൽകുന്നു.

## 12.19 എൻജിനീയറിങ്, മെഡിക്കൽ പ്രാഥമികപ്രവേശനച്ചെലവിനു ഗ്രാന്റ്

എൻജിനീയറിങ്, മെഡിക്കൽ കോഴ്സുകൾക്കു പ്രവേശനം ലഭിച്ചവർക്കു പ്രാഥമികചെലവുകൾക്കു തുക അനുവദിക്കുന്നു.

**നിരക്ക്:**

മെഡിക്കൽ — 10,000

എൻജിനീയറിങ് — 5,000

അഡ്മിഷൻ നേടിയതുസംബന്ധിച്ച രേഖ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എന്നിവസഹിതം അപേക്ഷ ജില്ലാ പട്ടികജാതിവികസന ഓഫീസർമാർക്കു നൽകണം. വരുമാനപരിധി 1,00,000 രൂപ

## 12.20 പ്രൈമറി എഡ്യൂക്കേഷൻ എയിഡ്

ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ എയിഡഡ്, സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിവിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വാങ്ങാൻ പഠനപ്രോത്സാഹനത്തിനായി 2,000 രൂപ നൽകുന്നു.

## 12.21 ലാപ്ടോപ് വാങ്ങാൻ ധനസഹായം

പട്ടികജാതിവികസനവകുപ്പിൽനിന്നു വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങാൻ ധനസഹായം അനുവദിക്കുന്നു.

## 12.22 സ്റ്റെതസ്കോപ് വിതരണം

ഒന്നാംവർഷ എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ് വിദ്യാർത്ഥികൾക്കു സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകുന്നു.

## 12.23 കലാവിദ്യാർത്ഥികൾക്കു സഹായം

ബിരുദ, ബിരുദാനന്തരബിരുദ, കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതിവിദ്യാർത്ഥികൾക്കു പഠന, പരിശീലനോപകരണങ്ങൾ, ഉപാധികൾ വാങ്ങാൻ ധനസഹായം.

കേരളത്തിലെ വിവിധ യൂണിവേഴിസിറ്റികൾ നടത്തുന്ന ബിഎ, ബിപിഎ, എംഎ, എംപിഎ കലാവിഷയ കോഴ്സുകൾക്ക് (സംഗീത, നൃത്ത, വാദ്യ വിഷയങ്ങൾ) പഠിക്കുന്ന പട്ടികജാതിവിദ്യാർത്ഥികൾക്ക് അവരുടെ മെയിൻ, സബ്സിഡിയറി വിഷയങ്ങൾക്കു പരിശീലനത്തിനാവശ്യമായ ശ്രുതി ബോക്സ്, വയലിൻ, വീണ, കഥകളിച്ചെണ്ട, മദ്ദളം, ചിലങ്ക, ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതി

## 12.24 ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

ഇ-ഗ്രാന്റ്സിന് അർഹതയില്ലാത്തതും 2,50,000 രൂപവരെ വരുമാനമുള്ള പട്ടികജാതിക്കു ടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥിക്കു പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറ ത്തും അംഗീകൃതസ്ഥാപനങ്ങളിൽ പഠിക്കാൻ ധനസഹായം നൽകുന്ന പദ്ധതി.

## 12.25 ഈവനിങ് കോഴ്സ് പഠിക്കുന്നവർക്കു ധനസഹായം

സർക്കാർ, സർക്കാരംഗീകൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ് പഠിക്കാൻ കോഴ്സ് ഫീസ് അനുവദിക്കുന്നു. ജാതി, വരുമാനം, വിദ്യാഭ്യാസയോഗ്യത എന്നിവസംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം അസ്സൽ അപേക്ഷ സ്ഥാപനമേധാവിമുഖേന ജില്ലാ പട്ടിക ജാതിവികസന ഓഫീസർമാർക്കു നൽകണം.

## 12.26 വിദൂരവിദ്യാഭ്യാസത്തിനുള്ള സഹായം

യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്നു പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

## 12.27 സംസ്ഥാനത്തിനുപുറത്തു പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം

കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിനുപുറത്ത് അംഗീകൃതസ്ഥാപനങ്ങ ളിലും സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെറിറ്റ്, റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടിയ പട്ടികജാതിവിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു.

ജോലിസംബന്ധമായി കേരളത്തിനുപുറത്ത് താല്ക്കാലികമായി താമസം ആക്കിയിട്ടു ള്ള പട്ടികജാതിവിഭാഗക്കാരുടെ മക്കൾക്ക് സാധാരണ കോഴ്സുകൾക്കും വിദ്യാഭ്യാസാനു കൂല്യം അനുവദി ക്കുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ സ്ഥാപ നമേധാവി വഴി പട്ടികജാതിവികസന ഡയറക്ടർക്കു നൽകണം.

## 12.28 ഇൻഡ്യയ്ക്കു വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

വിദേശപഠനത്തിനു വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള ഓരോ അപേക്ഷയു ടെയും മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളും.

## 12.29 പാരലൽ കോളെജ് പഠനത്തിനുള്ള ധനസഹായം

സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ് ടൂ, ഡിഗ്രി, പി. ജി, കോഴ്സുകളിൽ പ്രവേ ശനം ലഭിക്കാത്ത പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കു പാരലൽ കോളെജ് പഠനത്തിനു റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷാഫീസ് എന്നിവ നൽകുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം, വിദ്യാഭ്യാസയോഗ്യത

സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം അപേക്ഷ ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർക്കു നൽകണം

## 12.30 ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ. ടി. ഐ കൾ)

വകുപ്പിനുകീഴിൽ വിവിധ ജില്ലകളിലുള്ള 44 ഐ.റ്റി.ഐകളിലായി എൻ.സി.വി.റ്റി/ എസ്.സി.വി.റ്റി നിലവാരമുള്ള ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് മെക്കാനിക്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), പെയിന്റർ (ജനറൽ), പ്ലമർ, കാർപെന്റർ, സ്വീയിംഗ് ടെക്നോളജി, വെൽഡർ, സർവ്വേയർ, ഡ്രൈവർ കം മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നു. 41 ഐ.റ്റി.ഐ കളിലെ മിക്ക ട്രേഡുകൾക്കും എൻ.സി.വി.റ്റിയുടെ അംഗീകാരമുള്ളതാണ്. പ്രസ്തുത ഐ.റ്റി.ഐകളിൽ നിന്ന് 80 ശതമാനത്തിൽക്കുറയാതെ ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കി ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്നവർക്ക് പ്രൊവിഷണൽ ഉൾപ്പെടെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.റ്റി.സി) ലഭിയ്ക്കുന്നു. എൻ.സി.വി.റ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത ഏഴ് ഐ.റ്റി.ഐകളിൽനിന്നു വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് എസ്.സി.വി.റ്റി സർട്ടിഫിക്കറ്റും ലഭിക്കുന്നു. തെരഞ്ഞെടുക്കുന്ന പരിശീലനാർത്ഥികൾക്ക് ഫീസ് സൗജന്യവും യൂണിഫോം അലവൻസും ഒന്നാം വർഷം 820 രൂപ നിരക്കിലും രണ്ടാം വർഷം 630 രൂപ നിരക്കിലും ലംസം ഗ്രാന്റും 630 രൂപ പ്രതിമാസസ്റ്റൈപ്പന്റും നൽകിവരുന്നു.

അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പരാജയപ്പെടുന്നവർക്കു റ്റ്യൂഷൻ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. ഐ.ടി.ഐകളിൽ പ്രവേശനം ലഭിക്കാൻ നിശ്ചിതഫോമിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് അപേക്ഷ നൽകാം. ഡ്രൈവർ കം മെക്കാനിക്ക് ട്രേഡിൽ പ്രവേശനം നേടാൻ 18 വയസ്സാകണം. മറ്റു കോഴ്സുകൾക്കു പ്രവേശനത്തിനു പ്രായപരിധിയില്ല. അപേക്ഷയോടൊപ്പം ജാതി, ജനനതീയതി എന്നിവ തെളിയിക്കുന്ന രേഖകളും അവസാനപരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ കോപ്പിയും വേണം.

## 12.31 കമ്മ്യൂണിറ്റി കോളെജ്, പാലക്കാട്

വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കോളെജിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് എന്ന ആധുനിക ഹൈടെക് കോഴ്സിൽ 20 പേർക്കു പരിശീലനം നൽകുന്നു. എസ്.എസ്.എൽ.സി/പ്ലസ് ടു എന്നിവ പാസ്സായവർക്കു പ്രവേശനത്തിന് അപേക്ഷിക്കാം. പ്രസ്തുത അപേക്ഷകരിൽ നിന്നു പ്രവേശനപ്പരീക്ഷയിലൂടെയാണു പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കോഴ്സ് ദൈർഘ്യം രണ്ടുവർഷം (ഒരു വർഷം ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിങ്ങും ഒരു വർഷം ഇൻഡസ്ട്രിയൽ ട്രെയിനിങ്ങും നൽകുന്നു). കോഴ്സിന്റെ ഭാഗമായി വ്യവസായപരിശീലനത്തിനുള്ള സൗകര്യം മൾട്ടിനാഷണൽ കമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ലഭിക്കുന്നു.

## 12.32 പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ

വിവിധ മത്സരപ്പരീക്ഷകൾക്കു പട്ടികജാതിവിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കാൻ സംസ്ഥാനത്ത് നാലു പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്കു സ്റ്റൈപ്പന്റോടു കൂടിയ പരിശീലനം. കൂടാതെ മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപ്പരീക്ഷാപരിശീലനം, ജോബ് ഓറിയന്റഡ് കോഴ്സുകൾ എന്നിവയും ഈ സെന്ററുകളിൽ നടത്തുന്നു. തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലാണു കേന്ദ്രങ്ങൾ.

## 12.33 ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി, തിരുവനന്തപുരം

അഖിലേൻഡ്യാ സർവ്വീസുകളിലേക്കുള്ള മത്സരപ്പരീക്ഷയ്ക്കു പ്രത്യേകപരിശീലനം നൽകാൻ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്വയംഭരണസ്ഥാപനം. സംസ്ഥാനതലത്തിൽ നടക്കുന്ന പ്രാഥമിക സെലക്ഷൻ പരീക്ഷയിൽ പാസ്സാകുന്ന പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കു സൗജന്യതാമസസൗകര്യവും മികച്ച ലൈബ്രറിസംവിധാനവും ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഒരു വർഷം പരിശീലനം ലഭ്യമാക്കുന്നു. അപേക്ഷ മാർച്ച് മാസത്തിൽ ക്ഷണിക്കുന്നു.

## 12.34 പാരാമെഡിക്കൽ സ്ഥാപനങ്ങൾ

തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളെജുകളോടു ചേർന്ന് രണ്ടു പാരാമെഡിക്കൽ സ്ഥാപനങ്ങൾ (പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സ്റ്റഡീസ്) പട്ടികവിഭാഗം വിദ്യാർത്ഥികൾക്കായി സ്ഥാപിച്ചിട്ടുണ്ട്. കുഴൽമന്ദത്ത് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനുള്ള സ്ഥാപനം, പയ്യന്നൂരിൽ ഡി. എം. എൽ. റ്റി കോഴ്സിനുള്ള സ്ഥാപനം എന്നിവ പ്രവർത്തിക്കുന്നു.

## 12.35 സെന്റർ ഓഫ് എക്സലൻസ്, കോഴിക്കോട്

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കാനും ശക്തിപ്പെടുത്താനും കിർത്താഡ്സ് കാമ്പസിൽ സെന്റർ ഫോർ റിസർച്ച് ആൻഡ് എജ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോമേഷൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ദേശീയപ്രാധാന്യമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം നേടാനും കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കാനും പട്ടികവിഭാഗത്തിനെ പ്രാപ്തരാക്കാൻ ഇതിലൂടെ കഴിയുന്നു.

## 12.36 മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്ക്, പാലക്കാട്

പട്ടികജാതിവിഭാഗത്തിൽനിന്നു സാങ്കേതികവിദഗ്ദ്ധരെ സൃഷ്ടിക്കാനായി പാലക്കാട് കണ്ണാടിയിൽ ആരംഭിച്ച സ്ഥാപനം. മുപ്പതു കുട്ടികൾക്കു പ്രവേശനം.

## 12.37 ബുക്ക് ബാങ്ക് പദ്ധതി

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്കു വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതി.

## 12.38 പഠനയാത്ര പര്യടനപരിപാടി

സംസ്ഥാനത്ത് ഹയർ സെക്കൻഡറി ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഉള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതിവിഭാഗം വിദ്യാർത്ഥികൾക്കുള്ള ചെലവ് പരമാവധി 4,000 രൂപ നൽകും. സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുന്നതുപ്രകാരം ജില്ലാ പട്ടികജാതിവികസന ഓഫീസിൽനിന്നു തുക അനുവദിക്കുന്നു.

## 12.39 പാലക്കാട് മെഡിക്കൽ കോളെജ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 70 വിദ്യാർത്ഥികൾ ഉൾപ്പെടെ 100 വിദ്യാർത്ഥികൾക്കു പ്രവേശനം ലഭിക്കാൻ 500 കിടക്കകളും വിവിധവിഭാഗങ്ങളിലായി 19 ചികിത്സായൂണിറ്റുകളുമായി പാലക്കാട്ടു പ്രവർത്തിക്കുന്ന മെഡിക്കൽ കോളെജിനോട് അനുബന്ധിച്ച് പാരാമെഡിക്കൽകോഴ്സുകളും ലബോറട്ടറികളും ആശുപത്രിയിലേക്കുവേണ്ട സാധനങ്ങളുടെയും ചെറിയ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ഉൽപ്പാദനയൂണിറ്റുകളും ഗവേഷണ, വികസന സംരംഭങ്ങളും ആരംഭിക്കുന്നു.

ദക്ഷിണമേഖല ട്രെയിനിങ് ഇൻസ്പെക്ടർ
തിരുവനന്തപുരം,

ഫോൺ: 0471-2316680,
ഇ-മെയിൽ: stiztvm@gmail.com

ഉത്തരമേഖല ട്രെയിനിങ് ഇൻസ്പെക്ടർ,
പട്ടികജാതിവികസന ആഫീസ്, സിവിൽ സ്റ്റേഷൻ,
കോഴിക്കോട്, ഫോൺ: 0495-2371451

## 12.40 സ്വയംതൊഴിൽ പദ്ധതി

വ്യക്തികൾക്കു മൂന്നുലക്ഷം രൂപവരെയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയുമുള്ള വായ്പകൾക്കു വായ്പാതുകയുടെ 1/3 സബ്സിഡി. പദ്ധതി ബാങ്കുകളുമായിച്ചേർന്നു നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏതു സ്വയംതൊഴിൽസംരംഭവും തുടങ്ങാം.

**യോഗ്യത:** പ്രായം 18-40, വിദ്യാഭ്യാസയോഗ്യത 7-ാം ക്ലാസ്സ്. വരുമാന പരിധി ഇല്ല.

**വേണ്ട രേഖകൾ:** വിദ്യാഭ്യാസയോഗ്യതയും ജാതിയും വരുമാനവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, പദ്ധതിറിപ്പോർട്ട്, റേഷൻകാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, എസ്.ജി.എസ്.വൈ ലോൺ വാങ്ങിയിട്ടില്ല എന്ന ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ.

**അപേക്ഷ നൽകേണ്ടത്:** ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർക്ക്.

## 12.41 വക്കീലുമാർക്കു ധനസഹായം

നിയമവിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്തു വക്കീലായി പരിശീലനം ചെയ്യാൻ മൂന്നു വർഷത്തേക്കു ധനസഹായം.

**ഒന്നാം വർഷം:**

1. എൻറോൾമെന്റ് ഫീസ് — 1550 രൂപ
2. വസ്ത്രം വാങ്ങാൻ — 2,000 രൂപ
3. പുസ്തകം വാങ്ങാൻ — 6,250 രൂപ

**രണ്ടും മൂന്നും വർഷങ്ങളിൽ:**

1. വസ്ത്രം വാങ്ങാൻ — 2,000 രൂപ
2. പുസ്തകം വാങ്ങാൻ — 6,250 രൂപ
3. മുറിവാടക — 3,000 രൂപ (പ്രതിമാസം 250 രൂപ നിരക്കിൽ)

**അപേക്ഷിക്കേണ്ട വിധം:** അഭിഭാഷകരായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം നിശ്ചിതമാതൃകയിലുള്ള അപേക്ഷ ജില്ലാ പട്ടികജാതിവികസന ഓഫീസർക്കു നൽകണം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:** ജാതിസർട്ടിഫിക്കറ്റ്, എൽ.എൽ.ബി.യുടെ സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ വക്കീലിന്റെ സാക്ഷ്യപത്രം.

## 12.42 സാങ്കേതികവിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്

ഐ.ടി.ഐ, ഡിപ്ലോമ, എൻജിനീയറിങ് ഡിഗ്രി, എന്നിവ പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ്. അപേക്ഷകർ അതാത് ജില്ലാ പട്ടികജാതിവികസന ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രതിമാസ നിരക്ക്

ഐ.ടി ഐ — 2,000 രൂപ
ഡിപ്ലോമ — 2,500 രൂപ
എൻജിനീയറിങ് ഡിഗ്രി — 3,000 രൂപ

## 12.43 ടൂൾ കിറ്റ്

വകുപ്പിന്റെ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകൾ പാസ്സായവർക്കു പണിയായുധങ്ങൾ വാങ്ങാൻ ഗ്രാന്റ് നൽകുന്നു.

## 12.44 പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളൽ

സംസ്ഥാനത്തെ പട്ടികജാതിവിഭാഗക്കാർ, സർക്കാർവകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31.03.2006-ൽ

തിരിച്ചടവുകാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000 രൂപ വരെയുള്ളത് പലിശയും പിഴപ്പലിശയും ഉൾപ്പെടെ എഴുതിത്തള്ളുന്നത് 12.11.2009 ലെ (അച്ചടി) 100/2009 പജ.പവ.വിവ.നമ്പർ സർക്കാരുത്തരവുപ്രകാരം നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, സഹകരണസ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31.03.2006-ൽ തിരിച്ചടവുകാലാവധി കഴിഞ്ഞു കുടിശ്ശിക ആയിട്ടുള്ളതുമായ വായ്പയുടെ 50,000 രൂപവരെയുള്ളത് എഴുതിത്തള്ളുന്നത് 10.12. 2013-ലെ (അച്ചടി) നമ്പർ 99/2013/പജ.പവ.വിവ സർക്കാരുത്തരവിലൂടെ നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ എസ്.സി/എസ്.റ്റി കോർപ്പറേഷനിൽനിന്ന് എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവുകാലാവധി കഴിഞ്ഞു കുടിശ്ശികയായതുമായ വാഹനവായ്പാപദ്ധതി, അംബേദ്കർ ഭവനനിർമ്മാണപദ്ധതി, പുതിയ അംബേദ്കർ ഭവനനിർമ്മാണപദ്ധതി, ഇൻകം ജനറേഷൻ ലിങ്ക്സ് എന്നീ പദ്ധതികളിലെ മുതലും പലിശയും എഴുതിത്തള്ളുന്നത് 16.10.2014 ലെ (കൈ) നമ്പർ 74/14/പജ.പവ.വിവ നമ്പർ സർക്കാരുത്തരവു പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർ കേരളസംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31.03.2010-നു തിരിച്ചടവുകാലയളവു പൂർത്തിയായതുമായ ഒരുലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരുലക്ഷം രൂപവരെ എഴുതിത്തള്ളുന്നതിന് 31.03.2015-ലെ സ.ഉ (പി) നം.24/2015/പജ.പവ.വിവ പ്രകാരം ഉത്തരവായിട്ടുണ്ട്. വരുമാനപരിധി 1.5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ കടാശ്വാസപദ്ധതി പ്രകാരം പട്ടികജാതിക്കാർ റവന്യൂ വകുപ്പ്, കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡ്, കേരളസംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരളസംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരളസംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരളസംസ്ഥാന വികലാംഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ള അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടവു കഴിഞ്ഞിട്ടുള്ളവർക്ക് കടാശ്വാസം അനുവദിച്ചുകൊണ്ട് 20.08.2016 ലെ സ.ഉ (പി) നം.118/2016/ധന.പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൻപ്രകാരം മുതലും പലിശയും പിഴപ്പലിശയുമുൾപ്പെടെ മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശികത്തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി ഇരുപത്തിനാലു പ്രതിമാസഗഡുക്കളായി തിരിച്ചടയ്ക്കാവുന്ന വിധത്തിൽ വായ്പ പുനഃക്രമീകരിച്ചിട്ടുണ്ട്.

## 12.45 സ്വയംപര്യാപ്തഗ്രാമങ്ങൾ

പട്ടികജാതിവികസനവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ കിലയുടെ സഹകരണത്തോടെ പൂർത്തിയാക്കിയ, പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ സ്ഥിതിവിവരപഠനറിപ്പോർട്ടിൽ അൻപതോ അൻപതിൽക്കൂടുതലോ പട്ടികജാ

തികുടുംബങ്ങൾ അധിവസിക്കുന്ന 436 ഗ്രാമങ്ങളുള്ളതായി കണ്ടെത്തിയിരുന്നു. വികസനപ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത ഈ ഗ്രാമങ്ങൾക്കായി സർക്കാർ നടപ്പിലാക്കുന്ന സമഗ്രവികസനപദ്ധതിയാണിത്.

ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണു പദ്ധതി നിർവ്വഹണം. റോഡുനിർമ്മാണം, വൈദ്യുതിവത്ക്കരണം, അഴുക്കുചാൽ നിർമ്മാണം, സോളാർ തെരുവുവിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവനപുനരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കാൻ പരമാവധി ഒരുകോടി രൂപയാണ് ഈ പദ്ധതിപ്രകാരം ഒരു സങ്കേതത്തിനായി ചെലവഴിക്കുക. എം.എൽ.എ.മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണു പദ്ധതിനിർവ്വഹണം.

## 12.46 വിവാഹധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000 രൂപ വിവാഹധനസഹായമായി നൽകുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പെൺകുട്ടിയുടെ പ്രായം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ്, വിവാഹക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ച എന്നതിന്റെ ഗസറ്റഡ് ഓഫീസറുടെയോ സമുദായസംഘടനയുടെയോ സാക്ഷ്യപത്രം എന്നിവസഹിതം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ/ പട്ടികജാതിവികസന ഓഫീസർക്ക് അപേക്ഷ നൽകണം. വരുമാനപരിധി 50,000 രൂപ.

## 12.47 മിശ്രവിവാഹിതർക്കു ധനസഹായം

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടികേതരസമുദായത്തിൽ പെട്ടതും ആയിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹികപ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുമായി 75,000 രൂപവരെ ഗ്രാന്റായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞു മൂന്നു വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാഭർത്താക്കന്മാരുടെ ജാതിസർട്ടിഫിക്കറ്റുകൾ, കുടുംബവാർഷികവരുമാനം, സഹവാസസർട്ടിഫിക്കറ്റ്, വിവാഹസർട്ടിഫിക്കറ്റ് എന്നിവസഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർക്കു നൽകണം. രണ്ടുപേരുടെയും കൂടി പ്രതിവർഷ വരുമാനപരിധി: 1,00,000 രൂപ.

## 12.48 ഭൂരഹിതപുനരധിവാസപദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്കു ഗ്രാമപ്രദേശത്ത് കുറഞ്ഞത് അഞ്ചു സെന്റ് ഭൂമിയും മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞതു മൂന്നു സെന്റ് ഭൂമിയും വാങ്ങാൻ ഗ്രാമ/ മുനിസിപ്പൽ കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000, 4,50,000, 6,00,000 രൂപ ഗ്രാന്റായി അനുവദിക്കുന്നു. ഈ തുകയ്ക്കു ലഭിക്കാവുന്ന പരമാവധിഭൂമി വാങ്ങേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ/ വാർഡുസഭ ലിസ്റ്റിൽ നിന്നാണു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായി ഭൂമിയില്ലെന്നു തെളിയിക്കുന്ന വില്ലേജോഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കാവുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം, ഭൂമി വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്നു ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവസഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർക്കു നൽകുക. വാർഷികവരുമാനപരിധി 50,000 രൂപയും അപേക്ഷകന്റെ പ്രായപരിധി 55 വയസ്സുമാണ്.

ഗ്രാമസഭ/ വാർഡുസഭ ലിസ്റ്റ് ലഭിക്കാത്ത സ്ഥലങ്ങളിൽ പത്രപ്പരസ്യംമുഖേന അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കും.

## 12.49 ഭവനനിർമ്മാണധനസഹായം

2014-15 സാമ്പത്തിക വർഷം മുതൽ 3,00,000 രൂപ ഭവനനിർമ്മാണധനസഹായമായി നൽകുന്നു. 45,000, 90,000, 1,20,000, 45,000 എന്നിങ്ങനെ നാലു ഗഡുക്കളായി നിർമ്മാണപുരോഗതിക്കനുസരിച്ച് തുക ഓൺലൈനായി ബാങ്കുവഴി വിതരണം ചെയ്യുന്നു. ഗ്രാമപ്രദേശത്തു സ്വന്തമായി രണ്ടു സെന്റും നഗരപ്രദേശങ്ങളിൽ ഒന്നരസെന്റും ഭൂമിയെങ്കിലും സ്വന്തമായുള്ള, ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്കാണു ധനസഹായം. ജാതി, വരുമാന, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, വാസയോഗ്യമായ ഭവനമില്ലായെന്ന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്നു ഭവനനിർമ്മാണഗ്രാന്റ് ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർക്ക് അപേക്ഷ നൽകുക. വരുമാനപരിധി 50,000 രൂപ.

## 12.50 ദുർബലവിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസപദ്ധതി

50,000 രൂപയിൽത്താഴെ വരുമാനമുള്ള ഭൂരഹിതഭവനരഹിതരായ വേടൻ, നായാടി, ചക്ലിയ/ അരുന്ധതിയാർ, കള്ളാടി എന്നീ ദുർബലസമുദായങ്ങൾക്കു ഭൂമി വാങ്ങി വീടു വയ്ക്കാനുള്ള പ്രത്യേകപദ്ധതി. അഞ്ചുസെന്റ് ഭൂമിയെങ്കിലും വാങ്ങാനും വീടുവയ്ക്കാനുമായി 7,25,000 രൂപ ഗ്രാന്റായി നൽകുന്നു. ഭൂമി വാങ്ങാനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവരുടെ പ്രായം 55 വയസ്സിൽ കവിയരുത്. (വീടിനു 3,50,000രൂപ, ഭൂമിക്ക് 3,75,000 രൂപ)

ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ഭൂമിയില്ലെന്ന വില്ലേജോഫീസറുടെ സാക്ഷ്യപത്രം, തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്ന് ഈ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവസഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർക്ക് അപേക്ഷ നൽകുക.

## 12.51 ടോയ്‌ലറ്റ് നിർമ്മാണം

പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കാൻ 25,000 രൂപവീതം ധനസഹായം നൽകുന്ന പദ്ധതി. ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീ

സർക്ക് അപേക്ഷ നൽകണം. തുക രണ്ടു ഗഡുക്കളായി വിതരണം ചെയ്യുന്നു. വരുമാനപരിധി 50,000 രൂപ.

## 12.52 പട്ടികജാതിവികസനമന്ത്രിയുടെ ദുരിതാശ്വാസനിധി

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽ പെട്ടവരുമായ 50,000 രൂപയിൽത്താഴെ വാർഷികവരുമാനമുള്ളവർക്ക് പട്ടികജാതിവികസനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 50,000 രൂപവരെ ചികിത്സാധനസഹായകമായി അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗങ്ങൾക്കു 1,00,000രൂപവരെ നൽകുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിത ഫോമിലുള്ള സാക്ഷ്യപത്രം എന്നിവ സഹിതം നിശ്ചിതഫോമിലുള്ള അപേക്ഷ ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർമാർക്കോ വകുപ്പ് മന്ത്രിക്കോ നൽകാം.

## 12.53 ഉദ്യോഗാർത്ഥികൾക്കു യാത്രാബത്ത

പി.എസ്.സി, യു.പി.എസ്.സി, വിവിധ സർക്കാരേജൻസികൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകളിലും ഇന്റർവ്യൂവിനും പങ്കെടുക്കാൻ പോകുന്ന പട്ടികജാതിവിഭാഗം ഉദ്യോഗാർത്ഥികൾക്ക് ഹാജർസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹമായ യാത്രപ്പടി അനുവദിക്കുന്നു. സാക്ഷ്യപത്രങ്ങൾ സഹിതം അപേക്ഷ ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിക്കു നൽകുക. തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്.

## 12.54 സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം

പട്ടികജാതി, പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യധാരാസമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പമുള്ളതുമാക്കിത്തീർക്കാൻ ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാവർഷവും സാമൂഹിക ഐക്യദാർഢ്യ പക്ഷമായി ആചരിക്കുന്നു. ഈ ആചരണക്കാലത്ത്, പട്ടികജാതി, പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കാനുള്ള പരിശ്രമങ്ങളും കോളനികൾ കേന്ദ്രീകരിച്ച ശുചിത്വപരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, വിജ്ഞാനസദസ്സുകൾ, പ്രദർശനങ്ങൾ, പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവയും നടത്തുന്നു.

## 12.55 ഭവനപുനരുദ്ധാരണത്തിനും മുറി നിർമ്മിക്കാനും ധനസഹായം

ഭവനനിർമ്മാണത്തിനു സർക്കാരിൽനിന്നു മുൻപു ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ വീട്ടിൽ (5 വർഷത്തിനും 25 വർഷത്തിനും ഇടയിൽ പഴക്കമുള്ളവ) താമസിക്കുന്നവരുമായ പട്ടികജാതികുടുംബത്തിന് ഭവനപുനരുദ്ധാരണത്തിനും പുതിയതായി ഒരു മുറികൂടി നിർമ്മിക്കാനും ധനസഹായം നൽകുന്നു. പ്ലാൻ, എസ്റ്റിമേറ്റ്

എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ അനുവദിക്കുന്നു. വരുമാനപരിധി 50,000 രൂപ. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, വീടിന്റെ പഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റ്, മറ്റ് ഏജൻസികളിൽനിന്ന് ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് എന്നിവസഹിതം അപേക്ഷ ബന്ധപ്പെട്ട എസ്ഡിസിഒ (SCDO)യ്ക്കു നൽകണം.

## 12.56 വിജ്ഞാൻവാടി

പട്ടികജാതിവിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപ്പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാനും സഹായകമാകാൻ ആരംഭിച്ച കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ട് പട്ടികജാതിസങ്കേതങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ സ്ഥാപിക്കുക. ഇതിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ടുസഹിതം ഈ പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഇതു നടപ്പാക്കുകയാണു ലക്ഷ്യം.

## 12.57 ഹോമിയോ ഹെൽത്ത് സെന്റർ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 29 പട്ടികജാതിസങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടരകിലോമീറ്റർ ചുറ്റളവിൽ മറ്റ് ആരോഗ്യപരിപാലനകേന്ദ്രങ്ങൾ ഇല്ലാത്ത പട്ടികജാതിസങ്കേതങ്ങളാണ് ഇതിലേക്കു തെരഞ്ഞെടുത്തിട്ടുള്ളത്.

## 12.58 വിദേശത്തു തൊഴിൽ നേടാൻ സാമ്പത്തികസഹായം

അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽമേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ചവരുമായ പട്ടികജാതി യുവതീയുവാക്കൾക്കു വിദേശത്തു തൊഴിൽ നേടാൻ യാത്രയ്ക്കും വിസസംബന്ധമായ ചെലവുകൾക്കുമായി 50,000 രൂപവരെ ധനസഹായം നൽകുന്നു. ഇൻഡ്യൻ പാസ്പോർട്ട്, വിദേശതൊഴിൽദാതാവിൽനിന്നു ലഭിച്ച തൊഴിൽക്കരാർപത്രം, വിസ എന്നിവസഹിതം അപേക്ഷ നൽകണം. 2,50,000 രൂപയിൽത്താഴെ വാർഷികവരുമാനമുള്ള, 20 നും 45നും ഇടയിൽ പ്രായമുള്ളവർക്കാണ് അർഹത.

## 12.59 ഉല്പന്നപ്രദർശനവിപണനമേള (ഗദ്ദിക)

പട്ടികജാതിക്കാരുടെ പാരമ്പര്യോല്പന്നങ്ങൾക്കും പട്ടികജാതി സ്വയംസഹായസംഘങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്താനായി സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം രണ്ടുസ്ഥലങ്ങളിൽ വിപണനമേള സംഘടിപ്പിക്കുന്നു. സ്റ്റോൾ സൗജന്യമായി അനുവദിക്കും. ഉല്പന്നങ്ങൾ സ്റ്റോളിലെത്തിക്കാനുള്ള വാഹനവാടക, സ്റ്റോളിൽ നിൽക്കുന്നവർക്കു പ്രതിദിനബത്ത, ഭക്ഷണം എന്നിവ നൽകും. അപേക്ഷകൾ ചീഫ് പബ്ലിസിറ്റി

ഓഫീസർ, പട്ടികജാതിവികസനവകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിൽനിന്നു കിട്ടും.

## 12.60 സർഗോത്സവം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000 രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

## 12.61 ഡോ.ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ്

പട്ടികവിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമറിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ. ബി.ആർ. അംബേദ്കർ മാധ്യമഅവാർഡ് നൽകുന്നു. അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. അച്ചടിമാധ്യമത്തിലെ റിപ്പോർട്ടിന് 30,000 രൂപയും ഫലകവും ദൃശ്യമാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000 രൂപയും ഫലകവും റേഡിയോ റിപ്പോർട്ടിന് 15,000 രൂപയും ഫലകവുമാണു നൽകുന്നത്.

## 12.62 സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കാൻ ധനസഹായം

പട്ടികജാതിവിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കാൻ 20,000 രൂപവരെ ധനസഹായം അനുവദിക്കുന്നു. മൗലികമായ രചനകളുടെ രണ്ടു കയ്യെഴുത്തുപ്രതികൾ ജാതി, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ എന്നിവസഹിതം അപേക്ഷ ചീഫ് പബ്ലിസിറ്റി ഓഫീസർ, അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ നൽകുക.

## 12.63 പടവുകൾ മാസിക

പട്ടികജാതി, പട്ടികവർഗ്ഗ വികസനവകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണജനങ്ങളിൽ എത്തിക്കാനും പട്ടികജാതിവിഭാഗക്കാരുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കാനുമായി 'പടവുകൾ' എന്ന പേരിൽ ഒരു ദ്വൈമാസിക വകുപ്പു പുറത്തിറക്കുന്നു. കോപ്പികൾ ബ്ലോക്ക്, മുൻസിപ്പൽ, കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസുകളിലും ചീഫ് പബ്ലിസിറ്റി ഓഫീസിലും കിട്ടും.

## 12.64 സാഹിത്യശില്പശാല

പട്ടികജാതി-പട്ടികവർഗത്തിലും ഇതര വിഭാഗത്തിലുംപെട്ട സാഹിത്യകാരരുടെ സാഹിത്യവാസന പരിപോഷിപ്പിക്കാനായി വർഷംതോറും സാഹിത്യശില്പശാല സംഘടിപ്പിക്കുന്നു. ഭാഷയുടെ വികാസപരിണാമങ്ങൾ, സാഹിത്യത്തിലെ അനുഭവം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കലും അതുവഴി സാംസ്കാരികശാക്തീകരണം ഉറപ്പാക്കലുമാണ് ശില്പശാലയുടെ ഉദ്ദേശ്യം. 18 മുതൽ 35 വരെ വയസുള്ള പട്ടികജാതി, പട്ടികവർഗ

വിഭാഗക്കാർക്കാണ പ്രവേശനം. ആകെ 50 പേർക്കു പങ്കെടുക്കാം. സൗജന്യതാമസം, ഭക്ഷണം, യാത്രാബത്ത എന്നിവ നൽകുന്നു.

## 12.65 അംബേദ്കർ ജയന്തി, അയ്യങ്കാളി ജയന്തി

ഭരണഘടനാശില്പി ഡോ. അംബേദ്കറുടെ ജന്മദിനം ഏപ്രിൽ 14-നും കേരള അധഃസ്ഥിതവർഗ്ഗത്തിന്റെ വിമോചനപ്പോരാളി ശ്രീ. അയ്യങ്കാളിയുടെ ജന്മദിനം ആഗസ്റ്റ് 28-നും വിവിധപരിപാടികളോടെ വകുപ്പ് ആചരിക്കുന്നു.

## 12.66 അംബേദ്കർ ഭവൻ

ഇൻഡ്യൻ ഭരണഘടനയുടെ ശിൽപിയായ ഡോ. ബി.ആർ. അംബേദ്കറുടെ നാമധേയത്തിൽ തിരുവനന്തപുരത്തു മണ്ണന്തലയിൽ 'അംബേദ്കർ ഭവൻ' എന്ന പേരിൽ ഒരു പഠനഗവേഷണ കൺവെൻഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ എന്നീ സ്ഥാപനങ്ങളും നിർമ്മിച്ചിട്ടുണ്ട്. അന്താരാഷ്ട്രനിലവാരത്തിൽ പൂർത്തിയാക്കിയ അംബേദ്കർ ഭവൻ വകുപ്പിന്റെ പദ്ധതിയാസൂത്രണത്തിനു വഴികാട്ടിയാകുന്നനിലയിൽ പ്രയോജനപ്പെടുത്തുകയാണ ലക്ഷ്യം. അംബേദ്കർ ഭവനോട് അനുബന്ധമായി ICETS പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരിൽനിന്നു യുവസംരംഭകരെ കണ്ടെത്താനായി 'സ്റ്റാർട്ടപ് ഡ്രീംസ്' (Startup dreams) പ്രോജക്റ്റ് ഇവിടെ പ്രവർത്തനം ആരംഭിച്ചു.

## 12.67 അയ്യൻകാളി ഭവൻ

അധഃസ്ഥിതജനവിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച സാമൂഹികപരിഷ്കർത്താവായ ശ്രീ. അയ്യങ്കാളിയുടെ നാമധേയത്തിൽ തിരുവനന്തപുരം വെള്ളയമ്പലത്തു പ്രവർത്തിക്കുന്ന സ്ഥാപനം. പട്ടികജാതിവികസനവകുപ്പിന്റെ ഡയറക്ടറേറ്റ്, തിരുവനന്തപുരം ജില്ലാ പട്ടികജാതിവികസന ഓഫീസ്, ദക്ഷിണമേഖല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, ചീഫ് പബ്ലിസിറ്റി ഓഫീസ്, ദക്ഷിണമേഖല ട്രെയിനിങ് ഇൻസ്പെക്ടറുടെ ഓഫീസ് എന്നിവ ഈ സമുച്ചയത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ, പട്ടികജാതി, പട്ടികഗോത്രവർഗ കമ്മിഷൻ, കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മിഷൻ, പട്ടികജാതി-പട്ടികവർഗ വികസനകോർപ്പറേഷന്റെ ജില്ലാ ഓഫീസ്, പിന്നാക്കസമുദായവികസനവകുപ്പു ഡയറക്ടറേറ്റ് എന്നിവ പ്രവർത്തിക്കുന്നത് അയ്യങ്കാളി ഭവനിലാണ്.

**ആസ്ഥാനത്തെ മേൽവിലാസം:**

പട്ടികജാതിവികസനവകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി.ഒ,
വെള്ളയമ്പലം, തിരുവനന്തപുരം

ഫോൺ: ഡയറക്ടർ 0471-2737400, 0471-2737240, 0471-2314455 (P) ഫാക്സ്: 0471-2317397

ഇ-മെയിൽ: sc.directorate@gmail.com
വെബ്സൈറ്റ്: www.scdd.kerala.gov.in

**റീജിയണൽ ആഫീസുകൾ:**

ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല,
പട്ടികജാതിവികസനവകുപ്പ്,
അയ്യങ്കാളി ഭവൻ, കനകനഗർ,
കവടിയാർ പി.ഒ,
വെള്ളയമ്പലം, തിരുവനന്തപുരം.

ഫോൺ: 0471-2310761, 2737216, 854763,0004

ഡെപ്യൂട്ടി ഡയറക്ടർ, ഉത്തരമേഖല,
സിവിൽസ്റ്റേഷൻ, കോഴിക്കോട്
ഫോൺ: 0495-2370379, 854763,0005

# 13
# പട്ടികവർഗ്ഗവികസനവകുപ്പ്

സംസ്ഥാനസർക്കാർ ആവിഷ്കരിച്ച പട്ടികവർഗ്ഗവികസനവകുപ്പ് മുഖേന നടപ്പാക്കിവരുന്ന പ്രധാനപദ്ധതികൾ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹനഗ്രാന്റ് മുതലായ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണം, പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളുടെയും പരിശീലനകേന്ദ്രങ്ങളുടെയും നടത്തിപ്പ്, പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കുള്ള വസ്ത്രവിതരണം തുടങ്ങിയവയാണ്. കൂടാതെ പട്ടികവർഗ്ഗവിഭാഗത്തിന്റെ സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പാർപ്പിടസൗകര്യം, ആരോഗ്യസംരക്ഷണം തുടങ്ങിയ ക്ഷേമപദ്ധതികളും നടപ്പാക്കിവരുന്നു.

## 13.1 വിദ്യാഭ്യാസപദ്ധതികൾ

### പ്രീമെട്രിക് വിദ്യാഭ്യാസം

S.S.L.C വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് ചുവടെ ചേർക്കുന്നു. ലംപ്സം ഗ്രാന്റിൽ 2017-18-ൽ വരുത്തിയതുപോലെ 25 ശതമാനം വർദ്ധന 2018-19-ലെ സംസ്ഥാനബജറ്റിലും പ്രഖ്യാപിച്ചിട്ടുണ്ട്.

| വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതിമാസസ്റ്റൈപ്പന്റ് |
|---|---|---|
| എൽ.പി. വിഭാഗം (I മുതൽ IV വരെ) | 320 | 130 |
| യു.പി. വിഭാഗം (V മുതൽ VIII വരെ) | 630 | 160 |

| വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതിമാസസ്റ്റൈപ്പന്റ് |
|---|---|---|
| ഹൈസ്കൂൾ വിഭാഗം | 940 | 190 |
| ഒരു ക്ലാസിൽ തോറ്റ് രണ്ടാം വർഷം പഠിക്കുന്ന കുട്ടികൾക്കു വാർഷിക ലംപ്സം ഗ്രാന്റിന്റെ 50% നൽകുന്നു | | |

## പോസ്റ്റ്മെട്രിക് പഠനം

പത്താംക്ലാസ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു വരുമാനപരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലപ്സം ഗ്രാന്റും പ്രതിമാസസ്റ്റൈപ്പന്റും നൽകുന്നു. യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധകോഴ്സുകൾക്കു വ്യത്യസ്ത നിരക്കിലാണു ലംപ്സം ഗ്രാന്റ് നൽകുന്നത്.

| കോഴ്സ് | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് | |
|---|---|---|---|
| | | 8 കി.മീ.-നു ഉള്ളിൽ താമസിക്കുന്നവർക്ക് | 8 കി.മീ.-നു പുറത്തു താമസിക്കുന്നവർക്ക് |
| പ്ലസ് ടു, വൊക്കേഷണൽ എച്ച്.എസ്., തത്തുല്യം | 1130 | 630 | 750 |
| ബിഎ, ബിഎസ്സി, ബികോം, ബിഎഡ്, തത്തുല്യം | 1190 | 630 | 750 |
| എംഎ, എംഎസ്സി, എംകോം, തത്തുല്യം | 1570 | 630 | 750 |
| എൻജിനീയറിങ്, വെറ്റിനറി, അഗ്രികൾച്ചർ മുതലായവ | 2250 | 630 | 750 |
| എംബിബിഎസ്, എംഎസ്, എംഡി | 3130 | 630 | 750 |

ലംപ്സം ഗ്രാന്റിൽ 2017-18-ൽ വരുത്തിയതുപോലെ 25 ശതമാനം വർദ്ധന 2018-19-ലെ സംസ്ഥാനബജറ്റിലും പ്രഖ്യാപിച്ചിട്ടുണ്ട്.

കോളെജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചു പഠിക്കുന്നവർക്ക് പ്രതിമാസസ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ-ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു.

| | പ്രതിമാസ പോക്കറ്റ്മണി നിരക്ക് |
|---|---|
| മെഡിക്കൽ, എൻജിനീയറിങ് കോഴ്സ് വിദ്യാർത്ഥി | 190 രൂപ |
| മറ്റു കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥി | 190 രൂപ |

### നഴ്സറി സ്കൂളുകൾ

പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികവർഗ്ഗവികസനവകുപ്പിന്റെ കീഴിൽ 13 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു ഈ നഴ്സറി സ്കൂളുകൾ 1995-96-ൽ ഗ്രാമപഞ്ചായത്തുകൾക്കു കൈമാറിയെങ്കിലും നഴ്സറി സ്കൂളുകളിൽ ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും കുട്ടികളുടെ ഉച്ചഭക്ഷണത്തി നുള്ള ചെലവുകളും പട്ടികവർഗ്ഗവികസനവകുപ്പിൽനിന്നാണു നൽകുന്നത്.

കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ് 190 രൂപ
പ്രതിദിനം ഒരു കുട്ടിക്കുള്ള ഭക്ഷണച്ചെലവ് 30 രൂപ

### പ്രീമെട്രിക് ഹോസ്റ്റലുകൾ

പട്ടികവർഗ്ഗക്കാരുടെ ആവാസകേന്ദ്രങ്ങൾ പലതും വിദ്യാഭ്യാസസൗകര്യം ലഭ്യമല്ലാത്ത ദുർഘടപ്രദേശങ്ങളിലാണ്. ആയതിനാൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിനു സൗകര്യങ്ങൾ ഒരുക്കാൻ പട്ടികവർഗ്ഗവികസനവകുപ്പിനു കീഴിൽ 105 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 58 എണ്ണം ആൺകുട്ടികൾക്കും 45 എണ്ണം പെൺകുട്ടികൾക്കും 2 എണ്ണം ഇരുവിഭാഗത്തിനും (മിക്സഡ്) ആയി പ്രവർത്തിക്കുന്നു. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസച്ചെലവുകളും അന്തേവാസികൾക്കു സൗജന്യമാണ്. ഹോസ്റ്റൽ അന്തേവാസികളുടെ ആഹാരച്ചെലവുകൾക്ക് അനുവദനീയമായ നിരക്ക് താഴെ കൊടുക്കുന്നു.

ഒന്നാംക്ലാസ് മുതൽ പത്താംക്ലാസുവരെ ഉള്ളവർക്ക് 3000 രൂപ
പ്ലസ് വൺ, പ്ലസ് ടൂ ക്ലാസുകളിൽ പഠിക്കുന്നവർക്ക് 3450 രൂപ

### പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

പ്ലസ് ടൂ ക്ലാസിനുമുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കാൻ പട്ടികവർഗ്ഗവികസനവകുപ്പിന്റെ കീഴിൽ നിലവിൽ മൂന്നു പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്നു.

### മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്)

സമർത്ഥരായ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചിട്ടുള്ളവയാണ് എം.ആർ.എസ്.കൾ. പട്ടികജാതി-പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് ഇവ പ്രവർത്തിക്കുന്നത്. എം.ആർ.എസുകളിലും, ഞാറനീലി കുറ്റിച്ചൽ സി.ബി.

എസ്.ഇ. സ്കൂളുകളിലും പ്രവേശനം ലഭിക്കുന്ന എല്ലാ കുട്ടികൾക്കും താമസം, ഭക്ഷണം തുടങ്ങി എല്ലാ വിദ്യാഭ്യാസച്ചെലവുകളും സൗജന്യമാണ്.

ഡിസംബർ, ജനുവരി മാസങ്ങളിൽ എം.ആർ.എസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കും. ജില്ലകളിലെ ഐറ്റിഡിപി പ്രോജകട് ഓഫീസർ/ പട്ടികവർഗ്ഗവികസന ഓഫിസർമാർക്കാണ് അപേക്ഷ നൽകേണ്ടത്. തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷികവരുമാനപരിധി ഒരുലക്ഷം (1,00,000) രൂപയാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഭക്ഷണചെലവ് അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | പ്രതിമാസനിരക്ക് |
|---|---|
| ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് | 3,000 രൂപ |
| ഹയർ സെക്കൻഡറി വിഭാഗം വിദ്യാർത്ഥികൾക്ക് | 3,450 രൂപ |

### അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സേർച്ച് ആൻഡ് ഡവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ്ഗവിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ തുടർപഠനത്തിനുള്ള എല്ലാ സഹായവും നൽകുന്ന പദ്ധതി. അഞ്ചാംക്ലാസുമുതൽ പത്താംക്ലാസുവരെ തുടർസ്കോളർഷിപ്പ് നൽകുന്നു. അഞ്ചാംക്ലാസ് വിദ്യാർത്ഥികൾക്ക് 5,900 രൂപയും 8 മുതൽ 10 വരെ ക്ലാസിലെ വിദ്യാർത്ഥികൾക്കു 4,900 രൂപയും വീതമാണു സ്കോളർഷിപ്പ്. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നാലാം ക്ലാസിൽ പഠിക്കുന്ന 200 പട്ടികവർഗ്ഗവിദ്യാർത്ഥികളെ ഓരോവർഷവും മത്സരപ്പരീക്ഷയിലൂടെ തെരെഞ്ഞെടുക്കും. പുസ്തകം, പഠനസാമഗ്രികൾ, യൂണിഫോം, പ്രതിമാസസ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും നൽകുന്നു. വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും ബോധതലം ഉയർത്താൻ സെമിനാർ നടത്താനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

### ട്യൂട്ടോറിയൽ ഗ്രാന്റ്

പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കാൻ ഹൈസ്കൂളുകളിലും പ്ലസ് വൺ, പ്ലസ് ടൂ ക്ലാസുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളെജിലോ ട്യൂഷൻ സെന്ററിലോ ചേർന്നു പഠിക്കാൻ പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷകർത്താക്കൾ മുഖേന നൽകുന്ന പദ്ധതി. വർഷാവസാനപ്പരീക്ഷയ്ക്കുമുമ്പായി എസ്.എസ്.എൽ.സി, പ്ലസ് ടൂ വിദ്യാർത്ഥികൾക്കു പ്രത്യേക കോച്ചിംഗ് നൽകുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

**പ്രധാന ഘടകങ്ങൾ:**

1. ഹൈസ്കൂളുകളിലേയും പ്ലസ് വൺ, പ്ലസ് ടൂ ക്ലാസുകളിലെയും വിദ്യാർത്ഥികൾക്കു പ്രത്യേക ട്യൂഷൻ ഫീസ് നൽകുക.
2. എസ്.എസ്.എൽ.സി, പ്ലസ് ടൂ എന്നീ പരിക്ഷകളിൽ പരാജിതരായ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു തോറ്റ വിഷയങ്ങൾ പഠിക്കാൻ ട്യൂഷൻ ഫീസ് നൽകുക.

3. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുലപരിപാടി, പാലക്കാട് നെഹ്രു യുവകേന്ദ്രത്തിന്റെ ഗിരിവികാസ് പദ്ധതി മുതലായവ നടപ്പിലാക്കുക.
4. പ്രീമെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കു ട്യൂഷൻ നൽകുന്ന പാർട്ട്ടൈം ട്യൂട്ടറുടെ ഓണറേറിയം നൽകുക.

### വസ്ത്രവിതരണം)

ട്രൈബൽ സ്കൂളുകളിലും വെൽഫെയർ സ്കൂളുകളിലുമുള്ള ലോവർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ടുജോഡി യൂണിഫോം നൽകിവരുന്നു. ഇതിനുള്ള ചെലവ് ഒരു കുട്ടിക്ക് 500 രൂപ.

### ബോർഡിങ് ഗ്രാന്റ്

പട്ടികവർഗ്ഗവികസനവകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധസംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു ബോർഡിങ് ഗ്രാന്റ് നൽകുന്നു. ഏഴു ഹോസ്റ്റലുകൾക്കാണ് ഇപ്പോൾ ധനസഹായം നൽകുന്നത്.

| ഇനം | ക്ലാസ് | നിരക്ക് |
|---|---|---|
| ബോർഡിങ് ഗ്രാന്റ് | 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് 700 | പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് 800 |
| യൂണിഫോം അലവൻസ് | ഒന്നു മുതൽ 9 വരെയുള്ള വിദ്യാർത്ഥികൾക്ക് 500 | 10 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് 700 |

### സമർത്ഥരായ വിദ്യാർത്ഥികൾക്കു പ്രത്യേകപ്രോത്സാഹനം

അക്കാദമിക്-കലാ-കായികമൽസരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു പ്രത്യേക പ്രോത്സാഹനം. എസ്.എസ്.എൽ.സി, പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 3,000 രൂപയും ബിരുദം, ബിരുദാനന്തരബിരുദം, ഗവേഷണം, പ്രൊഫഷണൽ കോഴ്സ് തുടങ്ങിയവയിൽ ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾക്കു യഥാക്രമം 4,500, 6,000 രൂപ നിരക്കിലും പ്രത്യേക പ്രോത്സാഹനസമ്മാനം നൽകുന്നു.

ബിരുദകോഴ്സുകളിൽ ഒന്നാംക്ലാസിൽത്താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ അഞ്ചു വിദ്യാർത്ഥികൾക്കു വീതവും മറ്റു ജില്ലകളിൽ രണ്ടു വിദ്യാർത്ഥികൾക്കു വീതവും 3000 രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹനസമ്മാനവും നൽകുന്നു.

### ഭാരതദർശൻ, സ്കൂൾ, കോളെജ് വിദ്യാർത്ഥികൾക്കു പഠനയാത്ര

പ്രത്യേകദുർബ്ബലഗോത്രവിഭാഗത്തിൽപ്പെട്ട മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊ

രുക്കുന്ന പദ്ധതിയാണ് ഭാരതദർശൻ. ഭാരതദർശനു പുറമെ പഠനത്തിൽ മികവു പുലർത്തുന്ന പ്ലസ് ടു വിലും ഡിഗ്രി ക്ലാസിലും ബിരുദാനന്തരബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിലും പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴി വിനോദയാത്രയ്ക്കും പഠനയാത്രയ്ക്കുമുള്ള യഥാർത്ഥചെലവ് സാമ്പത്തിക സഹായമായി നൽകിവരുന്നു.

### മാതാപിതാക്കൾക്കു പ്രോത്സാഹനഗ്രാന്റ്

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കാൻ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കു പ്രതിമാസം 50 രൂപ നിരക്കിൽ 10 മാസത്തേക്ക് 500 രൂപ പ്രോത്സാഹനധനസഹായം. ഓരോ അദ്ധ്യയനവർഷവും ഫെബ്രുവരിവരെയുള്ള ഹാജർ കണക്കാക്കി 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കാണിതു നൽകുന്നത്.

### ലാപ്ടോപ് വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിലും സ്ഥാപനങ്ങളിലും പ്രൊഫഷണൽ കോഴ്സുകൾക്കു രണ്ടാംവർഷം പഠിക്കുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കു ലാപ്ടോപ്പ് നൽകുന്നു. എം.ബി.ബി.എസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.സി.എ, ബി.ഡി.എസ്, ബി.എ, എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി. ആൻഡ് എ. എച്ച്, ബി.ടെക്, എം.ടെക് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

### സാമൂഹികപഠനമുറി

പട്ടികവർഗ്ഗവിഭാഗക്കാരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കോളനികളിൽ നടപ്പാക്കുന്ന പദ്ധതി. പഠനകേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്കു പഠനസൗകര്യങ്ങൾ ഒരുക്കുന്ന കെട്ടിടങ്ങളാണ് ഇതിനായി തയ്യാറാക്കുന്നത്. അതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളോ മറ്റു സമാനയിടങ്ങളോ കണ്ടെത്തുന്നു. കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ട്യൂട്ടർമാരായി തെരഞ്ഞെടുത്ത് പട്ടികവർഗ്ഗവിദ്യാർത്ഥികളെ പഠനകാര്യത്തിൽ സഹായിക്കൽ, വിദ്യാർത്ഥികൾക്കു ട്യൂഷൻ നൽകൽ, പഠനസാമഗ്രികൾ വിതരണം ചെയ്യൽ, ലഘുഭക്ഷണം നൽകൽ എന്നിവയും കംപ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി, പുസ്തകങ്ങൾ തുടങ്ങിയ അധികസൗകര്യങ്ങൾ ഒരുക്കുകയുമാണു ലക്ഷ്യം. ഇവിടെ ട്യൂഷൻ എടുക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 15,000 രൂപാ ഓണറേറിയം നൽകും. അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരവുമാണിത്.

### ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്രവിഭാഗ അദ്ധ്യാപകരുടെ സേവനം

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ ടിടിസി, ബിഎഡ് യോഗ്യതയുള്ള യുവവിദ്യാസമ്പന്നരെ (ആണോ പെണ്ണോ) ആദിവാസിഭാഷയുടെയും മലയാളഭാഷയുടെയും

അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി പ്രൈമറി സ്കൂളിൽ ടീച്ചറോ വിദ്യാഭ്യാസോപദേശകരോ ആയി പ്രവർത്തിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ഗോത്രവിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുകയും കൊഴിഞ്ഞുപോക്കു കുറയ്ക്കുകയും 100 ശതമാനം ആദിവാസിക്കുട്ടികൾക്കും സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്കുവേണ്ട പരിശീലനം നൽകുകയും ചെയ്യുന്ന ഉപദേശകരായോ സാമൂഹികസേവകരായോ ഈ അദ്ധ്യാപകർ പ്രവർത്തിക്കുന്നു. കൂടാതെ വിദ്യാർത്ഥികളെ പരിചരിച്ചുകൊണ്ട് സമൂഹത്തിന്റെയും വിദ്യാർത്ഥികളുടെയും ഇടയിൽ മുഖ്യകണ്ണിയായി പ്രവർത്തിക്കണം. പദ്ധതി വയനാട് ജില്ലയിൽ നടപ്പാക്കി. അട്ടപ്പാടിയിലും നടപ്പാക്കുന്നു.

## 13.2 ആരോഗ്യം

### പട്ടികവർഗ്ഗ സമഗ്ര ആരോഗ്യസുരക്ഷ (ആശുപത്രിവഴിയുള്ള വൈദ്യസഹായം)

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യചികിത്സ ലഭ്യമാക്കാൻ ആരോഗ്യവകുപ്പുവഴി നടപ്പാക്കുന്ന പദ്ധതി. സംസ്ഥാനത്തെ എല്ലാ സർക്കാരാശുപത്രികളിലും സർക്കാർ മെഡിക്കൽ കോളെജുകളിലും പരിയാരം സഹകരണ മെഡിക്കൽ കോളെജിലും തലശേരി മലബാർ ക്യാൻസർ സെന്റർ, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലും ചികിത്സയ്ക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതിപ്രകാരം സൗജന്യചികിത്സ ലഭിക്കുന്നു.

ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സയുടെ ചെലവ് (മരുന്നു വാങ്ങാൻ, മെഡിക്കൽ ടെസ്റ്റ് തുടങ്ങിയവ) 10,000 രൂപവരെ ബി.പി.എൽ, എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10,000 രൂപയ്ക്കു മുകളിൽ വരുന്ന ചികിത്സാച്ചെലവിന്റെ സഹായം പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗതസഹായം 10,000 രൂപവരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും 50,000 രൂപവരെ ആശുപത്രിവികസനസമിതിയും നൽകും. 50,000 രൂപയ്ക്കുമുകളിൽ ചെലവുവരുന്ന സന്ദർഭത്തിൽ പട്ടികവർഗ്ഗവികസനവകുപ്പു ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരനുമതിയോടെ ആശുപത്രിയധികൃതർ ധനസഹായം അനുവദിക്കും. ആവശ്യമായ ഫണ്ട് ഡി.എം.ഒ. വഴി ബന്ധപ്പെട്ട ആശുപത്രികൾക്കു വിതരണം നടത്തുന്നു. മെഡിക്കൽ കോളെജ് ആശുപത്രികളിൽ ബന്ധപ്പെട്ട സൂപ്രണ്ടുമാർക്കാണു തുക അനുവദിക്കുന്നത്. ശ്രീചിത്ര മെഡിക്കൽ സെന്റർ, ആർ.സി.സി, എംസിസി എന്നിവിടങ്ങളിൽ ഡയറക്ടർമാർക്കു തുക അനുവദിക്കും.

### അരിവാൾ രോഗത്തിനുള്ള ധനസഹായം

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന അരിവാൾ രോഗം ബാധിച്ചവർക്കു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങാനുമായി പ്രതിമാസം 2,500 രൂപ ധനസഹായം നൽകിവരുന്നു. ബാങ്ക് അക്കൗണ്ടു വഴിയാണു തുക നൽകുന്നത്.

### ജനനി–ജന്മരക്ഷ

പട്ടികവർഗ്ഗവിഭാഗത്തിൽ അമ്മയുടെയും കുഞ്ഞിന്റെയും പോഷകാഹാരലഭ്യത ആരോഗ്യരംഗത്തെ പ്രധാന പ്രശ്നമാണ്. അവശ്യസമയത്ത് സാമ്പത്തികസഹായം ലഭിച്ചാലേ പ്രസവത്തിനു മുമ്പും ശേഷവും വേണ്ടത്ര പരിചരണം ഉണ്ടാവൂ. അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരലഭ്യത ഉറപ്പുവരുത്താൻ ആവിഷ്കരിച്ച പദ്ധതിയാണ് ജനനി-ജന്മരക്ഷ. ഗർഭിണിയായശേഷമുള്ള മൂന്നുമാസം മുതൽ കുട്ടിക്ക് ഒരുവയസാകുന്നതുവരെയുള്ള 18 മാസം ഓരോ മാസവും 1,000 രൂപ വീതം ഈ പദ്ധതിവഴി നൽകി വരുന്നു. ബാങ്ക് അക്കൗണ്ട് വഴിയാണ് ധനസഹായം. ചില ദുർഘടപ്രദേശങ്ങളിൽ റ്റി.ഇ.ഒ.മാർ മുഖേനയാണ് ധനസഹായം നൽകുന്നത്.

### പട്ടികവർഗ്ഗ ആശ്വാസനിധി

പട്ടികവർഗ്ഗസങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതി. ഈ പദ്ധതിപ്രകാരം ഗുണഭോക്താവിന്റെ കുടുംബവാർഷികവരുമാനം 1,00,000 രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കും ഹൃദയശസ്ത്രക്രിയയ്ക്കും ഒരുലക്ഷം രൂപവരെയും മറ്റു രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000 രൂപവരെയും ധനസഹായം അനുവദിക്കും. കുടുംബത്തിന്റെ ഏകവരുമാനദായകന്റെ അപകടമരണത്തിനു നിബന്ധനകൾക്കു വിധേയമായി 50,000 രൂപവരെ ഈ പദ്ധതിയിൽ അനുവദിക്കും. അസുഖങ്ങളെകൊണ്ടു കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് ഒരുലക്ഷം രൂപവരെ ഡോക്ടറുടെ ശുപാർശപ്രകാരം ധനസഹായം നൽകുന്നു. കൂടാതെ പ്രകൃതിക്ഷോഭം, തീപിടുത്തങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000 രൂപവീതം നിബന്ധനകൾക്കു വിധേയമായി നൽകി വരുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്താനുള്ള സാമ്പത്തികസഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കാൻ സഹായിക്കുക. ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യമുള്ള ആഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ചെലവുകൾ, അത്യാഹിതങ്ങളും അപകടങ്ങളും കൈകാര്യം ചെയ്യാനുള്ള സഹായനിധി തുടങ്ങിയവയാണു പ്രധാന ഘടകങ്ങൾ.

## 13.3 സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതികൾ

### ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കു ഭൂമി വാങ്ങുന്ന പദ്ധതി

സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റുമുതൽ ഒരേക്കർവരെ വാങ്ങാൻ 10 ലക്ഷം രൂപവരെ സർക്കാർ ധനസഹായമായി നൽകുന്നു.

### വീടില്ലാത്തവർക്കു വീട്

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്കു ഭവനനിർമ്മാണത്തിനുള്ള ധനസഹായഗ്രാന്റ് 2.50 ലക്ഷം രൂപയിൽനിന്നു 3.50 ലക്ഷം രൂപയായി 2017-18 സാമ്പത്തികവർഷം വർദ്ധിപ്പിച്ചു. ഇതു നാലു ഗഡുക്കളായി നൽകും.

### വീടുകളുടെ അറ്റകുറ്റപ്പണികൾ

2008ലെ ബേസ്‌ലൈൻ സർവ്വേയിൽ 55% പട്ടികവർഗ്ഗവീടുകൾ തകർന്നതും 44% അടുക്കളെ ഇല്ലാത്തതുമാണെന്ന കണ്ടെത്തി. 51% വീടുകൾ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തവയും 87% വീടുകൾ സ്റ്റോർ സൗകര്യം ഇല്ലാത്തവയും ആണെന്നും കണ്ടെത്തി. ഇത്തരം വീടുകൾ പുനരുദ്ധാരിക്കാനും അധികമുറികൾ നിർമ്മിക്കാനും തകർന്നവ പുനർനിർമ്മിക്കാനും ഉള്ളതാണ പദ്ധതി. എസ്റ്റിമേറ്റ് പ്രകാരം പരമാവധി 1.5 ലക്ഷം രൂപവരെ ഈ പദ്ധതിപ്രകാരം നൽകുന്നു.

### ഹഡ്കോ ഭവനനിർമ്മാണപദ്ധതി

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ 5,000 കുടുംബങ്ങൾക്ക വീടു നിർമ്മിക്കാൻ ഹഡ്കോയിൽനിന്ന 135 കോടി രൂപ വായ്പ എടുക്കാൻ സ.ഉ (എം.എസ്) നം. 101/13/പജ.പവ.വിവ. തീയതി, 12-12-13 പ്രകാരം ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹഡ്കോയിൽനിന്ന് ആദ്യഗഡുവായി ലഭിച്ച 50 കോടി രൂപ ഉപയോഗിച്ച സംസ്ഥാനത്തൊട്ടാകെ അനുവദി 2,000 വീടു നിർമ്മിക്കുന്നു.

### എ.റ്റി.എസ്.പി. ഭവനനിർമ്മാണപദ്ധതി

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട അർഹരായ മുഴുവൻ ഭവനരഹിതർക്കും വീട് അനുവദിക്കാനായി സമ്പൂർണ്ണഭവനനിർമ്മാണപദ്ധതി നടപ്പിലാക്കാന്റെ ഭാഗമായി എ. റ്റി.എസ്.പി. ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തികവർഷം സംസ്ഥാനത്തൊട്ടാകെ അനുവദിച്ച 9382 വീടുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു.

### കടം എഴുതിത്തള്ളുന്ന പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗവിഭാഗക്കാർ, വിവിധ സർക്കാർവകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃതബാങ്കുകൾ, പട്ടികജാതി–പട്ടികവർഗ്ഗ വികസനകോർപ്പറേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 01-04-2014-ൽ തിരിച്ചടവുകാലാവധി കഴിഞ്ഞതും കുടിശ്ശിക ആയതുമായ ഒരുലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റു പലിശകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി. [സർക്കാർ ഉത്തരവ് (അ) നം. 71/2015/പജ.പവ.വിവ തീയതി 01/10/2015].

### കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും അശരണരുമായ പട്ടികവർഗ്ഗക്കുട്ടികൾക്കു പ്രായപൂർത്തിയാകുന്നതുവരെയോ സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കാനും വിദ്യാഭ്യാസത്തിനും പ്രത്യേക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ കുട്ടികളെ സംരക്ഷിക്കാനും പരിപാലിച്ചുവളർത്താനുമായി മാസം 1000 രൂപ വീതം 18 വയസ്സുവരേയോ സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതുവരെയോ അനുവദിച്ചുവരുന്നു. സർവ്വെ ചെയ്ത് ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തും.

### പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം

നിർദ്ധനരായ പട്ടികവർഗ്ഗയുവതികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം 10,000 രൂപയിൽനിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹത്തീയതിക്ക് ഒരു മാസം മുമ്പെ അപേക്ഷ ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ(ടി.ഇ.ഒ.)മാർക്കു നൽകണം. ഈ സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് വിവാഹത്തിനു ശേഷം അപേക്ഷിച്ചാൽ അതു ഡയറക്ടറുടെ ഉത്തരവിൻപ്രകാരം അനുവദിക്കും.

### ഗോത്രവാത്സല്യനിധി — പട്ടികവർഗ്ഗപെൺകുട്ടികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കുക, കഴിവു മെച്ചപ്പെടുത്തുക, സാമൂഹികപദവി ഉയർത്തുക, കൊഴിഞ്ഞുപോകുന്നതു തടയുക എന്നീ കാര്യങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന പദ്ധതി. ഇൻഷ്വർ ചെയ്യപ്പെടുന്ന പട്ടികവർഗ്ഗപെൺകുട്ടികൾ പത്താംക്ലാസ് എത്തുമ്പോഴോ 18 വയസ്സ് ആകുമ്പോഴോ ആണ് ഈ ദീർഘകാലനിക്ഷേപപദ്ധതി പൂർത്തിയാവുന്നത്. ഇതനുസരിച്ച് പെൺകുഞ്ഞിന്റെ ജനനരജിസ്ട്രേഷൻ തുടങ്ങി പ്രതിരോധകുത്തിവയ്പ്, സ്കൂൾ പ്രവേശനം തുടങ്ങിയ നടപടികളിലൂടെ പെൺകുട്ടി പത്താംക്ലാസിൽ എത്തുന്നതോടെയാണു സ്വയം പര്യാപ്തത കൈവരിക്കുന്നത്. ഇൻഷ്വറൻസ് തുക ജീവിതനിലനിൽപ്പിനായോ ഉന്നത വിദ്യാഭ്യാസത്തിനായോ ഉപയോഗിക്കാം. ഇതിനുള്ള തുടർനടപടികൾ സർക്കാരുത്തരവിനു വിധേയമായി സ്വീകരിക്കും.

### പട്ടികവർഗ്ഗയുവതീയുവാക്കൾക്കു സ്വയംതൊഴിലിനും നൈപുണ്യവികസനത്തിനും ധനസഹായം

പട്ടികവർഗ്ഗയുവതീയുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കാനും ഉപജീവനമാർഗ്ഗത്തിനുംവേണ്ടി സ്വയംതൊഴിൽ സംവിധാനം വഴി സഹായം. പരമാവധി ധനസഹായം 1.5 ലക്ഷം രൂപയാണ്. ഗുണഭോക്താക്കളിൽ 60% സ്ത്രീകൾ ആയിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥയായ കുടുംബം എന്നിവർക്കു മുൻഗണന.

### ഏറ്റവും പിന്നാക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽപരിശീലനം

അംഗീകൃത വ്യാവസായികപരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനം നേടുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, രണ്ടുജോഡി യൂണിഫോമുകളുടെ ചെലവ് എന്നിവ നൽകുന്നു.

### പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പട്ടികവർഗ്ഗവികസനവകുപ്പും മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്കു ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തന ങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1182 പട്ടികവർഗ്ഗയുവതീയുവാക്കളെ നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ

സർക്കാരാശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന പട്ടികവർഗ്ഗക്കാരെ സഹായിക്കാൻ ആവശ്യമായ ഹെൽത്ത് പ്രൊമോട്ടർമാരെയും മേൽപ്പറഞ്ഞ പ്രൊമോട്ടർമാരിൽനിന്ന പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. ഇവർക്ക പ്രതിമാസം 9,625 രൂപ ഓണറേറിയവും യാത്രാചെലവും ഉൾപ്പെടെ നൽകിവരുന്നു.

### ഊരുകൂട്ടങ്ങൾ ചേരാൻ സഹായം

ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗസങ്കേതങ്ങളിലും ഊരുകൂട്ടങ്ങൾ കൂടാൻ പരിശീലനം നൽകുന്ന പദ്ധതി. സൂക്ഷ്മതലത്തിലുള്ള ആസൂത്രണം, പ്രാഥമിക ആരോഗ്യ പരിപാലനം, സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾ, നിർവഹണത്തിലും മോണിറ്ററിംഗിലും പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നിവയിലാണ പരിശീലനം. നാലുമാസത്തിലൊരിക്കലെങ്കിലും ഊരുകൂട്ടങ്ങൾ യോഗം ചേരേണ്ടതുണ്ട്. ഓരോ ഊരുകൂട്ടയോഗത്തിന്റെയും ചെലവുകൾക്കായി 2500 രൂപ വീതം നൽകിവരുന്നു.

### പട്ടികവർഗ്ഗക്ഷേമസ്ഥാപനങ്ങൾക്കുള്ള ധനസഹായം

മാനന്തവാടി പ്രിയദർശിനി തേയിലത്തോട്ടത്തിനു കാർഷികവൃത്തിക്കുള്ള ധനസഹായം, വയനാട് ജില്ലയിൽ അംബേദ്കർസ്മാരക ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന് തൊഴിൽ വൈദഗ്ധ്യപരിശീലനത്തിനുള്ള ധനസഹായം, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിങ് സൊസൈറ്റിക്കുള്ള ധനസഹായം, അട്ടപ്പാടിയിലെ ചിണ്ടക്കി സ്കൂൾ, ഹോസ്റ്റൽ എന്നിവയുടെ പ്രവർത്തനത്തിനുള്ള ധനസഹായം പട്ടികവർഗ്ഗമേഖലയിലെ പട്ടികവർഗ്ഗസഹകരണസംഘങ്ങൾക്ക നൽകുന്ന പ്രവർത്തനധനസഹായം എന്നിവ ഈ പദ്ധതിയിൽ വരുന്നു.

### വംശീയവൈദ്യർക്ക ധനസഹായം

പരമ്പരാഗത പട്ടികവർഗ്ഗവൈദ്യർക്ക് 10,000 രൂപ വാർഷികഗ്രാന്റായി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടെ വൈദ്യവൃത്തിക്കാരെ തെരഞ്ഞെടുത്ത് തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക കൈമാറും.

### ട്രൈബൽ ബോർഡ് അംഗങ്ങളുടെ യാത്രാച്ചെലവ്

സംസ്ഥാന, ജില്ലാ പട്ടികവർഗ്ഗ ഉപദേശകസമിതി അംഗങ്ങൾക്ക് ഉപദേശകസമിതിയോഗത്തിൽ പങ്കെടുക്കാൻ യാത്രാച്ചെലവു നൽകുന്നു.

**വകുപ്പാസ്ഥാനം:**

ഡയറക്ടർ,
പട്ടികവർഗ്ഗവികസനവകുപ്പ്,
വികാസ് ഭവൻ നാലാം നില,
തിരുവനന്തപുരം 695033

ഫോൺ: 0471-2302990
വെബ്സൈറ്റ്: https://kerala.gov.in/scheduled-tribes-development

**ചില പ്രധാന വെബ്സൈറ്റുകൾ:**

കിർത്താഡ്സ് – വെബ്സൈറ്റ്: www.kirtads.kerala.gov.in
ഇ-ഗ്രാന്റ്സ് (വിവിധസഹായങ്ങൾക്ക് അപേക്ഷിക്കാനുള്ള വെബ്സൈറ്റ്):
http://www.e-grantz.kerala.gov.in/
സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മിഷൻ വെബ്സൈറ്റ്:
http://www.kscscst.kerala.gov.in/
ദേശീയ പട്ടികവർഗ്ഗ കമ്മിഷൻ – വെബ്സൈറ്റ്: http://ncst.nic.in

**ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസുകളുടെ വിലാസങ്ങൾ:**

ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്,
നെടുമങ്ങാട് സത്രം മുക്ക്,
നെടുമങ്ങാട്, നെടുമങ്ങാട് പി.ഒ,
തിരുവനന്തപുരം 695541

ഫോൺ: 0472 2812557, 9496070328
ഇ-മെയിൽ: ndditdp@gmail.com

ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്,
കാഞ്ഞിരപ്പള്ളി,
മിനി സിവിൽ സ്റ്റേഷൻ,
കാഞ്ഞിരപ്പള്ളി പി.ഒ
കോട്ടയം 686 507

ഫോൺ: 04828 202751, 9496070329
ഇ-മെയിൽ: itdpkply@gmail.com

ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്,
മിനി സിവിൽ സ്റ്റേഷൻ ന്യൂ ബിൽഡിംഗ്
തൊടുപുഴ പി.ഒ
ഇടുക്കി 685584

ഫോൺ: 04862 222399, 9496070330
ഇ-മെയിൽ: itdpidukki@gmail.com

ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്,
നിലമ്പൂർ, നിലമ്പൂർ പി.ഒ
മലപ്പുറം - 679 329
ഫോൺ: 04931 220315, 9496070331
ഇ-മെയിൽ: nlbitdp@gmail.com

ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്,
അട്ടപ്പാടി, അഗളി പി.ഒ

പാലക്കാട് - 678 581
ഫോൺ: 04924 254382, 9496070332
ഇ-മെയിൽ: poitdpatpy@gmail.com

ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്,
കൽപ്പറ്റ നോർത്ത് പി.ഒ
വയനാട് - 673 592
ഫോൺ: 04936 202232, 9496070333
ഇ-മെയിൽ: kptitdp@gmail.com

ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്,
സിവിൽ സ്റ്റേഷൻ പി.ഒ
കണ്ണൂർ - 670 003.
ഫോൺ: 0497 2700357, 9496070334
ഇ-മെയിൽ: cnritdp@gmail.com

## — 14 —

# പിന്നാക്കവിഭാഗവികസനവകുപ്പ്

### 14.1 ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്

**സഹായം:** സ്റ്റാൻഡേർഡ് I -- V: 750 രൂപ
സ്റ്റാൻഡേർഡ് VI -- VIII: 900 രൂപ
സ്റ്റാൻഡേർഡ് IX – X: 1000 രൂപ

**അർഹതാമാനദണ്ഡം:** സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന, കുടുംബവാർഷികവരുമാനം 44,500 രൂപ കവിയാത്ത വിദ്യാർത്ഥികൾ. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് കുടുംബ വാർഷികവരുമാനം കുറഞ്ഞവർക്കു സ്കോളർഷിപ്പ് അനുവദിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം:** അദ്ധ്യായനവർഷാരംഭത്തിൽ വകുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് സ്കൂൾ പ്രധാനാധ്യാപകരെ ഏൽപ്പിക്കേണ്ടതാണ്. സ്കൂളധികൃതർ നിശ്ചിതതീയതിക്കകം http://www.scholarship.itschool.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈൻ എൻട്രി നടത്തണം.

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

### 14.2 ഒ.ഇ.സി. പ്രീമെട്രിക് സ്കോളർഷിപ്പ്

**സഹായം:** സ്റ്റാൻഡേർഡ് I -- IV: 320 രൂപ
സ്റ്റാൻഡേർഡ് V -- VII: 630 രൂപ
സ്റ്റാൻഡേർഡ് VIII -- X: 940 രൂപ

**അർഹതാമാനദണ്ഡം:** സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്, സി.ബി.എസ്.സി, ഐ.സി.എസ്.സി., കേന്ദ്രീയ വിദ്യാലയം എന്നീ സ്ഥാപനങ്ങളിലെ ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നു. വരുമാനപരിധിയില്ല.

**അപേക്ഷിക്കേണ്ട വിധം:** വിദ്യാർത്ഥികൾ അപേക്ഷ നൽകേണ്ടതില്ല.

**നടപടിക്രമം:** സ്കൂളധികൃതർ നിശ്ചിതതീയതിക്കകം http://www.scholarship.itschool.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈൻ എൻട്രി നടത്തണം.

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

## 14.3 ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

**സഹായം:** ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറി തലത്തിൽ പട്ടികജാതിവികസനവകുപ്പിന്റെ ഇ-ഗ്രാന്റ്സ് മുഖേനയും മറ്റു തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകൾക്കു പിന്നാക്കവിഭാഗവികസനവകുപ്പ് നേരിട്ടും ആണ് ആനുകൂല്യം അനുവദിക്കുന്നത്.

**അർഹതാമാനദണ്ഡം:** സംസ്ഥാനത്തിനുപുറത്തെ ദേശീയപ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേൻഡ്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പുരീതിപ്രകാരം പ്രവേശനം ലഭിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് (100% സി.എസ്.എസ്) അപേക്ഷിക്കാം. സംസ്ഥാനത്തിനകത്ത് സിഎ, ഐസിഡബ്ല്യുഎ, കമ്പനി സെക്രട്ടറി കോഴ്സുകളിൽ പഠിക്കുന്നവർക്കും ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം. കുടുംബവാർഷികവരുമാനപരിധി ഒരുലക്ഷം രൂപ. സംസ്ഥാനത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടവരായിരിക്കണം.

**അപേക്ഷിക്കേണ്ട വിധം:** http://www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽനിന്ന് അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷ ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ, എസ്എസ്എൽസിയുടെയോ തത്തുല്യയോഗ്യതയുടെയോ സാക്ഷ്യപത്രത്തിന്റെ പകർപ്പ്, ഇപ്പോൾ പഠനം നടത്തുന്ന കോഴ്സിന്റെ അടിസ്ഥാനയോഗ്യതയുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവസഹിതം നിലവിൽ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടെയും ശുപാർശയോടെയും വകുപ്പുമേധാവിക്കു നൽകണം. ഹയർ സെക്കൻഡറിതല അപേക്ഷ ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായാണു നൽകേണ്ടത്.

**അപേക്ഷിക്കേണ്ട വിലാസം:** ഡയറക്ടർ, പിന്നാക്കവിഭാഗവികസനവകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം 695003

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

**നടപ്പാക്കുന്നത്:** ഹയർ സെക്കൻഡറി ഒഴികെയുള്ള കോഴ്സുകൾക്കു ഡയറക്ടറേറ്റ് നേരിട്ടു നടപ്പാക്കുന്നു. ഹയർ സെക്കൻഡറി കോഴ്സുകൾക്കു പട്ടികജാതിവികസനവകുപ്പ് ഇ-ഗ്രാന്റ്സിലൂടെ നടപ്പാക്കുന്നു.

## 14.4 ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം

**സഹായം:** പ്ലസ് ടു മുതൽ പി.എച്ച്.ഡി. വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്കു ലംപ്സം ഗ്രാന്റ്, പ്രതിമാസസ്റ്റൈപെന്റ്, നിയമാനുസൃത ഫീസുകൾ അനുവദിക്കുന്നു.

**അർഹതാമാനദണ്ഡം:** സംസ്ഥാനത്തെ മറ്റർഹവിഭാഗ (ഒ.ഇ.സി) പട്ടികയിൽ ഉൾപ്പെട്ട വരായിരിക്കണം. മെറിറ്റിലോ റിസർവേഷനിലോ പ്രവേശനം നേടിയവരായിരിക്കണം.

**അപേക്ഷിക്കേണ്ട വിധം:** ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായി

**ഇ-ഗ്രാന്റ്സ് വിലാസം:** http//www.e-gratnz.kerala.gov.in

**സമയപരിധി:** പ്രവേശനം നേടി രണ്ടുമാസത്തിനകം അപേക്ഷിക്കണം

**നടപ്പാക്കുന്നത്:** പട്ടികജാതിവികസനവകുപ്പ് ഡയറക്ടർ

## 14.5 ഓവർസീസ് സ്കോളർഷിപ്പ്

**സഹായം:** 10,00,000 രൂപ വരെ അനുവദിക്കുന്നു.

**അർഹതാമാനദണ്ഡം:** വിദേശസർവ്വകലാശാലകളിൽ മെഡിക്കൽ, എൻജിനീയറിങ്, പ്യുവർസയൻസ്, അഗ്രികൾച്ചർ, മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്ന തിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ്. ഫസ്റ്റ് ക്ലാസ്സോടെ, അല്ലെങ്കിൽ 60% മാർക്കിൽ കുറയാതെ, അല്ലെങ്കിൽ സമാനഗ്രേഡിൽ ബിരുദം നേടിയവരായിരിക്കണം. മേൽയോഗ്യതയോടെ ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തിപരിചയം ഉള്ളവർക്കു മുൻഗണന. ബിരുദം നേടിയിട്ടുള്ള വിഷയത്തിൽ ഉപരി പഠനം നടത്തുന്നവർക്കു മാത്രമേ അർഹതയുണ്ടാകൂ.

**അപേക്ഷിക്കേണ്ട വിധം:** www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽനിന്ന് അപേക്ഷാഫോം ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷ ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ, എസ്എസ്എൽസിയുടെയോ തത്തുല്യയോഗ്യതയുടെയോ സാക്ഷ്യപത്രത്തിന്റെ പകർപ്പ്, ഇപ്പോൾ പഠനം നടത്തുന്ന കോഴ്സിന്റെ അടിസ്ഥാനയോഗ്യതയുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, യൂണിവേഴ്സിറ്റിയുടെ ഓഫർ ലെറ്റർ എന്നിവ സഹിതം വകുപ്പുമേധാവിക്കു നൽകണം.

**അപേക്ഷിക്കേണ്ട വിലാസം:** ഡയറക്ടർ, പിന്നാക്കവിഭാഗവികസനവകുപ്പ്, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം 695003

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

**നടപ്പാക്കുന്നത്:** ഡയറക്ടറേറ്റ് നേരിട്ട്.

## 14.6 അഡ്വക്കേറ്റ് ഗ്രാന്റ്

**സഹായം:** അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പ്രതിവർഷം 12000 രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്നു.

**അർഹതാമാനദണ്ഡം:** അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത വാർഷികവരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കാത്ത നിയമ ബിരുദധാരികൾക്ക് അപേക്ഷിക്കാം.

**അപേക്ഷിക്കേണ്ട വിധം:** www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽനിന്നു ഡൗൺലോഡ് ചെയ്ത നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് ജാതിസർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്, എൻറോൾമെന്റ് സർട്ടിഫിക്കറ്റ്, സീനിയർ അഭിഭാഷകനിൽനിന്നുള്ള സാക്ഷ്യപത്രം, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം നൽകണം

**അപേക്ഷിക്കേണ്ട വിലാസം:** തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ളവർ ദക്ഷിണമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ളവർ ഉത്തരമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കുമാണ് അപേക്ഷ അയയ്ക്കേണ്ടത്. വിലാസം ഈ അദ്ധ്യായത്തിന്റെ അവസാനം.

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

## 14.7 എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

**സഹായം:** മെഡിക്കൽ, എൻജിനീയറിങ് എൻട്രൻസ് – 30,000 രൂപ

സിവിൽ സർവ്വീസ് – 50,000 രൂപ

ബാങ്കിങ് – 20,000 രൂപ

യു.ജി.സി., നെറ്റ്, ഗേറ്റ് പരീക്ഷാപരിശീലനം – 25,000രൂപ

പ്രൊഫഷണലുകൾക്ക സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം – 2 ലക്ഷം രൂപാ സബ്സിഡി

സിക്കിൾ സെൽ അനീമിയ ബാധിതർക്ക സ്വയംതൊഴിൽ ഗ്രാന്റ് – 1,00,000 രൂപ.

**അർഹതാമാനദണ്ഡം:** മെഡിക്കൽ, എൻജിനീയറിങ് എൻട്രൻസ്, സിവിൽ സർവ്വീസ്, ബാങ്കിങ് തുടങ്ങിയ വിവിധ മത്സരപ്പരീക്ഷാപരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. സ്വയംതൊഴിൽപദ്ധതികൾക്കും ഈ സ്കീംപ്രകാരം ആനുകൂല്യം നൽകുന്നു. വാർഷികവരുമാനപരിധി 4.5 ലക്ഷം രൂപ. അപേക്ഷകരുടെ എണ്ണം അധികമായാൽ രണ്ടുലക്ഷം രൂപ വരുമാനപരിധിയിൽ താഴെയുള്ളവർക്കായി ആനുകൂല്യം പരിമിതപ്പെടുത്തും.

**അപേക്ഷിക്കേണ്ട വിധം:** മത്സരപ്പരീക്ഷകൾക്കുള്ള അപേക്ഷ http://www.eep.bcdd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയാണു നൽകേണ്ടത്. സ്വയംതൊഴിൽപദ്ധതികളുടെ അപേക്ഷ കടലാസിൽ തയ്യാറാക്കി നൽകണം.

**അപേക്ഷിക്കേണ്ട വിലാസം:** സ്വയംതൊഴിലിനുള്ള അപേക്ഷ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ളവർ ദക്ഷിണമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ളവർ ഉത്തരമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കുമാണ് അയയ്ക്കേണ്ടത്.

മത്സരപ്പരീക്ഷകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി നൽകി അതിന്റെ പ്രിന്റ് ഔട്ട് ആവശ്യമായ സാക്ഷ്യപത്രങ്ങൾ സഹിതം അതതു മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക നൽകണം.

**അയയ്ക്കേണ്ട വിലാസം:** ഈ അദ്ധ്യായത്തിന്റെ അവസാനം

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

**നടപ്പാക്കുന്നത്:** മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ. രണ്ടു സ്വയംതൊഴിൽപദ്ധതികളും പിന്നോക്കവിഭാഗവികസനകോർപ്പറേഷനുമായി സഹകരിച്ചാണു നടപ്പിലാക്കുന്നത്.

## 14.8 ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽപരിശീലനം

**പദ്ധതിയുടെ പേര്:** ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽപരിശീലനം

**സഹായം:** പ്രതിമാസം 7000 രൂപ വരെ.

**അർഹതാമാനദണ്ഡം:** പൊതു-സ്വകാര്യപങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ, ഐ.റ്റി.ഐ, ഐ.റ്റി.സി കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനം നൽകുകയും പ്രമുഖസ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്ന പദ്ധതി. പരിശീലനകാലയളവിൽ ട്യൂഷൻ ഫീസ്, സ്റ്റൈപ്പന്റ് ഇനങ്ങളിലായി പ്രതിമാസം 7000 രൂപ വരെ അനുവദിക്കുന്നു. വരുമാന പരിധി – 2 ലക്ഷം രൂപ.

**അപേക്ഷിക്കേണ്ട വിധം:** http://www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽനിന്നു ഡൗൺലോഡ് ചെയ്തു നിശ്ചിതമാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് ജാതിസർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്, അടിസ്ഥാനയോഗ്യതയുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവസഹിതം നൽകണം.

**അപേക്ഷിക്കേണ്ട വിലാസം:** മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്കവിഭാഗവികസനവകുപ്പ്, സിവിൽ സ്റ്റേഷൻ, രണ്ടാം നില, കാക്കനാട്, എറണാകുളം-682030

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

## 14.9 വിശ്വകർമ്മജർക്കുള്ള പെൻഷൻ

**സഹായം:** പ്രതിമാസം 500 രൂപ

**അർഹതാമാനദണ്ഡം:** 60 വയസ്സു തികഞ്ഞ പരമ്പരാഗത വിശ്വകർമ്മതൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക്

**അപേക്ഷിക്കേണ്ട വിധം:** http://www.bcdd.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ ആയി

**അപേക്ഷിക്കേണ്ട വിലാസം:** ഡയറക്ടർക്ക് (വിലാസം അദ്ധ്യായത്തിന്റെ അവസാനം)

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

## 14.10 പരമ്പരാഗത മൺപാത്രനിർമ്മാണത്തൊഴിലാളികൾക്കുള്ള ധനസഹായം

**സഹായം:** തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും 25.000 രൂപ വീതം.

**അർഹതാമാനദണ്ഡം:** വാർഷികവരുമാനം ഒരുലക്ഷം രൂപ കവിയാത്ത, നിലവിൽ മൺപാത്രനിർമ്മാണത്തൊഴിൽ ചെയ്യുന്ന, പരമ്പരാഗതതൊഴിലാളികൾക്ക്.

**അപേക്ഷിക്കേണ്ട വിധം:** www.bcddkerala.gov.in എന്ന വെബ്സൈറ്റിൽനിന്നു ഡൗൺലോഡ് ചെയ്ത നിശ്ചിതമാതൃകയിലുള്ള അപേക്ഷാഫോം പൂരിപ്പിച്ച് ജാതിസർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്, മറ്റു സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം നൽകണം

**അപേക്ഷിക്കേണ്ട വിലാസം:** തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അപേക്ഷകൾ ഉത്തരമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള അപേക്ഷകൾ ദക്ഷിണമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും അയയ്ക്കണം. വിലാസം അദ്ധ്യായത്തിന്റെ അവസാനം.

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

## 14.11 പരമ്പരാഗതകരകൗശലപ്പണിക്കാർക്കു നൈപുണ്യവികസനപരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം

**സഹായം:** പരിശീലനം അടക്കം പരമാവധി 25,000 രൂപ ഗ്രാന്റ് ആയി അനുവദിക്കുന്നു. തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കു രണ്ടുതവണയായി കൈമാറുന്നു.

**അർഹതാമാനദണ്ഡം:** പിന്നാക്കസമുദായങ്ങളിൽപ്പെട്ട പരമ്പരാഗതകരകൗശലത്തൊഴിൽ ചെയ്യുന്ന സമുദായങ്ങളായിരിക്കണം. കുടുംബവാർഷികവരുമാനം ഒരുലക്ഷം രൂപയിൽ കവിയരുത്.

**അപേക്ഷിക്കേണ്ട വിധം:** www.bcddkerala.gov.in എന്ന വെബ്സൈറ്റിൽനിന്നു ഡൗൺലോഡ് ചെയ്ത നിശ്ചിതമാതൃകയിലുള്ള അപേക്ഷാഫോം പൂരിപ്പിച്ചു ജാതിസർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്, മറ്റു സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം നൽകണം.

**അപേക്ഷിക്കേണ്ട വിലാസം:** തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ളവർ ദക്ഷിണമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ളവർ ഉത്തരമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കുമാണ് അപേക്ഷ അയയ്ക്കേണ്ടത്. വിലാസം ഈ അദ്ധ്യായത്തിന്റെ അവസാനം.

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

## 14.12 പരമ്പരാഗത ബാർബർത്തൊഴിലാളികൾക്കുള്ള ധനസഹായം

**സഹായം:** 25,000 രൂപ വരെ വിവിധ ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്നു.

**അർഹതാമാനദണ്ഡം:** പിന്നാക്കസമുദായങ്ങളിൽപ്പെട്ട പരമ്പരാഗതബാർബർത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ആയിരിക്കണം. കുടുംബവാർഷികവരുമാനം ഒരുലക്ഷം

രൂപയിൽ കവിയരുത്. ഗ്രാമ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ബാർബർ ഷോപ്പുകളായിരിക്കണം

**അപേക്ഷിക്കേണ്ട വിധം:** www.bcddkerala.gov.in എന്ന വെബ്സൈറ്റിൽനിന്നു ഡൗൺലോഡ് ചെയ്ത നിശ്ചിതമാതൃകയിലുള്ള അപേക്ഷാഫോം പൂരിപ്പിച്ച് ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്, തിരിച്ചറിയൽക്കാർഡ്, ബാങ്ക് പാസ് ബുക്ക് തുടങ്ങിയവയുടെ പകർപ്പുകൾസഹിതം അതതു ഗ്രാമപഞ്ചായത്തിൽ നൽകണം.

**അപേക്ഷിക്കേണ്ട വിലാസം:** തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അപേക്ഷകൾ ഉത്തരമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള അപേക്ഷകൾ ദക്ഷിണമേഖലാ ഡെപ്യൂട്ടി ഡയറക്ടർക്കും അയയ്ക്കണം. വിലാസം അദ്ധ്യായത്തിന്റെ അവസാനം.

**സമയപരിധി:** നോട്ടിഫിക്കേഷൻ പ്രകാരമുള്ള കാലയളവ്

**മേൽവിലാസങ്ങൾ**

**വകുപ്പാസ്ഥാനം:**

ഡയറക്ടർ,
പിന്നാക്കവിഭാഗവികസനവകുപ്പ്,
അയ്യൻകാളി ഭവൻ, നാലാംനില,
കനകനഗർ,
വെള്ളയമ്പലം,
കവടിയാർ.പി.ഒ,
തിരുവനന്തപുരം-695003
ഫോൺ: 0471-2727378, 0471-2727379
വെബ്സൈറ്റ്: http://www.bcdd.kerala.gov.in
ഇ-മെയിൽ വിലാസം: obcdirectorate@gmail.com

**ദക്ഷിണമേഖലാ ഡെപ്യൂട്ടി ഡയറക്ടർ (തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ചുമതല):**

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,
പിന്നാക്കവിഭാഗവികസനവകുപ്പ്,
സിവിൽ സ്റ്റേഷൻ, രണ്ടാം നില,
കാക്കനാട്, എറണാകുളം-682030
ഫോൺ: 0484-2429130, 2428130

**ഉത്തരമേഖലാ ഡെപ്യൂട്ടി ഡയറക്ടർ (തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ചുമതല):**

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,

പിന്നാക്കവിഭാഗവികസനവകുപ്പ്,
സിവിൽ സ്റ്റേഷൻ,
കോഴിക്കോട്-673020
ഫോൺ: 0495- 2377786, 2377796

# — 15 —

# പൊതുവിദ്യാഭ്യാസവകുപ്പ്

## 15.1 സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി

**ലഭിക്കുന്ന സഹായം/സേവനം:** 50,000 രൂപ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾ മരിച്ചാൽ എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ ധനസഹായം നൽകുന്നു.

ബി.പി.എൽ വിഭാഗത്തിലെ കുട്ടികളുടെ രക്ഷിതാവു മരിച്ചാൽ പരമാവധി 50,000 രൂപ ധനസഹായം ലഭിക്കുന്നു.

**അപേക്ഷിക്കേണ്ട വിധം:** വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസഡയറക്ടർക്ക് അപേക്ഷ നൽകണം

**അപേക്ഷിക്കേണ്ടത്:** വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന

## 15.2 മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള സാമ്പത്തികസഹായം

**അർഹതാമാനദണ്ഡം:** ഓരോ വർഷവും ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ച സ്കൂളുകൾ ആയിരിക്കണം.

**അപേക്ഷിക്കേണ്ട വിലാസം:** അതതു വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക്

**സമയപരിധി:** എല്ലാ വർഷവും ജൂൺ 10 നകം

**പ്രത്യേക ഫോം:** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ

## 15.3 മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നാക്ക, മുന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്

**ആനുകൂല്യം:** എൽ.പി/യു.പി വിഭാഗം — 125 രൂപ, ഹൈസ്കൂൾ വിഭാഗം — 150 രൂപ

**അർഹതാമാനദണ്ഡം:** ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരും വാർഷികവരുമാനം 25,000 രൂപയിൽ കുറവുള്ളവരുമായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക്

**അപേക്ഷിക്കേണ്ട വിധം/വിലാസം:** മതിയായ രേഖകൾ സഹിതം നിർദ്ദിഷ്ടഫോറത്തിലുള്ള അപേക്ഷ സ്ഥാപനമേധാവി, എ.ഇ.ഒ/ഡി.ഇ.ഒ വഴി ഡി.ഡി.ഇ.മാർക്ക്

**സമയപരിധി:** ഉണ്ട്

**പ്രത്യേക ഫോം:** ഉണ്ട്

**നടപ്പിലാക്കുന്ന ഓഫീസ്:** ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ കാര്യാലയം

## 15.4 ലോവർ സെക്കൻഡറി സ്കോളർഷിപ്പ് (എൽ.എസ്. എസ്)

**ആനുകൂല്യം:** പ്രതിവർഷം 200 രൂപ

**അർഹതാമാനദണ്ഡം:** സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ നാലാംക്ലാസ് വാർഷികപരീക്ഷയിൽ എല്ലാ വിഷയത്തിനും എ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്കായി പരീക്ഷാക്കമ്മിഷണർ നടത്തുന്ന മത്സരപ്പരീക്ഷയിൽ വിജയിക്കുന്നവർക്ക്. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുമ്പോൾ ഈ സ്കോളർഷിപ്പ് ലഭിക്കും.

**അപേക്ഷിക്കേണ്ടത്:** കുട്ടികൾ പഠിക്കുന്ന സ്കൂളിന്റെ മേധാവിക്ക്

**സമയപരിധി:** ഉണ്ട്

**പ്രത്യേക ഫോം:** ഉണ്ട്

**നടപ്പിലാക്കുന്ന ഓഫീസ്:** പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം

www.pareekshabhavan.gov.in

## 15.5 അപ്പർ സെക്കന്ററി സ്കോളർഷിപ്പ് (യു.എസ്.എസ്)

**ആനുകൂല്യം:** പ്രതിവർഷം 300 രൂപ

**അർഹത:** സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏഴാംക്ലാസ് വാർഷികപരീക്ഷയിൽ എല്ലാ വിഷയത്തിനും എ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്കായി പരീക്ഷാക്കമ്മിഷണർ നടത്തുന്ന മത്സരപ്പരീക്ഷയിൽ വിജയിക്കുന്നവർക്ക്. എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുമ്പോൾ ഈ സ്കോളർഷിപ്പ് ലഭിക്കും.

**അപേക്ഷിക്കേണ്ടത്:** പ്രഥമാദ്ധ്യാപകർ മുഖേന പരീക്ഷാ കമ്മീഷണർക്ക്

**സമയപരിധി:** ഉണ്ട്

**പ്രത്യേക ഫോം:** ഉണ്ട്

**നടപ്പിലാക്കുന്ന ഓഫീസ്:** പരീക്ഷാക്കമ്മിഷണർ

## 15.6 നാഷണൽ സ്കോളർഷിപ്പ്

**ആനുകൂല്യം:** ജനറൽ — 300 രൂപ, ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് — 1000 രൂപ, ട്യൂഷൻ ഫീസ് കൊടുത്തു പഠിക്കുന്ന കുട്ടികൾക്ക് — 400 രൂപ.

**അർഹത:** ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പ് ലഭിക്കുന്നു. അപ്പർ സെക്കൻഡറി സ്കോളർഷിപ്പിനായി (യു.എസ്.എസ്) പരീക്ഷാക്കമ്മിഷണർ നടത്തുന്ന പരീക്ഷയുടെ റിസൾട്ടിൽനിന്നാണ് നാഷണൽ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

സംസ്ഥാനത്തെ സ്കൂളുകളെ ബ്ലോക്കടിസ്ഥാനത്തിൽ തരം തിരിച്ച് ഓരോ ബ്ലോക്കിലും ജനറൽ — 4, ഭൂരഹിതർ — 2, പട്ടികവർഗ്ഗം — 2 , പട്ടികജാതി — 2 എന്ന ക്രമത്തിൽ കുട്ടികൾക്ക് വാർഷിക സ്കോളർഷിപ്പ് നൽകുന്നു. യു.എസ്.എസ്. സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടികൾക്ക് നാഷണൽ സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.

**അപേക്ഷിക്കേണ്ടത്:** സ്കൂളുകൾ വഴി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക്

**സമയപരിധി:** ഉണ്ട്

**പ്രത്യേക ഫോം:** ഉണ്ട്

**നടപ്പിലാക്കുന്ന ഓഫീസ്:** പൊതുവിദ്യാഭ്യാസ ഡയറക്ടർ

## 15.7 സൈനികസ്കൂൾ സ്കോളർഷിപ്പ്

**ആനുകൂല്യം:** പ്രതിവർഷം 21000 രൂപ. കൂടാതെ ദിവസം 50 രൂപ നിരക്കിൽ ഭക്ഷണച്ചെലവ് അനുവദിക്കാറുണ്ട്.

**അർഹത:** രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി സ്കൂൾ, കഴക്കൂട്ടം സൈനിക് സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികൾക്കു ലഭിക്കും. കഴക്കൂട്ടം സൈനിക് സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാൻ വാർഷിക വരുമാന പരിധിയില്ല. ആറു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്.

**അപേക്ഷിക്കേണ്ടത്:** ഡി.പി.ഐ യ്ക്ക്

**വിലാസം:** പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം

**അപേക്ഷിക്കേണ്ട സമയം:** അക്കാദമിക് വർഷത്തിന്റെ ആരംഭം

**നടപ്പിലാക്കുന്ന ഓഫീസ്:** പൊതുവിദ്യാഭ്യാസ ഡയറക്ടർ

## 15.8 ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ്

**ആനുകൂല്യം:** പ്രതിവർഷം 1000 രൂപ

**അർഹത:** ഒരു ലക്ഷത്തിൽത്താഴെ വരുമാനമുള്ള മുസ്ലിം/ക്രിസ്ത്യൻ തുടങ്ങിയ ന്യൂനപക്ഷവിഭാഗം കുട്ടികൾക്ക്. കുട്ടികൾക്ക് ആധാർ രേഖ ഉണ്ടായിരിക്കണം.

**അപേക്ഷിക്കേണ്ടത്:** നാഷണൽ സ്കോളർഷിപ്പ് പോർട്ടലായ www.scholarships.gov.in വഴി ഓൺലൈനായി

**സമയപരിധി:** കേന്ദ്രസർക്കാർ വിജ്ഞാപനത്തിനു വിധേയം

**നടപ്പാക്കുന്നത്:** കേന്ദ്ര ന്യൂനപക്ഷമന്ത്രാലയം

## 15.9 ഇൻസെന്റീവ് റ്റു ഗേൾസ് ഫോർ സെക്കൻഡറി എജ്യൂക്കേഷൻ

**ആനുകൂല്യം:** 3000 + ബാങ്ക് പലിശ

**അർഹത:** എട്ടാം ക്ലാസ്സ് പാസായി ഒൻപതാം ക്ലാസിൽ പഠിക്കുന്ന എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട എല്ലാ പെൺകുട്ടികൾക്കും അപേക്ഷിക്കാം. അർഹരായ കുട്ടികൾ പത്താംക്ലാസ്സ് ജയിക്കുകയും 18 വയസ്സ് പൂർത്തിയാകുകയും ചെയ്യുമ്പോൾ നിക്ഷേപത്തുക പലിശസഹിതം ലഭിക്കും. പ്രൈവറ്റ്/അൺ എയ്ഡഡ്, കേന്ദ്രസർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥിനികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. കുട്ടികൾക്ക് ആധാർ രേഖ ഉണ്ടായിരിക്കണം.

**അപേക്ഷിക്കേണ്ട വിധം:** സ്കൂൾ മേധാവി വഴി. സ്കൂൾമേധാവിവഴി കുട്ടികളെ തിരഞ്ഞെടുക്കുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകുന്ന കുട്ടികളുടെ വിവരങ്ങൾ പൊതുവിദ്യാഭ്യാസഡയറക്ടർ മുഖാന്തരം കേന്ദ്രസർക്കാരിനു സമർപ്പിക്കുന്നു.

**സമയപരിധി:** കേന്ദ്ര സർക്കാർ വിജ്ഞാപനത്തിന് വിധേയം

**ഫോം:** ഓൺലൈൻ അപേക്ഷ

**നടപ്പാക്കുന്നത്:** കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം

## 15.10 നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്

**ആനുകൂല്യം:** പ്രതിവർഷം 6000 രൂപ (ആകെ 6000 × 4 = 24000)

**അർഹത:** എട്ടാം ക്ലാസ്സ് വാർഷികപരീക്ഷയിൽ 55% മാർക്ക് ലഭിക്കുന്ന കുട്ടികൾക്കു വേണ്ടി എസ്.സി.ഇ.ആർ.ടി നടത്തുന്ന മത്സരപ്പരീക്ഷയിൽ ഉന്നതറാങ്ക് കരസ്ഥമാക്കുന്ന 3473 കുട്ടികൾക്കാണ് ഈ സ്കോളർഷിപ്പ് ലഭിക്കുന്നത്. കുട്ടിയുടെ രക്ഷിതാവിന്റെ വാർഷിക വരുമാനം 1.5 ലക്ഷത്തിൽ കുറവ് ആയിരിക്കണം.

**അപേക്ഷിക്കേണ്ട വിധം:** മതിയായ രേഖകൾ സഹിതമുള്ള വിദ്യാർത്ഥികളുടെ അപേക്ഷ ഹെഡ്മാസ്റ്റർ വഴി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക്. അത് ഐ.ടി@സ്കൂൾ സൈറ്റുവഴി പൊതുവിദ്യാഭ്യാസഡയറക്ടറേറ്റിൽ എത്തിക്കുകയും പൊതുവിദ്യാഭ്യാസഡയറക്ടർ കേന്ദ്ര ഗവണ്മെന്റിൽ നൽകുകയും ചെയ്യും. അപേക്ഷകരായ കുട്ടികൾക്ക് ആധാർരേഖ ഉണ്ടായിരിക്കണം.

**സമയപരിധി:** കേന്ദ്രസർക്കാർ വിജ്ഞാപനത്തിന് വിധേയം

**അപേക്ഷാഫോം:** ഐ.ടി@സ്കൂളിന്റെയും വിദ്യാഭ്യാസവകുപ്പിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കും.

**നടപ്പാക്കുന്നത്:** കേന്ദ്രമാനവവിഭവശേഷിവകുപ്പ്

## 15.11 സ്കീം ഫോർ പ്രൊവൈഡിങ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ

**ആനുകൂല്യം:** ഫുൾടൈം ഗ്രാഡുവേറ്റ് ടീച്ചർക്കു പ്രതിമാസം 6000 രൂപ 12 മാസത്തേക്ക്, പോസ്റ്റ് ഗ്രാഡുവേറ്റ് ബി.എഡ് ടീച്ചർക്ക് പ്രതിമാസം 12000 രൂപ 12 മാസത്തേക്ക്, മദ്രസ നവീകരണത്തിന് 50,000 രൂപ, സയൻസ്/ഗണിതം കിറ്റ് — 15,000 രൂപ, കമ്പ്യൂട്ടർ ലാബ് — 1,00,000 രൂപ, സയൻസ്, കണക്ക്, സോഷ്യൽ സ്റ്റഡീസ് ഭാഷകൾ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഫുൾടൈം ഗ്രാജുവേറ്റ് ടീച്ചർക്ക് പ്രതിമാസം 6000 രൂപ നിരക്കിൽ 12 മാസത്തേയ്ക്ക്, ബി.എഡ് ഡിഗ്രിയുള്ള പോസ്റ്റ് ഗ്രാജുവേറ്റ് ടീച്ചർക്ക് പ്രതിമാസം 12000 രൂപവച്ച് 12 മാസത്തേക്ക്.

**അർഹത:** ഒരു മദ്രസ്സയിൽ പരമാവധി മൂന്ന് അധ്യാപകർക്ക് മാത്രം ധന സഹായത്തിന് അർഹത

**അപേക്ഷിക്കേണ്ടത്:** സ്ഥാപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾവഴി പൊതുവിദ്യാഭ്യാസഡയറക്ടർക്ക്

**സമയപരിധി:** ഉണ്ട്

**അപേക്ഷാഫോം:** ഉണ്ട്

**നടപ്പാക്കുന്ന ഓഫീസ്:** പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

**സെക്ഷൻ :** എൻ.ഇ.പി

## 15.12 ഉച്ചഭക്ഷണ പരിപാടിയും പാൽ, മുട്ട വിതരണവും

**ആനുകൂല്യം:** സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകിവരുന്നു.

**മാനദണ്ഡം:** പ്രീ-പ്രൈമറി മുതൽ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി 100 ഗ്രാം അരിയും 8-ാം ക്ലാസിലെ കുട്ടികൾക്ക് 150 ഗ്രാം അരിയും വിതരണം ചെയ്യുന്നു. 150 കുട്ടികൾവരെയുള്ള സ്കൂളുകൾക്ക് ഒരുകുട്ടിക്ക് 8 രൂപ നിരക്കിലും 150 മുതൽ 500 കുട്ടികൾവരെയുള്ള സ്കൂളുകളിലെ കുട്ടികൾക്ക് 7 രൂപ നിരക്കിലും 500 നു മുകളിൽവരുന്ന ഓരോ കുട്ടിക്കും പ്രതിദിനം 6 രൂപ നിരക്കിലും ഭക്ഷണ ചെലവ് അനുവദിക്കാറുണ്ട്.

**അപേക്ഷിക്കേണ്ടത്:** സ്കൂളധികാരികൾ മുഖേന പൊതുവിദ്യാഭ്യാസഡയറക്ടറേറ്റിലേക്ക്

**സമയപരിധി:** ഇല്ല

**ഫോം:** ഇല്ല

**നടപ്പാക്കുന്നത്:** കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭം

## 15.13 കലകളിൽ ശോഭിക്കുന്ന കുട്ടികൾക്കുള്ള ധനസഹായപദ്ധതി

**ആനുകൂല്യം:** പരമാവധി 10,000/- രൂപ

**മാനദണ്ഡം:** നൃത്തയിനങ്ങളിൽ മികവുള്ള നിർദ്ധനരായ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് യുവജനോത്സവമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് അവസരമുണ്ടാക്കിക്കൊടുക്കുക

**അപേക്ഷിക്കേണ്ടത്:** സ്കൂളധികാരികൾവഴി അതതു വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് (ഡി.ഡി.ഇ.)

**സമയപരിധി:** ഉണ്ട്

**ഫോം:** ഇല്ല

## 15.14 സംസ്കൃത സ്കോളർഷിപ്പ്

**ആനുകൂല്യം:** യു.പി വിഭാഗം — 300 രൂപ, ഹൈസ്കൂൾ വിഭാഗം — 500, ഓറിയന്റൽ സ്കൂളിലെ കുട്ടികൾക്കു യു.പി വിഭാഗം 250 രൂപ, ഹൈസ്കൂൾ വിഭാഗം — 300 രൂപ

**അർഹത:** ഓരോ അദ്ധ്യയനവർഷവും അക്കാഡമിക് സ്കൂളുകളിൽ സംസ്കൃതം പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ജനുവരിമാസം നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങുന്നവരിൽ യു.പി വിഭാഗത്തിൽ ഓരോ ക്ലാസ്സിൽനിന്നും 10 പേരെയും ഹൈസ്കൂൾ വിഭാഗത്തിൽ ഓരോ ക്ലാസ്സിൽനിന്നും 20 പേരെയും തെരഞ്ഞെടുക്കുന്നു. ഓറിയന്റൽ സ്കൂളുകളിൽ സംസ്കൃതം പഠിക്കുന്ന കുട്ടികൾക്ക് ഓരോ ക്ലാസ്സിൽനിന്നും 6 കുട്ടികൾക്കുവീതം സ്കോളർഷിപ്പ് നൽകുന്നു.

**നടപടിക്രമം:** ഉപജില്ലാ/വിദ്യാഭ്യാസജില്ലാ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുന്നു. മുൻവർഷത്തെ പരീക്ഷയുടെ മാർക്ക് അടിസ്ഥാനമാക്കിയാണ് സ്കോളർഷിപ്പ് നൽകുന്നത്.

**അപേക്ഷിക്കേണ്ട വിലാസം:** സ്പെഷ്യൽ ഓഫീസർ, സംസ്കൃതം, ഡി.പി.ഐ ഓഫീസ്, ജഗതി.പി.ഒ, തിരുവനന്ത പുരം -14

**സമയപരിധി:** ഉണ്ട്

**ഫോം:** ഉണ്ട്

**നടപ്പാക്കുന്നത്:** പൊതുവിദ്യാഭ്യാസ ഡയറക്ടർ

## 15.15 സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

**ആനുകൂല്യം:** ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 400 രൂപവീതം യൂണിഫോം അലവൻസ്. 2017-18 വർഷത്തിൽ ഒന്നുമുതൽ നാലുവരെയും ഒന്നുമുതൽ അഞ്ചുവരെയും മാത്രമുള്ള സർക്കാർസ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ കൈത്തറി യൂണിഫോം. ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ എയ്ഡഡ് സ്കൂൾ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ എ.പി.എൽ ആൺകുട്ടികൾക്കും യൂണിഫോം നൽകുന്നത് പൂർണ്ണമായും സംസ്ഥാനഫണ്ട് ഉപോയോഗിച്ചാണ്.

**അപേക്ഷിക്കേണ്ട വിധം:** അപേക്ഷിക്കേണ്ടതില്ല

**നടപടിക്രമം:** അലോട്ട്മെന്റ് ഡി.ഡി.ഇ.മാർക്കു നൽകുന്നു. അവർ എ.ഇ.ഒ.മാർവഴി സ്കൂളുകൾക്കു നൽകുന്നു.

**ചുമതലയുള്ള സെക്ഷൻ :** എസ്.പി & ടി

## 15.16 1–8 ക്ലാസ്സുകളിലെ പ്രത്യേകപരിഗണന വേണ്ട കുട്ടികൾക്കുള്ള സാമ്പത്തികസഹായം

**അർഹത:** 40ശതമാനമോ അതിനു മുകളിലുള്ള വൈകല്യം, ശ്രവണ വൈകല്യം, കാഴ്ച വൈകല്യം, ഓട്ടിസം. അസ്ഥിസംബന്ധമായ വൈകല്യം ഉള്ള കുട്ടികൾക്കും അപേക്ഷിക്കാം.

**അപേക്ഷിക്കേണ്ട വിധം:** സ്കൂൾ പ്രധാനാദ്ധ്യാപകർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് മുഖേന ഡി.പി.ഐ ഓഫീസിൽ സമർപ്പിക്കണം

**അപേക്ഷിക്കേണ്ട വിലാസം:** പൊതുവിദ്യാഭ്യാസ ഡയറക്ടർ ഡി.പി.ഐ ഓഫീസ്

**അവസാന തീയതി:** മാർച്ച് 31

**വേണ്ട വിവരങ്ങൾ:** കുട്ടികളുടെ പേര്, ആധാർ നമ്പർ, യു-ഡൈസ് കോഡ്, വൈകല്യത്തിന്റെ സ്വഭാവം, വൈകല്യത്തിന്റെ ശതമാനം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി അപേക്ഷിക്കണം

**നടപ്പാക്കുന്നത്:** ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ വഴി

**സെക്ഷൻ :** ഐ.ഇ.ഡി

## 15.17 ഇൻസ്പെയർ അവാർഡ്

**ആനുകൂല്യം:** തെരെഞ്ഞെടുക്കുന്ന കുട്ടികൾക്ക് 5000 രൂപ നൽകുന്നു.

**ഉദ്ദേശ്യം:** ഓരോ വർഷവും രണ്ടുലക്ഷം ശാസ്ത്രപ്രതിഭകളെ ദേശീയതലത്തിൽ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക

**നടപടിക്രമം:** ആദ്യഘട്ടത്തിൽ ഓരോ സ്കൂളിലെയും ശാസ്ത്രവിഷയങ്ങളിൽ താൽപര്യമുള്ള രണ്ടുകുട്ടികളെവീതം നേരിട്ടു തെരെഞ്ഞെടുക്കുന്നു. ഇവരെ പങ്കെടുപ്പിച്ചു ജില്ലാ-സംസ്ഥാന ശാസ്ത്രമേളകൾ സംഘടിപ്പിക്കുകയും ജില്ലാവിജയികളെ സംസ്ഥാനതലമത്സരത്തിലും സംസ്ഥാനതലവിജയികളെ ദേശീയതലത്തിൽ നടക്കുന്ന ശാസ്ത്രമേളയിലും പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ജില്ലാ-സംസ്ഥാനതല മത്സരങ്ങളിലെ വിജയികളുടെ പട്ടിക വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസഡയറക്ടർക്ക് നൽകുന്നു.

**സമയപരിധി:** കേന്ദ്രസർക്കാർ വിജ്ഞാപനത്തിനു വിധേയം

**അപേക്ഷാഫോം:** ഇല്ല

**നടപ്പാക്കുന്നത്:** കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്

## 15.18 ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം

**ഉദ്ദേശ്യം:** കുട്ടികളുടെ നൈസർഗിക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുള്ള മികച്ച പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

**നടപടിക്രമം:** നൈസർഗിക കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന സ്ക്രീനിംങ് ടെസ്റ്റിൽ ലഭിക്കുന്ന മാർക്കിന്റെയും യു. എസ്. എസ്. പരീക്ഷയ്ക്കു ലഭിക്കുന്ന മാർക്കിന്റെയും അടിസ്ഥാനത്തിൽ പ്രഗത്ഭരായ കുട്ടികളെ തെരഞ്ഞെടുക്കുന്നു. ഓരോ വിദ്യാഭ്യാസജില്ലയിൽനിന്നും 20 കുട്ടികളെ വീതം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. പ്രത്യേകം നിയമിച്ചിട്ടുള്ള ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് ചുമതല.

**അപേക്ഷിക്കേണ്ട വിധം:** ജില്ലാ കോ-ഓർഡിനേറ്റർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക്

**സമയപരിധി:** അദ്ധ്യയന വർഷത്തിന്റെ ആരംഭം

## 15.19 സംസ്ഥാന സ്കൂൾ കലോത്സവം

**ആനുകൂല്യം:** സംസ്ഥാന കലോൽസവത്തിൽ വിജയികളായ കുട്ടികൾക്ക് ഒന്നാം സ്ഥാനം — 2000 രൂപ. രണ്ടാം സ്ഥാനം — 1600 രൂപ. മൂന്നാം സ്ഥാനം — 1200 രൂപ. കൂടാതെ ഗ്രേസ് മാർക്കും നൽകുന്നു.

**യോഗ്യത:** ജില്ലാ സ്കൂൾ കലോത്സവത്തിൽ വിജയികളാകുന്ന കുട്ടികൾക്ക് സംസ്ഥാന സ്കൂൾ കലോൽസവത്തിൽ പങ്കെടുക്കാം.

**നടപ്പാക്കുന്നത്:** ഉപജില്ലാ വിദ്യാഭ്യാസ ആഫീസ്, ജില്ലാ വിദ്യാഭ്യാസ ആഫീസ്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആഫീസ് വഴി.

**ചുമതലയുള്ള സെക്ഷൻ :** വൈ

## 15.20 സോണൽ ഗയിംസ്

**പദ്ധതി:** ദേശീയ ഗയിംസിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നു. 14 ജില്ലകളെയും രണ്ട് സോണുകളായി തിരിച്ച് 13 ഇനങ്ങളിലായി സോണൽ ഗയിംസ് മത്സരങ്ങളിൽ നടത്തുന്നു. ഈ സോണൽ മൽസരങ്ങളിൽനിന്നാണ് ദേശീയഗെയിംസ് മത്സരത്തിൽ പങ്കെടുക്കുന്ന താരങ്ങളെ കണ്ടെത്തുന്നത്. സംസ്ഥാന സ്കൂൾ ഗെയിംസ് ചാമ്പ്യൻ ഷിപ്പിലേയ്ക്കുള്ള യോഗ്യത നേടുന്നതും പ്രസ്തുത സോണൽ മത്സരത്തിൽ നിന്നാണ്.

**അപേക്ഷിക്കേണ്ട വിലാസം:** പൊതുവിദ്യാഭ്യാസഡയറക്ടറേറ്റ് (സ്പോർട്സ് ഓർഗനൈസർ)

**നടപ്പാക്കുന്നത്:** പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ചുമതലയുള്ള സെക്ഷൻ :** സ്പോട്സ്

## 15.21 സംസ്ഥാന സ്കൂൾ ഗയിംസ് ചാമ്പ്യൻഷിപ്പ്

**ആനുകൂല്യം:** വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 325, 250, 125 രൂപ ക്രമത്തിൽ സമ്മാനത്തുക നൽകുന്നു.

**നടപടിക്രമം:** സോണൽ മത്സരത്തിലെ രണ്ട് സോണിൽ നിന്നും ഒരുനത്തിൽ 6 ജില്ലകൾ മാത്രമേ സംസ്ഥാന സ്കൂൾ ഗയിംസിൽ പങ്കെടുക്കുകയുള്ളൂ.

**അപേക്ഷിക്കേണ്ട വിലാസം:** പൊതുവിദ്യാ ഭ്യാസ ഡയറക്ടറേറ്റ് (സ്പോർട്സ് ഓർഗനൈസർ)

**നടപ്പാക്കുന്നത്:** പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ചുമതലയുള്ള സെക്ഷൻ :** സ്പോട്സ്

## 15.22 സംസ്ഥാന സ്കൂൾ അക്വാട്ടിക് ചാമ്പ്യൻഷിപ്പ്

**ആനുകൂല്യം:** വിജയികളായ 1, 2, 3 സ്ഥാനക്കാർക്ക് യഥാക്രമം 750, 625, 500 രൂപ സമ്മാനം നൽകുന്നു.

**നടപടിക്രമം:** സബ്ജില്ല, റവന്യൂ ജില്ലാതലങ്ങൾ കഴിഞ്ഞ് വിജയികളാകുന്ന കുട്ടികളെയാണ് സംസ്ഥാനതലമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നത്. ദേശീയ അക്വാട്ടിക് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളെ തെരെഞ്ഞെടുക്കുന്നതും ഈ ചാമ്പ്യൻഷിപ്പിൽ നിന്നാണ്.

**അപേക്ഷിക്കേണ്ട വിലാസം:** പൊതുവിദ്യാ ഭ്യാസ ഡയറക്ടറേറ്റ് (സ്പോർട്സ് ഓർഗനൈസർ)

**ചുമതല:** പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ചുമതലയുള്ള സെക്ഷൻ :** സ്പോട്സ്

## 15.23 ദേശീയ മൽസരങ്ങൾ

**ആനുകൂല്യം:** വിജയികളായ 1,2,3 സ്ഥാനക്കാർക്ക് യഥാക്രമം 25,000, 15,000, 10,000 രൂപ.

**നടപടിക്രമം:** എസ്.ജി.എഫ്.ഐ നടത്തുന്ന ദേശീയ മൽസരങ്ങളിലെ വിജയകൾക്ക് ഒന്നും രണ്ടും മൂന്നും സമ്മാനം നൽശുന്നു. കൂടാതെ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്കും നൽകുന്നു.

**ചുമതലയുള്ള സെക്ഷൻ :** സ്പോട്സ്

## 15.24 ദേശീയ അദ്ധ്യാപകക്ഷേമഫൗണ്ടേഷൻ

**സെക്ഷൻ :** എൻ.എഫ്.ടി.ഡബ്ല്യൂ.

## 15.25 പൊതുസഹായപദ്ധതി

**ആനുകൂല്യം:** ഈ പദ്ധതി പ്രകാരം അധ്യാപകർക്കും അവരുടെ ആശ്രിതർക്കും രോഗചികിത്സ, കുട്ടികളുടെ പഠനം, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്കായി 15000 രൂപ ധനസഹായം നൽകുന്നു.

## 15.26 പ്രത്യേക ധനസഹായപദ്ധതി

**ആനുകൂല്യം:** 10,000 രൂപ, 20,000 രൂപ ചികിത്സാധനസഹായം

ഈ പദ്ധതിപ്രകാരം ഹൃദയസംബന്ധമായ പ്രശ്നങ്ങൾ, ക്യാൻസർ, കിഡ്നി, ന്യൂറോ മുതലായ അസുഖങ്ങൾക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റുള്ള അദ്ധ്യാപകർക്കും ഇല്ലാത്ത അദ്ധ്യാപകർക്കും ധനസഹായം നൽകിവരുന്നു.

## 15.27 സ്കോളർഷിപ്പ്

**ആനുകൂല്യം:** ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 15,000 രൂപ; പാരാമെഡിക്കൽസ് വിദ്യാർത്ഥികൾക്ക് 5,000 രൂപ

**അർഹത:** അദ്ധ്യാപകരുടെ മക്കളിൽ പ്രൊഫഷണൽ കോഴ്സുകൾക്കും പാരാമെഡിക്കൽ കോഴ്സുകൾക്കും പഠിക്കുന്നവർക്ക് ധനസഹായം.

## 15.28 ഹെർമിറ്റേജ്

നിരാലംബരും അനാഥരുമായ അദ്ധ്യാപകർക്കുവേണ്ടി തിരുവനന്തപുരത്ത് പേട്ടയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഹെർമിറ്റേജ്. വിവിധ മേഖലകളിൽനിന്നായി ഇപ്പോൾ 47 അന്തേവാസികൾ ഹെർമിറ്റേജിൽ കഴിയുന്നു.

## 15.29 പൊതുവിദ്യാഭ്യാസവകുപ്പ്: ഫോൺ നമ്പരുകൾ

1. തിരുവനന്തപുരം 0471-2472302, 2472732, 9446176908
2. കൊല്ലം 0474-2792957
3. പത്തനംതിട്ട 0473-2600181
4. ആലപ്പുഴ 0477-2252908
5. കോട്ടയം 0481-25803095
6. ഇടുക്കി 0486-2222996
7. എറണാകുളം 0484-2422210, 2422227
8. തൃശ്ശൂർ 0487-2360810
9. പാലക്കാട് 0491- 2527469
10. മലപ്പുറം 0493-2734888

11. കോഴിക്കോട് 0495-2724059
12. വയനാട് 04936-202593
13. കണ്ണൂർ 0497-2705149
14. കാസറഗോഡ് 04994-255033

## 15.30 ഡി.ഇ.ഒ ഓഫീസുകളുടെ ഫോൺ നമ്പർ

1. നെയ്യാറ്റിൻകര 0417-2222381
2. തിരുവനന്തപുരം 0471-2476297
3. ആറ്റിങ്ങൽ 0470- 2622413
4. കൊല്ലം 0474-2454763
5. കൊട്ടാരക്കര 0475-2224700
6. പുനലൂർ 0468-2222229
7. പത്തനംതിട്ട 0469-2601349
8. തിരുവല്ലം 0469-2601349
9. ആലപ്പുഴ 0477-2251467
10. മാവേലിക്കര 0479-2302206
11. ചേർത്തല 0478-2813939
12. കുട്ടനാട് 0477-2704069
13. കോട്ടയം 0481-2566750
14. ചാല 0482-2212351
15. കടുത്തുരുത്തി 04829-283511
16. കാഞ്ഞിരപ്പള്ളി 0482-8221357
17. തൊടുപുഴ 0486-2222863
18. കട്ടപ്പന 0486-8272439
19. മുവാറ്റുപുഴ 0485-2822346
20. കോതമംഗലം 0485-2862786
21. എറണാകുളം 0484-2360983
22. ആലുവ 0484-2624382
23. ഇരിങ്ങാലക്കുട 0480-2825247
24. തൃശ്ശൂർ 0487-2331263

25. ചാവക്കാട് 0487-2507343
26. ഒറ്റപ്പാലം 0466-2244327
27. പാലക്കാട് 0491-2555801
28. തിരൂർ 0494-2422302
29. മലപ്പുറം 0483-2734826
30. വണ്ടൂർ 04931-245360
31. കോഴിക്കോട് 0495-2722238
32. വടകര 0496-2522398
33. താമരശ്ശേരി 0495-3098923
34. വയനാട് 04936-202264
35. തലശ്ശേരി 0490-2320182
36. കണ്ണൂർ 0497-2700167
37. കാസർഗോഡ് 0499-4230053
38. കാഞ്ഞങ്ങാട് 0467-2206233

## 15.31 അനുബന്ധ ഓഫീസുകളുടെ വിലാസങ്ങളും ഫോൺ നമ്പരുകളും

ഡയറക്ടർ
എസ്.ഇ.ആർ.ടി. (വിദ്യാഭവൻ)
പൂജപ്പുര. പി.ഒ
തിരുവനന്തപുരം — 695012
ഫോൺ: 0471- 2341883, 2340323
www.scert.kerala.gov.in

കമ്മിഷണർ
പരീക്ഷാഭവൻ
തിരുവനന്തപുരം — 695012
ഫോൺ: 0471-2546800, 2546827
www.keralapareekshabhavan.in

എക്സിക്യൂട്ടീവ് ഡയറക്ടർ
ഐ.ടി@സ്കൂൾ
പൂജപ്പുര, തിരുവനന്തപുരം- 6950
ഫോൺ: 0471-2529800
www.itschool.gov.in

ഡയറക്ടർ
SIEMAT
സെൻട്രൽ ഹൈസ്കൂൾ കാമ്പസ്
അട്ടക്കുളങ്ങര, തിരുവനന്തപുരം — 695036
ഫോൺ: 0471-2460343
www.education.kerala.gov.in

ഡയറക്ടർ
SIET
പത്മാഭായി റോഡ്
വെള്ളയമ്പലം, തിരുവനന്തപുരം — 694010
ഫോൺ : 0471-2315076, 2316671
www.sietkeral.nic.in

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
സ്റ്റേറ്റ് പ്രോജക്ട് ഓഫീസ്
രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ,
7-ാം നില, ട്രാൻസ് ടവർ
വഴുതയ്ക്കാട്, തിരുവനന്തപുരം — 695002
ഫോൺ : 0471-2331388

കേരള മഹിളാ സംഖ്യാ സൊസൈറ്റി
ടി.സി.20/1652, കല്പന, കുഞ്ചാലും മൂട്, കരമന.പി.ഒ
തിരുവനന്തപുരം — 695002
ഫോൺ : 0471-2913212, 2348666

വിക്ടേഴ്സ് എഡ്യൂക്കേഷണൽ ചാനൽ
ഐ.സി.ടി എനേബിൾസ് റിസോഴ്സ് ഫോർ ചിൽഡ്രൻ
ഐ.ടി@സ്കൂൾ,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ : 0471-2629809

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റ്,
സർവ്വ ശിക്ഷ അഭിയാൻ
നന്ദാവനം, തിരുവനന്തപുരം

# — 16 —

# പ്രവാസീകാര്യവകുപ്പ് (നോർക്ക – NORKA)

## 16.1 സാന്ത്വന പദ്ധതി

**ലഭിക്കുന്ന സഹായം/സേവനം:**

ചികിത്സാധനസഹായം — പരമാവധി 50,000 രൂപ

മരണാനന്തരധനസഹായം — പരമാവധി 1,00,000 രൂപ

വിവാഹധനസഹായം — പരമാവധി 15,000 രൂപ

വീൽ ചെയർ, ക്രച്ചസ്സ് എന്നിവ വാങ്ങാനുള്ള ധനസഹായം — പരമാവധി 10,000 രൂപ.

**അർഹതാമാനദണ്ഡം:** അപേക്ഷകരുടെ വാർഷികകുടുംബവരുമാനം 100,000 രൂപയിൽ അധികമാകരുത്. കുറഞ്ഞത് രണ്ടുവർഷം വിദേശത്തോ കേരളത്തിനു പുറത്തോ ജോലി ചെയ്തിരിക്കണം. തിരിച്ചെത്തിയതിനോ മരണത്തിനോ ശേഷമുള്ള കാലയളവ്, വിദേശത്തു ജോലിചെയ്ത കാലയളവോ പത്തുവർഷമോ ഏതാണോ കുറവ് അതിൽ കവിയരുത്. അപേക്ഷിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും ജോലി ഉണ്ടായിരിക്കരുത്.

**അപേക്ഷിക്കേണ്ട വിധം:** സാന്ത്വനപദ്ധതി പ്രകാരമുള്ള അപേക്ഷാഫോം പൂരിപ്പിച്ച്, ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ സഹിതം കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന നേർക്ക-റൂട്ട്സ് സെല്ലുകളിലോ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം റീജണൽ ഓഫീസുകളിലോ നൽകണം.

**അപേക്ഷിക്കേണ്ട വിലാസം:** ജില്ലാ സെല്ലുകൾ, റീജണൽ ഓഫീസുകൾ

**സമയപരിധി:** വിദേശത്തു ജോലിചെയ്ത കാലയളവോ പത്തുവർഷമോ ഏതാണോ കുറവ് അതിൽ കവിയരുത്

**അപേക്ഷാഫോം:** പ്രത്യേക ഫോം ഉണ്ട്. www.norkaroots.net എന്ന വെബ്സൈറ്റിലും ജില്ലാസെല്ലുകളിലും റീജിണൽ ഓഫീസുകളിലും ലഭിക്കും.

## 16.2 കാരുണ്യം പദ്ധതി

**ലഭിക്കുന്ന സഹായം/സേവനം:** പ്രവാസികളായ (വിദേശത്തോ കേരളത്തിനു പുറത്തോ ഉള്ള) കേരളീയരുടെ മൃതശരീരം സ്വദേശത്തു കൊണ്ടുവരാനുള്ള പ്രത്യേക സഹായപദ്ധതി.

പ്രവാസിയായ കേരളീയന്റെ മൃതദേഹം വിമാനത്തിലോ ട്രെയിനിലോ മറ്റേതെങ്കിലും വാഹനത്തിലോ ഏറ്റവും ചെലവുകുറഞ്ഞരീതിയിൽ സ്വദേശത്തെത്തിക്കാൻ മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കു സാമ്പത്തികസഹായം നല്കുന്നു. മരണമടഞ്ഞ പ്രവാസിക്കോ ബന്ധുക്കൾക്കോ മറ്റൊരു ധനാഗമമാർഗവുമില്ലാത്ത അസാധാരണസന്ദർഭങ്ങളിൽ മാത്രമേ ഈ സഹായം നൽകൂ. ചെലവായ തുക പിന്നീട് അനുവദിക്കുകയാണ് ചെയ്യുന്നത്.

**അർഹതാമാനദണ്ഡം:** മരിച്ചയാൾ വിദേശത്തോ ഇതരസംസ്ഥാനത്തോ രണ്ടുവർഷമെങ്കിലും താമസിച്ചിട്ടുള്ള ആളാവണം. വിദേശത്തു മരിക്കുന്ന പ്രവാസിക്കു സാധുതയുള്ള ഇന്ത്യൻ പാസ്പോർട്ട് ഉണ്ടായിരിക്കണം. മരണസമയത്ത് അവിടെ നിയമാനുസൃതം താമസിച്ചിരുന്ന/ജോലി ചെയ്തിരുന്ന ആളായിരിക്കണം.

ഇന്ത്യയിൽ ഇതരസംസ്ഥാനങ്ങളിൽ മരിക്കുന്ന കേരളീയർ തൊഴിലിനുവേണ്ടി/ജോലി സംബന്ധിച്ച ആവശ്യങ്ങൾക്ക് അന്യസംസ്ഥാനത്തു സഞ്ചരിക്കുകയോ താമസിക്കുകയോ ചെയ്തിരുന്ന ആളാവണം.

**അപേക്ഷിക്കേണ്ട വിധം:** അന്തരിച്ച പ്രവാസിയുടെ നിയമാനുസൃതമുള്ള അനന്തരാവകാശികൾ നിശ്ചിതഫോമിൽ അപേക്ഷ നൽകണം. www.norkaroots.net എന്ന വെബ്സൈറ്റിൽനിന്നു ഫോം ഡൗൺലോഡ് ചെയ്യാം. അപേക്ഷയിൽ അപേക്ഷിക്കുന്ന ആളുടെയും അന്തരിച്ച ആളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിക്കുകയും എല്ലാ രേഖകളുടെയും സ്വയംസാക്ഷ്യപ്പെടുത്തിയ വ്യക്തതയുള്ള പകർപ്പുകൾ ചേർക്കുകയും ചെയ്യണം. അധികൃതർ ആവശ്യപ്പെട്ടാൽ അപേക്ഷകർ പരിശോധനയ്ക്കായി അസ്സൽ രേഖകൾ ഹാജരാക്കണം.

**അപേക്ഷിക്കേണ്ട വിലാസം:** ജില്ലാസെല്ലുകൾ, റീജണൽ ഓഫീസുകൾ

**അപേക്ഷാഫോം:** നോർക്ക-റൂട്ട്സിന്റെ വെബ് സൈറ്റിലും ജില്ലാസെല്ലുകളിലും റീജിണൽ ഓഫീസുകളിലും ലഭ്യമാണ്.

## 16.3 ചെയർമാൻ ഫണ്ട്

സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20% ഉൾക്കൊള്ളിച്ച് രൂപീകരിച്ച സഞ്ചിത നിധി. അർഹതയുള്ള പ്രവാസികളായ കേരളീയർക്ക് ബോർഡിന്റെ അംഗീകാരത്തോടെ ഇതിൽനിന്നു ധനസഹായം നല്കുന്നു.

**അർഹത:** അപേക്ഷകർ വിദേശത്തോ ഇതരസംസ്ഥാനത്തോ രണ്ടുവർഷമെങ്കിലും താമസിച്ചിട്ടുള്ള ആളാവണം. വാർഷിക കുടുംബവരുമാനം 1,00,000 രൂപയിൽ കവിയരുത്. അപേക്ഷകന്റെ ആശ്രിതർക്കും ധനസഹായത്തിന് അപേക്ഷിക്കാം. അപേക്ഷകർ സാന്ത്വനംപദ്ധതി പ്രകാരം സഹായം ലഭിച്ചവർ ആകരുത്.

## 16.4 നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)

**ഉദ്ദേശ്യം:** തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കാൻ മാർഗ്ഗനിർദ്ദേശവും മൂലധനസബ്സിഡിയും നൽകുക.

തിരികെയെത്തിയ പ്രവാസികൾക്കു സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ അവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് വേണ്ട കൈത്താങ്ങ് നൽകുക.

തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി സുസ്ഥിരസംരംഭകമാതൃക വികസിപ്പിക്കുക.

**സവിശേഷതകൾ:** തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽസംരംഭങ്ങളിലൂടെ സുസ്ഥിരവരുമാനം.

തിരികെയെത്തിയ പ്രവാസികളുടെ സ്വയംതൊഴിൽസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ കേരളസർക്കാരിന്റെ സമഗ്രപദ്ധതി.

ഇരുപതുലക്ഷം രൂപവരെ മൂലധനച്ചെവു പ്രതീക്ഷിക്കുന്ന സ്വയംതൊഴിൽസംരംഭങ്ങൾക്കു 15% മൂലധനസബ്സിഡി (പരമാവധി മൂന്നുലക്ഷംരൂപ).

താൽപര്യമുള്ള സംരംഭങ്ങൾക്കുവേണ്ടി പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനക്കളരികൾ, ബോധവത്ക്കരണസെമിനാറുകൾ എന്നിവ നടത്തുന്നു.

**അർഹത:** രണ്ടുവർഷമെങ്കിലും വിദേശത്തു ജോലിചെയ്തു മടങ്ങിയെത്തിയ പ്രവാസികൾക്കും അത്തരം പ്രവാസികൾ ഒത്തുചേർന്ന് ആരംഭിക്കുന്ന സംഘങ്ങൾക്കും.

**മേഖലകൾ:** കാർഷികവ്യവസായം (മുട്ടക്കോഴി, ഇറച്ചിക്കോഴി വളർത്തൽ), മത്സ്യക്കൃഷി (ഉൾനാടൻ മത്സ്യക്കൃഷി, അലങ്കാരമത്സ്യക്കൃഷി), ക്ഷീരോല്പാദനം, ഭക്ഷ്യസംസ്കരണം, സംയോജിതകൃഷി, ഫാം ടൂറിസം, ആടുവളർത്തൽ, പച്ചക്കറിക്കൃഷി, പുഷ്പക്കൃഷി, തേനീച്ചവളർത്തൽ തുടങ്ങിയവ.

കച്ചവടം (പൊതുവ്യാപാരം — വാങ്ങുകയും വിൽക്കുകയും ചെയ്യൽ)

സേവനങ്ങൾ (റിപ്പേയർഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോം സ്റ്റേ തുടങ്ങിയവ)

**ഉത്പാദനം:** ചെറുകിട — ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറിയുല്പന്നങ്ങൾ, ഫർണിച്ചറും തടിവ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിങ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)

**ആനുകൂല്യം:** പരമാവധി ഇരുപതുലക്ഷം രൂപ അടങ്കൽ മൂലധനച്ചെലവു വരുന്ന പദ്ധതിയിൽ വായ്പത്തുകയുടെ 15 ശതമാനം 'ബാക്ക് എൻഡ്' സബ്സിഡിയും ഗഡുക്കൾ കൃത്യ

മായി തിരികെ അടയ്ക്കുന്നവർക്ക് ആദ്യ നാലുവർഷം മൂന്നുശതമാനം പലിശസബ്സിഡിയും ബാങ്കുവായ്പയിൽ ക്രമീകരിച്ചുനൽകും. ബാങ്കിന്റെ നിബന്ധനകൾക്കും ജാമ്യവ്യവസ്ഥകൾക്കും ബാങ്കുമായുള്ള നോർക്ക റൂട്ട്സിന്റെ ധാരണാപത്രത്തിലെ വ്യവസ്ഥകൾക്കും അനുസരിച്ചായിരിക്കും ലോൺ അനുവദിക്കുക. ലോൺതുകയുടെ മാസഗഡു കൃത്യമായി അടയ്ക്കുന്നവർക്കുമാത്രമേ പലിശയിളവു ലഭിക്കൂ. മാസഗഡു മുടക്കംവരുത്തുന്നവർ ബാങ്കുവ്യവസ്ഥകൾക്കു വിധേയമായി മാസഗഡു അടച്ചുതീർത്താലേ മേല്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കൂ. മാസഗഡു അടയ്ക്കാത്തപക്ഷം ഇത് നിഷ്ക്രിയാസ്തിയായി മാറുകയും ബാങ്കിന്റെ നിയമനടപടികൾ നേരിടേണ്ടിവരുകയും ചെയ്യും.

**വായ്പ നൽകുന്ന ബാങ്കുകൾ:** സൗത്ത് ഇൻഡ്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, എസ്.ബി.ഐ.

**അപേക്ഷിക്കേണ്ട വിധം:** www.norkaroots.net എന്ന വെബ്സൈറ്റിലൂടെ.

# — 17 —

# ഭാഗ്യക്കുറിവകുപ്പ്

## 17.1 കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാധനസഹായപദ്ധതി

സംസ്ഥാന ഭാഗ്യക്കുറിവകുപ്പിന്റെ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ പ്രതിവാരഭാഗ്യക്കുറികളിൽനിന്നുള്ള അറ്റാദായം വിനിയോഗിച്ച് ചികിത്സാസഹായം നൽകുന്ന പദ്ധതി.

**ലഭിക്കുന്ന സഹായം:** വൃക്കരോഗികൾക്ക് 3,00,000 രൂപവരെ, ഹീമോഫീലിയ രോഗികൾക്കു പരിധിയില്ലാതെ ആജീവനാന്തധനസഹായം, പദ്ധതിയിലുൾപ്പെടുത്തിയ മറ്റു രോഗങ്ങളുടെ ചികിത്സയ്ക്ക് 2,00,000 രൂപ വരെ.

**പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗങ്ങൾ:**

1. ക്യാൻസർ (കീമോതെറാപ്പി/റേഡിയോ തെറാപ്പി സർജറി ഉൾപ്പെടെ)
2. ഹൃദയശസ്ത്രക്രിയ (സ്റ്റെന്റിന്റെ വില ഉൾപ്പെടെയുള്ള ചെലവ്)
3. തലച്ചോർ, കരൾ ശസ്ത്രക്രിയകൾ
4. വൃക്ക, കരൾ, ഹൃദയം എന്നിവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ
5. വൃക്കരോഗചികിത്സ
6. ഹീമോഫീലിയ (വരുമാനപരിധിയില്ലാതെ ആജീവനാന്തം)
7. സാന്ത്വനചികിത്സ
8. മാരകമായ ശ്വാസകോശരോഗങ്ങൾ
9. നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്കുള്ള ഗുരുതരക്ഷതങ്ങൾ

**അർഹതാമാനദണ്ഡം:** എല്ലാ ബി.പി.എൽ. കുടുംബങ്ങളും വാർഷികവരുമാനം മൂന്നുലക്ഷം രൂപവരെയുള്ള എ.പി.എൽ കുടുംബങ്ങളും ഈ പദ്ധതിയുടെ ധനസഹായത്തിന് അർഹരാണ്.

സംസ്ഥാനത്തെ എല്ലാ സർക്കാരാശുപത്രികളിലും ത്രിതല ആശുപത്രികളായ ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവയിലും പരിയാരം കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളെജ് ആശുപത്രികളിലും കൊച്ചിൻ ക്യാൻസർ സെന്ററിലും പദ്ധതിപ്രകാരം സൗജന്യചികിത്സ അനുവദിക്കും.

കൂടാതെ പദ്ധതിയുമായി അക്രഡിറ്റ് ചെയ്തിട്ടുള്ള 67 സ്വകാര്യാശുപത്രികളിലും 28 ഡയാലിസിസ് സെന്ററുകളിലും പദ്ധതിപ്രകാരമുള്ള സഹായം ലഭിക്കും. ചികിത്സാതുക ആശുപത്രികൾക്കാണു നൽകുന്നത്. അപേക്ഷ ഓഫീസിൽ നൽകിയ തീയതി മുതൽ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും. ഹീമോഫീലിയ രോഗികൾക്ക് ആജീവനാന്തം ഫാക്ടറുകൾക്കുള്ള ധനസഹായം നൽകും.

സർക്കാർ ആശുപത്രികളിലെയും ത്രിതല ആശുപത്രികളിലേയും പരിയാരം കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളെജ് ആശുപത്രിയിലെയും കൊച്ചിൻ ക്യാൻസർ സെന്ററിലെയും ചികിത്സയ്ക്ക് മുൻകൂർ അനുമതി നൽകും. എന്നാൽ സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികളിലെ ചികിത്സ ജില്ലാതലസമിതിയുടെ അനുമതിശേഷം മാത്രമേ അനുവദിക്കൂ.

**അപേക്ഷിക്കേണ്ട വിധം:** നിശ്ചിത മാതൃകയിലുള്ള അപേക്ഷ നിർദ്ദിഷ്ട രേഖകൾക്കൊപ്പം രോഗിക്കു റേഷൻ കാർഡുള്ള ജില്ലയിലെ ജില്ലാ ഭാഗ്യക്കുറി ഓഫീസർക്കു നൽകാം. ഇതിൽനിന്ന് അർഹരായവരെ ജില്ലാതലസമിതി ശുപാർശചെയ്ത് സംസ്ഥാനതലസമിതിക്കു നൽകും. ആ സമിതി അംഗീകരിച്ചശേഷം തുക ആശുപത്രിയധികൃതർക്കു കൈമാറും. അടിയന്തരസാഹചര്യത്തിലുള്ള അപേക്ഷ ഫാസ്റ്റ് ട്രാക്കായി സ്വീകരിച്ച് കളക്ടർ മുഖേന പ്രീ-ഓതറൈസേഷൻ സർക്കാരാശുപത്രികൾക്കു നൽകുന്നുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകരുടെ ചികിത്സയ്ക്ക് ഇംപ്രസ്റ്റ് മണിയായി പത്തുലക്ഷം രൂപവീതം സർക്കാരാശുപത്രികൾക്കു നൽകിയിട്ടുണ്ട്. അക്രഡിറ്റഡ് ആശുപത്രികളിൽ ഈ സൗകര്യം ലഭ്യമല്ല.

**വേണ്ട രേഖകൾ:**

1. റേഷൻ കാർഡിന്റെ പകർപ്പ്
2. ബന്ധപ്പെട്ട ആശുപത്രികളിൽനിന്നു ലഭിക്കുന്ന എസ്റ്റിമേറ്റ് ഓഫ് എക്സ്പെൻഡിച്ചർ.
3. രോഗിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ
4. രോഗി കുടുംബാംഗങ്ങൾക്കൊപ്പം വീടിനു മുൻപിൽ നിന്ന് വീടു മുഴുവനായി കാണാവുന്ന ഫോട്ടോ.

**അപേക്ഷിക്കേണ്ട വിലാസം:** അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസ്

**സമയ പരിധി:**

1. ചികിത്സ തുടങ്ങുന്നതിനുമുമ്പ് കെ.ബി.എഫിൽനിന്ന് മുൻകൂർ അനുമതിക്കായി അപേക്ഷ നൽകണം (എ1 ഫോം)
2. അടിയന്തരസാഹചര്യത്തിൽ അഡ്മിറ്റായ ശേഷവും ധനസഹായത്തിന് അപേക്ഷിക്കാം. (എ2 ഫോം)
3. സർക്കാരാശുപത്രികളിൽ അടിയന്തരസാഹചര്യത്തിൽ സർജറി നടത്തിയാൽ അതിനുശേഷം 72 മണിക്കൂറിനുള്ളിൽ അപേക്ഷിക്കണം. (സമയപരിധിക്കുള്ളിൽ അവധി ദിവസം വന്നാൽ അടുത്ത പ്രവൃത്തി ദിവസം അപേക്ഷ നൽകണം.)

**ഫോമുകളുടെ വിവരം:** രണ്ടു ഫോമുകൾ - എ1, എ2 എന്നിവ.

**നടപ്പാക്കുന്ന ഓഫീസ്:** ധനസഹായം അനുവദിക്കുന്നത് കാരുണ്യ ബനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററുടെ ഓഫീസിൽനിന്നാണ്.

**ഓഫീസിന്റെ വിലാസം:**

അഡ്മിനിസ്ട്രേറ്റർ,
കാരുണ്യ ബനവലന്റ് ഫണ്ട്,
വൃന്ദാവൻ ഹൗസിംഗ് സ്കീം,
വൈദ്യുതിഭവനു സമീപം,
പട്ടം, തിരുവനന്തപുരം.
ഫോൺ: 0471 2442363.
വെബ്സൈറ്റ്: www.karunya.kerala.gov.in

## 17.2 കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധിബോർഡ്

സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടേയും സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനായി കേരളസർക്കാർ ആവിഷ്കരിച്ച നടപ്പാക്കിയ പദ്ധതിയാണ് 2008ലെ കേരളസംസ്ഥാനഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ആക്ട് പ്രകാരം നിലവിൽവന്ന കേരളസംസ്ഥാനഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി.

**ക്ഷേമനിധിയിൽ അംഗമാകാൻ:**

പ്രതിമാസം 10000 രൂപയുടെ അല്ലെങ്കിൽ ത്രൈമാസം 30,000 രൂപയിൽ കുറയാത്ത തുകയ്ക്ക് സംസ്ഥാനഭാഗ്യക്കുറിട്ടിക്കറ്റു വാങ്ങി വില്പന നടത്തുന്ന ഏജന്റുമാർക്കും വില്പനക്കാർക്കും പ്രതിമാസം 50 രൂപ അംശദായം ഒടുക്കി ക്ഷേമനിധിയംഗത്വമെടുക്കാനും തുടർന്ന പ്രതിമാസം 50 രൂപ അംശദായത്തുക ഒടുക്കി അംഗമായി തുടരാനും സാധിക്കും.

### ചികിത്സാധനസഹായം

**ലഭിക്കുന്ന ആനുകൂല്യം:** പരമാവധി 20,000 രൂപ

**അർഹതാമാനദണ്ഡം:** ഇൻഷുറൻസ് പരിരക്ഷയില്ലാത്ത, ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അഞ്ചുദിവസമോ അതിൽക്കൂടുതലോ ആശുപത്രിയിൽ കിടത്തി ചികിത്സ ചെയ്യുമ്പോൾ, ആദ്യത്തെ അഞ്ചുദിവസം 400 രൂപയും അതിനുശേഷമുള്ള ഓരോ ദിവസത്തിനും 75 രൂപവീതവും നൽകുന്നു. ഈ ചികിത്സയ്ക്കു 3,000 രൂപവരെ നൽകും. ഗുരുതരമായ രോഗബാധകൊണ്ടു കഷ്ടപ്പെടുന്ന അംഗങ്ങൾക്കു ബോർഡ് നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി 20,000 രൂപ വരെ ധനസഹായം ലഭിക്കും.

**അപേക്ഷിക്കേണ്ട വിധം:** ബന്ധപ്പെട്ട ജില്ലാ ക്ഷേമനിധി ഓഫീസിൽനിന്നു നിർദ്ദിഷ്ട ഫോം വാങ്ങി പൂരിപ്പിച്ച് ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാരേഖകൾ എന്നിവസഹിതം ബന്ധപ്പെട്ട ജില്ലാ ക്ഷേമനിധിയോഫീസർക്കു നൽകണം.

### വിവാഹധനസഹായം

**ലഭിക്കുന്ന ആനുകൂല്യം:** 5,000 രൂപ

**അർഹതാമാനദണ്ഡം:** മൂന്നുവർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള വനിതാംഗങ്ങളുടെയും അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹച്ചെലവിനുള്ള ധനസഹായം. രണ്ടു തവണ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

**അപേക്ഷിക്കേണ്ട വിധം:** ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസിൽനിന്നു നിർദ്ദിഷ്ട ഫോം വാങ്ങി പൂരിപ്പിച്ച് വിവാഹസർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസർക്കു നൽകണം.

**അപേക്ഷ നൽകാനുള്ള സമയപരിധി:** വിവാഹത്തീയതി കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ.

### പ്രസവാനുകൂല്യം

**ലഭിക്കുന്ന ആനുകൂല്യം:** 5,000 രൂപ

**അർഹതാമാനദണ്ഡം:** ഒരുവർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള വനിതാംഗങ്ങൾക്കാണ് അർഹത. രണ്ടുതവണമാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

**അപേക്ഷിക്കേണ്ട വിധം:** ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസിൽനിന്നു നിർദ്ദിഷ്ട ഫോം വാങ്ങി പൂരിപ്പിച്ച് കുട്ടിയുടെ ജനനസർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട ജില്ലാ ക്ഷേമനിധിയോഫീസർക്കു നൽകണം.

**അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി:** പ്രസവത്തീയതി കഴിഞ്ഞു മൂന്നുമാസത്തിനുള്ളിൽ

## ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ്

**ലഭിക്കുന്ന ആനുകൂല്യം:**

| കോഴ്സ് | തുക |
|---|---|
| മെഡിക്കൽ ബിരുദം | 25,000 |
| എൻജിനീയറിങ് ബിരുദം | 15,000 |
| നഴ്സിങ് ബിരുദം | 15,000 |
| പാരാമെഡിക്കൽ ബിരുദം | 15,000 |
| എം.ബി.എ/ എം.സി.എ | 15,000 |
| ബിരുദാനന്തരബിരുദം | 7000 |
| ബിരുദം | 5000 |
| മൂന്നുവർഷ എൻജിനീയറിങ് ഡിപ്ലോമ | 3000 |

**അർഹതാമാനദണ്ഡം:** ഒരുവർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് കോഴ്സുകാലയളവിൽ ഒരു തവണ നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം:** ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസിൽനിന്നു നിർദ്ദിഷ്ട ഫോം വാങ്ങി പൂരിപ്പിച്ച് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസർക്കു നൽകണം.

**അപേക്കാനുള്ള സമയപരിധി:** അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസിൽ പറയും.

## വിദ്യാഭ്യാസ അവാർഡ്

ക്ഷേമനിധിയംഗങ്ങളുടെ മക്കളിൽ ഓരോ വർഷവും എസ്.എസ്.എൽ.സി, ഹയർസെക്കൻഡറി തലങ്ങളിൽ കൂടുതൽ മാർക്കു വാങ്ങിയവർക്കു ജില്ലാടിസ്ഥാനത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിലായി യഥാക്രമം 2000, 1500, 1000 രൂപവീതം വിദ്യാഭ്യാസ അവാർഡായി നൽകിവരുന്നു.

**അപേക്ഷിക്കേണ്ട വിധം:** ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസിൽനിന്നു നിർദ്ദിഷ്ട ഫോം വാങ്ങി പൂരിപ്പിച്ച് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസർക്കു നൽകണം.

**അപേക്ഷിക്കാനുള്ള സമയപരിധി:** അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസിൽ പറയും.

### മരണാനന്തരധനസഹായം

**ലഭിക്കുന്ന ആനുകൂല്യം:** സ്വാഭാവികമരണത്തിന് 50,000 രൂപ, അപകടമരണത്തിന് 1,00,000 രൂപ

**അർഹത:** മരിക്കുന്ന ക്ഷേമനിധിയംഗങ്ങളുടെ അനന്തരാവകാശികൾക്ക്

**അപേക്ഷിക്കേണ്ട വിധം:** ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസിൽനിന്നു നിർദ്ദിഷ്ട ഫോം വാങ്ങി പൂരിപ്പിച്ച് മരണസർട്ടിഫിക്കറ്റ്, നോമിനേഷൻ ഫോം, ബന്ധുത്വസർട്ടിഫിക്കറ്റ്, അനന്തരാവകാശിയുടെ തിരിച്ചറിയൽരേഖ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുസഹിതം ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസർക്കു നൽകണം.

### പെൻഷൻ, അവശതാപെൻഷൻ, കുടുംബപെൻഷൻ

**ലഭിക്കുന്ന ആനുകൂല്യം:** പെൻഷൻ 1000 രൂപ, കുടുംബപെൻഷൻ 500 രൂപ

**അർഹതാമാനദണ്ഡം:** പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള, 55 വയസ്സ് പൂർത്തിയായ അംഗത്തിനാണു പെൻഷന് അർഹത. രോഗമോ അപകടമോ മൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരികാവശത സംഭവിച്ച് രണ്ടുവർഷമായ അംഗത്തിന് അവശതാപെൻഷന് അർഹതയുണ്ട്. പെൻഷൻ ലഭിക്കുന്ന അംഗമോ പെൻഷന് അർഹതയുള്ള അംഗമോ പത്തുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗമോ മരിച്ചാൽ അർഹതയുള്ള പെൻഷൻതുകയുടെ പകുതി അയാളുടെ ഭാര്യ, ഭർത്താവ്, പ്രായപൂർത്തിയാവാത്ത ആൺമക്കൾ, വിവാഹം കഴിയാത്ത പെൺമക്കൾ എന്നിവരിലൊരാൾക്കു കുടുംബപെൻഷനായി ലഭിക്കും.

**അപേക്ഷിക്കേണ്ട വിധം:** ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസിൽനിന്നു നിർദ്ദിഷ്ട ഫോം വാങ്ങി പൂരിപ്പിച്ച് ക്ഷേമനിധി പാസ്സ് ബുക്ക്, ആധാർ/തിരിച്ചറിയൽരേഖ, വരുമാനസർട്ടിഫിക്കറ്റ്, ബന്ധുത്വസർട്ടിഫിക്കറ്റ്, മരണസർട്ടിഫിക്കറ്റ് (കുടുംബപെൻഷൻ) എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുസഹിതം ബന്ധപ്പെട്ട ജില്ലാക്ഷേമനിധിയോഫീസർക്കു നൽകണം.

**അപേക്ഷിക്കാനുള്ള സമയപരിധി:** സാധാരണഗതിയിൽ പെൻഷന് അർഹതയുണ്ടാകുന്ന തീയതി മുതൽ ഒരുമാസത്തിനകം. കാലതാമസം ഉണ്ടായാൽ കാരണം കാണിച്ചുകൊണ്ടുള്ള അപേക്ഷ സഹിതം.

### പ്രഖ്യാപിത അലവൻസ്

എല്ലാവർഷവും സർക്കാരുത്തരവിൻപ്രകാരം സർക്കാർ നിശ്ചയിക്കുന്ന തുക ഓണം അലവൻസ് ഇനത്തിൽ ക്ഷേമനിധിയിലെ സജീവാംഗങ്ങൾക്കും പെൻഷൻകാർക്കും അനുവദിച്ചുവരുന്നു. ഇതിനു പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

**സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിബോർഡ് ആസ്ഥാനത്തിന്റെ മേൽവിലാസം:**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും
ക്ഷേമനിധിബോർഡ് ഹെഡ് ഓഫീസ്,
സണ്ണി മീഡ്സ് ലെയിൻ, പാളയം,
തിരുവനന്തപുരം 695034

ഫോൺ: 0471-2325552, 0471-2326662,
ഇ-മെയിൽ: kslaswfbho@gmail.com

# — 18 —

# മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതിവിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ, ഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിരവികസനത്തിനായുള്ള പദ്ധതികളും വിവിധ മണ്ണ്-ജലസംരക്ഷണപദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്ന പ്രധാനലക്ഷ്യത്തോടെയാണ് മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്. വാട്ടർഷെഡ് അടിസ്ഥാനത്തിലുള്ള വികസനപ്രവർത്തനങ്ങൾക്കും മണ്ണിന്റെ ആരോഗ്യപരിപാലനത്തിനും ഭൂവിഭവസമാഹരണത്തിനും ഊന്നൽ നൽകിയാണ് വകുപ്പിന്റെ പ്രവർത്തനം.

## 18.1 നബാർഡ് സഹായത്തോടെ മണ്ണ്-ജലസംരക്ഷണപദ്ധതി (ആർ.ഐ.ഡി.എഫ്.)

നബാർഡ് സാമ്പത്തികസഹായത്തോടെ വാട്ടർഷെഡ് അടിസ്ഥാനത്തിൽ മണ്ണ്-ജലസംരക്ഷണപ്രവർത്തനങ്ങളും വെള്ളപ്പൊക്കനിവാരണപദ്ധതികളും സംസ്ഥാനത്തുടനീളം നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിപ്രദേശത്ത് അധിവസിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതിയാനുകൂല്യം ലഭ്യമാകും. വ്യക്തിഗതപ്രവർത്തനങ്ങൾക്ക് 90% സബ്സിഡിയും പൊതുപ്രവർത്തനങ്ങൾക്ക് 95% സബ്സിഡിയും നൽകിവരുന്നു. നീർച്ചാലുകളുടെ സംരക്ഷണത്തിന് 95% സബ്സിഡിയും നൽകുന്നുണ്ട്. വ്യക്തികൾക്ക് അവരുടെ പുരയിടങ്ങളിൽ സ്വന്തമായോ നോമിനി മുഖേനയോ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കാം. കർഷകർക്ക് അവരവരുടെ പുരയിടങ്ങളിൽ വിവിധ മണ്ണ്-ജലസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സർക്കാർ നിബന്ധനകൾക്കു വിധേയമായി ഹെക്ടർ ഒന്നിന് ശരാശരി 30,000 രൂപവരെ ലഭ്യമാകും.

കാർഷികഭൂമിയുടെ സംരക്ഷണത്തിനായി കല്ലുകയ്യാലകൾ, മൺകയ്യാലകൾ, ട്രെഞ്ചുകൾ, മഴക്കുഴികൾ, വൃക്ഷത്തൈനടൽ, പുല്ല് വെച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തി

കൾക്കും പൊതുപ്രവർത്തനങ്ങളായ നീർച്ചാലുകളുടെ സംരക്ഷണാർത്ഥം പാർശ്വഭിത്തി നിർമ്മാണം, തടയണനിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, മഴക്കൊയ്ത്തുസംവിധാനങ്ങളുടെ നിർമാണം തുടങ്ങിയ പ്രവൃത്തികൾക്കും ഈ പദ്ധതിയിൽ ആനുകൂല്യം നൽകുന്നു. ഈ പദ്ധതിയിൻകീഴിൽ 115 വിവിധ മണ്ണ്-ജലസംരക്ഷണപദ്ധതികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നുണ്ട്.

പദ്ധതികാലയളവിൽ നിർവ്വഹണോദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് പദ്ധതിയുടെ ആനുകൂല്യം കർഷകർക്കു നേടാം.

## 18.2 ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതാ പ്രദേശങ്ങൾ സംരക്ഷിക്കാൻ പദ്ധതി

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്തു കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായി മണ്ണ്-ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി ഇടുക്കി, കോട്ടയം, പാലക്കാട്, കോഴിക്കോട്, പത്തനംതിട്ട ജില്ലകളിലും ആവശ്യാനുസരണം മറ്റു ജില്ലകളിലും നടപ്പാക്കിവരുന്നു. പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കൾക്കു 100 ശതമാനം ആനുകൂല്യമാണു നൽകുന്നത്. പദ്ധതിപ്രദേശത്തെ ഗുണഭോക്താക്കൾ നേരിട്ടോ തെരഞ്ഞെടുത്ത ഗുണഭോക്തൃക്കമ്മിറ്റി വഴിയോ ആണ് പദ്ധതിപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഹെക്ടർ ഒന്നിനു 40,000 രൂപവരെ ഈ പദ്ധതിയിൻകീഴിൽ സാമ്പത്തികസഹായം ലഭ്യമാക്കുന്നു. പദ്ധതികാലയളവിൽ നിർവ്വഹണോദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് പദ്ധതിയുടെ ആനുകൂല്യം കർഷകർക്ക് ലഭ്യമാകും.

## 18.3 ശുദ്ധജലസംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണ്-ജലസംരക്ഷണം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജലവിതരണപദ്ധതിയുടെയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജലവിതരണപദ്ധതിയുടെയും ജലസംഭരണികളുമായി ബന്ധപ്പെട്ട വൃഷ്ടിപ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രണവിധേയമാക്കാൻ കൃഷിഭൂമിസംരക്ഷണത്തിനുള്ള കയ്യാലനിർമ്മാണം, ട്രെഞ്ചുകൾ, ടെറസ്സുകൾ, മഴക്കുഴികൾ, പുല്ല് വെച്ചുപിടിപ്പിക്കൽ, തുടങ്ങിയ പ്രവൃത്തികൾക്കും നിർച്ചാലുകളുടെ സംരക്ഷണത്തിനും ആനുകൂല്യം നൽകുന്നു. ഈ പ്രവൃത്തികൾക്കെല്ലാം 100 % ആനുകൂല്യമാണു നൽകിവരുന്നത്. ഹെക്ടർ ഒന്നിന് 30000 രൂപവരെ സാമ്പത്തികസഹായം നൽകുന്നു.

## 18.4 കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം, പച്ചക്കറി കൃഷിക്കുള്ള അടിസ്ഥാനസൗകര്യവികസനപദ്ധതി

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ ആർ.കെ.വി.വൈ. ഫണ്ടു വിനിയോഗിച്ച് കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം, പച്ചക്കറി കൃഷിക്കായുള്ള അടിസ്ഥാനസൗകര്യവികസനപദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം ശീതകാല പഴം/പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനുള്ള അടിസ്ഥാന

സൗകര്യവികസനം, പദ്ധതിപ്രദേശത്തു ജലലഭ്യത ഉറപ്പാക്കുക, ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ്. ജലസേചനസൗകര്യാർത്ഥം പൊതുനീർച്ചാലുകളിൽ ചെക്ക്ഡാമുകൾ, പൈപ്പുകൾ, (എച്ച്. ഡി.പി. ഇ. ലൈൻഡ്) ടാങ്കുകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നു. ഈ പദ്ധതിയിൽ നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും 100 % സബ്സിഡി നൽകും.

## 18.5 ദേശീയ സുസ്ഥിരകാർഷിക മിഷൻ

ദേശീയ സുസ്ഥിരകാർഷിക മിഷൻ വഴി കേരളത്തിന്റെ കാർഷികമേഖലയുടെ സ്ഥായിയായ വികസനം ലക്ഷ്യംവച്ചു നടപ്പിലാക്കുന്ന സംയോജിതപദ്ധതിയാണിത്. ദേശീയ സുസ്ഥിരകാർഷിക മിഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് പൊതുവായ പ്രവർത്തനങ്ങൾക്ക് 100% സബ്സിഡിയും വ്യക്തിഗത ആനുകൂല്യങ്ങൾക്ക് പ്രവർത്തനങ്ങൾക്കനുസൃതമായ സബ്സിഡിയും നിശ്ചയിച്ചിരിക്കുന്നു. കൃഷിവകുപ്പു ഡയറക്ടറാണ് പദ്ധതിയുടെ നോഡൽ ഓഫീസർ. കണ്ണൂർ, വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ മൊകേരി, പാട്ടിയം, കടന്നപ്പള്ളി, നമ്പിക്കൊല്ലി, പുൽപ്പള്ളി, വാളാട്, ത്തുമുള്ളിത്തോട്, ചെമ്പുതറ, ചേരുംകുഴി എന്നീ ക്ലസ്റ്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

## 18.6 രാഷ്ട്രീയ കൃഷിവികാസ് യോജന (ആർ.കെ.വി.വൈ)

ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി ദുരിതബാധിതജില്ലയായ വയനാട്ടിലെ പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പഞ്ചായത്തുകളിൽ വരൾച്ചാനിവാരണത്തിനായി 324.1 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കുളങ്ങളുടെയും ജലസംഭരണികളുടെയും നിർമ്മാണമാണു നടപ്പിലാക്കുന്നത്. പൊതുവായ പ്രവർത്തനങ്ങൾക്കു 100% സബ്സിഡി ഈ പദ്ധതിയിൽ നൽകിവരുന്നു.

## 18.7 നീർത്തടാധിഷ്ഠിതവികസനത്തിൽ പരിശീലനം

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (ഐ.ഡബ്ളിയു.ഡി.എം-കെ)

മണ്ണു-ജലസംരക്ഷണപദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കർഷകർക്കും ജനപ്രതിനിധികൾക്കും സന്നദ്ധസംഘടനാപ്രവർത്തകൾക്കും വികസനവകുപ്പുദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നീർത്തടാധിഷ്ഠിതവികസനത്തിൽ അവശ്യം വേണ്ട പരിശീലനങ്ങൾ ഈ ഇൻസ്റ്റിറ്റ്യൂട്ട് വഴി ലഭ്യമാക്കുന്നു.

ഇഗ്നോ(IGNOU)യും കേന്ദ്രസർക്കാരിന്റെ ഭൂവിഭവവകുപ്പുമായി സഹകരിച്ച് ഒരു വർഷത്തെ വാട്ടർഷെഡ് മാനേജ്മെന്റ് ഡിപ്ലോമ കോഴ്സും ആറുമാസത്തെ വാട്ടർ ഹാർവസ്റ്റിംഗ് & മനേജ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സും ഒരുവർഷത്തെ പോസ്റ്റ് ഗ്രാജ്ജുവേറ്റ് ഡിപ്ലോമാ ഇൻ പ്ലാന്റേഷൻ മാനേജ്മെന്റ് കോഴ്സും ഈ സ്ഥാപനംവഴി നടത്തുന്നു. വാട്ടർഷെഡ് മാനേജ്മെന്റ് ഡിപ്ലോമ കോഴ്സിനുള്ള അടിസ്ഥാനയോഗ്യത പ്ലസ് ടു ജയിച്ചിരിക്കണം. കോഴ്സ് ഫീസ് 10,000 രൂപയാണ്. എന്നാൽ ബി.പി.എൽ. ഉദ്യോഗാർ

തഥികൾക്കും ഗ്രാമീണമേഖലയിൽനിന്നു വരുന്നവർക്കും 50% ഫീസിളവു നൽകിവരുന്നു. ആറുമാസത്തെ വാട്ടർ ഹാർവസ്റ്റിംഗ് & മനേജ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിനുള്ള അടിസ്ഥാനയോഗ്യത പത്താംക്ലാസ്സ്/ബി.പി.പി ആണ്. കോഴ്സ് ഫീസ് 2000 രൂപയാണ്. ഒരുവർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമാ ഇൻ പ്ലാന്റേഷൻ മാനേജ്മെന്റ് കോഴ്സിനുള്ള അടിസ്ഥാനയോഗ്യത ബിരുദമാണ്. ഈ കോഴ്സിനുള്ള കോഴ്സ് ഫീസ് 5500 രൂപയാണ്. വിവിധ കോഴ്സുകൾക്കായുള്ള നോട്ടിഫിക്കേഷൻ മാദ്ധ്യമങ്ങളിലൂടെ ജൂൺ-ജൂലായ് മാസങ്ങളിൽ പ്രസിദ്ധീകരിക്കും.

**കൂടുതൽ വിവരങ്ങൾക്ക്:**

മണ്ണുസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ
ഐ.ഡബ്ളിയു.ഡി.എം-കെ
ചടയമംഗലം
ഫോൺ: 0474- 2475051

## 18.8 വ്യക്തിഗതമണ്ണുസംരക്ഷണപ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

മണ്ണ്-ജലസംരക്ഷണപ്രവർത്തനങ്ങൾ പ്രധാനമായും നീർത്തടാടിസ്ഥാനത്തിലാണു നടപ്പിലാക്കുന്നത്. ഒരു നീർത്തടത്തിൽ വരുന്ന അപേക്ഷകരായ എല്ലാ ഗുണഭോക്താക്കൾക്കും സഹായം ലഭിക്കുന്ന രീതിയിലാണു പദ്ധതി നടപ്പിലാക്കുന്നത്. നീർത്തടത്തിനുള്ളിലെ പ്രകൃതിവിഭവപരിപാലനത്തിലുൾപ്പെട്ട പദ്ധതികൾ കർഷകർക്കു നേരിട്ടോ ഗുണഭോക്തൃക്കമ്മിറ്റി മുഖേനയോ ചെയ്യാം.

ആർ.ഐ.ഡി.എഫ്. പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ മണ്ണ്-ജലസംരക്ഷണപ്രവർത്തനങ്ങൾക്കു താഴെ പറയുന്ന രീതിയിൽ ധനസഹായം ലഭിക്കും.

1. മൺകയ്യാലനിർമ്മാണം 61.83 രൂപ/മീറ്റർ
2. കല്ലുകയ്യാലനിർമ്മാണം 143.52 രൂപ/മീറ്റർ
3. മഴക്കുഴിയൊന്നിന് 130 രൂപ
4. റബറിനു പ്ലാറ്റ്ഫോം വെട്ടാൻ 145 രൂപ/പ്ലാറ്റ്ഫോം

**വകുപ്പിന്റെ ആസ്ഥാനവിലാസം:**

ഡയറക്ടർ,
മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ വകുപ്പ്,
സെന്റർ പ്ലാസ്സാ ബിൽഡിംഗ്, മൂന്നും നാലും നിലകൾ,
വഴുതക്കാട്, തിരുവനന്തപുരം 695014
ഫോൺ: 04712339800 (ജ), 04712339899 (ജനറൽ)
ഫാക്സ്: 04712338200 (ജ), 04712339899 (ജനറൽ)
ഇ-മെയിൽ: agriscu@hotmail.com, soildirector@gmail.com

# — 19 —

# മത്സ്യബന്ധനവകുപ്പ്

## 19.1 മത്സ്യത്തൊഴിലാളി ഭവനനിർമ്മാണപദ്ധതി

രണ്ടുസെന്റ് വസ്തുവെങ്കിലും സ്വന്തം പേരിലോ ജീവിതപങ്കാളിയുടെ പേരിലോ ഉള്ള മത്സ്യത്തൊഴിലാളികൾക്ക് വീട്ടു നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതി

**അർഹതാമാനദണ്ഡം:**

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗവും നിലവിൽ വിഹിതം പൂർണ്ണമായും അടച്ചുകൊണ്ടിരിക്കുന്ന സജീവ മത്സ്യത്തൊഴിലാളിയും ആയിരിക്കണം.
2. വിവാഹിതരായിരിക്കണം.
3. സ്വന്തമായോ ജീവിതപങ്കാളിയുടെയോ മക്കളുടെയോ പേരിലോ വാസയോഗ്യമായ വീട് ഉണ്ടായിരിക്കരുത്.
4. അപേക്ഷകർക്കോ ജീവിതപങ്കാളിക്കോ സ്വന്തമായി രണ്ടുസെന്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം (കൈവശരേഖ മതിയാകും). പ്രസ്തുത സ്ഥലം തീരത്തുനിന്നു 100 മീറ്റർ ദൂരപരിധിക്കു വെളിയിലായിരിക്കണം.
5. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളായിരിക്കണം.
6. സർക്കാരിൽനിന്നോ കമ്പനികളിൽനിന്നോ സഹകരണസ്ഥാപനങ്ങളിൽനിന്നോ മത്സ്യബന്ധനമല്ലാത്ത തൊഴിലിൽ ഏർപ്പെടുന്നതിനു വേതനം കൈപ്പറ്റുന്ന ആളായിരിക്കരുത്.
7. ലഭിക്കുന്ന സാമ്പത്തികസഹായം വിനിയോഗിച്ച് 35 ചതുരശ്രമീറ്ററിൽ കുറയാത്തതും 50 ചതുരശ്ര മീറ്ററിൽ കവിയാത്തതുമായ തറവിസ്തീർണ്ണമുള്ള വീട് സ്വന്തം മേൽനോട്ടത്തിൽ നിർമ്മിക്കാൻ സമ്മതമായിരിക്കണം.

**മുൻഗണനാമാനദണ്ഡം:**

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അനുവർത്തിക്കേണ്ട മുൻഗണനാമാനദണ്ഡങ്ങൾ (സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ)

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | സർക്കാർധനസഹായത്തോടെ ഭവനനിർമ്മാണത്തിന് ഭൂമി കണ്ടെത്തിയ കുടുംബം | 25 |
| 2 | കടലാകാമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബം | 15 |
| 3 | തീരത്തനിന്ന് 50 മീറ്ററിനുള്ളിൽ കുടിൽ കെട്ടി താമസിക്കുന്ന കുടുംബം | 10 |
| 4 | മത്സ്യത്തൊഴിലാളി വിധവ/ഉപേക്ഷിയ്ക്കപ്പെട്ടവർ | 15 |
| 5 | കാൻസർ/വൃക്ക സംബന്ധമായ മാരക രോഗത്തിന് ചികിത്സ തേടുന്ന നിത്യരോഗികൾ ഉൾപ്പെട്ട കുടുംബം | 15 |
| 6 | 1) വിവാഹം കഴിഞ്ഞ് 15 വർഷത്തിലധികമായ കുടുംബം | 25 |
| | 2) വിവാഹം കഴിഞ്ഞ് 10 മുതൽ 15 വരെ വർഷമായ കുടുംബം | 10 |
| | 3) വിവാഹം കഴിഞ്ഞ് 5 മുതൽ 10 വരെ വർഷമായ കുടുംബം | 5 |
| | 4) വിവാഹം കഴിഞ്ഞ് 5 വർഷത്തിൽ താഴെയുള്ള കുടുംബം | 3 |
| 7 | മത്സ്യബന്ധനത്തിനിടയിലോ അല്ലാതെയോ അപകടത്തിൽപ്പെട്ട, ഫിഷറീസിന്റെ ആക്സിഡന്റ് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിവഴി ധനസഹായം ലഭിച്ച മത്സ്യത്തൊഴിലാളി ഉൾപ്പെടുന്ന കുടുംബം | 10 |
| 8 | ശാരീരിക വെല്ലുവിളി നേരിടുന്ന മത്സ്യത്തൊഴിലാളി | 10 |
| 9 | ബുദ്ധിമാന്ദ്യം ബാധിച്ച കുട്ടികളോ അംഗങ്ങളോ ഉൾപ്പെട്ട കുടുംബം | 5 |
| 10 | ഒന്നിലധികം കുടുംബങ്ങൾ ഉൾപ്പെടുന്ന കൂട്ടുകുടുംബം | 5 |
| 11 | (എ) വാർദ്ധക്യം ബാധിച്ച മത്സ്യത്തൊഴിലാളി-പ്പെൻഷനർ ഉൾപ്പെടുന്ന കുടുംബം | 5 |
| | (ബി) വാർദ്ധക്യം ബാധിച്ച അമ്മയും അച്ഛനും ഉൾപ്പെട്ട കുടുംബം | 2 |
| 12 | 22 വയസ്സിനു മുകളിൽ പ്രായമുള്ളതും അവിവാഹിതരുമായ | |
| | (എ) രണ്ടോ അതിൽക്കൂടുതലോ പെൺമക്കൾ ഉള്ള കുടുംബം | 5 |

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| | (ബി) ഒരു പെൺകുട്ടി ഉള്ള കുടുംബം | 2 |
| 13 | ഉന്നതവിദ്യാഭ്യാസത്തിനു പഠിക്കുന്ന മക്കൾ ഉൾപ്പെടുന്ന കുടുംബം (ഡിഗ്രിതലം മുതൽ) | |
| | (എ) രണ്ടോ അതിൽക്കൂടുതലോ മക്കൾ ഉള്ള കുടുംബം | 5 |
| | (ബി) ഒരാൾ മാത്രം | 1 |
| | ആകെ | 150 |

**ഗുണഭോക്തൃതെരഞ്ഞെടുപ്പ്:**

ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി അർഹരായവരുടെ പ്രാഥമി കലിസ്റ്റ് മത്സ്യഗ്രാമാടിസ്ഥാനത്തിൽ തയ്യാറാക്കി മത്സ്യഭവൻ, തദ്ദേശസ്വയംഭരണസ്ഥാപനം, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ച് പരാതികൾ പരിഹരിച്ച് അന്തിമ അർഹതാലിസ്റ്റ് തയ്യാറാക്കുന്നു. ആ ലിസ്റ്റ് കളക്ടർ ചെയർമാനായ ജില്ലാതല ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നു.

അനുവദിക്കാനുള്ള യൂണിറ്റുകളെക്കാൾ കൂടുതൽ അപേക്ഷകൾ ഉള്ളപക്ഷം നറുക്കെടുപ്പിലൂടെ അർഹതയുടെ അടിസ്ഥാനത്തിൽ ജില്ലാതല ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം. എന്നാൽ ഓരോ ജില്ലയിലും അനുവദിക്കുന്ന ആകെയുള്ള യൂണിറ്റുകളുടെ 90 ശതമാനമേ ഇത്തരത്തിൽ തെരഞ്ഞെടുക്കാൻ പാടുള്ളൂ. ബാക്കി 10 ശതമാനം, നറുക്കെടുക്കപ്പെടാതെപ്പോയ അപേക്ഷകരിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ഗണത്തിൽപ്പെടുന്ന, പ്രകൃതിദുരന്തത്തിൽ വീടു നഷ്ടപ്പെട്ടവർ, വികലാംഗർ, വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ, മാരകരോഗബാധിതർ തുടങ്ങിയവർ ഉണ്ടെങ്കിൽ അവരിൽനിന്നു വിവേചനാധികാരം ഉപയോഗിച്ചു സർക്കാർ തെരഞ്ഞെടുക്കും.

മത്സ്യത്തൊഴിലാളിഗ്രാമം തിരിച്ചു ലഭിച്ച യോഗ്യതയുള്ള അപേക്ഷകളുടെ എണ്ണവും ആകെ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള യൂണിറ്റുകളുടെ എണ്ണവും തമ്മിലുള്ള അനുപാതം ആയിരിക്കണം ഭവനനിർമ്മാണഗ്രാന്റിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഓരോ ഗ്രാമത്തിനുമുള്ള ക്വാട്ട നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനം. ഓരോ ഗ്രമത്തിലെയും അപേക്ഷകൾ പ്രത്യേകം പ്രത്യേകം വേണം നറുക്കെടുക്കാൻ.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്

(ബി) റേഷൻ കാർഡിലെ 1, 2, 3 എന്നീ പേജുകളുടെ പകർപ്പ്

(സി) ആധാർ കാർഡ്/തിരിച്ചറിയൽ രേഖയുടെ പകർപ്പ്

(ഡി) അപേക്ഷകർ വിധവയോ ഭർത്താവ് ഉപേക്ഷിച്ചവരോ വികലാംഗരോ മാരകരോഗമുള്ളവരോ പ്രകൃതി ദുരന്തത്തിൽ വീടു നഷ്ടപ്പെട്ടവരോ ആണെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്

(ഇ) അപേക്ഷകർക്കു സ്വന്തമായോ ജീവിതപങ്കാളിയുടെയോ മക്കളുടെയോ പേരിലോ സ്ഥലം ഉണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്

(എഫ്) അപേക്ഷകരുടെ ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും അഡ്രസ്സും വ്യക്തമാക്കിയിട്ടുള്ള പേജിന്റെ പകർപ്പ്

## 19.2 മത്സ്യതൊഴിലാളിക്കു ഭൂമി വാങ്ങി വീടു വയ്ക്കാനുള്ള പദ്ധതി

തീരത്തു നിന്ന് 50 മീറ്ററിനു വെളിയിൽ സ്വന്തം പേരിലോ ജീവിതപങ്കാളിയുടെ പേരിലോ വീട് ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്കു ഭൂമി വാങ്ങി വീടു വയ്ക്കാൻ ധനസഹായം അനുവദിക്കുന്ന പദ്ധതി

**അർഹതാമാനദണ്ഡം:** കേരള മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള, നിലവിൽ വിഹിതം പൂർണ്ണമായും അടച്ചുകൊണ്ടിരിക്കുന്ന, സജീവമത്സ്യത്തൊഴിലാളി ആയിരിക്കണം.

വിവാഹിതരായിരിക്കണം.

സ്വന്തമായോ ജീവിതപങ്കാളിയുടെയോ മക്കളുടെയോ പേരിലോ തീരത്തുനിന്ന് 50 മീറ്ററിന് വെളിയിൽ വാസയോഗ്യമായ വീടുണ്ടായിരിക്കരുത്.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളായിരിക്കണം.

ലഭിക്കുന്ന സാമ്പത്തികസഹായം വിനിയോഗിച്ച് 2-3 സെന്റ് ഭൂമി തീരത്തുനിന്ന് 200 മീറ്ററിനു വെളിയിൽ വാങ്ങി 35 ചതുരശ്രമീറ്ററിൽ കുറയാത്തതും 50 ചതുരശ്രമീറ്ററിൽ കവിയാത്തതുമായ തറവിസ്തീർണ്ണമുള്ള വീട് സ്വന്തം മേൽനോട്ടത്തിൽ നിർമ്മിക്കാൻ സമ്മതമായിരിക്കണം.

**മുൻഗണനാമാനദണ്ഡം:** ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ അനുവർത്തിക്കേണ്ട മുൻഗണനാമാനദണ്ഡങ്ങൾ (സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ)

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബം | 50 |
| 2 | വേലിയേറ്റരേഖയിൽനിന്നു നിലവിൽ വീടു സ്ഥിതി ചെയ്യുന്ന ദൂരം | |
| | 1) ഒന്നാംനിര | 15 |
| | 2) രണ്ടാംനിര | 10 |
| | 3) മൂന്നാംനിര | 5 |

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 3 | മത്സ്യത്തൊഴിലാളിവിധവ/ഉപേക്ഷിക്കപ്പെട്ടവർ | 15 |
| 4 | കാൻസറിനോ മാരകമായവൃക്കരോഗത്തിനോ ചികിത്സയിലുള്ള നിത്യരോഗികൾ ഉള്ള കുടുംബം | 15 |
| 5 | 1) വിവാഹം കഴിഞ്ഞ് 15 വർഷത്തിലധികമായ കുടുംബം | 15 |
| | 2) വിവാഹം കഴിഞ്ഞ് 10 മുതൽ 15 വരെ വർഷമായ കുടുംബം | 10 |
| | 3) വിവാഹം കഴിഞ്ഞ് 5 മുതൽ 10 വരെ വർഷമായ കുടുംബം | 5 |
| | 4) വിവാഹം കഴിഞ്ഞ് 5 വർഷത്തിൽ താഴെയുള്ള കുടുംബം | 1 |
| 7 | മത്സ്യബന്ധനത്തിനിടയിലോ അല്ലാതെയോ അപകടത്തിൽപ്പെട്ട, ഫിഷറീസിന്റെ ആക്സിഡന്റ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിവഴി ധനസഹായം ലഭിച്ച മത്സ്യത്തൊഴിലാളി ഉൾപ്പെടുന്ന കുടുംബം | 10 |
| 8 | ശാരീരികവെല്ലുവിളി നേരിടുന്ന മത്സ്യത്തൊഴിലാളി | 10 |
| 9 | ബുദ്ധിമാന്ദ്യം ബാധിച്ച കുട്ടികളോ അംഗങ്ങളോ ഉൾപ്പെട്ട കുടുംബം | 5 |
| 10 | ഒന്നിലധികം കുടുംബങ്ങൾ ഉൾപ്പെടുന്ന കൂട്ടുകുടുംബം | 5 |
| 11 | (എ) വാർദ്ധക്യം ബാധിച്ച മത്സ്യത്തൊഴിലാളി-പ്പെൻഷനർ ഉൾപ്പെടുന്ന കുടുംബം | 5 |
| | (ബി) വാർദ്ധക്യം ബാധിച്ച അമ്മയും അച്ഛനും ഉൾപ്പെട്ട കുടുംബം | 2 |
| 12 | 22 വയസ്സിനു മുകളിൽ പ്രായമുള്ളതും അവിവാഹിതരുമായ | |
| | (എ) രണ്ടോ അതിൽക്കൂടുതലോ പെൺമക്കൾ ഉള്ള കുടുംബം | 5 |
| | (ബി) ഒരു പെൺകുട്ടിയുള്ള കുടുംബം | 2 |
| 13 | ഉന്നതവിദ്യാഭ്യാസത്തിന് പഠിക്കുന്ന മക്കൾ ഉൾപ്പെടുന്ന കുടുംബം (ഡിഗ്രി തലം മുതൽ) | |
| | (എ) രണ്ടോ അതിൽക്കൂടുതൽ മക്കൾ ഉള്ള കുടുംബം | 5 |
| | (ബി) ഒരാൾ മാത്രം | 2 |
| | ആകെ | 150 |

**ഗുണഭോക്തൃതെരഞ്ഞെടുപ്പ്:**

ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി അർഹരായവരുടെ പ്രാഥമി

കലിസ്റ്റ് മത്സ്യഗ്രാമാടിസ്ഥാനത്തിൽ തയ്യാറാക്കി മത്സ്യഭവൻ, തദ്ദേശസ്വയംഭരണസ്ഥാപനം, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ച് പരാതികൾ പരിഹരിച്ച് അന്തിമ അർഹതാലിസ്റ്റ് തയ്യാറാക്കുന്നു. ആ ലിസ്റ്റ് കളക്ടർ ചെയർമാനായ ജില്ലാതല ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നു.

അനുവദിക്കാനുള്ള യൂണിറ്റുകളെക്കാൾ കൂടുതൽ അപേക്ഷകൾ ഉള്ളപക്ഷം നറുക്കെടുപ്പിലൂടെ അർഹതയുടെ അടിസ്ഥാനത്തിൽ ജില്ലാതല ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം. എന്നാൽ, ഓരോ ജില്ലയിലും അനുവദിക്കുന്ന ആകെയുള്ള യൂണിറ്റുകളുടെ 90 ശതമാനമേ ഇത്തരത്തിൽ തെരഞ്ഞെടുക്കാൻ പാടുള്ളൂ. ബാക്കി 10 ശതമാനം, നറുക്കെടുക്കപ്പെടാതെപ്പോയ അപേക്ഷകരിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ഗണത്തിൽപ്പെടുന്ന, പ്രകൃതിദുരന്തത്തിൽ വീടു നഷ്ടപ്പെട്ടവർ, വികലാംഗർ, വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ, മാരകരോഗബാധിതർ തുടങ്ങിയവർ ഉണ്ടെങ്കിൽ അവരിൽനിന്നു വിവേചനാധികാരം ഉപയോഗിച്ചു സർക്കാർ തെരഞ്ഞെടുക്കും.

മത്സ്യത്തൊഴിലാളിഗ്രാമം തിരിച്ചു ലഭിച്ച യോഗ്യതയുള്ള അപേക്ഷകളുടെ എണ്ണവും ആകെ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള യൂണിറ്റുകളുടെ എണ്ണവും തമ്മിലുള്ള അനുപാതം ആയിരിക്കണം ഭവനനിർമ്മാണഗ്രാന്റിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഓരോ ഗ്രാമത്തിനുമുള്ള ക്വാട്ട നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനം. ഓരോ ഗ്രമത്തിലെയും അപേക്ഷകൾ പ്രത്യേകം പ്രത്യേകം വേണം നറുക്കെടുക്കാൻ.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്

(ബി) റേഷൻ കാർഡിലെ 1, 2, 3 എന്നീ പേജുകളുടെ പകർപ്പ്

(സി) ആധാർ കാർഡ്/തിരിച്ചറിയൽ രേഖയുടെ പകർപ്പ്

(ഡി) അപേക്ഷകർ വിധവയോ ഭർത്താവ് ഉപേക്ഷിച്ചവരോ വികലാംഗരോ മാരകരോഗമുള്ളവരോ പ്രകൃതി ദുരന്തത്തിൽ വീടു നഷ്ടപ്പെട്ടവരോ ആണെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്

(ഇ) അപേക്ഷകർക്കു സ്വന്തമായോ ജീവിതപങ്കാളിയുടെയോ മക്കളുടെയോ പേരിലോ സ്ഥലം ഇല്ലെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്

(എഫ്) അപേക്ഷകരുടെ ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും അഡ്രസ്സും വ്യക്തമാക്കിയിട്ടുള്ള പേജിന്റെ പകർപ്പ്

## 19.3 ഭൂരഹിതമത്സ്യത്തൊഴിലാളികൾക്കു കെട്ടിടസമുച്ചയം നിർമ്മിച്ചു നല്കുന്ന പദ്ധതി

സ്വന്തം പേരിലോ ജീവിതപങ്കാളിയുടെ പേരിലോ ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്കു ഭൂമി വാങ്ങി കെട്ടിടസമുച്ചയം നിർമ്മിക്കുന്ന പദ്ധതി

**അർഹതാമാനദണ്ഡം:**

കേരള മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള, നിലവിൽ വിഹിതം പൂർണ്ണമായും അടച്ചുകൊണ്ടിരിക്കുന്ന, സജീവമത്സ്യത്തൊഴിലാളി ആയിരിക്കണം.

വിവാഹിതരായിരിക്കണം.

സ്വന്തമായോ ജീവിതപങ്കാളിയുടെയോ മക്കളുടെയോ പേരിലോ ഭൂമിയോ വാസ യോഗ്യമായ വീടോ ഉണ്ടായിരിക്കരുത്.

അനുവദിക്കുന്ന കെട്ടിടസമുച്ചയത്തിൽ താമസിക്കാൻ സമ്മതമായിരിക്കണം.

**മുൻഗണനാമാനദണ്ഡം:**

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | കടലാക്രമണത്തിൻ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബം | 50 |
| 2 | വേലിയേറ്റ രേഖയിൽനിന്നു നിലവിൽ വീടു സ്ഥിതിചെയ്യുന്ന ദൂരം | |
| | 1. ഒന്നാംനിര | 15 |
| | 2. രണ്ടാംനിര | 10 |
| | 3. മൂന്നാംനിര | 5 |
| 3 | മത്സ്യത്തൊഴിലാളിവിധവ/ഉപേക്ഷിക്കപ്പെട്ടവർ | 10 |
| 4 | കാൻസറിനോ മാരകമായവൃക്കരോഗത്തിനോ ചികിത്സയിലുള്ള നിത്യരോഗികൾ ഉള്ള കുടുംബം | 10 |
| 5 | 1) വിവാഹം കഴിഞ്ഞ് 15 വർഷത്തിലധികമായ കുടുംബം | 15 |
| | 2) വിവാഹം കഴിഞ്ഞ് 10 മുതൽ 15 വരെ വർഷമായ കുടുംബം | 10 |
| | 3) വിവാഹം കഴിഞ്ഞ് 5 മുതൽ 10 വരെ വർഷമായ കുടുംബം | 5 |
| | 4) വിവാഹം കഴിഞ്ഞ് 5 വർഷത്തിൽത്താഴെയുള്ള കുടുംബം | 1 |
| 7 | മത്സ്യബന്ധനത്തിനിടയിലോ അല്ലാതെയോ അപകടത്തിൽപ്പെട്ട, ഫിഷറീസിന്റെ ആക്സിഡന്റ് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിവഴി ധനസഹായം ലഭിച്ച മത്സ്യത്തൊഴിലാളി ഉൾപ്പെടുന്ന കുടുംബം | 10 |
| 8 | ശാരീരികവെല്ലുവിളി നേരിടുന്ന മത്സ്യത്തൊഴിലാളി | 10 |
| 9 | ബുദ്ധിമാന്ദ്യം ബാധിച്ച കുട്ടികളോ അംഗങ്ങളോ ഉൾപ്പെട്ട കുടുംബം | 5 |
| 10 | ഒന്നിലധികം കുടുംബങ്ങൾ ഉൾപ്പെടുന്ന കൂട്ടുകുടുംബം | 5 |

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 11 | (എ) വാർദ്ധക്യം ബാധിച്ച മത്സ്യത്തൊഴിലാളിപ്പെൻഷനർ ഉൾപ്പെടുന്ന കുടുംബം | 5 |
| | (ബി) വാർദ്ധക്യം ബാധിച്ച അമ്മയും അച്ഛനും ഉൾപ്പെട്ട കുടുംബം | 2 |
| 12 | 22 വയസ്സിനു മുകളിൽ പ്രായമുള്ളതും അവിവാഹിതരുമായ | |
| | (എ) രണ്ടോ അതിൽക്കൂടുതലോ പെൺമക്കൾ ഉള്ള കുടുംബം | 5 |
| | (ബി) ഒരു പെൺകുട്ടിയുള്ള കുടുംബം | 2 |
| 13 | ഉന്നതവിദ്യാഭ്യാസം (ഡിഗ്രിതലം മുതൽ) ചെയ്യുന്ന | |
| | (എ) രണ്ടോ അതിൽക്കൂടുതലോ മക്കൾ ഉള്ള കുടുംബം | 5 |
| | (ബി) ഒരാൾ മാത്രം ഉള്ള കുടുംബം | 2 |
| | ആകെ | 150 |

**ഗുണഭോക്തൃതെരഞ്ഞെടുപ്പ്:** ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി അർഹരായവരുടെ പ്രാഥമികലിസ്റ്റ് മത്സ്യഗ്രാമാടിസ്ഥാനത്തിൽ തയ്യാറാക്കി മത്സ്യഭവൻ, തദ്ദേശസ്വയംഭരണസ്ഥാപനം, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ച് പരാതികൾ പരിഹരിച്ച് അന്തിമ അർഹതാലിസ്റ്റ് തയ്യാറാക്കുന്നു. ആ ലിസ്റ്റ് കളക്ടർ ചെയർമാനായ ജില്ലാതല ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നു.

അനുവദിക്കാനുള്ള യൂണിറ്റുകളെക്കാൾ കൂടുതൽ അപേക്ഷകൾ ഉള്ളപക്ഷം നറുക്കെടുപ്പിലൂടെ അർഹതയുടെ അടിസ്ഥാനത്തിൽ ജില്ലാതല ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം. എന്നാൽ, ഓരോ ജില്ലയിലും അനുവദിക്കുന്ന ആകെയുള്ള യൂണിറ്റുകളുടെ 90 ശതമാനമേ ഇത്തരത്തിൽ തെരഞ്ഞെടുക്കാൻ പാടുള്ളൂ. ബാക്കി 10 ശതമാനം, നറുക്കെടുക്കപ്പെടാതെപ്പോയ അപേക്ഷകരിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ഗണത്തിൽപ്പെടുന്ന, പ്രകൃതിദുരന്തത്തിൽ വീടു നഷ്ടപ്പെട്ടവർ, വികലാംഗർ, വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ, മാരകരോഗബാധിതർ തുടങ്ങിയവർ ഉണ്ടെങ്കിൽ അവരിൽനിന്നു വിവേചനാധികാരം ഉപയോഗിച്ചു സർക്കാർ തെരഞ്ഞെടുക്കും.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്

(ബി) റേഷൻ കാർഡിലെ 1, 2, 3 എന്നീ പേജുകളുടെ പകർപ്പ്

(സി) ആധാർ കാർഡ്/തിരിച്ചറിയൽ രേഖയുടെ പകർപ്പ്

(ഡി) അപേക്ഷകർ വിധവയോ ഭർത്താവ് ഉപേക്ഷിച്ചവരോ വികലാംഗരോ മാരകരോഗമുള്ളവരോ പ്രകൃതി ദുരന്തത്തിൽ വീടു നഷ്ടപ്പെട്ടവരോ ആണെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്

(ഇ) അപേക്ഷകർക്കു സ്വന്തമായോ ജീവിതപങ്കാളിയുടെയോ മക്കളുടെയോ പേരിലോ സ്ഥലം ഇല്ലെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്

(എഫ്) അപേക്ഷകരുടെ ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും അഡ്രസ്സും വ്യക്തമാക്കിയിട്ടുള്ള പേജിന്റെ പകർപ്പ്

## 19.4 മത്സ്യത്തൊഴിലാളി ഭവനപുനരുദ്ധാരണപദ്ധതി

കാലപ്പഴക്കംമൂലമോ കടലാക്രമണംമൂലമോ പ്രകൃതിക്ഷോഭങ്ങൾമൂലമോ നാശം സംഭവിച്ചതും പുനരുദ്ധാരണം നടത്തിയാൽ വാസയോഗ്യമാക്കാൻ കഴിയുന്നതുമായ വീടുള്ള മത്സ്യത്തൊഴിലാളികൾക്കു ധനസഹായം.

**അർഹതാമാനദണ്ഡം:**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള, നിലവിൽ വിഹിതം പൂർണ്ണമായും അടച്ചുകൊണ്ടിരിക്കുന്ന, സജീവമത്സ്യത്തൊഴിലാളി ആയിരിക്കണം.

വിവാഹിതരായിരിക്കണം.

സ്വന്തമായോ ജീവിതപങ്കാളിയുടെയോ മക്കളുടെയോ പേരിലോ പുനരുദ്ധാരണത്തിലൂടെ വാസയോഗ്യമാക്കാൻ കഴിയുന്ന വീടുണ്ടായിരിക്കണം.

പ്രസ്തുത വീട് തീരത്തുനിന്ന് 50 മീറ്റർ ദൂരപരിധിയുടെ വെളിയിലായിരിക്കണം.

**മുൻഗണനാമാനദണ്ഡം:**

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | 50 ചതുരശ്ര മീറ്ററിൽ താഴെയുള്ള ഭവനം | |
| | 10 മുതൽ 100 വരെ ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള ഭവനം | 25 |
| 2 | മത്സ്യത്തൊഴിലാളിവിധവ/ഉപേക്ഷിക്കപ്പെട്ടവർ | 15 |
| 3 | കാൻസറിനോ മാരകമായവൃക്കരോഗത്തിനോ ചികിത്സയിലുള്ള നിത്യരോഗികൾ ഉള്ള കുടുംബം | 15 |

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 4 | മത്സ്യബന്ധനത്തിനിടയിലോ അല്ലാതെയോ അപകടത്തിൽപ്പെട്ട, ഫിഷറീസിന്റെ ആക്സിഡന്റ് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിവഴി ധനസഹായം ലഭിച്ച മത്സ്യത്തൊഴിലാളി ഉൾപ്പെടുന്ന കുടുംബം | 10 |
| 8 | ശാരീരികവെല്ലുവിളി നേരിടുന്ന മത്സ്യത്തൊഴിലാളി ഉള്ള കുടുംബം | 10 |
| 9 | ബുദ്ധിമാന്ദ്യം ബാധിച്ച കുട്ടികളോ അംഗങ്ങളോ ഉള്ള കുടുംബം | 5 |
| 10 | ഒന്നിലധികം കുടുംബങ്ങൾ ഉൾപ്പെടുന്ന കൂട്ടുകുടുംബം | 5 |
| 11 | (എ) വാർദ്ധക്യം ബാധിച്ച മത്സ്യത്തൊഴിലാളി പെൻഷനർ ഉൾപ്പെടുന്ന കുടുംബം | 5 |
| | (ബി) വാർദ്ധക്യം ബാധിച്ച അമ്മയും അച്ഛനും ഉൾപ്പെട്ട കുടുംബം | 2 |
| 12 | 22 വയസ്സിനു മുകളിൽ പ്രായമുള്ളതും അവിവാഹിതരുമായ | |
| | (എ) രണ്ടോ അതിൽക്കൂടുതലോ പെൺമക്കൾ ഉള്ള കുടുംബം | 5 |
| | (ബി) ഒരു പെൺകുട്ടി ഉള്ള കുടുംബം | 2 |
| 13 | ഉന്നതവിദ്യാഭ്യാസത്തിനു (ഡിഗ്രിതലം മുതൽ) പഠിക്കുന്ന | |
| | (എ) രണ്ടോ അതിൽക്കൂടുതൽ മക്കൾ ഉള്ള കുടുംബം | 5 |
| | (ബി) ഒരാൾ മാത്രമുള്ള കുടുംബം | 1 |
| | ആകെ | 100 |

**ഗുണഭോക്തൃതെരഞ്ഞെടുപ്പ്:**

ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി അർഹരായവരുടെ പ്രാഥമികലിസ്റ്റ് മത്സ്യഗ്രാമാടിസ്ഥാനത്തിൽ തയ്യാറാക്കി മത്സ്യഭവൻ, തദ്ദേശസ്വയംഭരണസ്ഥാപനം, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ച് പരാതികൾ പരിഹരിച്ച് അന്തിമ അർഹതാലിസ്റ്റ് തയ്യാറാക്കുന്നു. ആ ലിസ്റ്റ് കളക്ടർ ചെയർമാനായ ജില്ലാതല ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നു.

അനുവദിക്കാനുള്ള യൂണിറ്റുകളെക്കാൾ കൂടുതൽ അപേക്ഷകൾ ഉള്ളപക്ഷം നറുക്കെടുപ്പിലൂടെ അർഹതയുടെ അടിസ്ഥാനത്തിൽ ജില്ലാതല ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം.

മത്സ്യത്തൊഴിലാളിഗ്രാമം തിരിച്ച് ലഭിച്ച യോഗ്യതയുള്ള അപേക്ഷകളുടെ എണ്ണവും ആകെ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള യൂണിറ്റുകളുടെ എണ്ണവും തമ്മിലുള്ള അനുപാതം ആയിരിക്കണം ഭവനനിർമ്മാണഗ്രാന്റിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഓരോ ഗ്രാമത്തിനുമുള്ള ക്വാട്ട നിശ്ചയിക്കുന്നന്റെ അടിസ്ഥാനം. ഓരോ ഗ്രമത്തിലെയും അപേക്ഷകൾ പ്രത്യേകം പ്രത്യേകം വേണം നറുക്കെടുക്കാൻ.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്

(ബി) റേഷൻ കാർഡിലെ 1, 2, 3 എന്നീ പേജുകളുടെ പകർപ്പ്

(സി) ആധാർ കാർഡ്/തിരിച്ചറിയൽ രേഖയുടെ പകർപ്പ്

(ഡി) അപേക്ഷകർ വിധവയോ ഭർത്താവ് ഉപേക്ഷിച്ചവരോ വികലാംഗരോ മാരകരോഗമുള്ളവരോ ആണെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്

(ഇ) അപേക്ഷകർക്കു സ്വന്തമായോ ജീവിതപങ്കാളിയുടെയോ മക്കളുടെയോ പേരിലോ സ്ഥലം ഇല്ലെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്

(എഫ്) അപേക്ഷകരുടെ ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും അഡ്രസ്സും വ്യക്തമാക്കിയിട്ടുള്ള പേജിന്റെ പകർപ്പ്.

## 19.5 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ്

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് ഉന്നത വിദ്യാഭ്യാസസാദ്ധ്യതകളെയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സാദ്ധ്യതകളെയും കുറിച്ച് ബോധവത്ക്കരണം നല്കുന്ന പദ്ധതി.

**പദ്ധതിനിർവ്വഹണം:**

മത്സ്യവകുപ്പ് ജില്ലാഓഫീസുകൾവഴി നേരിട്ടു നടപ്പാക്കുന്നു. ഒരു പരിപാടിയിൽ 100 വിദ്യാർത്ഥികളിൽ അധികമാകരുത്. കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, വ്യക്തിത്വവികസനം, കമ്മ്യൂണിക്കേഷൻ എന്നിവയിലും ക്ലാസ്സുകൾ ഏർപ്പെടുത്തും.

## 19.6 വിദ്യാതീരം

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കു മെഡിക്കൽ എൻട്രൻസ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, പി.എസ്.സി. പരീക്ഷകൾ എന്നിവയ്ക്കു സൗജന്യ പരിശീലനം നല്കുന്ന പദ്ധതി.

### പി.എസ്.സി. പരീക്ഷാപരിശീലനം

**അർഹതാമാനദണ്ഡം:**

രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയുടെ മക്കൾ

പ്രായം 18-നും 40-നും ഇടയിൽ

ബിരുദപരീക്ഷയ്ക്ക് 50%-ത്തിൽ കുറയാത്ത മാർക്ക്

**മുൻഗണനാമാനദണ്ഡം:**

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | ബിരുദപരീക്ഷ ആദ്യാവസരത്തിൽ ജയിച്ചവർ | 40 |
| 2 | അമ്മയും അച്ഛനും മരിച്ച കുടുംബത്തിലെ അംഗം | 10 |
| | മാതാപിതാക്കളിൽ ഒരാൾ മരിച്ചത് | 5 |
| 3 | ബിരുദപരീക്ഷയ്ക്കു ലഭിച്ച മാർക്കിന്റെ ശതമാനം | |
| | 90-100% | 50 |
| | 80-89% | 40 |
| | 70-79% | 30 |
| | 60-69% | 20 |
| | 50-59% | 10 |
| | ആകെ | 100 |

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:** അമ്മയോ അച്ഛനോ രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയാണെന്നു തെളിയിക്കുന്ന ഫിഷറീസ് ഓഫീസറുടെ സാക്ഷ്യപത്രം, അല്ലെങ്കിൽ മത്സ്യബോർഡ് നൽകിയ പാസ്സ്ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്.

ബിരുദപരീക്ഷ 50% മാർക്കോടെ വിജയിച്ചു എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്.

ബിരുദപരീക്ഷയുടെ മാർക്ക് ഷീറ്റിന്റെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ്.

അമ്മയും അച്ഛനും മരിച്ചിട്ടുണ്ടെങ്കിൽ അതു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

**തെരഞ്ഞെടുപ്പ്:** മുൻഗണനാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാഓഫീസുകളിൽ ജില്ലാതലഗുണഭോക്താക്കളുടെ അന്തിമലിസ്റ്റ് തയ്യാറാക്കുന്നു. ഈ ലിസ്റ്റ് അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ അന്തിമഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നു.

## 19.7 ബാങ്കിംഗ് പരീക്ഷാപരിശീലനം

**അർഹതാമാനദണ്ഡം:**

1. രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയുടെ മക്കൾ

2. പ്രായം 18 നും 40 നും ഇടയിൽ
3. ബിരുദപരീക്ഷയ്ക്ക് 60% ത്തിൽ കുറയാത്ത മാർക്ക്

**മുൻഗണനാമാനദണ്ഡം:**

| ക്രമനം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | ബിരുദപരീക്ഷ ആദ്യാവസരത്തിൽ ജയിച്ചവർ | 40 |
| 2 | അമ്മയും അച്ഛനും മരിച്ച കുടുംബത്തിലെ അംഗം | 10 |
| | മാതാപിതാക്കളിൽ ഒരാൾ മരിച്ചത് | 5 |
| 3 | ബിരുദപരീക്ഷയ്ക്കു ലഭിച്ച മാർക്കിന്റെ ശതമാനം | |
| | 90-100% | 50 |
| | 80-89% | 40 |
| | 70-79% | 30 |
| | 60-69% | 20 |
| | 50-59% | 10 |
| | ആകെ | 100 |

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അമ്മയോ അച്ഛനോ രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയാണെന്നു തെളിയിക്കുന്ന ഫിഷറീസ് ഓഫീസറുടെ സാക്ഷ്യപത്രമോ മത്സ്യബോർഡ് നൽകിയ പാസ്സ്ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ
2. ബിരുദപരീക്ഷ 60% മാർക്കോടെ വിജയിച്ചു എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. ബിരുദപരീക്ഷയുടെ മാർക്ക് ഷീറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. അമ്മയും അച്ഛനും മരിച്ചിട്ടുണ്ടെങ്കിൽ അതു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

**തെരഞ്ഞെടുപ്പ്:** മുൻഗണനാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസുകളിൽ ജില്ലാതലഗുണഭോക്താക്കളുടെ അന്തിമലിസ്റ്റ് തയ്യാറാക്കുന്നു. ഈ ലിസ്റ്റ് അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ അന്തിമഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നു.

## 19.8 സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം

**അർഹതാമാനദണ്ഡം:**

1. രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയുടെ മക്കൾ

2. പ്രായം 18 നും 40 നും ഇടയിൽ
3. ബിരുദപരീക്ഷയ്ക്ക് 60% ത്തിൽ കുറയാത്ത മാർക്ക്

**മുൻഗണനാമാനദണ്ഡം:**

| ക്രമനം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | ബിരുദപരീക്ഷ ആദ്യാവസരത്തിൽ ജയിച്ചവർ | 40 |
| 2 | അമ്മയും അച്ഛനും മരിച്ച കുടുംബത്തിലെ അംഗം | 10 |
| | മാതാപിതാക്കളിൽ ഒരാൾ മരിച്ചത് | 5 |
| 3 | ബിരുദപരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ ശതമാനം | |
| | 90-100% | 50 |
| | 80-89% | 40 |
| | 70-79% | 30 |
| | 60-69% | 20 |
| | ആകെ | 100 |

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അമ്മയോ അച്ഛനോ രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയാണെന്ന തെളിയിക്കുന്ന ഫിഷറീസ് ഓഫീസറുടെ സാക്ഷ്യപത്രമോ മത്സ്യബോർഡ് നൽകിയ പാസ്സ്ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ
2. ബിരുദപരീക്ഷ 60% മാർക്കോടെ വിജയിച്ച എന്ന തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. ബിരുദപരീക്ഷയുടെ മാർക്ക് ഷീറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. അമ്മയും അച്ഛനും മരിച്ചിട്ടുണ്ടെങ്കിൽ അതു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

**തെരഞ്ഞെടുപ്പ്:**

മുൻഗണനാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസുകളിൽ ജില്ലാതല ഗുണഭോക്താക്കളുടെ അന്തിമലിസ്റ്റ് തയ്യാറാക്കുന്നു. ഈ ലിസ്റ്റ് അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ അന്തിമഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നു.

## 19.9 മെഡിക്കൽ എൻട്രൻസ്

**അർഹതാമാനദണ്ഡം:**

1. രജിസ്റ്റേഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ

2. പ്രായം 17 നും 20 നും ഇടയിൽ
3. പ്ലസ് ടു, വി.എച്ച്.എസ്.ഇ. തുടങ്ങിയവയിലോ തത്തുല്യപരീക്ഷകളിലോ 90% ത്തിലോ അതിനുമുകളിലോ മാർക്ക്, അല്ലെങ്കിൽ മുൻവർഷത്തെ എൻട്രൻസ് പരീക്ഷയിൽ 40% മാർക്ക് നേടിയിരിക്കണം
4. റെസിഡെൻഷ്യൽ രീതിയിൽ പരിശീലനകേന്ദ്രത്തിൽ നിന്നുപഠിക്കാൻ സമ്മതമായിരിക്കണം
5. മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവർ ആകരുത്.

**മുൻഗണനാമാനദണ്ഡം:**

| ക്രമനം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | പ്ലസ് ടു പരീക്ഷയ്ക്കു ലഭിച്ച മാർക്കിന്റെ ശതമാനം | |
| | i) 100% | 40 |
| | ii) 95% നും 100% നും ഇടയിൽ | 30 |
| | iii) 90% നും 95% നും ഇടയിൽ | 20 |
| | iv) 85% നും 90% നും ഇടയിൽ | 10 |
| | അല്ലെങ്കിൽ | |
| | v) മുൻവർഷത്തെ എൻട്രൻസിൽ 50% നുമുകളിൽ മാർക്ക് | 40 |
| | vi) 45% മുതൽ 50% വരെ മാർക്ക് | 30 |
| | vii)40% മുതൽ 45% വരെ മാർക്ക് | 20 |
| 2 | i) അമ്മയും അച്ഛനും മരിച്ച കുടുംബത്തിലെ അംഗം | 10 |
| | ii) മാതാപിതാക്കളിൽ ഒരാൾ മരിച്ചത് | 5 |
| 3 | i) പ്ലസ് ടു, വി.എച്ച്.എസ്.ഇ., തത്തുല്യപഠനത്തിന്റെ മീഡിയം | |
| | ii) മലയാളം | 10 |
| | iii) ഇംഗ്ലീഷ് | 5 |
| | ആകെ | 100 |

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അമ്മയോ അച്ഛനോ രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയാണെന്നു തെളിയിക്കുന്ന ഫിഷറീസ് ഓഫീസറുടെ സാക്ഷ്യപത്രമോ മത്സ്യബോർഡ് നൽകിയ പാസ്സ്ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ

2. പ്ലസ് ടു, വി.എച്ച്.എസ്.ഇ., തത്തുല്യപരീക്ഷ 90-ഓ അതിനുമുകളിലോ ശതമാനത്തിൽ വിജയിച്ചു എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. പ്രായം, ജനനത്തീയതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. മുൻവർഷത്തെ മെഡിക്കൽ എൻട്രൻസിൽ 40% മാർക്ക് ലഭിച്ചു എന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
5. അമ്മയും അച്ഛനും മരിച്ചിട്ടുണ്ടെങ്കിൽ അതു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

**തെരഞ്ഞെടുപ്പ്:**

മുൻഗണനാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസുകളിൽ ജില്ലാതലഗുണഭോക്താക്കളുടെ അന്തിമലിസ്റ്റ് തയ്യാറാക്കുന്നു. ഈ ലിസ്റ്റ് അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ അന്തിമഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നു.

## 19.10 മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നതവിദ്യാഭ്യാസം നല്കുന്ന പദ്ധതി

**അർഹതാമാനദണ്ഡം:**

1. മത്സ്യത്തൊഴിലാളിയായ അമ്മയും അച്ഛനും മരിച്ച കുടുംബത്തിലെ കുട്ടികൾ
2. മത്സ്യത്തൊഴിലാളിയായ അമ്മയോ അച്ഛനോ മരിച്ച കുടുംബത്തിലെ വിദ്യാർത്ഥികളായ കുട്ടികൾ

**മുൻഗണനാക്രമത്തിന്റെ മാനദണ്ഡങ്ങൾ:**

| നമ്പർ | മുൻഗണന | മാർക്ക് |
|---|---|---|
| 1 | അമ്മയും അച്ഛനും മരിച്ച കുട്ടി | 100 |
| 2 | മത്സ്യത്തൊഴിലാളിയായ അമ്മയോ അച്ഛനോ മരിച്ച കുട്ടി | |
| | (എ). മത്സ്യബന്ധനത്തിനിടയിൽ മരിച്ചത് | 50 |
| | (ബി). അപകട മരണം | 35 |
| | (സി). മത്സ്യത്തൊഴിലാളിയായ അമ്മയോ അച്ഛനോ മരിച്ചതും ജോലി ചെയ്തു കുടുംബം പുലർത്താൻ കഴിയാത്ത രോഗിയായ അമ്മയോ അച്ഛനോ ഉൾപ്പെട്ടതുമായ കുടുംബം | 30 |
| | (ഡി). സ്വാഭാവിക മരണം | 25 |
| 3 | മുത്തച്ഛൻമാരുടെ പരിരക്ഷയിൽ കഴിയുന്നവർ | 10 |

| നമ്പർ | മുൻഗണന | മാർക്ക് |
|---|---|---|
| 4 | പെൺകുട്ടികൾ മാത്രം ഉൾപ്പെട്ട കുടുംബം | 15 |
| 5 | പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു പഠിക്കുന്ന കുട്ടി | 15 |
| | (എ). ഡിഗ്രി തലം | 10 |
| | (ബി). പ്രീ. മെട്രിക് & പ്ലസ് ടൂ/വി.എച്ച്. എസ്സ്.സി | 5 |
| | ആകെ | 150 |

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. മരിച്ച മത്സ്യത്തൊഴിലാളി രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയാണെന്നു തെളിയിക്കുന്ന ക്ഷേമനിധി ബോർഡ് പാസ് ബുക്കിന്റെ പകർപ്പോ ഫിഷറീസ് ഓഫീസറുടെ സാക്ഷ്യപത്രമോ
2. മരിച്ച രക്ഷിതാവിന്റെ മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്
3. വിദ്യാർത്ഥി പഠിച്ചുകൊണ്ടിരുന്ന കോഴ്സിന്റെ വിശദാംശങ്ങൾ മേലധികാരി സാക്ഷ്യപ്പെടുത്തിയത്

   അല്ലെങ്കിൽ

   തുടർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സ്/ക്ലാസ്സ്
4. ഹോസ്റ്റലിലാണെങ്കിൽ ഹോസ്റ്റൽ ഫീസ് വിവരവും മറ്റു ചെലവുകളും സംബന്ധിച്ച വിവരം അധികാരി സാക്ഷ്യപ്പെടുത്തിയത്
5. പ്രോഗ്രസ്സ് റിപ്പോർട്ടിന്റെയോ മാർക്ക് ലിസ്റ്റിന്റെയോ പകർപ്പ്

## 19.11 അപേക്ഷ നൽകേണ്ട കേന്ദ്രങ്ങൾ

**മത്സ്യബന്ധനവകുപ്പ് വഴി നടപ്പാക്കുന്ന**
**മത്സ്യത്തൊഴിലാളിക്ഷേമ-വികസനപദ്ധതികൾ**

| തലം | ഓഫീസ് | ഓഫീസർ |
|---|---|---|
| പ്രാദേശികം | മത്സ്യഭവനുകൾ | മത്സ്യഭവൻ ഓഫീസർ |
| ജില്ലാതലം | ജില്ലാമത്സ്യഭവൻ | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/ അസിസ്റ്റന്റ് ഡയറക്ടർ |

### മത്സ്യബന്ധനവകുപ്പ് വഴി നടപ്പാക്കുന്ന മത്സ്യകൃഷിപദ്ധതികൾ

**പ്രാദേശികം:** ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ മത്സ്യകർഷകക്ലബ് അക്വാകൾച്ചർ പ്രമോട്ടർ/മത്സ്യഭവൻ ഓഫീസർ/ പ്രോജക്ട് കോ-ഓർഡിനേറ്റർ

**ജില്ലാതലം:** മത്സ്യകർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

### മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

**പ്രാദേശികം:** മത്സ്യഭവൻ/മത്സ്യത്തൊഴിലാളിക്ഷേമ-വികസനസഹകരസംഘം പ്രോജക്ട് ഓഫീസർ/സെക്രട്ടറി സഹകരണസംഘം

**ജില്ലാതലം:** ജില്ലാ ഓഫീസ്, മത്സ്യഫെഡ് ജില്ലാമനേജർ, മത്സ്യഫെഡ്

### ജലകൃഷിവികസന ഏജൻസി വഴി നടപ്പാക്കുന്ന പദ്ധതികൾ

**പ്രാദേശികം:** മത്സ്യഭവൻ എക്സ്റ്റൻഷൻ ഓഫീസർ/ഫാം ടെക്നീഷ്യൻ/പ്രൊജക്ട് അസിസ്റ്റന്റ്

**മേഖല:** മേഖലാ ഓഫീസ്, ആലപ്പുഴ, എറണാകുളം, തലശ്ശേരി റീജിയണൽ എക്സിക്യൂട്ടീവ്, അഡാക്ക്

### മത്സ്യബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

**പ്രാദേശികം:** മത്സ്യഭവൻ ഫിഷറീസ് ഓഫീസർ

**മേഖല:** മേഖലാ ഓഫീസ്, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ റീജിയണൽ എക്സിക്യൂട്ടീവ്

### അപ്പീലധികാരികൾ

**മത്സ്യബന്ധനവകുപ്പ് വഴിയുള്ള പദ്ധതികൾ:** അഡീഷണൽ ഡയറക്ടർ, ഫിഷറീസ് വകുപ്പ്

**മത്സ്യഫെഡ് വഴിയുള്ള പദ്ധതികൾ:** മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്

**ജലകൃഷി ഏജൻസി വഴിയുള്ള പദ്ധതികൾ:** എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക്

**മത്സ്യബോർഡ് വഴിയുള്ള പദ്ധതികൾ:** കമ്മിഷണർ — മത്സ്യബോർഡ്

**അപ്പലേറ്റ് അതോറിറ്റി:** ഫിഷറീസ് ഡയറക്ടർ

## 19.12 മത്സ്യബോർഡ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾ

### മത്സ്യത്തൊഴിലാളി പദ്ധതി

### മത്സ്യസുരക്ഷാപദ്ധതി (ഗ്രൂപ്പ് ഇൻഷ്വറൻസ്)

**സാമ്പത്തികസഹായം:**

(എ) അപകട മരണം/കാണാതാകൽ: 5 ലക്ഷം രൂപ

(ബി) അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത: 5 ലക്ഷം രൂപ

(സി) അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത: 2,50,000 രൂപ

(ഡി) അപകടമരിച്ച മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കു വിദ്യാഭ്യാസസഹായം (രണ്ടുപേർക്ക് 5,000 രൂപ വീതം): 10,000 രൂപ

**അർഹതാമാനദണ്ഡം:**

മത്സ്യത്തൊഴിലാളിക്ഷേമനിധിബോർഡിൽ അംഗത്വമുള്ള, കുടിശ്ശികയില്ലാതെ ക്ഷേമനിധിവിഹിതം അടയ്ക്കുന്ന പ്രവർത്തനോന്മുഖ മത്സ്യ/ അനുബന്ധ തൊഴിലാളികൾ അർഹരായിരിക്കും.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:** മരണമാണെങ്കിൽ

1. അസ്സൽ മരണസർട്ടിഫിക്കറ്റ്
2. പൊലീസ് സ്റ്റേഷനിലെ പ്രഥമവിവരറിപ്പോർട്ടിന്റെ പകർപ്പ്
3. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശരീരഭാഗങ്ങൾ രാസപരിശോധനയ്ക്കായി അയച്ചിരിക്കുന്നതായി രേഖപ്പെടുത്തിയാൽ രാസപരിശോധനാറിപ്പോർട്ടും നൽകണം.

ശാരീരിക അവശതയാണെങ്കിൽ

1. ആശുപത്രിയിലെ കേസ് സർട്ടിഫിക്കറ്റ്/ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്
2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിശ്ചിതഫോമിൽ

അപകടം മൂലം കാണാതാവുകയാണെങ്കിൽ

3. പൊലീസ് സ്റ്റേഷനിൽ നിന്നുള്ള റിപ്പോർട്ട്
4. കളക്ടർ/ആർ.ഡി.ഒ. നല്കുന്ന സർട്ടിഫിക്കറ്റ്
5. മാർഗ്ഗരേഖപ്രകാരമുള്ള അവകാശിയുടെ സത്യപ്രസ്താവന നോട്ടറി സാക്ഷ്യപ്പെടുത്തിയത്

## 19.13 മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മികകാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്കു ധനസഹായം

**സാമ്പത്തികസഹായം:** പരമാവധി 50,000 രൂപ

**അർഹതാമാനദണ്ഡം:**

1. ക്ഷേമനിധിവിഹിതം പൂർണ്ണമായി അടച്ചിരിക്കണം.
2. 60 വയസ്സിൽത്താഴെ പ്രായമുള്ള ആളായിരിക്കണം.
3. 60 വയസ്സിനുശേഷം തൊഴിൽ തുടരുകയും പട്ടികയിൽ പേരുണ്ടായിരിക്കുകയും വിഹിതങ്ങൾ കൃത്യമായി അടയ്ക്കുകയും ചെയ്യുന്നവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. മരണ സർട്ടിഫിക്കറ്റ് — അസ്സൽ
2. ആശുപത്രിയിൽ പ്രവേശിപ്പിച്ച ശേഷമാണു മരണമെങ്കിൽ, മരണം അപ്രതീക്ഷിത കാരണങ്ങൾകൊണ്ട് ആയിരുന്നുവെന്നു തെളിയിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ്
3. പൊലീസ് സ്റ്റേഷനിൽനിന്നു ലഭിക്കുന്ന പ്രഥമവിവരറിപ്പോർട്ടിന്റെ പകർപ്പ്
4. മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ്സ്ബുക്കിന്റെ ഫോട്ടോകോപ്പി ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
5. ഫിഷറീസ് ഓഫീസറുടെയും മേഖലാഎക്സിക്യൂട്ടീവിന്റെയും അന്വേഷണറിപ്പോർട്ട് പ്രകാരം ധനസഹായം അനുവദിക്കും

**അപ്പീൽ:**

കമ്മിഷണറാണ് ഈ പദ്ധതിപ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്. കമ്മിഷണറുടെ തീരുമാനത്തിൻമേൽ ആക്ഷേപമുണ്ടെങ്കിൽ ആയതിനുള്ള അപ്പീൽ: ബോർഡിന്റെ പരിഗണനയ്ക്കായി ബോർഡ് ചെയർമാന് നൽകാം. ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

## 19.14 പെൺമക്കളുടെ വിവാഹത്തിനു ധനസഹായം

**സാമ്പത്തികസഹായം:** പരമാവധി 10,000 രൂപ

**അർഹതാമാനദണ്ഡം:**

1. 60 വയസ്സിൽത്താഴെ പ്രായമുള്ള മത്സ്യത്തൊഴിലാളി (രണ്ടു പെൺമക്കളുടെയും വിവാഹത്തിന് അപേക്ഷിക്കാം.)
2. മത്സ്യത്തൊഴിലാളികളുടെ വിധവകൾ (രണ്ടു പെൺമക്കളുടെയും വിവാഹത്തിന് അപേക്ഷിക്കാം)
3. 60 വയസ്സിൽ കൂടുതൽ പ്രായമുള്ള മത്സ്യത്തൊഴിലാളികൾ
4. പെൻഷൻകാർ
5. പെൻഷൻകാരുടെ വിധവകൾ (3, 4, 5)

   (മുൻപൊരിക്കലും ഈ സഹായം ലഭിച്ചിട്ടില്ലെങ്കിൽ ഒരു മകളുടെ മാത്രം വിവാഹത്തിനു ധനസഹായാപേക്ഷ നൽകാം)
6. വധു മത്സ്യത്തൊഴിലാളിയാണെങ്കിൽ
7. മത്സ്യത്തൊഴിലാളിയായ അച്ഛൻ/അമ്മ മരിച്ചാൽ (7, 8 നേരിട്ട് അപേക്ഷ നൽകാം) വിവാഹശേഷം 60 ദിവസത്തിനുള്ളിൽ നൽകണം.
8. വധുവിനു വിവാഹത്തീയതിക്ക് 18 വയസ്സു പൂർത്തിയായിരിക്കണം
9. അപേക്ഷകരുടെ കുടുംബവാർഷികവരുമാനം റേഷൻ കാർഡിൽ 50,000 രൂപയിൽത്താഴെ ആയിരിക്കണം

10. മത്സ്യത്തൊഴിലാളിവിഹിതങ്ങൾ പൂർണ്ണമായി അടച്ചിരിക്കണം
11. അംഗത്വമെടുത്ത് ആദ്യമായി വിഹിതമടച്ചതുമുതൽ മൂന്നുവർഷം കഴിഞ്ഞാൽ മാത്രമേ ധനസഹായം ലഭിക്കൂ
12. ക്ഷേമനിധിയംഗത്വമുണ്ടായിരിക്കേ അപകടയിൻഷ്വറൻസ് പദ്ധതിയിൽ വിവക്ഷിക്കുന്നവിധം അവശത അനുഭവിക്കുകയും മത്സ്യത്തൊഴിലാളിപ്പട്ടികയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അവർക്കും ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട്

**അപേക്ഷിക്കേണ്ട വിധം:**

1. വിവാഹ തീയതിക്ക് മുമ്പായി അപേക്ഷ ഫിഷറീസ് ഓഫീസർക്ക് നല്കണം
2. നിശ്ചിതഫോമിൽ അപേക്ഷയുടെ രണ്ടുപതിപ്പ്നൽകണം

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. വധുവിന്റെ വയസ്സ് തെളിയിക്കാനായി സ്കൂളിൽനിന്നു ലഭിച്ച രേഖയുടെ പകർപ്പ്/ ജനന-മരണ രജിസ്ട്രാറിൽനിന്നുള്ള സർട്ടിഫിക്കറ്റ്/ ജ്ഞാനസ്നാന സർട്ടിഫിക്കറ്റ്
2. വിവാഹം നിശ്ചയിച്ച എന്നു തെളിയിക്കാൻ ഉത്തരവാദിത്വപ്പെട്ട സ്ഥാപനത്തിന്റേയോ സംഘടനയുടെയോ ഭാരവാഹികളിൽനിന്നു ലഭിച്ച സർട്ടിഫിക്കറ്റ്
3. അച്ഛനും മകളും കൂട്ടായി എഴുതിയ സത്യവാങ്മൂലം — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
4. 50,000 രൂപയിൽത്താഴെ റേഷൻ കാർഡിൽ വാർഷികവരുമാനം രേഖപ്പെടുത്തിയതിന്റെ പകർപ്പ്
5. മത്സ്യബോർഡ് പാസ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്

**ധനഹായം അനുവദിക്കൽ:**

തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ മേഖലകളിലെ റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.15 മത്സ്യത്തൊഴിലാളിയുടെ ആശ്രിതരുടെ മരണാനന്തരച്ചെലവുകൾക്കു ധനസഹായം

**സാമ്പത്തികസഹായം:** പരമാവധി 600 രൂപ

**അർഹതാമാനദണ്ഡം:**

മത്സ്യത്തൊഴിലാളിയുടെ അച്ചൻ, അമ്മ, ഭാര്യ/ ഭർത്താവ്, മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ

പദ്ധതിപ്രകാരമുള്ള ധനസഹായം നൽകുന്നത്. ആശ്രിതർ മരിച്ച് മൂന്നുമാസത്തിനകം അപേക്ഷ നൽകിയിരിക്കണം

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. ആശ്രിതരുടെ മരണസർട്ടിഫിക്കറ്റ്
2. മത്സ്യബോർഡ് പാസ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
3. ഒരാളുടെ മരണത്തോടനുബന്ധിച്ച് ഒന്നിലധികം മത്സ്യത്തൊഴിലാളികൾ അപേക്ഷകരായുണ്ടെങ്കിൽ, തുക അർഹരായ അപേക്ഷകർക്കു തുല്യമായി വീതിച്ചോ അവർ യോജിച്ചു രേഖാമൂലം ആവശ്യപ്പെടുന്നയാൾക്കോ നൽകും.

**ധനഹായം അനുവദിക്കൽ:**

തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ മേഖലകളിലെ റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നത്. അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.16 വാർദ്ധക്യകാലപെൻഷൻ പദ്ധതി

**സാമ്പത്തികസഹായം:** പരമാവധി 1100 രൂപ

**അർഹതാമാനദണ്ഡം:**

1. മത്സ്യത്തൊഴിലാളിക്ഷേമനിധിയിൽ അംഗമായിരിക്കണം.
2. കേരളത്തിൽ കുറഞ്ഞത് പത്തുവർഷമെങ്കിലും മത്സ്യത്തൊഴിലാളിയായി ജോലി ചെയ്ത് ഉപജീവനം കഴിക്കുന്നയാളായിരിക്കണം.
3. 60 വയസ്സു പൂർത്തിയാക്കിയിരിക്കണം.
4. തൊഴിലിൽനിന്നു വിരമിച്ചിരിക്കണം.
5. അപേക്ഷാതിയ്യതിതൊട്ട് അഞ്ചുവർഷം മുമ്പെങ്കിലും മത്സ്യബോർഡിൽവിഹിതം അടച്ചിരിക്കണം
6. 50,000 രൂപവരെ വാർഷികവരുമാനപരിധി റേഷൻ കാർഡ് പ്രകാരം
7. 60 വയസ്സ് പൂർത്തിയാക്കുന്ന സാമ്പത്തികവർഷത്തിൽ മാർച്ച് 31-നുമുമ്പായി അപേക്ഷ നൽകണം

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അപേക്ഷകന്റെ വയസ്സു തെളിയിക്കാൻ സ്കൂളിൽനിന്നു ലഭിച്ച രേഖയുടെ പകർപ്പ്/ജനന-മരണരജിസ്ട്രാറിൽനിന്നുള്ള സർട്ടിഫിക്കറ്റ്/ജ്ഞാനസ്നാനസർട്ടിഫിക്കറ്റ്. ഇവയൊന്നും ലഭിച്ചില്ലെങ്കിൽ നിശ്ചിതഫോമിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.

2. അപേക്ഷകന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
3. അപേക്ഷകർക്ക് ആധാറുമായി ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട് വേണം. ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം നൽകണം
4. പഞ്ചായത്തിൽനിന്നു സാമൂഹികസുരക്ഷാപെൻഷനുകൾ ഒഴികെ മറ്റു പെൻഷനുകളൊന്നും ലഭിക്കുന്നില്ല എന്നുള്ള സർട്ടിഫിക്കറ്റ്
5. റേഷൻ കാർഡിന്റെ പകർപ്പ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
6. ജൂൺ ഒന്നുമുതൽ മാർച്ച് 31 വരെയുള്ള പ്രവൃത്തിദിവസങ്ങളിൽ അപേക്ഷിക്കാം
7. അപേക്ഷയുടെ രണ്ടുപകർപ്പുകൾ നിശ്ചിതഫോമിൽ ഫിഷറീസ് ഓഫീസർക്കു നൽകണം

**പെൻഷൻ അനുമതി:**

1. അപേക്ഷിച്ചശേഷമുള്ള സാമ്പത്തികവർഷം ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തിൽ വരത്തക്കവിധമാണു പെൻഷൻ അനുവദിക്കുന്നത്
2. പെൻഷൻ അനുവദിച്ച വിവരം പാസ്സ്ബുക്കിൽ രേഖപ്പെടുത്തി വാങ്ങണം
3. ദേശസാൽകൃതബാങ്കുകൾ വഴിയാണ് പെൻഷൻ വിതരണം ചെയ്യുന്നത്
4. പെൻഷണർമാർക്ക് വാർദ്ധക്യസഹജമായ അസുഖംമൂലം പെൻഷൻതുക കൈപ്പറ്റാൻ കഴിയാത്തവർക്കു മണിയോർഡറായി പെൻഷൻതുക അയച്ചുകൊടുക്കും. മണിയോർഡർ കമ്മീഷൻ പെൻഷൻതുകയിൽനിന്നു കുറവുചെയ്യും.
5. ഫിഷറീസ് ഓഫീസർമാർ ആവശ്യപ്പെടുമ്പോൾ പെൻഷണർമാർ ലൈഫ് സർട്ടിഫിക്കറ്റ് കൊണ്ടുവരണം
6. തുടർച്ചയായി ഒരു വർഷത്തേക്കു പെൻഷൻ വാങ്ങാതിരുന്നാൽ പെൻഷൻ ഉത്തരവു റദ്ദാകും
7. പെൻഷണർ മരിച്ചാൽ മരിച്ച മാസംവരെയുള്ള കുടിശ്ശികപ്പെൻഷൻ ആശ്രിതർക്കു നൽകും

**പെൻഷൻ അനുവദിക്കൽ:**

ബോർഡ് സെക്രട്ടറിയോ ജോയിന്റ് കമ്മിഷണറോ ആണു വാർദ്ധക്യകാലപെൻഷൻ അനുവദിക്കുന്നത്. അപേക്ഷ നിരസിക്കുന്നപക്ഷം നിരസനോത്തരവ് അപേക്ഷകന് അയച്ചുകൊടുക്കണം. നിരസനോത്തരവിന്മേലുള്ള അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.17 അപകടംമൂലം ഉണ്ടാകുന്ന താൽക്കാലികാവശതയ്ക്ക് ആശ്വാസധനസഹായം

**ആനുകൂല്യം:** പരമാവധി 500 രൂപ

**അർഹതാമാനദണ്ഡം:**

അപകടംമൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെവരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസധനസഹായം നൽകുന്ന പദ്ധതിയാണിത്. കുറഞ്ഞത് ഏഴുദിവസമെങ്കിലും തൊഴിൽ ചെയ്യാൻ പറ്റാതെ വന്നാൽമാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കൂ.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. ചികിത്സിച്ച സർക്കാർഡോക്ടറിൽനിന്നു ലഭിച്ച നിശ്ചിതഫോമിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്
2. അപേക്ഷകന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
3. അപേക്ഷ നിശ്ചിതഫോമിൽ രണ്ടുപകർപ്പ് തയ്യാറാക്കി അപകടം സംഭവിച്ചതുമുതൽ മൂന്നുമാസത്തിനകം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്കു നൽകണം

**അപ്പീൽ:**

റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.18 മത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം

**ആനുകൂല്യം:** പരമാവധി 15,000 രൂപ

**അർഹതാമാനദണ്ഡം:**

1. മരിച്ച മത്സ്യത്തൊഴിലാളി 60 വയസ്സിൽത്താഴെ പ്രായമുള്ള ആളായിരിക്കണം
2. 60 വയസ്സിനുശേഷം തൊഴിൽ തുടരുകയും പട്ടികയിൽ പേരുണ്ടായിരിക്കുകയും വിഹിതങ്ങൾ കൃത്യമായി അടയ്ക്കുകയും ചെയ്യുന്നവരുടെ ആശ്രിതർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടും.
3. മത്സ്യത്തൊഴിലാളി ഏതു സാഹചര്യത്തിൽ എവിടെവെച്ചു മരിച്ചാലും ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായം നൽകും.
4. മാർഗ്ഗരേഖപ്രകാരമുള്ള ആശ്രിതർ ഇല്ലെങ്കിൽ ഫിഷറീസ് ഓഫീസറുടെ ശുപാർശപ്രകാരം മരണാനന്തരച്ചെലവുകൾ വഹിച്ച ആൾക്ക് 1000 രൂപ നൽകും.
5. മരണവുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും പദ്ധതിപ്രകാരം ധനസഹായം അനുവദിച്ചാൽ ആ തുകയിൽനിന്ന് ഈ പദ്ധതിപ്രകാരം നൽകിയ തുക കുറച്ചു ബാക്കിമാത്രം നൽകും. മാർഗ്ഗരേഖപ്രകാരമുള്ള ആശ്രിതർ മത്സ്യത്തൊഴിലാളി മരിച്ച് മൂന്നുമാസത്തിനകം അപേക്ഷിക്കണം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. മരിച്ച മത്സ്യത്തൊഴിലാളിയുടെ മരണസർട്ടിഫിക്കറ്റ്
2. മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
3. അപേക്ഷയുടെ രണ്ടുപതിപ്പ് നിശ്ചിതഫോമിൽ ഫിഷറീസ് ഓഫീസർക്കു നൽകണം

**ധനഹായം അനുവദിക്കൽ:**

തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ മേഖലകളിലെ റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.19 എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ്

**സാമ്പത്തികസഹായം/സാങ്കേതിക സഹായം:**

1. സംസ്ഥാനതലത്തിൽ എല്ലാ വിഷയത്തിനും എ പ്ലസ് നേടുന്നവർക്ക് — 5,000 രൂപ
2. സംസ്ഥാനതലത്തിൽ 9 വിഷയങ്ങളിൽ എ പ്ലസ് നേടുന്നവർക്ക് — 4,000 രൂപ
3. സംസ്ഥാനതലത്തിൽ 8 വിഷയങ്ങളിൽ എ പ്ലസ് നേടുന്നവർക്ക് — 3,000 രൂപ
4. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽനിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന മൂന്നുവിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലെയും) 3,000 രൂപയും ക്യാഷ് അവാർഡിനു പുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകും.

   **നടപടിക്രമം:** ഓരോ വർഷവും എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചാലുടനെ കമ്മിഷണർ ഈ പദ്ധതി സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കും. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ നേരിട്ടോ രക്ഷിതാവുമുഖേനയോ നിശ്ചിതതീയതിക്കകം അപേക്ഷകൾ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്കു നൽകണം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അപേക്ഷ വെള്ളക്കടലാസ്സിൽ തയ്യാറാക്കണം. വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും പേരും മേൽവിലാസവും, വിദ്യാർത്ഥിയുടെ വയസ്സ്, പഠിച്ച സ്കൂൾ, എസ്.എസ്.എൽ.സി. പരീക്ഷയ്ക്കു ലഭിച്ച മാർക്ക്, രക്ഷിതാവിന്റെ മത്സ്യബോർഡ് അംഗത്വനമ്പർ, മത്സ്യഗ്രാമം തുടങ്ങിയവ അപേക്ഷയിൽ വേണം
2. വിദ്യാർത്ഥിയുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയത്)

3. രക്ഷിതാവിന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്

**യാത്രാച്ചെലവ്:**

അവാർഡുവിതരണസ്ഥലത്ത് എത്താൻ വിദ്യാർത്ഥിക്കും ഒരു രക്ഷിതാവിനും യാത്രാച്ചെലവ് ബോർഡിൽനിന്ന് നൽകും.

## 19.20 കുടുംബസംവിധാനപദ്ധതിക്കുള്ള ധനസഹായം

**ആനുകൂല്യം:** പരമാവധി 500 രൂപ

**അർഹതാമാനദണ്ഡം:**

വന്ധ്യംകരണശസ്ത്രക്രിയ ചെയ്യുന്ന മത്സ്യത്തൊഴിലാളിസ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തികസഹായം നൽകിക്കൊണ്ട് കുടുംബസംവിധാനത്തിന് പ്രോത്സാഹനം നൽകുന്ന പദ്ധതി. മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്കോ പുരുഷൻമാർക്കോ നേരിട്ട് അപേക്ഷ നൽകാം. അവരുടെ ഭർത്താവോ ഭാര്യയോ ശസ്ത്രക്രിയയ്ക്കു വിധേയരായാൽ അപേക്ഷിക്കാം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. ശസ്ത്രക്രിയ കഴിഞ്ഞ് 60 ദിവസത്തിനകം നിശ്ചിതഫോമിൽ രണ്ടുപതിപ്പ് തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്കു നൽകണം
2. ശസ്ത്രക്രിയ നടത്തിയ അംഗീകൃത സർക്കാർഡോക്ടറുടെ സർട്ടിഫിക്കറ്റ്
3. മത്സ്യബോർഡ് പാസ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്

**ധനഹായം അനുവദിക്കൽ:**

തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ മേഖലകളിലെ റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.21 മാരകരോഗചികിത്സാപദ്ധതി

**ആനുകൂല്യം:**

1. ഹൃദ്രോഗം: പരമാവധി 50,000 രൂപ
2. വൃക്കരോഗം: പരമാവധി 50,000 രൂപ
3. ക്യാൻസർ: പരമാവധി 50,000 രൂപ
4. തലച്ചോറിലെ ട്യൂമർ: പരമാവധി 50,000 രൂപ
5. തളർവാതം: പരമാവധി 12,000 രൂപ

6. ചികിൽസിച്ച് ഭേദമാക്കാൻപറ്റുന്ന മാനസികരോഗം: പരമാവധി 5,000 രൂപ

**അർഹതാമാനദണ്ഡം:**

1. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം
2. മത്സ്യബോർഡിൽ അംഗത്വമുള്ളവരായിരിക്കണം. ആദ്യമായി വിഹിതം അടച്ച് അഞ്ചുവർഷമെങ്കിലും പൂർത്തിയാക്കുകയും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടയ്ക്കുകയും ചെയ്തിരിക്കണം
3. വാർഷിക വരുമാനം 50,000 രൂപയിൽ കൂടുതലാകരുത്.
4. സർക്കാരാശുപത്രിയിലെയും സഹകരണാശുപത്രിയിലെയും ചികിത്സയ്ക്കുമാത്രമേ ധനസഹായം ലഭിക്കു. സർക്കാരാശുപത്രിയിൽനിന്നു റഫർ ചെയ്യുന്ന കേസുകളിൽ സ്വകാര്യാശുപത്രിയിലെ ചികിത്സയ്ക്കും മണിപ്പാൽ മെഡിക്കൽ കോളേജിലേക്കു റഫർ ചെയ്യുന്ന കേസ്സുകളിൽ അവിടുത്തെ ചികിൽസയ്ക്കും ധനസഹായം അനുവദിക്കും. (ക്യാൻസർ, സ്വബോധം നഷ്ടപ്പെട്ട മാനസികരോഗം, അതീവഗുരുതരമായ മന്ത് എന്നിവമൂലം കഷ്ടപ്പെടുന്ന രോഗികൾക്കു പ്രതിമാസം 100 രൂപപ്രകാരം അവശതാപെൻഷൻ ലഭിക്കും.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. വരുമാനം തെളിയിക്കാൻ റേഷൻകാർഡിന്റെ പകർപ്പ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
2. സർക്കാരാശുപത്രിയിൽ ചികിത്സിച്ച ഡോക്ടർ നല്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്
3. സർക്കാരാശുപത്രിയിൽനിന്നു സ്വകാര്യാശുപത്രിയിലേക്കു റഫർ ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള രേഖ
4. ചികിത്സാച്ചെലവിന്റെ ബില്ലുകൾ ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകണം
5. രോഗിയുടെ വയസ്സ് തെളിയിക്കാൻ സ്കൂളിൽനിന്നു ലഭിച്ച രേഖയുടെ പകർപ്പ്/ ജനനമരണരജിസ്ട്രാറിൽനിന്നുള്ള സർട്ടിഫിക്കറ്റ് / ജ്ഞാനസ്നാനസർട്ടിഫിക്കറ്റ്. ഇവയൊന്നും ലഭിച്ചില്ലെങ്കിൽ നിശ്ചിതഫോമിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
6. മത്സ്യബോർഡ് പാസ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
7. ചികിത്സിക്കുന്ന ഡോക്ടറുടെ പ്രിസ്ക്രിപ്ഷന്റെ പകർപ്പ്
8. രോഗിയോ രോഗിയുടെ ആശ്രിതരോ ആണ് അപേക്ഷിക്കേണ്ടത്. നിശ്ചിതഫോമിൽ മൂന്നുപകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്കു നൽകണം

താഴെപ്പറയുന്ന സ്വകാര്യാശുപത്രികളിൽ നേരിട്ടു ചികിത്സ നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും ധനസഹായം അനുവദിക്കും.

1. ഉത്രാടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം

2. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് സെന്റർ, ഇടപ്പള്ളി, എറണാകുളം
3. ബേബി മെമ്മോറിയൽ ആശുപത്രി, കോഴിക്കോട്
4. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ/ ഹൈടെക് സൂപ്പർ സ്പെഷ്യലിറ്റി ഹോസ്പിറ്റൽ, തൃശ്ശൂർ

## 19.22 ചെയർമാൻസ് റിലീഫ് ഫണ്ട്

**ആനുകൂല്യം:**

500 രൂപ മുതൽ പരമാവധി 5,000 രൂപ വരെ

**അർഹതാമാനദണ്ഡം:**

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതിക്ഷോഭങ്ങൾമൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരമായി ധനസഹായം നൽകുന്ന പദ്ധതി.

1. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവരായിരിക്കണം
2. മത്സ്യബോർഡിൽ അംഗമായിരിക്കണം.

**ധനസഹായം അനുവദിക്കുന്ന സാഹചര്യങ്ങൾ:**

1. അപകടംമൂലം ഗുരുതരമായ പരിക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക
2. അപകടം മൂലം മത്സ്യത്തൊഴിലാളി മരിക്കുകയും കുടുംബാംഗങ്ങൾക്കു നിത്യവൃത്തിക്കു മാർഗ്ഗമില്ലാതാവുകയും ചെയ്യുക
3. അപകടങ്ങളിൽ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട പരിക്കുപറ്റുക
4. വെള്ളപ്പൊക്കം, തീപിടുത്തം മുതലായവനിമിത്തം വീടിനും വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക
5. അഭയാർത്ഥിക്യാമ്പുകളിൽ പ്രവേശിപ്പിക്കപ്പെടുക
6. പാമ്പ്, പേപ്പട്ടി എന്നിവ കടിച്ചതുമൂലവും തീപ്പൊള്ളലേറ്റും വൈദ്യുതാഘാതമേറ്റും അടിയന്തരചികിത്സ വേണ്ടിവരുന്ന സാഹചര്യം
7. മത്സ്യബന്ധനവേളയിൽ കാണാതാവുന്നവരുടെ കുടുംബത്തിനു ദുരിതമുണ്ടാവുക

തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് ധനസഹായം അനുവദിക്കുന്നു.

**നടപടിക്രമം:** അപകടങ്ങളെയും നാശനഷ്ടങ്ങളെയും പറ്റിയുള്ള വിവരങ്ങൾ ലഭിച്ചാലുടനെതന്നെ ബന്ധപ്പെട്ട മത്സ്യബോർഡ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ധനസഹായം അനുവദിക്കും. ധനസഹായത്തുക അടിയന്തരസന്ദർഭങ്ങളോടനുബന്ധിച്ച് ഉടനടി വിതരണംചെയ്യാൻ പറ്റാതെവരുന്ന സന്ദർഭങ്ങളിൽ നിശ്ചിതഫോമിൽ അപേക്ഷ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്കു നൽകാം.

**ധനസഹായം അനുവദിക്കൽ:**

ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത് കമ്മിഷണറുടെ നിർദ്ദേശ പ്രകാരം റീജിയണൽ എക്സിക്യൂട്ടീവാണ്.

## 19.23 പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായപദ്ധതി

**ആനുകൂല്യം:** പരമാവധി 750 രൂപ

**അർഹതാമാനദണ്ഡം:**

1. ക്ഷേമനിധിയിൽ കുടിശ്ശിക ഇല്ലാതെ വിഹിതം അടച്ചുതീർത്തിട്ടുള്ള പ്രവർത്തനോന്മുഖമത്സ്യത്തൊഴിലാളിവനിതകൾക്കും മത്സ്യത്തൊഴിലളികളുടെ ഭാര്യമാർക്കും.
2. ഭർത്താവിനു ക്ഷേമനിധിയംഗത്വമുണ്ടായിരിക്കുകയും ഭാര്യയ്ക്ക് അംഗത്വം ഇല്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഭർത്താവാണു ധനസഹായം അപേക്ഷിക്കേണ്ടത്
3. വനിതയ്ക്ക് 19 വയസ്സെങ്കിലും പ്രായം ഉണ്ടായിരിക്കണം

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

4. എം.ബി.ബി.എസ്. അടിസ്ഥാനയോഗ്യതയുള്ള ഡോക്ടറിൽനിന്നു ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്
5. അപേക്ഷകയുടെ/അപേക്ഷകന്റെ വിവാഹസർട്ടിഫിക്കറ്റ്
6. വനിതയുടെ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ

**അപ്പീൽ:**

റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.24 ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി

**ആനുകൂല്യം:** പരമാവധി 5000 രൂപ

**അർഹതാമാനദണ്ഡം:**

1. പ്ലസ് 2, വി.എച്ച്.എസ്.സി എന്നിവയിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടുന്നവർക്ക്
2. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം
3. മത്സ്യബോർഡിൽ അംഗത്വമുള്ളവരായിരിക്കണം. വിഹിതം അടച്ച് അഞ്ചുവർഷമെങ്കിലും പൂർത്തിയാക്കുകയും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടയ്ക്കുകയും ചെയ്തിരിക്കണം
4. ഓരോ അദ്ധ്യയനവർഷവും നടത്തുന്ന അവസാനവർഷപരീക്ഷയിൽ ആദ്യാവസരത്തിൽത്തന്നെ ജയിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കു

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അവസാനവർഷപ്പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്
2. വയസ്സ് തെളിയിക്കാൻ എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ്
3. രക്ഷിതാവു മത്സ്യത്തൊഴിലാളിയാണെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
4. വിഹിതം കുടിശ്ശികയില്ലാതെ അടച്ചിട്ടുണ്ടെന്നതിനു ഫിഷറീസ് ഓഫീസറുടെ സർട്ടിഫിക്കറ്റും പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ കോപ്പിയും
5. അവസാനം പഠിച്ച കോളേജിലെ പ്രിൻസിപ്പലിൽനിന്നു ലഭിച്ച സ്വഭാവസർട്ടിഫിക്കറ്റിന്റെ പകർപ്പ്
6. മത്സ്യബോർഡ് കമ്മിഷണർ പുറപ്പെടുവിക്കുന്ന വിജ്ഞാപനപ്രകാരം നിശ്ചിതനിബന്ധനകൾക്കു വിധേയമായി അപേക്ഷകർ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവിനു നൽകാം

## 19.25 മത്സ്യത്തൊഴിലാളികളുടെ വിധവകൾക്കു പെൻഷൻ

**ആനുകൂല്യം:** പരമാവധി 1,100 രൂപ

**അർഹതാമാനദണ്ഡം:**

1. സ്ഥിരവരുമാനമുള്ള ഉദ്യോഗമുണ്ടായിരിക്കരുത്.
2. പുനർവിവാഹം നടന്നാൽ ആ മാസം മുതൽ പെൻഷൻ റദ്ദുചെയ്യും
3. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവർ ആയിരിക്കണം
4. മത്സ്യബോർഡിൽ അംഗത്വമുള്ളവരായിരിക്കണം. ആദ്യമായി വിഹിതം അടച്ച് അഞ്ചുവർഷമെങ്കിലും പൂർത്തിയാക്കുകയും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടക്കുകയും ചെയ്തിരിക്കണം
5. വാർഷികവരുമാനം 50,000 രൂപയിൽ കൂടുതലാകരുത്.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. മരണസർട്ടിഫിക്കറ്റ് അസ്സൽ അല്ലെങ്കിൽ ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
2. ക്ഷേമനിധി പാസ് ബുക്കിന്റെ ശരിപ്പകർപ്പ് — സാക്ഷ്യപ്പെടുത്തിയത്
3. പുനർവിവാഹം നടത്തിയിട്ടില്ലെന്നും സ്ഥിരവരുമാനമുള്ള തൊഴിൽ ഇല്ലെന്നും തെളിയിക്കാൻ ഗസറ്റഡ് ഓഫീസർ/പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/സെക്രട്ടറി/മെമ്പർ നല്കുന്ന സർട്ടിഫിക്കറ്റ്
4. നിശ്ചിതഫോമിൽ അപേക്ഷയുടെ രണ്ടുപ്രതികൾ തയ്യാറാക്കി, മരിച്ച മത്സ്യത്തൊഴിലാളി അംഗമായിരുന്ന ഗ്രാമത്തിന്റെ ചുമതല വഹിക്കുന്ന ഫിഷറീസ് ഓഫീസർക്കു നൽകണം

5. മരണം നടന്ന് 90 ദിവസത്തിനകം അപേക്ഷ ഫിഷറീസ് ഓഫീസർക്ക് നല്കണം

**അപ്പീൽ:**

ഈ പദ്ധതിപ്രകാരം പെൻഷൻ അനുവദിക്കുന്നത് സെക്രട്ടറി/ജോയിന്റ് കമ്മിഷണർ ആണ്. അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.26 കായികവിനോദമത്സരവിജയികൾക്കു പ്രോത്സാഹനപദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായികമത്സരങ്ങളിൽ വിജയം നേടുന്നവർക്കുള്ള പദ്ധതി.

**ആനുകൂല്യം:**

എ) ദേശീയതലത്തിൽ

ഒന്നാം സ്ഥാനം നേടുന്നവർക്ക് 10,000 രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് 8,000 രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് 5,000 രൂപ

സംസ്ഥനത്തെ പ്രതിനിധീകരിക്കുന്നവർക്ക് 5,000 രൂപ

ബി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയതലത്തിൽ

ഒന്നാം സ്ഥാനം നേടുന്നവർക്ക് 8,000 രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് 5,000 രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് 3,000 രൂപ

സി) സംസ്ഥനതലത്തിൽ

ഒന്നാം സ്ഥാനം നേടുന്നവർക്ക് 5,000 രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് 3,000 രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് 2,000 രൂപ

ഡി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംസ്ഥനതലത്തിൽ

ഒന്നാം സ്ഥാനം നേടുന്നവർക്ക് 3,000 രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് 2,000 രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് 1,000 രൂപ

**അർഹതാമാനദണ്ഡം:**

മത്സ്യത്തൊഴിലാളിക്ഷേമനിധിബോർഡിൽ സജീവാംഗത്വമുള്ളവരുടെ മക്കൾക്കു മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. രക്ഷിതാവിന്റെ ബോർഡ് പാസ് ബുക്കിന്റെ ശരിപ്പകർപ്പ്

2. വിജയം കൈവരിച്ച മത്സരസർട്ടിഫിക്കറ്റിന്റെ പകർപ്പ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
3. മത്സ്യബോർഡ് കമ്മിഷണർ പുറപ്പെടുവിക്കുന്ന വിജ്ഞാപനമനുസരിച്ച് നിശ്ചിതസമയത്തിനകം അപേക്ഷകൾ വെള്ളക്കടലാസ്സിൽ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്കു നൽകണം

## 19.27 ആംആദ്മി ബീമയോജന

**ആനുകൂല്യം:**

1. മത്സ്യത്തൊഴിലാളി-ക്ഷേമനിധിബോർഡിൽ അംഗത്വമുള്ള, കുടിശ്ശികയില്ലാതെ ക്ഷേമനിധി വിഹിതം അടയ്ക്കുന്ന, പ്രവർത്തനോന്മുഖമത്സ്യത്തൊഴിലാളി ആയിരിക്കണം
2. അപകടംമൂലം ഉണ്ടാകുന്ന സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കുള്ള സാമ്പത്തികസഹായം — പരമാവധി 75,000 രൂപ
3. അപകടംമൂലം ഉണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശതയ്ക്കുള്ള സാമ്പത്തികസഹായം — പരമാവധി 37,500 രൂപ
4. സാധാരണ മരണത്തിനുള്ള സാമ്പത്തികസഹായം — പരമാവധി 30,000 രൂപ
5. മത്സ്യത്തൊഴിലാളികളുടെ മക്കളിൽ 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന പരമാവധി രണ്ടുപേർക്ക് പ്രതിവർഷം സ്കോളർഷിപ്പ് – 1,200 രൂപ

**അർഹതാമാനദണ്ഡം:**

ക്ഷേമനിധിബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി ആയിരിക്കണം

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

എ. അപകടം മൂലമുള്ള മരണത്തിന്

(i) അസ്സൽ മരണസർട്ടിഫിക്കറ്റ്
(ii) എഫ്.ഐ.ആർ.
(iii) പൊലീസ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് — സ്ഥലം പൊലീസ് എസ്.ഐ. സാക്ഷ്യപ്പെടുത്തിയത്
(iv) പോസ്റ്റ്മോർട്ടം റിപ്പോർട്ട് — സ്ഥലം പൊലീസ് എസ്.ഐ. സാക്ഷ്യപ്പെടുത്തിയത്
(v) ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് — അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.ഇ. കോഡ് ഉൾപ്പെടെ

ബി. സാധാരണ മരണത്തിന്

(i) അസ്സൽ മരണസർട്ടിഫിക്കറ്റ്
(ii) മത്സ്യബോർഡ് പാസ് ബുക്കിന്റെ ശരിപ്പകർപ്പ്

(iii) ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

സി. വിദ്യാഭ്യാസ ധനസഹായത്തിന്

(i) മത്സ്യബോർഡ് പാസ് ബുക്കിന്റെ ശരിപ്പകർപ്പ്
(ii) ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്
(iii) അപേക്ഷാഫോം വിദ്യാഭ്യാസസ്ഥാപനത്തിന്റെ മേധാവി സാക്ഷ്യപ്പെടുത്തണം

ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ അന്വേഷണം നടത്തി മേഖലാ എക്സിക്യൂട്ടീവിനു ശുപാർശ ചെയ്യുകയും മേഖലാ എക്സിക്യൂട്ടീവ് സൂക്ഷ്മപരിശോധന നടത്തി കേന്ദ്രകാര്യാലയത്തിലേക്കു നൽകുകയും ചെയ്യും.

## 19.28 അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ

### വാർദ്ധക്യകാലപെൻഷൻ

**ആനുകൂല്യം:** പരമാവധി 1,100 രൂപ

**അർഹതാമാനദണ്ഡം:**

അഞ്ചുവർഷം തുടർച്ചയായി അംഗത്വം വേണം. 60 വയസ്സ് പൂർത്തിയാക്കുകയും തൊഴിലിൽനിന്നു പിൻമാറുകയും ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് അപേക്ഷിക്കാം. അപേക്ഷകർ കേരളത്തിലെ സ്ഥിരതാമസക്കാരും വാർഷികകുടുംബവരുമാനം ദാരിദ്ര്യരേഖാനിരക്കിനെക്കാൾ താഴ്ന്നതുമായിരിക്കണം. ക്ഷേമനിധിവിഹിതം പൂർണ്ണമായി അടച്ചിരിക്കണം

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അപേക്ഷകരുടെ രണ്ടു ഫോട്ടോ
2. 50,000 രൂപ വാർഷികവരുമാനപരിധിയായി റേഷൻകാർഡിൽ രേഖപ്പെടുത്തിയിട്ടുള്ളവർ ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ റേഷൻകാർഡിന്റെ പകർപ്പ്
3. സാമൂഹികസുരക്ഷാപെൻഷനുകൾ ഒഴികെ മറ്റു പെൻഷനുകൾ ലഭിക്കുന്നില്ലെന്നു തെളിയിക്കാൻ വില്ലേജോഫീസറോ തദ്ദേശസ്വയംഭരണസ്ഥാപനസെക്രട്ടറിയോ നൽകുന്ന സർട്ടിഫിക്കറ്റ്
4. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
5. ക്ഷേമനിധി പാസ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**അപേക്ഷിക്കേണ്ട സമയം, രീതി:** ഓരോ വർഷവും ജനുവരി ഒന്നു മുതൽ മാർച്ച് 31 വരെ അപേക്ഷിക്കാം. നിശ്ചിതഫോമിൽ അപേക്ഷയുടെ രണ്ടുപതിപ്പു തയ്യാറാക്കി ഫിഷറീസ് ഓഫീസർക്കു നൽകണം.

**അപ്പീൽ:**

ഈ പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കുന്നത് സെക്രട്ടറിയോ ജോയിന്റ് കമ്മിഷണറോ ആണ്. അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.29 അനുബന്ധമത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം

**ആനുകൂല്യം:** പരമാവധി 15,000 രൂപ

**അർഹതാമാനദണ്ഡം:**

1. മരിച്ച അനുബന്ധമത്സ്യത്തൊഴിലാളി 60 വയസ്സിൽ താഴെയുള്ള ആളായിരിക്കണം
2. 60 വയസ്സിനു ശേഷം തൊഴിൽ തുടരുകയും പട്ടികയിൽ പേരുണ്ടായിരിക്കുകയും വിഹിതങ്ങൾ കൃത്യമായി അടയ്ക്കുകയും ചെയ്യുന്നവരുടെ ആശ്രിതർക്ക് ഈ ആനുകൂല്യം കിട്ടും.
3. അനുബന്ധമത്സ്യത്തൊഴിലാളി ഏതു സാഹചര്യത്തിൽ എവിടെവച്ചു മരിച്ചാലും ഈ ധനസഹായം നൽകും.
4. മാർഗ്ഗരേഖ പ്രകാരമുള്ള ആശ്രിതർ ഇല്ലെങ്കിൽ മരണാനന്തരച്ചെലവുകൾ വഹിച്ച ആൾക്ക് ഫിഷറീസ് ഓഫീസറുടെ ശുപാർശ പ്രകാരം 1,000 രൂപ നൽകും.
5. മരണവുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും പദ്ധതിപ്രകാരം ധനസഹായം അനുവദിച്ചാൽ ആ തുകയിൽനിന്ന് ഈ പദ്ധതിപ്രകാരം നൽകിയ തുക കുറച്ചു ബാക്കിയേ നൽകൂ.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. മരിച്ച അനുബന്ധമത്സ്യത്തൊഴിലാളിയുടെ മരണസർട്ടിഫിക്കറ്റ്
2. മരിച്ചായാളിന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. അപേക്ഷയുടെ രണ്ടുകോപ്പി തയ്യാറാക്കി ഫിഷറീസ് ഓഫീസർക്കു നൽകണം

## 19.30 പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായം

**ആനുകൂല്യം:** പരമാവധി 750 രൂപ

**അർഹതാമാനദണ്ഡം:**

1. ഒരു വർഷം മുമ്പെങ്കിലും ക്ഷേമനിധിയിൽ അംഗമായിരിക്കണം
2. ആദ്യരണ്ടു പ്രസവങ്ങൾക്കു മാത്രമേ ആനുകൂല്യം ലഭിക്കൂ.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. എം.ബി.ബി.എസ്. അടിസ്ഥാനയോഗ്യതയുള്ള ഡോക്ടറിൽനിന്നു ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്
2. പാസ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. പ്രതീക്ഷിക്കുന്ന പ്രസവത്തീയതിക്ക് 60 ദിവസം മുമ്പോ 60 ദിവസത്തിനുള്ളിലോ അപേക്ഷ ഫിഷറീസ് ഓഫീസർക്കു നൽകണം.

## 19.31 എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ്

**ആനുകൂല്യം:**

(എ) സംസ്ഥാനതലത്തിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടുന്നവർക്ക് : 5,000 രൂപ

(ബി) സംസ്ഥാനതലത്തിൽ 9 വിഷയങ്ങളിൽ എ പ്ലസ് നേടുന്നവർക്ക്: 4,000 രൂപ

(സി) സംസ്ഥാനതലത്തിൽ 8 വിഷയങ്ങളിൽ എ പ്ലസ് നേടുന്നവർക്ക്: 3000 രൂപ

(ഡി) റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽനിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന മൂന്നുവിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലെയും) ക്യാഷ് അവാർഡിനു (3000 രൂപ) പുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകും.

## 19.32 മാരകരോഗചികിൽസാധനസഹായം

**ആനുകൂല്യം:**

1. ഹൃദ്രോഗം: പരമാവധി 25,000 രൂപ
2. വൃക്കരോഗം: പരമാവധി 25,000 രൂപ
3. ക്യാൻസർ: പരമാവധി 25,000 രൂപ
4. തലച്ചോറിലെ ട്യൂമർ: പരമാവധി 50,000 രൂപ
5. തളർവാതം: പരമാവധി 10,000 രൂപ
6. മാനസികരോഗം: പരമാവധി 10,000 രൂപ
7. ഗർഭാശയസംബന്ധമായ രോഗം: പരമാവധി 5,000 രൂപ

**അർഹതാമാനദണ്ഡം:**

1. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവരായിരിക്കണം
2. മത്സ്യബോർഡിൽ അംഗത്വമുള്ളവരായിരിക്കണം. തുടർച്ചയായി രണ്ടുവർഷമെങ്കിലും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടയ്ക്കുകയും ചെയ്തിരിക്കണം
3. വാർഷികവരുമാനം 50,000 രൂപയിൽ കൂടുതലാകരുത്.
4. സർക്കാരാശുപത്രിയിലെയും സഹകരണാശുപത്രിയിലെയും ചികിത്സയ്ക്കുമാത്രമേ ധനസഹായം ലഭിക്കൂ. സർക്കാരാശുപത്രിയിൽനിന്നു റഫർ ചെയ്യുന്ന കേസുകളിൽ സ്വകാര്യാശുപത്രിയിലെ ചികിൽസയ്ക്കും മണിപ്പാൽ മെഡിക്കൽ കോളേജിലേക്കു റഫർ ചെയ്യുന്ന കേസ്സുകളിൽ അവിടുത്തെ ചികിൽസയ്ക്കും ധനസഹായം അനുവദിക്കും.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ റേഷൻകാർഡിന്റെ പകർപ്പ്
2. സർക്കാരാശുപത്രിയിൽ ചികിത്സിച്ച ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്
3. സർക്കാരാശുപത്രിയിൽനിന്നു സ്വകാര്യാശുപത്രിയിലേക്കു റഫർ ചെയ്തിട്ടുണ്ടെങ്കിൽ അതിതിനുള്ള രേഖ
4. ചികിത്സാച്ചെലവിലേക്കുള്ള ബില്ലുകൾ ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകണം
5. രോഗിയുടെ വയസ്സ് തെളിയിക്കാൻ സ്കൂളിൽനിന്നു ലഭിച്ച രേഖയുടെ പകർപ്പ്/ജനനമരണരജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് / ജ്ഞാനസ്നാനസർട്ടിഫിക്കറ്റ്. ഇവയൊന്നും ലഭിച്ചില്ലെങ്കിൽ നിശ്ചിതഫോമിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
6. മത്സ്യബോർഡ് പാസ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് — ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
7. ചികിത്സിക്കുന്ന ഡോക്ടറുടെ പ്രിസ്ക്രിപ്ഷന്റെ പകർപ്പ്

**അപേക്ഷിക്കേണ്ട വിധം:** നിശ്ചിതഫോമിൽ മൂന്നുപകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്കു നൽകണം

**അപ്പീൽ:**

കമ്മിഷണറാണ് ഈ പദ്ധതിപ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്. കമ്മിഷണറുടെ തീരുമാനത്തിന്മേൽ ആക്ഷേപമുണ്ടെങ്കിൽ അപ്പീൽ ബോർഡിന്റെ പരിഗണനയ്ക്കായി ബോർഡ് ചെയർമാനു നൽകാം. ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

## 19.33 അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹധനസഹായം

**സാമ്പത്തികസഹായം:** പരമാവധി 15,000 രൂപ

**അർഹതാമാനദണ്ഡം:**

1. അനുബന്ധത്തൊഴിലാളിയുടെ ഒരു മകളുടെ മാത്രം വിവാഹത്തിനു ധനസഹായം നല്കുന്നു.
2. വിവാഹത്തിനു മുമ്പ് അപേക്ഷിക്കണം
3. 60 വയസ്സിൽ താഴെയുള്ള അനുബന്ധത്തൊഴിലാളിയായിരിക്കണം

**അപ്പീൽ:**

തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ മേഖലകളിലെ റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നത്. അപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.34 കുടുംബസംവിധാനത്തിനു ധനസഹായം

**സാമ്പത്തികസഹായം:** പരമാവധി 500 രൂപ

വന്ധീകരണശസ്ത്രക്രിയയ്ക്കു വിധേയരാകുന്ന അനുബന്ധത്തൊഴിലാളിസ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തികസഹായം നൽകും. റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ ധനസഹായം അനുവദിക്കുന്നത്. അപ്പീലപേക്ഷകൾ 90 ദിവസത്തിനകം കമ്മിഷണർക്കു നൽകണം.

## 19.35 ഉന്നതവിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി

**സാമ്പത്തികസഹായം:**

ഹയർ സെക്കൻഡറി (പ്ലസ് ടൂ)/വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകൾക്ക് എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് 5,000 രൂപ വീതം

അനുബന്ധത്തൊഴിലാളികുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ പ്രോത്സാഹനം ലക്ഷ്യമിട്ടിട്ടുള്ളതാണു പദ്ധതി. ഹയർ സെക്കൻഡറി (പ്ലസ് ടൂ)/വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷകളിൽ ഏറ്റവുമധികം മാർക്ക്/ഗ്രേഡ് കരസ്ഥമാക്കി പ്രശസ്തവിജയം നേടുന്നവർക്കാണു ധനസഹായം.

## 19.36 മത്സ്യസുരക്ഷാപദ്ധതി

### ഗ്രൂപ്പ് ഇൻഷുറൻസ്

ക്ഷേമനിധിയംഗത്വമുള്ള അനുബന്ധത്തൊഴിലാളികളിൽനിന്നു പ്രത്യേകം പ്രീമിയം തുകയൊന്നും ഈടാക്കാതെതന്നെ അവർക്കും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം നൽകുന്നു. കാണാതാകലിനും മത്സ്യബന്ധനവേളയിൽ ഹൃദയാഘാതം മൂലമുള്ള മരണത്തിനുമുള്ള ഇൻഷുറൻസ് പരിരക്ഷ ഒഴികെ പരമ്പരാഗതമത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് പദ്ധതിയുടെ മാർഗ്ഗരേഖകളും നിബന്ധനകളും ധനസഹായവുമാണ് അനുബന്ധത്തൊഴിലാളികൾക്കും നല്കുന്നത്.

## 19.37 തണൽ: പ്രത്യേകപദ്ധതി

സംസ്ഥാനസർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും അധികധനസഹായം വിതരണം ചെയ്യാൻ നടപ്പിലാക്കുന്ന പദ്ധതിയാണു തണൽ. ഫിഷറീസ്, തൊഴിൽ വകുപ്പുകളുടെ സംയുക്തസംരംഭമായ ഈ പദ്ധതി തൊഴിൽവകുപ്പുമുഖേന കേരള മത്സ്യത്തൊഴിലാളിക്ഷേമനിധിബോർഡിലൂടെ നടപ്പിലാക്കുന്നു. ബോർഡ് മുഖേന വിവരശേഖരണം നടത്തി ബയോ മെട്രിക് തിരിച്ചറിയൽ കാർഡിന് എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും കേന്ദ്രസർക്കാരിന്റെ പൂർണ്ണസാമ്പത്തികസാഹായത്തോടെ 1350 രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

# — 20 —

# മുന്നാക്കസമുദായക്ഷേമ കോർപ്പറേഷൻ (സമുന്നതി)

സംസ്ഥാനത്തു സാമ്പത്തികപിന്നാക്കാവസ്ഥ നേരിടുന്ന സംവരണേതരസമുദായാംഗങ്ങളുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി കേരളസംസ്ഥാന മുന്നാക്കസമുദായക്ഷേമ കോർപ്പറേഷൻ (സമുന്നതി) വിദ്യാസമുന്നതി, സംരംഭസമുന്നതി, നൈപുണ്യസമുന്നതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ സംരംഭകത്വനൈപുണ്യവികസനപരിശീലനപരിപാടിയും മുന്നാക്കവിഭാഗങ്ങളിലെ താഴ്ന്നവരുമാനക്കാരുടെ വീടുകൾ നവീകരിക്കാനുള്ള ഭവനസമുന്നതി പദ്ധതിയും നിലവിലുണ്ട്.

## 20.1 വിദ്യാസമുന്നതി

### വിദ്യാസമുന്നതി – സ്കോളർഷിപ്പുകൾ

ഈ പദ്ധതിയുടെ കീഴിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര സമുദായങ്ങളിലെ വിദ്യാർത്ഥീവിദ്യാർത്ഥിനികൾക്ക് ഹൈസ്കൂൾ മുതൽ ബിരുദാനന്തര ബിരുദതലം വരെയുള്ള പഠനത്തിന് സ്കോളർഷിപ്പുകൾ നൽകുന്നു. സിഎ, ഐസിഡബ്ല്യുഎ, സിഎസ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും ഐഐറ്റി, ഐഐഎം, എൻഐറ്റി തുടങ്ങിയ ദേശീയനിലവാരമുള്ള സ്ഥാപനങ്ങളിൽ അദ്ധ്യയനം നടത്തുന്നവർക്കും പ്രത്യേകം സ്കോളർഷിപ്പുകൾ ലഭ്യമാണ്.

**പ്രതിവർഷ സ്കോളർഷിപ്പ് (2017–18):**

| വിദ്യാസമുന്നതി | സ്കോളർഷിപ്പ് തുക (രൂപ) | സ്കോളർ ഷിപ്പുകളുടെ എണ്ണം |
|---|---|---|
| ഹൈസ്കൂൾ | 2,000 | 22000 |
| ഹയർ സെക്കൻഡറി | 3,000 | 15000 |
| ബിരുദം പ്രൊഫഷണൽ | 7,000 | 3000 |
| നോൺ പ്രൊഫഷണൽ | 5,000 | 5000 |
| ബിരുദാനന്തരബിരുദം പ്രൊഫഷണൽ | 8,000 | 1250 |
| നോൺ പ്രൊഫഷണൽ | 6,000 | 2000 |
| ഐഐറ്റി, ഐഐഎം, ഐഐഎസ്‌സി, നാഷണൽ ലോ സ്കൂൾ, എൻഐറ്റി, എൻഐഎഫ്റ്റി, കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് തുടങ്ങിയവ | 50,000 രൂപ വരെ | 120 |
| റെഗുലർ & ഫുൾടൈം ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ | 6,000 | 1000 |
| സിഎ, സിഎസ്, ഐസിഡബ്ല്യുഎ | 10,000 | 100 |

## വിദ്യാസമുന്നതി – മത്സരപരീക്ഷാ പരിശീലനസഹായപദ്ധതി

വിദ്യാസമുന്നതി മത്സരപരീക്ഷാപരിശീലനസഹായപദ്ധതിയുടെ കീഴിൽ ഗുണഭോക്താക്കളായ അപേക്ഷകർക്ക് മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശനപരീക്ഷാപരിശീലനസഹായവും തൊഴിലന്വേഷകരായ യുവജനവിഭാഗങ്ങൾക്ക് സിവിൽ സർവ്വീസസ്/ബാങ്ക്/പി.എസ്.സി തുടങ്ങിയ മത്സരപ്പരീക്ഷാപരിശീലനത്തിനും ധനസഹായം നൽകിവരുന്നു.

## വിദ്യാസമുന്നതി – മെഡിക്കൽ/എൻജിനീയറിങ് പരിശീലനസഹായപദ്ധതി

ഹയർസെക്കൻഡറി വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും ഹയർ സെക്കൻഡറി പരീക്ഷ പാസ്സായി രണ്ടു വർഷം കഴിഞ്ഞിട്ടില്ലാത്ത അപേക്ഷകർക്കും മികച്ച ഇൻസ്റ്റിറ്റ്യൂട്ടുകളിൽ മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപ്പരീക്ഷാപരിശീലനത്തിന് ധനസഹായം നൽകിവരുന്നു.

| പരിശീലനപദ്ധതി | ധനസഹായം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| മെഡിക്കൽ/ എൻജിനീയറിംഗ് | 10000 രൂപ | 1000 |

**വിദ്യാസമുന്നതി – ബാങ്ക്, പിഎസ്സി, മറ്റ് മത്സരപരീക്ഷകൾക്കുള്ള പരിശീലനസഹായപദ്ധതി**

അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ബാങ്ക്, പി എസ് സി, മറ്റു മത്സരപ്പരീക്ഷകൾക്ക് മികച്ച ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പരിശീലനം നേടുന്നതിന് 6,000 രൂപ വരെ ധനസഹായം നൽകുന്നു. അപേക്ഷകന് ബന്ധപ്പെട്ട തൊഴിലിന് ആവശ്യമായ കുറഞ്ഞ യോഗ്യത ഉണ്ടായിരിക്കണം.

| പരിശീലനപദ്ധതി | ധനസഹായം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| ബാങ്ക്, പി എസ് സി, യു പി എസ് സി, മറ്റു മത്സര പരീക്ഷകൾ | 6000 രൂപ | 1433 |

**വിദ്യാസമുന്നതി – സിവിൽ സർവ്വീസസ് പരീക്ഷാപരിശീലനസഹായപദ്ധതി**

ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസസ് പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നു ഘട്ടങ്ങളിലും വിദ്യാസമുന്നതി പരീക്ഷാ പരിശീലന സഹായ പദ്ധതിയിൽ ധനസഹായം ലഭ്യമാണ്.

| | |
|---|---|
| സിവിൽ സർവ്വീസസ് പ്രിലിമിനറി | രൂപ 15,000 |
| സിവിൽ സർവ്വീസസ് മെയിൻസ് | രൂപ 25,000 |
| സിവിൽ സർവ്വീസസ് ഇന്റർവ്യൂ | രൂപ 30,000 |

## 20.2 നൈപുണ്യസമുന്നതി

സംവരണേതരവിഭാഗങ്ങളിലെ യുവജനങ്ങൾക്കു പുത്തൻ ദിശാബോധം നൽകുക എന്ന ആശയം ഉൾക്കൊണ്ട് കേരളസംസ്ഥാന മുന്നാക്കസമുദായക്ഷേമകോർപ്പറേഷൻ (സമുന്നതി) നടപ്പിലാക്കുന്ന നൂതന തൊഴിൽനൈപുണ്യ പരിശീലനപദ്ധതിയാണ് നൈപുണ്യസമുന്നതി.

സംവരണേതരവിഭാഗങ്ങളിൽ ഉൾപ്പെട്ട തൊഴിൽരഹിതരായ യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി പരിശീലനം നൽകുകയും അതുവഴി മികച്ച

തൊഴിലവസരങ്ങളിലേക്ക് അവരെ പ്രാപ്തരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൈപിടിച്ച് ഉയർത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

പ്രൊഫഷണൽ ബിരുദധാരികൾക്ക് ആകർഷകമായ കരിയർ പ്ലാനുകൾ, തൊഴിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ജോബ് ഫെയറുകൾ വഴി സ്വകാര്യമേഖലയിൽ പ്ലേയ്സ്മെന്റ് എന്നിവ ഈ പദ്ധതിയുടെ സവിശേഷതകൾ ആണ്.

## 20.3 സംരംഭകത്വ നൈപുണ്യവികസന പരിശീലന പരിപാടി

കേരളസംസ്ഥാന മുന്നാക്കസമുദായക്ഷേമ കോർപ്പറേഷൻ (സമുന്നതി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) മുഖേന കേരളത്തിലെ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്കായി വിവിധ ജില്ലകളിൽ 'സംരംഭകത്വ നൈപുണ്യവികസന പരിശീലന പരിപാടികൾ' സംഘടിപ്പിക്കുന്നു.

പരിശീലനം രണ്ടു ഘട്ടങ്ങളിലായി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഒന്നാംഘട്ട പരിശീലനം വിജയകരമായി പൂർത്തീകരിച്ചവർക്ക് രണ്ടാംഘട്ട പരിശീലനം നൽകും.

### സംരഭസമുന്നതി – (സ്വയംസഹായസംഘങ്ങൾക്കും കൂട്ടുത്തരവാദിത്തസംഘങ്ങൾക്കുമുള്ള ധനസഹായ പദ്ധതി)

സ്വയംതൊഴിൽ മേഖലയിൽ കേരളത്തിലുടനീളം പ്രവർത്തിക്കുന്ന സംവരണേതരസമുദായാംഗങ്ങൾ ഉൾപ്പെട്ട സ്വയംസഹായസംഘങ്ങൾക്കും കൂട്ടുത്തരവാദിത്തഗ്രൂപ്പുകൾക്കും (SHG/JLG) സംരംഭസമുന്നതി – പലിശസഹായപദ്ധതിയുടെ കീഴിൽ ധനസഹായം ലഭ്യമാക്കുന്നു.

**സംഘം ധനസഹായം:**

SHG/JLG ആറു ലക്ഷം രൂപവരെയുള്ള ലോൺ തുകയുടെ 3% ധനസഹായമായി ലഭിക്കുന്നു.

### സംരംഭസമുന്നതി – കാർഷിക, ചെറുകിട വ്യവസായ വായ്പാ പദ്ധതി

കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള IDBI ബാങ്കുമായി സഹകരിച്ച്, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായം (MSME), കൃഷി എന്നീമേഖലകളിൽ സ്വയംതൊഴിൽ കണ്ടെത്താൻ മുന്നോട്ടുവരുന്ന വ്യക്തികൾക്ക് 5% പലിശസബ്സിഡി അടക്കമുള്ള വായ്പകൾ ലഭ്യമാക്കുന്നു. കാർഷികരംഗത്ത് കിസാൻ ക്രെഡിറ്റ് കാർഡ്, പൗൾട്രി, ഡയറി അനുബന്ധ ലോണുകൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ(MSME)രംഗത്ത് ഓട്ടോറിക്ഷ, ടാക്സി, ചെറുകിടകച്ചവടസംരംഭങ്ങൾക്കു ലോണുകൾ എന്നിവ ഈ പദ്ധതിയിൽ ലഭ്യമാണ്. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ കീഴിൽ കൃഷിക്കായി ഒരുലക്ഷം രൂപവരെയുള്ള വായ്പകൾക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് (MSME) പത്തുലക്ഷം രൂപവരെയുള്ള വായ്പകൾക്കും ജാമ്യവസ്തു നൽകേണ്ടതില്ല.

പ്രതിവർഷം തിരഞ്ഞെടുക്കുന്ന 200 ഗുണഭോക്താക്കൾക്ക് ആറുലക്ഷം രൂപവരെയുള്ള ലോൺതുകയ്ക്ക് 5% എന്ന നിരക്കിൽ ഒറ്റത്തവണയായുള്ള പലിശസഹായം കോർപ്പറേഷൻ നൽകും.

## 20.4 ഭവന സമുന്നതി: അഗ്രഹാരങ്ങളുടെയും ജീർണ്ണാവസ്ഥയിലായ പരമ്പരാഗതവീടുകളുടെയും പുനരുദ്ധാരണവും നവീകരണവും

നാശോന്മുഖമായികൊണ്ടിരിക്കുന്ന അഗ്രഹാരങ്ങളുടെയും ജീർണ്ണാവസ്ഥയിലായ പരമ്പരാഗത വീടുകളുടെയും പുനരുദ്ധാരണവും നവീകരണവും കേരളസംസ്ഥാന മുന്നാക്കസമുദായക്ഷേമ കോർപ്പറേഷന്റെ ഭവനസമുന്നതി പദ്ധതിയുടെ ഭാഗമായി കേരളത്തിലുടനീളം നടത്തപ്പെടുന്നു. മുന്നാക്കസമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ജീർണ്ണാവസ്ഥയിലുള്ള അഗ്രഹാരങ്ങൾക്കും വീടുകൾക്കുമാണ് പുനരുദ്ധാരണപ്രവർത്തനങ്ങൾക്കു കോർപ്പറേഷൻ ധനസഹായം നൽകുന്നത്.

ഈ സാമ്പത്തികവർഷം സാമ്പത്തികപിന്നാക്കാവസ്ഥയുടെ അടിസ്ഥാനത്തിലും ഭവനങ്ങളുടെ ജീർണ്ണാവസ്ഥ കണക്കിലെടുത്തും തിരഞ്ഞെടുക്കുന്ന 220 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി രണ്ടുലക്ഷംരൂപ വരെയുള്ള ധനസഹായം ഗഡുക്കളായി നൽകാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

# — 21 —

# മൃഗസംരക്ഷണവകുപ്പ്

## 21.1 ഗോവർദ്ധിനി — കന്നുകുട്ടിപരിപാലനപദ്ധതി

**ലഭിക്കുന്ന സഹായം:** പശുക്കുട്ടികളുടെ ശാസ്ത്രീയപരിപാലനത്തിനായി സബ്സിഡി നിരക്കിൽ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും. ഒരു പശുക്കുട്ടിക്ക് 12500 രൂപ സഹായം.

**അർഹതാമാനദണ്ഡം:** മൃഗസംരക്ഷണവകുപ്പിന്റെ കാഫ് ബർത്ത് രജിസ്റ്ററിൽ പശുക്കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം.

**അപേക്ഷിക്കേണ്ട വിധം:** അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെട്ടാൽ മതി.

**നടപ്പാക്കുന്ന സ്ഥാപനം:**

എസ്.എൽ.ബി.പി.,
ഹെഡ്ക്വാർട്ടേഴ്സ്,
മേലേതമ്പാനൂർ,
ഇൻഡ്യൻ ഹോസ്പിറ്റലിനു സമീപം,
തിരുവനന്തപുരം 695001

ഫോൺ നമ്പർ: 0471-2330662
ഇ-മെയിൽ വിലാസം: slbpkerala@gmail.com

## 21.2 സ്കൂൾ പൗൾട്രി ക്ലബ്

**ലഭിക്കുന്ന സഹായം:** തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അഞ്ചു മുതൽ ഒമ്പതുവരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 5 വീതം കോഴിക്കുഞ്ഞുങ്ങളും തീറ്റയും ഉൾപ്പെടെ 725 രൂപയുടെ സഹായം.

**അർഹതാമാനദണ്ഡം:** തെരഞ്ഞെടുത്ത ഓരോ സ്കൂളിലും 50 പേർക്കുവീതം

**അപേക്ഷിക്കേണ്ട വിധം:** സ്ഥലമുടമകൾ അതത് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെടണം.

## 21.3 കറവയന്ത്രവിതരണപദ്ധതി

**ലഭിക്കുന്ന സഹായം:** കറവയന്ത്രം സ്ഥാപിക്കാൻ ഒരു ഗുണഭോക്താവിന് 25000 രൂപയുടെ സഹായം.

**അർഹതാമാനദണ്ഡം:** അഞ്ചോ അതിന്മേലോ പശുക്കളുള്ള ക്ഷീരകർഷകർക്ക്.

**അപേക്ഷിക്കേണ്ട വിധം:** അടുത്തുള്ള മൃഗാശുപത്രിയിൽ ബന്ധപ്പെടണം.

## 21.4 ടർക്കിക്കോഴിവളർത്തൽ പദ്ധതി

**ലഭിക്കുന്ന സഹായം:** ഒരു ഗുണഭോക്താവിന് ഒരുമാസം പ്രായമായ 3 ടർക്കിക്കോഴിക്കുഞ്ഞുങ്ങളെ വളർത്താൻ ലഭിക്കും. ഒരു ഗുണഭോക്താവിന് 1301 രൂപയുടെ സഹായം.

**അർഹതാമാനദണ്ഡം:** തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. മൊത്തം 600 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കും.

**അപേക്ഷിക്കേണ്ട വിധം:** അടുത്തുള്ള മൃഗാശുപത്രിയിൽ ബന്ധപ്പെടണം.

## 21.5 താറാവുവളർത്തൽ പദ്ധതി

**ലഭിക്കുന്ന സഹായം:** ഒരു ഗുണഭോക്താവിന് രണ്ടുമാസം പ്രായമായ 10 താറാക്കുഞ്ഞുങ്ങളെ വളർത്താൻ നല്കുന്നു. ഇതിന് 1200 രൂപയുടെ സഹായം ലഭിക്കും.

**അർഹതാമാനദണ്ഡം:** താറാവുവളർത്തലിന് അനുയോജ്യമായ സ്ഥലവും സാഹചര്യവും ഉള്ളവർക്കു പ്രാമുഖ്യം. സംസ്ഥാനത്തെ 4000 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കും.

**അപേക്ഷിക്കേണ്ട വിധം:** അടുത്തുള്ള മൃഗാശുപത്രിയിൽ ബന്ധപ്പെടണം.

## 21.6 ആട്ടുവളർത്തൽ പദ്ധതി

**ലഭിക്കുന്ന സഹായം:** ഒരു ഗുണഭോക്താവിന് 5 പെണ്ണാട്ടും ഒരു മുട്ടനാട്ടും വളർത്താൻ ലഭിക്കും. ഇതുവഴി ഒരാൾക്ക് 25,000 രൂപയുടെ സഹായം ലഭിക്കും.

**അർഹതാമാനദണ്ഡം:** മൊത്തം 920 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കും. 30% വനിതകൾക്കും 10% പട്ടികജാതി/പട്ടിക വിഭാഗക്കാർക്കും പ്രാമുഖ്യം നല്കും.

**അപേക്ഷിക്കേണ്ട വിധം:** അടുത്തുള്ള മൃഗാശുപത്രിയിൽ ബന്ധപ്പെടണം.

## 21.7 നഗരപ്രദേശങ്ങളിൽ കൂട്ടുകളിൽ കോഴിവളർത്തൽ പദ്ധതി

**ലഭിക്കുന്ന സഹായം:** വളർത്താനായി 5 കോഴി, തീറ്റ, കൂട് എന്നിവയുൾപ്പെടെ 5,000 രൂപയുടെ സഹായം. ഒരു ഗുണഭോക്താവിന് 50% സഹായമായി ലഭിക്കുന്നു.

**അർഹതാമാനദണ്ഡം:** കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശത്തുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കും. 500 പേർക്ക് ആനുകൂല്യം ലഭിക്കും.

**അപേക്ഷിക്കേണ്ട വിധം:** അടുത്തുള്ള മൃഗാശുപത്രിയിൽ ബന്ധപ്പെടണം.

## 21.8 ഗോസമൃദ്ധി — സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

**ലഭിക്കുന്ന സഹായം:** കന്നുകാലികളെ ഇൻഷ്വർ ചെയ്യാൻ പ്രീമിയം ഇനത്തിൽ സബ്സിഡി നല്കുന്നു.

**അർഹതാമാനദണ്ഡം:** കന്നുകാലികളെ വളർത്തുന്ന കർഷകർക്ക്

**അപേക്ഷിക്കേണ്ട വിധം:** അടുത്തുള്ള മൃഗാശുപത്രിയിൽ ബന്ധപ്പെട്ടാൽ മതി.

## 21.9 കർഷകർക്കു നഷ്ടപരിഹാരം

**ലഭിക്കുന്ന സഹായം:** വന്യമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യതാപം, മറ്റ് അപകടങ്ങൾ, പ്രകൃതിദുരന്തം, ആന്ത്രാക്സ്, പേവിഷബാധ, ആടുവസന്ത, താറാവുവസന്ത, പക്ഷിപ്പനി തുടങ്ങിയവ മൂലം ഉരുക്കൾ, കോഴി, താറാവ് എന്നിവ മരിച്ചാൽ അവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലെങ്കിൽ നഷ്ടപരിഹാരം നല്കുന്ന പദ്ധതി.

**അർഹതാമാനദണ്ഡം:** ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതും മറ്റു സ്രോതസ്സുകളിൽനിന്നു സഹായം ലഭിക്കാത്തതുമായ കർഷകർക്ക് അപേക്ഷിക്കാം.

**അപേക്ഷിക്കേണ്ട വിധം:** മേല്പറഞ്ഞ കാരണങ്ങളാൽ ഉരുക്കൾ നഷ്ടമായാലുടൻ അടുത്തുള്ള മൃഗാശുപത്രിയിൽ ബന്ധപ്പെടണം.

## 21.10 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ

യഥാസമയമുള്ള സർക്കാർനിബന്ധനകൾക്കു വിധേയമായി പക്ഷിമൃഗാദികളുടെ ചികിത്സ, കന്നുകാലികൾക്കു രോഗപ്രതിരോധകുത്തിവയ്പ്, യഥാസമയമുള്ള കൃത്രിമ ബീജാധാനസൗകര്യം, കന്നുകാലികളെയും പക്ഷികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ലഭ്യമാക്കുക, ഇൻഷ്വറൻസ് ആനുകൂല്യം കർഷകർക്കു സമയബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങി വിവിധ സേവനങ്ങൾ ഈ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്കു ലഭിക്കുന്നു.

**ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള സേവനങ്ങളുടെ സർക്കാരംഗീകൃതനിരക്ക്:**

1. കൃത്രിമബീജാധാനം — സൗജന്യം
2. ഓമനമൃഗങ്ങളുടെ ചികിത്സച്ചെലവ് — അഞ്ചുരൂപ
3. ശസ്ത്രക്രിയ (മേജർ) — 100 രൂപ
4. ശസ്ത്രക്രിയ (മൈനർ) — 25 രൂപ
5. ലബോറട്ടറിസൗകര്യം — സൗജന്യം

**മൃഗസംരക്ഷണവകുപ്പിന്റെ ആസ്ഥാനവിലാസം**

ഡയറക്ടർ
മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം 695033
ഫോൺ നമ്പർ: 0471-2303683, 2303681

## 21.11 ജില്ലാ മൃഗസംരക്ഷണ ഓഫീസുകൾ

### പൊതുമേഖലാ സ്ഥാപനങ്ങൾ

### കെ.എൽ.ഡി. ബോർഡ്

**കുടുംബശ്രീയുമായി സഹകരിച്ച് പുൽക്കൃഷിക്കു ധനസഹായം:**

താൽപ്പര്യമുള്ള കർഷകരെ കുടുംബശ്രീ മുഖേന തെരെഞ്ഞെടുത്ത്, തീറ്റപ്പുൽക്കൃഷി ചെയ്യാൻ സൗജന്യമായി പരിശീലനവും നടീൽ വസ്തുക്കളും സാമ്പത്തികസഹായവും നൽകുന്നു. ഏക്കർ ഒന്നിന് 15000 രൂപ ധനസഹായം. പദ്ധതി എല്ലാ ജില്ലയിലും.

**നാടൻപശുക്കളെ വളർത്തുന്ന കർഷകർക്ക് ധനസഹായം:**

വെച്ചൂർ, കാസർഗോഡ് കുള്ളൻ ഇനങ്ങളിൽപ്പെട്ട പശുക്കളെ വളർത്തുന്ന കർഷകർക്ക് ധനസഹായമായി 10,000 രൂപ നൽകുന്നു. പദ്ധതി എല്ലാ ജില്ലയിലും.

**തീറ്റപ്പുൽക്കൃഷി യൂണിറ്റുകൾ തുടങ്ങാൻ ധനസഹായം:**

മാതൃകാ തീറ്റപ്പുൽക്കൃഷി പ്രദർശനയൂണിറ്റുകൾ സ്ഥാപിക്കാൻ കർഷകർക്കും മൃഗസംരക്ഷണമേഖലയിലെ സ്ഥാപനങ്ങൾക്കും 75,000 രൂപവരെ ധനസഹായം നൽകുന്നു. ഓരോ ജില്ലയിലും പത്തുവീതം സംസ്ഥാനത്തൊട്ടാകെ 140 പ്ലോട്ടുകൾക്കാണു ധനസഹായം.

**'പുല്ലരിയൽ യന്ത്രം' (ചാഫ് കട്ടർ) സബ്സിഡി നിരക്കിൽ:**

കൈകൊണ്ടു പ്രവർത്തിപ്പിക്കാവുന്ന ചാഫ് കട്ടറുകൾ 55% സബ്സിഡി നിരക്കിൽ കർഷകർക്കു വിതരണം ചെയ്യുന്നു. കർഷകർ നൽകേണ്ട വില 3,050 രൂപ.

**ഉൽപാദനക്ഷമത കൂടിയ പശുക്കുട്ടികൾ:**

ഹൈടെക് ബുൾ മദർ ഫാമുകൾ (മാട്ടുപ്പെട്ടി, കുളത്തൂപ്പുഴ, കോലാഹലമേട്) ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ ക്ഷീരകർഷകർക്ക മിതമായ വിലയിൽ വിതരണം ചെയ്യുന്നു.

**ബന്ധപ്പെടേണ്ട വിലാസം:** മാനേജിംഗ് ഡയറക്ടർ

കെ.എൽ.ഡി.ബോർഡ്
ഗോകുലം, പട്ടം
തിരുവന്തപുരം 695004
ഫോൺ: 0471-2440920, 2449138
ഇ.മെയിൽ: kldboard8@gmail.com
വെബ്സൈറ്റ്: www.livestock.kerala.gov.in

## 21.12 കേരളസംസ്ഥാന പൗൾട്രിവികസന കോർപ്പറേഷൻ (കെപ്കോ)

### കെപ്കോ വനിതാമിത്രം

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിൽപ്പെട്ട 20,000 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോരുത്തർക്കും 10 കോഴി, 10 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവ നൽകുന്നു.

### കെപ്കോ ആശ്രയ പദ്ധതി

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകളായ 50,000 ഗുണഭോക്താക്കൾക്ക് പ്രയോജനം. ഓരോ ഗുണഭോക്താവിനും 10 കോഴി, 10 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവ ലഭിക്കുന്നു.

### ‘കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' പദ്ധതി

ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ യു.പി. വിഭാഗത്തിലെ 8, 9 സ്റ്റാൻഡേർഡുകളിലെ 50,000 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഓരോ കുട്ടിക്കും 5 കോഴി, 5 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.

**കൂടുതൽ വിവരങ്ങൾക്ക്:**

കേരള പൗൾട്രി വികസന കോർപ്പറേഷൻ
ടി.സി 30/697, പേട്ട,
തിരുവനന്തപുരം 695024
ഫോൺ 0471-2478585, 2468585

# — 22 —

# വനം വകുപ്പ്

## വന്യജീവിവിഭാഗം

### 22.1 വന്യജീവിയാക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം.

**ലഭിക്കുന്ന സഹായം:** വന്യജീവിയാക്രമണംമൂലം ഉണ്ടാകുന്ന മനുഷ്യജീവനാശം, പരിക്ക്, കൃഷി/കന്നുകാലി നാശം, വസ്തുകവകകൾക്കും വീടിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്കുള്ള നഷ്ടപരിഹാരം ചുവടെ പറയുന്ന പ്രകാരമാണ് നൽകുന്നത്.

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക (രൂപ) |
|---|---|
| മരണം | അഞ്ചു ലക്ഷം രൂപ |
| വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | ഒരു ലക്ഷം രൂപ |
| സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ |
| പരിക്ക് | പരമാവധി 75,000 രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടികവർഗ്ഗക്കാർക്കു പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും. |
| വിളനാശം, വീടുനഷ്ടം, കന്നുകാലിനഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) |

**അർഹതാമനാദണ്ഡം:** കോളം രണ്ടിൽ പറഞ്ഞ നാശനഷ്ടങ്ങൾ അനുഭവിക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

**അപേക്ഷിക്കേണ്ട വിധം:** അക്ഷയ കേന്ദ്രം വഴി ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈനായി അപേക്ഷ അപേക്ഷകന്റെ പരിധിയിലെ റെയിഞ്ച് ഫോറസ്റ്റാഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**അപേക്ഷിക്കേണ്ട വിലാസം:** http://edistrict.kerala.gov.in

**ഓൺലൈൻ അപേക്ഷാഫോം:** http://www.forest.kerala.gov.in/images/application/-546.pdf

**സമയപരിധി:** ജീവനാശത്തിനുള്ള അപേക്ഷ ഒരുവർഷത്തിനും മറ്റപേക്ഷകൾ സംഭവം നടന്ന് ആറുമാസത്തിനും അകം നൽകണം.

# സാമൂഹികവനവൽക്കരണവിഭാഗം

## 22.2 കാവുകൾക്കുള്ള ധനസഹായ പദ്ധതി

**ലഭിക്കുന്ന സഹായം:** ആദ്യ ഗഡു 25,000 രൂപ അഥവാ അംഗീകൃത പദ്ധതിയുടെ 10% (ഇതിലേതാണോ കുറവ്). പിന്നീട് വൗച്ചറും രേഖകളും നൽകുന്ന മുറയ്ക്ക് ബാക്കി ഗഡുക്കൾ നൽകിവരുന്നു. 25,000 രൂപയിൽ കുറവാണെങ്കിൽ വൗച്ചറുകൾ ഹാജരാക്കുന്ന മുറയ്ക്ക് മുഴുവൻ തുകയും നൽകും.

**അർഹതാമാനദണ്ഡം:** 24.12.2016-ലെ ജി.ഒ(ആർ.റ്റി)485/16/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കാവുസംരക്ഷണപദ്ധതി നടപ്പിലാക്കിവരുന്നത്. ഓരോ ജില്ലയിൽനിന്നും സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകൾ പത്രപ്പരസ്യങ്ങളിലൂടെ അപേക്ഷ ക്ഷണിക്കുകയും അപ്രകാരം ലഭിച്ച അപേക്ഷകൾ കാവുസംരക്ഷണപദ്ധതിയിലെ തെരഞ്ഞെടുത്ത സംസ്ഥാനതല വിദഗ്ധസമിതിയംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെയും ജൈവവൈവിദ്ധ്യസമ്പന്നതയുടെയും അടിസ്ഥാനത്തിൽ യോഗ്യമായ അഞ്ച് കാവുവീതം ഓരോ ജില്ലയിൽനിന്നു തെരഞ്ഞെടുക്കുകയും തെരഞ്ഞെടുത്ത കാവുകൾക്ക് കാവുകളുടെ ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോപ്ലാനിന്റെ അംഗീകാരത്തിനു വിധേയമായി ധനസഹായം നൽകുകയും ചെയ്യും.

**അപേക്ഷിക്കേണ്ട വിധം:** പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുന്നമുറയ്ക്ക് താല്പര്യമുള്ള ദേവസ്വം/ഉടമസ്ഥർ/ക്ഷേത്രട്രസ്റ്റുകൾ നിശ്ചിതമാതൃകയിലുള്ള അപേക്ഷ അതതുജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിൽ നൽകണം.

**അപേക്ഷാഫോം:**

http://www.forest.kerala.gov.in/images/application/sacredgrove.pdf

**അപേക്ഷിക്കേണ്ട വിലാസം:** അതതുജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ വിലാസത്തിൽ.

**സമയപരിധി:** പത്രപ്പരസ്യത്തിൽ പറയുന്ന തീയതിക്കകം.

**നടപ്പാക്കുന്നത്:** അതതുജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ

## 22.3 സ്വകാര്യവനവത്ക്കരണം

തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നീ വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതു പ്രോത്സാഹിപ്പിക്കുന്ന പദ്ധതി.

**ലഭിക്കുന്ന സഹായം:** തൈയുടെ എണ്ണം അനുസരിച്ച് 50 മുതൽ 200 വരെ തൈ ഒന്നിന് 50 രൂപാ നിരക്കിലും 201 മുതൽ 400 വരെ തൈ ഒന്നിന് 40 രൂപാ നിരക്കിലും (ഏറ്റവും കുറഞ്ഞ പ്രോത്സാഹനധനസഹായം 10,000 രൂപ) 401 മുതൽ 625 വരെ എണ്ണം തൈകൾക്ക് ഒന്നിന് 30 രൂപാ നിരക്കിലും (ഏറ്റവും കുറഞ്ഞ പ്രോത്സാഹനധനസഹായം 16,000 രൂപ) - ധനസഹായം നൽകും.

**അർഹതാമാനദണ്ഡം:**

സർക്കാരുത്തരവ് നം. 486/12/വനം തീയതി: 29.09.2012 അനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശപ്രകാരമാണ് ധനസഹായം നൽകുന്നത്. അപേക്ഷകരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തോ അപേക്ഷാസമയത്ത് പത്തുവർഷമെങ്കിലും കാലാവധി അവശേഷിക്കുന്ന പട്ടയഭൂമിയിലോ ആയിരിക്കണം വൃക്ഷത്തൈകൾ നട്ടിരിക്കേണ്ടത്. മുകളിൽ പറഞ്ഞ പത്ത് ഇനം തൈകൾക്കു മാത്രമേ ധനസഹായം ലഭിക്കൂ. പരിശോധനാസമയത്ത് 50 തൈകളെങ്കിലും നട്ടുവളർത്തിയിരിക്കണം. അതിന്റെ പ്രായം 1-2 വർഷം വരെ ആയിരിക്കണം.

**അപേക്ഷിക്കേണ്ട വിലാസം:** അതതു ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / റേഞ്ച് ഓഫീസർ

**വിശദവിവരങ്ങളും അപേക്ഷാഫോമും:**
http://circle.forest.kerala.gov.in/sfkozhikode/images/ongoing%20schemes/Scheme-%20for%20Incentivisation%20of%20Private%20Forestry%20_1_.pdf

അപേക്ഷാഫോം ബന്ധപ്പെട്ട സോഷൽ ഫോറസ്ട്രി ഓഫീസുകളിലും വനം വകുപ്പിന്റെ വെബ്സൈറ്റിലും ലഭിക്കും.

**സമയപരിധി:** പത്രപ്പരസ്യത്തിൽ പറയുന്ന തീയതിക്കകം.

**നടപ്പാക്കുന്നത്:** അതാതു ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ

## 22.4 കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുള്ള ധനസഹായപദ്ധതി

**ലഭിക്കുന്ന സഹായം:** ഒരേക്കറിനു 4000 രൂപ.

**അർഹതാമാനദണ്ഡം:** 24.12.2016-ലെ ജി.ഒ(ആർ.റ്റി)485/16/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായി ജില്ലാപ്പഞ്ചായത്തുപ്രതിനിധി, ഗവേഷണസ്ഥാപനത്തിലെ പ്രതി

നിധി, അറിയപ്പെടുന്ന സന്നദ്ധസംഘടനാപ്രതിനിധി എന്നിവരടങ്ങുന്ന ജില്ലാക്കമ്മിറ്റിയാണ് അതതുജില്ലയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും കണ്ടൽക്കാടുകളുടെ വിസ്തൃതിക്ക് അനുസൃതമായി ധനസഹായം തിട്ടപ്പെടുത്തുന്നതും.

**നടപടിക്രമം:** അർഹരായവരുമായി അതതു സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ധാരണാപത്രം ഒപ്പിടണം.

**അപേക്ഷിക്കേണ്ട വിധം:** താല്പര്യമുള്ള കണ്ടൽക്കാട്ടുടമകൾ നിശ്ചിതമാതൃകയിലുള്ള അപേക്ഷ അതതുജില്ലയിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്കു നൽകണം. അപേക്ഷയോടൊപ്പം ഉടമസ്ഥാവകാശസർട്ടിഫിക്കറ്റിന്റെ അസ്സൽ (പ്രമാണം, കരംതീർത്ത രസീത്, വില്ലേജോഫീസറുടെ സർട്ടിഫിക്കറ്റ് തുടങ്ങിയവ), സ്ഥലത്തിന്റെ സ്കെച്ച് എന്നിവ ഉണ്ടാകണം.

**അപേക്ഷിക്കേണ്ട വിലാസം:** അതതുജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ വിലാസത്തിൽ.

**സമയപരിധി:** പത്രപ്പരസ്യത്തിൽ പറയുന്ന തീയതിക്കകം.

**അപേക്ഷാഫോം:**

http://circle.forest.kerala.gov.in/sfekm/images/docs/Image%20(283).jpg

**നടപ്പാക്കുന്നത്:** അതതുജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ.

**വകുപ്പാസ്ഥാനം:**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
വനശ്രീ,
വനംവകുപ്പ് ആസ്ഥാനം,
വഴുതക്കാട്,
തിരുവനന്തപുരം 695014

ഫോൺ: 0471-2529100 മുതൽ 2529399 വരെ
കണ്ട്രോൾ റൂം: 0471 2529365, ടോൾ ഫ്രീ നം: 1800 425 4733
വെബ്സൈറ്റ്: http://www.forest.kerala.gov.in/

**വനം വകുപ്പിന്റെ വിവിധ അപേക്ഷാഫോമുകൾ:**

http://www.forest.kerala.gov.in/index.php/rti/forms

**വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പേരും ഫോൺ നമ്പരും ഇ-മെയിൽ വിലാസവും:**
http://www.fmis.forest.kerala.gov.in/sites/all/modules/address/mobile_dir.php

**സാമൂഹികവനവത്ക്കരണവിഭാഗം പിസിസിഎഫ്:**
http://www.forest.kerala.gov.in/index.php/about-us/various-wings/pccfs/pccf-social-forestry

**സാമൂഹികവനവത്ക്കരണവിഭാഗം കൊല്ലം സർക്കിൾ:**
http://circle.forest.kerala.gov.in/sfkollam/

**സാമൂഹികവനവത്ക്കരണവിഭാഗം എറണാകുളം സർക്കിൾ:**
http://circle.forest.kerala.gov.in/sfekm/

**സാമൂഹികവനവത്ക്കരണവിഭാഗം കോഴിക്കോട് സർക്കിൾ:**
http://circle.forest.kerala.gov.in/sfkozhikode/

# — 23 —

# വിനോദസഞ്ചാരവകുപ്പ്

## 23.1 ഗൃഹസ്ഥലി പൈതൃകസംരക്ഷണപദ്ധതി

പ്രകൃതിഭംഗിപോലെ സാംസ്കാരികരംഗത്തെ കേരളത്തിന്റെ മുതൽക്കൂട്ടായ ശ്രേഷ്ഠനിർമ്മിതികൾ സംരക്ഷിക്കാനും തനതുപൈതൃകം നിലനിർത്താനുമുള്ള പദ്ധതി. ചരിത്രപ്രാധാന്യവും പൈതൃകമൂല്യവും വാസ്തുശില്പചാരുതയുമുള്ള രമ്യഹർമ്മ്യങ്ങളിൽ കേരളവാസ്തുശില്പമാതൃകയിൽ നിർമ്മിച്ച സാംസ്കാരികത്തനിമയുള്ളതും 50 വർഷം പഴക്കമുള്ളതും ആധുനികസൗകര്യങ്ങളോടുകൂടിയ അതിഥിസൽക്കാരമന്ദിരങ്ങളാക്കി മാറ്റാൻ കഴിയുന്നതുമായ കെട്ടിടം സംരക്ഷിച്ച് നിലനിർത്താൻ താല്പര്യമുള്ള സംരംഭകർക്ക് ചെലവിന്റെ 25 ശതമാനം (പരമാവധി 5,00,000 രൂപ) വകുപ്പ് നൽകും. വിശദവിവരങ്ങൾ വകുപ്പിന്റെ www.keralatourism.org എന്ന വെബ്സൈറ്റിലും വകുപ്പിന്റെ ഓഫീസുകളിലും ലഭ്യമാണ്.

കൂടാതെ, ചില നിർദ്ദിഷ്ട പൊതുപശ്ചാത്തലസൗകര്യങ്ങൾക്ക വയബിലിറ്റി ധനസഹായവും നൽകുന്നുണ്ട്.

# — 24 —

# വ്യവസായം, കരകൗശലം

## 24.1 കരകൗശലവിദഗ്ധരുടെ വാർദ്ധക്യകാലപെൻഷൻ

**ലഭിക്കുന്ന സഹായം:** പ്രതിമാസം 600 രൂപ.

**അർഹതാമാനദണ്ഡം:** വാർഷികവരുമാനം 6000 രൂപയിൽ കവിയാത്തതും 60 വയസ് പൂർത്തിയായതും ഹാൻഡിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കമ്മിഷണർ നൽകിയ തിരിച്ചറിയൽ കാർഡ് ഉള്ളതുമായ കരകൗശലവിദഗ്ധർ

**അപേക്ഷിക്കേണ്ട വിധം:** ബന്ധപ്പെട്ട ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർക്ക്

**അപേക്ഷിക്കേണ്ട വിലാസം:** അതതു ജില്ലാവ്യവസായകേന്ദ്രം

**സമയപരിധി:** ഇല്ല

**അപേക്ഷാഫോം:** വകുപ്പിന്റെ വെബ്സൈറ്റിൽ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

**ആവശ്യമായ വിവരങ്ങൾ/രേഖകൾ:** ചെക്ക് ലിസ്റ്റ് വകുപ്പിന്റെ ഓഫീസുകളിലും വെബ് സൈറ്റിലും ഉണ്ട്.

## 24.2 ആഷ പദ്ധതി (Assisted Scheme for Handicrafts Artisans — ASHA)

**ലഭിക്കുന്ന സഹായം/സേവനം:** സംരംഭങ്ങൾ തുടങ്ങാനുള്ള ഒറ്റത്തവണസഹായഗ്രാന്റും സൂക്ഷ്മസംരംഭങ്ങൾ തുടങ്ങാനുള്ള സഹായവും.

**വിശദവിവരങ്ങൾ:** http://industry.kerala.gov.in/index.php/schemes/asha

**അർഹതാമാനദണ്ഡം:** അതതു ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർമാരുടെ ഓഫീസിൽ മെമ്മോറാൻഡം II ഫയൽ ചെയ്തതോ ഉദ്യോഗ് ആധാർ എടുത്തിട്ടുള്ളതോ ആയ ഈ മേഖലയിലെ സൂക്ഷ്മസംരംഭകർ.

**അപേക്ഷിക്കേണ്ടത്:** അതതു ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർക്ക്

**അപേക്ഷിക്കേണ്ട വിലാസം:** അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ

**സമയപരിധി:** സംരംഭം ആരംഭിച്ച് 6 മാസത്തിനുള്ളിൽ അപേക്ഷിക്കണം.

**മാർഗ്ഗനിർദ്ദേശങ്ങളും അപേക്ഷാഫോമും:**

http://industry.kerala.gov.in/images/downloads/ashaguidelines.pdf

**ആവശ്യമായ വിവരങ്ങൾ/രേഖകൾ:** ചെക്ക് ലിസ്റ്റ് വകുപ്പിന്റെ ഓഫീസുകളിലും വെബ് സൈറ്റിലും ഉണ്ട്.

## 24.3 കെ.എസ്.എസ്.ഐ.എ. ഗ്രാന്റ് ഇൻ എയ്ഡ്

**ലഭിക്കുന്ന സഹായം:** കെ.എസ്.എസ്.ഐ.എ ജില്ലാഘടകത്തിന് 6,000 രൂപയും സംസ്ഥാനഘടകത്തിന് 9,000 രൂപയും.

**അർഹതാമാനദണ്ഡം:** G.O(MS)217/82/ID dated:23.06.1982 & G.O(Rt)1565/07/ ID dated:11.12.2007 നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള യോഗ്യതകൾ

**അപേക്ഷിക്കേണ്ട വിധം:** സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ ചാർജ്ജുകൾ, അച്ചടിച്ചെലവുകൾ തുടങ്ങിയവയുടെ ചെലവായ തുകയുടെ രസീതുകൾ സഹിതം അതതു ജില്ലകളിലെ ജനറൽ മാനേജർക്കു നൽകണം.

**സമയപരിധി:** ഇല്ല.

**പ്രത്യേക ഫോം:** ഇല്ല.

## 24.4 സംരംഭകത്വവികസന ക്ലബ്ബുകൾ

**ലഭിക്കുന്ന സഹായം:** വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സംരംഭകത്വവികസനക്ലബ്ബുകൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് 6,000 രൂപ നിരക്കിൽ രണ്ടുതവണയായി ആകെ 12000 രൂപ.

**അർഹതാമാനദണ്ഡം:** രജിസ്റ്റർ ചെയ്ത സംരംഭകത്വവികസനക്ലബ്ബുകൾ നടത്തുന്ന പ്രവർത്തനം.

**അപേക്ഷിക്കേണ്ട വിധം:** നിശ്ചിതഫോറത്തിൽ ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർക്ക് അപേക്ഷ നൽകണം.

**അപേക്ഷാഫോമും വിശദവിവരങ്ങളും:** http://industry.kerala.gov.in/images/ downloads/ed-club.pdf എന്ന ലിങ്കിൽ. കൂടാതെ, ജില്ലാവ്യവസായകേന്ദ്രത്തിലും ലഭ്യമാണ്.

**സമയപരിധി:** ആദ്യതവണ ധനസഹായത്തിനുള്ള അപേക്ഷ സെപ്റ്റംബർ 30-നു മുൻപും രണ്ടാംതവണ ഡിസംബർ 31-നു മുൻപും.

**നടപ്പാക്കുന്നത്:** ജില്ലാവ്യവസായകേന്ദ്രങ്ങൾ

## 24.5 ഓണ്ട്രപ്രണർ സപ്പോർട്ട് സ്കീം

**ലഭിക്കുന്ന സഹായം:** സ്റ്റാർട്ടപ്പ് സപ്പോർട്ട്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്, ടെക്നോളജി സപ്പോർട്ട്.

**അർഹതാമാനദണ്ഡം:** സൂക്ഷ്മ-ചെറുകിട-ഇടത്തരം മാനുഫാക്ചറിംഗ് യൂണിറ്റ്.

**അപേക്ഷിക്കേണ്ട വിലാസം:** അതതു ജില്ലാവ്യവസായകേന്ദ്രം

**പദ്ധതിയുടെ വിശദാംശങ്ങളും അപേക്ഷയുടെ മാതൃകയും:** http://industry.kerala.gov.in/images/GOs/ESS/ESSGuidelines.pdf

**അപേക്ഷിക്കേണ്ട വിധം:** ഓൺ ലൈനായി മാത്രം

1. www.industry.kerala.gov.in എന്ന വെബ്സൈറ്റിൽ Apply for ESS എന്ന ലിങ്ക് മുഖേന ഇഎസ്എസ് ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള സൈറ്റിൽ പ്രവേശിക്കാം.
2. പുതുതായി അപേക്ഷ സമർപ്പിക്കുന്നതിനുമുമ്പ് രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ ചെയ്യുമ്പോൾ ലഭിക്കുന്ന യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് സൈറ്റിൽ ലോഗിൻ ചെയ്യാം.
3. ഏതു സഹായത്തിനാണോ അപേക്ഷിക്കുന്നത് അത് യൂസറുടെ ഹോം പേജിൽനിന്നു സെലക്റ്റ് ചെയ്ത് അപേക്ഷ സമർപ്പിക്കുന്നതിനുള്ള പേജിലേക്കു കടക്കാം.
4. അപേക്ഷയിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ പൂർണ്ണമായി എന്റർ ചെയ്തശേഷം സബ്മിറ്റ് കീയിൽ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കാം.
5. സമർപ്പിച്ച അപേക്ഷ ഹോം പേജിൽത്തന്നെയുള്ള ഡൗൺലോഡ് മെനുവിൽനിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാം.
6. പ്രിന്റെടുത്ത അപേക്ഷ, അപേക്ഷാഫീസിന്റെ ഡി.ഡി, ആവശ്യമായ മറ്റു രേഖകൾ (ചെക്ക് ലിസ്റ്റ് പ്രകാരമുള്ളത്) എന്നിവ സഹിതം ജില്ലാവ്യവസായകേന്ദ്രത്തിൽ നേരിട്ടു നൽകണം.

**പൊതുവിവരങ്ങൾ:** http://industry.kerala.gov.in/index.php/schemes/ess

## 24.6 സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായങ്ങൾ

**വിശദവിവരങ്ങൾ:** https://kerala.gov.in/financing-start-ups

**കേരള സ്റ്റാർട്ടപ് മിഷൻ:** https://kerala.gov.in/start-up-mission

**വിവിധ സംരംഭകത്വപരിശീലനപരിപാടികൾ:** https://kerala.gov.in/entrepreneurship-trainings

**വകുപ്പാസ്ഥാനം:**

ഡയറക്റ്റർ,
വ്യവസായ-വാണിജ്യ വകുപ്പ്,

വികാസ് ഭവൻ,
തിരുവനന്തപുരം – 695033
ഫോൺ: +91- 471-2302774,
ഫാക്സ് : +91- 471-2305493,
ഇ-മെയിൽ: industriesdirectorate@gmail.com
വെബ്സൈറ്റ്: http://http://industry.kerala.gov.in/

**മറ്റുചില വെബ്സൈറ്റുകൾ:**

**വ്യവ്യവസായവകുപ്പ്:** http://www.keralaindustry.org

**കെ.എസ്.ഐ.ഡി.സി.:** http://www.keralasidco.com/

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ:** http://www.kfc.org/

**സിഡ്കോ:** http://www.keralasidco.com/

# — 25 —

# വ്യാപാരീക്ഷേമബോർഡ്

## 25.1 മരണാനന്തര ആനുകൂല്യം

സംസ്ഥാന വ്യാപാരീക്ഷേമനിധിയിൽ അംഗമായി ആറുമാസം കഴിഞ്ഞു മരണം സംഭവിച്ചാൽ അവകാശിക്കു ലഭിക്കുന്ന ആനുകൂല്യമാണിത്. അംഗത്വം എ, ബി, സി, ഡി എന്നു നാലുതരത്തിൽ ഉണ്ട്. അതിനനുസരിച്ച് ഈ ആനുകൂല്യത്തിൽ വ്യത്യാസമുണ്ട്.

### എ. അവകാശിക്കു ലഭിക്കുന്ന ആനുകൂല്യം

എ) എ ക്ലാസ് – 1,00,000 രൂപ

ബി) ബി ക്ലാസ് – 60,000 രൂപ

സി) സി ക്ലാസ് – 40,000 രൂപ

ഡി) ഡി ക്ലാസ് – 30,000 രൂപ

### ബി. ആനുകൂല്യം കിട്ടാനുള്ള നടപടിക്രമം

അംഗത്വകാർഡ്, ഗസറ്റഡ് ഉദ്യോഗസ്ഥ/ൻ സാക്ഷ്യപ്പെടുത്തിയ മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്, വില്ലേജ് ഓഫീസർ നൽകുന്ന കുടുംബാംഗത്വസർട്ടിഫിക്കറ്റ്, കുടുംബാംഗത്വസർട്ടിഫിക്കറ്റിലെ അംഗങ്ങളെല്ലാംകൂടി അവരിലൊരാളെ തുക കൈപ്പറ്റാൻ ചുമതലപ്പെടുത്തുന്ന സമ്മതപത്രം എന്നിവ ഉൾപ്പെടെയുള്ള അവകാശിയുടെ അപേക്ഷ അംഗം മരിച്ച് 90 ദിവസത്തിനുള്ളിൽ സംസ്ഥാന വ്യാപാരീക്ഷേമനിധിബോർഡിൽ നൽകണം.

അംഗം മരിച്ച 90 ദിവസത്തിനുള്ളിൽ അപേക്ഷ നൽകുന്നതിൽ വീഴ്ച്ച വന്നാൽ വിശദീകരണം നൽകണം.

## 25.2 എക്സ്ഗ്രേഷ്യാ ക്ലെയിമുകൾ

സംസ്ഥാന വ്യാപാരീക്ഷേമബോർഡിൽനിന്ന് അംഗങ്ങൾക്കു തീപിടുത്തം, അക്രമം, ലഹള, വെള്ളപ്പൊക്കം, മറ്റുപ്രകൃതിക്ഷോഭങ്ങൾ എന്നിവയിലൂടെ വ്യാപാരസ്ഥാപനത്തി

നം സാധനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നല്കിവരുന്നു. നഷ്ട പരിഹാരത്തുക അംഗങ്ങൾക്ക് മരണാനന്തരാനുകൂല്യമായി ലഭിക്കാവുന്ന തുകയോളം എന്നു പരിമിതപ്പെടുത്തിയിരിക്കുന്നു.

### എ. അപേക്ഷിക്കാനുള്ള നടപടിക്രമം

അംഗത്വകാർഡിന്റെ കോപ്പി, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്, തീപിടുത്തത്തിനു ഫയർ ഫോഴ്സ് റിപ്പോർട്ട്, അക്രമത്തിന് പോലീസ് റിപ്പോർട്ട് എന്നിവ സഹിതമുള്ള അപേക്ഷ കേരളസംസ്ഥാന വ്യാപാരീക്ഷേമബോർഡിൽ നൽകണം.

## 25.3 പെൻഷൻ

പത്തുവർഷം തുടർച്ചയായി ക്ഷേമനിധിയംഗത്വമുള്ളവർക്ക് 60 വയസ് പൂർത്തിയായതിന്റെ അടുത്തമാസംമുതൽ താഴെ പറയുന്ന നിരക്കിൽ പ്രതിമാസപെൻഷൻ നൽകിവരുന്നു.

എ) എ ക്ലാസ് – 1350 രൂപ
ബി) ബി ക്ലാസ് – 1150 രൂപ
സി) സി ക്ലാസ് – 1050 രൂപ
ഡി) ഡി ക്ലാസ് – 1000 രൂപ

### പെൻഷൻ കിട്ടാനുള്ള നടപടിക്രമം

60 വയസ് പൂർത്തിയായതിന്റെ രേഖയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നുള്ള കച്ചവടലൈസൻസും അംഗത്വകാർഡിന്റെ പകർപ്പും സഹിതം ബോർഡിൽ അപേക്ഷ നൽകണം.

ഇവയ്ക്കുപുറമേ, സ്കോളർഷിപ്പ് പദ്ധതി, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്നിവ നടപ്പാക്കാനും ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

### സംസ്ഥാന വ്യാപാരീക്ഷേമബോർഡിന്റെ ആസ്ഥാനം

സംസ്ഥാന വ്യാപാരീക്ഷേമ ബോർഡ്
തകരപ്പറമ്പ് റോഡ്, കിഴക്കേക്കോട്ട, തിരുവനന്തപുരം
ഫോൺ-0471-2474049, 2474054

### വാണിജ്യവകുപ്പിന്റെ ആസ്ഥാനം

കമ്മിഷണർ,
വാണിജ്യനികുതിവകുപ്പ്, ടാക്സ് ടവർ,
കരമന പി.ഒ., കിള്ളിപ്പാലം, തിരുവനന്തപുരം,
ഫോൺ-0471-2785206, 2785202
email: commissioner@keralataxes.gov.in
website: http://www.keralataxes.gov.in

# — 26 —

# സഹകരണവകുപ്പ്

## 26.1 അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി

**ലഭിക്കുന്ന ആനുകൂല്യം:** 50,000 രൂപവരെ

**അർഹതാ മാനദണ്ഡം:**

സഹകരണ മേഖലയിൽ (താലൂക്ക്, ജില്ല) വളരെക്കാലമായി പ്രവർത്തിക്കുകയും അതിന്റെ പുരോഗതിക്കും വളർച്ചയ്ക്കുംവേണ്ടി ജീവിതകാലം മുഴുവൻ പ്രവർത്തിക്കുകയും ചെയ്ത നിരാലംബരും അശരണരുമായ സഹകാരികൾക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. ഈ പദ്ധതി പ്രകാരം 50,000 രൂപാവരെയും സഹകാരികൾ മരിച്ചാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് 25,000 രൂപയും ലഭിക്കും. സഹകാരിയുടെ വാർഷി കവരുമാനം 36,000 രൂപയിൽ കവിയരുത്.

വില്ലേജ് ഓഫീസർ നൽകുന്ന വരുമാനസർട്ടിഫിക്കറ്റും ചികിൽസാചെലവു സംബ ന്ധിച്ച ഡോക്ടർ സർട്ടിഫിക്കറ്റും മതിയായ രേഖകളും സഹിതം നിർദ്ദിഷ്ടമാതൃകയിലുള്ള അപേക്ഷ സ്ഥിരമായി താമസിക്കുന്ന താലൂക്കിലെ സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സഹകരണസംഘം രജിസ്ട്രാർക്കു നൽകണം.

## 26.2 നെൽക്കർഷകർക്കുള്ള പലിശരഹിതവായ്പ

സംസ്ഥാനത്തെ നെൽക്കർഷകർക്കായി സഹകരണബാങ്കുകൾ/സംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതി. ഒരു വിളയ്ക്ക് വായ്പാകാലാവധി പരമാവധി 180 ദിവസമാണ്. അതിനാൽ വായ്പാകാലാവധിക്കകം വായ്പയുടെ മുതൽ കർഷകർ തിരിച്ചടയ്ക്കണം. വായ്പ ത്തുക നെൽക്കൃഷിക്കല്ലാതെ വകമാറ്റി ഉപയോഗിച്ചാൽ വായ്പാക്കാരിൽനിന്നു കാലാവധി കണക്കാക്കാതെ വായ്പ തിരിച്ചടപ്പിക്കുന്നതിനുള്ള നടപടി സഹകരണ സംഘം/ബാങ്ക് സ്വീകരിക്കും.

## 26.3 ഉത്തേജന പലിശയിളവ് പദ്ധതി

ഹ്രസ്വകാലകാർഷികാവശ്യത്തിനു കൃഷിക്കാർക്കു പൂർണ്ണമായ പലിശയിളവോടെ സഹകരണസംഘങ്ങൾ മുഖേന വായ്പ അനുവദിക്കുന്ന പദ്ധതി. രണ്ട് ഹെക്ടർ ഭൂമി കൈവശമുള്ള ചെറുകിട കർഷകർക്ക് ഹ്രസ്വകാലവായ്പയായി മൂന്നുലക്ഷം രൂപവരെ നൽകിവരുന്നു. വീഴ്ച കൂടാതെ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്രസർക്കാർ നൽകുന്ന പരമാവധി മൂന്നുശതമാനം പലിശസബ്സിഡിയോടൊപ്പം സംസ്ഥാനസർക്കാരിന്റെ പരമാവധി അഞ്ചുശതമാനം പലിശയിളവും അനുവദിക്കുന്നു. ക്യാഷ് ക്രെഡിറ്റ് സിസ്റ്റം, കിസാൻ ക്രെഡിറ്റ് കാർഡ് എന്നിവ മുഖേന അനുവദിക്കുന്ന വായ്പകൾക്കും ഈ പദ്ധതിപ്രകാരം പലിശയിളവിന് അർഹതയുണ്ട്.

ഒന്നിലധികം ഇനങ്ങളിൽ വായ്പ അനുവദിക്കുകയാണെങ്കിൽ, മൂന്നുലക്ഷം രൂപവരെയുള്ള ആകെ വായ്പയ്ക്കുമാത്രമേ പലിശയിളവ് അനുവദിക്കൂ. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കു മാത്രമാണ് ഈ ആനുകൂല്യം.

## 26.4 കേരള സ്റ്റേറ്റ് എംപ്ലോയീസ് പെൻഷൻ ബോർഡ്

കേരളത്തിലെ സഹകരണമേഖലയിലെ ജീവനക്കാർക്കു പെൻഷൻ നൽകുന്നതിനുള്ള ബോർഡാണിത്. പ്രാഥമിക സഹകരണസംഘങ്ങളിൽനിന്നു വിരമിക്കുന്ന ജീവനക്കാർക്ക് പരമാവധി 15,750 രൂപയും കുറഞ്ഞത് 1,575 രൂപയും പെൻഷൻ ലഭിക്കുന്നു. സംസ്ഥാന സഹകരണബാങ്കിൽനിന്നും ജില്ലാ സഹകരണബാങ്കുകളിൽനിന്നും വിരമിക്കുന്നവർക്ക് പരമാവധി പെൻഷൻ 23,100 രൂപയും കുറഞ്ഞ പെൻഷൻ 2,100 രൂപയും ലഭിക്കുന്നു.

**വിലാസം:**

കേരള കോപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്
കലാ നിവാസ്, റ്റി സി 27/156, 157,
ആയുർവേദ കോളേജിനു സമീപം,
തിരുവനന്തപുരം — 695001.

## 26.5 കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്

സംസ്ഥാനത്തെ സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ ക്ഷേമത്തിനായുള്ള ബോർഡാണിത്.

**ലഭിക്കുന്ന ധനസഹായം:**

1. ജീവനക്കാരുടെ മരണാനന്തരധനസഹായം — 1,50,000 രൂപ
2. ജീവനക്കാരുടെ ചികിൽസാധനസഹായം — 75,000 രൂപ
3. കമ്മീഷൻ ഏജന്റുമാരുടെ മരണാനന്തരധനസഹായം — 1,50,000 രൂപ

4. ജീവനക്കാരുടെ ആശ്രിതർക്ക് ചികിൽസാ ധനസഹായം — 25,000 രൂപ
5. കമ്മീഷൻ ഏജന്റുമാർക്ക് ചികിൽസാ ധനസഹായം — 25,000 രൂപ

ജീവനക്കാരുടെയും കമ്മീഷൻ ഏജന്റുമാരുടെയും മക്കളിൽ എസ്എസ്എൽസിക്ക് എല്ലാ വിഷയത്തിനും എ പ്ലസ് ഗ്രേഡ് ലഭിക്കുന്നവർക്കും 90 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്കും 10,000 രൂപ നൽകുന്നു. കൂടാതെ പ്ലസ് ടു, വിഎച്ച്എസ്ഇ, എച്ച്ഡിസി & ബിഎം, ജെഡിസി പരീക്ഷകളിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് 10,000 രൂപയും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് യഥാക്രമം 7000 രൂപയും 5000 രൂപയും നൽകുന്നു.

**വിലാസം:**

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്,
കേരള സംസ്ഥാന സഹകരണബാങ്ക് ബിൽഡിംഗ്,
ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം.

## 26.6 കേരള സഹകരണ വികസന ക്ഷേമനിധിബോർഡ്

പ്രവർത്തനമാന്ദ്യം സംഭവിച്ച സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനും വികസനപ്രവർത്തനങ്ങൾക്കും ധനസഹായം അനുവദിക്കാനും സഹകരണ റിസ്ക്ഫണ്ട് പദ്ധതി നടപ്പാക്കാനുമായി രൂപം നൽകിയതാണ് ഈ ബോർഡ്.

പ്രവർത്തനമാന്ദ്യം സംഭവിച്ച സംഘങ്ങളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് ഈ പദ്ധതി പ്രകാരം 50 ലക്ഷം രൂപവരെ അനുവദിക്കുന്നു. വിവിധ വായ്പാസഹകരണ സംഘങ്ങൾ വഴി കാർഷിക-കാർഷികേതര ആവശ്യങ്ങൾക്കായി വായ്പ എടുത്തിട്ടുള്ളവർ വായ്പാകാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരിച്ചാൽ അന്നേദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽനിന്നു നൽകും. കൂടാതെ വായ്പയെടുത്തയാൾക്ക് ഏഴു മാരകരോഗങ്ങളിൽ ഏതെങ്കിലും വന്നാൽ 75,000 രൂപവരെയുള്ള വായ്പാബാദ്ധ്യത റിസ്ക് ഫണ്ടിൽ എഴുതിത്തള്ളുന്നു.

## 26.7 റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യങ്ങൾ

1. റിസ്ക് ഫണ്ട് ആനുകൂല്യതുക പരമാവധി ഒന്നരലക്ഷം രൂപയും അതിന്റെ പലിശയും (30.03.2012 നുമുമ്പ് പദ്ധതിയിൽ അംഗമായവർക്ക് ഒരു ലക്ഷം രൂപയും അതിന്റെ പലിശയും)
2. വായ്പാകാലാവധി കഴിയാത്ത വായ്പകൾക്കും വായ്പാകാലാവധി കഴിഞ്ഞ വായ്പകൾക്കും ആനുകൂല്യം ലഭിക്കും
3. ആനുകൂല്യം ലഭിക്കുന്നതിനുള്ള പ്രായപരിധി 70 വയസ്സാണ്.
4. വായ്പക്കാരിൽ ക്യാൻസർ, എയ്ഡ്സ്, ലിവർ സിറോസിസ്, ക്ഷയരോഗം എന്നിവ ബാധിച്ചവർ, പക്ഷാഘാതം വന്നു ശരീരം തളർന്നവർ, വൃക്കസംബന്ധമായ രോഗം

മൂലം ഡയാലിസിസ് വേണ്ടിവന്നവർ എന്നിവർക്ക് 75,000 രൂപ ധനസഹായം നൽകും.

**വിലാസം:**

കേരള സഹകരണവികസനക്ഷേമനിധി ബോർഡ്
റ്റി സി 25/357(4), ഗാന്ധാരിയമ്മൻ കോവിൽ റോഡ്,
സ്റ്റാച്യൂ, തിരുവനന്തപുരം — 695 001,
ടെലിഫോൺ: 0471-2327656
ഫാക്സ്: 0471-2327727

## 26.8 കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ്

പ്രാഥമിക വായ്പാസഹകരണസംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ രൂപം നൽകിയ ബോർഡാണിത്. പ്രാഥമിക വായ്പാസഹകരണസംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ സ്കീമിൽ പരാമർശിക്കുന്ന ഒന്നരലക്ഷം രൂപവരെ ഗ്യാരന്റിത്തുക ലഭിക്കുന്നു.

**വിലാസം:**

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്
റ്റി സി 25/1955 (4), മാഞ്ഞാലിക്കുളം റോഡ്,
തിരുവനന്തപുരം 695001

# — 27 —

# സാമൂഹികനീതിവകുപ്പ്

## കേരള സാമൂഹികസുരക്ഷാമിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

### 27.1 ആശ്വാസകിരണം പദ്ധതി

ഒരു മുഴുവൻസമയ പരിചാരകരുടെ സേവനം ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളെയും മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതരരോഗങ്ങൾ ഉള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസധനസഹായം നൽകുന്ന പദ്ധതിയാണ് 'ആശ്വാസകിരണം'. പ്രതിമാസം 600 രൂപ.

**മാനദണ്ഡങ്ങൾ:**

1. കുടുംബവാർഷികവരുമാനം മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശത്ത് 22,375 രൂപയും പഞ്ചായത്തുകളിൽ 20,000 രൂപയും വരെ.
2. മുഴുവൻസമയ പരിചാരകരുടെ സേവനം ആവശ്യമുള്ള ശാരീരിക മാനസിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ, 100% അന്ധർ, പ്രായാധിക്യം കൊണ്ടും മറ്റുപല രോഗങ്ങളാലും കിടപ്പിലായവർ എന്നിവർ ഈ പദ്ധതിയുടെ പരിധിയിൽ വരും.
3. മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് ധനസഹായത്തിന് വരുമാനപരിധി ബാധകമല്ല.
4. വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റു ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭിക്കും.

**അപേക്ഷിക്കേണ്ട വിധവും വേണ്ട രേഖകളും:**

1. അപേക്ഷാഫോം സാമൂഹികസുരക്ഷാമിഷന്റെ വെബ്സൈറ്റിലും ഓഫീസിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അങ്കണവാടികളിലോ ശിശുവികസന ഓഫീസിലോ നൽകാം.

2. കുടുംബവരുമാനം തെളിയിക്കുന്നതിന് ബി.പി.എൽ റേഷൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/ വില്ലേജ് ഓഫീസറിൽനിന്നുള്ള വരുമാനസർട്ടിഫിക്കറ്റ് ഹാജരാക്കണം.
3. അപേക്ഷയോടൊപ്പം നിർദ്ദിഷ്ടമാതൃകയിൽ സർക്കാർ/ വയോമിത്രം/ എൻ. എച്ച്. എം. ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
4. അപേക്ഷകരുടെ ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിന്റെ അക്കൗണ്ട് വിവരങ്ങളുള്ള പേജിന്റെ പകർപ്പ്.

## 27.2 ക്യാൻസർ സുരക്ഷ

ക്യാൻസർ ബാധിതരായ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യചികിത്സ നൽകുന്ന പദ്ധതി. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടിവരുന്നവർക്ക് ചികിത്സാചെലവ് പരിമിതപ്പെടുത്തിയിട്ടില്ല.

**സൗജന്യചികിത്സ ലഭിക്കുന്ന ആശുപത്രികൾ:**

1. ഗവ: മെഡിക്കൽ കോളെജ് ആശുപത്രി, തിരുവനന്തപുരം
2. ഗവ: മെഡിക്കൽ കോളെജ് ആശുപത്രി, തൃശ്ശൂർ
3. ഗവ: മെഡിക്കൽ കോളെജ് ആശുപത്രി, ആലപ്പുഴ
4. ഗവ: മെഡിക്കൽ കോളെജ് ആശുപത്രി, കോഴിക്കോട്
5. ഗവ: മെഡിക്കൽ കോളെജ് ആശുപത്രി, കോട്ടയം
6. ഐ എം സി എച്ച്, മെഡിക്കൽ കോളെജ്, കോഴിക്കോട്
7. ഐ. സി. എച്ച്, മെഡിക്കൽ കോളെജ്, കോട്ടയം
8. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കണ്ണൂർ
9. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
10. ജനറൽ ആശുപത്രി, എറണാകുളം
11. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ
12. ഗവ.മെഡിക്കൽ കോളെജ് ആശുപത്രി, എറണാകുളം

പ്രത്യേക അപേക്ഷാഫോം ആവശ്യമില്ല. അതത് ആശുപത്രിയിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹിക വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാചെലവുകൾ വഹിക്കാൻ കഴിയാത്തതായി കണ്ടെത്തുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

## 27.3 താലോലം

പതിനെട്ടുവയസ്സിനു താഴെയുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽപാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, എൻഡോസൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ എന്നിവയ്ക്ക് ഡയാലിസിസും ശസ്ത്രക്രിയയും അടക്കമുള്ള ചികിത്സയുടെ ചെലവു വഹിക്കുന്നു. കൂടുതൽ വിദഗ്ധചികിത്സ ആവശ്യമായവർക്കും ചികിത്സാചെലവിനു പരിധി ഏർപ്പെടുത്തിയിട്ടില്ല.

### സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ

1. ഗവ: മെഡിക്കൽ കോളെജ് ആശുപത്രി, തിരുവനന്തപുരം
2. ഗവ: മെഡിക്കൽ കോളെജ് ആശുപത്രി, തൃശ്ശൂർ
3. ഗവ: മെഡിക്കൽ കോളെജ് ആശുപത്രി, ആലപ്പുഴ
4. എസ്.എ.ടി ഹോസ്പിറ്റൽ, തിരുവനന്തപുരം
5. ഗവ: മെഡിക്കൽ കോളെജ് ആശുപത്രി, കോട്ടയം
6. ഐ.എം.സി.എച്ച്, കോഴിക്കോട്
7. ഗവ. മെഡിക്കൽ കോളെജ്, കോഴിക്കോട്
8. ഐ.സി.എച്ച്, കോട്ടയം
9. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളെജ്, കണ്ണൂർ
10. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
11. ജില്ലാ ആശുപത്രി, ആലുവ, എറണാകുളം
12. ശ്രീ ചിത്തിരതിരുനാൾ ആശുപത്രി, തിരുവനന്തപുരം
13. ഗവ. മെഡിക്കൽ കോളെജ്, എറണാകുളം
14. ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ
15. ICCONS, ഷൊർണ്ണൂർ
16. ICCONS, തിരുവനന്തപുരം
17. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ
18. ഗവ. എം.സി.എച്ച്, മഞ്ചേരി, മലപ്പുറം

പ്രത്യേക അപേക്ഷ ആവശ്യമില്ല. അതത് ആശുപത്രിയിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസലർമാർ സാമ്പത്തിക, സാമൂഹിക വിശകലനം നടത്തി ചികിത്സാചെലവു വഹിക്കാൻ കഴിയാത്തതായി കണ്ടെത്തുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

### താലോലം/ക്യാൻസർസുരക്ഷ കൗൺസെലർമാർ

| ആശുപത്രിയുടെ പേര് | കൗൺസെലറുടെ പേര് | ഫോൺ നമ്പർ |
|---|---|---|
| ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി (SCTIMST), തിരുവനന്തപുരം | റോസമ്മ മാനുവൽ | 9446848142 |
| റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം | രജിതകുമാരി, ശ്രീനാഥ് | 9645205425 |
| എസ്.എ.റ്റി. ഹോസ്പിറ്റൽ, തിരുവനന്തപുരം | പ്രീത | 9645205440 |
| ഗവ. മെഡിക്കൽ കോളെജ് ഹോസ്പിറ്റൽ, തിരുവനന്തപുരം | സജിന | 9645205426 |
| ഗവ. മെഡിക്കൽ കോളെജ് ഹോസ്പിറ്റൽ, കോട്ടയം & ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം | വിനിത പി. പ്രസാദ് | 9645205430 |
| ഗവ. മെഡിക്കൽ കോളെജ് ഹോസ്പിറ്റൽ, ആലപ്പുഴ | നസിയ അബ്ദുൾ സതാർ | |
| ഗവ. മെഡിക്കൽ കോളെജ് ഹോസ്പിറ്റൽ, തൃശ്ശൂർ | അമ്പിളി | 9645205427 |
| ഗവ. ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ | നീതു വർഗ്ഗീസ് | 9645205439 |
| ഗവ. മെഡിക്കൽ കോളെജ് ഹോസ്പിറ്റൽ, കോഴിക്കോട് | അന്ന | 9645205429 |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ & ചൈൽഡ് ഹെൽത്ത്, കോഴിക്കോട് | കവിത | 9645206947 |
| കോ ഓപ്പറേറ്റീവ് മെഡിക്കൽ കോളെജ്, പരിയാരം, കണ്ണൂർ | നിതിൻ ജോസഫ് | 9645205438 |
| മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ | അമൃതാ റാണി | 9645205437 |

## 27.4 ശ്രുതിതരംഗം — കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി

കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേഴ്വിശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന ശ്രവണവൈകല്യമുള്ള അഞ്ചുവയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും തുടർച്ചയായ ഓഡിയോ വെർബൽ ഹാബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് അഞ്ചരലക്ഷം രൂപവരെ ചെലവുചെയ്തു നടപ്പാക്കുന്ന ഈ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. പ്രതിവർഷം രണ്ടുലക്ഷം രൂപവരെ കുടുംബവരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. പദ്ധതി നടപ്പാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ സൗകര്യപ്രദമായവ ഗുണഭോക്താവിന് തെരഞ്ഞെടുക്കാം. സ്വകാര്യാശുപത്രി തെരഞ്ഞെടുക്കുന്നവർ ശസ്ത്രക്രിയാചെലവു സ്വന്തമായി വഹിക്കണം.

**സൗജന്യചികിത്സ ലഭിക്കുന്ന ആശുപത്രികൾ:**

1. ഗവ. മെഡിക്കൽ കോളെജ് ആശുപത്രി, തിരുവനന്തപുരം
2. സാന്ത്വനം ഹോസ്പിറ്റൽ, തിരുവനന്തപുരം
3. കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം
4. ഗവ. മെഡിക്കൽ കോളെജ് ആശുപത്രി, കോഴിക്കോട്
5. മിംസ് ഹോസ്പിറ്റൽ, കോഴിക്കോട്
6. ഡോ: മനോജ് ഇ.എൻ.റ്റി. ഹോസ്പിറ്റൽ, കോഴിക്കോട്
7. ഡോ: നൗഷാദ് ഇ.എൻ.റ്റി. ഹോസ്പിറ്റൽ, എറണാകുളം
8. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി
9. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ, തൃശ്ശൂർ
10. എ.എസ്.സി.ഇ.എൻ.ടി. ഇ.എൻ.ടി ഹോസ്പിറ്റൽ, പെരിന്തൽമണ്ണ
11. ഗവ. മെഡിക്കൽ കോളെജ് ആശുപത്രി, കോട്ടയം

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതികവിദഗ്ദരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്. അപേക്ഷാഫോറം സാമൂഹികസുരക്ഷാമിഷൻ വെബ്സൈറ്റിലും ശ്രുതിതരംഗം പദ്ധതിയുടെ വെബ്സൈറ്റിലും സുരക്ഷാമിഷന്റെ ഓഫീസിലും ലഭ്യമാണ്.

## 27.5 സ്നേഹപൂർവ്വം പദ്ധതി

മാതാപിതാക്കൾ രണ്ടുപേരുമോ ഒരാളോ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തികപരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാതെവരികയും ചെയ്താൽ ഇത്തരം കുട്ടികളെ സ്വന്തം വീട്ടിലോ ബന്ധുവീട്ടിലോ താമസിപ്പിച്ചു വിദ്യാഭ്യാസം നൽകി മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനുള്ള പ്രതിമാസധനസഹായപദ്ധതിയാണിത്.

**അർഹത:** നഗരപ്രദേശങ്ങളിൽ 22,375 രൂപയും ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയും വരെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളിൽ സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി, പ്രൊഫഷണൽ ക്ലാസ്സുകൾവരെ പഠിക്കുന്നവർക്ക്.

**ആനുകൂല്യം:**

1. 1-മുതൽ 5-വരെ ക്ലാസ്: പ്രതിമാസം 300 രൂപ
2. 6-മുതൽ 10-വരെ ക്ലാസ്: പ്രതിമാസം 500 രൂപ
3. പ്ലസ് 1, പ്ലസ് 2 ക്ലാസ്സുകൾ: പ്രതിമാസം 750 രൂപ
4. ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ: പ്രതിമാസം 1,000 രൂപ

എച്ച്.ഐ.വി ബാധിതരായ കുട്ടികൾക്കു വരുമാനപരിധിയില്ലാതെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

**അപേക്ഷിക്കേണ്ട വിധം (അഞ്ചുവയസിൽ താഴെ ഉള്ളവർക്ക്):** ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹികസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നേരിട്ട് അപേക്ഷ നൽകണം.

**അപേക്ഷിക്കേണ്ട വിധം (അഞ്ചുവയസുമുതൽ ഉള്ളവർക്ക്):** വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ സ്ഥാപനമേധാവികൾക്കു നൽകണം.

**വേണ്ട രേഖകൾ:**

1. അമ്മയുടെ/അച്ഛന്റെ മരണസർട്ടിഫിക്കറ്റ്.
2. ബി.പി.എൽ സർട്ടിഫിക്കറ്റ്/ബി.പി.എൽ റേഷൻകാർഡിന്റെ കോപ്പി/വില്ലേജ് ഓഫീസറിൽനിന്നുള്ള വരുമാനസർട്ടിഫിക്കറ്റ്.
3. നിലവിലുള്ള രക്ഷകർത്താവിന്റെയും കുട്ടിയുടെയും പേരിൽ ദേശസാത്കൃതബാങ്കിൽ അക്കൗണ്ടു തുടങ്ങി ലഭിച്ച പാസ്സ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്.
4. ആധാർ കാർഡിന്റെ പകർപ്പ്.

**നടപടിക്രമം:** സ്ഥാപനമേധാവികൾ രേഖകൾ പരിശോധിച്ച് പദ്ധതിമാനദണ്ഡങ്ങൾ പ്രകാരം ധനസഹായത്തിന് അർഹതയുള്ള അപേക്ഷകൾ ഓൺലൈനായി കേരള സാമൂഹികസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയയ്ക്കും. എക്സിക്യൂട്ടീവ് ഡയറക്ടർ തുക അനുവദിച്ച് ഗുണഭോക്താവിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കു കൈമാറും.

## 27.6 സ്നേഹസ്പർശം

ചൂഷണത്തിന് ഇരയായി അവിവാഹിതാവസ്ഥയിൽ അമ്മമാരാകുന്ന അഗതികൾക്ക് പ്രതിമാസധനസഹായം നൽകി പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണിത്.

**ലഭിക്കുന്ന ആനുകൂല്യം:** പ്രതിമാസം 1000 രൂപ ധനസഹായം. ഇതു 2000 രൂപയാക്കി ഉയർത്തുമെന്ന് 2018-19-ലെ സംസ്ഥാനബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**മാനദണ്ഡങ്ങൾ:**

1. അവിവാഹിതാവസ്ഥയിൽ പലവിധ ചൂഷണങ്ങളിലൂടെ അമ്മമാരായവരും ആ കുട്ടികൾ നിലവിലുള്ളവരും ആയിരിക്കണം
2. നിലവിൽ വിവാഹിതരോ ഏതെങ്കിലും പുരുഷനമൊത്തു കുടുംബമായി കഴിയുന്ന വരോ ആണെങ്കിൽ ഈ ആനുകൂല്യം ലഭിക്കില്ല.
3. അപേക്ഷാഫോം ബന്ധപ്പെട്ട സാമൂഹികനീതി ഓഫീസിലോ സാമൂഹികസുരക്ഷാ മിഷന്റെ വെബ്സൈറ്റിലോ ഓഫീസിലോ ലഭിക്കും. അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസർക്കോ ജില്ലാ സാമൂഹികനീതി ഓഫീസർക്കോ നൽകണം.
4. മറ്റു പെൻഷനൊന്നും ലഭിക്കുന്ന വ്യക്തിയായിരിക്കുന്നത്.

## 27.7 വയോമിത്രം പദ്ധതി

സംസ്ഥാനത്ത് വയോജനനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ ആരോഗ്യപരിപാലനത്തിനു പ്രത്യേകശ്രദ്ധ നൽകി ആരംഭിച്ച നൂതനപദ്ധതിയാണ് വയോമിത്രം. ആദ്യഘട്ടമെന്നനിലയിൽ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കിവരുന്നത്. പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ വയോജനങ്ങളുടെ മാനസികോല്ലാസത്തിനുള്ള വിവിധ പരിപാടികളും വയോജനക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കു പ്രത്യേക കരുതൽ നൽകുന്ന തരത്തിലുള്ള വിവിധ പരിപാടികളും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കാറുണ്ട്.

**ലഭിക്കുന്ന ആനുകൂല്യങ്ങൾ:**

1. 65 വയസ്സിനുമുകളിലുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും കൗൺസെലിങ്ങും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു.
2. കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകുന്നു.
3. വയോജനങ്ങളെ ആശുപത്രികളിലേക്കും തിരിച്ചും കൊണ്ടുപോകാൻ സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.

**വയോജനങ്ങൾക്കു വിവരങ്ങൾ നൽകുന്ന വയോമിത്രം ഹെൽപ് ഡെസ്കുകൾ:**

1. തിരുവനന്തപുരം: 9349788889
2. നെയ്യാറ്റിൻകര: 9388788887
3. ആറ്റിങ്ങൽ: 9072307403
4. വർക്കല: 9387588889
5. കൊല്ലം: 9387588889
6. കരുനാഗപ്പള്ളി: 9645006393
7. പുനലൂർ: 9072574654
8. പത്തനംതിട്ട: 9349488889
9. അടൂർ: 9645760071
10. ആലപ്പുഴ: 9387288889
11. കായംകുളം: 9072574654
12. ചേർത്തല: 9645005042

13. കോട്ടയം: 9349588889
14. വൈക്കം: 9072302568
15. പാലാ: 8943257775
16. ഈരാറ്റുപേട്ട: 8943257775
17. ഏറ്റുമാനൂർ: 9349588889
18. തൊടുപുഴ: 9387388889
19. കട്ടപ്പന: 9387388889
20. എറണാകുളം: 9349388887
21. കോതമംഗലം: 9645206562
22. പെരുമ്പാവൂർ: 9072302502
23. അങ്കമാലി: 9645205434
24. ഏലൂർ: 9072574655
25. മൂവാറ്റുപുഴ: 9645206562
26. കുത്താട്ടുകുളം: 9072302502
27. നോർത്ത് പറവൂർ: 9349388887
28. മരട്: 9645082992
29. തൃശ്ശൂർ: 9349188887
30. ചാവക്കാട്: 9645005043
31. ചാലക്കുടി: 9645710012
32. പാലക്കാട്: 9387118889
33. ചിറ്റൂർ-തത്തമംഗലം: 9072574656
34. ഷൊർണ്ണൂർ: 9645006293
35. പട്ടാമ്പി: 7034029295
36. മലപ്പുറം: 9387558889
37. നിലമ്പൂർ: 8589013556
38. മഞ്ചേരി: 9645800992
39. തിരൂർ: 8589005435
40. തിരൂരങ്ങാടി: 9645628008
41. കോട്ടയ്ക്കൽ: 9645628008
42. വയനാട്: 9387388887
43. കോഴിക്കോട്: 9349668889
44. വടകര: 9645083632
45. കൊയിലാണ്ടി: 8589025435
46. കണ്ണൂർ: 9349338889
47. മട്ടന്നൂർ: 9645005014
48. പയ്യന്നൂർ: 7034021747
49. തലശ്ശേരി: 7034021747
50. കുത്തുപറമ്പ: 9072310100
51. പാനൂർ: 9072574339
52. കാസർഗോഡ്: 9387088887
53. നീലേശ്വരം: 9072574341

## 27.8 വിശപ്പുരഹിതനഗരം (ഹംഗർഫ്രീ സിറ്റി) പദ്ധതി

ചില പ്രത്യേക സാഹചര്യങ്ങളിൽ നഗരങ്ങളിൽ എത്തിച്ചേരുകയും സ്വന്തമായി ഭക്ഷണത്തിനു വകയില്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുന്നവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിലാണ് പദ്ധതി ഉള്ളത്. കോഴിക്കോട് നഗരത്തിൽ കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രി, ബീച്ച് ആശുപത്രി എന്നിവിടങ്ങളിലെ രോഗികളും കൂട്ടിരിപ്പുകാരുമായി 2500-ഓളം പേർക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. കൊല്ലം നഗരത്തിൽ വിക്ടോറിയ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി പ്രതിദിനം 1000-ൽപ്പരം പേർക്കും മലപ്പുറം നഗരസഭയിൽ ജില്ലാ ഹോമിയോ ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ

രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പുറമെ അക്ഷയപാത്രം കുന്നമ്മൽ, കോട്ടപ്പടി എന്നിവിടങ്ങളിലുമായി പ്രതിദിനം 500-ൽപ്പരംപേർക്കും ഭക്ഷണം നൽകി വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിലും എസ്.എ.റ്റി ആശുപത്രിയിലുമായി പ്രതിദിനം 2000-ൽപ്പരംപേർക്കും വിശപ്പുരഹിതനഗരം പദ്ധതിയിലൂടെ ഉച്ചഭക്ഷണം നൽകി വരുന്നു.

## 27.9 വൈകല്യനിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി

വിഭിന്നശേഷിയുള്ളവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കുള്ള പൊതു ആധികാരികരേഖയായി ഈ തിരിച്ചറിയൽ കാർഡ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും ഈ രേഖ നൽകുക എന്ന ലക്ഷ്യത്തോടുടെ സംസ്ഥാനത്തെ എല്ലാ ജില്ലയിലും പ്രദേശികതലക്യാമ്പുകൾ സംഘടിപ്പിച്ച് തത്സമയം രേഖകൾ ഗുണഭോക്താക്കൾക്കു നൽകിവരുന്നു.

ക്യാമ്പിൽ പങ്കെടുക്കുന്നതിന് നിശ്ചിതഫോറത്തിൽ അപേക്ഷ കേരള സാമൂഹികസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നൽകണം. ക്യാമ്പിന്റെ സ്ഥലവും തീയതിയും അപേക്ഷകരെ യഥാസമയം തപാൽ വഴി അറിയിക്കും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ഒരു ഫീസും ഈടാക്കാതെ മെഡിക്കൽ പരിശോധന നടത്തി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്നു. ഇത്തരം ക്യാമ്പിൽ പങ്കെടുക്കുന്ന വിഭിന്നശേഷിയുള്ളവർക്കും കൂടെവരുന്നയാൾക്കും സൗജന്യമായി ഭക്ഷണവും നൽകും. 2009 ഡിസംബർ മുതൽ കേരള സാമൂഹികസുരക്ഷാമിഷൻ സംഘടിപ്പിച്ച ഇത്തരം ക്യാമ്പുകളിലൂടെ 3,00,000 പേർക്ക് ഈ രേഖകൾ നൽകിയിട്ടുണ്ട്.

മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് ക്യാമ്പിൽ ഹാജരാകാതെ ചുവടെ പറയുന്ന രേഖകൾ സഹിതം നിശ്ചിതഫോറത്തിൽ അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നൽകി തിരിച്ചറിയൽ കാർഡ് സ്വന്തമാക്കാം.

1. മെഡിക്കൽ സർട്ടിഫിക്കറ്റ് (ഒറിജിനൽ)/അറ്റസ്റ്റഡ് കോപ്പി
2. പാസ്പോർട്ട് സൈസ് ഫോട്ടോ - 1
3. റേഷൻകാർഡിന്റെ കോപ്പി
4. ഒരു വെള്ളക്കടലാസിൽ വിരലടയാളം

## 27.10 അംഗപരിമിതർക്കുള്ള വിവാഹധനസഹായം

അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെൺമക്കൾക്കും 10,000 രൂപ വിവാഹധനസഹായം നൽകുന്ന പദ്ധതി. ധനസഹായം 30,000 രൂപയായി ഉയർത്തുമെന്ന് 2018-19-ലെ സംസ്ഥാനബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## 27.11 എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസപദ്ധതികൾ

### സ്നേഹസാന്ത്വനം പദ്ധതി

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 4738 പേർക്ക് പ്രതിമാസം പെൻഷൻ നൽകുന്നു. ദീർഘകാലചികിത്സ ആവശ്യമുള്ള രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു വികലാംഗപെൻഷൻ ലഭിക്കുന്നവർക്ക് 1700 രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2200 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റു രോഗികൾക്ക് 1200 രൂപ വീതവും പ്രതിമാസധനസഹായം നൽകിവരുന്നു. സ്നേഹസാന്ത്വനം പദ്ധതിയിലൂടെ പ്രതിമാസം 65 ലക്ഷത്തോളം രൂപ സുരക്ഷാമിഷൻ നൽകുന്നു.

### എൻഡോസൾഫാൻ ദുരിതബാധിതകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസധനസഹായം

എൻഡോസൾഫാൻ ദുരിതബാധിതകുടുംബങ്ങളിലെ 1 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ വിദ്യാഭ്യാസധനസഹായം അനുവദിച്ചുവരുന്നു.

1. ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്ക്: 2000 രൂപ
2. 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക്: 2000 രൂപ
3. 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക്: 3000 രൂപ
4. +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക്: 4000 രൂപ

### സ്പെഷ്യൽ ആശ്വാസകിരണം

എൻഡോസൾഫാൻ ദുരിതബാധിതരായി കിടപ്പിലായവരെയും കടുത്ത ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവരെയും പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിപ്രകാരം 700 രൂപ നിരക്കിൽ പ്രതിമാസധനസഹായം അനുവദിച്ചുവരുന്നു.

## 27.12 സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ്

വൈകല്യം തടയൽ, പ്രാരംഭനിർണ്ണയം, പ്രാരംഭയിടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സർക്കാർ പ്രത്യേക താൽപര്യമെടുത്തു തുടങ്ങിയ പരിപാടി. വൈകല്യപ്രതിരോധപരിപാടിയുടെ ഭാഗമായി ജന്മനായുള്ള വൈകല്യം തടയുന്നതിനു സൗജന്യമായി കുട്ടികൾക്ക് MMR കുത്തിവയ്പും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ലാ കുത്തിവയ്പും നൽകുന്നു. കൂടാതെ കേരളത്തിലെ 14 ജില്ലകളിലും കുട്ടികളിലെ വളർച്ചക്കുറവ് നേരത്തേ കണ്ടുപിടിച്ച് യഥാസമയം ഇടപെടൽ നടത്തുന്നതിനുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC — District Early Intervention

Centre) തുടങ്ങാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. വളർച്ചാവൈകല്യങ്ങൾ നേരത്തെ കണ്ടുപിടിക്കാൻ എല്ലാ അങ്കണവാടിപ്രവർത്തകർക്കും പരിശീലനം നൽകാനുള്ള നടപടിക്രമങ്ങളും പുരോഗമിക്കുന്നു.

## 27.13 സമാശ്വാസം പദ്ധതി I

വൃക്കയുടെ തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസ് ചെയ്യേണ്ടിവരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്കു പ്രതിമാസധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

**അനുവദിക്കുന്ന ധനസഹായം:** പ്രതിമാസം 1100 രൂപ

**മാനദണ്ഡങ്ങൾ:**

1. ബി.പി.എൽ സർട്ടിഫിക്കറ്റ്/ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിനു വിധേയമാകുന്നുവെന്നുള്ള സർക്കാർ/സ്വകാര്യാശുപത്രിയിലെ വൃക്കരോഗവിദഗ്ധർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്. ഡയാലിസിസ് ആരംഭിച്ച തീയതികൂടി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കണം.
3. അപേക്ഷകരുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കണം.
4. ആധാർ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കണം. അപേക്ഷാഫോം ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ, പഞ്ചായത്തോഫീസുകൾ, കോർപ്പറേഷൻ, മുനിസിപ്പൽ ഓഫീസുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽനിന്നും സാമൂഹികസുരക്ഷാമിഷൻ വെബ്സൈറ്റിലും ഓഫീസിലുംനിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോം ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസർക്കു നൽകണം. ശിശുവികസനപദ്ധതിയോഫീസർ അന്വേഷണം നടത്തി ശുപാർശസഹിതം അപേക്ഷ കേരള സാമൂഹികസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകും.

## 27.14 സമാശ്വാസം പദ്ധതി II

വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് ശസ്ത്രക്രിയ കഴിഞ്ഞ് അഞ്ചു വർഷംവരെ ധനസഹായം. ഒരുലക്ഷം രൂപവരെ കുടുംബവാർഷികവരുമാനമുള്ളവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**അനുവദിക്കുന്ന ധനസഹായം:** പ്രതിമാസം 1000 രൂപ

**വേണ്ട രേഖകൾ:**

1. വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി തുടർചികിത്സ നടത്തുന്നയാളാണെന്നു വൃക്ക/കരൾ രോഗവിദഗ്ധർ നൽകുന്ന സർട്ടിഫിക്കറ്റ്.

2. വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുശേഷം ബന്ധപ്പെട്ട ആശുപത്രികൾ നൽകുന്ന ഡിസ്ചാർജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. കുടുംബവാർഷികവരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.
4. അപേക്ഷകരുടെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ പാസ്സ്ബുക്കിന്റെ പകർപ്പ്.

**അപേക്ഷാഫോം:** ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ - മുനിസിപ്പൽ ഓഫീസുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽനിന്നും സാമൂഹികസുരക്ഷാമിഷൻ വെബ്സൈറ്റിലും ഓഫീസിലും നിന്നും ലഭ്യമാണ്.

**അപേക്ഷിക്കേണ്ട വിധം:** മുഴുവൻ രേഖകൾ സഹിതം അപേക്ഷ ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസർക്കു നൽകണം. ശിശുവികസനപദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശസഹിതം അപേക്ഷ കേരള സാമൂഹികസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നൽകും.

## 27.15 സമാശ്വാസം പദ്ധതി III

രക്തം കട്ടപിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവുമൂലം ഹീമോഫീലിയായും അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് വരുമാനപരിധി ബാധകമാക്കാതെ പ്രതിമാസം 1000 രൂപ ധനസഹായം അനുവദിക്കുന്നു.

**വേണ്ട രേഖകൾ:** ഹീമോഫീലിയരോഗിയാണെന്ന് ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിലെയോ ആലുവ ജില്ലാ ആശുപത്രിയിലെയോ പരിയാരം മെഡിക്കൽ കോളെജ് ആശുപത്രിയിലെയോ മെഡിസിൻ, പീഡിയാട്രിക്, ഹെമറ്റോളജി വിഭാഗങ്ങളിലെ ഏതെങ്കിലും ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഈ സർട്ടിഫിക്കറ്റിൽ വകുപ്പുതലവനോ ആശുപത്രിസൂപ്രണ്ടോ മേലൊപ്പിട്ടിരിക്കണം.

ദേശസാത്കൃതബാങ്കിൽ ഉള്ള അക്കൗണ്ടിന്റെ പാസ്സ് ബുക്കിന്റെ വ്യക്തിവിവരങ്ങളുള്ള താളിന്റെ പകർപ്പ് നൽകണം. നിശ്ചിതഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹിക സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയയ്ക്കണം.

**അപേക്ഷാഫോം:** സാമൂഹികസുരക്ഷാമിഷന്റെ വെബ്സൈറ്റിലും ഓഫീസിലും ലഭ്യമാണ്.

## 27.16 സമാശ്വാസം പദ്ധതി IV

സംസ്ഥാനത്തെ അരിവാൾ രോഗം ബാധിച്ച പട്ടികവർഗ്ഗക്കാരല്ലാത്ത രോഗികളാണ് പദ്ധതി ഗുണഭോക്താക്കൾ.

**അർഹത:**

1. സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെടാത്ത, പൊതുവിഭാഗത്തിൽപ്പെട്ട, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ അരിവാൾരോഗം ബാധിച്ചവരാണ് ഗുണഭോക്താക്കൾ.
2. അപേക്ഷകർ അരിവാൾരോഗം (HBSS) ബാധിച്ചവരോ എച്ച്ബിഎസ് കോംബിനേഷൻ ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. കോഴിക്കോട് മെഡിക്കൽ കോളെജ് പത്തോളജി വിഭാഗത്തിൽനിന്നു നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം നൽകണം.
3. ജീൻഭേദമുണ്ടെങ്കിലും അരിവാൾരോഗം പ്രകടമല്ലാത്തവർക്ക് (HBAS – Sickle cell trait cases) ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസുകളെ ഈ പദ്ധതിയിൽ പരിഗണിക്കില്ല.

**അനുവദിക്കുന്ന ധനസഹായം:** പ്രതിമാസം 2000 രൂപ

**അപേക്ഷിക്കേണ്ട വിധവും വിലാസവും:**

നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷ വേണ്ടരേഖകൾ സഹിതം സാമൂഹികസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കു നൽകണം.

**വേണ്ട രേഖകൾ:**

1. കോഴിക്കോട് മെഡിക്കൽ കോളെജ് പത്തോളജി വിഭാഗം മേധാവിയുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഡോക്ടറുടെയോ സർട്ടിഫിക്കറ്റ്.
2. വില്ലേജ് ഓഫീസർ നൽകുന്ന ജാതിസർട്ടിഫിക്കറ്റ്.
3. ബി.പി.എൽ റേഷൻകാർഡിന്റെ ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത കോപ്പി.
4. അപേക്ഷകരുടെ പേരിൽ കോർ ബാങ്കിംഗ് സൗകര്യമുള്ള ദേശസാൽകേതബാങ്കിലുള്ള അക്കൗണ്ടിന്റെ പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, മേൽവിലാസം എന്നിവ ഉള്ള പേജിന്റെ പകർപ്പ്.
5. അപേക്ഷിച്ചയാളിന്റെ ആധാറിന്റെ പകർപ്പ്.

**അപേക്ഷ ലഭിക്കുന്ന സ്ഥലങ്ങൾ:**

സാമൂഹികസുരക്ഷാമിഷന്റെ ഓഫീസ്, മിഷന്റെ വെബ്സൈറ്റ്, മിഷന്റെ വയോമിത്രം പ്രോജക്ട് ഓഫീസുകൾ, ജില്ലാ സാമൂഹികനീതി ഓഫീസുകൾ

## 27.17 കാരുണ്യ ഡെപ്പോസിറ്റ് സ്കീം

ഒരുലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിനുശേഷം നിക്ഷേപിച്ച തുക തിരിച്ചു നൽകുകയും ആ തുകയിൽനിന്നു ലഭിക്കുന്ന പലിശയും സാമൂഹികസുരക്ഷാമിഷന്റെ ഫണ്ടിൽനിന്നു തത്തുല്യതുകയും ചേർത്ത് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്കു നൽകുകയും ചെയ്യുന്ന പദ്ധതി. ഗുണഭോക്താവിനെ തെരഞ്ഞെടുക്കാൻ നിക്ഷേപകർക്കു സ്വാതന്ത്ര്യമുണ്ട്.

## 27.18 വി-കെയർ (WE-CARE)

കേരളത്തിലെ സഹായമർഹിക്കുന്ന ആബാലവൃദ്ധം ജനങ്ങൾക്കും ഒരു കൈത്താങ്ങ് എന്ന നിലയിൽ പ്രവർത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു കരുതലും സഹായവും നൽകുന്നതിനുമായി സാമൂഹികനീതിവകുപ്പ് കേരള സാമൂഹികസുരക്ഷാ മിഷനിലൂടെ വി-കെയർ എന്ന പുതിയ സംരംഭത്തിനു തുടക്കം കുറിച്ചു. വ്യക്തികൾ, സന്നദ്ധസംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, എന്നിവയിൽനിന്നു ജീവകാരുണ്യപ്രവർത്തനങ്ങൾക്കായുള്ള വിഭവസമാഹരണം നടത്തുകയും ആ തുക ഉപയോഗിച്ചു ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുകയാണു ലക്ഷ്യം.

### വി-കെയർ വളന്റിയർ കോർ (WE-CARE VOLUNTEER CORPS)

മാനസികദുരിതം അനുഭവിക്കുന്നവരുടെ ജീവിക്കാനുള്ള അവകാശം ഉറപ്പാക്കേണ്ടതു പരിഷ്കൃതസമൂഹത്തിന്റെ ചുമതലയാണ്. ശാരീരിക-മാനസിക അവശതകളും വേദനകളും മറന്നു ജീവിതം സംഘർഷരഹിതമായി മുന്നോട്ടു നീക്കാൻ സഹായിക്കേണ്ടതുമുണ്ട്. ഇക്കാര്യത്തിലും ജനകീയമാതൃകകൾ സൃഷ്ടിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ഇതിനായി നിരവധി കൂട്ടായ്മകൾ പ്രാദേശികമായി രൂപപ്പെട്ടിട്ടുണ്ട്. ഇതിൽ എടുത്തു പറയാവുന്ന ഒന്നാണ് കേരളത്തിലെ പാലിയേറ്റീവ് പ്രസ്ഥാനം. സാധാരണജനങ്ങളും ഡോക്ടർമാരും മറ്റ് ആരോഗ്യപ്രവർത്തകരും സാമൂഹിക-രാഷ്ട്രീയപ്രവർത്തകരും ചേർന്ന കൂട്ടായ്മയിലൂടെ ശയ്യാവലംബരായി ജീവിതദുരിത മനുഭവിക്കുന്നവർക്ക് താങ്ങും തണലുമായി പ്രവർത്തിക്കുന്ന തരത്തിലാണ് വി-കെയർ വളന്റിയർ കോർ സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്. സർക്കാർ, തദ്ദേശഭരണസ്ഥാപനങ്ങൾ, സാമൂഹിക-രാഷ്ട്രീയ സംഘടനാസംവിധാനങ്ങൾ, സന്നദ്ധസേവകരായ വ്യക്തികൾ തുടങ്ങി എല്ലാവിഭാഗങ്ങളെയും കോർത്തിണക്കി ഒരു സാമൂഹാധിഷ്ഠിത പരിചരണ സേവന ശൃംഖലയ്ക്കു രൂപം നൽകാൻ നമുക്കു കഴിയണം. ഈ ലക്ഷ്യത്തോടെയാണ് സാമൂഹികനീതിവകുപ്പിന്റെ നേതൃത്വത്തിലുള്ള സാമൂഹികസുരക്ഷാമിഷൻ വി-കെയർ എന്ന പ്രസ്ഥാനത്തിനു തുടക്കം കുറിച്ചിരിക്കുന്നത്.

## 27.19 'സ്ത്രീശക്തി' വികസന സുരക്ഷാ പദ്ധതി

സംസ്ഥാനത്തെ സ്ത്രീകളുടെ തൊഴിലും സുരക്ഷയും ഉറപ്പാക്കുന്നതിനായി സർക്കാർ ധനവകുപ്പിന്റെ നിർദ്ദേശപ്രകാരം ഭാഗ്യനിധി ലോട്ടറിയിലൂടെ ഫണ്ടു സമാഹരിക്കുന്നു. ഈ ഫണ്ട് ഉപയോഗിച്ച് 2017-18 വർഷം കേരള സാമൂഹികസുരക്ഷാമിഷൻ വിവിധ സ്ത്രീശാക്തീകരണപദ്ധതികൾ നടപ്പാക്കുകയാണ്. സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം ഉയർത്തൽ, സ്ത്രീപുനരധിവാസപദ്ധതികളുടെ നവീകരണം, ബി.പി.എൽ. വിഭാഗം പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനു പ്രത്യേക സാമ്പത്തികസഹായം, ശാരീരികവെല്ലുവിളി നേരിടുന്ന സ്ത്രീകൾക്ക് അതിജീവനസഹായോപകരണങ്ങൾ, ദരിദ്രകുടുംബങ്ങളിലെ സ്ത്രീകൾക്കു 'ടഷറി കെയർ' ചികിത്സയ്ക്കുള്ള സഹായം, സ്ത്രീകളുടെ സ്വയംരക്ഷാരീതികൾ പരിശീലിക്കുന്നതിനുള്ള പരിപാടികൾ, സ്ത്രീകൾ ഗൃഹനാഥരായുള്ള, പ്രായപൂർത്തിയായ

ആൺകുട്ടികൾ ഇല്ലാത്ത കുടുംബങ്ങൾക്ക് ഇൻഷ്വറൻസ്, പ്രായമായ സ്ത്രീകൾക്കു പ്രത്യേക പദ്ധതികൾ, മാനസികവെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കു പുനരധിവാസ കേന്ദ്രം, സ്ത്രീകൾ ഗൃഹനാഥരായുള്ള കുടുംബങ്ങൾക്കു പ്രത്യേക ഭവനപദ്ധതി എന്നിങ്ങനെയുള്ള സ്ത്രീശാക്തീകരണപദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത്.

## 27.20 സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായം

**27.20.1:** ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനധനസഹായം നൽകുന്നപദ്ധതി. ഒരു കുടുംബത്തിലെ പരമാവധി രണ്ടു കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. അഞ്ചുവയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും ഒന്നുമുതൽ അഞ്ചുവരെ ക്ലാസ്സിലുള്ള കുട്ടികൾക്കും 300രൂപ വീതവും 6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 500 രൂപ വീതവും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകാർക്ക് 750 രൂപ വീതവും സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്ന കുട്ടികൾക്ക് 1,000 രൂപ വീതവും ധനസഹായം ലഭിക്കുന്നു. [സ.ഉ (സാധാ) നം.322/2014/സാ.നീവ തീ: 08.05.2014], [സ.ഉ (സാധാ)നം. 524/15/സാ.നി.വ തീയതി 18.08.15].

**27.20.2:** ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ള വിഭാഗത്തിൽ എച്ച്.ഐ.വി, എയ്ഡ്സ് ബാധിതർ, സാമൂഹികമായ വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ എന്നിവർ ഗൃഹനാഥകളായ കുടുംബങ്ങളിലെ കുട്ടികൾക്കും വിദ്യാഭ്യാസധനസഹായത്തിന് അർഹതയുണ്ട്. [സ.ഉ (സാധാ) നം.04/2010/സാ.ക്ഷേ.വ തീയതി 04.01.2010].

## 27.21 വൃദ്ധജനങ്ങൾക്കുള്ള പദ്ധതികൾ

വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ നൽകി ഇത്തരം ആളുകളെ ഉത്പാദനപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. വൃദ്ധജനങ്ങൾക്കുള്ള സംയോജിത സംരക്ഷണപദ്ധതി ഇതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സർക്കാർസ്ഥാപനങ്ങൾ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകുന്നുണ്ട്.

1. വൃദ്ധസദനങ്ങളുടെ നടത്തിപ്പ്
2. ആശ്വാസകേന്ദ്രങ്ങളുടേയും തുടർസംരക്ഷണകേന്ദ്രങ്ങളുടേയും നടത്തിപ്പ്
3. വൃദ്ധർക്കായി വിവിധ സേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതി (റണ്ണിംഗ് മൾട്ടി സർവ്വീസ് സെന്റേഴ്സ് ഫോർ ഓൾഡർ പേഴ്സൺസ്)
4. മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായപദ്ധതി (മെയിന്റനൻസ് ഓഫ് മൊബൈൽ കെയർ യൂണിറ്റ്)

5. സ്മൃതിനാശം ബാധിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന പകൽപരിപാലന കേന്ദ്രങ്ങൾക്കുള്ള ധനസഹായപദ്ധതി (റണ്ണിംഗ് ഡേ കെയർ സെന്റർ ഫോർ അൾഷിമേഴ്സ് ഡിസീസ്/ഡിമൻഷ്യാ പേഷ്യന്റ്സ്)
6. ഫിസിയോ തെറാപ്പി ക്ലിനിക്കുകൾക്കുള്ള ധനസഹായം
7. വൃദ്ധജനങ്ങൾക്കു ശാരീരിക, മാനസിക ആരോഗ്യസംരക്ഷണപദ്ധതി (മെഡിക്കൽ ഹെൽത്ത് കെയർ ആൻഡ് സ്പെഷ്യലൈസ്ഡ് കെയർ ഫോർ ഓൾഡർ പേഴ്സൺസ്)
8. വൃദ്ധജനങ്ങൾക്കുള്ള കൗൺസിലിംഗ്, ഹെൽപ്പ്ലൈൻ എന്നിവ നടത്തുന്നതിനുള്ള ധനസഹായം
9. സ്കൂൾ, കോളെജ് വിദ്യാർത്ഥികൾക്കുള്ള അവബോധം
10. മേഖലാടിസ്ഥാനത്തിലുള്ള പരിശീലനകേന്ദ്രങ്ങൾക്കുള്ള ധനസഹായം
11. വൃദ്ധജനങ്ങൾക്കു സംരക്ഷണം നൽകുന്നവർക്കുള്ള പരിശീലനപരിപാടികൾക്കു നൽകുന്ന ധനസഹായം
12. വയോജനങ്ങൾക്കുള്ള ബോധവൽക്കരണപരിപാടികൾ നടത്തുന്നതിനുള്ള ധനസഹായം

## 27.22 മറ്റുവിഭാഗങ്ങൾക്കുള്ള പദ്ധതികൾ

### തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായം

സ്ത്രീത്തടവുകാരുടെ മക്കളും പുരുഷന്മാർ ദീർഘകാലമായി ജയിൽശിക്ഷ അനുഭവിക്കുന്നതുമൂലം സ്ത്രീകൾ കുടുംബനാഥകൾ ആകുന്ന കുടുംബങ്ങളിലെ കുട്ടികളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ രണ്ടു വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾ ഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിക്കുന്നു. ഒന്നാംക്ലാസ്സുമുതൽ അഞ്ചാംക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കു പ്രതിവർഷം 3,000 രൂപയും ആറാംക്ലാസ്സുമുതൽ പത്താംക്ലാസ്സുവരെ 5,000 രൂപയും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 7,500 രൂപയും ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾക്കു 10,000 രൂപയും ലഭിക്കുന്നു.

### തടവുകാരുടെ ആശ്രിതരുടെ പുനരധിവാസപദ്ധതി

അഞ്ചു വർഷമോ അതിനു മുകളിലോ തടവിനു ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ പുനരധിവാസത്തിനു സ്വയംതൊഴിൽ കണ്ടെത്താൻ ഒറ്റത്തവണയായി 15,000 രൂപ ധനസഹായമായി നൽകുന്ന പദ്ധതി.

### മിശ്രവിവാഹധനസഹായപദ്ധതി

22,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്കാണ് ധനസഹായത്തിന് അർഹത. വിവാഹം കഴിഞ്ഞ് രണ്ടുവർഷം പൂർത്തിയായവരും മൂന്നുവർഷം കഴിയാത്തവരുമായവർ

ക്ക് സഹായത്തിന് അപേക്ഷിക്കാം. SC, ST ഒഴികെയുള്ള മിശ്രവിവാഹിതർക്ക് ഈ വകുപ്പുമുഖേന 30,000 രൂപ ധനസഹായം നൽകിവരുന്നു.

### ജയിൽമോചിതരുടെയും മുൻ അന്തേവാസികളുടെയും പുനരധിവാസം

ദരിദ്രമായ സാമ്പത്തികസാഹചര്യങ്ങളിൽനിന്നുള്ള മുൻകുറ്റവാളികൾ, മേൽനോട്ടത്തിനു വിധേയമാക്കി വച്ചിരിക്കുന്ന കുറ്റവാളികൾ, തിരുത്തലിന് വേണ്ടിയോ അല്ലാതെയോ ഉള്ള സ്ഥാപനങ്ങളിലെ മുൻ അന്തേവാസികൾ (എക്സ്പ്യൂപ്പിൾസ്) എന്നിവരുടെ സാമൂഹികപുനരധിവാസത്തിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നിലവിൽ 15,000 രൂപയാണ് നൽകി വരുന്നത്.

### പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസം

ഗാർഹികാതിക്രമങ്ങൾ ഉൾപ്പെടെ പീഡനങ്ങൾക്ക് ഇരയാകുന്നവർക്കുള്ള പദ്ധതി. ഈ പദ്ധതിപ്രകാരം ധനസഹായത്തുക പരമാവധി 25,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. പ്രത്യേക സാഹചര്യങ്ങളിൽ ധനസഹായം ശുപാർശ ചെയ്യുന്ന സമിതിക്ക് അധികധനസഹായം അത്യന്താപേക്ഷിതമാണെന്നു തോന്നുന്നപക്ഷം ശുപാർശ ചെയ്യാവുന്നതും സർക്കാരിന്റെ പ്രത്യേക അനുമതിയോടുകൂടി ധനസഹായം അനുവദിക്കാവുന്നതുമാണ്. അടിയന്തരസഹായം വേണ്ട സന്ദർഭങ്ങളിൽ ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്ന ധനസഹായത്തുകയിൽ 10,000 രൂപ വരെ പ്രൊട്ടക്ഷൻ ഓഫീസർക്കു മാറി നൽകാം. സ.ഉ (സാധാ)നം.427/11/സാ.ക്ഷേ.വ തീയതി: 24.11.11.

### അക്രമത്തിനിരയായവരുടെ പുനരധിവാസം

അക്രമത്തിന് ഇരയായ വ്യക്തിയുടെ ചികിത്സ, വീടിന്റെ കേടുപാട് തീർക്കൽ, കൃഷിക്കുണ്ടായ നാശനഷ്ടങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, സ്വയംതൊഴിൽ കണ്ടെത്തൽ തുടങ്ങിയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 15,000 രൂപ വരെ ധനസഹായമായി നൽകിവരുന്നു. ജില്ലാതലത്തിൽ കളക്ടർ, സൂപ്രണ്ട് ഓഫ് പോലീസ് മുതലായവർ ഉൾപ്പെടുന്ന കമ്മിറ്റി കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവരുടെ കേസുകൾ പരിഗണിച്ച് ശുപാർശ ചെയ്യുകയാണ് ചെയ്യുന്നത്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

### അനാഥമന്ദിരങ്ങൾക്കും മറ്റു ധർമ്മസ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സന്നദ്ധസംഘടനകൾ നടത്തുന്ന ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ എന്നിവയ്ക്കാണ് സാമൂഹികനീതിവകുപ്പിൽനിന്നു ഗ്രാന്റ് ലഭിക്കുന്നത്. ഒരു അന്തേവാസിക്കു പ്രതിമാസം 750 രൂപയാണു ഗ്രാന്റ്. പ്രസ്തുത ഹോമുകളിൽ പ്രവേശിപ്പിക്കപ്പെട്ട അഞ്ചുവയസ്സിനും 21 വയസ്സിനുമിടയിലുള്ള അനാഥരും ഉപേക്ഷിക്കപ്പെട്ടവരുമായ കുട്ടികൾക്ക് ഗ്രാന്റിന് അർഹതയുണ്ട്. 55 വയസ്സിനുതാഴെ പ്രായമുള്ള അംഗവൈകല്യംകൊണ്ടോ മാനസികമായ അസ്വസ്ഥതകൊണ്ടോ സാധാരണജീവിതം നയിക്കാൻ കഴിയാത്തവർക്കും മെഡിക്കൽ ഓഫീസ

റുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റിന് അർഹതയുണ്ട്. ബന്ധപ്പെട്ട ജില്ലാ സാമൂഹികനീതി ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്.

### ചൈൽഡ് ലൈൻ സേവനങ്ങൾ

വിഷമസന്ധികളിൽ ജീവിക്കുന്ന കുട്ടികളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്ന ഒരു സേവനവിഭാഗമാണ് ചൈൽഡ് ലൈൻ. കേന്ദ്രമന്ത്രാലയത്തിന്റെ കീഴിൽ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചൈൽഡ് ലൈൻ ഇന്ത്യ ഫൗണ്ടേഷൻ എന്ന സ്ഥാപനമാണ് ഇതിന്റെ കേന്ദ്രം. ചൈൽഡ് ലൈനിന്റെ സർവ്വീസിന് ബി.എസ്.എൻ.എല്ലിന്റെ 1098 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് 24 മണിക്കൂറും വിളിക്കാം.

### സ്ത്രീകൾക്ക് 'എന്റെ കൂട്' പദ്ധതി

അരക്ഷിതാവസ്ഥയിൽ എത്തിപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഒരു രാത്രി തങ്ങാൻ ഒരിടം എന്ന ആശയത്തിലൂന്നി കോഴിക്കോട് ജില്ലയിൽ പ്രവർത്തനമാരംഭിച്ചു.

### ലഹരിവിരുദ്ധപ്രവർത്തനത്തിനുള്ള ധനസഹായം

മദ്യത്തിനും മയക്കുമരുന്നിനും മറ്റു ലഹരിവസ്തുക്കൾക്കും അടിമപ്പെട്ടുപോയവരെ ലഹരിവിമുക്തകേന്ദ്രങ്ങളിലൂടെ രക്ഷിച്ചു നല്ലനിലയിൽ പുനരധിവസിപ്പിച്ചു സമൂഹത്തിന്റെ മുഖ്യധാരയിലേക്കു നയിക്കാനും ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയാനും ഉള്ള പദ്ധതി. ജില്ലാ സാമൂഹികനീതി ഓഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്. പദ്ധതിസംബന്ധിച്ച വിവരങ്ങൾ ജില്ലാ സാമൂഹികനീതി ഓഫീസർമാരുടെ കാര്യാലയങ്ങളിൽ ലഭിക്കും.

### പേയ്മെന്റ് ഗേറ്റ് വേ (കൈത്താങ്ങാകാൻ നിങ്ങൾക്കും അവസരം)

കേരള സാമൂഹികസുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന വിവിധ ജനക്ഷേമപദ്ധതികൾക്ക് സർക്കാരിൽനിന്നു പദ്ധതിവിഹിതമായി ലഭിക്കുന്ന തുകകൊണ്ടുമാത്രം പദ്ധതിപ്രവർത്തനം പൂർത്തീകരിക്കാനാവില്ല. സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ പുനരധിവാസത്തിനുവേണ്ടി മിഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് കൈത്താങ്ങാകാൻ സന്മനസ്സുള്ള എല്ലാവരുടെയും നിർലോപമായ സഹായസഹകരണങ്ങൾ ആവശ്യമാണ്. രാജ്യത്തിനകത്തും പുറത്തും ഉള്ളവർക്ക് മിഷൻ ഫണ്ടിലേക്കു ചെറുതും വലുതുമായ തുകകൾ മിഷന്റെ പേയ്മെന്റ് ഗേറ്റ്‌വേയിലൂടെ സംഭാവനയായി നൽകാം.

**സംഭാവന നിക്ഷേപിക്കാവുന്ന അക്കൗണ്ട് നമ്പർ:**

**വിദേശത്തുള്ളവർക്ക്:** കറന്റ് അക്കൗണ്ട് നം. 32571943287, എസ്.ബി.ഐ. സ്റ്റാച്യൂ ബ്രാഞ്ച്, തിരുവനന്തപുരം.

**ഇന്ത്യയ്ക്കകത്തുള്ളവർക്ക്:** എസ്.ബി. അക്കൗണ്ട് നം. 30809533211, എസ്.ബി.ഐ. സ്റ്റാച്യൂ ബ്രാഞ്ച്, തിരുവനന്തപുരം.

കൂടാതെ ഡി.ഡിയായും ചെക്കായും മണിയോർഡറായും സംഭാവനകൾ നൽകാം.

**സംഭാവനകൾ അയച്ചുതരേണ്ട മേൽവിലാസം:**

എക്സിക്യൂട്ടീവ് ഡയറക്ടർ,
കേരള സാമൂഹികസുരക്ഷാമിഷൻ,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2348135, 2341200
ഫാക്സ്: 0471 2346016

**വകുപ്പാസ്ഥാനം:**

സാമൂഹികനീതിസ്ഥാപനങ്ങളുടെ സമുച്ചയം,
പൂജപ്പുര, തിരുവനന്തപുരം 695012,
ഫോൺ: 0471–2341200, 2348135, 2346016 (ഫാക്സ്)
ഇ-മെയിൽ: socialsecuritymission@gmail.com
വെബ്സൈറ്റ്: www.socialsecuritymission.gov.in

# — 28 —

# സാംസ്കാരികവകുപ്പ്

## 28.1 സംസ്ഥാന കലാകാരപെൻഷൻ

നിർധനരായ സാഹിത്യകാരർക്കും കലാകാരർക്കും സംസ്ഥാനസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ധനസഹായപദ്ധതി.

**ലഭിക്കുന്ന ധനസഹായം:** പ്രതിമാസം 1500 രൂപ.

**അപേക്ഷിക്കാനുള്ള നടപടിക്രമം:** അപേക്ഷകരുടെ കലാവിഭാഗം ഉൾപ്പെടുന്ന അക്കാദമിയിൽ നിശ്ചിത അപേക്ഷാഫോറത്തിൽ വയസ്, വരുമാനം, കലാവിഭാഗം എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതമുള്ള അപേക്ഷ നൽകണം. അക്കാദമികൾ ശുപാർശ ചെയ്യുന്ന അപേക്ഷകൾ വകുപ്പ് സൂക്ഷ്മപരിശോധന നടത്തി സർക്കാരിലേക്ക് അയയ്ക്കും. സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ നൽകിത്തുടങ്ങും.

**അപേക്ഷാഫോം:** മാതൃക വകുപ്പിൽ ലഭ്യമാണ്.

## 28.2 മൺമറഞ്ഞ പ്രമുഖകലാകാരരുടെ അനന്തരാവകാശികൾക്കുള്ള വാർഷികപെൻഷൻ

ലഭിക്കുന്ന ആനുകൂല്യം ഒൻപതുപേർക്ക് 4000 രൂപ വീതവും ഒരാളിന് 5000 രൂപയും നൽകുന്നു.

**അർഹതാമാനദണ്ഡം:**

കലാസാംസ്കാരികരംഗങ്ങളില പ്രതിഭതെളിയിച്ച മൺമറഞ്ഞ കലാകാരരുടെ അനന്തരാവകാശികൾ ആകണം. സർക്കാരുത്തരവ് ലഭിക്കുന്ന മുറയ്ക്ക് അർഹരായവരെ കണ്ടെത്തി ഇതു നൽകും.

## 28.3 നിർധനരായ കലാകാരർക്കുള്ള അടിയന്തരചികിത്സാധനസഹായം

സാമ്പത്തികപിന്നാക്കാവസ്ഥ നിമിത്തം അവശരായ കലാകാരർക്കു നല്കിവരുന്ന ചികിത്സാധനസഹായ പദ്ധതിയാണിത്.

**അപേക്ഷിക്കേണ്ട വിധം:** അപേക്ഷകരുടെ കലാവിഭാഗം ഉൾപ്പെടുന്ന അക്കാദമിയിൽ ചികിത്സാചെലവുകൾ സംബന്ധിച്ച വിവരങ്ങളും ആവശ്യമായ രേഖകളും സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ നൽകണം. അക്കാദമികൾ ശുപാർശ ചെയ്തയയ്ക്കുന്ന അപേക്ഷകളിൽ തുക അനുവദിച്ചു സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയും അനുവദിച്ച തുക ഉപഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യും.

## 28.4 സാംസ്കാരികസ്ഥാപനത്തിൽനിന്നു വിരമിച്ചവർക്കുള്ള പെൻഷൻ

സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളായ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വിജ്ഞാനമുദ്രണം പ്രസ്, സംസ്ഥാന വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ചലച്ചിത്ര അക്കാദമി എന്നിവിടങ്ങളിൽനിന്നു വിരമിച്ച ജീവനക്കാർക്ക് വകുപ്പു മുഖേന നല്കുന്ന പെൻഷൻ. വാസ്തുവിദ്യാഗുരുകുലം, ഭാരത്ഭവൻ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ എന്നിവിടങ്ങളിൽ സ്ഥിരം നിയമനം ലഭിച്ച ജീവനക്കാരെയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിരമിച്ച ജീവനക്കാരുടെ പെൻഷൻ അപേക്ഷ, സർവ്വീസ് ബുക്ക്, ലയബിലിറ്റി സർട്ടിഫിക്കറ്റ്/നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ്, ലാസ്റ്റ് പേ സർട്ടിഫിക്കറ്റ്, ഇ. പി. എഫ്. വിഹിതം സംബന്ധിച്ച വിവരങ്ങൾ മുതലായ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്കു നൽകണം. അവിടെനിന്നുള്ള വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വകുപ്പിൽനിന്നു നൽകും.

## 28.5 മൺമറഞ്ഞ പ്രഗത്ഭമതികളായ കലാസാഹിത്യകാരരുടെ സ്മാരകങ്ങൾക്കുള്ള വാർഷികധനസഹായം

പ്രമുഖകലാകാരരുടേയും സാഹിത്യകാരരുടേയും സ്മാരകങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങൾക്കു ധനസഹായം നല്കിവരുന്നു. ഇനിയും ധനസഹായം ലഭിക്കാൻ അത്തരം സ്ഥാപനങ്ങൾ നിശ്ചിത അപേക്ഷാഫോറത്തിൽ ആവശ്യമായ രേഖകൾ (മുൻവർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, മുൻപു വാങ്ങിയ ധനസഹായത്തിന്റെ വിനിയോഗസർട്ടിഫിക്കറ്റ്, ഓഡിറ്റ് ഫീസ് ഒടുക്കിയ ചെലാൻ രസീത്) സഹിതം വകുപ്പിന് അപേക്ഷ നൽകണം.

## 28.6 കലാസാംസ്കാരികസ്ഥാപനങ്ങൾക്കുള്ള ധനസഹായം

സംഗീത, നാടക, നൃത്തവിഭാഗങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കലാസാംസ്കാരികസ്ഥാപനങ്ങളുടെയും സംഘടനയുടെയും പ്രവർത്തനം പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ

നൽകുന്ന ധനസഹായം. നിശ്ചിത അപേക്ഷാഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം വകുപ്പിൽ അപേക്ഷ നൽകണം.

**ആസ്ഥാന വിലാസം:**

ഡയറക്ടർ, സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം,
തൈക്കാട് പി.ഒ, തിരുവനന്തപുരം 695014
ഫോൺ: 0471-23228351, 2543490
http://www.culturedirectorate.kerala.gov.in
http://www.kerala.gov.in
e-mail: culturedirectoratec@gmail.com

# — 29 —

# സിവിൽ സപ്ലൈസ് വകുപ്പ്

## 29.1 റേഷൻകടവഴിയുള്ള സാധനങ്ങളുടെ പ്രതിമാസ വിതരണത്തോത്

1. എ. എ. വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് (മഞ്ഞ നിറത്തിലുള്ള റേഷൻ കാർഡ്) കാർഡിന് 28 കി. ഗ്രാം അരിയും 7 കി. ഗ്രാം ഗോതമ്പും സൗജന്യമായി നല്കിവരുന്നു.
2. മുൻഗണനാവിഭാഗത്തിൽപ്പെട്ട കാർഡുകളിലെ (പിങ്ക് നിറത്തിലുള്ള റേഷൻ കാർഡ്) ഓരോ അംഗത്തിനും 4 കി. ഗ്രാം അരിയും ഒരു കി. ഗ്രാം ഗോതമ്പും സൗജന്യമായി നൽകിവരുന്നു.
3. മുൻഗണനേതരവിഭാഗത്തിൽപ്പെട്ട, രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് (NPS — നീല നിറത്തിലുള്ള റേഷൻകാർഡ്) ഓരോ അംഗത്തിനും 2 കി.ഗ്രാം അരി കിലോ ഗ്രാമിന് 2 രൂപ നിരക്കിലും ഓരോ കാർഡിനും ഓരോ കി. ഗ്രാം ഫോർട്ടിഫൈഡ് ആട്ട കി. ഗ്രാമിന് 15 രൂപ നിരക്കിലും നൽകിവരുന്നു. 29, 35, 436 റേഷൻ കാർഡുകളിലെ 1, 21, 14, 128 ഗുണഭോക്താക്കൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.
4. രണ്ടുരൂപ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണപദ്ധതിയിൽ ഉൾപ്പെടാത്ത മുൻഗണനേതരവിഭാഗത്തിൽ പെട്ടവർക്ക് (NPNS — വെള്ള നിറത്തിലുള്ള റേഷൻ കാർഡ്) ഓരോ കാർഡിനും അരിയും ഗോതമ്പും ഉൾപ്പെടെ 5 കി. ഗ്രാം ഭക്ഷ്യധാന്യം അരി കി. ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി. ഗ്രാമിന് 6.70 രൂപ നിരക്കിലും ലഭിക്കും. (സ്റ്റോക്കിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ വ്യത്യാസം വരും). കൂടാതെ ഓരോ കാർഡിനും 2 കി. ഗ്രാം ഫോർട്ടിഫൈഡ് ആട്ട വീതം കി. ഗ്രാമിന് 15 രൂപ നിരക്കിലും നൽകിവരുന്നു.
5. വൈദ്യുതിവത്ക്കരിച്ച വീടുള്ള കാർഡുടമകൾക്ക് $\frac{1}{2}$ ലീറ്റർ വീതവും വൈദ്യുതിവത്ക്കരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 4 ലീറ്റർ വീതവും മണ്ണെണ്ണ ലീറ്ററിന് 18 രൂപ നിരക്കിൽ നൽകിവരുന്നു. (എണ്ണക്കമ്പനിയിലെ വിലയിൽ വരുന്ന വ്യത്യാസം

അനുസരിച്ച് വില്പനവിലയിൽ മാറ്റം വരും).

6. സാമൂഹികനീതിവകുപ്പ് അംഗീകരിച്ച സ്ഥാപനങ്ങളിലെ അന്തേവാസികൾക്കു പ്രതിമാസം ആളൊന്നിന് 5 കി. ഗ്രാം അരി സൗജന്യമായും 2 കി. ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും നൽകിവരുന്നു.
7. അന്നപൂർണ കാർഡ് ഉടമകൾക്ക് പ്രതിമാസം 10 കി. ഗ്രാം അരി സൗജന്യമായി നൽകിവരുന്നു.

## 29.2 താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖേന ലഭിക്കുന്ന സേവനങ്ങൾ

നിലവിൽ മുൻഗണനാവിഭാഗങ്ങൾക്കുള്ള റേഷൻ കാർഡുകൾ 50 രൂപ നിരക്കിലും മുൻഗണനേതരവിഭാഗങ്ങൾക്കുള്ള റേഷൻ കാർഡുകകൾ 100 രൂപ നിരക്കിലും മറ്റു സർട്ടിഫിക്കറ്റുകൾ 5 രൂപ നിരക്കിലും നൽകിവരുന്നു.

## 29.3 റേഷൻ വ്യാപാരികൾക്കു ക്ഷേമനിധി

സംസ്ഥാന സിവിൽസപ്ലൈസ് വകുപ്പ് റേഷൻ ചില്ലറവ്യാപാരികളുടെ ക്ഷേമത്തിനും മറ്റുമായി ക്ഷേമനിധി രൂപവത്ക്കരിച്ച് പെൻഷനും മറ്റു ധനസഹായങ്ങളും നൽകുന്നു.

1. ലഭിക്കുന്ന പ്രതിമാസ പെൻഷൻ 1,500 രൂപ
2. ക്ഷേമനിധിയിൽ അംഗമാകാൻ റേഷൻ വ്യാപാരി 100 രൂപ അംഗത്വഫീസും പ്രതിമാസം 200 രൂപ അംശദായവും നൽകണം. (01-03-2017 മുതൽ അംശദായം 200 രൂപയാണ്.)
3. 62 വയസ്സ് പൂർത്തിയാകുന്നമുറയ്ക്ക് പൊതുവിതരണശൃംഖലയിൽനിന്നു വിരമിച്ച, 10 വർഷത്തിൽ കുറയാത്ത സർവീസുള്ള അംഗങ്ങൾക്ക് പ്രതിമാസം 1,500 രൂപ പെൻഷൻ ലഭിക്കുന്നു. പെൻഷൻ പ്രായം 65 വയസായിരുന്നത് 19-01-2016 മുതൽ 62 വയസ്സായി നിജപ്പെടുത്തി.
4. റേഷൻവ്യാപരി ആയിരിക്കെ ഒരംഗം മരിച്ചാൽ നിയമാനുസൃതമായി അവകാശികൾക്ക് അംഗത്വദൈർഘ്യവും പ്രായവും കണക്കിലെടുത്ത് 40,000 രൂപ വരെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് ലഭിക്കുന്നു.
5. ക്ഷേമനിധിയംഗങ്ങൾക്ക് 5,000 രൂപ വരെ ആക്സിഡന്റ് ക്ലെയിമുകൾ അനുവദനീയമാണ്.
6. ഹൃദയം, വൃക്ക സംബന്ധമായ ഓപ്പറേഷൻ വേണ്ടുന്ന രോഗങ്ങൾക്കും ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്കും ക്ഷേമനിധിയംഗങ്ങൾക്കും കുടുംബംഗങ്ങൾക്കും 25,000 രൂപ വരെയുള്ള മെഡിക്കൽ ക്ലെയിമുകൾ അനുവദനീയമാണ്.
7. ക്ഷേമനിധിയംഗങ്ങളുടെ കുട്ടികളിൽ എസ്. എസ്. എൽ. സി. / പ്ലസ് ടു തലത്തിൽ മികച്ച വിജയം നേടിയവർക്ക് എജ്യൂക്കേഷൻ സ്കോളർഷിപ്പിന് അർഹതയുണ്ട്.

8. അംശദായത്തിൽ അടച്ച തുക റേഷൻവ്യാപാരം അവസാനിക്കുമ്പോൾ തിരികെ നൽകും.
9. അഞ്ചുവർഷത്തിൽ കൂടുതൽ വരിസംഖ്യ ഒടുക്കിയിട്ടുള്ള ക്ഷേമനിധിയംഗങ്ങൾക്ക് ക്ഷേമനിധിയിലുള്ള അവരുടെ ഡെപ്പോസിറ്റിന് ആനുപാതികമായ പലിശരഹിതവായ്പ, അഡ്വാൻസ് എന്നിവ, തുല്യഗഡുക്കളായി തിരിച്ചടക്കുവാനുള്ള വ്യവസ്ഥയോടെ, അനുവദനീയമാണ്.

**സിവിൽ സപ്ലൈസ് വകുപ്പ് ആസ്ഥാനം:**

കമ്മീഷണർ,
സിവിൽ സപ്ലൈസ് കമ്മിഷണറേറ്റ്,
പബ്ലിക് ഓഫീസ്,
വികാസ് ഭവൻ പി. ഒ.,
തിരുവനന്തപുരം 695033
ഫോൺ: 04712-321152, 2320578, 2320379
വെബ്സൈറ്റ്: www.civilsupplieskerala.gov.in

**ജില്ലാ സപ്ലൈ ഓഫീസർമാരുടെ വിലാസവും ഫോൺ നമ്പറും:**

| ജില്ല | ജില്ല സപ്ലൈഓഫീസറുടെ വിലാസം | ഫോൺ |
|---|---|---|
| തിരുവനന്തപുരം | സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് | 0471-2731240 |
| കൊല്ലം | കളക്ടറേറ്റ്, കൊല്ലം | 0474-2794818 |
| പത്തനംതിട്ട | കളക്ടറേറ്റ്, പത്തനം തിട്ട | 0468-2222612 |
| ആലപ്പുഴ | സിവിൽ സ്റ്റേഷൻ | 0477-2251674 |
| കോട്ടയം | കളക്ടറേറ്റ്, കോട്ടയം | 0481-2560371, 2565861 |
| ഇടുക്കി | സിവിൽ സ്റ്റേഷൻ | 0486-2232321 |
| എറണാകുളം | സിവിൽ സ്റ്റേഷൻ, കാക്കനാട് | 0484-2422251 |
| തൃശ്ശൂർ | സിവിൽ സ്റ്റേഷൻ, അയ്യന്തോൾ | 0487-2360046 |
| പാലക്കാട് | സിവിൽ സ്റ്റേഷൻ | 0491-2505541 |
| മലപ്പുറം | സിവിൽ സ്റ്റേഷൻ | 0483-2734912 |
| കോഴിക്കോട് | സിവിൽ സ്റ്റേഷൻ | 0495-2374798 |
| വയനാട് | സിവിൽ സ്റ്റേഷൻ | 04936-202273 |
| കണ്ണൂർ | സിവിൽ സ്റ്റേഷൻ | 0497-2700552 |

| ജില്ല | ജില്ല സപ്ലൈഓഫീസറുടെ വിലാസം | ഫോൺ |
|---|---|---|
| കാസർഗോഡ് | സിവിൽ സ്റ്റേഷൻ | 0499-4255138 |

സെക്രട്ടറി,
കേരളസംസ്ഥാന ഉപഭോക്തൃതർക്കപരിഹാര കമ്മിഷൻ,
ചിന്മയ മിഷൻ ലെയിൻ,
വഴുതക്കാട്, തിരുവനന്തപുരം 10.

ഫോൺ: 0471-2725157
മൊബൈൽ: 9446406149

**ഉപഭോക്തൃതർക്കപരിഹാരഫോറം ജില്ലാതല സീനിയർ സൂപ്രണ്ട്:**

1. തിരുവനന്തപുരം — 0471-2721069
2. കൊല്ലം — 0477-2795063
3. പത്തനംതിട്ട — 0468-2223699
4. ആലപ്പുഴ — 0477-2269748
5. കോട്ടയം — 0481-2565118
6. എറണാകുളം — 0484-2403316
7. തൃശ്ശൂർ — 0487-2361100
8. പാലക്കാട് — 0491-2505782
9. മലപ്പുറം — 0483-2734802
10. കോഴിക്കോട് — 0495-2803455
11. വയനാട് — 04936-202755
12. കണ്ണൂർ — 0497-2706632
13. കാസർഗോഡ് — 0499-4256845

# — 30 —

# സൈനികക്ഷേമവകുപ്പ്

കേരളസർക്കാരിന്റെ പൊതുഭരണവകുപ്പിനുകീഴിൽ വിമുക്തഭടരുടെയും ആശ്രിതരുടെയും സർവ്വതോമുഖമായ ക്ഷേമത്തിനും പുനരധിവാസത്തിനും സൈനികരുടെയും ആശ്രിതരുടെയും പ്രശ്നങ്ങൾ പരിഹരിക്കാനുമായി സൈനികക്ഷേമവകുപ്പ് പ്രവർത്തിക്കുന്നു. ആസ്ഥാനം തിരുവനന്തപുരത്തു വികാസ് ഭവനിൽ. സൈനികക്ഷേമഡയറക്ടർ ആണു തലവൻ. സംസ്ഥാനസംയുക്തനിധി(അമാൽഗമേറ്റഡ് ഫണ്ട്)യുടെയും രാജ്യസൈനിക് ബോർഡിന്റെയും പതാകദിനഫണ്ടിന്റെയും സെക്രട്ടറിച്ചുമതലയും ഡയറക്ടർക്കുണ്ട്.

പതാകനിധിയിൽനിന്നു സ്വരൂപിക്കുന്ന പണം മുഴുവനും വിമുക്തഭടരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്നു. ഗവർണ്ണർ സംയുക്തനിധിയുടെ ചെയർമാനും മുഖ്യമന്ത്രി രാജ്യസൈനികബോർഡിന്റെയും പതാകദിനഫണ്ട് കമ്മിറ്റിയുടെയും പ്രസിഡന്റുമാണ്.

## 30.1 വിമുക്തഭടരുടെ ക്ഷേമ, പുനരധിവാസ പദ്ധതികൾ

**തൊഴിൽസഹായം:** യുദ്ധത്തിലോ സമാനസാഹചര്യങ്ങളിലോ മരിക്കുന്ന സൈനികരുടെ ആശ്രിതർക്ക് സംസ്ഥാനസർവീസിൽ നേരിട്ടു നിയമനം നൽകുന്നു.

**തൊഴിൽ സംവരണം:** വിമുക്തഭടർക്കു പുനർനിയമനം ലഭിക്കാൻ സൈനികക്ഷേമവകുപ്പിലെ എല്ലാ തസ്തികകളും എൻസിസി വകുപ്പിലെ സിവിലിയൻ തസ്തികകളും വിവിധവകുപ്പുകളിലെ സർജന്റ് തസ്തികകളും കൂടാതെ മറ്റു വകുപ്പുകളിലും സംവരണം ചെയ്തിട്ടുണ്ട്.

**തെരഞ്ഞെടുപ്പിനു മുൻഗണന:** ഹോം ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ആമിൻ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിനു മുൻഗണന. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിനും മുൻഗണന.

**മാർക്ക്:** പിഎസ്‌സി പരീക്ഷയ്ക്ക് രണ്ടുവർഷത്തെ മിലിറ്ററി സർവീസിന് ഒരു മാർക്കു വീതം പരമാവധി പത്തു മാർക്ക് വെയിറ്റേജ് നൽകുന്നു.

**യോഗ്യതാസമീകരണം:** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തൊഴിൽ രജിസ്ട്രേഷനായി യോഗ്യതാസമീകരണം നൽകുന്നു

## 30.2 സൈനികരുടെ ധീരതയും വിശിഷ്ടസേവനവും കണക്കിലെടുത്തുള്ള പദ്ധതികൾ

**മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധി:** യുദ്ധത്തിലോ സമാനസഹചര്യങ്ങളിലോ മരിക്കുന്ന ജവാന്മാർക്ക് 10 ലക്ഷം രൂപയും ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് 5 ലക്ഷം രൂപയും നൽകുന്നു.

## 30.3 സംസ്ഥാനസർക്കാർ നൽകുന്ന സാമ്പത്തികസഹായങ്ങൾ

### ഭവനനിർമ്മാണസഹായം

യുദ്ധത്തിൽ കൊല്ലപ്പെടുന്നവരുടെ/സൈനികസേവനത്തിനിടെ മരിക്കുന്നവരുടെ ആശ്രിതർക്കും ശാരീരികാസ്വാസ്ഥ്യങ്ങൾമൂലം സേവനം തുടരാൻ കഴിയാതെ പിരിച്ചയയ്ക്കപ്പെടുന്നവർക്കും സ്വന്തമായി വീടില്ലെങ്കിൽ ഭവനനിർമ്മാണത്തിനു സംസ്ഥാനസർക്കാർ 1,00,000 (ഒരു ലക്ഷം) രൂപ സാമ്പത്തികസഹായം നൽകുന്നു. വാർഷികവരുമാനപരിധി 1,50,000 രൂപയിൽ താഴെയായിരിക്കണം. യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കും യുദ്ധത്തിൽ പരിക്കേറ്റ വിമുക്തഭടർക്കും വരുമാനപരിധി ബാധകമല്ല. മുകളിൽ പറഞ്ഞിരിക്കുന്ന വിഭാഗത്തിലുള്ള അപേക്ഷകരുടെ അഭാവത്തിൽ, 60 വയസ്സിനു താഴെയുള്ള, സ്വന്തമായോ ഭാര്യയുടെ പേരിലോ അപേക്ഷാതീയതിവരെ കഴിഞ്ഞ 5 വർഷമായി വീടില്ലാത്ത വിമുക്തഭടരെയും അതതുവർഷത്തെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭവനനിർമ്മാണധനസഹായത്തിനായി പരിഗണിക്കും.

### രണ്ടാംലോകമഹായുദ്ധസേനാനികൾക്കു സാമ്പത്തികസഹായം

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത (9/1939-നും 4/1946-നും ഇടയിൽ സർവ്വീസിലുണ്ടായിരുന്ന) യോദ്ധാക്കൾക്കു പ്രതിമാസം 4000 രൂപയും 23-11-2015 മുതൽ അവരുടെ വിധവകൾക്കു പ്രതിമാസം 2500 രൂപയും ധനസഹായം നൽകുന്നു. പുനർനിയമനം ലഭിച്ചവരും വാർഷികകുടുംബവരുമാനം 50,000 രൂപയിൽ കൂടുതലുള്ളവരും ഇതിനർഹരല്ല.

### ധീരതാപുരസ്കാരങ്ങൾ ലഭിച്ചവർക്കു ക്യാഷ് അവാർഡ്

ധീരതയ്ക്കു ബഹുമതിപുരസ്ക്കാരങ്ങൾ ലഭിക്കുന്നവർക്കു സംസ്ഥാനസർക്കാർ 50 ലക്ഷം രൂപവരെ ക്യാഷ് അവാർഡ് നൽകുന്നു.

### എക്സ്ഗ്രേഷ്യ ഗ്രാന്റ്

26-09-1999-നുമുൻപ് യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് 1,00,000 രൂപവരെയും യുദ്ധത്തിൽ പരിക്കേറ്റവർക്കും ശാരീരികവൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് 50,000 രൂപവരെയും എക്സ്ഗ്രേഷ്യ ഗ്രാന്റായി നൽകുന്നു.

### നോൺഗ്യാലന്ററി അവാർഡ് ജേതാക്കൾക്കു ക്യാഷ് അവാർഡ്

പരംവിശിഷ്ടസേവാമെഡൽ (PVSM), അതിവിശിഷ്ടസേവാമെഡൽ (AVSM), വിശിഷ്ട സേവാമെഡൽ (VSM), സേനാമെഡൽ (SM), നൗസേനാമെഡൽ (NM), വായുസേനാ മെഡൽ (VSM) എന്നീ അവാർഡുകൾ ലഭിച്ചവർക്ക് സംസ്ഥാനസർക്കാരിൽനിന്ന് യഥാക്രമം 50,000, 25,000, 10,000 രൂപവീതം ഒറ്റത്തവണ ക്യാഷ് അവാർഡായി നൽകുന്നു. 1962 മുതൽ മുൻകാലപ്രാബല്യമുണ്ട്.

### പ്രാദേശികസേനാ മെഡൽ ജേതാക്കൾക്കു ക്യാഷ് അവാർഡ്

പ്രാദേശികസേന (Territorial Army) വിഭാഗങ്ങളിലെ ടി. എ. ഡക്കറേഷൻസ്/ടി. എ. മെഡൽ ലഭിച്ച ആഫീസർമാർക്കും മറ്റുവിഭാഗങ്ങൾക്കും 5,000 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകുന്നു.

### മെറിറ്റ് സ്കോളർഷിപ്പ്

വിമുക്തഭടരുടെ പഠനത്തിൽ മിടുക്കരായ കുട്ടികൾക്ക് 10-ാം തരം മുതൽ ബിരുദാനന്തരബിരുദം വരെയുള്ള കോഴ്സുകൾക്ക് 2,000 രൂപമുതൽ 3,500 രൂപവരെ സംസ്ഥാനസർക്കാർ സ്കോളർഷിപ്പ് നൽകുന്നു. (ക്ലാസ് 10-2000 രൂപ, ക്ലാസ് 11, 12, വി.എച്ച്.എസ്.ഇ., ടി.ടി.സി. മുതലായവ: 2500 രൂപ, ബിരുദകോഴ്സുകൾ: 3000 രൂപ, ബിരുദാനന്തരബിരുദകോഴ്സുകൾ: 3500 രൂപ). വാർഷികവരുമാന പരിധി രണ്ടുലക്ഷം (28/10/2013 മുതൽ ബാധകം) രൂപയിൽത്താഴെ ആയിരിക്കണം. മുൻവർഷത്തെ വാർഷികപരീക്ഷയിൽ മൊത്തം 50%-ത്തിൽ കുറയാതെ മാർക്കുണ്ടായിരിക്കണം.

### ലംപ്സം ഗ്രാന്റ്/സ്കോളർഷിപ്പ്

നാഷണൽ ഡിഫൻസ് അക്കാദമിയിലും രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറിയിലും പരിശീലനം ചെയ്യുന്ന കേരളീയരായ കേഡറ്റുകൾക്കു ലംപ്സം ഗ്രാന്റ്/സ്കോളർഷിപ്പ് നൽകുന്നു.

## 30.4 സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ട്

**നിർദ്ധനരായ വിമുക്തഭടർക്കും വിധവകൾക്കും സാമ്പത്തികസഹായം:**

നിർദ്ധനരായ വിമുക്തഭടർക്കും വിധവകൾക്കും ആശ്രിതർക്കും സാമ്പത്തികബുദ്ധിമുട്ടുകൾ പരിഹരിക്കാനായി 5,000 രൂപമുതൽ 6,000 രൂപവരെ നിബന്ധനകൾക്കു വിധേയമായി സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ടിൽ നിന്നു നൽകുന്നു. ജില്ലാ മിലിട്ടറി ബനവലന്റ് ഫണ്ട് വഴി 3,000 രൂപമുതൽ 4,000 രൂപവരെ നൽകും.

**വിവാഹധനസഹായം:**

വിമുക്തഭടന്റെ രണ്ടു പെൺമക്കൾക്കു വിവാഹത്തിന് 15,000 രൂപ ഗ്രാന്റായി നൽകുന്നു. വാർഷികവരുമാനം 4,00,000 രൂപയിൽ താഴെയായിരിക്കണം.

**അടിയന്തരസാമ്പത്തികസഹായം:**

വിമുക്തഭടർക്കോ അവരുടെ ആശ്രിതർക്കോ പെട്ടെന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പ്രത്യേകം പരിഗണിച്ച സാമ്പത്തികസഹായം നൽകുന്നു. എസ്.എം.ബി.

എഫിൽനിന്നുള്ള ഈ സഹായം മുഖ്യമന്ത്രിയും സൈനികക്ഷേമവകുപ്പ് മേധാവിയും യഥാക്രമം 25,000 രൂപ, 10,000 രൂപ എന്നീ ക്രമത്തിൽ അനുവദിക്കുന്നു. ജില്ലാ സൈനിക ബോർഡ് തലത്തിൽ 5000 രൂപ, 2000 രൂപ എന്നീ ക്രമത്തിൽ നൽകാൻ കളക്ടർക്കും ജില്ലാ സൈനിക ക്ഷേമ ഓഫീസർക്കും അധികാരമുണ്ട്.

**മരണാനന്തരം നൽകുന്ന എക്സ്ഗ്രേഷ്യാ ഗ്രാന്റ്:**

വിമുക്തഭടർ മരണമടഞ്ഞാൽ അടിയന്തരസാമ്പത്തികസഹായമായി തൊട്ടടുത്ത ആശ്രിതർക്ക് (വിധവ/അവിവാഹിതയായ മകൾ/മൈനറായ പുത്രൻ) 10,000 രൂപ ധനസഹായം നൽകിവരുന്നു.

**അന്ധതയുള്ള പ്രതിമാസസഹായം:**

അന്ധരായ വിമുക്തഭടർക്ക്/വിധവകൾക്ക്/ഭാര്യമാർക്ക്/അന്ധരായ മക്കൾക്ക് 1000 രൂപ വീതം പ്രതിമാസ ധനസഹായം നൽകുന്നു. Non Pensioners ന് 2000 രൂപ പ്രതിമാസ സഹായം നൽകുന്നു.

**വിമുക്തഭടരുടെ മാനസികവൈകല്യമുള്ള കുട്ടികൾക്കു ധനസഹായം:**

വിമുക്തഭടരുടെ മാനസികവൈകല്യമുള്ള കുട്ടികൾക്ക് നിബന്ധനകൾക്കു വിധേയമായി 1500 രൂപ പ്രതിമാസസഹായം നൽകുന്നു. വാർഷികവരുമാനം 3,00,000 രൂപയിൽ താഴെ ആയിരിക്കണം.

**വിമുക്തഭടരുടെ ശാരീരികവൈകല്യമുള്ള കുട്ടികൾക്കു ധനസഹായം:**

വിമുക്തഭടരുടെ 40 ശതമാനത്തിൽ കുറയാതെ ശാരീരികവൈകല്യമുള്ള കുട്ടികൾക്കു നിബന്ധനകൾക്കു വിധേയമായി പ്രതിമാസം 1500 രൂപ ധനസഹായം നൽകുന്നു. വാർഷികവരുമാനം 3,00,000 രൂപയിൽ താഴെ ആയിരിക്കണം.

**പോക്കറ്റ് മണി:**

ക്ഷയരോഗ, കുഷ്ഠരോഗ ആശുപത്രി(sanatoriums)കളിൽ കഴിയുന്ന വിമുക്തഭടരായ അന്തേവാസികൾക്കോ വിമുക്തഭടരുടെ വിധവകൾക്കോ പ്രതിമാസം 2000 രൂപ ധനസഹായം നൽകുന്നു. ഇവർക്കു കൊതുകുവലയും സൗജന്യമായി നൽകുന്നു.

**ഓണാഘോഷത്തിനു ധനസഹായം:**

ക്ഷയരോഗ, കുഷ്ഠരോഗ സാനിട്ടോറിയങ്ങളിൽ കഴിയുന്ന വിമുക്തഭടർക്ക് ഓണം ആഘോഷിക്കാൻ 2000 രൂപ ഒറ്റത്തവണ സാമ്പത്തികസഹായം നൽകുന്നു.

**മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്:**

ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ച വിമുക്തഭടർക്ക്, ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി നൽകുന്ന വൈദ്യശുശ്രൂഷാഗ്രാന്റ് ലഭ്യമല്ലാതാകുമ്പോൾ, എസ്.എം.ബി. എഫിൽനിന്നു മൂന്നുവർഷത്തെ തുടർശുശ്രൂഷക്കായി പ്രതിമാസം 1,500 രൂപ ധനസഹായം നൽകുന്നു.

**തയ്യൽ മെഷീൻ വിതരണം:**

ടെയ്ലർ ട്രേഡിൽ വിരമിച്ച വിമുക്തഭടർക്കും തയ്യൽ അറിയാവുന്ന വിധവകൾക്കും ഉപജീവനാർത്ഥം സൗജന്യമായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്നു. വാർഷികവരുമാനം 1,50,000 രൂപയിൽ താഴെയായിരിക്കണം.

**ക്യാൻസർരോഗശുശ്രൂഷയ്ക്ക് ഗ്രാന്റ്:**

ക്യാൻസർരോഗികളായ വിമുക്തഭടർ, വിധവകൾ, വിമുക്തഭടരുടെ ഭാര്യമാർ, ആശ്രിതരായ മക്കൾ എന്നിവർക്കു പ്രതിമാസം 1500 രൂപ വീതം ഒരു വർഷത്തേക്കു സാമ്പത്തികസഹായം നൽകുന്നു. പെൻഷനോ സമാനാനുകൂല്യങ്ങളോ ലഭിക്കാത്തവർക്കു രണ്ടുവർഷംവരെ സാമ്പത്തികസഹായം നൽകുന്നു.

**വിമുക്തഭടരുടെ കുട്ടികൾക്കു ക്യാഷ് അവാർഡ്:**

വിമുക്തഭടരുടെ കുട്ടികളിൽ സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിഭാഗങ്ങളിൽ പത്താംതരത്തിൽ എല്ലാ വിഷയത്തിനും A+, A1 ഗ്രേഡു കരസ്ഥമാക്കുന്നവർക്കു 3000 രൂപവീതം ക്യാഷ് അവാർഡ്

വിമുക്തഭടരുടെ കുട്ടികളിൽ സ്റ്റേറ്റ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിഭാഗങ്ങളിൽ +2/12 ക്ലാസിൽ എല്ലാ വിഷയത്തിനും A+, A1 ഗ്രേഡു കരസ്ഥമാക്കുന്നവർക്കു 3000 രൂപവീതം ക്യാഷ് അവാർഡ്

**വീടു നന്നാക്കാൻ ഗ്രാന്റ്:**

കുടുംബവാർഷികവരുമാനം 2,00,000 രൂപയിൽ കുറവുള്ള വിമുക്തഭടർ, വിധവകൾ എന്നിവർക്ക് വീടു നന്നാക്കുവാൻ 20,000 രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

**മത്സരപരീക്ഷയ്ക്കും ഇന്റർവ്യൂവിനുമുള്ള പരിശീലനത്തിനു ധനസഹായം:**

മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനുമുള്ള പരിശീലനത്തിനു വിമുക്തഭടർക്കും ആശ്രിതർക്കും യഥാർത്ഥ ഫീസ് തുകയോ പരമാവധി 10,000 രൂപയോ ധനസഹായം നൽകുന്നു.

**വിമുക്തഭടർക്കു കംപ്യൂട്ടർ പരിശീലനം:**

വിമുക്തഭടർക്കു കംപ്യൂട്ടർപരിജ്ഞാനം ലഭ്യമാക്കാൻ ജില്ലാതലത്തിൽ പരിശീലനം നൽകുന്നു.

**പാരാപ്ലജിക് റിഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികൾക്കു സാമ്പത്തികസഹായം:**

പാരാപ്ലജിക് റിഹാബിലിറ്റേഷൻ സെന്റർ, പൂണെയിലെ അന്തേവാസികളായ വിമുക്തഭടർക്കു പ്രതിമാസം 1000 രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ തൊട്ടടുത്ത ബന്ധുവിന് വിമുക്തഭടരെ സന്ദർശിക്കാൻ വർഷത്തിലൊരിക്കൽ സെക്കൻഡ് ക്ലാസ് റെയിൽവേ ടിക്കറ്റ് നൽകിവരുന്നു.

**മത്സരപരീക്ഷാപരിശീലനത്തിനു സാമ്പത്തികസഹായം:**

മത്സരപ്പരീക്ഷകളായ SET, NET, JRF, ICWA, CA, സിവിൽ സർവ്വീസ് തുടങ്ങിയ പരീക്ഷകളുടെ പരിശീലനക്ലാസ്സുകൾ പൂർത്തിയാക്കുന്ന, 3,00,000 രൂപയിൽത്താഴെ വാർഷികവരുമാനമുള്ള വിമുക്തഭടരുടെ കുട്ടികൾക്ക് 10,000 രൂപ ഒറ്റത്തവണഗ്രാന്റായി നൽകുന്നു.

**എംബ്രോയഡറി മെഷീൻ വിതരണം:**

വിമുക്തഭടർക്കും ഭാര്യമാർക്കും വിധവകൾക്കും എംബ്രോയഡറി മെഷീൻ നൽകിവരുന്നു. വാർഷികവരുമാനം 1,50,000 രൂപയിൽ കുറവായിരിക്കണം.

**ഡയാലിസിസിനു സാമ്പത്തികസഹായം:**

ഡയാലിസിസിനു വിധേയരാകുന്ന വിമുക്തഭടർക്കും വിധവകൾക്കും ആശ്രിതർക്കും ഓരോ ഡയാലിസിസിനും 1000 രൂപവീതം നിബന്ധനകൾക്കു വിധേയമായി 20,000 രൂപവരെ അനുവദിക്കുന്നു.

**സ്വയംതൊഴിലിനു ധനസഹായം:**

വിധവകൾക്കു സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി സ്വയംതൊഴിൽ ചെയ്യാൻ നിബന്ധനകൾക്കു വിധേയമായി 10,000 മുതൽ 25,000 വരെരൂപ നൽകുന്നതാണ്.

**അവയവമാറ്റശസ്ത്രക്രിയയ്ക്കു ശേഷം ധനസഹായം:**

വൃക്ക, കരൾ, ഇടുപ്പെല്ല്, മുട്ട് എന്നീ അവയവങ്ങൾ മാറ്റുന്ന ശസ്ത്രക്രിയയ്ക്കുശേഷം വിമുക്തഭടർക്കും വിധവകൾക്കും നിബന്ധനകളില്ലാതെ 1000 രൂപ പ്രതിമാസം ഒരു വർഷത്തേക്കു ധനസഹായം നൽകും.

**മെഡിക്കൽ റിലീഫ് ഗ്രാന്റ്:**

60 വയസ്സിന് മുകളിലുള്ളവരും രോഗികളും പെൻഷന് അർഹതയില്ലാത്തവരും എക്സ്-സെർവീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം (ECHS) -ൽ അംഗമല്ലാത്തവരും വരുമാനം 75,000 രൂപയിൽ താഴെയുള്ളവരും ആയ വിമുക്തഭടർക്കും വിധവകൾക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 10,000 രൂപ ഒറ്റത്തവണ ഗ്രാന്റ് നൽകുന്നു.

**സ്വയംസഹായസംഘങ്ങൾക്കു തയ്യൽ, എംബ്രോയ്ഡറി മെഷിൻ:**

അഞ്ചോ അതിലധികമോ തൊഴിൽരഹിതരായ വിമുക്തഭടർ, അവരുടെ ഭാര്യമാർ, വിധവകൾ എന്നിവർ അംഗങ്ങളായ സ്വയംസഹായ സംഘങ്ങൾക്കു മൂന്നു തയ്യൽ മെഷിനും രണ്ട് എംബ്രോയ്ഡറി മെഷിനും നിബന്ധനകൾക്കു വിധേയമായി വിതരണം ചെയ്യുന്നു.

## 30.5 അമാൽഗമേറ്റഡ് ഫണ്ട്

### സ്കോളർഷിപ്പ്

വിമുക്തഭടരുടെ മക്കളിൽ സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ കോഴ്സുകളിൽ പഠിക്കുന്നവർക്കു നിബന്ധനകൾക്കു വിധേയമായി 3,000 രൂപമുതൽ 10,000 രൂപവരെ സ്കോളർഷിപ്പ്. വാർഷികവരുമാനം 3,00,000 രൂപയിൽ താഴെയായിരിക്കണം.

### അനാഥരായ കുട്ടികൾക്കു സാമ്പത്തികസഹായം

വിമുക്തഭടരുടെ അനാഥരായ കുട്ടികൾക്ക് 25 വയസ്സുവരെ പ്രതിമാസം 3000 രൂപക്രമത്തിൽ നിബന്ധനകൾക്കു വിധേയമായി സാമ്പത്തികസഹായം നൽകുന്നു. വാർഷികവരുമാനം 3,00,000 രൂപയിൽത്താഴെ ആയിരിക്കണം.

### സൈനികസ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കു സ്കോളർഷിപ്പ്

സൈനികസ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു നിബന്ധനകൾ ഒന്നുമില്ലാതെ 10,000 രൂപ ലംപ്സം ഗ്രാന്റ് നൽകുന്നു.

### എൻട്രൻസ് കോച്ചിങ്ങിനു സാമ്പത്തികസഹായം

എഞ്ചിനീയറിംഗ്, എം.ബി.ബി.എസ് മുതലായവയുടെ പ്രവേശനപ്പരീക്ഷയെഴുതാൻ വിമുക്തഭടരുടെ കുട്ടികൾക്ക് നിബന്ധനകൾക്കു വിധേയമായി 6,000 രൂപക്രമത്തിൽ സാമ്പത്തികസഹായം നൽകുന്നു. വാർഷികവരുമാനം നാലുലക്ഷംരൂപയിൽ കവിയാൻ പാടില്ല. ഒരുവർഷം 300 കുട്ടികൾക്ക് അനുവദിക്കുന്നു.

### വൃദ്ധസദനങ്ങളിലെ വിമുക്തഭടർക്കും വിധവകൾക്കും ധനസഹായം

സംസ്ഥാനത്തെ അംഗീകൃതവൃദ്ധസദനങ്ങളിൽ താമസിക്കുന്നവരും മറ്റു വരുമാനം ഇല്ലാത്തവരുമായ വിമുക്തഭടർക്കും വിധവകൾക്കും 2,000 രൂപ പ്രതിമാസധനസഹായം നൽകും.

### വിമുക്തഭടർക്കും വിധവകൾക്കും സ്വയംതൊഴിലിനു ധനസഹായം

പുനരധിവാസത്തിനായി ജില്ലാതലത്തിൽ പുനരധിവാസ കോഴ്സുകൾ സംഘടിപ്പിക്കുന്നു. കോഴ്സ് ഫീസായി ആളൊന്നിനു പരമാവധി 10,000 രൂപ നിരക്കിൽ കോഴ്സ് നടത്തുന്ന സ്ഥാപനത്തിന് നൽകുന്നു.

### രണ്ടാംലോകമഹായുദ്ധസൈനികർക്കു ചികിത്സാസഹായം

നിരാലംബരും രോഗികളുമായ രണ്ടാം ലോകമഹായുദ്ധ സേനാനികൾക്ക് 1,000 രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

### സ്വയംതൊഴിൽവായ്പയ്ക്കു പലിശസബ്സിഡി

സ്വയംതൊഴിൽ കണ്ടെത്താൻ അംഗീകൃതബാങ്കുകളിൽനിന്ന് എടുക്കുന്ന വായ്പകൾക്കു പലിശസബ്സിഡി നൽകുന്നു. പലിശയിളവു ലഭിക്കുന്ന വായ്പത്തുകയുടെ പരിധി 3,00,000 രൂപയാണ്.

### സ്വയംതൊഴിൽസംരംഭം തുടങ്ങിയ സ്വയംസഹായസംഘത്തിനു ധനസഹായം

സ്വയംതൊഴിൽസംരംഭങ്ങൾ തുടങ്ങിയ 20 സ്വയംസഹായസംഘങ്ങൾക്ക് 25,000 രൂപ വീതം ധനസഹായം നൽകുന്നു.

### നികുതിയിളവ്

വിമുക്തഭടൻ, വിമുക്തഭടന്റെ ഭാര്യ, യുദ്ധത്തിലോ സമാനസാഹചര്യത്തിലോ മരിച്ച ഭടന്റെ മാതാപിതാക്കൾ, അംഗവൈകല്യം സംഭവിച്ച ജവാൻ തുടങ്ങിയവരുടെ പേരിലുള്ളതും താമസത്തിന് ഉപയോഗിക്കുന്നതുമായ 2൦൦൦ ച. അടി തറവിസ്തീർണമുള്ള ഒരു വീടിന്റെ നികുതി ഇളവു നൽകുന്നു. ഗവണ്മെന്റിന്റെ പുതിയ ഉത്തരവുപ്രകാരം 2000 ച. അടിക്കു മുകളിലുള്ള വീടുകൾക്ക് 2000 ച. അടിക്കുമേൽ എത്ര അളവുണ്ടോ അതിന്റെ നികുതി ഒടുക്കിയാൽ മതി.

### എക്സ്-സെർവീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം (ECHS)

സംസ്ഥാനത്തൊട്ടാകെ 23 ECHS പോളിക്ലിനിക്കുകൾ പ്രവർത്തിക്കാനുള്ള അനുമതിയാണുള്ളത്. അതിൽ 14 എണ്ണം പ്രവത്തനക്ഷമമായി. ബാക്കി 9 എണ്ണം സ്ഥാപിക്കാൻ നടപടി നടക്കുന്നു.

### വീർനാരികൾക്ക് കാന്റീൻ മുഖേന നാലുചക്രവാഹനം

ആവശ്യമായ സേവനം പൂർത്തിയാക്കാതെ വീരചരമം അടഞ്ഞ സൈനികരുടെ വീർനാരികൾക്ക് കാന്റീൻ മുഖേന നാലുചക്രവാഹനം വാങ്ങുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്.

### പരാതിപരിഹാരസെൽ

വിമുക്തഭടരുടെയും സൈനികരുടെയും കുടുംബാംഗങ്ങളുടെയും പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ കളക്ടർ അദ്ധ്യക്ഷനായി എല്ലാ ജില്ലയിലും പരാതിപരിഹാര സെൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

### സൈനിക റെസ്റ്റ് ഹൗസ്

എല്ലാ ജില്ലയിലും ആരംഭിക്കേണ്ട സൈനിക റെസ്റ്റ് ഹൗസുകളുടെ ഭാഗമായി ഏഴ് സൈനിക സെന്ററുകൾ പ്രവർത്തനയോഗ്യമാക്കി. ബാക്കി ജില്ലകളിൽ സ്ഥലം ലഭ്യമായിടത്ത് സൈനിക റെസ്റ്റ് ഹൗസ് നിർമ്മിക്കാനുള്ള നടപടി നടക്കുന്നു.

## 30.6 കേന്ദ്രിയ സൈനിക ബോർഡിന്റെ സാമ്പത്തിക സഹായങ്ങൾ

### പ്രധാനമന്ത്രിയുടെ സ്കോളർഷിപ്

വിമുക്തഭടരുടെ മക്കളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവരിൽ തെരഞ്ഞെടുക്കപ്പെടുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും യഥാക്രമം 2000, 2250 രൂപ വീതം പ്രതിമാസം സ്കോളർഷിപ് നൽകുന്നു. 10+2 ക്ലാസിൽ 60%-വും തുടർന്ന് ഓരോ വർഷവും 50%-ത്തിൽ കുറയാതെയും മാർക്കു ലഭിക്കുന്നവരിൽനിന്ന് അർഹരെ തെരഞ്ഞെടുക്കും. അപേക്ഷകൾ പ്രതിരോധമന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.mod.nic.in-ൽ നിന്നു ഡൗൺലോഡ് ചെയ്യാം. 2012-13 അദ്ധ്യയനവർഷം സെലക്ഷൻ ലഭിച്ചവർ പേയ്മെന്റ് ഫോം (Renewal Form) നേരിട്ട് കേന്ദ്രീയ സൈനിക് ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കണം.

## 30.7 രക്ഷാമന്ത്രിയുടെ ഡിസ്ക്രീഷനറി ഫണ്ടിൽനിന്നുള്ള സഹായങ്ങൾ

സാമ്പത്തികസഹായം ആവശ്യമുള്ള എക്സ്-സെർവീസ്മെൻ, വിധവകൾ, ആശ്രിതർ എന്നിവർക്ക് രക്ഷാമന്ത്രിയുടെ ഡിസ്ക്രീഷനറി ഫണ്ടിൽനിന്നു വിവിധ ആവശ്യങ്ങൾക്കു സാമ്പത്തികസഹായം നൽകുന്നു.

### പെനൃരി ഗ്രാന്റ്

അറുപത്തഞ്ചു വയസ്സു തികഞ്ഞിരിക്കണം. പെൻഷൻ ലഭിക്കാത്തവരായ ഹവിൽദാർ വരെയുള്ളവർക്കു പ്രതിമാസം 4,000 രൂപ.

### വിദ്യാഭ്യാസത്തിനുള്ള ധനസഹായം

ഹവിൽദാർ റാങ്ക് വരെയുള്ള എക്സ്-സെർവീസ്മെന്റെയോ വിധവകളുടെയോ കുട്ടികൾക്ക് (പരമാവധി 2 കുട്ടികൾക്ക്) പ്രതിമാസം 1000 രൂപ.

### ഓഫീസർ കേഡറ്റ് ഗ്രാന്റ്

പെൻഷൻ കിട്ടുന്നതും കിട്ടാത്തതുമായ ഹവിൽദാർ റാങ്ക് വരെയുള്ളവർക്കു പ്രതിമാസം 1000 രൂപ.

### 100% അംഗവൈകല്യമുള്ള കുട്ടികൾക്കുള്ള ധനസഹായം

ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടരുടെയോ വിധവകളുടെയോ 100 % വികലാംഗ രായ കുട്ടികൾക്കു പ്രതിമാസം 1000 രൂപ.

## 30.8 പ്രകൃതി ക്ഷോഭത്തിൽ വീടു നശിച്ചാൽ ധനസഹായം

100 % വികലാംഗരായുള്ള വിമുക്തഭടർക്കും വിധവകൾക്കും (ഹവിൽദാർ റാങ്ക് വരെ യുള്ളവർ) അനാഥപ്പെൺകുട്ടികൾക്കും (എല്ലാ റാങ്കിലുള്ളവർക്കും) ഒറ്റത്തവണയായി 20,000 രൂപ സാമ്പത്തികസഹായം.

### പെൺമക്കളുടെയും വിധവകളുടെയും വിവാഹധനസഹായം

ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടർക്കും വിധവകൾക്കും ഒറ്റതവണയായി 50,000 രൂപ (പരമാവധി രണ്ടു പെൺകുട്ടികൾക്ക്).

### ശവസംസ്കാരത്തിനു സാമ്പത്തികസഹായം

ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടർക്ക് 5,000 രൂപ ഒറ്റതവണയായി.

### ചികിത്സയ്ക്കുള്ള ധനസഹായം

പെൻഷൻ ലഭിക്കാത്ത ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടർക്കും വിധവകൾക്കും 30,000 രൂപ ഒറ്റത്തവണയായി.

### അനാഥക്കുട്ടികൾക്കുള്ള സാമ്പത്തികസഹായം

വിമുക്തഭടന്റെ 21 വയസ്സിനു താഴെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (നിയമാ നുസൃതമായ കുട്ടികൾ ആയിരിക്കണം) പ്രതിമാസം 1000 രൂപ.

### വിധവകൾക്കു തൊഴിൽപരിശീലനത്തിനു ധനസഹായം

ഹവിൽദാർ റാങ്ക് വരെയുള്ള വിമുക്തഭടർക്കും വിധവകൾക്കും 20,000 രൂപ ഒറ്റതവണ യായി.

### ഗുരുതരരോഗങ്ങൾക്കുള്ള ധനസഹായം

പെൻഷൻ ലഭിക്കാത്ത വിമുക്തഭടർക്കും വിധവകൾക്കും (എല്ലാ റാങ്കുകൾക്കും) പരമാവധി 1,25,000 രൂപ വരെ; കാൻസറിനും ഡയാലിസിസിനും 75,000 രൂപ ഒരു വർഷത്തിലും.

### വികലംഗർക്കുള്ള ചലനോപകരണത്തിനു ധനസഹായം

പെൻഷൻ ആയതിനു ശേഷം സംഭവിച്ച അപകടത്തിൽ വികലാംഗരായ വിമുക്തഭടരിൽ (മുഴുവൻ റാങ്കുകൾക്കും) 50 %-ൽ കുറയാതെ ഡിസബിലിറ്റി ഉള്ളവർക്കു ചലനോപകരണങ്ങൾക്ക് 57,500 രൂപ ഒറ്റതവണയായി.

### തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള ധനസഹായം

സാങ്കേതികമായി യോഗ്യത നേടിയ വിമുക്തഭടർക്കു ടൂൾ കിറ്റ് വാങ്ങാൻ 8,000 രൂപ ഒറ്റത്തവണയായി.

### വീടു നിർമ്മിക്കാനുള്ള ലോണിന്റെ പലിശക്കുള്ള സബ്സിഡി

യുദ്ധവിധവകൾ, വാർ ഡിസേബിൾഡ്, വാർ ബെറീവ്ഡ് ആൻഡ് ആട്രിബ്യൂട്ടബ്ൾ പീസ് ടൈം ക്യാഷ്വാൽറ്റീസ് (എല്ലാ റാങ്കിനും) എന്നിവർക്ക് പരമാവധി 1,00,000 രൂപ ഒറ്റത്തവണയായി.

### ആസ്ഥാനത്തെ മേൽവിലാസം

ഡയറക്ടർ,
സൈനികക്ഷേമവകുപ്പ്,
വികാസ് ഭവൻ,
തിരുവനന്തപുരം.

ഫോൺ: 0471 2304980
ഫാക്സ്: 04712304980
വീട്: 0471 2472401
മൊബൈൽ ഫോൺ: 9447030498
ഓഫീസ്: 0471 2303654, 2302655
ഇ-മെയിൽ (ഓഫീസ്): dswkerala@gmail.com
വെബ്സൈറ്റ്: http://www.sainikwelfarekerala.org

### മറ്റു വെബ്സൈറ്റുകളും ഓഫീസുകളും റെസ്റ്റ് ഹൗസുകളും

സെക്രട്ടറി, കേന്ദ്രീയ സൈനിക് ബോർഡ്: http://www.desw.gov.in
ഡയറക്ടറേറ്റ് ജനറൽ ഓഫ് റീസെറ്റിൽമെന്റ്: http://www.dgrindia.com

## 30.9 DETAILS OF ZILA SAINIK OFFICES

| | Postal Address | Telephone & email ID |
|---|---|---|
| 1 | Zila Sainik Welfare Office Vanchiyoor, Thiruvanthapuram - 695035 | 0471-2472748, zswotvpm@gmail.com |
| 2 | Zila Sainik Welfare Office, Civil Station, Kollam – 691013 | 0474-2792987, zswokollam@gmail.com |
| 3 | Zila Sainik Welfare Office, Near Aroma Hotel, Opp. Collectorate, Pathanamthitta – 689645 | 0468-2222104, zswopta@gmail.com |
| 4 | Zila Sainik Welfare Office, Arattuvazhi Road, Alappuzha -688007 | 0477-2245673, zswoalp@gmail.com |
| 5 | Zila Sainik Welfare Office, Sainik Rest House, Opp Poultry farm, Manarcaud PO, Kottayam – 686019 | 0481-2371187, zswoktym@gmail.com |
| 6 | Zila Sainik Welfare Office, 1st floor, Mini Civil Station, Thodupuzha. Iddukki 685584 | 0486-2222904, zswoidukki@gmail.com |
| 7 | Zila Sainik Welfare Office, Civil Station, Kakkanad, Ernakulam 682030 | 0484-2422239, zswoekm@gmail.com |
| 8 | Zila Sainik Welfare Office, Sainik Centre, Poothole, Thrissur 680004 | 0487-2384037, zswothrissur@gmail.com |
| 9 | Zila Sainik Welfare Office, Jainimede, Vadakanthara PO, Palakkad 678012 | 0491-2501633, zswopalakkad@gmail.com |
| 10 | Zila Sainik Welfare Office, Civil Station, Malappuram 676505 | 0483-2734932, zswompm@gtmail.com |
| 11 | Zila Sainik Welfare Office, Balan K Nair Road, Kozhikode 673001 | 0495-2771881, kkdzswo@gmail.com |
| 12 | Zila Sainik Welfare Office, Kilpetta North PO, Wayanad 673122 | 04936-202668, zswowyd@gmail.com |

| | Postal Address | Telephone & email ID |
|---|---|---|
| 13 | Zila Sainik Welfare Office, Civil Station, Kannur 670002 | 0497-2700069, zswokannur@gmail.com |
| 14 | Zila Sainik Welfare Office, Civil Station PO, Kasargod 671123 | 0499-4256860, zswoksgd@gmail.com |

## 30.10 SAINIK CENTERS (REST HOUSES) IN KERALA

| District & Available Rooms | Address | Distance |
|---|---|---|
| Thiruvananthapuram<br>11 Rooms (including 1xAC Room & excluding 9 Bed dormitory) | Sainik Rest House, Vanchiyoor<br>Thiruvananthapuram 695 035<br>(Near old Collectorate)<br>Ph 0471-2472748, 2471853<br>Email: zswotvpm@gmail.com | 2 Km from Bus Stand<br>2 Km from Railway Station<br>7 Km From Trivandrum Airport |
| Alappuzha<br>7 Rooms & Sainik Rest House,<br>Arattuvazhi Road, Alappuzha – 688 007<br>Ph. 0477-2245673<br>Email: zswoalp@gmail.com | 2 Km from Bus Stand<br>7 Km from railway Station<br>100 Km from Nedumbassery Airport (Kochi) | |
| Kottayam<br>9 Rooms (including 2xAC Room & 12 Bed dormitory) | Sainik Rest house, Thalppadi<br>Manarcaud, Puthuppalli Road<br>Manarcaud PO, Kottayam – 686 019<br>Ph. 0481 – 2371187<br>Email: zswoktym@gmail.com | 8 Km from Bus Stand<br>9.4 Km from Railway Station<br>90 Km from Nedumbassery Airport (Kochi) |

| District & Available Rooms | Address | Distance |
|---|---|---|
| Ernakulam<br>14 Rooms (including 1xAC Room<br>& excluding 10 Bed dormitory | Sainik Rest House, Collecterate PO<br>Kakkanad, Ernakulam<br>Ph. 0484-2422239<br>Email: zswoekm@gmail.com | 11 Km from Bus Stand<br>16 Km from Railway Station<br>35 Km from Nedumbassery<br>Airport (Kochi) |
| Thrissur<br>6 Rooms (including 1xAC Room<br>& Excluding 4 Bed dormitory) | Sainik rest House, Poothole Post<br>Thrissur- 680004,<br>Ph 0487 – 2384037<br>Email: zswothrissur@gmail.com | 4 Km from Bus Stand<br>9 Km from Railway Station<br>45 Km from Nedumbassery<br>Airport (Kochi) |
| Malappuram<br>11 Rooms (including 2xAC Room<br>& excluding 12 Bed dormitory) | Sainik Rest House<br>Behind Kendriya Vidyalaya<br>Civil Station, Malappuram 676 505<br>Ph. 0483 – 2734932<br>Email: zswompm@gmail.com | 6 Km from Bus Stand<br>35 Km from Railway Station<br>40 Km from Karipur<br>Airport (Calicut) |
| Kozhikode<br>16 Rooms (including 1xAC Room) &<br>Sainik Rest House, Balan K Nair Road<br>Kozhikode-001, Ph 0495-2771881<br>(Near Malabar Christian College)<br>Email: kkdzswo@gmail.com | 2.5 Km from Bus Stand<br>3 Km from Railway Station<br>25 km from Karipur<br>Airport (Calicut) | |

# — 31 —

# റവന്യൂവകുപ്പ്

## 31.1 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

പാവപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്കു ചികിത്സാധനസഹായം, അപകടമരണങ്ങൾക്ക് ഇരയാകുന്നവർക്ക് അടിയന്തിരധനസഹായം, തീപിടിത്തം, ഇടിമിന്നൽ, കടൽക്ഷോഭം എന്നിവമൂലം വാസഗൃഹങ്ങൾ, ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ചെറുകിടകച്ചവടസ്ഥാപനങ്ങൾ എന്നിവയ്ക്കു് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു ധനസഹായം, തൊഴിൽക്കുഴപ്പമുണ്ടാകുമ്പോൾ ദുരിതത്തിലാകുന്ന തൊഴിലാളികൾക്കു സൗജന്യറേഷൻ എന്നിങ്ങനെയുള്ള സഹായങ്ങൾ.

**അർഹതാമാനദണ്ഡം:**

1. കുടുംബവാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം. [ജി. ഒ. (കൈ.) 144/12/റവ തീയതി 11/04/12)
2. ഒരു വ്യക്തിക്ക് ഒരുതവണ മാത്രമേ ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുകയുള്ളൂ. എന്നാൽ മാരകരോഗങ്ങൾ (ക്യാൻസർ, വൃക്ക, ഹൃദയസംബന്ധമായ അസുഖങ്ങൾ) ഉള്ളവർക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരിക്കൽ ധനസഹായം ലഭിച്ചു രണ്ടു വർഷത്തിനുശേഷം വീണ്ടും അപേക്ഷിക്കാം.
3. അപകടമരണത്തിന്റെ കാര്യത്തിൽ ഒരു വർഷത്തിനുള്ളിൽ ആശ്രിതർ അപേക്ഷിച്ചിരിക്കണം.

**അപേക്ഷിക്കേണ്ട രീതി:** നിശ്ചിത മാതൃകയിലുള്ള അപേക്ഷ മതിയായ രേഖകൾ സഹിതം വില്ലേജോഫീസ്, താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ നൽകാം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. വരുമാനസർട്ടിഫിക്കറ്റ്

2. അസുഖബാധിതരുടെ കാര്യത്തിൽ നിശ്ചിതമാതൃകയിൽ ആറുമാസത്തിനുള്ളിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (ഡോക്ടറുടെ ഒപ്പ്, തീയതി എന്നിവ നിർബ്ബന്ധം)
3. അപകടമരണത്തിന്റെ കാര്യത്തിൽ മരണസർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ പകർപ്പ്.
4. തീപിടിത്തത്തിന്റെ കാര്യത്തിൽ എഫ്.ഐ.ആർ, അഗ്നിശമനസേനയുടെ റിപ്പോർട്ട്.
5. അപേക്ഷകരുടെ സത്യപ്രസ്താവന.

**നടപടിക്രമം:** മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിതരേഖകൾ സഹിതം വില്ലേജോഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ടപ്രൊഫോർമയിൽ റിപ്പോർട്ട്, ശുപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കണം. താലൂക്കോഫീസിലും കളക്ടറേറ്റിലും ലഭിക്കുന്ന അപേക്ഷകൾ അന്നുതന്നെ പ്രാഥമികാന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജോഫീസർക്കു കൈമാറണം.

സർക്കാരിന്റെയോ കളക്ടറുടെയോ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകി തഹസീൽദാർ അർഹരായവർക്കു ചെക്കായി ധനസഹായം വിതരണം ചെയ്യുന്നു.

**ആനുകൂല്യം:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നു ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി റവന്യൂ (DRFA) വകുപ്പിന്റെ 03.09.2016-ലെ സ.ഉ (കയ്യെഴുത്ത്) നം. 492/16/റവ നമ്പർ ഉത്തരവുപ്രകാരം താഴെപ്പറയും പ്രകാരം ഉയർത്തിയിട്ടുണ്ട്:

| | നിലവിലുള്ളത് | ഉയർത്തിയത് |
|---|---:|---:|
| കളക്ടർ | 2,000 | 10,000 |
| റവന്യൂമന്ത്രി | 5,000 | 25,000 |
| മുഖ്യമന്ത്രി | 1,00,000 | 3,00,000 |

## 31.2 ദേശീയകുടുംബക്ഷേമപദ്ധതി (National Family Benefit Scheme NFBS)

**ആനുകൂല്യം:** ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബത്തിലെ മുഖ്യസംരക്ഷക/ൻ (പ്രധാന വരുമാനമുണ്ടാക്കി കുടുംബത്തെ സംരക്ഷിച്ചുവരുന്ന വ്യക്തി) മരിച്ചാൽ ആ വ്യക്തിയുടെ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ, മരിച്ച വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന അച്ഛനമ്മമാർ എന്നിവർക്ക് 20,000 രൂപ ധനസഹായം. (നം. 27/13/എസ്.ജെ.ഡി തീയതി 28.03.2013)

**അർഹതാമാനദണ്ഡം:**

1. മരിച്ചയാൾ മരണത്തിനുമുമ്പ് മൂന്നുവർഷം കേരളത്തിൽ സ്ഥിരതാമാസമായിരിക്കണം.
2. മരിച്ചയാളുടെ പ്രായം 18-വയസ്സിനു മുകളിലും 60-വയസ്സിനു താഴെയും ആയിരിക്കണം.
3. അപേക്ഷകൻ/അപേക്ഷക ദാരിദ്ര്യരേഖയ്ക്കു താഴെയായിരിക്കണം.
4. മരണം സംഭവിച്ച് ഒരുമാസത്തിനകം അപേക്ഷിക്കണം.

**അപേക്ഷിക്കേണ്ട രീതി:**

നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷയുടെ രണ്ടുപ്രതി തഹസിൽദാർ മുഖേന കളക്ടർക്കു നൽകണം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. മരണസർട്ടിഫിക്കറ്റ്
2. അപേക്ഷിക്കുന്നയാൾക്കു മരിച്ചയാളുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ
3. അപേക്ഷിക്കുന്നയാളുടെ സത്യപ്രസ്താവന

**കുറിപ്പ്:** മതിയായ കാരണമുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അപേക്ഷിക്കുന്നതിൽ വന്ന കാലതാമസം കളക്ടർ മാപ്പാക്കാം.

**നടപടിക്രമം:** മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിതരേഖകൾസഹിതം വില്ലേജോഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ വരുമാനം സാക്ഷ്യപ്പെടുത്തി ശുപാർശസഹിതം മേലധികാരിക്ക് അയയ്ക്കണം. താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നുതന്നെ പ്രാഥമികാന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജോഫീസർക്കു കൈമാറണം.

## 31.3 വാഹനാപകടത്തിൽ പെടുന്നവർക്കുള്ള ധനസഹായം

വാഹനാപകടങ്ങളിൽപ്പെടുന്നവർക്കു സാമൂഹികസുരക്ഷാപദ്ധതി പ്രകാരം നൽകുന്ന ധനസഹായം. ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്നാണു കളക്ടർമാർ ധനസഹായം അനുവദിക്കുന്നത്.

**ആനുകൂല്യം:** പരിക്കേറ്റവർക്ക് 500 രൂപ വരെയും മരിച്ചവരുടെ ആശ്രിതർക്ക് 1,000 രൂപ വരെയും ഇടക്കാലാശ്വാസമായി തഹസീൽദാർക്ക് അനുവദിക്കാം. 5,000 രൂപവരെയുള്ള ധനസഹായം ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്നു കളക്ടർമാർക്ക് അനുവദിക്കാം. വാഹനം തിരിച്ചറിയാത്ത സാഹചര്യത്തിലും സഹായം ലഭിക്കും.

**ഹാജരാക്കേണ്ട രേഖകൾ:** പൊലീസ് മഹസ്സറും മെഡിക്കൽ സർട്ടിഫിക്കറ്റും.

## 31.4 ക്ഷയരോഗികൾക്കുള്ള ധനസഹായം

നിർദ്ധനരായ ക്ഷയരോഗികൾക്കുള്ള ധസഹായപദ്ധതി.

**ആനുകൂല്യം:** പ്രതിമാസം 1,000 രൂപ ചികിത്സാസഹായം. (10-07-2014ലെ സ. ഉ (സാധ.) നമ്പർ 2352/2014/ആ.കു.വ.)

**അർഹത:**

1. ഒരു വർഷത്തിലധികമായി കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.
2. ടി.ബി. ക്ലിനിക്കിലോ ആശുപത്രിയിലോ സാനിട്ടോറിയത്തിലോ പ്രവേശിപ്പിച്ചിട്ടില്ലാത്ത രോഗികൾക്കാണ് അർഹത.
3. വാർഷികവരുമാനപരിധി 1,00,000 രൂപ. (ഉത്തരവ് സ.ഉ.(കൈ) നം.485/2013/ആ.കു.വ തീയതി 13.12.2013).

**അപേക്ഷിക്കേണ്ട രീതി:**

നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജോഫീസ്, താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ നൽകാം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അപേക്ഷയിലെ രോഗിക്കു ക്ഷയരോഗമാണെന്നും അയാൾക്ക് ആറുമാസത്തേക്കെങ്കിലും ചികിത്സ ആവശ്യമാണെന്നുമുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
2. വരുമാനസർട്ടിഫിക്കറ്റ്
3. അപേക്ഷിക്കുന്നയാളുടെ സത്യപ്രസ്താവന

**അപേക്ഷിക്കേണ്ട വിധം:** താലൂക്കോഫീസിലോ വില്ലേജോഫീസിലോ അപേക്ഷിക്കണം.

ഒരു വർഷത്തേക്കാണു പ്രതിമാസധനസഹായം അനുവദിക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ധനസഹായം ആവശ്യമുള്ളപക്ഷം പുതിയ അപേക്ഷ നൽകണം.

**നടപടിക്രമം:** മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിതരേഖകൾസഹിതം വില്ലേജോഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശുപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കണം. താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നുതന്നെ പ്രാഥമികാന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജോഫീസർക്കു കൈമാറണം.

## 31.5 കുഷ്ഠരോഗികൾക്കുള്ള ധനസഹായം

അഗതികളായ കുഷ്ഠരോഗികൾക്കുള്ള ധനസഹായപദ്ധതി.

**ധനസഹായം:** പ്രതിമാസം 1000 രൂപയാണു (10-07-2014ലെ സ.ഉ.(സാധാ.)നമ്പർ 2352/2014/ആ.കു.വ.)

**അർഹത:**

1. രണ്ടു വർഷത്തിലധികമായി കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.

2. വാർഷികവരുമാനപരിധി 1,00,000 രൂപ. (ഉത്തരവ് സ.ഉ.(കൈ) നം.485/2013/ ആ.കു.വ തീയതി 13.12.2013).

**അപേക്ഷിക്കേണ്ട രീതി:** നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജോഫീസ്, താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ നൽകാം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അപേക്ഷയിലെ രോഗിക്കു കുഷ്ഠരോഗമാണെന്നും അയാൾക്കു തുടർചികിത്സ ആവശ്യമാണെന്നുമുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
2. വരുമാനസർട്ടിഫിക്കറ്റ്
3. അപേക്ഷിക്കുന്നയാളുടെ സത്യപ്രസ്താവന

**ധനസഹായത്തിന് അർഹതയില്ലാത്തവർ:**

1. പതിവായി യാചകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവർ.
2. സദാചാരവിരുദ്ധമായ കുറ്റങ്ങൾക്കു ശിക്ഷിക്കപ്പെട്ടവർ.
3. ഗുരുതരമായ കുറ്റങ്ങൾക്ക് ഒരു വർഷത്തിൽക്കൂടുതൽ ജയിൽശിക്ഷ വിധിക്കപ്പെട്ടവർ.
4. സമീപത്തുള്ള എസ്.ഇ.റ്റി. സെന്ററിലോ ആശുപത്രിയിലോ പേരു രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരും നിർദ്ദിഷ്ടചികിത്സയിൽ കഴിയാത്തവരും.
5. സൗജന്യചികിത്സയും താമസസൗകര്യവും ലഭ്യമാക്കുന്നതും കുഷ്ഠരോഗചികിത്സയ്ക്കു വേണ്ടി പ്രത്യേകം സജ്ജമാക്കിയിട്ടുള്ളതുമായ ഏതെങ്കിലും സർക്കാരാശുപത്രിയിലോ മറ്റ് അംഗീകൃത ആശുപത്രിയിലോ ചികിത്സക്കു പ്രവേശിക്കപ്പെട്ടിട്ടുള്ളവർ.
6. സംസ്ഥാന ഗവണ്മെന്റോ കേന്ദ്ര ഗവണ്മെന്റോ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനമോ ഗ്രാന്റ് ലഭിക്കുന്ന മറ്റേതെങ്കിലും അംഗീകൃതസ്ഥാപനമോ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതി അനുസരിച്ച് എന്തെങ്കിലും ധനസഹായമോ പെൻഷനോ ലഭിക്കുന്നവർ.

**നടപടിക്രമം:** മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിതരേഖകൾസഹിതം വില്ലേജോഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശുപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കണം. താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നുതന്നെ പ്രാഥമികാന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജോഫീസർക്കു കൈമാറണം.

## 31.6 ക്യാൻസർരോഗികൾക്കുള്ള ധനസഹായം

അഗതികളായ കാൻസർരോഗികൾക്കുള്ള ധനസഹായപദ്ധതി.

**ധനസഹായം:** പ്രതിമാസം 1000 രൂപ പെൻഷൻ. (10-07-2014-ലെ സ. ഉ (സാധ.) നമ്പർ 2352/2014/ആ.കു.വ.)

**അർഹത:**

1. തുടർച്ചയായി രണ്ടുവർഷത്തിൽ കുറയാതെ കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.
2. വാർഷികവരുമാനപരിധി 1,00,000 രൂപ. (ഉത്തരവ് സ.ഉ.(കൈ) നം.485/2013/ആ.കു.വ തീയതി 13.12.2013).
3. ഒരു ലക്ഷം രൂപയ്ക്കു താഴെ വാർഷികവരുമാനമുള്ള എല്ലാ ക്യാൻസർരോഗികൾക്കും ക്യാൻസർപെൻഷൻ നൽകാമെന്ന് സ. ഉ.(കൈ) 192/2014/ആ.കു.വ തീയതി 25/6/2014 പ്രകാരം ഉത്തരവായിട്ടുണ്ട്.

**അപേക്ഷിക്കേണ്ട രീതി:** നിശ്ചിതമാതൃകയിലുള്ള അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജോഫീസ്, താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ നൽകാം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അപേക്ഷയിലെ രോഗിക്കു ക്യാൻസറാണെന്നുള്ള ഡോക്ടറുടെ സാക്ഷ്യപത്രം.
2. വരുമാനസർട്ടിഫിക്കറ്റ്
3. അപേക്ഷിക്കുന്നയാളുടെ സത്യപ്രസ്താവന

**നടപടിക്രമം:** മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത രേഖകൾ സഹിതം വില്ലേജോഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശുപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കണം. താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നുതന്നെ പ്രാഥമികാന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജോഫീസർക്കു കൈമാറണം.

## 31.7 അവശകലാകാരർക്കുള്ള പെൻഷൻ

കേരളത്തിൽ അവശതയനുഭവിക്കുന്ന പാവപ്പെട്ട കലാകാരർക്കു പെൻഷൻ.

**ആനുകൂല്യം:** പ്രതിമാസം 750 രൂപ. (സ.ഉ (അച്ചടി) നം.339/2013/ധന തീ: 12.07.2013).

**നടപ്പാക്കുന്നത്:** സാംസ്കാരികവകുപ്പ് ഡയറക്ടറേറ്റ്.

**നടപടിക്രമം:** മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിതരേഖകൾസഹിതം വില്ലേജോഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശുപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കണം. താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നുതന്നെ പ്രാഥമികാന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജോഫീസർക്കു കൈമാറണം.

## 31.8 സർക്കസ് കലാകാരർക്കുള്ള പെൻഷൻ

കേരളത്തിൽ സർക്കസ് തൊഴിലായി സ്വീകരിച്ചവരും അവശതയനുഭവിക്കുന്നവരുമായ പാവപ്പെട്ട കലാകാരന്മാർക്ക്.

**ആനുകൂല്യം:** പ്രതിമാസം 1100 രൂപ. (സ.ഉ (അച്ചടി) നം.339/2013/ധന തീ: 12.07.2013).

**അർഹത:**

1. 15 വർഷമെങ്കിലും സർക്കസിൽ പ്രവർത്തിച്ചവരായിരിക്കണം.
2. വാർഷികവരുമാനം 36,000 രൂപയിൽ കവിയരുത്.
3. 45 വയസ്സ് പൂർത്തിയായ സർക്കസ്കലാകാരന്മാർ.
4. 35 വയസ്സ് പൂർത്തിയായ സർക്കസ്കലാകാരികൾ.
5. പത്തുവർഷത്തിൽക്കൂടുതൽ കേരളത്തിൽ സ്ഥിരതാമസമാക്കിയ ഇതരസംസ്ഥാന സർക്കസ്കലാകാരർ.

**അപേക്ഷിക്കേണ്ട രീതി:** നിശ്ചിതമാതൃകയിൽ തയ്യാറാക്കിയ അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജോഫീസ്, താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ നൽകാം.

**അപേക്ഷയോടൊപ്പം വേണ്ട രേഖകൾ:**

1. അപേക്ഷകൻ ഏതു സർക്കസ് ട്രൂപ്പുമായിട്ടാണ് ബന്ധപ്പെട്ടിട്ടുള്ളത്, എത്രകാലം പ്രവർത്തിച്ചിരുന്നു, എന്നിവ തെളിയിക്കുന്ന രേഖകൾ/സാക്ഷ്യപത്രം.
2. വരുമാനസർട്ടിഫിക്കറ്റ്
3. വയസ്സ് തെളിയിക്കുന്ന രേഖ
4. അപേക്ഷിക്കുന്നയാളുടെ സത്യപ്രസ്താവന

**നടപടിക്രമം:** സർക്കസ്കലാകാരർക്കുള്ള പെൻഷൻ അനുവദിക്കുന്ന കേസുകളിൽ തുക വിതരണം ചെയ്യുന്നതിനുള്ള ഉത്തരവും ആവശ്യമായ തുകയും കളക്ടർവഴി ബന്ധപ്പെട്ട തഹസീൽദാർക്കു നൽകുന്നു.

**നടപടിക്രമം:** മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത രേഖകൾ സഹിതം വില്ലേജോഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശുപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കണം. താലൂക്കോഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നുതന്നെ പ്രാഥമികാന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജോഫീസർക്കു കൈമാറണം.

## 31.9 സ്വാതന്ത്ര്യസമരസേനാനികളുടെ മരണാനന്തരച്ചടങ്ങുകൾക്കുള്ള സഹായം

ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികളുടെ മരണാനന്തര ച്ചടങ്ങുകൾക്കായി കളക്ടർ മുഖേന സർക്കാർ 5,000 രൂപ നൽകുന്നു.

# — 32 —

# സർക്കാരിന്റെ അപേക്ഷാഫോമുകൾക്കുള്ള വെബ്സൈറ്റ് ലിങ്കുകൾ

**എല്ലാ വകുപ്പിന്റെയും അപേക്ഷകൾ:** https://kerala.gov.in/application-forms

വകുപ്പിന്റെ പേരും അപേക്ഷയെയോ പദ്ധതിയെയോ സൂചിപ്പിക്കുന്ന പദവും ഉപയോഗിച്ച് തെരഞ്ഞ് ആവശ്യമുള്ള ഫോം ഈ വെബ്സൈറ്റിൽനിന്ന് കണ്ടുപിടിക്കാം. ഫോമുകളുടെ പട്ടിക 10 ഫോമുകൾ വീതമുള്ള പേജുപേജായി നോക്കാനും ഈ സൈറ്റിൽ സൗകര്യമുണ്ട്. വകുപ്പുകളുടെ അക്ഷരക്രമത്തിലാണ് ഫോമുകൾ ചേർത്തിട്ടുള്ളത്.

**വില്ലേജ്, താലൂക്ക് ഓഫീസുകളിൽനിന്ന് വിവിധ സേവനങ്ങൾ ലഭിക്കാനുള്ള പൊതു അപേക്ഷാഫോം:** https://edistrict.kerala.gov.in/commonForm.jsp

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ അപേക്ഷിക്കാൻ:** www.cmdrf.kerala.gov.in/

**സങ്കടഹർജിസേവനങ്ങൾ ലഭിക്കാനുള്ള പൊതു അപേക്ഷാഫോം (പൊതു ഇനം, പ്രമുഖ ഇനം, സുതാര്യകേരളം തുടങ്ങിയവയിലൂടെ):**

https://edistrict.kerala.gov.in/commonForm.jsp

**ഇ-ഭരണത്തിനുള്ള വിവിധ മൊബൈൽ ഫോൺ ആപ്പുകൾ:**

http://apps.nic.in/apps/government/edistrict-kerala

**ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിന്റെ മൊബൈൽ ഫോൺ ആപ്പ്:**

https://edistrict.gov.in/content/about-edistrict-mobile-app

## 32.1 തദ്ദേശഭരണവകുപ്പുവഴിയുള്ള ചില പെൻഷനുകളുടെ അപേക്ഷാഫോം ഉള്ള ലിങ്കുകൾ

**കർഷകത്തൊഴിലാളിപ്പെൻഷൻ (Agriculture Labour Pension):** https://welfarepension.lsgkerala.gov.in/Application%20form/alp.pdf

**വാർദ്ധക്യപെൻഷൻ:**

https://welfarepension.lsgkerala.gov.in/Application%20form/noap.pdf

**മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ:**

https://welfarepension.lsgkerala.gov.in/Application%20form/mcp.pdf

**ശാരീരികവെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ:**

https://welfarepension.lsgkerala.gov.in/Application%20form/php.pdf

**50 വയസുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ (Pension for unmarried women above 50 years):**

https://welfarepension.lsgkerala.gov.in/Application%20form/umwp.pdf

**വിധവാപെൻഷൻ:**

https://welfarepension.lsgkerala.gov.in/Application%20form/wp.pdf

### സംസ്ഥാനസർക്കാരുമായുള്ള പണമിടപാടുകൾക്ക്

**ഇ-പേയ്മെന്റുകൾക്ക്:** http://ebt.kerala.gov.in/

## 32.2 ചില വകുപ്പുകളിലേക്കും പദ്ധതികളിലേക്കും ഈ സൈറ്റിൽനിന്നുള്ള ലിങ്കുകൾ

**കൃഷിവകുപ്പ്:**

http://ebt.kerala.gov.in/index.php/home/index1/020/AGR

**കൃഷിവകുപ്പുസബ്സിഡികൾ:**

http://ebt.kerala.gov.in/index.php/home/brdsch/020/AGR

**ഹോർട്ടികൾച്ചർ മിഷൻ:**

http://ebt.kerala.gov.in/index.php/home/brdsch/020/SHS

**സാംസ്കാരികവകുപ്പ്:**

http://ebt.kerala.gov.in/index.php/home/index1/130/KKP

**കലാകാരപെൻഷൻ:**

http://ebt.kerala.gov.in/index.php/home/brdsch/130/KKP

**വിദ്യാഭ്യാസവകുപ്പ്:**

http://ebt.kerala.gov.in/index.php/home/index1/16A/ASP

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASA):**

http://ebt.kerala.gov.in/index.php/home/brdsch/16A/ASP

**റബറുല്പാദനപ്രോത്സാഹനപദ്ധതി:**

http://ebt.kerala.gov.in/index.php/home/index1/RUB/RUB

**റബർകർഷകർക്കുള്ള സബ്സിഡി:**

http://ebt.kerala.gov.in/index.php/home/brdsch/RUB/RUB

**ദേശീയസമ്പാദ്യവകുപ്പ്:**

http://ebt.kerala.gov.in/index.php/home/index1/NSD/RTA

**ഏജന്റുമാരുടെ പ്രതിഫലവും ക്ഷേമവും:**

http://ebt.kerala.gov.in/index.php/home/brdsch/NSD/RTA

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്:**

http://ebt.kerala.gov.in/index.php/home/index2/IMG/OAP/TPG

**ഭരണപരമായ മറ്റു പണമിടപാടുകൾ:**

http://ebt.kerala.gov.in/index.php/home/brdsch/IMG/OAP

**പരിശീലനപരിപാടികൾ:**

http://ebt.kerala.gov.in/index.php/home/brdsch/IMG/TPG

**പട്ടികജാതിവികസനവകുപ്പ്:**

http://ebt.kerala.gov.in/index.php/home/index2/650/UCO/PSC/UPG

**ശുചിത്വമില്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്:**

http://ebt.kerala.gov.in/index.php/home/brdsch/650/UCO

**പട്ടികജാതിക്കാർക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ:**

http://ebt.kerala.gov.in/index.php/home/brdsch/650/PSC

**പട്ടികജാതിവിദ്യാർത്ഥികളുടെ നിലവാരമുയർത്തൽ:**

http://ebt.kerala.gov.in/index.php/home/brdsch/650/UPG

**സാമൂഹികനീതിവകുപ്പ്:**

http://ebt.kerala.gov.in/index.php/home/index1/680/KSM

**സാമൂഹികസുരക്ഷാമിഷൻ:**

http://ebt.kerala.gov.in/index.php/home/brdsch/680/KSM

**സാങ്കേതികവിദ്യാഭ്യാസവകുപ്പ്:**

http://ebt.kerala.gov.in/index.php/home/index1/DTE/TRA

**സാങ്കേതികവിദ്യാഭ്യാസപരീക്ഷാക്കണ്ട്രോളർ:**

http://ebt.kerala.gov.in/index.php/home/brdsch/DTE/TRA

**തദ്ദേശഭരണവകുപ്പിന്റെ നികുതികളും ഫീസുകളും:**

http://tax.lsgkerala.gov.in/epayment/LoginPage.php

# അടിയന്തരസാഹചര്യത്തിൽ വിളിക്കാൻ പൊലീസിന്റെ ഫോൺ നമ്പരുകൾ

## 1 വനിതാ ഹെൽപ്‌ലൈൻ നമ്പരുകൾ

1. തിരുവനന്തപുരം സിറ്റി: 1091 / 9995399953
2. തിരുവനന്തപുരം റൂറൽ: 0470-2620800
3. കൊല്ലം സിറ്റി: 1091 / 9497987045
4. കൊല്ലം റൂറൽ: 9847098127
5. പത്തനംതിട്ട: 1091 / 0468-2325352
6. ഇടുക്കി — തൊടുപുഴ: 1091 / 0486-2229100
7. ഇടുക്കി — കട്ടപ്പന: 9497932403
8. ആലപ്പുഴ: 1091 / 0477-2237474
9. കോട്ടയം: 1091 / 0481-2561414
10. കൊച്ചി സിറ്റി: 1091 / 0484-2359708
11. എറണാകുളം റൂറൽ: 1091 / 0484-2623399
12. തൃശ്ശൂർ സിറ്റി: 1091 / 0487-2441897
13. തൃശ്ശൂർ റൂറൽ: 1091 / 0487-2363602
14. പാലക്കാട്: 1091 / 0491-2504850
15. മലപ്പുറം: 1091 / 0483-2734830
16. കോഴിക്കോട് സിറ്റി: 1091 / 0495-2724143
17. കോഴിക്കോട് റൂറൽ: 1091 / 0496-2517767

18. വയനാട് : 1091 / 0493-6206127
19. കണ്ണൂർ : 1091 / 0497-2764046
20. കാസർകോട്: 1091 / 04994-257591

## 2 പൊലീസ് വനിതാസെൽ നമ്പരുകൾ

1. സംസ്ഥാന വനിതാസെൽ (തിരുവനന്തപുരം): 0471-2338100
2. വനിതാപൊലീസ് സ്റ്റേഷൻ (തിരുവനന്തപുരം): 0471-2321555:
3. തിരുവനന്തപുരം സിറ്റി: 9497987014
4. തിരുവനന്തപുരം റൂറൽ: 0471-232296
5. വനിതാസെൽ, കൊല്ലം സിറ്റി: 9497987045
6. വനിതാസെൽ, പത്തനംതിട്ട: 9497987057
7. ആലപ്പുഴ: 0477-2237848
8. വനിതാസെൽ, കോട്ടയം: 0481-2564299
9. വനിതാസെൽ, ഇടുക്കി: 9497987098
10. വനിതാസെൽ, കൊച്ചി സിറ്റി: 0484-2780084
11. എറണാകുളം റൂറൽ: 0484-2624001
12. തൃശ്ശൂർ സിറ്റി: 0487-2420000
13. തൃശ്ശൂർ റൂറൽ: 0487-2363602
14. വനിതാസെൽ, പാലക്കാട്: 9497987161
15. വനിതാസെൽ, മലപ്പുറം: 0483-2734830
16. കോഴിക്കോട് സിറ്റി: 0495 - 2724420
17. കോഴിക്കോട് റൂറൽ: 0496-2517767
18. വനിതാസെൽ, വയനാട്: 9497987202
19. വനിതാസെൽ, കണ്ണൂർ: 0497-2713350
20. കാസർകോട്: 9497987223
21. പൊലീസ് കൺട്രോൾ റൂം (എല്ലാ ജില്ലയുടെയും): 100
22. കേരള ഹൈവേ പൊലീസ് ഹെൽപ്‌ലൈൻ നമ്പർ: 9846 100 100
23. കേരള റെയിൽവേ പൊലീസ് ഹെൽപ്‌ലൈൻ നമ്പർ 9846 200 100
24. കേരള പൊലീസ് മോനിട്ടറിങ് റൂം : 0471-1556699, 2556600
25. ചൈൽഡ് ഹെൽപ്‌ലൈൻ: 1098

26. ക്രൈം സ്റ്റോപ്പർ: 1090
27. പിങ്ക് പൊലീസ് പട്രോൾ: 1515
28. പൊലീസ് ചീഫ് കൺട്രോൾ റൂം: 0471-2722500 / 9497900999
29. വാട്സാപ്പ് മെസേജ് നമ്പർ : 9747001099
30. നിയമലംഘനങ്ങൾക്കും അപകടങ്ങൾക്കും പൊലീസ് എസ്.എം.എസ്. അലേർട്ട്: 9497900000

# സൂചിക

1–8 ക്ലാസ്സുകളിലെ പ്രത്യേകപരിഗണനന വേണ്ട കുട്ടികൾക്കുള്ള സാമ്പത്തികസഹായം, 170

Sainik Centers (Rest Houses) In Kerala, 292

Zila Sainik Offices, 291

അംഗപരിമിതർക്കുള്ള വിവാഹധനസഹായം, 263
അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം, 127
അംബേദ്കർ ഭവൻ, 141
അംബേദ്കർ ജയന്തി, അയ്യങ്കാളി ജയന്തി, 141
അക്കൗണ്ടൻസി കോഴ്സുകൾക്കുള്ള സ്കോളർഷിപ്പ്, 113
അക്രമത്തിനിരയായവരുടെ പുനരധിവാസം, 271
അഗ്രഹാരങ്ങളുടെയും ജീർണ്ണാവസ്ഥയിലായ പരമ്പരാഗതവീടുകളുടെയും പുനരുദ്ധാരണവും നവീകരണവും, 233
അഡ്വക്കേറ്റ് ഗ്രാന്റ്, 158
അനാഥമന്ദിരങ്ങൾക്കും മറ്റു ധർമ്മസ്ഥാപനങ്ങൾക്കുമുള്ള ധനസഹായം, 271
അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ, 224
അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹധനസഹായം, 227
അനുബന്ധമത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം, 225
അപകടംമൂലം ഉണ്ടാകുന്ന താൽക്കാലികാവശതയ്ക്ക് ആശ്വാസധനസഹായം , 214
അപ്പർ സെക്കന്ററി സ്കോളർഷിപ്പ്, 165
അമാൽഗമേറ്റഡ് ഫണ്ട്, 286
അമ്പതു് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ, 65
അമ്മയും കുഞ്ഞും പദ്ധതി, 1
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, 58
അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സേർച്ച് ആൻഡ് ഡവലപ്മെന്റ് പദ്ധതി, 146
അയ്യൻകാളി ഭവൻ, 141
അരിവാൾ രോഗത്തിനുള്ള ധനസഹായം, 149

അവശകലാകാരർക്കുള്ള പെൻഷൻ, 299
അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി, 251
അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പെൻഷൻ, 81
അസംഘടിത സ്ത്രീത്തൊഴിലാളി പ്രസവാനുകൂല്യപദ്ധതി, 83
അസംഘടിതമേഖലയിലെ ദിവസവേതനക്കാരുടെ ആശ്വാസക്ഷേമപദ്ധതി, 84
അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്, 124
ആം ആദ്മി ബീമാ യോജന, 104
ആംആദ്മി ബീമയോജന, 223
ആംഗ്ലോ ഇൻഡ്യൻ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 165
ആടുവളർത്തൽ പദ്ധതി , 235
ആത്മ–കേന്ദ്രപദ്ധതി, 35
ആരോഗ്യം, 149
ആരോഗ്യകിരണം പദ്ധതി, 2
ആരോഗ്യവകുപ്പ്, 1
    ക്ഷേമപദ്ധതികൾ
        അമ്മയും കുഞ്ഞും പദ്ധതി, 1
        ആരോഗ്യകിരണം പദ്ധതി, 2
        ജനനി ശിശു സുരക്ഷാകാര്യക്രമം, 1
        ജനനിസുരക്ഷ യോജന, 2
        ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ, 5
        രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം, 3
        സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ, 7
    ജനനി ശിശു സുരക്ഷാകാര്യക്രമം
        ഗർഭിണികൾക്കുള്ള അവകാശങ്ങൾ, 1
        നവജാതശിശുക്കൾക്കുള്ള അവകാശങ്ങൾ, 1
    ധനസഹായം
        കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാസഹായപദ്ധതി, 11
ആവാസ്–ഇൻഷുറൻസ്, 84
ആശ്വാസകിരണം പദ്ധതി, 255
ആഷ പദ്ധതി (Assisted Scheme for Handicrafts Artisans — ASHA), 245
ഇതരസേവനങ്ങൾ, 40
ഇമ്പിച്ചിബാവ ഭവനനിർമ്മാണപദ്ധതി, 111
ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 131
ഇൻഡ്യയ്ക്കു വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം, 130
ഇൻസെന്റീവ് റ്റു ഗേൾസ് ഫോർ സെക്കൻഡറി എജ്യൂക്കേഷൻ, 167
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി, 132
ഇൻസ്പെയർ അവാർഡ്, 170
ഈവനിങ് കോഴ്സ് പഠിക്കുന്നവർക്കു ധനസഹായം, 130
ഉച്ചഭക്ഷണ പരിപാടിയും പാൽ, മുട്ട വിതരണവും, 168
ഉത്തേജന പലിശയിളവ് പദ്ധതി, 252
ഉദ്യോഗാർത്ഥികൾക്കു യാത്രാബത്ത, 138

ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി, 220
ഉന്നതവിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി , 228
ഉരുൾപൊട്ടൽ ബാധിത/ സാദ്ധ്യതാ പ്രദേശങ്ങൾ സംരക്ഷിക്കാൻ പദ്ധതി, 189
ഉറുദു ഒന്നാം ഭാഷ ക്യാഷ് അവാർഡ്, 114
ഉല്പന്നപ്രദർശനവിപണനമേള (ഗദ്ദിക), 139
ഊരുകൂട്ടങ്ങൾ ചേരാൻ സഹായം, 153
എ.റ്റി.എസ്.പി. ഭവനനിർമ്മാണപദ്ധതി, 151
എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, 159
എക്സ്ഗ്രേഷ്യ ഗ്രാന്റ്, 282
എക്സ്ഗ്രേഷ്യാ ക്ലെയിമുകൾ, 249
എസ്.എഫ്.എ.സി (സ്മോൾ ഫാർമേഴ്സ് അഗ്രി. ബിസിനസ് കൺസോർഷ്യം), 43
എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ്, 226
എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ് , 216
എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസപദ്ധതി, 82
എൻ.സി.സി. കേഡറ്റുകൾക്കുള്ള ധനസഹായങ്ങൾ, 12
    സാമ്പത്തികാനുകൂല്യങ്ങൾ, 12
എൻ.സി.സി. വകുപ്പ്, 12
    ധനസഹായം
        എൻ.സി.സി. കേഡറ്റുകൾക്കുള്ള ധനസഹായങ്ങൾ, 12
എൻജിനീയറിങ്, മെഡിക്കൽ പ്രാഥമികപ്രവേശനച്ചെലവിനു ഗ്രാന്റ്, 129
എൻഡോസൾഫാൻ ദുരിതബാധിതകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള
    വിദ്യാഭ്യാസധനസഹായം, 264
എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസപദ്ധതികൾ, 264
ഏറ്റവും പിന്നാക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽപരിശീലനം, 152
ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം, 157
ഒ.ഇ.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, 156
ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, 157
ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, 156
ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽപരിശീലനം, 160
ഓണ്ട്രപ്രണർ സപ്പോർട്ട് സ്കീം, 247
ഓവർസീസ് സ്കോളർഷിപ്പ്, 158
ഔഷധസസ്യമിഷൻ, 43
കടം എഴുതിത്തള്ളുന്ന പദ്ധതി, 151
കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുള്ള ധനസഹായപദ്ധതി, 241
കപ്പാസിറ്റി ബിൽഡിംഗ്, 109
കമ്മ്യൂണിറ്റി കോളെജ്, പാലക്കാട്, 131
കയർ ഉൽപ്പാദനവും വിപണന പ്രചോദനവും, 15
കയർ ത്തൊഴിലാളി പെൻഷൻ, 17
കയർ വില്പനയ്ക്കുള്ള വിപണിവികസനസഹായം, 15
കയർ വ്യവസായത്തിൽ യന്ത്രവത്ക്കരണം, 14
കയർ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം, 16

കയർവകുപ്പ്, 14
ധനസഹായം
കയർ ഉൽപ്പാദനവും വിപണന പ്രചോദനവും, 15
കയർ വില്പനയ്ക്കുള്ള വിപണിവികസനസഹായം, 15
കയർ വ്യവസായത്തിൽ യന്ത്രവത്ക്കരണം, 14
കയർ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം, 16
സംരംഭകർക്ക് മാർജിൻ മണി വായ്പ, 14
പെൻഷൻ
കയർ ത്തൊഴിലാളി പെൻഷൻ, 17
കരകൗശലവിദഗ്ധരുടെ വാർദ്ധക്യകാലപെൻഷൻ, 245
കർഷകത്തൊഴിലാളി പെൻഷൻ, 64
കറവയന്ത്രവിതരണപദ്ധതി , 235
കലകളിൽ ശോഭിക്കുന്ന കുട്ടികൾക്കുള്ള ധനസഹായപദ്ധതി, 169
കലാവിദ്യാർത്ഥികൾക്ക സഹായം, 129
കലാസാംസ്കാരികസ്ഥാപനങ്ങൾക്കുള്ള ധനസഹായം, 275
കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം, പച്ചക്കറി കൃഷിക്കുള്ള
അടിസ്ഥാനസൗകര്യവികസനപദ്ധതി, 189
കായിക-യുവജനകാര്യാലയം, 18
ധനസഹായം
കായികോപകരണങ്ങൾ വാങ്ങാൻ, 18
കോച്ചിങ് ക്യാമ്പിൽ പങ്കെടുക്കാൻ, 18
മത്സരങ്ങൾ സംഘടിപ്പിക്കാൻ, 18
കായികവിനോദമത്സരവിജയികൾക്ക പ്രോത്സാഹനപദ്ധതി, 222
കായികോപകരണങ്ങൾ വാങ്ങാൻ, 18
കാരുണ്യ ഡെപ്പോസിറ്റ് സ്കീം, 267
കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാധനസഹായപദ്ധതി, 181
കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാസഹായപദ്ധതി, 11
കാരുണ്യം പദ്ധതി, 178
കാർഷികവൈദ്യുതി സൗജന്യം, 40
കാലിത്തീറ്റധനസഹായം, 54
കാവുകൾക്കുള്ള ധനസഹായ പദ്ധതി, 240
കാർഷിക ഇൻഷ്വറൻസ്, 41
കാർഷികവായ്പ, 40
കാർഷികവിജ്ഞാനവ്യാപനം, 35
കാർഷികോല്പന്ന സംസ്കരണം, 37
കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി, 238
കുടുംബശ്രീ, 69
ആശ്രയ, 73
ആശ്രയ പ്രകാരം നല്കാവുന്ന സേവനങ്ങൾ, 74
കുടുംബശ്രീ ആസ്ഥാനം, 79
പ്രത്യേക പ്രോജക്ടുകൾ, 74

സംഘകൃഷി, 75
കാർഷിക ഇൻസെന്റീവ്, 76
പലിശസബ്സിഡി, 75
സമ്പാദ്യ-വായ്പാപദ്ധതി, 69
കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്, 69
കമ്മ്യൂണിറ്റി ഫണ്ട്, 69
പലിശസബ്സിഡി, 69
മാച്ചിങ് ഗ്രാന്റ്, 69
മൈക്രോ സംരംഭങ്ങൾ, 70
റിവോൾവിംഗ് ഫണ്ട്, 69
വിവിധയിനം സൂക്ഷ്മസംരംഭപദ്ധതികൾ, 70
വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്, 70
സാമൂഹികശാക്തീകരണം, 73
സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ, 71
ഇന്നവേഷൻ ഫണ്ട്, 72
ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, 71
ടെക്നോളജി ഫണ്ട്, 72
മൃഗസംരക്ഷണ മേഖല, 72
രണ്ടാംഘട്ട ധനസഹായം, 71
വോൾവിംഗ് ഫണ്ട്, 72
കുടുംബസംവിധാനത്തിനു ധനസഹായം, 228
കുടുംബസംവിധാനപദ്ധതിക്കുള്ള ധനസഹായം, 217
കുഷ്ഠരോഗികൾക്കുള്ള ധനസഹായം, 297
പൊതുമേഖലാസ്ഥാപനങ്ങൾ, 41
കൃഷിവകുപ്പ്, 27, 35–37, 39–44
കൃഷിവകുപ്പ്
ആത്മ–കേന്ദ്രപദ്ധതി, 35
എസ്.എഫ്.എ.സി (സ്മോൾ ഫാർമേഴ്സ് അഗ്രി. ബിസിനസ് കൺസോർഷ്യം), 43
ഔഷധസസ്യമിഷൻ, 43
കാർഷികവൈദ്യുതി സൗജന്യം, 40
കാർഷിക ഇൻഷ്വറൻസ്, 41
കാർഷികവായ്പ, 40
കേരളസംസ്ഥാന വിത്തുവികസനഅതോറിറ്റി, 42
കർഷകപ്പെൻഷൻ, 41
കർഷകർക്കുവേണ്ടി കർഷകരുടെ വിപണി, 42
നഴ്സറികൾ, 37
നാളികേരവികസനബോർഡ്, 44
വീട്ടുവളപ്പിൽ പച്ചക്കറിക്കൃഷിപ്രോത്സാഹനം, 42
സംസ്കരണവും വിപണനവും, 39
സബ്മിഷൻ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ, 36
ധനസഹായം

ഇതരസേവനങ്ങൾ, 40
കാർഷികവിജ്ഞാനവ്യാപനം, 35
കാർഷികോല്പന്ന സംസ്കരണം, 37
പൊതുമേഖലാസ്ഥാപനങ്ങൾ, 41
കേന്ദ്രാവിഷ്കൃത പദ്ധതികൾ, 36
കേരോത്പാദകസംഘങ്ങൾ, 44
ജൈവകൃഷിയും ഉത്തമകാർഷികമുറകളും (ജി.എ.പി.), 34
തെങ്ങു പുനർനടീൽ, 45
തെങ്ങുകളുടെ ചങ്ങാതിക്കൂട്ടം, 45
തെങ്ങുകൃഷിപദ്ധതികൾ, 31
നെൽക്കൃഷിപ്പദ്ധതികൾ, 27
പച്ചക്കറി വികസന പദ്ധതി, 28
മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും, 35
മറ്റു പദ്ധതികൾ, 40
വിപണികളുടെ അടിസ്ഥാനസൗകര്യവികസനം, 39
വിള വിസ്തൃതി വ്യാപനം, 38
സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ, 37
സുഗന്ധവ്യഞ്ജനവിളകളുടെ വികസനത്തിനുള്ള പദ്ധതികൾ, 33
കെ.എസ്.എസ്.ഐ.എ. ഗ്രാന്റ് ഇൻ എയ്ഡ്, 246
കെ.എൽ.ഡി. ബോർഡ്, 237
കെപ്കോ ആശ്രയ പദ്ധതി, 238
കെപ്കോ വനിതാമിത്രം, 238
കെസ്റു 99, 106
കേന്ദ്രാവിഷ്കൃത പദ്ധതികൾ, 36
കേന്ദ്രാവിഷ്കൃതപദ്ധതികൾ, 55
കേന്ദ്രിയ സൈനിക ബോർഡിന്റെ സാമ്പത്തിക സഹായങ്ങൾ, 288
കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി, 86
കേരള അസംഘടിതത്തൊഴിലാളി സാമൂഹികസുരക്ഷാ, 100
കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി, 93
കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി, 87
കേരള ഓട്ടോമൊബൈൽ തൊഴിലാളിക്ഷേമപദ്ധതി, 101
കേരള ഓട്ടോറിക്ഷാത്തൊഴിലാളി ക്ഷേമനിധി, 101
കേരള കള്ളുചെത്തുതൊഴിലാളി ക്ഷേമനിധി, 95
കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസക്ഷേമനിധി, 90
കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമനിധി, 103
കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി, 90
കേരള കർഷകത്തൊഴിലാളി ക്ഷേമനിധി, 86
കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി, 102
കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി, 91
കേരള ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി, 102
കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി, 97

കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി, 96
കേരള തൊഴിലാളി ക്ഷേമനിധി, 93
കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, 88
കേരള ബീഡി–സിഗാർ തൊഴിലാളി ക്ഷേമനിധി, 87
കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി, 114
കേരള മദ്രസ്സാദ്ധ്യാപക പെൻഷൻ, 114
കേരള മോട്ടോർത്തൊഴിലാളി ക്ഷേമനിധി, 95
കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി, 99
കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി, 100
കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധിബോർഡ്, 183
കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ്, 254
കേരള സഹകരണ വികസന ക്ഷേമനിധിബോർഡ്, 253
കേരള സ്റ്റേറ്റ് എംപ്ലോയീസ് പെൻഷൻ ബോർഡ്, 252
കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, 252
കേരളസംസ്ഥാന പൗൾട്രിവികസന കോർപ്പറേഷൻ (കെപ്കോ), 238
കേരളസംസ്ഥാന വിത്തുവികസനഅതോറിറ്റി, 42
കേരോത്പാദകസംഘങ്ങൾ, 44
കൈത്തറിയും ടെക്സ്റ്റൈൽസും, 21
    ധനസഹായം
        ഡൈഹൗസ് നവീകരണഗ്രാന്റ്, 21
        പ്രാഥമികകൈത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണപദ്ധതി, 25
        മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും, 22
        വ്യക്തിഗതനെയ്ത്തുകാർക്കുള്ള ഗ്രാന്റ്, 23
        വർക്ക്ഷെഡ് നവീകരണഗ്രാന്റ്, 24
കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം), 151
കൈവല്യ പദ്ധതി, 109
കോച്ചിങ് ക്യാമ്പിൽ പങ്കെടുക്കാൻ, 18
ക്യാൻസർ സുരക്ഷ, 256
ക്യാൻസർരോഗികൾക്കുള്ള ധനസഹായം, 298
ക്ഷയരോഗികൾക്കുള്ള ധനസഹായം, 296
ക്ഷീരഗ്രാമം പദ്ധതി, 46
ക്ഷീരവികസന പദ്ധതികൾ, 46
    കറവപ്പശുവിനെ വാങ്ങാൻ ധനസഹായം, 46
    കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, 46
    കാലിത്തൊഴുത്തു നിർമ്മാണം, പുനരുദ്ധാരണം, 46
    കിടാരി വളർത്തൽ യൂണിറ്റുകൾക്കുള്ള ധനസഹായം, 46
    ഡെയറി ഫാം ആധുനികീകരിക്കാൻ ധനസഹായം, 47
ക്ഷീരവികസന വകുപ്പ്, 46
    ധനസഹായം
        കാലിത്തീറ്റധനസഹായം, 54
        കേന്ദ്രാവിഷ്കൃതപദ്ധതികൾ, 55

ക്ഷീരഗ്രാമം പദ്ധതി, 46
ക്ഷീരവികസന പദ്ധതികൾ, 46
ക്ഷീരസഹകരണസംഘങ്ങളുടെ നവീകരണം, 54
ഗ്രാമീണ വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ, 51
തീറ്റപ്പുൽക്കൃഷിവ്യാപനം, 49
പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ, 54
മിൽക്ക് ഷെഡ് വികസന പദ്ധതി, 46
മിൽക്ക് സോൺ രൂപീകരണപദ്ധതി, 46
ക്ഷീരസഹകരണസംഘങ്ങളുടെ നവീകരണം, 54
ക്ഷേത്രപ്രവേശനവിളംബരസ്മാരക സ്കോളർഷിപ്പ്, 128
ക്ഷേമപദ്ധതികൾ, 1–3, 5, 7, 56, 57, 78, 82–84, 86–88, 90, 91, 93, 95–97, 99–105, 111, 114, 116, 118, 135–141, 149, 151, 152, 168–173, 183, 185, 186, 197, 200, 202–205, 207, 209, 216, 220, 222, 224, 229–236, 238, 244–247, 251–254, 256, 257, 259–264, 267–270, 272, 277, 278, 281, 291, 292, 294, 295
ആരോഗ്യവകുപ്പ്
അമ്മയും കുഞ്ഞും പദ്ധതി, 1
ആരോഗ്യകിരണം പദ്ധതി, 2
ജനനി ശിശു സുരക്ഷാകാര്യക്രമം, 1
ജനനിസുരക്ഷ യോജന, 2
ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ, 5
രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം, 3
സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ, 7
തദ്ദേശസ്വയംഭരണവകുപ്പ്
ഗുണഭോക്തൃകേന്ദ്രിത ഭവനനിർമ്മാണം/പുനഃരുദ്ധാരണം, 57
ദേശീയ നഗര ഉപജീവന മിഷൻ, 78
പലിശ സബ്സിഡിയോടുകൂടിയ ഭവനവായ്പ, 57
പി. എം. എ. വൈ. (ഗ്രാമീൺ), 56
പി. എം. എ. വൈ. (നഗരം), 56
തൊഴിലും നൈപുണ്യവും വകുപ്പ്, 104, 105
അസംഘടിത സ്ത്രീത്തൊഴിലാളി പ്രസവാനുകൂല്യപദ്ധതി, 83
ആം ആദ്മി ബീമാ യോജന, 104
എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസപദ്ധതി, 82
കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി, 86
കേരള അസംഘടിതത്തൊഴിലാളി സാമൂഹികസുരക്ഷാ, 100
കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി, 93
കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി, 87
കേരള ഓട്ടോമൊബൈൽ തൊഴിലാളിക്ഷേമപദ്ധതി, 101
കേരള ഓട്ടോറിക്ഷാത്തൊഴിലാളി ക്ഷേമനിധി, 101
കേരള കള്ളുചെത്തുതൊഴിലാളി ക്ഷേമനിധി, 95
കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസക്ഷേമനിധി, 90
കേരള കടിയേറ്റത്തൊഴിലാളി ക്ഷേമനിധി, 103

കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി, 90
കേരള കർഷകത്തൊഴിലാളി ക്ഷേമനിധി, 86
കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി, 102
കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി, 91
കേരള ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി, 102
കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി, 97
കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി, 96
കേരള തൊഴിലാളി ക്ഷേമനിധി, 93
കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, 88
കേരള ബീഡി–സിഗാർ തൊഴിലാളി ക്ഷേമനിധി, 87
കേരള മോട്ടോർത്തൊഴിലാളി ക്ഷേമനിധി, 95
കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി, 99
കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി, 100
മരംകയറ്റത്തൊഴിലാളി ക്ഷേമപദ്ധതി, 82
രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, 104
വേതനസുരക്ഷാപദ്ധതി, 84
ന്യൂനപക്ഷക്ഷേമവകുപ്പ്
കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി, 114
ന്യൂനപക്ഷ യുവജനതയ്ക്കുള്ള സൗജന്യപരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും, 118
സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ, 116
സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ, 116
സൗജന്യ വ്യക്തിത്വവികസന-കരിയർ ഗൈഡൻസ് പരിശീലനം, 111
പട്ടികജാതിവികസനവകുപ്പ്
അംബേദ്കർ ഭവൻ, 141
അംബേദ്കർ ജയന്തി, അയ്യങ്കാളി ജയന്തി, 141
അയ്യൻകാളി ഭവൻ, 141
ഉല്പന്നപ്രദർശനവിപണനമേള (ഗദ്ദിക), 139
ടോയ്‌ലറ്റ് നിർമ്മാണം, 137
ഡോ.ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ്, 140
ദുർബലവിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസപദ്ധതി, 137
പടവുകൾ മാസിക, 140
പട്ടികജാതിവികസനമന്ത്രിയുടെ ദുരിതാശ്വാസനിധി, 138
ഭൂരഹിതപുനരധിവാസപദ്ധതി, 136
വിജ്ഞാൻവാടി, 139
സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം, 138
സാഹിത്യശില്പശാല, 140
സ്വയംപര്യാപ്തഗ്രാമങ്ങൾ, 135
സർഗോത്സവം, 140
ഹോമിയോ ഹെൽത്ത് സെന്റർ, 139
പട്ടികവർഗ്ഗവികസനവകുപ്പ്
ആരോഗ്യം, 149

എ.റ്റി.എസ്.പി. ഭവനനിർമ്മാണപദ്ധതി, 151
ഏറ്റവും പിന്നാക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽപരിശീലനം, 152
ഗോത്രവാത്സല്യനിധി, 152
പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, 152
പട്ടികവർഗ്ഗ സമഗ്ര ആരോഗ്യസുരക്ഷ, 149
പൊതുവിദ്യാഭ്യാസവകുപ്പ്
ഇൻസ്പെയർ അവാർഡ്, 170
ഉച്ചഭക്ഷണ പരിപാടിയും പാൽ, മുട്ട വിതരണവും, 168
ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം, 171
ദേശീയ അദ്ധ്യാപകക്ഷേമഫൗണ്ടേഷൻ , 172
ദേശീയ മൽസരങ്ങൾ, 172
സംസ്ഥാന സ്കൂൾ അക്വാട്ടിക് ചാമ്പ്യൻഷിപ്പ്, 172
സംസ്ഥാന സ്കൂൾ കലോത്സവം, 171
സംസ്ഥാന സ്കൂൾ ഗയിംസ് ചാമ്പ്യൻഷിപ്പ്, 172
സോണൽ ഗയിംസ്, 171
സ്കീം ഫോർ പ്രൊവൈഡിങ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ, 168
സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി, 169
ഹെർമിറ്റേജ്, 173
ഭാഗ്യക്കുറിവകുപ്പ്
കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധിബോർഡ്, 183
ഭാഗ്യക്കുറി ക്ഷേമനിധി: ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ്, 185
ഭാഗ്യക്കുറി ക്ഷേമനിധി: പ്രഖ്യാപിത അലവൻസ്, 186
ഭാഗ്യക്കുറി ക്ഷേമനിധി: വിദ്യാഭ്യാസ അവാർഡ്, 185
മത്സ്യബന്ധനവകുപ്പ്
അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ, 224
ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി, 220
എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ് , 216
കായികവിനോദമത്സരവിജയികൾക്കു പ്രോത്സാഹനപദ്ധതി, 222
ബാങ്കിംഗ് പരീക്ഷാപരിശീലനം, 203
ഭൂരഹിതമത്സ്യത്തൊഴിലാളികൾക്കു കെട്ടിടസമുച്ചയം നിർമ്മിച്ചു നല്കുന്ന പദ്ധതി, 197
മത്സ്യത്തൊഴിലാളി ഭവനപുനരുദ്ധാരണപദ്ധതി, 200
മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ്, 202
മത്സ്യബോർഡ് നേരിട്ടു നടപ്പാക്കുന്ന പദ്ധതികൾ, 209
മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നതവിദ്യാഭ്യാസം നല്കുന്ന പദ്ധതി, 207
മെഡിക്കൽ എൻട്രൻസ്, 205
വിദ്യാതീരം, 202
സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം, 204
മുന്നാക്കസമുദായക്ഷേമ കോർപ്പറേഷൻ (സമുന്നതി)

അഗ്രഹാരങ്ങളുടെയും ജീർണ്ണാവസ്ഥയിലായ പരമ്പരാഗതവീടുകളുടെയും പുനരുദ്ധാരണവും നവീകരണവും, 233
നൈപുണ്യസമുന്നതി, 231
വിദ്യാസമുന്നതി, 229
വിദ്യാസമുന്നതി – ബാങ്ക്, പിഎസ്‌സി, മറ്റു മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനസഹായപദ്ധതി, 231
വിദ്യാസമുന്നതി – മത്സര പരീക്ഷാ പരിശീലനസഹായപദ്ധതി, 230
വിദ്യാസമുന്നതി – മെഡിക്കൽ/ എൻജിനീയറിങ് പരിശീലനസഹായപദ്ധതി, 230
വിദ്യാസമുന്നതി – സിവിൽ സർവ്വീസസ് പരീക്ഷാപരിശീലനസഹായപദ്ധതി, 231
വിദ്യാസമുന്നതി – സ്കോളർഷിപ്പുകൾ, 229
സംരംഭകത്വ നൈപുണ്യവികസന പരിശീലന പരിപാടി, 232
സംരംഭസമുന്നതി: കാർഷിക, ചെറുകിട വ്യവസായ വായ്പാ പദ്ധതി, 232
സംരഭസമുന്നതി, 232
മൃഗസംരക്ഷണവകുപ്പ്
ആട്ടുവളർത്തൽ പദ്ധതി , 235
കറവയന്ത്രവിതരണപദ്ധതി , 235
കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി, 238
കെപ്കോ ആശ്രയ പദ്ധതി, 238
കെപ്കോ വനിതാമിത്രം, 238
കേരളസംസ്ഥാന പൗൾട്ടിവികസന കോർപ്പറേഷൻ (കെപ്കോ), 238
കർഷകർക്ക നഷ്ടപരിഹാരം, 236
ഗോവർദ്ധിനി — കന്നുകുട്ടിപരിപാലനപദ്ധതി, 234
ഗോസമൃദ്ധി — സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, 236
ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ, 236
ടർക്കിക്കോഴിവളർത്തൽ പദ്ധതി , 235
താറാവുവളർത്തൽ പദ്ധതി , 235
നഗരപ്രദേശങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ പദ്ധതി , 235
സ്കൂൾ പൗൾട്ടി ക്ലബ്, 234
റവന്യൂ വകുപ്പ്
ദേശീയകുടുംബക്ഷേമപദ്ധതി (National Family Benefit Scheme NFBS), 295
മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, 294
വിനോദസഞ്ചാരവകുപ്പ്
ഗൃഹസ്ഥലി പൈതൃകസംരക്ഷണപദ്ധതി, 244
വ്യവസായം, കരകൗശലം
ആഷ പദ്ധതി (Assisted Scheme for Handicrafts Artisans — ASHA), 245
ഓണ്ട്രപ്രണർ സപ്പോർട്ട് സ്കീം, 247
കരകൗശലവിദഗ്ധരുടെ വാർദ്ധക്യകാലപെൻഷൻ, 245
സംരംഭകത്വവികസന ക്ലബ്ബുകൾ, 246
സഹകരണവകുപ്പ്
അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി, 251
ഉത്തേജന പലിശയിളവ് പദ്ധതി, 252

കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ്, 254
കേരള സഹകരണ വികസന ക്ഷേമനിധിബോർഡ്, 253
കേരള സ്റ്റേറ്റ് എംപ്ലോയീസ് പെൻഷൻ ബോർഡ്, 252
കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, 252
നെൽക്കർഷകർക്കുള്ള പലിശരഹിതവായ്പ , 251
റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യങ്ങൾ, 253
സാമൂഹികനീതിവകുപ്പ്
എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസപദ്ധതികൾ, 264
കാരുണ്യ ഡെപ്പോസിറ്റ് സ്കീം, 267
ക്യാൻസർ സുരക്ഷ, 256
താലോലം, 257
താലോലം/ക്യാൻസർസുരക്ഷ കൗൺസെലർമാർ, 257
പേയ്മെന്റ് ഗേറ്റ് വേ (കൈത്താങ്ങാകാൻ നിങ്ങൾക്കും അവസരം), 272
മറ്റുവിഭാഗങ്ങൾക്കുള്ള പദ്ധതികൾ, 270
വയോമിത്രം പദ്ധതി, 261
വി-കെയർ (WE-CARE), 268
വി-കെയർ വളന്റിയർ കോർ, 268
വിശപ്പുരഹിതനഗരം (ഹംഗർഫ്രീ സിറ്റി) പദ്ധതി, 262
വൃദ്ധജനങ്ങൾക്കുള്ള പദ്ധതികൾ, 269
വൈകല്യനിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ, 263
ശ്രുതിതരംഗം — കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി, 259
സ്ത്രീകൾക്ക് 'എന്റെ കൂട്' പദ്ധതി, 272
സ്ത്രീശക്തി വികസന സുരക്ഷാ പദ്ധതി, 268
സ്നേഹസ്പർശം, 260
സ്നേഹപൂർവ്വം പദ്ധതി, 259
സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, 264
സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ, 257
സിവിൽ സപ്ലൈസ് വകുപ്പ്
താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖേന ലഭിക്കുന്ന സേവനങ്ങൾ, 278
റേഷൻ വ്യാപാരികൾക്കു ക്ഷേമനിധി, 278
റേഷൻകടവഴിയുള്ള സാധനങ്ങളുടെ പ്രതിമാസ വിതരണത്തോത്, 277
സൈനികക്ഷേമവകുപ്പ്
Sainik Centers (Rest Houses) In Kerala, 292
Zila Sainik Offices, 291
വിമുക്തഭടരുടെ ക്ഷേമ, പുനരധിവാസ പദ്ധതികൾ, 281
കർഷകപ്പെൻഷൻ, 41
കർഷകർക്കു നഷ്ടപരിഹാരം, 236
കർഷകർക്കുവേണ്ടി കർഷകരുടെ വിപണി, 42
ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്, 130
ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം, 171
ഗുണഭോക്തൃകേന്ദ്രിത ഭവനനിർമ്മാണം/പുനഃരുദ്ധാരണം, 57

ഗുരുതരരോഗങ്ങൾക്കുള്ള ധനസഹായം, 290
ഗൃഹസ്ഥലി പൈതൃകസംരക്ഷണപദ്ധതി, 244
ഗോത്രബന്ധി-പ്രൈമറി സ്കൂളുകളിൽ ഗോത്രവിഭാഗ അദ്ധ്യാപകരുടെ സേവനം, 148
ഗോത്രവാത്സല്യനിധി, 152
ഗോവർദ്ധിനി — കന്നുകുട്ടിപരിപാലനപദ്ധതി, 234
ഗോസമൃദ്ധി — സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, 236
ഗ്രാമീണ വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ, 51
ഗർഭിണികൾക്കുള്ള അവകാശങ്ങൾ, 1
ചെയർമാൻ ഫണ്ട്, 178
ചൈൽഡ് ലൈൻ സേവനങ്ങൾ, 272
ജനനി ശിശു സുരക്ഷാകാര്യക്രമം, 1
  ആരോഗ്യവകുപ്പ്
    ഗർഭിണികൾക്കുള്ള അവകാശങ്ങൾ, 1
    നവജാതശിശുക്കൾക്കുള്ള അവകാശങ്ങൾ, 1
ജനനി–ജന്മരക്ഷ, 150
ജനനിസുരക്ഷ യോജന, 2
ജയിൽമോചിതരുടെയും മുൻ അന്തേവാസികളുടെയും പുനരധിവാസം, 271
ജില്ലാ മൃഗസംരക്ഷണ ഓഫീസുകൾ, 237
  മൃഗസംരക്ഷണവകുപ്പ്
    കെ.എൽ.ഡി. ബോർഡ്, 237
    പൊതുമേഖലാ സ്ഥാപനങ്ങൾ, 237
ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ, 236
ജൈവകൃഷിയും ഉത്തമകാർഷികമുറകളും (ജി.എ.പി.), 34
ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, 112
ടൂൾ കിറ്റ്, 134
ടോയ്‌ലറ്റ് നിർമ്മാണം, 137
ട്യൂട്ടോറിയൽ ഗ്രാന്റ്, 146
ട്രൈബൽ ബോർഡ് അംഗങ്ങളുടെ യാത്രാച്ചെലവ്, 153
ടർക്കിക്കോഴിവളർത്തൽ പദ്ധതി , 235
ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ, 5
  സെന്ററുകളുടെ വിശദാംശങ്ങൾ, 6
  സേവനങ്ങൾ, 5
ഡൈഹൗസ് നവീകരണഗ്രാന്റ്, 21
ഡോ.ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ്, 140
തടവുകാരുടെ ആശ്രിതരുടെ പുനരധിവാസപദ്ധതി, 270
തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായം, 270
തദ്ദേശസ്വയംഭരണവകുപ്പ്, 56
  ക്ഷേമപദ്ധതികൾ
    ഗുണഭോക്തൃകേന്ദ്രിത ഭവനനിർമ്മാണം/പുനഃരുദ്ധാരണം, 57
    ദേശീയ നഗര ഉപജീവന മിഷൻ, 78
    പലിശ സബ്സിഡിയോടുകൂടിയ ഭവനവായ്പ, 57

പി. എം. എ. വൈ. (ഗ്രാമീൺ), 56
പി. എം. എ. വൈ. (നഗരം), 56
തൊഴിൽ പദ്ധതികൾ
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, 58
കുടുംബശ്രീ, 69
തൊഴിൽരഹിതവേതനം, 66
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, 58
ധനസഹായം
സാധുവിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, 67
പെൻഷൻ
അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ, 65
കർഷകത്തൊഴിലാളി പെൻഷൻ, 64
വാർദ്ധക്യകാലപെൻഷൻ (ഐ. ജി. എൻ. ഒ. പി.), 59
വികലാംഗപെൻഷൻ, 62
വിധവകൾക്കും വിവാഹമോചിതർക്കുമുള്ള പെൻഷൻ, 61
താറാവുവളർത്തൽ പദ്ധതി , 235
താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖേന ലഭിക്കുന്ന സേവനങ്ങൾ, 278
താലോലം, 257
താലോലം/ക്യാൻസർസുരക്ഷ കൗൺസെലർമാർ, 257
തീറ്റപ്പുൽക്കൃഷിവ്യാപനം, 49
തെങ്ങു പുനർനടീൽ, 45
തെങ്ങുകളുടെ ചങ്ങാതിക്കൂട്ടം, 45
തെങ്ങുകൃഷിപദ്ധതികൾ, 31
തൊഴിലും നൈപുണ്യവും വകുപ്പ്, 81
ക്ഷേമപദ്ധതികൾ, 104, 105
അസംഘടിത സ്ത്രീത്തൊഴിലാളി പ്രസവാനുകൂല്യപദ്ധതി, 83
ആം ആദ്മി ബീമാ യോജന, 104
എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസപദ്ധതി, 82
കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി, 86
കേരള അസംഘടിതത്തൊഴിലാളി സാമൂഹികസുരക്ഷാ, 100
കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി, 93
കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി, 87
കേരള ഓട്ടോമൊബൈൽ തൊഴിലാളിക്ഷേമപദ്ധതി, 101
കേരള ഓട്ടോറിക്ഷാത്തൊഴിലാളി ക്ഷേമനിധി, 101
കേരള കള്ളുചെത്തുതൊഴിലാളി ക്ഷേമനിധി, 95
കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസക്ഷേമനിധി, 90
കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമനിധി, 103
കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി, 90
കേരള കർഷകത്തൊഴിലാളി ക്ഷേമനിധി, 86
കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി, 102
കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി, 91

കേരള ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി, 102
കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി, 97
കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി, 96
കേരള തൊഴിലാളി ക്ഷേമനിധി, 93
കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, 88
കേരള ബീഡി–സിഗാർ തൊഴിലാളി ക്ഷേമനിധി, 87
കേരള മോട്ടോർത്തൊഴിലാളി ക്ഷേമനിധി, 95
കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി, 99
കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി, 100
മരംകയറ്റത്തൊഴിലാളി ക്ഷേമപദ്ധതി, 82
രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, 104
വേതനസുരക്ഷാപദ്ധതി, 84
ധനസഹായം
അസംഘടിതമേഖലയിലെ ദിവസവേതനക്കാരുടെ ആശ്വാസക്ഷേമപദ്ധതി, 84
ആവാസ്–ഇൻഷ്വറൻസ്, 84
പരമ്പരാഗതമേഖലയിലെ സാമ്പത്തികസഹായപദ്ധതി, 83
പെൻഷൻ
അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പെൻഷൻ, 81
മരംകയറ്റത്തൊഴിലാളി അവശതാപെൻഷൻ, 81
തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള ധനസഹായം, 290
തൊഴിൽരഹിതവേതനം, 66
തൊഴിൽ പദ്ധതികൾ, 58, 66, 69, 106, 107, 109, 110, 133
തദ്ദേശസ്വയംഭരണവകുപ്പ്
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, 58
കുടുംബശ്രീ, 69
തൊഴിൽരഹിതവേതനം, 66
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, 58
നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ്
കപ്പാസിറ്റി ബിൽഡിംഗ്, 109
കെസ്റു 99, 106
കൈവല്യ പദ്ധതി, 109
നവജീവൻ, 110
പലിശരഹിത സ്വയംതൊഴിൽ വായ്പാപദ്ധതി, 110
മത്സരപ്പരീക്ഷാ പരിശീലനം, 109
മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്, 106
വൊക്കേഷണൽ & കരിയർ ഗൈഡൻസ്, 109
ശരണ്യ സ്വയംതൊഴിൽ പദ്ധതി, 107
പട്ടികജാതിവികസനവകുപ്പ്
സ്വയംതൊഴിൽ പദ്ധതി, 133
തൊഴിൽരഹിതവേതനം, 109
ദുർബലവിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസപദ്ധതി, 137

ദേശീയ അദ്ധ്യാപകക്ഷേമഫൗണ്ടേഷൻ , 172
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, 58
ദേശീയ നഗര ഉപജീവന മിഷൻ, 78
 പദ്ധതിയിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, 78
 പദ്ധതിയുടെ പ്രധാനഘടകങ്ങൾ, 79
 ലിങ്കേജ് വായ്പ, 79
 സ്വയംതൊഴിൽ പദ്ധതി, 79
ദേശീയ മൽസരങ്ങൾ, 172
ദേശീയ സുസ്ഥിരകാർഷിക മിഷൻ, 190
ദേശീയകുടുംബക്ഷേമപദ്ധതി (National Family Benefit Scheme NFBS), 295
ധനസഹായം, 11, 12, 14–16, 18, 21–25, 27, 28, 31, 33–41, 44–46, 49, 51, 54, 55, 67, 83, 84, 109, 111–117, 124, 129, 134, 136–140, 143, 150–153, 156–161, 164–167, 169, 170, 173, 177–179, 181, 184, 186, 192, 195, 209, 211, 212, 214, 215, 217, 219, 220, 223, 225–228, 239–241, 246, 247, 249, 250, 255, 263–266, 269–272, 275, 282, 283, 286, 288–290, 296–298, 300
 ആരോഗ്യവകുപ്പ്
  കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാസഹായപദ്ധതി, 11
 എൻ.സി.സി. വകുപ്പ്
  എൻ.സി.സി. കേഡറ്റുകൾക്കുള്ള ധനസഹായങ്ങൾ, 12
 കയർവകുപ്പ്
  കയർ ഉൽപ്പാദനവും വിപണന പ്രചോദനവും, 15
  കയർ വില്പനയ്ക്കുള്ള വിപണിവികസനസഹായം, 15
  കയർ വ്യവസായത്തിൽ യന്ത്രവത്ക്കരണം, 14
  കയർ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം, 16
  സംരംഭകർക്ക് മാർജിൻ മണി വായ്പ, 14
 കായിക-യുവജനകാര്യാലയം
  കായികോപകരണങ്ങൾ വാങ്ങാൻ, 18
  കോച്ചിങ് ക്യാമ്പിൽ പങ്കെടുക്കാൻ, 18
  മത്സരങ്ങൾ സംഘടിപ്പിക്കാൻ, 18
 കൃഷിവകുപ്പ്
  ഇതരസേവനങ്ങൾ, 40
  കാർഷികവിജ്ഞാനവ്യാപനം, 35
  കാർഷികോല്പന്ന സംസ്കരണം, 37
  പൊതുമേഖലാസ്ഥാപനങ്ങൾ, 41
  കേന്ദ്രാവിഷ്കൃത പദ്ധതികൾ, 36
  കേരോത്പാദകസംഘങ്ങൾ, 44
  ജൈവകൃഷിയും ഉത്തമകാർഷികമുറകളും (ജി.എ.പി.), 34
  തെങ്ങു പുനർനടീൽ, 45
  തെങ്ങുകളുടെ ചങ്ങാതിക്കൂട്ടം, 45
  തെങ്ങുകൃഷിപദ്ധതികൾ, 31
  നെൽക്കൃഷിപ്പദ്ധതികൾ, 27

പച്ചക്കറി വികസന പദ്ധതി, 28
മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും, 35
മറ്റു പദ്ധതികൾ, 40
വിപണികളുടെ അടിസ്ഥാനസൗകര്യവികസനം, 39
വിള വിസ്തൃതി വ്യാപനം, 38
സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ, 37
സുഗന്ധവ്യഞ്ജനവിളകളുടെ വികസനത്തിനുള്ള പദ്ധതികൾ, 33
കൈത്തറിയും ടെക്സ്റ്റൈൽസും
ഡൈഹൗസ് നവീകരണഗ്രാന്റ്, 21
പ്രാഥമികകൈത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണപദ്ധതി, 25
മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും, 22
വ്യക്തിഗതനെയ്ത്തുകാർക്കുള്ള ഗ്രാന്റ്, 23
വർക്ക്ഷെഡ് നവീകരണഗ്രാന്റ്, 24
ക്ഷീരവികസന വകുപ്പ്
കാലിത്തീറ്റധനസഹായം, 54
കേന്ദ്രാവിഷ്കൃതപദ്ധതികൾ, 55
ക്ഷീരഗ്രാമം പദ്ധതി, 46
ക്ഷീരവികസന പദ്ധതികൾ, 46
ക്ഷീരസഹകരണസംഘങ്ങളുടെ നവീകരണം, 54
ഗ്രാമീണ വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ, 51
തീറ്റപ്പുൽക്കൃഷിവ്യാപനം, 49
പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ, 54
മിൽക്ക് ഷെഡ് വികസന പദ്ധതി, 46
മിൽക്ക് സോൺ രൂപീകരണപദ്ധതി, 46
തദ്ദേശസ്വയംഭരണവകുപ്പ്
സാധുവിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, 67
തൊഴിലും നൈപുണ്യവും വകുപ്പ്
അസംഘടിതമേഖലയിലെ ദിവസവേതനക്കാരുടെ ആശ്വാസക്ഷേമപദ്ധതി, 84
ആവാസ്–ഇൻഷുറൻസ്, 84
പരമ്പരാഗതമേഖലയിലെ സാമ്പത്തികസഹായപദ്ധതി, 83
നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ്
തൊഴിൽരഹിതവേതനം, 109
ന്യൂനപക്ഷക്ഷേമവകുപ്പ്
അക്കൗണ്ടൻസി കോഴ്സുകൾക്കുള്ള സ്കോളർഷിപ്പ്, 113
ഇമ്പിച്ചിബാവ ഭവനനിർമ്മാണപദ്ധതി, 111
ഉറുദു ഒന്നാം ഭാഷ ക്യാഷ് അവാർഡ്, 114
ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, 112
ന്യൂനപക്ഷക്ഷേമത്തിനുള്ള അനുബന്ധ സ്കോളർഷിപ്പുകൾ, 117
മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ക്യാഷ് അവാർഡ്, 116
വിവാഹധനസഹായം, 115
സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, 112

സിവിൽ സർവ്വീസ് പരീക്ഷ കോച്ചിംഗ് കോഴ്സ് ഫീസ്/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ്, 114
സ്വകാര്യ ഐ.റ്റി.ഐ. ഫീ റീഇംബേഴ്സ്മെന്റ് സ്കീം, 113
പട്ടികജാതിവികസനവകുപ്പ്
അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്, 124
ഉദ്യോഗാർത്ഥികൾക്കു യാത്രാബത്ത, 138
പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളൽ, 134
ഭവനനിർമ്മാണധനസഹായം, 137
ഭവനപുനരുദ്ധാരണത്തിനും മുറി നിർമ്മിക്കാനും ധനസഹായം, 138
മിശ്രവിവാഹിതർക്കു ധനസഹായം, 136
ലാപ്ടോപ് വാങ്ങാൻ ധനസഹായം, 129
വക്കീലുമാർക്കു ധനസഹായം, 134
വിദേശത്തു തൊഴിൽ നേടാൻ സാമ്പത്തികസഹായം, 139
വിവാഹധനസഹായം, 136
സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കാൻ ധനസഹായം, 140
സ്റ്റെതസ്കോപ് വിതരണം, 129
പട്ടികവർഗ്ഗവികസനവകുപ്പ്
ഊരുകൂട്ടങ്ങൾ ചേരാൻ സഹായം, 153
കടം എഴുതിത്തള്ളുന്ന പദ്ധതി, 151
കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം), 151
ട്രൈബൽ ബോർഡ് അംഗങ്ങളുടെ യാത്രാച്ചെലവ്, 153
പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം, 152
പട്ടികവർഗ്ഗക്ഷേമസ്ഥാപനങ്ങൾക്കുള്ള ധനസഹായം, 153
പട്ടികവർഗ്ഗയുവതീയുവാക്കൾക്കു സ്വയംതൊഴിലിനും നൈപുണ്യവികസനത്തിനും ധനസഹായം, 152
ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കു ഭൂമി വാങ്ങുന്ന പദ്ധതി, 150
വംശീയവൈദ്യർക്കു ധനസഹായം, 153
വിദ്യാഭ്യാസപദ്ധതികൾ, 143
വീടില്ലാത്തവർക്കു വീട്, 150
വീടുകളുടെ അറ്റകുറ്റപ്പണികൾ, 151
സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതികൾ, 150
ഹഡ്കോ ഭവനനിർമ്മാണപദ്ധതി, 151
പിന്നാക്കവിഭാഗവികസനവകുപ്പ്
അഡ്വക്കേറ്റ് ഗ്രാന്റ്, 158
എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, 159
ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം, 157
ഒ.ഇ.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, 156
ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, 157
ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, 156
ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽപരിശീലനം, 160
ഓവർസീസ് സ്കോളർഷിപ്പ്, 158

പരമ്പരാഗത ബാർബർത്തൊഴിലാളികൾക്കുള്ള ധനസഹായം, 161
പരമ്പരാഗത മൺപാത്രനിർമ്മാണത്തൊഴിലാളികൾക്കുള്ള ധനസഹായം, 160
പരമ്പരാഗതകരകൗശലപ്പണിക്കാർക്ക നൈപുണ്യവികസനപരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം, 161
വിശ്വകർമ്മജർക്കുള്ള പെൻഷൻ, 160
പൊതുവിദ്യാഭ്യാസവകുപ്പ്
1–8 ക്ലാസ്സുകളിലെ പ്രത്യേകപരിഗണന വേണ്ട കുട്ടികൾക്കുള്ള സാമ്പത്തികസഹായം, 170
അപ്പർ സെക്കന്ററി സ്കോളർഷിപ്പ്, 165
ഇൻസെന്റീവ് റ്റു ഗേൾസ് ഫോർ സെക്കൻഡറി എജ്യൂക്കേഷൻ, 167
കലകളിൽ ശോഭിക്കുന്ന കുട്ടികൾക്കുള്ള ധനസഹായപദ്ധതി, 169
നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് , 167
നാഷണൽ സ്കോളർഷിപ്പ്, 166
ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ്, 166
പൊതുസഹായപദ്ധതി, 173
പ്രത്യേക ധനസഹായപദ്ധതി, 173
മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള സാമ്പത്തികസഹായം, 164
മുസ്ലീം/ നാടാർ/ ആംഗ്ലോ ഇൻഡ്യൻ/ മറ്റു പിന്നാക്ക, മുന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 165
ലോവർ സെക്കൻഡറി സ്കോളർഷിപ്പ്, 165
സംസ്കൃത സ്കോളർഷിപ്പ്, 169
സൈനികസ്കൂൾ സ്കോളർഷിപ്പ്, 166
സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി, 164
സ്കോളർഷിപ്പ് , 173
പ്രവാസീകാര്യവകുപ്പ്
കാരുണ്യം പദ്ധതി, 178
ചെയർമാൻ ഫണ്ട്, 178
നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM), 179
സാന്ത്വന പദ്ധതി, 177
ഭാഗ്യക്കുറിവകുപ്പ്
കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാധനസഹായപദ്ധതി, 181
ഭാഗ്യക്കുറി ക്ഷേമനിധി: ചികിത്സാധനസഹായം, 184
ഭാഗ്യക്കുറി ക്ഷേമനിധി: പ്രസവാനുകൂല്യം, 184
ഭാഗ്യക്കുറി ക്ഷേമനിധി: മരണാനന്തരധനസഹായം, 186
ഭാഗ്യക്കുറി ക്ഷേമനിധി: വിവാഹധനസഹായം, 184
മത്സ്യബന്ധനവകുപ്പ്
അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹധനസഹായം, 227
അനുബന്ധമത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം, 225
അപകടംമൂലം ഉണ്ടാകുന്ന താൽക്കാലികാവശതയ്ക്ക് ആശ്വാസധനസഹായം , 214
ആംആദ്മി ബീമയോജന, 223

ഉന്നതവിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി , 228
എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ്, 226
കുടുംബസംവിധാനത്തിനു ധനസഹായം, 228
കുടുംബസംവിധാനപദ്ധതിക്കുള്ള ധനസഹായം, 217
പെൺമക്കളുടെ വിവാഹത്തിനു ധനസഹായം, 211
പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായം, 225
പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായപദ്ധതി, 220
മത്സ്യതൊഴിലാളിക്കു ഭൂമി വാങ്ങി വീടു വയ്ക്കാനുള്ള പദ്ധതി, 195
മത്സ്യത്തൊഴിലാളി പദ്ധതി, 209
മത്സ്യത്തൊഴിലാളി ഭവനനിർമ്മാണപദ്ധതി, 192
മത്സ്യത്തൊഴിലാളിയുടെ ആശ്രിതരുടെ മരണാനന്തരച്ചെലവുകൾക്കു ധനസഹായം, 212
മത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം, 215
മത്സ്യബോർഡ് ചെയർമാൻസ് റിലീഫ് ഫണ്ട്, 219
മത്സ്യസുരക്ഷാപദ്ധതി, 228
മാരകരോഗചികിത്സാപദ്ധതി, 217
മാരകരോഗചികിൽസാധനസഹായം, 226
റവന്യൂ വകുപ്പ്
കുഷ്ഠരോഗികൾക്കുള്ള ധനസഹായം, 297
ക്യാൻസർരോഗികൾക്കുള്ള ധനസഹായം, 298
ക്ഷയരോഗികൾക്കുള്ള ധനസഹായം, 296
വാഹനാപകടത്തിൽ പെട്ടവർക്കുള്ള ധനസഹായം, 296
സ്വാതന്ത്ര്യസമരസേനാനികളുടെ മരണാനന്തരച്ചടങ്ങുകൾക്കുള്ള സഹായം, 300
വനം വകുപ്പ്
കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുള്ള ധനസഹായപദ്ധതി, 241
കാവുകൾക്കുള്ള ധനസഹായ പദ്ധതി, 240
വന്യജീവിയാക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം., 239
സാമൂഹികവനവൽക്കരണവിഭാഗം, 240
സ്വകാര്യവനവത്ക്കരണം, 241
വ്യവസായം, കരകൗശലം
കെ.എസ്.എസ്.ഐ.എ. ഗ്രാന്റ് ഇൻ എയ്ഡ്, 246
സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായങ്ങൾ , 247
വ്യാപാരീക്ഷേമബോർഡ്
എക്സ്ഗ്രേഷ്യാ ക്ലെയിമുകൾ, 249
പെൻഷൻ, 250
മരണാനന്തര ആനുകൂല്യം, 249
സാംസ്കാരികവകുപ്പ്
കലാസാംസ്കാരികസ്ഥാപനങ്ങൾക്കുള്ള ധനസഹായം, 275
നിർധനരായ കലാകാരർക്കുള്ള അടിയന്തരചികിത്സാധനസഹായം, 275
മൺമറഞ്ഞ പ്രഗത്ഭമതികളായ കലാസാഹിത്യകാരരുടെ സ്മാരകങ്ങൾക്കുള്ള വാർഷികധനസഹായം, 275

സാമൂഹികനീതിവകുപ്പ്, 272
അംഗപരിമിതർക്കുള്ള വിവാഹധനസഹായം, 263
അക്രമത്തിനിരയായവരുടെ പുനരധിവാസം, 271
അനാഥമന്ദിരങ്ങൾക്കും മറ്റു ധർമ്മസ്ഥാപനങ്ങൾക്കുമുള്ള ധനസഹായം, 271
ആശ്വാസകിരണം പദ്ധതി, 255
എൻഡോസൾഫാൻ ദുരിതബാധിതകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസധനസഹായം, 264
ചൈൽഡ് ലൈൻ സേവനങ്ങൾ, 272
ജയിൽമോചിതരുടെയും മുൻ അന്തേവാസികളുടെയും പുനരധിവാസം, 271
തടവുകാരുടെ ആശ്രിതരുടെ പുനരധിവാസപദ്ധതി, 270
തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായം, 270
പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസം, 271
മിശ്രവിവാഹധനസഹായപദ്ധതി, 270
സമാശ്വാസം പദ്ധതി I, 265
സമാശ്വാസം പദ്ധതി II, 265
സമാശ്വാസം പദ്ധതി III, 266
സമാശ്വാസം പദ്ധതി IV, 266
സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായം, 269
സ്പെഷ്യൽ ആശ്വാസകിരണം, 264
സൈനികക്ഷേമവകുപ്പ്
അമാൽഗമേറ്റഡ് ഫണ്ട്, 286
എക്സ്ഗ്രേഷ്യ ഗ്രാന്റ്, 282
കേന്ദ്രിയ സൈനിക ബോർഡിന്റെ സാമ്പത്തിക സഹായങ്ങൾ, 288
ഗുരുതരരോഗങ്ങൾക്കുള്ള ധനസഹായം, 290
തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള ധനസഹായം, 290
ധീരതാപുരസ്കാരങ്ങൾ ലഭിച്ചവർക്കു ക്യാഷ് അവാർഡ്, 282
നോൺഗ്യാലന്ററി അവാർഡ് ജേതാക്കൾക്കു ക്യാഷ് അവാർഡ്, 283
പെൺമക്കളുടെയും വിധവകളുടെയും വിവാഹധനസഹായം, 289
പ്രകൃതി ക്ഷോഭത്തിൽ വീടു നശിച്ചാൽ ധനസഹായം, 289
പ്രധാനമന്ത്രിയുടെ സ്കോളർഷിപ്, 288
പ്രാദേശികസേനാ മെഡൽ ജേതാക്കൾക്കു ക്യാഷ് അവാർഡ്, 283
ഭവനനിർമ്മാണസഹായം, 282
മെറിറ്റ് സ്കോളർഷിപ്പ്, 283
രക്ഷാമന്ത്രിയുടെ ഡിസ്ക്രീഷനറി ഫണ്ടിൽനിന്നുള്ള സഹായങ്ങൾ, 288
രണ്ടാംലോകമഹായുദ്ധസേനാനികൾക്കു സാമ്പത്തികസഹായം, 282
ലംപ്സം ഗ്രാന്റ്/സ്കോളർഷിപ്പ്, 283
വികലംഗർക്കുള്ള ചലനോപകരണത്തിനു ധനസഹായം, 290
വിധവകൾക്കു തൊഴിൽപരിശീലനത്തിനു ധനസഹായം, 289
വീടു നിർമ്മിക്കാനുള്ള ലോണിന്റെ പലിശക്കുള്ള സബ്സിഡി, 290
സംസ്ഥാനസർക്കാർ നൽകുന്ന സാമ്പത്തികസഹായങ്ങൾ, 282
സൈനികരുടെ ധീരതയും വിശിഷ്ടസേവനവും കണക്കിലെടുത്തുള്ള പദ്ധതികൾ, 282

സ്കോളർഷിപ്പ്, 286
സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ട്, 283
ധീരതാപുരസ്കാരങ്ങൾ ലഭിച്ചവർക്ക ക്യാഷ് അവാർഡ്, 282
നഗരപ്രദേശങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ പദ്ധതി , 235
നബാർഡ് സഹായത്തോടെ മണ്ണ്-ജലസംരക്ഷണപദ്ധതി (ആർ.ഐ.ഡി.എഫ്.), 188
നഴ്സറി സ്കൂളുകൾ, 123, 145
നഴ്സറികൾ, 37
നവജാതശിശുക്കൾക്കുള്ള അവകാശങ്ങൾ, 1
നവജീവൻ, 110
നാടാർ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 165
നാളികേരവികസനബോർഡ്, 44
നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ്, 106
തൊഴിൽ പദ്ധതികൾ
കപ്പാസിറ്റി ബിൽഡിംഗ്, 109
കെസ്റു 99, 106
കൈവല്യ പദ്ധതി, 109
നവജീവൻ, 110
പലിശരഹിത സ്വയംതൊഴിൽ വായ്പാപദ്ധതി, 110
മത്സരപ്പരീക്ഷാ പരിശീലനം, 109
മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്, 106
വൊക്കേഷണൽ & കരിയർ ഗൈഡൻസ്, 109
ശരണ്യ സ്വയംതൊഴിൽ പദ്ധതി, 107
ധനസഹായം
തൊഴിൽരഹിതവേതനം, 109
നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് , 167
നാഷണൽ സ്കോളർഷിപ്പ്, 166
നിർധനരായ കലാകാരർക്കുള്ള അടിയന്തരചികിത്സാധനസഹായം, 275
നീർത്തടാധിഷ്ഠിതവികസനത്തിൽ പരിശീലനം, 190
നെൽക്കൃഷിപ്പദ്ധതികൾ, 27
നെൽക്കർഷകർക്കുള്ള പലിശരഹിതവായ്പ , 251
നൈപുണ്യസമുന്നതി, 231
നോൺഗ്യാലന്റ്റി അവാർഡ് ജേതാക്കൾക്ക ക്യാഷ് അവാർഡ്, 283
നോർക്ക – NORKA, 177
നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM), 179
ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ്, 166
ന്യൂനപക്ഷ യുവജനതയ്ക്കുള്ള സൗജന്യപരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും, 118
ഉപകേന്ദ്രങ്ങൾ, 121
മുഖ്യകേന്ദ്രങ്ങൾ, 118
ന്യൂനപക്ഷക്ഷേമത്തിനുള്ള അനുബന്ധ സ്കോളർഷിപ്പുകൾ, 117
പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, 117
പ്രി-മെട്രിക് സ്കോളർഷിപ്പ്, 117

മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്, 118
ന്യൂനപക്ഷക്ഷേമവകുപ്പ്, 111
ക്ഷേമപദ്ധതികൾ
കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി, 114
ന്യൂനപക്ഷ യുവജനതയ്ക്കുള്ള സൗജന്യപരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും, 118
സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ, 116
സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ, 116
സൗജന്യ വ്യക്തിത്വവികസന-കരിയർ ഗൈഡൻസ് പരിശീലനം, 111
ധനസഹായം
അക്കൗണ്ടൻസി കോഴ്സുകൾക്കുള്ള സ്കോളർഷിപ്പ്, 113
ഇമ്പിച്ചിബാവ ഭവനനിർമ്മാണപദ്ധതി, 111
ഉറുദു ഒന്നാം ഭാഷ ക്യാഷ് അവാർഡ്, 114
ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, 112
ന്യൂനപക്ഷക്ഷേമത്തിനുള്ള അനുബന്ധ സ്കോളർഷിപ്പുകൾ, 117
മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ക്യാഷ് അവാർഡ്, 116
വിവാഹധനസഹായം, 115
സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, 112
സിവിൽ സർവ്വീസ് പരീക്ഷ കോച്ചിംഗ് കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ്, 114
സ്വകാര്യ ഐ.റ്റി.ഐ. ഫീ റീഇംബേഴ്സ്മെന്റ് സ്കീം, 113
പെൻഷൻ, 115
കേരള മദ്രസ്സാദ്ധ്യാപക പെൻഷൻ, 114
പച്ചക്കറി വികസന പദ്ധതി, 28
പടവുകൾ മാസിക, 140
പട്ടികജാതി വികസനവകുപ്പ്
വിദ്യാഭ്യാസപദ്ധതികൾ, 123
പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളൽ, 134
പട്ടികജാതിവികസനമന്ത്രിയുടെ ദുരിതാശ്വാസനിധി, 138
പട്ടികജാതിവികസനവകുപ്പ്, 123
ക്ഷേമപദ്ധതികൾ
അംബേദ്കർ ഭവൻ, 141
അംബേദ്കർ ജയന്തി, അയ്യങ്കാളി ജയന്തി, 141
അയ്യൻകാളി ഭവൻ, 141
ഉല്പന്നപ്രദർശനവിപണനമേള (ഗദ്ദിക), 139
ടോയ്‌ലറ്റ് നിർമ്മാണം, 137
ഡോ.ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ്, 140
ദുർബലവിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസപദ്ധതി, 137
പടവുകൾ മാസിക, 140
പട്ടികജാതിവികസനമന്ത്രിയുടെ ദുരിതാശ്വാസനിധി, 138
ഭൂരഹിതപുനരധിവാസപദ്ധതി, 136
വിജ്ഞാൻവാടി, 139

സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം, 138
സാഹിത്യശില്പശാല, 140
സ്വയംപര്യാപ്തഗ്രാമങ്ങൾ, 135
സർഗോത്സവം, 140
ഹോമിയോ ഹെൽത്ത് സെന്റർ, 139
തൊഴിൽ പദ്ധതികൾ
സ്വയംതൊഴിൽ പദ്ധതി, 133
ധനസഹായം
അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്, 124
ഉദ്യോഗാർത്ഥികൾക്കു യാത്രാബത്ത, 138
പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളൽ, 134
ഭവനനിർമ്മാണധനസഹായം, 137
ഭവനപുനരുദ്ധാരണത്തിനും മുറി നിർമ്മിക്കാനും ധനസഹായം, 138
മിശ്രവിവാഹിതർക്കു ധനസഹായം, 136
ലാപ്ടോപ് വാങ്ങാൻ ധനസഹായം, 129
വക്കീലുമാർക്കു ധനസഹായം, 134
വിദേശത്തു തൊഴിൽ നേടാൻ സാമ്പത്തികസഹായം, 139
വിവാഹധനസഹായം, 136
സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കാൻ ധനസഹായം, 140
സ്റ്റെതസ്കോപ് വിതരണം, 129
വിദ്യാഭ്യാസപദ്ധതികൾ
അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം, 127
അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്, 124
ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 131
ഇൻഡ്യയ്ക്കു വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം, 130
ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി, 132
ഈവനിങ് കോഴ്സ് പഠിക്കുന്നവർക്കു ധനസഹായം, 130
എൻജിനീയറിങ്, മെഡിക്കൽ പ്രാഥമികപ്രവേശനച്ചെലവിനു ഗ്രാന്റ്, 129
കമ്മ്യൂണിറ്റി കോളെജ്, പാലക്കാട്, 131
കലാവിദ്യാർത്ഥികൾക്കു സഹായം, 129
ക്ഷേത്രപ്രവേശനവിളംബരസ്മാരക സ്കോളർഷിപ്പ്, 128
ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്, 130
ടൂൾ കിറ്റ്, 134
നഴ്സറി സ്കൂളുകൾ, 123
പഠനയാത്ര പര്യടനപരിപാടി, 133
പാരലൽ കോളെജ് പഠനത്തിനുള്ള ധനസഹായം, 130
പാരാമെഡിക്കൽ സ്ഥാപനങ്ങൾ, 132
പാലക്കാട് മെഡിക്കൽ കോളെജ്, 133
പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം, 126
പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 127
പ്രത്യേക പ്രോത്സാഹനസമ്മാനം, 127

പ്രീ മെട്രിക് ഹോസ്റ്റലുകൾ, 125
പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ, 132
പ്രീമെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസ് വരെ), 123
പ്രൈമറി എഡ്യൂക്കേഷൻ എയിഡ്, 129
ബുക്ക് ബാങ്ക് പദ്ധതി, 133
ബോർഡിങ് സ്കൂളിൽ പഠിക്കാനുള്ള സൗകര്യം, 125
മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപ്പരീക്ഷയ്ക്കു പ്രത്യേകപരിശീലനം, 128
മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്ക്, പാലക്കാട്, 132
മോഡൽ റസിഡൻഷ്യൽ സ്കൂൾ, 125
റാങ്കുജേതാക്കൾക്കു സ്വർണ്ണമെഡൽ, 128
വിദൂരവിദ്യാഭ്യാസത്തിനുള്ള സഹായം, 130
ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, 126
ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് , 125
സംസ്ഥാനത്തിനുപുറത്തു പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം, 130
സബ്സിഡൈസ്ഡ് ഹോസ്റ്റൽ, 126
സാങ്കേതികവിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്, 134
സെന്റർ ഓഫ് എക്സലൻസ്, കോഴിക്കോട്, 132
സ്വാശ്രയ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം, 128
പട്ടികവർഗ്ഗ ആശ്വാസനിധി, 150
പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം, 152
പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, 152
പട്ടികവർഗ്ഗ സമഗ്ര ആരോഗ്യസുരക്ഷ, 149, 150
പട്ടികവർഗ്ഗവികസനവകുപ്പ്
അരിവാൾ രോഗത്തിനുള്ള ധനസഹായം, 149
ജനനി–ജന്മരക്ഷ, 150
പട്ടികവർഗ്ഗ ആശ്വാസനിധി, 150
പട്ടികവർഗ്ഗക്ഷേമസ്ഥാപനങ്ങൾക്കുള്ള ധനസഹായം, 153
പട്ടികവർഗ്ഗയുവതീയുവാക്കൾക്കു സ്വയംതൊഴിലിനും നൈപുണ്യവികസനത്തിനും ധനസഹായം, 152
പട്ടികവർഗ്ഗവികസനവകുപ്പ്, 143
ക്ഷേമപദ്ധതികൾ
ആരോഗ്യം, 149
എ.റ്റി.എസ്.പി. ഭവനനിർമ്മാണപദ്ധതി, 151
ഏറ്റവും പിന്നാക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽപരിശീലനം, 152
ഗോത്രവാത്സല്യനിധി, 152
പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, 152
പട്ടികവർഗ്ഗ സമഗ്ര ആരോഗ്യസുരക്ഷ, 149
ധനസഹായം
ഊരുകൂട്ടങ്ങൾ ചേരാൻ സഹായം, 153
കടം എഴുതിത്തള്ളുന്ന പദ്ധതി, 151

കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം), 151
ട്രൈബൽ ബോർഡ് അംഗങ്ങളുടെ യാത്രാച്ചെലവ്, 153
പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം, 152
പട്ടികവർഗ്ഗക്ഷേമസ്ഥാപനങ്ങൾക്കുള്ള ധനസഹായം, 153
പട്ടികവർഗ്ഗയുവതീയുവാക്കൾക്ക സ്വയംതൊഴിലിനും നൈപുണ്യവികസനത്തിനും ധനസഹായം, 152
ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക ഭൂമി വാങ്ങുന്ന പദ്ധതി, 150
വംശീയവൈദ്യർക്ക ധനസഹായം, 153
വിദ്യാഭ്യാസപദ്ധതികൾ, 143
വീടില്ലാത്തവർക്ക വീട്, 150
വീടുകളുടെ അറ്റകുറ്റപ്പണികൾ, 151
സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതികൾ, 150
ഹഡ്കോ ഭവനനിർമ്മാണപദ്ധതി, 151
പട്ടികവർഗ്ഗ സമഗ്ര ആരോഗ്യസുരക്ഷ
അരിവാൾ രോഗത്തിനുള്ള ധനസഹായം, 149
ജനനി–ജന്മരക്ഷ, 150
പട്ടികവർഗ്ഗ ആശ്വാസനിധി, 150
വിദ്യാഭ്യാസപദ്ധതികൾ
അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സേർച്ച് ആൻഡ് ഡവലപ്മെന്റ് പദ്ധതി, 146
ഗോത്രബന്ധി-പ്രൈമറി സ്കൂളുകളിൽ ഗോത്രവിഭാഗ അദ്ധ്യാപകരുടെ സേവനം, 148
ട്യൂട്ടോറിയൽ ഗ്രാന്റ്, 146
നഴ്സറി സ്കൂളുകൾ, 145
പോസ്റ്റ്മെട്രിക് പഠനം, 144
പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, 145
പ്രീമെട്രിക് ഹോസ്റ്റലുകൾ, 145
ബോർഡിങ് ഗ്രാന്റ്, 147
ഭാരതദർശൻ, സ്കൂൾ, കോളെജ് വിദ്യാർത്ഥികൾക്ക പഠനയാത്ര, 147
മാതാപിതാക്കൾക്ക പ്രോത്സാഹനഗ്രാന്റ്, 148
മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 145
ലാപ്ടോപ് വിതരണം, 148
വസ്ത്രവിതരണം, 147
വിദ്യാഭ്യാസപദ്ധതികൾ, 143
സമർത്ഥരായ വിദ്യാർത്ഥികൾക്ക പ്രത്യേകപ്രോത്സാഹനം , 147
സാമൂഹികപഠനമുറി, 148
പഠനയാത്ര പര്യടനപരിപാടി, 133
പരമ്പരാഗത ബാർബർത്തൊഴിലാളികൾക്കുള്ള ധനസഹായം, 161
പരമ്പരാഗത മൺപാത്രനിർമ്മാണത്തൊഴിലാളികൾക്കുള്ള ധനസഹായം, 160
പരമ്പരാഗതകരകൗശലപ്പണിക്കാർക്ക നൈപുണ്യവികസനപരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം, 161
പരമ്പരാഗതമേഖലയിലെ സാമ്പത്തികസഹായപദ്ധതി, 83
പലിശ സബ്സിഡിയോടുകൂടിയ ഭവനവായ്പ, 57

പലിശരഹിത സ്വയംതൊഴിൽ വായ്പാപദ്ധതി, 110
പാരലൽ കോളെജ് പഠനത്തിനുള്ള ധനസഹായം, 130
പാരാമെഡിക്കൽ സ്ഥാപനങ്ങൾ, 132
പാലക്കാട് മെഡിക്കൽ കോളെജ്, 133
പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ, 54
പി. എം. എ. വൈ. (ഗ്രാമീൺ), 56
പി. എം. എ. വൈ. (നഗരം), 56
പിന്നാക്കവിഭാഗവികസനവകുപ്പ് , 156
    ധനസഹായം
        അഡ്വക്കേറ്റ് ഗ്രാന്റ്, 158
        എംപ്ലോയബിലിറ്റി എൻഹാൻസ്‌മെന്റ് പ്രോഗ്രാം, 159
        ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം, 157
        ഒ.ഇ.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, 156
        ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, 157
        ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, 156
        ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽപരിശീലനം, 160
        ഓവർസീസ് സ്കോളർഷിപ്പ്, 158
        പരമ്പരാഗത ബാർബർത്തൊഴിലാളികൾക്കുള്ള ധനസഹായം, 161
        പരമ്പരാഗത മൺപാത്രനിർമ്മാണത്തൊഴിലാളികൾക്കുള്ള ധനസഹായം, 160
        പരമ്പരാഗതകരകൗശലപ്പണിക്കാർക്ക നൈപുണ്യവികസനപരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം, 161
        വിശ്വകർമ്മജർക്കുള്ള പെൻഷൻ, 160
പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസം, 271
പെണ്മക്കളുടെയും വിധവകളുടെയും വിവാഹധനസഹായം, 289
പെൺമക്കളുടെ വിവാഹത്തിനു ധനസഹായം, 211
പെൻഷൻ, 17, 59, 61, 62, 64, 65, 81, 114, 115, 186, 213, 221, 250, 264, 274, 275, 299, 300
    കയർവകുപ്പ്
        കയർ ത്തൊഴിലാളി പെൻഷൻ, 17
    തദ്ദേശസ്വയംഭരണവകുപ്പ്
        അമ്പതു് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ, 65
        കർഷകത്തൊഴിലാളി പെൻഷൻ, 64
        വാർദ്ധക്യകാലപെൻഷൻ (ഐ. ജി. എൻ. ഒ. പി.), 59
        വികലാംഗപെൻഷൻ, 62
        വിധവകൾക്കും വിവാഹമോചിതർക്കുമുള്ള പെൻഷൻ, 61
    തൊഴിലും നൈപുണ്യവും വകുപ്പ്
        അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പെൻഷൻ, 81
        മരംകയറ്റത്തൊഴിലാളി അവശതാപെൻഷൻ, 81
    ന്യൂനപക്ഷക്ഷേമവകുപ്പ്, 115
        കേരള മദ്രസ്സാദ്ധ്യാപക പെൻഷൻ, 114
    ഭാഗ്യക്കുറിവകുപ്പ്
        ഭാഗ്യക്കുറി ക്ഷേമനിധി: അവശതാപെൻഷൻ, 186

ഭാഗ്യക്കുറി ക്ഷേമനിധി: കുടുംബപെൻഷൻ, 186
ഭാഗ്യക്കുറി ക്ഷേമനിധി: പെൻഷൻ, 186
മത്സ്യബന്ധനവകുപ്പ്
മത്സ്യത്തൊഴിലാളികളുടെ വിധവകൾക്കു പെൻഷൻ, 221
വാർദ്ധക്യകാലപെൻഷൻ പദ്ധതി, 213
റവന്യൂ വകുപ്പ്
അവശകലാകാരർക്കുള്ള പെൻഷൻ, 299
സർക്കസ് കലാകാരർക്കുള്ള പെൻഷൻ, 300
സാംസ്കാരികവകുപ്പ്
മൺമറഞ്ഞ പ്രമുഖകലാകാരരുടെ അനന്തരാവകാശികൾക്കുള്ള വാർഷികപെൻഷൻ, 274
സംസ്ഥാന കലാകാരപെൻഷൻ, 274
സാംസ്കാരികസ്ഥാപനത്തിൽനിന്നു വിരമിച്ചവർക്കുള്ള പെൻഷൻ, 275
സാമൂഹികനീതിവകുപ്പ്
സ്നേഹസാന്ത്വനം പദ്ധതി, 264
പേയ്മെന്റ് ഗേറ്റ് വേ (കൈത്താങ്ങാകാൻ നിങ്ങൾക്കും അവസരം), 272
പൊതുമേഖലാ സ്ഥാപനങ്ങൾ, 237
പൊതുവിദ്യാഭ്യാസവകുപ്പ്, 164
അനുബന്ധ ഓഫീസുകളുടെ വിലാസങ്ങളും ഫോൺ നമ്പരുകളും, 175
ക്ഷേമപദ്ധതികൾ
ഇൻസ്പെയർ അവാർഡ്, 170
ഉച്ചഭക്ഷണ പരിപാടിയും പാൽ, മുട്ട വിതരണവും, 168
ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം, 171
ദേശീയ അദ്ധ്യാപകക്ഷേമഫൗണ്ടേഷൻ , 172
ദേശീയ മൽസരങ്ങൾ, 172
സംസ്ഥാന സ്കൂൾ അക്വാട്ടിക് ചാമ്പ്യൻഷിപ്പ്, 172
സംസ്ഥാന സ്കൂൾ കലോത്സവം, 171
സംസ്ഥാന സ്കൂൾ ഗയിംസ് ചാമ്പ്യൻഷിപ്പ്, 172
സോണൽ ഗയിംസ്, 171
സ്കീം ഫോർ പ്രൊവൈഡിങ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ, 168
സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി, 169
ഹെർമിറ്റേജ്, 173
ഡി.ഇ.ഒ ഓഫീസുകളുടെ ഫോൺ നമ്പർ, 174
ധനസഹായം
1–8 ക്ലാസ്സുകളിലെ പ്രത്യേകപരിഗണന വേണ്ട കുട്ടികൾക്കുള്ള സാമ്പത്തികസഹായം, 170
അപ്പർ സെക്കന്ററി സ്കോളർഷിപ്പ്, 165
ഇൻസെന്റീവ് റ്റു ഗേൾസ് ഫോർ സെക്കൻഡറി എജ്യൂക്കേഷൻ, 167
കലകളിൽ ശോഭിക്കുന്ന കുട്ടികൾക്കുള്ള ധനസഹായപദ്ധതി, 169
നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് , 167
നാഷണൽ സ്കോളർഷിപ്പ്, 166

ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ്, 166
പൊതുസഹായപദ്ധതി, 173
പ്രത്യേക ധനസഹായപദ്ധതി, 173
മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള സാമ്പത്തികസഹായം, 164
മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നാക്ക, മുന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 165
ലോവർ സെക്കൻഡറി സ്കോളർഷിപ്പ്, 165
സംസ്കൃത സ്കോളർഷിപ്പ്, 169
സൈനികസ്കൂൾ സ്കോളർഷിപ്പ്, 166
സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി, 164
സ്കോളർഷിപ്പ് , 173
ഫോൺ നമ്പരുകൾ, 173
പൊതുസഹായപദ്ധതി, 173
പൊലീസ് വനിതാസെൽ നമ്പരുകൾ, 305
പോലീസ് ഫോൺ നമ്പരുകൾ, 304
പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം, 126
പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 127
പോസ്റ്റ്മെട്രിക് പഠനം, 144
പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, 145
പ്രകൃതി ക്ഷോഭത്തിൽ വീടു നശിച്ചാൽ ധനസഹായം, 289
പ്രത്യേക ധനസഹായപദ്ധതി, 173
പ്രത്യേക പ്രോത്സാഹനസമ്മാനം, 127
പ്രധാനമന്ത്രിയുടെ സ്കോളർഷിപ്, 288
പ്രവാസികാര്യവകുപ്പ്, 177
ധനസഹായം
കാരുണ്യം പദ്ധതി, 178
ചെയർമാൻ ഫണ്ട്, 178
നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM), 179
സാന്ത്വന പദ്ധതി, 177
പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായം, 225
പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായപദ്ധതി, 220
പ്രാഥമികകൈത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണപദ്ധതി, 25
പ്രാദേശികസേനാ മെഡൽ ജേതാക്കൾക്കു ക്യാഷ് അവാർഡ്, 283
പ്രീ മെട്രിക് ഹോസ്റ്റലുകൾ, 125
പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ, 132
പ്രീമെട്രിക് ഹോസ്റ്റലുകൾ, 145
പ്രീമെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസ് വരെ), 123
പ്രൈമറി എഡ്യൂക്കേഷൻ എയിഡ്, 129
ബാങ്കിംഗ് പരീക്ഷാപരിശീലനം, 203
ബുക്ക് ബാങ്ക് പദ്ധതി, 133

ബോർഡിങ് ഗ്രാന്റ്, 147
ബോർഡിങ് സ്കൂളിൽ പഠിക്കാനുള്ള സൗകര്യം, 125
ഭവനനിർമ്മാണധനസഹായം, 137
ഭവനനിർമ്മാണസഹായം, 282
ഭവനപുനരുദ്ധാരണത്തിനും മുറി നിർമ്മിക്കാനും ധനസഹായം, 138
ഭാഗ്യക്കുറി ക്ഷേമനിധി: അവശതാപെൻഷൻ, 186
ഭാഗ്യക്കുറി ക്ഷേമനിധി: ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ്, 185
ഭാഗ്യക്കുറി ക്ഷേമനിധി: കുടുംബപെൻഷൻ, 186
ഭാഗ്യക്കുറി ക്ഷേമനിധി: ചികിത്സാധനസഹായം, 184
ഭാഗ്യക്കുറി ക്ഷേമനിധി: പെൻഷൻ, 186
ഭാഗ്യക്കുറി ക്ഷേമനിധി: പ്രഖ്യാപിത അലവൻസ്, 186
ഭാഗ്യക്കുറി ക്ഷേമനിധി: പ്രസവാനുകൂല്യം, 184
ഭാഗ്യക്കുറി ക്ഷേമനിധി: മരണാനന്തരധനസഹായം, 186
ഭാഗ്യക്കുറി ക്ഷേമനിധി: വിദ്യാഭ്യാസ അവാർഡ്, 185
ഭാഗ്യക്കുറി ക്ഷേമനിധി: വിവാഹധനസഹായം, 184
ഭാഗ്യക്കുറിവകുപ്പ്, 181
  ക്ഷേമപദ്ധതികൾ
    കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധിബോർഡ്, 183
    ഭാഗ്യക്കുറി ക്ഷേമനിധി: ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ്, 185
    ഭാഗ്യക്കുറി ക്ഷേമനിധി: പ്രഖ്യാപിത അലവൻസ്, 186
    ഭാഗ്യക്കുറി ക്ഷേമനിധി: വിദ്യാഭ്യാസ അവാർഡ്, 185
  ധനസഹായം
    കാരുണ്യ ബനവലന്റ് ഫണ്ട് ചികിത്സാധനസഹായപദ്ധതി, 181
    ഭാഗ്യക്കുറി ക്ഷേമനിധി: ചികിത്സാധനസഹായം, 184
    ഭാഗ്യക്കുറി ക്ഷേമനിധി: പ്രസവാനുകൂല്യം, 184
    ഭാഗ്യക്കുറി ക്ഷേമനിധി: മരണാനന്തരധനസഹായം, 186
    ഭാഗ്യക്കുറി ക്ഷേമനിധി: വിവാഹധനസഹായം, 184
  പെൻഷൻ
    ഭാഗ്യക്കുറി ക്ഷേമനിധി: അവശതാപെൻഷൻ, 186
    ഭാഗ്യക്കുറി ക്ഷേമനിധി: കുടുംബപെൻഷൻ, 186
    ഭാഗ്യക്കുറി ക്ഷേമനിധി: പെൻഷൻ, 186
ഭാരതദർശൻ, സ്കൂൾ, കോളെജ് വിദ്യാർത്ഥികൾക്ക പഠനയാത്ര, 147
ഭൂരഹിതപുനരധിവാസപദ്ധതി, 136
ഭൂരഹിതമത്സ്യത്തൊഴിലാളികൾക്ക കെട്ടിടസമുച്ചയം നിർമ്മിച്ചു നല്കുന്ന പദ്ധതി, 197
ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക ഭൂമി വാങ്ങുന്ന പദ്ധതി, 150
മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും, 35
മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ്, 188
  വികസനപദ്ധതികൾ
    ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതാ പ്രദേശങ്ങൾ സംരക്ഷിക്കാൻ പദ്ധതി, 189

കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം, പച്ചക്കറി കൃഷിക്കുള്ള അടിസ്ഥാനസൗകര്യവികസനപദ്ധതി, 189
ദേശീയ സുസ്ഥിരകാർഷിക മിഷൻ, 190
നബാർഡ് സഹായത്തോടെ മണ്ണ്-ജലസംരക്ഷണപദ്ധതി (ആർ.ഐ.ഡി.എഫ്.), 188
നീർത്തടാധിഷ്ഠിതവികസനത്തിൽ പരിശീലനം, 190
രാഷ്ട്രീയ കൃഷിവികാസ് യോജന (ആർ.കെ.വി.വൈ) , 190
വ്യക്തിഗതമണ്ണുസംരക്ഷണപ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ, 191
ശുദ്ധജലസംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണ്-ജലസംരക്ഷണം, 189
മത്സരങ്ങൾ സംഘടിപ്പിക്കാൻ, 18
മത്സരപ്പരീക്ഷാ പരിശീലനം, 109
മത്സ്യതൊഴിലാളിക്കു ഭൂമി വാങ്ങി വീടു വയ്ക്കാനുള്ള പദ്ധതി, 195
മത്സ്യത്തൊഴിലാളി പദ്ധതി, 209
മത്സ്യസുരക്ഷാപദ്ധതി (ഗ്രൂപ്പ് ഇൻഷൂറൻസ്), 209
മത്സ്യത്തൊഴിലാളി ഭവനനിർമ്മാണപദ്ധതി, 192
മത്സ്യത്തൊഴിലാളി ഭവനപുനരുദ്ധാരണപദ്ധതി, 200
മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ്, 202
മത്സ്യത്തൊഴിലാളികളുടെ വിധവകൾക്കു പെൻഷൻ, 221
മത്സ്യത്തൊഴിലാളിയുടെ ആശ്രിതരുടെ മരണാനന്തരച്ചെലവുകൾക്കു ധനസഹായം, 212
മത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം, 215
മത്സ്യബന്ധനവകുപ്പ്, 192
ക്ഷേമപദ്ധതികൾ
അനുബന്ധത്തൊഴിലാളി ക്ഷേമപദ്ധതികൾ, 224
ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി, 220
എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ് , 216
കായികവിനോദമത്സരവിജയികൾക്കു പ്രോത്സാഹനപദ്ധതി, 222
ബാങ്കിംഗ് പരീക്ഷാപരിശീലനം, 203
ഭൂരഹിതമത്സ്യത്തൊഴിലാളികൾക്കു കെട്ടിടസമുച്ചയം നിർമ്മിച്ചു നല്കുന്ന പദ്ധതി, 197
മത്സ്യത്തൊഴിലാളി ഭവനപുനരുദ്ധാരണപദ്ധതി, 200
മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ്, 202
മത്സ്യബോർഡ് നേരിട്ടു നടപ്പാക്കുന്ന പദ്ധതികൾ, 209
മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നതവിദ്യാഭ്യാസം നല്കുന്ന പദ്ധതി, 207
മെഡിക്കൽ എൻട്രൻസ്, 205
വിദ്യാതീരം, 202
സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം, 204
ധനസഹായം
അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹധനസഹായം, 227
അനുബന്ധമത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം, 225
അപകടംമൂലം ഉണ്ടാകുന്ന താൽക്കാലികാവശതയ്ക്ക് ആശ്വാസധനസഹായം , 214
ആംആദ്മി ബീമയോജന, 223

ഉന്നതവിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി , 228
എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി ഉന്നതവിജയത്തിനു ക്യാഷ് അവാർഡ്, 226
കുടുംബസംവിധാനത്തിനു ധനസഹായം, 228
കുടുംബസംവിധാനപദ്ധതിക്കുള്ള ധനസഹായം, 217
പെൺമക്കളുടെ വിവാഹത്തിനു ധനസഹായം, 211
പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായം, 225
പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായപദ്ധതി, 220
മത്സ്യതൊഴിലാളിക്കു ഭൂമി വാങ്ങി വീടു വയ്ക്കാനുള്ള പദ്ധതി, 195
മത്സ്യത്തൊഴിലാളി പദ്ധതി, 209
മത്സ്യത്തൊഴിലാളി ഭവനനിർമ്മാണപദ്ധതി, 192
മത്സ്യത്തൊഴിലാളിയുടെ ആശ്രിതരുടെ മരണാനന്തരച്ചെലവുകൾക്കു ധനസഹായം, 212
മത്സ്യത്തൊഴിലാളിയുടെ മരണത്തിൽ ആശ്രിതർക്കുള്ള ധനസഹായം, 215
മത്സ്യബോർഡ് ചെയർമാൻസ് റിലീഫ് ഫണ്ട്, 219
മത്സ്യസുരക്ഷാപദ്ധതി, 228
മാരകരോഗചികിത്സാപദ്ധതി, 217
മാരകരോഗചികിൽസാധനസഹായം, 226
പെൻഷൻ
മത്സ്യത്തൊഴിലാളികളുടെ വിധവകൾക്കു പെൻഷൻ, 221
വാർദ്ധക്യകാലപെൻഷൻ പദ്ധതി, 213
മത്സ്യബോർഡ് ചെയർമാൻസ് റിലീഫ് ഫണ്ട്, 219
മത്സ്യബോർഡ് നേരിട്ടു നടപ്പാക്കുന്ന പദ്ധതികൾ, 209
മത്സ്യസുരക്ഷാപദ്ധതി, 228
ഗ്രൂപ്പ് ഇൻഷുറൻസ്, 228
തണൽ: പ്രത്യേകപദ്ധതി, 228
മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ക്യാഷ് അവാർഡ്, 116
മരംകയറ്റത്തൊഴിലാളി അവശതാപെൻഷൻ, 81
മരംകയറ്റത്തൊഴിലാളി ക്ഷേമപദ്ധതി, 82
മരണാനന്തര ആനുകൂല്യം, 249
മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നതവിദ്യാഭ്യസം നല്കുന്ന പദ്ധതി, 207
മറ്റു പദ്ധതികൾ, 40
മറ്റു പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 165
മറ്റുവിഭാഗങ്ങൾക്കുള്ള പദ്ധതികൾ, 270
മാതാപിതാക്കൾക്കു പ്രോത്സാഹനഗ്രാന്റ്, 148
മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള സാമ്പത്തികസഹായം, 164
മാരകരോഗചികിത്സാപദ്ധതി, 217
മാരകരോഗചികിൽസാധനസഹായം, 226
മിശ്രവിവാഹധനസഹായപദ്ധതി, 270
മിശ്രവിവാഹിതർക്കു ധനസഹായം, 136
മിൽക്ക് ഷെഡ് വികസന പദ്ധതി, 46

മിൽക്ക് സോൺ രൂപീകരണപദ്ധതി, 46
മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, 294
മുന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 165
മുന്നാക്കസമുദായക്ഷേമ കോർപ്പറേഷൻ (സമുന്നതി), 229
ക്ഷേമപദ്ധതികൾ
അഗ്രഹാരങ്ങളുടെയും ജീർണ്ണാവസ്ഥയിലായ പരമ്പരാഗതവീടുകളുടെയും പുനരുദ്ധാരണവും നവീകരണവും, 233
നൈപുണ്യസമുന്നതി, 231
വിദ്യാസമുന്നതി, 229
വിദ്യാസമുന്നതി – ബാങ്ക്, പിഎസ്‌സി, മറ്റു മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനസഹായപദ്ധതി, 231
വിദ്യാസമുന്നതി – മത്സര പരീക്ഷാ പരിശീലനസഹായപദ്ധതി, 230
വിദ്യാസമുന്നതി – മെഡിക്കൽ/എൻജിനീയറിങ് പരിശീലനസഹായപദ്ധതി, 230
വിദ്യാസമുന്നതി – സിവിൽ സർവ്വീസസ് പരീക്ഷാപരിശീലനസഹായപദ്ധതി, 231
വിദ്യാസമുന്നതി – സ്കോളർഷിപ്പുകൾ, 229
സംരംഭകത്വ നൈപുണ്യവികസന പരിശീലന പരിപാടി, 232
സംരംഭസമുന്നതി: കാർഷിക, ചെറുകിട വ്യവസായ വായ്പാ പദ്ധതി, 232
സംരഭസമുന്നതി, 232
മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 165
മുസ്ലീം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നാക്ക, മുന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 165
മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും, 22
മൃഗസംരക്ഷണവകുപ്പ്, 234
ക്ഷേമപദ്ധതികൾ
ആടുവളർത്തൽ പദ്ധതി , 235
കറവയന്ത്രവിതരണപദ്ധതി , 235
കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി, 238
കെപ്‌കോ ആശ്രയ പദ്ധതി, 238
കെപ്‌കോ വനിതാമിത്രം, 238
കേരളസംസ്ഥാന പൗൾട്രിവികസന കോർപ്പറേഷൻ (കെപ്‌കോ), 238
കർഷകർക്കു നഷ്ടപരിഹാരം, 236
ഗോവർദ്ധിനി — കന്നുകുട്ടിപരിപാലനപദ്ധതി, 234
ഗോസമൃദ്ധി — സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, 236
ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ, 236
ടർക്കിക്കോഴിവളർത്തൽ പദ്ധതി , 235
താറാവുവളർത്തൽ പദ്ധതി , 235
നഗരപ്രദേശങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ പദ്ധതി , 235
സ്കൂൾ പൗൾട്രി ക്ലബ്, 234
ജില്ലാ മൃഗസംരക്ഷണ ഓഫീസുകൾ
കെ.എൽ.ഡി. ബോർഡ്, 237
പൊതുമേഖലാ സ്ഥാപനങ്ങൾ, 237

മെഡിക്കൽ എൻട്രൻസ്, 205
മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപ്പരീക്ഷയ്ക്കു പ്രത്യേകപരിശീലനം, 128
മെറിറ്റ് സ്കോളർഷിപ്പ്, 283
മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്ക്, പാലക്കാട്, 132
മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 145
മോഡൽ റസിഡൻഷ്യൽ സ്കൂൾ, 125
മൺമറഞ്ഞ പ്രഗത്ഭമതികളായ കലാസാഹിത്യകാരരുടെ സ്മാരകങ്ങൾക്കുള്ള വാർഷികധനസഹായം, 275
മൺമറഞ്ഞ പ്രമുഖകലാകാരരുടെ അനന്തരാവകാശികൾക്കുള്ള വാർഷികപെൻഷൻ, 274
മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്, 106
രക്ഷാമന്ത്രിയുടെ ഡിസ്ക്രീഷനറി ഫണ്ടിൽനിന്നുള്ള സഹായങ്ങൾ, 288
രണ്ടാംലോകമഹായുദ്ധസേനാനികൾക്കു സാമ്പത്തികസഹായം, 282
രാഷ്ട്രീയ കൃഷിവികാസ് യോജന (ആർ.കെ.വി.വൈ) , 190
രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം, 3
സൗജന്യചികിത്സയും തുടർനടപടികളും ലഭിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ, 3
ജനനവൈകല്യങ്ങൾ, 3
ന്യൂനതകൾ, 4
വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും, 4
ശൈശവരോഗങ്ങൾ, 4
രാഷ്ട്രീയ സാസ്ഥ്യ ബീമാ യോജന, 104
റവന്യൂ വകുപ്പ്, 294
ക്ഷേമപദ്ധതികൾ
ദേശീയകുടുംബക്ഷേമപദ്ധതി (National Family Benefit Scheme NFBS), 295
മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, 294
ധനസഹായം
കുഷ്ഠരോഗികൾക്കുള്ള ധനസഹായം, 297
ക്യാൻസർരോഗികൾക്കുള്ള ധനസഹായം, 298
ക്ഷയരോഗികൾക്കുള്ള ധനസഹായം, 296
വാഹനാപകടത്തിൽ പെടുന്നവർക്കുള്ള ധനസഹായം, 296
സ്വാതന്ത്ര്യസമരസേനാനികളുടെ മരണാനന്തരച്ചടങ്ങുകൾക്കുള്ള സഹായം, 300
പെൻഷൻ
അവശകലാകാരർക്കുള്ള പെൻഷൻ, 299
സർക്കസ് കലാകാരർക്കുള്ള പെൻഷൻ, 300
റാങ്കുജേതാക്കൾക്കു സ്വർണ്ണമെഡൽ, 128
റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യങ്ങൾ, 253
റേഷൻ വ്യാപാരികൾക്കു ക്ഷേമനിധി, 278
റേഷൻകടവഴിയുള്ള സാധനങ്ങളുടെ പ്രതിമാസ വിതരണത്തോത്, 277
ലംപ്സം ഗ്രാന്റ്/ സ്കോളർഷിപ്പ്, 283
ലാപ്ടോപ് വാങ്ങാൻ ധനസഹായം, 129
ലാപ്ടോപ് വിതരണം, 148
ലോവർ സെക്കൻഡറി സ്കോളർഷിപ്പ്, 165

വംശീയവൈദ്യർക്ക ധനസഹായം, 153
വക്കീലുമാർക്ക ധനസഹായം, 134
വനം വകുപ്പ്, 239
  ധനസഹായം
    കണ്ടൽക്കാട്ടുകളുടെ സംരക്ഷണത്തിനുള്ള ധനസഹായപദ്ധതി, 241
    കാവുകൾക്കുള്ള ധനസഹായ പദ്ധതി, 240
    വന്യജീവിയാക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം., 239
    സാമൂഹികവനവൽക്കരണവിഭാഗം, 240
    സ്വകാര്യവനവത്ക്കരണം, 241
വനിതാ ഹെൽപ്‌ലൈൻ നമ്പരുകൾ, 304
വന്യജീവിയാക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം., 239
വയോമിത്രം പദ്ധതി, 261
വസ്ത്രവിതരണം, 147
വാർദ്ധക്യകാലപെൻഷൻ (ഐ. ജി. എൻ. ഒ. പി.), 59
വാഹനാപകടത്തിൽ പെടുന്നവർക്കുള്ള ധനസഹായം, 296
വാർദ്ധക്യകാലപെൻഷൻ പദ്ധതി, 213
വി-കെയർ (WE-CARE), 268
വി-കെയർ വളന്റിയർ കോർ, 268
വികലംഗർക്കുള്ള ചലനോപകരണത്തിനു ധനസഹായം, 290
വികലാംഗപെൻഷൻ, 62
വികസനപദ്ധതികൾ, 188–191
  മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പ്
    ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതാ പ്രദേശങ്ങൾ സംരക്ഷിക്കാൻ പദ്ധതി, 189
    കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം, പച്ചക്കറി കൃഷിക്കുള്ള
      അടിസ്ഥാനസൗകര്യവികസനപദ്ധതി, 189
    ദേശീയ സുസ്ഥിരകാർഷിക മിഷൻ, 190
    നബാർഡ് സഹായത്തോടെ മണ്ണ്-ജലസംരക്ഷണപദ്ധതി (ആർ.ഐ.ഡി.എഫ്.), 188
    നീർത്തടാധിഷ്ഠിതവികസനത്തിൽ പരിശീലനം, 190
    രാഷ്ട്രീയ കൃഷിവികാസ് യോജന (ആർ.കെ.വി.വൈ) , 190
    വ്യക്തിഗതമണ്ണുസംരക്ഷണപ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ, 191
    ശുദ്ധജലസംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണ്-ജലസംരക്ഷണം, 189
വിജ്ഞാൻവാടി, 139
വിദൂരവിദ്യാഭ്യാസത്തിനുള്ള സഹായം, 130
വിദേശത്തു തൊഴിൽ നേടാൻ സാമ്പത്തികസഹായം, 139
വിദ്യാതീരം, 202
വിദ്യാഭ്യാസപദ്ധതികൾ, 123–134, 143–148
  പട്ടികജാതിവികസനവകുപ്പ്
    അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം, 127
    അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്, 124
    ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 131
    ഇൻഡ്യയ്ക്കു വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം, 130

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി, 132
ഈവനിങ് കോഴ്സ് പഠിക്കുന്നവർക്കു ധനസഹായം, 130
എൻജിനീയറിങ്, മെഡിക്കൽ പ്രാഥമികപ്രവേശനച്ചെലവിനു ഗ്രാന്റ്, 129
കമ്മ്യൂണിറ്റി കോളെജ്, പാലക്കാട്, 131
കലാവിദ്യാർത്ഥികൾക്കു സഹായം, 129
ക്ഷേത്രപ്രവേശനവിളംബരസ്മാരക സ്കോളർഷിപ്പ്, 128
ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്, 130
ടൂൾ കിറ്റ്, 134
നഴ്സറി സ്കൂളുകൾ, 123
പഠനയാത്ര പര്യടനപരിപാടി, 133
പാരലൽ കോളെജ് പഠനത്തിനുള്ള ധനസഹായം, 130
പാരാമെഡിക്കൽ സ്ഥാപനങ്ങൾ, 132
പാലക്കാട് മെഡിക്കൽ കോളെജ്, 133
പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം, 126
പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 127
പ്രത്യേക പ്രോത്സാഹനസമ്മാനം, 127
പ്രീ മെട്രിക് ഹോസ്റ്റലുകൾ, 125
പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ, 132
പ്രീമെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസ് വരെ), 123
പ്രൈമറി എഡ്യൂക്കേഷൻ എയിഡ്, 129
ബുക്ക് ബാങ്ക് പദ്ധതി, 133
ബോർഡിങ് സ്കൂളിൽ പഠിക്കാനുള്ള സൗകര്യം, 125
മെഡിക്കൽ, എൻജിനീയറിങ് പ്രവേശനപ്പരീക്ഷയ്ക്കു പ്രത്യേകപരിശീലനം, 128
മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്ക്, പാലക്കാട്, 132
മോഡൽ റസിഡൻഷ്യൽ സ്കൂൾ, 125
റാങ്കുജേതാക്കൾക്കു സ്വർണ്ണമെഡൽ, 128
വിദൂരവിദ്യാഭ്യാസത്തിനുള്ള സഹായം, 130
ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, 126
ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് , 125
സംസ്ഥാനത്തിനുപുറത്തു പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം, 130
സബ്സിഡൈസ്ഡ് ഹോസ്റ്റൽ, 126
സാങ്കേതികവിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്, 134
സെന്റർ ഓഫ് എക്സലൻസ്, കോഴിക്കോട്, 132
സ്വാശ്രയ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം, 128
പട്ടികവർഗ്ഗവികസനവകുപ്പ്
അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സേർച്ച് ആൻഡ് ഡവലപ്മെന്റ് പദ്ധതി, 146
ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്രവിഭാഗ അദ്ധ്യാപകരുടെ സേവനം, 148
ട്യൂട്ടോറിയൽ ഗ്രാന്റ്, 146
നഴ്സറി സ്കൂളുകൾ, 145
പോസ്റ്റ്മെട്രിക് പഠനം, 144

പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, 145
പ്രീമെട്രിക് ഹോസ്റ്റലുകൾ, 145
ബോർഡിങ് ഗ്രാന്റ്, 147
ഭാരതദർശൻ, സ്കൂൾ, കോളെജ് വിദ്യാർത്ഥികൾക്ക പഠനയാത്ര, 147
മാതാപിതാക്കൾക്ക പ്രോത്സാഹനഗ്രാന്റ്, 148
മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 145
ലാപ്ടോപ് വിതരണം, 148
വസ്ത്രവിതരണം, 147
വിദ്യാഭ്യാസപദ്ധതികൾ, 143
സമർത്ഥരായ വിദ്യാർത്ഥികൾക്ക പ്രത്യേകപ്രോത്സാഹനം , 147
സാമൂഹികപഠനമുറി, 148
വിദ്യാസമുന്നതി, 229
വിദ്യാസമുന്നതി – ബാങ്ക്, പിഎസ്‌സി, മറ്റു മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനസഹായപദ്ധതി, 231
വിദ്യാസമുന്നതി – മത്സര പരീക്ഷാ പരിശീലനസഹായപദ്ധതി, 230
വിദ്യാസമുന്നതി – മെഡിക്കൽ/എൻജിനീയറിങ് പരിശീലനസഹായപദ്ധതി, 230
വിദ്യാസമുന്നതി – സിവിൽ സർവ്വീസസ് പരീക്ഷാപരിശീലനസഹായപദ്ധതി, 231
വിദ്യാസമുന്നതി – സ്കോളർഷിപ്പുകൾ, 229
വിധവകൾക്കും വിവാഹമോചിതർക്കുമുള്ള പെൻഷൻ, 61
വിധവകൾക്ക തൊഴിൽപരിശീലനത്തിനു ധനസഹായം, 289
വിനോദസഞ്ചാരവകുപ്പ്, 244
ക്ഷേമപദ്ധതികൾ
ഗൃഹസ്ഥലി പൈതൃകസംരക്ഷണപദ്ധതി, 244
വിപണികളുടെ അടിസ്ഥാനസൗകര്യവികസനം, 39
വിമുക്തഭടരുടെ ക്ഷേമ, പുനരധിവാസ പദ്ധതികൾ, 281
വിള വിസ്തൃതി വ്യാപനം, 38
വിവാഹധനസഹായം, 115, 136
വിശപ്പുരഹിതനഗരം (ഹംഗർഫ്രീ സിറ്റി) പദ്ധതി, 262
വിശ്വകർമ്മജർക്കുള്ള പെൻഷൻ, 160
വീടില്ലാത്തവർക്ക വീട്, 150
വീടു നിർമ്മിക്കാനുള്ള ലോണിന്റെ പലിശക്കുള്ള സബ്സിഡി, 290
വീടുകളുടെ അറ്റകുറ്റപ്പണികൾ, 151
വീട്ടുവളപ്പിൽ പച്ചക്കറിക്കൃഷിപ്രോത്സാഹനം, 42
വൃദ്ധജനങ്ങൾക്കുള്ള പദ്ധതികൾ, 269
വേതനസുരക്ഷാപദ്ധതി, 84
വൈകല്യനിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ, 263
വൊക്കേഷണൽ & കരിയർ ഗൈഡൻസ്, 109
വ്യക്തിഗതനെയ്ത്തുകാർക്കുള്ള ഗ്രാന്റ്, 23
വ്യക്തിഗതമണ്ണുസംരക്ഷണപ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ, 191
വ്യവസായം, കരകൗശലം, 245
ക്ഷേമപദ്ധതികൾ

ആഷ പദ്ധതി (Assisted Scheme for Handicrafts Artisans — ASHA), 245
ഓണ്ട്രപ്രണർ സപ്പോർട്ട് സ്കീം, 247
കരകൗശലവിദഗ്ദ്ധരുടെ വാർദ്ധക്യകാലപെൻഷൻ, 245
സംരംഭകത്വവികസന ക്ലബ്ബുകൾ, 246
ധനസഹായം
കെ.എസ്.എസ്.ഐ.എ. ഗ്രാന്റ് ഇൻ എയ്ഡ്, 246
സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായങ്ങൾ , 247
വ്യാപാരീക്ഷേമബോർഡ്, 249
ധനസഹായം
എക്സ്ഗ്രേഷ്യാ ക്ലെയിമുകൾ, 249
പെൻഷൻ, 250
മരണാനന്തര ആനുകൂല്യം, 249
വർക്ക്ഷെഡ് നവീകരണഗ്രാന്റ്, 24
ശരണ്യ സ്വയംതൊഴിൽ പദ്ധതി, 107
ശുചിത്വമിഷൻ, 80
ആസ്ഥാനം, 80
പദ്ധതികൾ, 80
ശുദ്ധജലസംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണ്-ജലസംരക്ഷണം, 189
ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, 126
ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് , 125
ശ്രുതിതരംഗം — കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി, 259
സംരംഭകത്വ നൈപുണ്യവികസന പരിശീലന പരിപാടി, 232
സംരംഭകത്വവികസന ക്ലബ്ബുകൾ, 246
സംരംഭകർക്ക് മാർജിൻ മണി വായ്പ, 14
സംരംഭസമുന്നതി: കാർഷിക, ചെറുകിട വ്യവസായ വായ്പാ പദ്ധതി, 232
സംരഭസമുന്നതി, 232
സംസ്കരണവും വിപണനവും, 39
സംസ്ഥാന കലാകാരപെൻഷൻ, 274
സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ, 116
സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ, 116
സംസ്ഥാന സ്കൂൾ അക്വാട്ടിക് ചാമ്പ്യൻഷിപ്പ്, 172
സംസ്ഥാന സ്കൂൾ കലോത്സവം, 171
സംസ്ഥാന സ്കൂൾ ഗയിംസ് ചാമ്പ്യൻഷിപ്പ്, 172
സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ, 37
സംസ്ഥാനത്തിനുപുറത്തു പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം, 130
സംസ്ഥാനസർക്കാർ നൽകുന്ന സാമ്പത്തികസഹായങ്ങൾ, 282
സംസ്കൃത സ്കോളർഷിപ്പ്, 169
സബ്മിഷൻ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ, 36
സബ്സിഡൈസ്ഡ് ഹോസ്റ്റൽ, 126
സമാശ്വാസം പദ്ധതി I, 265

സമാശ്വാസം പദ്ധതി II, 265
സമാശ്വാസം പദ്ധതി III, 266
സമാശ്വാസം പദ്ധതി IV, 266
സമർത്ഥരായ വിദ്യാർത്ഥികൾക്ക പ്രത്യേകപ്രോത്സാഹനം , 147
സഹകരണവകുപ്പ്, 251
ക്ഷേമപദ്ധതികൾ
അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി, 251
ഉത്തേജന പലിശയിളവ് പദ്ധതി, 252
കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ്, 254
കേരള സഹകരണ വികസന ക്ഷേമനിധിബോർഡ്, 253
കേരള സ്റ്റേറ്റ് എംപ്ലോയീസ് പെൻഷൻ ബോർഡ്, 252
കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, 252
നെൽക്കർഷകർക്കുള്ള പലിശരഹിതവായ്പ , 251
റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യങ്ങൾ, 253
സാംസ്കാരികവകുപ്പ്, 274
ധനസഹായം
കലാസാംസ്കാരികസ്ഥാപനങ്ങൾക്കുള്ള ധനസഹായം, 275
നിർധനരായ കലാകാരർക്കുള്ള അടിയന്തരചികിത്സാധനസഹായം, 275
മൺമറഞ്ഞ പ്രഗത്ഭമതികളായ കലാസാഹിത്യകാരരുടെ സ്മാരകങ്ങൾക്കുള്ള വാർഷികധനസഹായം, 275
പെൻഷൻ
മൺമറഞ്ഞ പ്രമുഖകലാകാരരുടെ അനന്തരാവകാശികൾക്കുള്ള വാർഷികപെൻഷൻ, 274
സംസ്ഥാന കലാകാരപെൻഷൻ, 274
സാംസ്കാരികസ്ഥാപനത്തിൽനിന്നു വിരമിച്ചവർക്കുള്ള പെൻഷൻ, 275
സാംസ്കാരികസ്ഥാപനത്തിൽനിന്നു വിരമിച്ചവർക്കുള്ള പെൻഷൻ, 275
സാങ്കേതികവിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്, 134
സാധുവിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, 67
സാന്ത്വന പദ്ധതി, 177
സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം, 138
സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതികൾ, 150
സാമൂഹികനീതിവകുപ്പ്, 255
ക്ഷേമപദ്ധതികൾ
എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസപദ്ധതികൾ, 264
കാരുണ്യ ഡെപ്പോസിറ്റ് സ്കീം, 267
ക്യാൻസർ സുരക്ഷ, 256
താലോലം, 257
താലോലം/ക്യാൻസർസുരക്ഷ കൗൺസെലർമാർ, 257
പേയ്മെന്റ് ഗേറ്റ് വേ (കൈത്താങ്ങാകാൻ നിങ്ങൾക്കും അവസരം), 272
മറ്റുവിഭാഗങ്ങൾക്കുള്ള പദ്ധതികൾ, 270
വയോമിത്രം പദ്ധതി, 261

വി-കെയർ (WE-CARE), 268
വി-കെയർ വളന്റിയർ കോർ, 268
വിശപ്പുരഹിതനഗരം (ഹംഗർഫ്രീ സിറ്റി) പദ്ധതി, 262
വൃദ്ധജനങ്ങൾക്കുള്ള പദ്ധതികൾ, 269
വൈകല്യനിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ, 263
ശ്രുതിതരംഗം — കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി, 259
സ്ത്രീകൾക്ക് 'എന്റെ കൂട്' പദ്ധതി, 272
സ്ത്രീശക്തി വികസന സുരക്ഷാ പദ്ധതി, 268
സ്നേഹസ്പർശം, 260
സ്നേഹപൂർവ്വം പദ്ധതി, 259
സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, 264
സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ, 257
ധനസഹായം, 272
അംഗപരിമിതർക്കുള്ള വിവാഹധനസഹായം, 263
അക്രമത്തിനിരയായവരുടെ പുനരധിവാസം, 271
അനാഥമന്ദിരങ്ങൾക്കും മറ്റു ധർമ്മസ്ഥാപനങ്ങൾക്കുമുള്ള ധനസഹായം, 271
ആശ്വാസകിരണം പദ്ധതി, 255
എൻഡോസൾഫാൻ ദുരിതബാധിതകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസധനസഹായം, 264
ചൈൽഡ് ലൈൻ സേവനങ്ങൾ, 272
ജയിൽമോചിതരുടെയും മുൻ അന്തേവാസികളുടെയും പുനരധിവാസം, 271
തടവുകാരുടെ ആശ്രിതരുടെ പുനരധിവാസപദ്ധതി, 270
തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായം, 270
പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസം, 271
മിശ്രവിവാഹധനസഹായപദ്ധതി, 270
സമാശ്വാസം പദ്ധതി I, 265
സമാശ്വാസം പദ്ധതി II, 265
സമാശ്വാസം പദ്ധതി III, 266
സമാശ്വാസം പദ്ധതി IV, 266
സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായം, 269
സ്പെഷ്യൽ ആശ്വാസകിരണം, 264
പെൻഷൻ
സ്നേഹസാന്ത്വനം പദ്ധതി, 264
സാമൂഹികപഠനമുറി, 148
സാമൂഹികവനവൽക്കരണവിഭാഗം, 240
സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കാൻ ധനസഹായം, 140
സാഹിത്യശില്പശാല, 140
സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, 112
സിവിൽ സപ്ലൈസ് വകുപ്പ്, 277
ക്ഷേമപദ്ധതികൾ
താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖേന ലഭിക്കുന്ന സേവനങ്ങൾ, 278

റേഷൻ വ്യാപാരികൾക്കു ക്ഷേമനിധി, 278
റേഷൻകടവഴിയുള്ള സാധനങ്ങളുടെ പ്രതിമാസ വിതരണത്തോത്, 277
സിവിൽ സർവ്വീസ് പരീക്ഷ കോച്ചിംഗ് കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ്, 114
സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം, 204
സുഗന്ധവ്യഞ്ജനവിളകളുടെ വികസനത്തിനുള്ള പദ്ധതികൾ, 33
സെന്റർ ഓഫ് എക്സലൻസ്, കോഴിക്കോട്, 132
സൈനികക്ഷേമവകുപ്പ്, 281
ക്ഷേമപദ്ധതികൾ
Sainik Centers (Rest Houses) In Kerala, 292
Zila Sainik Offices, 291
വിമുക്തഭടരുടെ ക്ഷേമ, പുനരധിവാസ പദ്ധതികൾ, 281
ധനസഹായം
അമാൽഗമേറ്റഡ് ഫണ്ട്, 286
എക്സ്ഗ്രേഷ്യ ഗ്രാന്റ്, 282
കേന്ദ്രീയ സൈനിക ബോർഡിന്റെ സാമ്പത്തിക സഹായങ്ങൾ, 288
ഗുരുതരരോഗങ്ങൾക്കുള്ള ധനസഹായം, 290
തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള ധനസഹായം, 290
ധീരതാപുരസ്കാരങ്ങൾ ലഭിച്ചവർക്കു ക്യാഷ് അവാർഡ്, 282
നോൺഗ്യാലന്ററി അവാർഡ് ജേതാക്കൾക്കു ക്യാഷ് അവാർഡ്, 283
പെൺമക്കളുടെയും വിധവകളുടെയും വിവാഹധനസഹായം, 289
പ്രകൃതി ക്ഷോഭത്തിൽ വീടു നശിച്ചാൽ ധനസഹായം, 289
പ്രധാനമന്ത്രിയുടെ സ്കോളർഷിപ്, 288
പ്രാദേശികസേനാ മെഡൽ ജേതാക്കൾക്കു ക്യാഷ് അവാർഡ്, 283
ഭവനനിർമ്മാണസഹായം, 282
മെറിറ്റ് സ്കോളർഷിപ്പ്, 283
രക്ഷാമന്ത്രിയുടെ ഡിസ്ക്രീഷനറി ഫണ്ടിൽനിന്നുള്ള സഹായങ്ങൾ, 288
രണ്ടാംലോകമഹായുദ്ധസേനാനികൾക്കു സാമ്പത്തികസഹായം, 282
ലംപ്സം ഗ്രാന്റ്/സ്കോളർഷിപ്പ്, 283
വികലാംഗർക്കുള്ള ചലനോപകരണത്തിനു ധനസഹായം, 290
വിധവകൾക്കു തൊഴിൽപരിശീലനത്തിനു ധനസഹായം, 289
വീടു നിർമ്മിക്കാനുള്ള ലോണിന്റെ പലിശക്കുള്ള സബ്സിഡി, 290
സംസ്ഥാനസർക്കാർ നൽകുന്ന സാമ്പത്തികസഹായങ്ങൾ, 282
സൈനികരുടെ ധീരതയും വിശിഷ്ടസേവനവും കണക്കിലെടുത്തുള്ള പദ്ധതികൾ, 282
സ്കോളർഷിപ്പ്, 286
സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ട്, 283
സൈനികരുടെ ധീരതയും വിശിഷ്ടസേവനവും കണക്കിലെടുത്തുള്ള പദ്ധതികൾ, 282
സൈനികസ്കൂൾ സ്കോളർഷിപ്പ്, 166
സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ, 7
അനന്തരാവകാശികൾക്കുള്ള ധനസഹായം, 11
അപേക്ഷ അയക്കേണ്ട വിലാസം, 11
അപേക്ഷയോടൊപ്പം വേണ്ട രേഖകൾ, 11

അപേക്ഷാഫോം, 11
അർഹത, 7
ആനുകൂല്യം, 7
ആയുർവേദചികിത്സാസ്ഥാപനങ്ങൾ, 10
ആശുപത്രികളുടെ പട്ടിക, 8
ഒപ്പം ചേർക്കേണ്ട രേഖകൾ, 11
ചികിത്സകളും ശസ്ത്രക്രിയകളും, 8
നടപടിക്രമം, 11
വേണ്ട രേഖ, 8
സോണൽ ഗയിംസ്, 171
സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി, 164
സ്കൂൾ പൗൾട്ടി ക്ലബ്, 234
സ്കോളർഷിപ്പ്, 286
സ്കോളർഷിപ്പ് , 173
സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായം, 269
സ്ത്രീകൾക്ക് 'എന്റെ കൂട്'' പദ്ധതി, 272
സ്ത്രീശക്തി വികസന സുരക്ഷാ പദ്ധതി, 268
സ്നേഹസാന്ത്വനം പദ്ധതി, 264
സ്നേഹസ്പർശം, 260
സ്നേഹപൂർവ്വം പദ്ധതി, 259
സ്പെഷ്യൽ ആശ്വാസകിരണം, 264
സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായങ്ങൾ , 247
സ്റ്റെതസ്കോപ് വിതരണം, 129
സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, 264
സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ട്, 283
സ്വകാര്യ ഐ.റ്റി.ഐ. ഫീ റീഇംബേഴ്സ്മെന്റ് സ്കീം, 113
സ്വകാര്യവനവത്ക്കരണം, 241
സ്വയംതൊഴിൽ പദ്ധതി, 133
സ്വയംപര്യാപ്തഗ്രാമങ്ങൾ, 135
സ്വാതന്ത്ര്യസമരസേനാനികളുടെ മരണാനന്തരച്ചടങ്ങുകൾക്കുള്ള സഹായം, 300
സ്വാശ്രയ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം, 128
സ്കീം ഫോർ പ്രൊവൈഡിങ് ക്വാളിറ്റി എഡ്യുക്കേഷൻ ഇൻ മദ്രസ, 168
സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ, 257
സൗജന്യ വ്യക്തിത്വവികസന-കരിയർ ഗൈഡൻസ് പരിശീലനം, 111
സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി, 169
സർക്കസ് കലാകാരർക്കുള്ള പെൻഷൻ, 300
സർഗോത്സവം, 140
ഹഡ്കോ ഭവനനിർമ്മാണപദ്ധതി, 151
ഹെർമിറ്റേജ്, 173
ഹോമിയോ ഹെൽത്ത് സെന്റർ, 139